blemish, കളങ്കം kaLaṇaM *(nn),* അയാൾ ഈ വംശത്തിനു തന്നെ കളങ്കമാണ്

blemish, ദൂഷിതം du$itaM *(nn),* രവിക്ക് ഒരു ദൂഷിതവും പറ്റിയില്ല

blend, യോജിക്ക് yoojikkə *(vi),* രണ്ട് കമ്പികൾ തമ്മിൽ യോജിച്ച് വെൽഡ് ചെയ്തു

bless, ആശീർവദിക്ക് aaSiiRvadikkə *(vt),* കുട്ടിയെ എല്ലാവരും ആശീർവ്വദിച്ചു

blessing, അനുഗ്രഹം anugRahaM *(nn),* അവൻ അച്ഛന്റെ അനുഗ്രഹം വാങ്ങി

blessing, ആശംസ aaSaMsa *(nn),* അമ്മാവൻ ആശംസകൾ നല്കി

blessing, ആശീർവാദം aaSiiRvaadaM *(nn),* അച്ഛന്റെ ആശീർവ്വാദം വാങ്ങൂ

blessing of god, ദൈവാനുഗ്രഹം daivaanugrahaM *(nn,comp),* ദൈവാനുഗ്രഹമുള്ള കുട്ടിയാണവൻ

blind, അന്ധ andha *(nn),* അവൾ അന്ധയാണ്, മൂകയുമാണ്

blind, അന്ധൻ andhan *(nn),* അന്ധൻ അന്ധനെ വഴികാട്ടുന്നു.

blind belief, അന്ധവിശ്വാസം andhaviSvaasaM *(nn,comp),* അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സമൂഹത്തിന്റെ ശാപങ്ങളാണ്

blind fold, കണ്ണുകെട്ട് kaNNukeTTə *(vt),* കള്ളനെ കണ്ണുകെട്ടി കൊണ്ടു പോയി

blind man, കുരുടൻ kuruTan *(nn),* കുരുടൻ വഴിയിലൂടെ തപ്പിത്തപ്പി നടക്കുന്നു

blindness, അന്ധത andhata *(nn),* അന്ധത ഒരു ശാപമാണ്

block, അടവയ്ക്ക് aTavaykkə *(comp vb),* അയാൾ പാത്രത്തിന് അട വച്ചു

block up, തടയ് taTayə *(vt),* വാഹനങ്ങളെയെല്ലാം അവിടെ തടയുന്നു

blockade, മുട്ട് muTTə *(nn),* ആ പ്രശ്നത്തിന് ഒരു മുട്ടു സംഭവിച്ചു

blood, ചോര coora *(nn),* ചോരയുടെ നിറം ചുവപ്പാണ്

blood, നിണം niNaM *(nn),* യുദ്ധത്തിൽ നിണം ഏറെ ചൊരിഞ്ഞു

blood, രക്ത rakta *(adj),* രക്തത്തിന്റെ നിറം ചുവപ്പാണ്

blood cancer, രക്താർബ്ബുദം raktaaRbudhaM *(nn,comp),* അയാൾക്കു രക്താർബ്ബുദം ഉണ്ടായിരുന്നു

blood pressure, രക്തസമ്മർദ്ദം raktasammaRddaM *(nn,comp),* അമ്മയ്ക്ക് രക്തസമ്മർദ്ദം കൂടി

blood relation, രക്തബന്ധം raktabandhaM *(nn,comp),* അവർക്കു തമ്മിൽ രക്തബന്ധമുണ്ടായിരുന്നു

blood shed, രക്തച്ചൊരിച്ചിൽ raktacoriccil *(nn,comp),* രക്തച്ചൊരിച്ചിൽ ഒഴിവാക്കാൻ പരമാവധി ശ്രമിച്ചു

bloom, മലര് malarə *(vi),* പൂവ് മലർന്നു

blossom, പൂക്ക് puukkə *(vi),* ചെടികൾ വസന്തത്തിൽ പൂക്കുന്നു

blossom, വിടര് viTarə *(vi),* പൂക്കൾ വിടരുന്നു

blossom, വിരിയ് viriyə *(vi),* ഒരു പൂ വിരിയുന്നു

blossomed, പൂത്ത puutta *(adj),* പൂത്തമരങ്ങൾക്കിടയിലൂടെ ഞങ്ങൾ നടന്നു

blouse, ബ്ലൌസ് blausə *(nn),* അവൾ ബ്ലൌസ് ഇട്ടു

blow, ആഘാതം aaghaataM *(nn),* എനിക്ക് അത് വലിയൊരു ആഘാതമായിത്തീർന്നു

blow, ഇടി iTi *(nn),* ആ ഇടി ശക്തിയേറിയതായിരുന്നു

blow, ഊത് uutə *(vi),* അടുപ്പിൽ തീ ഊതുന്നു

blow, തല്ല് tallə *(nn),* രവിക്ക് നല്ല തല്ലുകിട്ടി

blow, താഡനം taaDanaM *(nn),* ഹനുമാന്റെ താഡനമേറ്റ് രാക്ഷസി മരിച്ചു

blow, പ്രഹരം pRaharaM *(nn),* അയാൾക്ക് ശക്തമായ പ്രഹരം കിട്ടി

blow the flute, കുഴൽഊത് kuZaluutə *(vb, comp),* കുട്ടി കുഴൽ ഊതുന്നു

blow with the fist, ചൊട്ട് coTTə *(nn),* രവി ഉണ്ണിയുടെ തലയിൽ ഒരു ചൊട്ട് ചൊട്ടി

blue, നീല niila *(adj),* നീല നിറമുള്ള പേന വേണ്ട

blue colour, നീലിമ niilima *(nn),* ആകാശത്തിന്റെ നീലിമ അവർ നോക്കിനിന്നു

blue lotus, കുവലയം kuvalayaM *(nn),* കുവലയത്തിൽ പൂക്കളുണ്ടായി

blue lotus, നീലോൽപ്പലം niiloolppalaM *(nn),* നീലോൽപ്പല നേത്രങ്ങളോട് കൂടിയവൾ

blunder, അമളി amaLi *(nn),* എനിക്ക് ഒരു അമളി പറ്റി

blunt, മൂർച്ചയില്ലാത്ത muuRccayillatta *(adj),* മൂർച്ചയില്ലാത്ത കത്തി കൊണ്ട് എങ്ങനെ മുറിക്കും

blush, തുടുക്ക് tuTukkə *(vt),* രവിയുടെ മുഖം തുടുക്കുന്നു

blush, നാണിക്ക് naaNikkə *(vi),* അതിൽ എല്ലാവരും നാണിക്കുന്നു

board, കേറ് keeRə *(vi),* അയാൾ തോണിയിൽ കേറി

board used as a seat, കുരണ്ടി kuraNTi *(nn),* വല്യമ്മ ഒരു കുരണ്ടിയിൽ ഇരുന്നു

boast of, പൊങ്ങച്ചംപറയ് poṉṉaccaMpaRayə *(vt),* അയാൾ

എന്നോട് എപ്പോഴും പൊങ്ങച്ചം പറയുന്നു

boasting, ബഡായി baDaayi *(nn),* അയാൾ എപ്പോഴും ബഡായി പറഞ്ഞുകൊണ്ടിരിക്കുന്നു

boasting, വമ്പ് vambə *(nn),* അയാൾ എപ്പോഴും വമ്പു പറയുന്നു

boat, ഓടം ooTaM *(nn),* അവൻ ഒരു ഓടത്തിൽ സഞ്ചരിച്ചു

boat, യാനപാത്രം yaanapaatRaM *(nn),* അയാൾ യാനപാത്രത്തിൽ സഞ്ചരിച്ചു

boat, വള്ളം vaLLaM *(nn),* വള്ളത്തിൽ യാത്ര ചെയ്യാൻ അയാൾക്കു ഭയമാണ്

boat man, തോണിക്കാരൻ tooNikkaaran *(nn,comp),* തോണിക്കാരൻ തോണി തുഴഞ്ഞു

boat race, വള്ളംകളി vaLLaMkaLi *(nn),* അയാൾ വള്ളം കളി കണ്ടു

boatman, ഊന്നുകാരൻ uunnukaaran *(nn,comp),* വള്ളത്തിൽ ഊന്നുകാരൻ ഊന്നുന്നു

boatman, വള്ളക്കാരൻ vaLLakkaaran *(nn),* വള്ളക്കാരൻ വള്ളം തുഴഞ്ഞു

boatman in a ferry, കടത്തുകാരൻ kaTattukaaran *(nn,comp),* കടത്തു കാരൻ കടവിൽ യാത്രക്കാരെ കാത്തു നിന്നു

bodily cleanliness, ദേഹശുദ്ധി deehaSuddhi *(nn),* അവൻ ദേഹശുദ്ധി വരുത്തി

bodily construction, ദേഹപ്രകൃതി deehapRakRti *(nn,comp),* അവന്റെ ദേഹപ്രകൃതി അങ്ങിനെയായിരുന്നു

bodily exercise, കസർത്ത് kasaRttə *(nn),* അയാൾ രാവിലെ കുറെ കസർത്ത് നടത്തി

bodily pain, ദേഹപീഡ deehapiiDa *(nn,comp),* അവർ ഒരോ ദേഹപീഡകൾ ചെയ്തു

body, ഗാത്രം gaatRaM *(nn),* ഗാത്രം വിറച്ച സൈരന്ധ്രി കീചകന്റെ കൊട്ടാരത്തിലേക്കു പോയി

body, തടി taTi *(nn),* വാസുവിന് തടി കൂടുതലാണ്

body, ദേഹം deehaM *(nn),* കുട്ടിയുടെ ദേഹത്ത് അഴുക്കു പറ്റി

body, മെയ്യ് meyyə *(nn),* മെയ്യിൽ അവൾ ആഭരണങ്ങൾ അണിഞ്ഞു

body, മേനി meeni *(nn),* അവളുടെ മേനി കണ്ടു മയങ്ങി.

body, മേൽ meel *(nn),* കുട്ടികൾ അയാളുടെമേൽ ചാടിക്കയറി.

body, ശരീരം SariiraM *(nn),* ശരീരത്തിന് നല്ല സുഖമില്ല

body building, ധാതുപുഷ്ടി dhaatupu$Ti *(nn,comp),* ധാതു പുഷ്ടിക്കുവേണ്ടിയുള്ള ഔഷധം കഴിച്ചു

body part, അംഗം aMgaM *(nn),* കണ്ണ് ശരീരത്തിലെ ഒരു അംഗമാണ്

boil, കുമിള kumiLa *(nn),* പൊള്ളലേറ്റ് മുഖത്ത് കുമിളകൾ പൊങ്ങിവന്നു

boil, പുഴുങ്ങ് puZuNNə *(vt),* കപ്പ പുഴുങ്ങി ഞങ്ങൾ കഴിച്ചു

boil on the eye, കൺകുരു kaNkuru *(nn,comp),* എന്റെ കണ്ണിൽ ഒരു കൺകുരു വന്നു

boil the oil, കാച്ച് kaaccə *(vt),* അമ്മ എണ്ണ കാച്ചുന്നു

boil water, തിളയ്ക്ക് tiLaykkə *(vi),* അടുപ്പത്ത് വെള്ളം തിളയ്ക്കുന്നു

boiled down, കുറുക് kuRukə *(vi),* പാത്രത്തിൽ വെള്ളം കുറുകി

boiled rice with gruel, കഞ്ഞി ka~~i *(nn),* അവർ കഞ്ഞി കുടിക്കുന്നു

bold, നിർഭയമായ niRbhayamaya *(adj),* നിർഭയമായ ആ പ്രവൃത്തികൾ മേലധികാരികളെ ചൊടിപ്പിച്ചു

boldness, ധൃഷ്ടത dR$Tata *(nn),* ധൃഷ്ടതയില്ലാത്തതു കൊണ്ട് പരാജയപ്പെട്ടു

bolt, ഓടാമ്പൽ ooTaambal *(nn),* വാതിലിന്റെ ഓടാമ്പൽ ഇട്ടിരുന്നില്ല

bolt, തഴുത് taZutə *(nn),* രവി വാതിലിന്റെ തഴുതിട്ടു

bolt with hook, കൊളുത്ത് koLuttə *(vb),* മധു ഷർട്ട് ഒരു ആണിയിൽ കൊളുത്തിട്ടു

bonafides, ഉത്തമവിശ്വാസം uttamaviSvaasaM *(nn,comp),* എനിക്ക് ഉത്തമവിശ്വാസമുള്ള കാര്യമായതു കൊണ്ടാണു പറഞ്ഞത്

bond of love, പ്രേമബന്ധം pReemabndhaM *(comp nn),* അവൾ ഒരു പ്രേമബന്ധത്തിൽ കുടുങ്ങി

bone, അസ്ഥി asthi *(nn),* മനുഷ്യന്റെ അസ്ഥിയിൽ ഫോസ്ഫറസ് അടങ്ങിയിട്ടുണ്ട്

bone, എലുമ്പ് elumbə *(nn),* അവന്റെ എലുമ്പുകളെല്ലാം പുറത്തു കാണാം

bone, എല്ല് ellə *(nn),* എല്ലു മുറിയെ പണിയെടുത്താൽ പല്ലു മുറിയെ തിന്നാം.

bone dislocated at the ankle or wrist, കുഴതെറ്റ് kuZateRRə *(vi),* കാലിന്റെ കുഴ തെറ്റിപ്പോയി

book, കിതാബ് kitaabə *(nn),* അയാൾ കിതാബ് തുറന്നു നോക്കാറില്ല

book, ഗ്രന്ഥം gRanthaM *(nn)*, ഞാൻ ഒരു ഗ്രന്ഥം രചിക്കുന്നു

book, പുസ്തകം pustakaM *(nn)*, അയാൾ ഒരു പുസ്തകം എഴുതി

boot licking, ചെരിപ്പുനക്കൽ cerippunakkal *(nn,comp)*, ചെരിപ്പുനക്കൽ ആർക്കും നല്ലതല്ല

booty, കൊള്ളമുതൽ koLLamutal *(nn)*, അവർ കൊള്ളമുതൽ പങ്കുവച്ചു

border, അതിർത്തി atiRtti *(nn)*, രണ്ടു രാജ്യങ്ങൾ തമ്മിലുള്ള അതിർത്തി തിരിച്ചു

border, വക്ക് vakkə *(nn)*, മേശയുടെ വക്കിൽ പോറൽ ഏറ്റു

border on fringe embroidery on clothes, കസവുകര kasavukara *(nn,comp)*, സാരിയുടെ കസവുകര കാണാൻ നല്ല ചന്തം ആണ്

bore a hole, തുരക്ക് turakkə *(vt)*, ആരോ നിലം തുരക്കുന്നു

borer, തുരക്കണം turakkaNaM *(nn)*, തുരക്കണം ഉപയോഗിച്ച് മണ്ണു തുരന്നു

boring, തുരക്കൽ turakkal *(nn)*, മല തുരക്കൽ കഴിഞ്ഞു

boring the ears, കാതുകുത്ത് kaatukuttə *(comp vb)*, അവളുടെ കാതുകുത്തി

born of the same womb, സോദര sodara *(adj)*, സോദരരേ, നിങ്ങൾ ഒത്തുചേരുവിൻ

borrow, കടംമേടിക്ക് kaTammeeTikkə *(vt)*, അയാൾ എന്നോട് കടമേടിക്കാറില്ല

borrow, കടംവാങ്ങ് kaTaMvaaŋŋə *(vt)*, അയാൾ എന്നോട് കടംവാങ്ങി

borrowed words from other language in a particular language with sound modification, തദ്ഭവം tadbhavaM *(nn)*, ഭാഷയിൽ തദ്ഭവങ്ങളും തത്സമങ്ങളും ഉണ്ട്

borrowed words without modifications തത്സമം tatsamaM *(nn comp)*, ഭാഷയിൽ തത്സമങ്ങളിൽ ഉപയോഗിക്കപ്പെടുന്ന വാക്കുകൾ അനവധി യുണ്ട്

borrowing, കടം kaTamvaaypa *(nn)*, അയാൾ കടം വാങ്ങുന്നത് ഇഷ്ടപ്പെട്ടില്ല

both, രണ്ടും raNTuM *(nn)*, അവൻ പുസ്തകവും പേനയും എടുത്തു രണ്ടും അവിടെത്തന്നെ ഉപേക്ഷിക്കുകയും ചെയ്തു

both side, ഇരുവശവും iruvaSavuM *(comp n)*, റോഡിന്റെ ഇരുവശവും ജനം തടിച്ചുകൂടിയിരുന്നു

botheration, തൊന്തരവ് tontaravə *(nn)*, ഇത് വല്ലാത്ത തൊന്തരവ് തന്നെ

bottle, കുപ്പി kuppi *(nn)*, ഒരു കുപ്പിയിൽ വെള്ളം കുടിച്ചു

bottom, ചുവട് cuvaTə *(nn)*, അലമാരിയുടെ ചുവട്ടിൽ പുസ്തകം ഉണ്ട്

bound, ബദ്ധ baddha *(adj)*, കർത്തവ്യങ്ങളാൽ ബദ്ധമായ ജീവിതം

boundary, അതിര് atirə *(nn)*, ഈ വസ്തുവിന്റെ അതിര് തിരിച്ചിട്ടു കെട്ടിടം കെട്ടി

boundary line, അതിർവരമ്പ് atiRvarampə *(nn,comp)*, പുരയിടത്തിന്റെ അതിർ വരമ്പുകളിൽ ആരോ കൈകടത്തി

boundless, നിസ്സീമ nissiima *(adj)*, നിസ്സീമമായ സ്നേഹത്തിന്റെ ഉറവിടമാണ് അവൾ

bouquet, ചെണ്ട് ceNTə *(nn)*, രാധ മന്ത്രിക്ക് ചെണ്ട് നല്കി

bourgeois, മുരാച്ചി muraacci *(nn)*, മുരാച്ചികളെ നീക്കാൻ അവർ സമരം ചെയ്തു

bow, കുനിയ് kuniyə *(vb)*, അയാൾ അധ്യാപകന്റെ മുമ്പിൽ കുനിഞ്ഞ് നിന്നു

bow, ധനുസ്സ് dhanussə *(nn)*, രാമൻ ധനുസ്സ് എടുത്തു

bow, വില്ല് villə *(nn)*, രാമൻ വില്ലു കുലച്ചു

bow before a deity or a person, നമിക്ക് namikkə *(vi)*, അയാൾ ദൈവത്തെ നമിക്കുന്നു

bow head, തലകുനിക്ക് talakunikkə *(vb, comp)*, രവി ആരുടെ മുന്നിലും തലകുനിക്കുന്നില്ല

bow string, ഞാൺ ~aaN *(nn)*, ശ്രീരാമൻ വില്ലിന്റെ ഞാൺ വലിച്ചുകെട്ടി

bow the head in reverence, വണങ്ങ് vaNaŋŋə *(vt)*, അയാൾ എല്ലാവരേയും വണങ്ങി

bower, കുഞ്ജം ku~cjaM *(nn)*, അവൾ മരത്തിന്റെ കുഞ്ജത്തിൽ ഇരുന്നു

bowing, നമ്ര namRa *(adj)*, നമ്ര ശിരസ്ക്കനായി അയാൾ നിന്നു

box, പെട്ടകം peTTakaM *(nn)*, നോഹയുടെ പെട്ടകം

box, പെട്ടി peTTi *(nn)*, ആ പെട്ടി നിറയെ പണമായിരുന്നു

boxing with fist, മുഷ്ടിയുദ്ധം mu$TiyuddhaM *(nn,comp)*, അവർ തമ്മിൽ മുഷ്ടിയുദ്ധം നടത്തി

boy, ആൺകുട്ടി aaNkuTTi *(nn)*, ആൺകുട്ടി പുസ്തകം വായിക്കുന്നു

boy, കുമാരൻ kumaran *(nn)*, കുമാരൻമാർക്ക് താമസിക്കാൻ വേണ്ടി പ്രത്യേകം സ്ഥലം ഒരുക്കി

boy, ചെക്കൻ cekkan *(nn),* അവൻ ഒരു ചെക്കനാണ്

boy, ബാലൻ baalan *(nn),* ആ ബാലൻ അവരോട് ചോദിച്ചു

boycott, ബഹിഷ്ക്കരിക്ക് bahi$kkarikkə *(vt),* അയാളെ സഭയിൽ നിന്നു ബഹിഷ്ക്കരിച്ചു

boycotting, ബഹിഷ്ക്കരണം bahi$kkaraNaM *(nn),* ആ ബഹിഷ്ക്കരണത്തിൽ എല്ലാവരും അപലപിച്ചു

bracelet, കങ്കണം kaṇkaNaM *(nn),* അവൾ കങ്കണം അണിഞ്ഞു. ഉപനയനം കഴിഞ്ഞു

bracelet, കാപ്പ് kaappə *(nn),* രമ കാപ്പ് അണിഞ്ഞു

bracelet, വളയം vaLayaM *(nn),* സിക്കുകാർ ഇരുമ്പ് വളയം കൈയ്യിൽ ധരിക്കാറുണ്ട്

bracelet of gold, കടകം kaTakaM *(nn),* അവൻ കടകം അണിഞ്ഞു

brahma, നാന്മുഖൻ naanmukhan *(nn),* നാന്മുഖനാണ് സൃഷ്ടി കർത്താവ്

brahmany goose (Anas casaria), ചക്രവാകം cakRavaakaM *(nn),* ചക്രവാകപ്പക്ഷി കേഴുന്നു

brahmin, ദ്വിജൻ dvijan *(nn),* ബ്രാഹ്മണൻ ദ്വിജനാണ്

brahmin, ബ്രാഹ്മണൻ bRaahmaNan *(nn),* ബ്രാഹ്മണനും ക്ഷത്രിയനും മറ്റും

brahmin street, അഗ്രഹാരം agrahaaraM *(nn),* അഗ്രഹാരത്തിൽ നിന്ന് അയാളെ പുറത്താക്കി

brahminhood, ബ്രാഹ്മണത്വം bRahmaNatvaM *(nn),* ബ്രാഹ്മണത്വം ഒരു വരമായി പഴയ മനുഷ്യൻ കരുതി

brain, തലച്ചോറ് talaccooRə *(nn,comp),* തലച്ചോറിൽ അർബ്ബുദം ബാധിച്ചു

brain, തലമണ്ട talamaNTa *(nn,comp),* അവന്റെ തലമണ്ടയിൽ ഒന്നും കയറിയില്ല

brain, മസ്തിഷ്ക്കം masti$kkaM *(nn),* മസ്തിഷ്ക്കത്തിൽ പഴുപ്പുണ്ടായി അവൻ മരിച്ചു

brain, മൂള muuLa *(nn),* അവന് മൂളയിൽ ഒന്നുമില്ലത്രേ

bramin's house, മഠം maThaM *(nn),* മഠത്തിൽ നിന്നും പൂജാമന്ത്രങ്ങളുയർന്നു

bran, തവിട് taviTə *(nn),* പശുവിന് തവിട് കലക്കി കൊടുത്തു

branch, കൊമ്പ് kombə *(nn),* കുട്ടികൾ കൊമ്പ് പിടിച്ചു വലിക്കുന്നു

branch, ശിഖരം SikharaM *(nn),* മരത്തിന്റെ ശിഖരം ഒടിഞ്ഞു വീണു

branch of a tree, ചില്ല cilla *(nn),* മരത്തിന്റെ ചില്ലയിൽ ഒരു പക്ഷി ഇരുന്നു

branch of a tree, മരക്കൊമ്പ് marakkombə *(nn,comp),* മരക്കൊമ്പിൽ ഒരു കിളി ഇരിക്കുന്നു

brasier, ബാഡീസ് baDiisə *(nn),* അവൾ ബാഡീസ് അണിയുന്നു

brave, ധീരത്വം dhiiratvaM *(nn),* ധീരത്വം കാട്ടേണ്ടിടത്ത് കാട്ടണം

brave, നിർഭയം niRbhayaM *(nn),* നിർഭയമായ മനസ്സുമായി അവൻ ജോലിക്ക് പുറപ്പെട്ടു

brave man, ധൈര്യശാലി dairyaSaali *(nn,comp),* അവൻ ധൈര്യശാലിയാണ്

brave person, ധീരൻ dhiiran *(nn),* അയാൾ ഒരു ധീരനായിരുന്നു

bravery, ധീരത dhiirata *(nn),* ധീരതയ്ക്കുള്ള അവാർഡ് അയാൾ നേടി

bread, അപ്പം appaM *(nn),* മനുഷ്യൻ അപ്പത്തിനു മാത്രമല്ല ജീവിക്കുന്നത്

bread, റൊട്ടി RoTTi *(nn),* അയാൾ റൊട്ടി ഭക്ഷിച്ചു

bread fruit, കടച്ചക്ക kaTaccakka *(nn),* എനിക്ക് കടച്ചക്ക ഇഷ്ടമായിരുന്നു

bread fruit, ശീമച്ചക്ക Siimaccakka *(nn),* എനിക്ക് ശീമച്ചക്ക ഇഷ്ടമാണ്

bread fruit tree, കടപ്പിലാവ് kaTappilaavə *(nn),* കടപ്പിലാവിൽ കടച്ചക്ക ഉണ്ടായിരുന്നു

breadth, വീതി viiti *(nn),* വീതി കൂടിയ ഒരു മുറിയാണ് എനിക്കു വേണ്ടത്

break, ഉടയ് uTayə *(vi),* പാത്രങ്ങളെല്ലാം നിലത്ത് വീണ് ഉടഞ്ഞു

break, ഒടിയ് oTiyə *(vi),* കുട്ടിയുടെ കാല് ഒടിഞ്ഞു

break, പിളർക്ക് piLaRkkə *(vt),* പഴയ ചുമർ പിളർക്കണം

break, പൊട്ടിക്ക് poTTikkə *(vt),* അയാൾ ആ കമ്പു പൊട്ടിച്ചു

break, പൊട്ട് poTTə *(vi),* ആ മരം പൊട്ടി വീണു

break, ഭജിക്ക് bhajikkə *(vi),* അവൾ മൌനം ഭജിച്ചു

break fast, പ്രാതൽ pRaatal *(nn),* അമ്മ രാവിലെ പ്രാതൽ കഴിക്കുന്നു

break in the monsoon rain, തുവർച്ച tuvaRcca *(nn),* ഇപ്പോൾ നല്ല തുവർച്ച (തോർച്ച)യുള്ള സമയമാണ്)

breakage, പൊടിവ് poTivə *(nn),* ഓലയ്ക്ക് പൊടിവ് ഉണ്ടായി

breaking, നുറുങ്ങൽ nuRuṇṇal *(nn),* പാത്രത്തിന്റെ നുറുങ്ങൽ ശബ്ദം കേട്ടു

breast, മാറ് maaRə *(nn),* മാല മാറിൽ ചാർത്തി

breast, സ്തനം stanaM *(nn),* അവൾക്ക് സ്തനത്തിൽ വേദനയുണ്ടായി

breath, പ്രാണൻ pRaaNan *(nn),* അയാളുടെ പ്രാണൻ പോയി

breath, മൂച്ച് muuccə *(nn),* അയാൾ ഒറ്റ മൂച്ചിന് കുടിച്ചു

breathe, ശ്വസിക്ക് Svasikkə *(vi),* അല്പം ശുദ്ധവായു ശ്വസിക്കാമെന്നുകരുതി

bribe, കൈക്കൂലി kaikuuli *(nn),* അയാൾ കൈക്കൂലി വാങ്ങിയത്രേ

bribe, കൈമടക്കം kaimaTakkaM *(nn,comp),* അയാൾ ഓഫീസർക്ക് കൈമടക്കം കൊടുത്തു

bribe, കോഴ kooZa *(nn),* കോഴ വാങ്ങിയ ഉദ്യോഗസ്ഥൻ പിരിച്ചു വിടപ്പെട്ടു

bribe, മാമൂൽ maamuul *(nn),* അയാൾ ഒരു മാമൂൽ പ്രിയനാണ്

bride, കല്യാണപ്പെണ്ണ് kalyaaNappeNNə *(nn),* കല്യാണപ്പെണ്ണിനെ അണിയിച്ചൊരുക്കി

bride, മണവാട്ടി maNvaaTTi *(nn),* മണവാട്ടി കുറെ ആഭരണങ്ങൾ ധരിച്ചു

bride, വധു vadhu *(nn),* വധൂവരന്മാർ വന്നു കഴിഞ്ഞു

bride groom, നവവരൻ navavaran *(nn,comp),* നവവരൻ അപകടത്തിൽ മരിച്ചു

bride groom, മണവാളൻ maNavaaLan *(nn),* മണവാളൻ മണവാട്ടിയെ കണ്ടു

bride groom, മാപ്പിള maappiLa *(nn),* അവിടെ മാപ്പിള വന്നിരിക്കുന്നു

bridegroom, ചെക്കൻ cekkan *(nn),* ചെക്കന്റെ വീട്ടുകാർ വന്നില്ല

bridegroom, ചെറുക്കൻ ceRukkan *(nn),* ചെറുക്കൻ പെണ്ണ് അന്വേഷിച്ചുപോയി

bridegroom, വരൻ varan *(nn),* വരൻ വധുവിന്റെ കഴുത്തിൽ വരണമാല്യം അണിഞ്ഞു

bride's chamber, മണിയറ maniyaRa *(nn),* മണിയറ മനോഹരമായി അലങ്കരിച്ചിരുന്നു

bridge, പാലം paalaM *(nn),* പാലം കടക്കുന്നതുവരെ നാരായണ നാരായണ

bridle, കടിഞ്ഞാൺ kaTi~~aaN *(nn),* കുതിരയുടെ കടിഞ്ഞാൺ പൊട്ടിപ്പോയി

brief, ചുരുങ്ങിയ curuṉṉiya *(adj),* ചുരുങ്ങിയ കാലംകൊണ്ട് അയാൾ പലതും മനസ്സിലാക്കി

bright, ഉജ്ജ്വലമായ ujjvalamaaya *(adj),* ഉജ്ജ്വലമായ കാന്തിയോടെ പ്രകാശിച്ചു

bright, തിളങ്ങുന്ന tiLaṉṉunna *(adj),* തിളങ്ങുന്ന കണ്ണുകളാണ് അവളുടേത്

bright, പ്രകാശ pRakaaSa *(adj),* പ്രകാശവത്തായ ഒരു മുഖം അവൾക്കുണ്ട്

bright, പ്രസന്ന pRasanna *(adj),* പ്രസന്നമായ ഒരു മുഖമാണ് അയാൾക്ക്

brightness, തെളക്കം teLakkaM *(nn),* സ്വർണ്ണത്തിന് നല്ല തെളക്കം ഉണ്ട്

brightness, തെളിച്ചം teLiccaM *(nn),* ഇവിടെ നല്ല തെളിച്ചം ഉണ്ട്

brightness, പ്രസന്നത pRasannata *(nn),* അവളുടെ മുഖത്ത് പ്രസന്നത കളിയാടി

brightness, പ്രസാദം pRasaadaM *(nn),* അയാളുടെ മുഖത്തെ പ്രസാദം കുറഞ്ഞു

brightness, മിനുക്കം minukkaM *(nn),* അയാൾ ആ മിനുക്കം കണ്ടു മയങ്ങി

bring, കൊണ്ടുവര് koNTuvarə *(comp vb),* ഒരു പാത്രം കഞ്ഞി കൊണ്ടുവരൂ

bring forward, ഉന്നയിക്ക് unnayikkə *(vt),* മന്ത്രിക്കു നേരെ ചിലർ ആരോപണം ഉന്നയിച്ചു

bring into force, പ്രബലപ്പെടുത്ത് pRabalappeTuttə *(vt),* പുതിയ നിയമങ്ങൾ പ്രബലപ്പെടുത്തി

bring near, അടുപ്പിക്ക് aTuppikkə *(vt),* അവരെ തമ്മിൽ അടുപ്പിക്കാൻ വിഷമമാണ്

bring to a conclusion, തീർക്ക് tiiRkkə *(vt),* ഇന്ന് ഇവിടത്തെ പരിപാടികൾ തീർക്കുന്നു

bring to life, ജീവിപ്പിക്ക് jiivippikkə *(vt),* മരിച്ചവരെ ജീവിപ്പിക്കാൻ സാധിക്കില്ലല്ലോ

bring under control, കൈക്കലാക്ക് kaikkalaakkə *(vt),* രാജാവ് അയൽ രാജ്യത്തെ കൈക്കലാക്കി

bring up, വളർത്ത് vaLaRttə *(vt),* രാമൻ ഒരു കുട്ടിയെ വളർത്തി

brinjal, കത്തിരിക്ക kattirikka *(nn),* കത്തിരിക്കകൊണ്ടുള്ള കറി അയാൾക്കിഷ്ടമല്ല

brinjal, വഴുതനങ്ങ vZutanṉa *(nn),* വഴുതനങ്ങ ഇവിടെ കിട്ടില്ല

broad, വിശാലമായ viSaalamaaya *(adj),* വളരെ വിശാലമായ മനസ്സാണ് അവന്റേത്

broad cast, പ്രക്ഷേപണം pRak$eepaNaM *(nn),* ആകാശവാണിയിൽ നിന്നു പ്രക്ഷേപണം ചെയ്യുന്ന വാർത്തകളാണ് ഇപ്പോൾ കേൾക്കുന്നത്

broadcast, പ്രക്ഷേപിക്ക് pRak$eepikkə *(vt),* ആകാശവാണി ആ വാർത്ത പ്രക്ഷേപിച്ചു

broken, പൊട്ട poTTa *(adj),* പൊട്ടക്കലത്തിൽ വെള്ളം നിറച്ചു

broken, ഭഗ്ന bhagna *(adj),* ഭഗ്നമായ ഒരു ഹൃദയവുമായി അയാൾ ജീവിച്ചു

broken rice, പൊടിയരി poTiyari *(comp n),* അമ്മ പൊടിയരി കൊണ്ട് കഞ്ഞി വച്ചു

broker, ഇടയാൾ iTayaaL *(nn),* ഇടയാളോട് ഞാൻ ചോദിച്ചു

broker, ദല്ലാൾ dallaaL *(nn),* ദല്ലാൾ ഇന്നലെ വന്നു

broker's share, ദല്ലാൾ വീതം *(nn,comp),* അയാൾക്ക് ദല്ലാൾ വീതം കിട്ടിയില്ല

brooding of hen to hatch, പൊരുന്നയിരിപ്പ് porunnayirippə *(nn,comp),* കോഴി എപ്പോഴും പൊരുന്നയിരിപ്പ് തന്നെ

broom, ചൂല് cuulə *(nn),* രാധ ചൂല് കൊണ്ട് മുറ്റമടിക്കുന്നു

broom, തുറപ്പ tuRappa *(nn),* രാധ തുറപ്പയെടുത്തു മുറ്റം തൂത്തു

brother, സഹോദരൻ sahoodaran *(nn),* എന്റെ സഹോദരൻ അധ്യാപകനാണ്

brother in law, മച്ചുനൻ maccunan *(nn, ks),* രവി രാജന്റെ മച്ചുനനാണ്

brown colour, തവിട്ടുനിറം taviTTuniRam *(nn),* തവിട്ടുനിറമുള്ള ഒരു കുപ്പായമാണ് അയാൾ അണിഞ്ഞിരുന്നത്

bruise, ചതവ് catavə *(nn),* അപകടത്തിൽപെട്ട് ശരീരത്തിൽ കുറെ ഒടിവും ചതവും ഉണ്ടായി

bruise caused by nail, നഖക്ഷതം nakhak$ataM *(nn,comp),* നഖക്ഷതങ്ങൾ മാഞ്ഞിട്ടില്ല

bruising, ഞെരിച്ചിൽ ~ericcil *(nn),* ശരീരത്തിൽ ഞെരിച്ചിൽ അനുഭവപ്പെട്ടു

brush, ബ്രഷ് bRa$ə *(nn),* അയാൾ ബ്രഷ് കൊണ്ട് ചിത്രം വരച്ചു

bubble, കുമിള kumiLa *(nn),* കുളത്തിൽ കുമിളകൾ നിറഞ്ഞു

bucket, തൊട്ടി toTTi *(nn),* തൊട്ടിയിൽ വെള്ളം കൊണ്ടുവന്നു

bud, അങ്കുരം aŋkuraM *(nn),* ചെടിയിൽ അങ്കുരമുണ്ടായി

bud, കാമ്പ് kaambə *(nn),* ചെടിയിൽ കാമ്പ് പൊടിച്ചു

buddha, തഥാഗതൻ tathagatan *(nn),* തഥാഗതൻ അന്വേഷണത്തിന്റെ വഴിയിലായിരുന്നു

buddism, ബുദ്ധമതം buddhamataM *(nn,comp),* ബുദ്ധമതം പല സ്ഥലങ്ങളിലും പ്രചരിച്ചു

budget, അടങ്കൽ aTaŋkal *(nn),* പദ്ധതിയുടെ അടങ്കൽ കാലാവധി കഴിഞ്ഞുവെന്ന് മന്ത്രി അറിയിച്ചു

buffalo, പോത്ത് poottə *(nn),* പോത്ത് ചളിയിൽ കിടക്കുന്നു

buffoon, കോമാളി koomaaLi *(nn),* ഹരി ഒരു കോമാളിയായിരുന്നു

buffoon, ജോക്കർ jookkaR *(nn),* രവി ഒരു ജോക്കറായിരുന്നു

buffoonery, കോമാളിത്തരം koomaLittaraM *(nn),* അനിൽ എപ്പോഴും ഓരോ കോമാളിത്തരം ചെയ്തുകൊണ്ടിരുന്നു

build, പണിയ് paNiyə *(vt),* ഞാൻ ഒരു പുതിയകെട്ടിടം പണിയുന്നു

build up stories, കെട്ടിപ്പറയ് keTTippaRayə *(nn),* ബിജു ഒരോ കഥകൾ കെട്ടിപ്പറയുന്നു

building, കെട്ടിടം keTTiTaM *(nn),* ആ കെട്ടിടത്തിന് ഉടമകളില്ല

building surrounding the sanctum sanctorum, ചുറ്റമ്പലം cuRRambalaM *(nn,comp),* രാധ ചുറ്റമ്പലത്തെ വലം വച്ചു

building up castles in the air, മനോരാജ്യം manooraajyaM *(nn,comp),* അവൾ എപ്പോഴും മനോരാജ്യം കണ്ടുകൊണ്ടിരിക്കും.

bulky, സ്ഥൂല sthuula *(adj),* സ്ഥൂലമായ ഒരു പ്രതിമയാണത്

bull, ൠഷഭം Rə$abhaM *(nn),* ൠഷഭം കുത്താൻ വന്നു

bull, കാള kaaLa *(nn),* കാള വണ്ടി വലിക്കുന്നു

bull, മൂരി muri *(nn),* അയാൾ ഒരു മൂരിയെ വാങ്ങി

bull at rampage, കൂറ്റൻ kuuRRan *(nn),* ഒരു കൂറ്റൻ ഓടി വരുന്നു

bull of siva, നന്ദി nandi *(nn),* ശിവന്റെ വാഹനമാണ് നന്ദി

bullet, വെടിയുണ്ട veTiyuNTa *(nn),* തോക്കിൽ നിന്ന് വെടിയുണ്ട ചീറി പാഞ്ഞു

bullock, എരുത് erutə *(nn),* എരുതിനെ തൊഴുത്തിൽ കെട്ടി

bullock- cart, കാളവണ്ടി kaaLavaNTi *(nn,comp),* രാമൻ കാളവണ്ടി ഓടിക്കുന്നു

bulwark, കൊത്തളം kottaLaM *(nn),* കോട്ടയുടെ കൊത്തളങ്ങൾ മലർക്കെ തുറന്നിട്ടു

bunch of flowers and plantain, കുല kula *(nn),* പൂവിന്റെ ഒരു കുല പൊട്ടിച്ചെടുത്തു

bunch of paddy seedlings, ഞാറ്റുമുടി ~aaRRumuTi *(nn,comp),* സ്ത്രീകൾ ഞാറ്റുമുടി തലയിലെടുത്തു കൊണ്ടു പോകുന്നു

bunch of palmyra fruits, പനങ്കുല panaŋkula *(nn,comp),* പനങ്കുല കാണാൻ മനോഹരമാണ്

bunch of plantain, പടല paTala *(nn),* അവൾ ഒരു പടല പഴം എടുത്തു

bunch of stalks of coconut, ക്ലാഞ്ഞിൽ kLaa~~il *(nn),* തെങ്ങിന്റെ ക്ലാഞ്ഞിലിൽ നിന്നു ഒരു തേങ്ങ വീണു

bunches of currency, നോട്ട് nooTTə *(nn),* മേശയുടെ ഡ്രായിൽ നൂറിന്റെ നോട്ടുകൾ ഉണ്ടായിരുന്നു

bund constructed to obstruct water, ചിറ ciRa *(nn),* അച്ഛൻ തോടിന് ചിറകെട്ടി

bundle, കെട്ട് keTTə *(nn),* അയാൾ ഒരു കെട്ടു കൊണ്ടുവന്നു

bundle, പൊക്കണം pokkaNaM *(nn),* പൊക്കണത്തിൽ കുറെ തുണികൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ

bundle, ഭാണ്ഡക്കെട്ട് bhaaNDakeTTə *(nn,comp),* അയാൾ ആ ഭാണ്ഡക്കെട്ട് തലയിൽ ഏറ്റി

bundle, മാറാപ്പ് maaRaappə *(nn),* മാറാപ്പിൽ അയാൾ പലതും കരുതി

bundle of money, പണക്കിഴി paNakkiZi *(nn),* അയാൾ ആ പണക്കിഴി ഒളിച്ചു വച്ചു

bungalow, വസതി vasati *(nn),* മന്ത്രിയുടെ വസതിയുടെ പേര് കൃഷ്ണ എന്നാണ്

burden, ചുമട് cumaTə *(nn),* അയാൾക്കു ജീവിതം താങ്ങാൻ പറ്റാത്ത ഒരു ചുമടായി തോന്നി

burglar, കവർച്ചക്കാരൻ kavaRccakkaaran *(nn),* അയാൾ ഒരു കവർച്ചക്കാരനാണ്

burial, സംസ്ക്കാരം saMskkaaraM *(nn),* ശവസംസ്ക്കാരം കഴിഞ്ഞ് ഞങ്ങൾ മടങ്ങി

buring sensation due to hunger, വയറുകത്ത് vyRukattə *(nn,comp),* കുട്ടി വയറുകത്തുന്നെന്നു പറഞ്ഞു

burn, എരിക്ക് erikkə *(vt),* അയാൾ തീപ്പെട്ടിയുരച്ച് എല്ലാം എരിക്കുന്നു

burn, കത്ത് kattə *(vi),* ആ വീട് കത്തുന്നു

burn, തീപ്പൊള്ളൽ tiippoLLal *(nn,comp),* തീപ്പൊള്ളൽ ഏറ്റഭാഗത്ത് തേൻ പുരട്ടുന്നത് നല്ലതാണ്

burn, നീറ് niiRə *(vi),* മുളക് അരച്ചപ്പോൾ കൈ നീറുന്നു

burn brightly, കാള് kaaLə *(vi),* മണ്ണെണ്ണ ശക്തമായി കാളി

burn lime, നീറ്റ് niiRRə *(vt),* കുമ്മായം ഉണ്ടാക്കാൻ കക്ക നീറ്റണം

burning, എരിഞ്ഞ് eri~~ə *(adv),* തീയെല്ലാം എരിഞ്ഞടങ്ങി

burning, കത്തൽ kattal *(nn),* വയറ്റിൽ ഒരു കത്തൽ അനുഭവപ്പെട്ടു

burning ember, എരികൊള്ളി erikoLLi *(nn,comp),* അയാൾ എരികൊള്ളി വലിച്ചെറിഞ്ഞു

burning fever, തുള്ളൽപ്പനി tuLLalppani *(nn,comp),* രവിക്ക് തുള്ളൽപ്പനി വന്നു

burnt husk of paddy used for cleaning teeth, ഉമിക്കരി umikkari *(nn),* അവൻ ഉമിക്കരി കൊണ്ട് പല്ലുതേച്ചു

burp, ഏമ്പക്കം eembakkaM *(nn),* അയാൾ ഊണു കഴിച്ച് ഏമ്പക്കം വിടുന്നു

bury, അടക്ക് aTakkə *(vt),* ശവശരീരം വീട്ടുവളപ്പിൽ അടക്കി

bush, കുറ്റിക്കാട് kuTTikkaTə *(nn,comp),* അയാൾ ഒരു കുറ്റിക്കാട്ടിലൂടെ നടന്നുവരുന്നു

bush, പൊന്ത ponta *(nn),* ഒരു പൊന്തയിൽ അവർ ഒളിച്ചിരുന്നു

busily, ധൃതിയായി dhRtiyaayi *(adv),* അവർ ധൃതിയായി നടന്നുപോകുന്നു

business, തൊഴിൽ toZil *(nn),* തൊഴിൽ ഇല്ലാത്ത ചെറുപ്പക്കാരൻ

business, വ്യാപാരം vyaapaaraM *(nn),* അയാളുടെ വ്യാപാരമെല്ലാം പെട്ടെന്നു തകർന്നു

business transaction, കൊള്ളകൊടുക്ക koLLakoTukka *(nn,comp),* രണ്ടു രാജ്യങ്ങളും കൊള്ളകൊടുക്ക നിർത്തി വച്ചു

but, പക്ഷെ pak$ee *(in),* ഞാൻ വരാം, പക്ഷെ നീ എങ്ങും പോകരുത്

butcher, കശാപ്പുകാരൻ kaSaappukaaran *(n),* കശാപ്പുകാരൻ കശാപ്പു നടത്തി

butter milk, മോര് moorə *(nn),* അയാൾ മോരു കുടിച്ചു

butter milk added to milk for curdling, ഉറ uRa *(nn),* പാലിൽ ഉറ ഒഴിച്ചു

butterfly, ചിത്രശലഭം citRaSalabhaM *(nn),* ചിത്രശലഭം പൂവിൽ നിന്നും പറന്നുയർന്നു

butterfly, പൂമ്പാറ്റ puumbaaRRa *(nn),* പൂമ്പാറ്റകൾ പൂന്തേൻ നുകർന്നു

buttock, കുണ്ടി kuNTi *(nn),* അവന്റെ കുണ്ടിയിൽ വേദനിക്കുന്നു

buttock, ചന്തി canti *(nn),* അവന്റെ ചന്തി വേദനിക്കുന്നു.

buttock, നിതംബം nitaMbaM *(nn),* ഇരുന്നിരുന്ന് നിതംബത്തിൽ വല്ലാത്ത വേദന ഉണ്ടാകുന്നു

buttocks, ആസനം aasanaM *(nn),* നാണമില്ലാത്തവന്റെ ആസനത്തിൽ ആലുമുളച്ചാൽ അതും അവന് തണലാണ്

button, ബട്ടൺ baTTaN *(nn),* അവന്റെ ഷർട്ടിന്റെ ബട്ടൺ പൊട്ടിപ്പോയി

buy, മേടിക്ക് meeTikkə *(vt),* ഞാൻ പുസ്തകം മേടിച്ചു

buy, വാങ്ങിക്ക് vaaŋŋikkə *(vt),* അയാൾ ഒരു പുസ്തകം വാങ്ങിക്കുന്നു

buying, ക്രയം kRayaM *(nn),* രാജ്യം ക്രയം നടത്താൻ താൽപര്യപ്പെട്ടില്ല

buying and selling, ക്രയവിക്രയം kRayavikRayaM *(nn,comp),* ഇരു രാജ്യങ്ങളും ക്രയവിക്രയം നടത്തി

by, ആൽ aal *(in),* രാമനാൽ രാവണൻ കൊല്ലപ്പെട്ടു.

by, കൊണ്ട് koNTə *(in),* കത്തി കൊണ്ട് പഴം മുറിച്ചു

by any means, വല്ലപ്രകാരവും vallapRakaaravuM *(adv),* അയാൾ വല്ല പ്രകാരവും അതു പറഞ്ഞു ഒപ്പിച്ചു

by means of, മുഖാന്തിരം mukhaantiraM *(adv),* അയാൾ മുഖാന്തിരം ഞാൻ അവിടെയെത്തി

by product, ഉപോല്പന്നം upoolppannaM *(nn),* വെളിച്ചെണ്ണ ആട്ടിയെടുക്കുമ്പോൾ കിട്ടുന്ന ഒരു ഉപോൽപ്പന്നമാണ് പിണ്ണാക്ക്

by some means, അങ്ങനെയിങ്ങനെ aŋŋaneyiŋŋane *(adv),* അങ്ങനെയിങ്ങനെ പലതും സംഭവിച്ചു

by that way, അതുവഴി atuvaZi *(adv),* അതുവഴി പോയാൽ സ്ക്കൂളിൽ എത്താം

by the will of god, ദൈവഗത്യാ daivagatyaa *(adv),* ദൈവഗത്യാ ഒരു സംഭവം നടന്നു

bygone, കഴിഞ്ഞ kaZi~~a *(adj),* കഴിഞ്ഞാഴ്ച അയാൾ വന്നില്ല

cabbage, കാബേജ് kaabeejə *(nn),* കാബേജ് അവനിഷ്ടമായിരുന്നു

cabinet of ministers, മന്ത്രാലയം mantRaalayaM *(nn,comp),* മന്ത്രാലയത്തിൽ പല കൂടിയാലോചലനകളും നടന്നു

cactus, കള്ളിച്ചെടി kaLLicceTi *(nn),* അയാൾ കള്ളിച്ചെടി നട്ടു

cadence, രാഗവിസ്താരം raagavistaaraM *(comp nn),* അവർ രാഗവിസ്താരം നടത്തി

cage (enclosure for birds), കൂട് kuuTə *(nn),* കുട്ടി കൂടു തുറന്നു വിട്ടു

cake, കേക്ക് keekkə *(nn),* അമ്മ കേക്ക് ഉണ്ടാക്കി

cake fried in oil, പൂരി puuri *(nn),* അമ്മ പൂരി ഉണ്ടാക്കി

cake fried in oil or ghee, നെയ്യപ്പം neyyappaM *(nn),* അയ്യപ്പന്റെ അമ്മ നെയ്യപ്പം ചുട്ടു

calamity, ദുരന്തം durantaM *(nn),* അങ്ങിനെ ഒരു ദുരന്തം ഒഴിവായി

calculation, ഗണനം gaNanaM *(nn),* ഗുമസ്തൻ ഗണനം നടത്തുന്നു

calculator, ഗണനയന്ത്രം gaNanayantRaM *(nn,comp),* രവിയുടെ അമ്മാവൻ രവിക്ക് ഒരു ഗണനയന്ത്രം വാങ്ങിക്കൊടുത്തു

calendar, കലണ്ടർ kalaNTaR *(nn),* ഈ കലണ്ടർ ഈ വർഷത്തെതാണ്

calendar, പഞ്ചാംഗം pa~caamgaM *(nn),* അവൾ പഞ്ചാംഗം നോക്കി

calf bull, കാളക്കിടാവ് kaaLakkiTaavə *(nn,comp),* കാളക്കിടാവ് ഓടി നടന്നു

calf of the leg, വണ്ണ vaNNa *(nn),* അയാളുടെ വണ്ണയിൽ വേദനിക്കുന്നു

cali, വിളിക്ക് viLikkə *(vt),* ആരോ എന്നെ വിളിക്കുന്നു

calling, ആഹ്വാനം aahvaanaM *(nn),* നേതാവ് ജനങ്ങളോട് ആഹ്വാനം നടത്തി

calling to pray, വാങ്ക് vaaŋkə *(nn),* അയാൾ വാങ്കു വിളിക്കുന്നു

calm, ശാന്തമായ Santamaaya *(adj),* ശാന്തമായ വാക്കും ധീരമായ പ്രവൃത്തിയുമാണ് അദ്ദേഹത്തിന്റെ പ്രത്യേകതകൾ

calm wind, ധീരസമീരൻ dhiirasamiiran *(nn),* ധീരസമീരൻ മെല്ലെ വീശിക്കൊണ്ടിരുന്നു

calmness, അക്ഷോഭ്യത ak$oobhyata *(nn),* അക്ഷോഭ്യതയാണ് അയാളുടെ ഏറ്റവും വലിയ ഗുണം

camel, ഒട്ടകം oTTakaM *(nn),* ഒട്ടകം മരുഭൂമിയിലെ വാഹനമാണ്

camera, ക്യാമറ kyaamaRa *(nn),* ഒരു ക്യാമറ ഉണ്ടായിരുന്നെങ്കിൽ ഫോട്ടോ എടുക്കുമായിരുന്നു

camp, താവളം taavaLaM *(nn),* ഞങ്ങൾ ഒരു താവളത്തിൽ കഴിച്ചുകൂട്ടി

campaign, പ്രചരണം pRacaraNaM *(nn),* അയാൾ തെരഞ്ഞെടുപ്പിന് പ്രചരണം ചെയ്തു

can, തകരഡപ്പി takaraDappi *(nn,comp),* മധു ഒരു തകരഡപ്പിയിൽ എന്തോ നിക്ഷേപിച്ചു

can, സാധിക്ക് saadhikkə *(vi),* എനിക്ക് കന്നഡ സംസാരിക്കാൻ സാധിക്കും

canal, തോട് tooTə *(nn),* വീടിനപ്പുറത്ത് ഒരു തോടുണ്ട്

cancel, റദ്ദാക്ക് Raddaakkə *(vt),* അയാൾ ആ തീരുമാനം റദ്ദാക്കി

cancer, അർബ്ബുദം aRbbudaM *(nn),* അർബ്ബുദം ഒരു മാരകരോഗമാണ്

candle, മെഴുകുതിരി meZuKutiri *(nn),* ഇരുട്ടത്ത് ഒരു മെഴുകുതിരി കത്തിച്ചു വയ്ക്കാം

cane (calamus rotang), ചൂരൽ cuural *(nn),* ചൂരൽ കൊണ്ട് കസേര ഉണ്ടാക്കി

canine teeth, ഉളിപ്പല്ല് uLippallə *(nn,comp),* എന്റെ ഉളിപ്പല്ലിൽ വല്ലാത്ത വേദന ഉണ്ട്

cannon ball, ഗുണ്ട് guNTə *(nn),* രവി ഒരു ഗുണ്ടുപൊട്ടിച്ചു

cannot, വഹിയാ vahiyaa *(vi),* അവൾക്കു വഹിയാ എന്നു പറഞ്ഞു

canto, പടലം paTalaM *(nn),* കാവ്യത്തിന്റെ ഒന്നാം പടലം വായിച്ചു

canto, സർഗ്ഗം saRggaM *(nn),* ഭാഗവതത്തിൽ പന്ത്രണ്ട് സർഗ്ഗങ്ങൾ ഉണ്ട്

capability, ത്രാണി tRaaNi *(nn),* രവിക്ക് ഒന്നിനും ത്രാണിയില്ലായിരുന്നു

cape, മുനമ്പ് munambə *(nn),* അയാൾ ആ മുനമ്പിൽ എത്തിച്ചേർന്നു

capital, തലസ്ഥാനം talasthaanaM *(nn),* ഇന്ത്യയുടെ തലസ്ഥാനം ഡൽഹിയാണ്

capital, മുതൽ mutal *(nn),* അയാൾ മുതലും പലിശയും വാങ്ങി

capital, മൂലധനം muuladhanaM *(nn),* അയാൾക്ക് മൂലധനത്തിൽ പങ്കില്ലായിരുന്നു

capital city, രാജധാനി raajadhaani *(nn),* രാജധാനിയിൽ എല്ലാവരും തടിച്ചുകൂടി

capital city of Sri Krishna, ദ്വാരക dvaaraka *(nn),* ദ്വാരകയിൽ കണ്ണനെ കണ്ടു

caprice, ഡാവ് Daavə *(nn),* പട്ടാളക്കാരൻ ഓരോ ഡാവുകൾ പറഞ്ഞുകൊണ്ടിരുന്നു

captiousness, ഛിദ്രവാസന chidRavaasana *(nn,comp),* ഛിദ്രവാസനകളെ മുളയിലേ നുള്ളിക്കളയാൻ മന്ത്രിഉപദേശിച്ചു

captive slave, ബന്ദി bandi *(nn),* ബന്ദികളെ വിട്ടു കൊടുത്തു

car, കാർ kaaR *(nn),* അയാൾ ഒരു കാർ വാങ്ങി

car festival, രഥോത്സവം rathootsavaM *(nn,comp),* അവിടെ ഒരു രഥോത്സവം നടക്കുന്നു

carbon, കാർബൺ kaaRbaN *(nn),* അന്തരീക്ഷത്തിൽ കാർബണിന്റെ അളവ് കൂടി വരുന്നു

card, കാർഡ് kaaRDə *(nn),* ഞാൻ കാർഡിൽ എഴുതുന്നു

cardamom, ഏലം eelaM *(nn),* ഏലം ഒരു സുഗന്ധവ്യഞ്ജനമാണ്

care taker, കളപ്പുരവിചാരിപ്പുകാരൻ kaLappuravicaarippukaaran *(nn),* അയാൾ അവിടുത്തെ കളപ്പുര വിചാരിപ്പുകാരനായിരുന്നു

career, ഉപജീവനം upajiivanaM *(nn),* ഉപജീവനമാർഗ്ഗം തേടി ജനങ്ങൾ അന്യരാജ്യങ്ങളിൽ പോകുന്നു

carelessness, അശ്രദ്ധ asRaddha *(adj),* ഡോക്ടറുടെ അശ്രദ്ധകൊണ്ട് രോഗി മരിച്ചു

caress, തലോട് talooTə *(vt),* കുട്ടിയെ അമ്മ തലോടി

caress, തഴുക് taZukə *(vt),* അമ്മ കുട്ടിയെ തഴുകി

carnage, കൂട്ടക്കൊല kuuTTakkola *(nn,comp),* കൂട്ടക്കൊല നടക്കുമ്പോൾ അവിടെ ആരുമുണ്ടായിരുന്നില്ല

carpenter, ആശാരി aaSaari *(nn),* ആശാരി വീടു പണിതു

carpenter, തച്ചൻ taccan *(nn),* തച്ചൻ വാതിലിൽ പണിയുന്നു

carpenter bee (Xylocopa), തേൻവണ്ട് teenvaNTə *(nn,comp),* തേൻവണ്ട് മൂളി പറന്നു

carpet, പരവതാനി paravataani *(nn),* മന്ത്രി പരവതാനിയിലൂടെ നടന്നു വന്നു

carriage, വണ്ടി vaNTi *(nn),* അയാൾ വണ്ടി നിറയെ കല്ലുകൊണ്ടു വന്നു

carrot, കാരറ്റ് kaaraRRə *(nn),* കാരറ്റ് നല്ല പച്ചക്കറിയാണ്

carrot, ക്യാരറ്റ് kyaraTTə *(nn),* മുയൽ ക്യാരറ്റ് തിന്നു

carry, എടുക്ക് eTukkə *(vt),* അമ്മ കുട്ടിയെ എടുത്തു

carry, ഏറ്റ് eeRRə *(vt),* അയാൾ അത് തലയിൽ ഏറ്റി

carry, വഹിക്ക് vahikkə *(vt),* സാധനങ്ങൾ വഹിക്കുന്ന ലോറികൾ തടഞ്ഞിട്ടു

carry on shoulder, ഏന്ത് eentə *(vi),* കൃഷിക്കാരൻ കലപ്പ

തോളിൽ ഏന്തിക്കൊണ്ടു പോയി

cart festival in temples, തേരോട്ടം teerooTTaM *(nn,comp),* കുട്ടി തേരോട്ടം നോക്കിനിന്നു

cart wheel, ആരം aaraM *(nn),* തേരിന്റെ ആരം തകർക്കപ്പെട്ടു.

cartilage, തരുണാസ്ഥി taruNaasthi *(nn),* തരുണാസ്ഥിയ്ക്ക് കേടുപറ്റിയെന്ന് ഡോക്ടർ പറഞ്ഞു

cartoon, കാർട്ടൂൺ kaaRTTuuN *(nn),* അവൻ ഒരു കാർട്ടൂൺ വരയ്ക്കുന്നു

carve, കൊത്ത് kottə *(vt),* ശില്പി ശില്പം കൊത്തി

case, കേസ് keesə *(nn),* കേസ് രമ്യതയിൽ എത്തി

case, സംഗതി saMgati *(nn),* എല്ലാ സംഗതികളും അയാൾ പറഞ്ഞിരുന്നു

cash, പണം paNaM *(nn),* പണം ചെലവഴിക്കാനുള്ളതാണ്

cash collection box, ഹുണ്ടി huNTi *(nn),* അയാൾ ഒരു ഹുണ്ടിയിൽ പണമിട്ടു

cash crop, നാണ്യവിള naaNyaviLa *(nn,comp),* നാണ്യവിളകളുടെ ഉൽപ്പാദനം വർദ്ധിച്ചു

cashew fruit, കശുമാങ്ങ kaSumaaṇṇa *(nn),* കശുമാങ്ങയുടെ ചുവട്ടിൽ കശുവണ്ടി നിൽക്കുന്നു

cashew nut, കശുവണ്ടി kaSuvaNTi *(nn),* കശുവണ്ടി കയറ്റുമതി ചെയ്യുന്നു

cashew nut tree, കശുമാവ് kaSumaavə *(nn),* കശുമാവ് പൂത്തു

cassia fistula, കൊന്ന konna *(nn),* കൊന്ന പൂത്തു

cast an eye on, കണ്ണുവയ്ക്ക് kaNNuvaykkə *(comp vb),* അയാൾ അവളുടെമേൽ കണ്ണുവച്ചിരുന്നു.

cast an eye on, ദൃഷ്ടിവയ്ക്ക് dR$Tivaykkə *(comp vb),* അയാൾ അതിൽ ദൃഷ്ടിവച്ചിരുന്നു

cast away, ഉപേക്ഷിക്ക് upeeK$iKKə *(vb),* രാമൻ സീതയെ ഉപേക്ഷിച്ചു

caste, ജാതി jaati *(nn),* ജാതി വേണ്ട മതംവേണ്ട മനുഷ്യന്

caste in Kerala, തണ്ടാൻ taNTaan *(nn),* അവൻ ഒരു തണ്ടാനാണത്രേ

caste in Kerala, മണ്ണാൻ maNNaan *(nn),* മണ്ണാൻ കേരളത്തിലെ ഒരു പ്രത്യേക ജാതിയാണ്

caste in Kerala (oil mongers), വാണിയൻ vaaNiyan *(nn),* അയാൾ ഒരു വാണിയനാണ്

caste of Hindus, നമ്പിയാർ nambiyaaR *(nn),* നമ്പിയാർ തുള്ളൽ രചിച്ചു

caste of Hindus in Kerala, നായർ naayaR *(nn),* നായർ പടയിൽ ജയിച്ചു

casting of the evil eye, കണ്ണേറ് kaNNeeRə *(vi),* കണ്ണേറു കൊണ്ടാണത്രേ വിളവു നശിച്ചത്

castles in the air, മനക്കോട്ട manakkooTTa *(nn,comp),* അയാൾ മനസ്സിൽ പല മനക്കോട്ടകളും കെട്ടി

castrate, വരിഉടയ്ക്ക് variuTaykkə *(vt),* ചിലർ വളർത്തു മൃഗങ്ങളുടെ വരി ഉടയ്ക്കുന്നു

casual labour, കൂലിപ്പണി kuulippaNi *(nn,comp),* അയാൾ കൂലിപ്പണിയെടുത്താണ് പഠിച്ചത്

casuarina tree, കാറ്റാടി kaaRRaaTi *(nn,comp),* കാറ്റാടി മരം ശീൽക്കാരം പുറപ്പെടുവിച്ചു

casuarina tree, ചൂളമരം cuuLamaraM *(nn),* കോളേജിന്റെ മുന്നിൽ കുറേ ചൂളമരങ്ങൾ ഉണ്ടായിരുന്നു

casuriana, ചവോക്ക് cavookkə *(nn),* ഞാൻ ചവോക്ക് മരങ്ങൾക്കിടയിലൂടെ നടന്നു

cat, പൂച്ച puucca *(nn),* പൂച്ച ഒരു വളർത്തുമൃഗമാണ്

cat, മാർജ്ജാരം maaRjjaaraM *(nn),* മാർജ്ജാരം എലിയെ വിരട്ടി

cat eyed fellow, പൂച്ചക്കണ്ണൻ puuccakkNNan *(nn,comp),* അയാൾ ഒരു പൂച്ചക്കണ്ണനായിരുന്നു

catamaran, ചാളത്തടി caaLattaTi *(nn,comp),* രവി ഒരു ചാളത്തടി മുറിച്ചു

catch, പിടിക്ക് piTikkə *(vt),* നിലത്തു വീഴുന്നതിനു മുമ്പെ പന്ത് അയാൾ പിടിച്ചു

catch hold of, ഉടങ് uTaṇṇə *(vi),* അത് ഇടയ്ക്ക് ഉടങ്ങിപ്പോയി

catch the rhythm by hand, താളംപിടിക്ക് taaLaMpiTikkə *(vt),* കുട്ടി പാട്ടിനു താളം പിടിച്ചു

catching fire, അഗ്നിബാധയുണ്ടാക് agnibaadhayuNTaakə *(vi),* അഗ്നിബാധയുണ്ടായാൽ കുറെ നാശനഷ്ടങ്ങൾ വരാം

catching fire, തീപിടുത്തം tiipiTuttaM *(nn,comp),* തീ പിടുത്തം ഒഴിവാക്കാൻ ആർക്കും കഴിഞ്ഞില്ല

caterpillar, ചിത്രശലഭപ്പുഴു citRaSalabhappuZu *(nn),* ചിത്രശലഭപ്പുഴുക്കൾ മനോഹരമാണ്

catract, തിമിരം timiraM *(nn),* കേശവന് തിമിരം ബാധിച്ചു

catridge, തോട്ട tooTTa *(nn),* രവി തോട്ട നിറച്ചു

cattamaran, പൊങ്ങുതടി poṇṇutaTi *(nn,comp),* വെള്ളത്തിൽ ഒരു പൊങ്ങുതടി കിടക്കുന്നു

cattle, കന്നുകാലി kannukaali *(nn),* കന്നുകാലികളെ നന്നായി പരിപാലിക്കണം

cattle, മാട് maaTə *(nn),* മാട് ഓടി നടക്കുന്നു.

cattle farm, ഡയറി DayaRi *(nn),* അമ്മ ഡയറിയിൽ പോയി പാലു വാങ്ങി

cauldron, കുട്ടകം kuTTakaM, *(nn),* ഞാൻ ഒരു കുട്ടകം നിറയെ നെല്ലു നിറച്ചു

cause, കാരണം kaaraNaM *(nn),* എല്ലാത്തിനും അടിസ്ഥാനമായി ഒരു കാരണമുണ്ടാവും

cause abortion, അലസിപ്പിക്ക് alasiKKə *(vt),* ഡോക്ടർ അവളുടെ ഗർഭം അലസിപ്പിച്ചു

cause dislike, വെറുപ്പുളവാക്കുന്ന veRuppuLavaakkunna *(adj),* അയാളുടെ ഭാവവും നോട്ടവും വെറുപ്പുളവാക്കുന്നതായിരുന്നു

cause motive, ഹേതു heetu *(nn),* എന്താണ് ഇതിന്റെ ഹേതു?

cause of destruction, നാശകാരണം naaSakaaraNaM *(nn,comp),* അവന്റെ നാശകാരണം എന്തെന്ന് അറിവായിട്ടില്ല

cause sprain, ഉളുക്ക് uLukkə *(vi),* കുട്ടിയുടെ കാൽ ഉളുക്കി

cause to beg, തെണ്ടിക്ക് teNTikkə *(vt),* രവിയെ എല്ലാവരും കൂടി തെണ്ടിച്ചു

cause to decay, ചീയ് ciiyə *(vi),* പാത്രത്തിൽ വച്ചിരുന്ന പഴം ചീയുന്നു

cause to dry by exposure, വക്ക് vakkə *(vt),* സാധാരണ വക്കിയ വാഴയിലയിൽ ചോറ് കെട്ടും

cause to fade, വാട്ട് vaaTTə *(vt),* ഇല വാട്ടി ഭക്ഷണം പൊതിഞ്ഞുകെട്ടി

cause to fall drop by drop, ഇറ്റിക്ക് iRRikkə *(vt),* എന്റെ കണ്ണിൽ കുറച്ച് മരുന്ന് ഇറ്റിക്കൂ

cause to fall into sin, ദോഷപ്പെടുത്ത് doo$appeTuttə *(comp vb),* ആരെയും ദോഷപ്പെടുത്തിയിട്ട് ആർക്കും ഒന്നും നേടാനില്ല

cause to give, കൊടുപ്പിക്ക് koTuppikkə *(vt),* മധു രവിയെക്കൊണ്ട് സുരേഷിന് പുസ്തകം കൊടുപ്പിച്ചു

cause to go, ചെലുത്ത് cetuttə *(vt),* രാജൻ ഒരു പുതിയ പ്രയോഗം ചെലുത്തി

cause to jump, തുള്ളിക്ക് tuLLikkə *(vt),* അമ്മ കുട്ടികളെ തുള്ളിക്കുന്നു

cause to kill, കൊല്ലിക്ക് kollikkə *(vt),* സുഗ്രീവൻ

രാമനെക്കൊണ്ട് ബാലിയെ കൊല്ലിച്ചു

cause to open, തുറപ്പിക്ക് tuRappikkə *(vt),* അച്ഛൻ രവിയെ കൊണ്ട് വാതിൽ തുറപ്പിച്ചു

cause to open, മലർക്ക് malaRkkə *(vt),* ചോറ് വെന്ത് മലർക്കുന്നു

cause to pain, ദുഃഖിപ്പിക്ക് duhkhippikkə *(vt),* രവി രാജനെ ദുഃഖിപ്പിക്കുന്നു

cause to punish, ദണ്ഡിപ്പിക്ക് daNDippikkə *(vt),* അവനെ എല്ലാവരും ദണ്ഡിപ്പിക്കുന്നു

cause to reverberate, മുഴക്ക് muZakkə *(vt),* അവിടെ എല്ലാവരും ശബ്ദം മുഴക്കി

cause to roll up, തെറുപ്പിക്ക് teRuppikkə *(vt),* അമ്മ കുട്ടിയെക്കൊണ്ട് പായ തെറുപ്പിക്കുന്നു

cause to scatter, ചിന്നിപ്പിക്ക് chinnippikkə *(vt),* രാജ്യത്തെ ചിന്നിപ്പിക്കാൻ ആർക്കുമാകില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു

cause to see, ദർശിപ്പിക്ക് daRSippikkə *(vt),* അയാളെ ആരോ ദർശിപ്പിച്ചു.

cause to smell, നാറ്റ് naaRRə *(vt),* സ്വന്തം അഴുക്കുകൾ മറ്റുള്ളവരെ നാറ്റുന്നു

cause to take, എടുപ്പിക്ക് eTuppikkə *(v caus),* അമ്മ കുട്ടിയെക്കൊണ്ട് പുസ്തകം എടുപ്പിച്ചു

cause to tie, കെട്ടിക്ക് keTTikkə *(v caus),* ബാലൻ മകനെക്കൊണ്ട് പശുവിനെ കെട്ടിച്ചു

cause to touch, തൊടുവിക്ക് toTuvikkə *(vt),* അവൻ എന്നെക്കൊണ്ട് തൊടുവിച്ചു

cause to walk, നടത്ത് naTattə *(vt),* അമ്മ കുട്ടിയെ നടത്തുന്നു

cause to weigh, തൂക്കിക്ക് tuukkikkə *(vt),* രവി കടക്കാരനെക്കൊണ്ട് സാധനം വീണ്ടും തൂക്കിച്ചു

cavalry, കുതിരപ്പട kuTirappaTa *(nn,comp),* രാജാവിന്റെ കുതിരപ്പട ദുർബലമായിരുന്നു

cave, ഗുഹ guha *(nn),* മനുഷ്യർ ആദിമകാലങ്ങളിൽ ഗുഹകളിൽ താമസിച്ചിരുന്നു

cavity, രന്ധ്രം randhRaM *(nn),* അയാൾ ആ രന്ധ്ര ത്തിലൂടെ സൂക്ഷിച്ചുനോക്കി

cavity of the throat, തൊണ്ടക്കുഴി toNTakkuZi *(nn,comp),* തൊണ്ടക്കുഴിയിൽ ഒരു വേദന ഉണ്ടായി

cease, നിലയ്ക്ക് nilykkə *(vi),* ജനപ്രവാഹം പെട്ടെന്ന് നിലച്ചു

cease fire, വെടിനിർത്ത് veTiniRttə *(vi),* ഇരു രാജ്യങ്ങളും വെടി നിർത്താൻ തയ്യാറായി

cedar tree, തൂണ്മരം tuuNmaraM *(nn,comp),* തൂൺമരം വെട്ടി തൂൺ നാട്ടി

ceiling, തട്ട് taTTə *(nn),* വീടിന്റെ തട്ടിൽ ഒരു പല്ലി ഇരിക്കുന്നു

ceiling, മച്ച് maccə *(nn),* അയാൾ ഏണിയിലൂടെ മച്ചിലേക്ക് കയറി

ceiling, മേൽത്തട്ട് meelttaTTə *(nn),* മേൽത്തട്ടിൽ ഒരു പല്ലി ഇരിക്കുന്നു

ceiling fan, പങ്ക paṇka *(nn),* ആ മുറിയിൽ ഒരു പങ്ക ഉണ്ടായിരുന്നു

celebrate, ആഘോഷിക്ക് aaghoo$ikkə *(vt),* അവൻ ഓണം ആഘോഷിക്കുന്നു

celebrate, കൊണ്ടാട് koNTaaTTə *(vi),* ഞങ്ങളുടെ നാട്ടിൽ ഇപ്പോൾ ഉത്സവം കൊണ്ടാടുന്നു

celebration, ആഘോഷം aaghoo$aM *(nn),* ജീവിതത്തിൽ ആഘോഷങ്ങൾക്ക് ഒരു പ്രധാന സ്ഥാനമുണ്ട്.

celestial, ഗന്ധർവ്വൻ gandhaRvan *(nn),* യേശുദാസ് ഒരു ഗാനഗന്ധർവ്വനാണ്

celestial cow, നന്ദിനി nandini *(nn),* നന്ദിനിപ്പശു യാഗത്തിന് പാല് കൊടുത്തു

celestial globe, ഖഗോളം khagooLaM *(nn),* അവൻ ഖഗോള ശാസ്ത്രം മനസ്സിലാക്കി

celestial nymph, ദേവകന്യ deevakanya *(nn comp),* അവൾ ഒരു ദേവകന്യയായിരുന്നു

celestial Nymph, രംഭ raMbha *(nn),* അവൾ രംഭയാണ്

celibacy, ബ്രഹ്മചര്യം bRamacaryaM *(nn),* അയാൾ ബ്രഹ്മചര്യം ആചരിച്ചു

celibate person, ബ്രഹ്മചാരി bRahmacaari *(nn),* അയാൾ ഒരു ബ്രഹ്മചാരിയാണ്

cell, കോശം kooSaM *(nn),* ശരീരത്തിൽ അനേകായിരം കോശങ്ങളുണ്ട്

cellar, നിലവറ nilavaRa *(nn,comp),* നിലവറയിൽ ധാന്യം സൂക്ഷിച്ചുവച്ചു

cement, സിമന്റ് simanRə *(nn),* നല്ല സിമന്റുകൊണ്ട് നിർമ്മിച്ചതാണ് ആ പാലം

cemetery, സെമിത്തേരി samitteeri *(nn),* സെമിത്തേരിയിൽ ശവം അടക്കി

censure, അധിക്ഷേപിക്ക് adhik$eepikkə *(vt),* എന്തിനാണ് അയാളെ അധിക്ഷേപിക്കുന്നത്

census, കാനേഷുമാരി kaanee$umari *(nn),* കഴിഞ്ഞവർഷം കാനേഷുമാരി കണക്കെടുത്തു

cent, സെന്റു senRə *(nn),* ഒരു സെന്റു ഭൂമി വേണം

central govt, കേന്ദ്രം keendRaM *(nn),* കേന്ദ്രത്തിൽ നിന്ന്

അറിയിപ്പുവന്നാൽ മാത്രമെ പോകാനാകൂ

centralisation, കേന്ദ്രീകരണം keendRiikaraNaM *(nn),* കേന്ദ്രീകരണത്തിനുവേണ്ടി ഞങ്ങൾ ശ്രമം നടത്തി

centralise, കേന്ദ്രീകരിക്ക് keendRiikarikkə *(vt),* അധികാരം ഒരാളിലേക്കു മാത്രം കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു

centre, കേന്ദ്രം keendRaM *(nn),* വൃത്തത്തിന്റെ കേന്ദ്ര ത്തിൽ ഒരു ബിന്ദുവരച്ചു

century, നൂറ്റാണ്ട് nuuRRaaNTə *(nn,comp),* നൂറ്റാണ്ടുകളിലൂടെ നേടിയ അറിവ് സംരക്ഷിക്കണം

ceremony of occupying a vew house, ഗൃഹപ്രവേശം gRhapRaveeSaM *(nn,comp),* ഞാൻ രവിയുടെ ഗൃഹപ്രവേശത്തിൽ പങ്കെടുത്തു

ceremony of tying thali in marriage, കെട്ടുകല്യാണം keTTukalyaaNaM *(nn,comp),* അയാളുടെ കെട്ടുകല്യാണത്തിന് വലിയ തിരക്കായിരുന്നു

ceremony of worship, ഭജന bhajana *(nn),* അയാൾ ഭജന ഇരുന്നു

ceremony performed to propitiate ganesha on launching any new enterprise, ഗണപതിപൂജ gaNapatipuuja *(nn,comp),* അച്ഛൻ ഗണപതി പൂജ നടത്തി

certain, ചില cila *(qua),* ഇവിടെ കുടിയേറ്റം ചെയ്ത ചിലർക്ക് മാത്രമേ പട്ടയം കിട്ടിയുള്ളൂ

certain, പ്രസ്തുത pRastuta *(adj),* പ്രസ്തുത കാര്യത്തിനുവേണ്ടി അയാൾ അവിടെ പോയി

certain periods of an year considered to be auspicious for cultivation, ഞാറ്റുവേല ~aaRRuveela *(nn,comp),* ഞാറ്റുവേല സമയത്ത് കൃഷിതുടങ്ങി

certainly, തീർച്ചയായും tiiRccayaayuM *(adv),* വാസു തീർച്ചയായും വരും

certainly, നിവൃത്തി nivRtti *(comp vb),* നിവൃത്തിയില്ലാത്തതുകൊണ്ട് അയാൾ ആ ശ്രമം ഉപേക്ഷിച്ചു

certificate of eligibility, യോഗ്യതാപത്രം yoogyataapatRaM *(nn,comp),* അയാൾ യോഗ്യതാപത്രം വായിച്ചു

chaff, പതിര് patirə *(nn),* നെല്ലും പതിരും വേർതിരിക്കുന്നു

chain, ചങ്ങല caṇṇla *(nn),* രവിയെ എല്ലാവരും ചേർന്ന് ചങ്ങലയ്ക്കിടുന്നു

chain, തുടലിട് tuTaliTə *(vt),* രവി പട്ടിയെ തുടലിടുന്നു

chain around the neck, മാല maala *(nn),* സീത മാല അണിയുന്നു

chain the elephant, തളയ്ക്ക് taLaykkə *(vt),* ആനയെ മരത്തിൽ തളച്ചു

chain the ghost, തളയ്ക്ക് taLaykkə *(vt),* യക്ഷിയെ പാലമരത്തിൽ തളച്ചു

chair, കസേര kaseera *(nn),* അവൻ കസേരയിൽ ഇരുന്നു

challenge, വെല്ലുവിളിക്ക് velluviLikkə *(vt),* തന്നെ ജയിക്കാൻ ആരെങ്കിലുമുണ്ടോ എന്ന് അയാൾ വെല്ലുവിളിച്ചു

chance, തരം taraM *(nn),* തരം കിട്ടിയപ്പോൾ അവൻ അതു ചെയ്തു

change, മാറ് maaRə *(vi),* എത്ര ശ്രമിച്ചിട്ടും അയാൾ മാറാൻ തയ്യാറായില്ല

change, മാറ്റം maaRRaM *(nn),* മാറ്റം എപ്പോഴും അനിവാര്യമാണ്

change, മാറ്റ് maaRRə *(vt),* അയാൾ തന്റെ സ്വഭാവം മാറ്റി

change, മാറ്റ് maaRRə *(vt),* നിയമങ്ങൾ നമ്മൾ മാറ്റുക അല്ലെങ്കിൽ നിയമങ്ങൾ നമ്മളെ മാറ്റും.

change according to time, കോലം koolaM *(nn),* കാലത്തിനനുസരിച്ച് കോലം മാറുന്നു

change of the moon, വാവ് vaavə *(nn),* വാവു ദിവസം അയാൾക്ക് അസുഖം വരുന്നു

change ones place, സ്ഥാനംമാറ്റ് sthaanaMmaaRRə *(vt),* സർക്കാർ ഉദ്യോഗസ്ഥന്മാരെ പലരേയും സ്ഥാനം മാറ്റി

change religion, മാർക്കം കൂട് *(comp vb),* അയാൾ മാർക്കം കൂടിയവനാണത്രേ

change shelter, കൂട്വിട് kuuTəviTə *(comp vb),* പക്ഷികൾ കൂടുവിട്ടു കൂടുമാറി

channel, കാന kaana *(nn),* പുഴയ്ക്കരികെ ഒരു കാന തോണ്ടി

channel, ചാൽ caal *(nn),* അച്ഛൻ വയലിലേക്ക് ഒരു പുതിയ ചാൽ കീറി

channel for draining water, ഓവ് oovə *(nn),* ഓവിലൂടെ വെള്ളം പോകുന്നില്ല

chant mantra, ഓത് ootə *(vi),* അദ്ദേഹം മന്ത്രങ്ങൾ ഓതുന്നു

chanting of vedas, ഓത്ത് oottə *(nn),* കുട്ടികളുടെ ഓത്തിന്റെ ശബ്ദം ഇവിടെ കേൾക്കാം

chapati, ചപ്പാത്തി cappaatti *(nn),* അമ്മ രാത്രിയിൽ ചപ്പാത്തി ഉണ്ടാക്കി

chapter, അധ്യായം adhyaayaM *(nn),* എട്ട് അധ്യായങ്ങൾ ആ പുസ്തകത്തിലുണ്ട്

chapter, കാണ്ഡം kaaNDaM *(nn),* രാമായണത്തിൽ പതിനെട്ട് കാണ്ഡങ്ങൾ ഉണ്ട്

character, സ്വഭാവം svabhaavaM *(nn),* അയാളുടെ സ്വഭാവം എങ്ങിനെയുള്ളതാണെന്നറിയില്ല

character in a story, കഥാപാത്രം kathapaatRaM *(nn),* ഈ നാടകത്തിലെ കഥാപാത്രങ്ങളെല്ലാം വ്യത്യസ്ത ടൈപ്പുകളാണ്

characteristic mark, ലക്ഷണം lakaNaM *(nn),* അയാൾ ഒരു ലക്ഷണം പറഞ്ഞു

charge, ചാർജ്ജ് caaRjjə *(nn),* വെള്ളത്തിനുള്ള ചാർജ്ജ് വർദ്ധിപ്പിച്ചു

chargesheet, കുറ്റപത്രം kuRRapatRaM *(nn,comp),* അയാൾ പ്രതികളെ കുറ്റപത്രം വായിച്ചു കേൾപ്പിച്ചു

chariot, തേര് teerə *(nn),* പടക്കളത്തിൽ വച്ച് കർണ്ണന്റെ തേര് തകർക്കപ്പെട്ടു

chariot, രഥം rathaM *(nn),* ശ്രീകൃഷ്ണൻ രഥത്തിൽ കയറി

chariot horse, തേർക്കുതിര teeRkkutira *(nn,comp),* തേർക്കുതിര പാഞ്ഞു

charioteer, തേരാളി teeraaLi *(nn,comp),* തേരാളി തേര് തെളിച്ചു

charioteer, സാരഥി saarathi *(nn),* കൃഷ്ണൻ അർജ്ജുനന്റെ സാരഥിയാണ്

charitable person, ദാനശീലൻ daanaSiilan *(nn,comp),* കർണ്ണൻ ദാനശീലനായിരുന്നു

charity, ദാനധർമ്മം daanadhaRMaM *(nn,comp),* ദാനധർമ്മങ്ങൾ കൊണ്ട് ആരും ദരിദ്രരായിട്ടില്ല.

charming, ആകർഷകമായ aakaR$akamaaya *(adj),* ആകർഷകമായ മുഖം പ്രസാദമുള്ളതാണ്

chase, ഓടിക്ക് ooTikkə *(vt),* അയാൾ കാളയെ ഓടിച്ചു

chaste woman, ചാരിത്ര്യവതി caaritRyavati *(nn,comp),* സാവിത്രി ചാരിത്ര്യവതിയായിരുന്നു

chastity, ചാരിത്ര്യം caaritryaM *(nn),* സീത ചാരിത്ര്യം കാത്തു സൂക്ഷിച്ചു

chatter, ചിലയ്ക്ക് cilaykkə *(vi),* പക്ഷികൾ ചിലയ്ക്കുന്നു.

cheap, വിലകുറഞ്ഞ vilakuRa~~a *(adj),* വിലകുറഞ്ഞ വസ്തുക്കൾ കൊണ്ട് നിർമ്മിച്ചതായിരുന്നു ആ വീട്

cheap liquor, പട്ട paTTa *(nn),* അയാൾ പട്ട കുടിച്ചു

cheat, ചുറ്റിക്ക് cuRRikkə *(vt),* രവിയെ രാജൻ വല്ലാതെ ചുറ്റിച്ചു

cheat, വഞ്ചിക്ക് va~cikkə *(vb),* അയാൾ എല്ലാവരെയും വഞ്ചിക്കുന്നു

cheating, കളിപ്പിക്കൽ kaLippikkal *(nn),* പറഞ്ഞു കളിപ്പിക്കൽ നടന്നിരുന്നു

cheating, ചതി cati *(nn),* രവിക്ക് ഒരു ചതി പറ്റി

check, പരിശോധിക്ക് pariSoodhikkə *(vt),* അധ്യാപകൻ എല്ലാ നോട്ടുപുസ്തകങ്ങളും പരിശോധിക്കുന്നു

cheek, കരണം kanaM *(nn),* ഒരു കരണത്തടിച്ചാൽ മറ്റേ കരണവും കാണിച്ചു കൊടുക്കുക

cheek, കന്നം kannaM *(nn),* അവൻ അയാളുടെ കന്നത്തടിച്ചു

cheek, കവിൾ kaviL *(nn),* അമ്മ കുട്ടിയുടെ കവിളിൽ ഉമ്മ വച്ചു

cheek, ചെള്ള ceLLa *(nn),* ഒരു ചെള്ളയ്ക്കടിച്ചാൽ മറ്റെ ചെള്ളയും കാണിച്ചു കൊടുക്കണം

cheek region, കവിൾത്തടം kaviLttaTaM *(nn,comp),* കുട്ടിയുടെ കവിൾത്തടത്തിൽ ഉമ്മ വച്ചു

cheerfulness, ആമോദം aamoodaM *(nn),* കുട്ടികൾ ആമോദത്തിൽ ആറാടി

cheerfulness, ഉന്മേഷം unmee$aM *(nn),* ഉന്മേഷത്തിനു വേണ്ടി ഒരു ചായ കുടിക്കാം

cheif minister of Travancore & Cochin, ദിവാൻ divaan *(nn),* അയാൾക്ക് ദിവാൻ സ്ഥാനം കിട്ടി

cheque, ചെക്ക് cekkə *(nn),* മാനേജർ ക്ലാർക്കിനെ ചെക്ക് ഏൽപ്പിച്ചു

chess (game of gambling), ചൂത് cuutə *(nn),* ദുര്യോധനൻ ചൂതിൽ ജയിച്ചു

chest, ചങ്ക് caŋkə *(nn),* ഞാൻ അവന്റെ ചങ്കിനു പിടിച്ചു

chest, നെഞ്ച് ne~cə *(nn),* എന്റെ നെഞ്ചിലാണ് അവൻ കുത്തിയത്

chest, നെഞ്ച് ne~cə *(nn),* നെഞ്ചിൽ ആഴത്തിൽ മുറിവു പറ്റി

chest, മാറിടം maaRiTaM *(nn),* മാറിടത്തിൽ ചേർന്ന് കുട്ടി ഉറങ്ങി

chest, മാറ് maaRə *(nn),* തന്റെ കുട്ടിയുടെ മരണം കണ്ടു മാറത്തടിച്ചു നിലവിളിച്ചു

chest, വക്ഷസ്സ് vak$assə *(nn),* അയാളുടെ വക്ഷസ്സിൽ അവൾ ചാഞ്ഞു

chew, ചവയ്ക്കുക cavaykkuka *(vi),* രാജേഷിന് എപ്പോഴും

എന്തെങ്കിലും ചവച്ചുകൊണ്ടിരിക്കണം

chew pan without tobacco, മൂന്നുംകൂട്ട് muunnuMkuuTTə *(comp vb),* മൂന്നുംകൂട്ടി അയാൾ മുറുക്കി

chewing materials (combination of soda lime betal leaf arecanut and tobacoo), മുറുക്കാൻ muRukkaan *(nn),* അയാൾ മുറുക്കാൻ ചവയ്ക്കുന്നു

chicken, കോഴിക്കുഞ്ഞ് kooZikku~~ə *(nn),* കോഴിക്കുഞ്ഞിനെ പരുന്ത് റാഞ്ചുന്നു

chief carpenter, പെരുന്തച്ചൻ peruntacchan *(nn),* പെരുന്തച്ചൻ മകനോട് തോറ്റു

chief minister, മുഖ്യമന്ത്രി mukhyamantRi *(nn,comp),* മുഖ്യമന്ത്രി ചികിൽസക്കുവേണ്ടി അമേരിക്കയിൽ പോയി

child, കുട്ടി kuTTi *(nn),* കുട്ടി പൊട്ടിക്കരഞ്ഞു

child, കൊച്ച് koccə *(nn),* അമ്മ തന്റെ കൊച്ചിനേയുമെടുത്തു കൊണ്ട് നടന്നു

child birth, ഈറ്റ് iiRRə *(nn),* ഈറ്റ് കഴിഞ്ഞ് അമ്മ മടങ്ങിവന്നു

child birth, പേറ് peeRə *(nn),* വയിറ്റാട്ടി പേറെടുത്തു

child hood, കുട്ടിക്കാലം kuTTikkaalaM *(nn),* കുട്ടിക്കാലം എത്ര സുന്ദരമായിരുന്നു

childhood, ബാല്യം baalyaM *(nn),* ജീവിതത്തിലെ ഏറ്റവും നല്ല ഘട്ടമാണ് ബാല്യം

childhood, ശൈശവം SaiSavaM *(nn),* ശൈശവത്തിൽ തന്നെ അവൻ അനാഥനായി

childish, ബാലിശ baaliSa *(adj),* ബാലിശമായ ചില സംശയങ്ങൾ അവൻ എപ്പോഴും ചോദിക്കും

childishness, കുട്ടിത്തം kuTTittaM *(nn),* കുട്ടിത്തം വിട്ടുമാറാത്ത സ്വഭാവമാണവന്റേത്

childishness, ബാലിശത baaliSata *(nn),* അവന്റെ ബാലിശത എല്ലാവരും കളിയാക്കി

children, മക്കൾ makkaL *(nn),* അയാളുടെ മക്കളെല്ലാം നല്ല നിലയിലാണ്

children`s disease, കണ kaNa *(nn),* കുട്ടിക്ക് കണ ബാധിച്ചു

child's prattle, കൊച്ചുവാക്ക് koccuvaakkə *(nn),* അവൻ എപ്പോഴും കൊച്ചുവാക്കുകൾ പറയുന്നു

chilly, മുളക് muLakə *(nn),* ആ കടയിൽ മുളക് വാങ്ങാൻ കിട്ടും

chilly western wind, കോടക്കാറ്റ് kooTakkaaRRə

(nn,comp), കോടക്കാറ്റുള്ള ഈ സമയത്ത് ഞങ്ങൾ തണുപ്പത്തിരുന്നു

chimney, പുകക്കുഴൽ pukakkuZal *(nn),* പുകക്കുഴലിലൂടെ പുകവരുന്നു

chimney sparrow, തൂക്കനാംകുരുവി tuukkanaaMkuruvi *(nn,comp),* തൂക്കനാംകുരുവി കൂടുവച്ചു

chin, താടി taaTi *(nn),* രാധ താടിക്ക് കൈകൊടുത്ത് ഇരുന്നു

china pottery, പിഞ്ഞാണം pi~~aaNaM *(nn),* ചൈന പിഞ്ഞാണംകൊണ്ടു അനവധി കാഴ്ച വസ്തുക്കൾ നിർമ്മിക്കുന്നു

chinese, ചീനക്കാരൻ ciinakkaaran *(nn,comp),* ലീ പെങ് ഒരു ചീനക്കാരനാണ്

chipping, ചെത്തൽ cettal *(nn),* മരം ചെത്തൽ അവസാനിപ്പിക്കാൻ വിദ്യാർഥികൾ ആവശ്യപ്പെട്ടു

chips or vegetables fried in oil, ഉപ്പേരി uppeeri *(nn),* അമ്മ ഉപ്പേരി വറുത്തു

chirp, ചിലയ്ക്ക് cilaykkə *(vb),* പക്ഷികൾ ചിലക്കുന്നത് അയാൾ കേട്ടു

chirping of birds, ചിലപ്പ് cilappə *(nn),* പക്ഷികളുടെ ചിലപ്പ് ഇവിടെ കേൾക്കാം

chisel, ഉളി uLe *(nn),* ആശാരി ഉളികൊണ്ട് ജോലി ചെയ്യുന്നു.

chisel for grinding stone or granite, കല്ലുളി kalluLi *(nn,comp),* കല്ലാശാരി കല്ലുളികൊണ്ട് കല്ലു ചെത്തി

chit, ചിട്ടി ciTTi *(nn),* ജയശ്രി ഒരു ചിട്ടിയിൽ ചേർന്നു

chit, ചീട്ട് ciiTTə *(nn),* രവി ഒരു ചീട്ടെഴുതി കൊടുത്തു

chit plan, കുറി kuRi *(nn),* ഞാൻ ചിട്ടിയുടെ ഒരു കുറിയെടുത്തു

choke up, തടയ് taTayə *(vt),* അയാൾക്കു വായുതടസ്സം ഉണ്ടായി

cholera, കോളറ kooLaRa *(nn),* ഗ്രാമത്തിൽ കോളറ പടർന്നു പിടിക്കുന്നു

cholera, ഛർദ്ദ്യതിസാരം chaRddyatisaaraM *(nn,comp),* ഛർദ്ദ്യാതിസാരത്തിന് മരുന്നു കഴിച്ച് രോഗി സുഖപ്പെട്ടു

cholera, വിഷൂചിക vi$uucika *(nn),* വിഷൂചിക ബാധിച്ച് കുറേകുട്ടികൾ മരിച്ചു

choose, വരിക്ക് varikkə *(vt),* അവൾ അയാളെ വരിച്ചു

chopper, കൊടുവാൾ koTuvaaL *(nn),* അനിൽ കൊടുവാൾകൊണ്ട് വിറകുവെട്ടി

christ, മിശിഹ miSiha *(nn),* മിശിഹയുടെ ഉയിർത്തെഴുന്നേൽപ്പിനെ

ആദരിച്ചു കൊണ്ടു ക്രിസ്ത്യാനികൾ ഈസ്റ്റർ ആഘോഷിക്കുന്നു

Christain, നസ്രാണി nasRaaNi *(nn),* അയാൾ ഒരു നസ്രാണിയാണ്

christian, ക്രിസ്ത്യാനി kRistyaani *(nn),* പോൾ ഒരു ക്രിസ്ത്യാനിയാണ്

christian era (A.D), ക്രിസ്തുവർഷം kRistuvaR$aM *(nn,comp),* ക്രിസ്തുവർഷം ഏഴാം നൂറ്റാണ്ടിൽ സഞ്ചാരികൾ ഇന്ത്യയിൽ വന്നു

christian festival in common, ഓശാന ooSaana *(nn),* ഓശാനപ്പെരുന്നാളിന് പള്ളിയിൽ പോയി

christian priest, കത്തനാർ kattanaaR *(nn),* കത്തനാർ വന്നില്ല, പ്രാർത്ഥന മുടങ്ങി

Christian priest, പട്ടക്കാരൻ paTTakkaaran *(nn,comp),* പട്ടക്കാരൻ കുറെ ഉപദേശങ്ങൾ നല്കി

christians or Muslims when addressed by others, മാപ്പിള maappiLa *(nn),* അന്തോണി മാപ്പിളയുടെ കടയിൽ നിന്നും സാധനങ്ങൾ വാങ്ങി

chronic fever, ജീർണ്ണജ്വരം jiiRNNajvaraM *(nn,comp),* രവിക്ക് ജീർണ്ണജ്വരം ഉണ്ട്

chronological order, കാലാനുക്രമം kaalaanukRamaM *(nn,comp),* രാഷ്ട്രപതിമാരുടെ കാലാനുക്രമമായ പട്ടിക തരൂ

church, പള്ളി paLLi *(nn),* ക്രിസ്ത്യാനികളുടെ പള്ളിയിൽ പ്രാർത്ഥനാഗീതം പാടുന്നു

churn, കടയ് kaTayə *(vt),* അമ്മ തൈര് കടയുന്നു

churn, മഥിക്ക് mathikkə *(vt),* അയാളെ പ്രശ്നങ്ങൾ വല്ലാതെ മഥിച്ചു

churn out a vessel, കടയ് kaTayə *(vt),* അയാൾ പാത്രം കടഞ്ഞെടുക്കുന്നു

churning pot, തൈർക്കലം taiRkkalaM *(nn,comp),* അമ്മ തൈർക്കലം തുറന്നു

churning stick, മത്ത് mattə *(nn),* അമ്മ മത്തുകൊണ്ട് തൈരു കടഞ്ഞു

cigar, ചുരുട്ട് curuTTə *(nn),* ഗോവിന്ദൻ ഒരു ചുരുട്ടു വാങ്ങി വലിച്ചു

cinema, പടം paTaM *(nn),* മമ്മൂട്ടി ആ പടത്തിൽ അഭിനയിച്ചു

cinnamon, കറുവാ kaRuvaa *(nn),* ഞാൻ കറുവാ മരത്തിൽ കയറി

circle, വട്ടം vaTTaM *(nn),* പോലീസുകാരൻ ആ വട്ടത്തിൽ നിന്നു

circle, വൃത്തം vRəttaM *(nn),* ബോർഡിൽ ചോക്കുകൊണ്ട് ഒരു വൃത്തം വരച്ചു

circular, ചാക്രികമായ caakRikamaaya *(adj),* ഋതുക്കൾ കാലത്തിന്റെ ചാക്രികമായ ആവർത്തനമാണ്

circumambulate, ചുറ്റിത്തിരിയ് cuRRittiriyə *(nn,comp),* ചക്കിൽ കാള ചുറ്റിത്തിരിയുന്നു

circumambulate, പ്രദക്ഷിണംവയ്ക്ക് pRak$iNaMvykkə *(comp vb),* അവർ ക്ഷേത്രത്തെ പ്രദക്ഷിണം വയ്ക്കുന്നു

circumambulation, പ്രദക്ഷിണം pRadak$iNaM *(nn),* അവൾ ക്ഷേത്രത്തെ പ്രദക്ഷിണം വച്ചു

circumcision, സുന്നത്ത് sunnattə *(nn),* മുസ്ലീം കുട്ടികൾക്ക് സുന്നത്ത് നടത്താറുണ്ട്

circumference, ചുറ്റളവ് cuRRaLavə *(nn,comp),* ഈ സ്ഥലത്തിന്റെ ചുറ്റളവ് എത്രയാണ്

circumstance, സാഹചര്യം saahacaryaM *(nn),* അയാൾ സാഹചര്യത്തിനനുസരിച്ച് നീങ്ങുന്നു

citizen, പൌരൻ pauran *(nn),* പൌരന് ചില കടമകളുണ്ട്

citizenship, പൌരത്വം pauratvaM *(nn),* പൌരത്വം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് വേണം

city, നഗരം nagaraM *(nn),* നഗരം പരിപൂർണ്ണം നിശ്ശബ്ദമായി

city dweller, നഗരവാസി nagaravaasi *(nn,comp),* നഗരവാസികൾക്ക് മനുഷ്യബന്ധങ്ങൾ കുറവാണ്

city dweller, നാഗരികൻ naagarikan *(nn),* അയാൾ ഒരു നാഗരികനാണ്

civilization, നാഗരികത naagarikata *(nn),* നാഗരികത ഉടലെടുത്തത് ഈജിപ്തിലാണത്രേ

clam, പ്രശാന്ത pRaSaanta *(adj),* പ്രശാന്തമായ ഒരു കാലാവസ്ഥയാണിത്

clamour, ഒച്ചപ്പാട് occappaaTə *(nn),* അയാൾ ഭയങ്കരമായ ഒച്ചപ്പാട് ഉണ്ടാക്കി

clan, ഗോത്രം gootRaM *(nn),* ഗോത്രത്തിന്റെ തലവൻ രവിയോട് സംസാരിച്ചു

clap, കൈകൊട്ട് kaikoTTə *(comp vb),* കുട്ടികൾ ഉച്ചത്തിൽ കൈകൊട്ടി

clasp the hand together, കൈകോർത്തുപിടിക്ക് kaikooRttəpiTikkə *(comp vb),* നവമിഥുനങ്ങൾ കൈകോർത്തു പിടിച്ച് നടന്നു

class mate, സഹപാഠി sahapaaThi *(nn),* അയാൾ എന്റെ സഹപാഠിയാണ്

clay, കളിമണ്ണ് kaLimaNNə *(nn),* ശില്പി കളിമണ്ണുകൊണ്ട് ശില്പമുണ്ടാക്കി

clean, മിനുക്ക് minukkə *(vt),* അമ്മ വീടെല്ലാം തൂത്തുമിനുക്കുന്നു

clean, വൃത്തിയുള്ള vRəttiyuLLa *(adj),* ആ വീട് വളരെ വൃത്തിയുള്ളതായിരുന്നു

cleaning, വൃത്തിയാക്കൽ vRəttiyaaKKal *(nn),* രാവിലെ തന്നെ വീടു മുഴുവൻ വൃത്തിയാക്കൽ കഴിഞ്ഞു

clear, തെളിഞ്ഞ teLi~~a *(adj),* തെളിഞ്ഞ വെള്ളത്തിൽ മീൻ പിടിച്ചു

clear, പ്രകട pRakaTa *(adj),* പ്രകടമായ വ്യത്യാസങ്ങൾ കണ്ടുതുടങ്ങിയിരിക്കുന്നു

clear, വ്യക്തമായ vyaktamaaya *(adj),* വ്യക്തമായ തെളിവുകൾ ഇല്ലാത്തതുകൊണ്ട് കേസ് തള്ളിക്കളഞ്ഞു

clear, സ്ഫുട sphuTa *(adj),* വളരെ സ്ഫുടമായ കൈയ്യക്ഷരത്തിൽ എഴുതി വച്ചു

clear water, തെളിനീർ teLiniiR *(nn,comp),* തെളിനീർ കലങ്ങി

clearness, തൂമ tuma *(nn),* തൂമയുള്ള മുഖമായിരുന്നു കുട്ടിയുടേത്

clearness, തെണ്മ teNma *(nn),* നല്ല തെണ്മയുള്ള വെള്ളമാണിത്

clearness, തെളി teLi *(nn,adj),* നല്ല തെളിവെള്ളം കുടിച്ചു

clearness, തെളിമ teLima *(nn),* നല്ല തെളിമയുള്ള വെള്ളം കൂജയിലെടുക്കൂ

clerk, ക്ലാർക്ക് klaaRkkə *(nn),* രവീന്ദ്രൻ ഒരു ക്ലാർക്കായിരുന്നു

clerk, ഗുമസ്തൻ gumsətan *(nn),* ഗുമസ്തൻ അതുവഴി കടന്നുപോയി

clever and expert person, കൌശലക്കാരൻ kauSalakkaaran *(nn),* രാജൻ ഒരു കൌശലക്കാരനാണ്

clever person, മിടുക്കൻ miTukkan *(nn),* അവൻ നല്ല മിടുക്കനാണ്

cleverness, ചാതുര്യം caaturyaM *(nn),* അശോക് തന്റെ ശില്പചാതുര്യം വെളിപ്പെടുത്തി

cleverness, യുക്തി yukti *(nn),* അയാൾ യുക്തിപൂർവ്വം മറുപടി പറഞ്ഞു

climb, കയറ് kayaRə *(vi),* കള്ളൻ തെങ്ങിൽ കയറി

climb up, പടർ paTarə *(vi),* മുല്ലവള്ളികൾ മുകളിലേയ്ക്കു പടർന്നു കയറി

climbing (ascension), കേറ്റം keeRRaM *(nn),* ഒരു കേറ്റം ഉണ്ടായാൽ ഇറക്കവും ഉണ്ടാകും

climbing plant (bryonia grandis), കോവക്കായ് koovakkaayə *(nn),* ഞാൻ കോവയ്ക്കായ് കൊണ്ടൊരു കറി വച്ചു

clip, ചെത്ത് cettə *(vt),* രാമൻ മരം ചെത്തുന്നു

cloak, മേലങ്കി meelaŋki *(nn),* അയാൾ മേലങ്കി അണിഞ്ഞു

clock, ഘടികാരം ghaTikaaraM *(nn),* ഘടികാരം പന്ത്രണ്ടു പ്രാവശ്യം ശബ്ദിച്ചു

clock, നാഴികമണി naaZikamaNi *(nn),* നാഴികമണി ആറടിച്ചു

clod of earth, മൺകട്ട maNkaTTa *(nn,comp),* മൺകട്ട കൊണ്ട് ഉണ്ടാക്കിയ വീടാണത്

close, അടയ്ക്ക് aTaykkə *(vt),* വാതിൽ അടയ്ക്കൂ.

close, ഉറ്റ uRRa *(adj),* അയാൾ എന്റെ ഉറ്റ സ്നേഹിതനായിരുന്നു

close down, അടച്ചുപൂട്ട് aTaccupuuTTə *(vt),* അയാൾ വീട് അടച്ചു പൂട്ടി

close proximity, തോളുരുമ്മി tooLurummi *(adv),* അവർ തോളോടുതോളുരുമ്മി നടക്കുന്നു

close with hands, പൊത്തി potti *(vt),* അവൾ ആ ദൃശ്യം കണ്ട് കണ്ണു പൊത്തി

closeness, ഇഴുകൽ iZukal *(nn),* അവളുടെ അവനുമായുള്ള ഇഴുകൽ അത്ര നന്നല്ല

closeness, മുറുക്കം muRukkaM *(nn),* അവരുടെ ബന്ധം കൂടുതൽ മുറുക്കത്തിലായി

closing benedictory stanza in classical drama, ഭരതവാക്യം bharatavaakyaM *(comp nn),* അങ്ങിനെ നാടകത്തിന്റെ ഭരതവാക്യമായി

closing of the eyes lightly, ചാമ്പൽ caambal *(nn),* രാധയുടെ കണ്ണിന്റെ ചാമ്പൽ ഭംഗിയുള്ളതായിരുന്നു

cloth, തുകിൽ tukil *(nn),* രാധ തുകിൽ ധരിച്ചു

cloth, തുണി tuNi *(nn),* രാധ തുണി വാങ്ങി

cloth, വസ്ത്രം vastRaM *(nn),* അവൾ വസ്ത്രം ധരിക്കുന്നു

cloth line, അയ aya *(nn),* തുണികൾ അയയിൽ ഇടൂ

cloth made of the bark of the tree, വൽക്കലം valkkalaM *(nn),* മുനി വൽക്കലണിഞ്ഞു

cloth of the flag, കൊടിക്കൂറ koTikkuuRa *(nn,comp),* ഭാരതത്തിന്റെ കൊടിക്കൂറ പാറിക്കളിക്കുന്നു

cloth worn round the waist, ധോത്തി dootti *(nn),* അയാൾ ധോത്തി ധരിച്ചു

cloud, കാർ kaaR *(nn),* മാനത്ത് കാറുണ്ട്

cloud, കൊണ്ടൽ koNTal *(nn),* മാനത്ത് കൊണ്ടൽ നിറഞ്ഞിരിക്കുന്നു

cloud, മുകിൽ mukil *(nn),* മാനത്ത് മുകിൽ നിറഞ്ഞു

cloud, മേഘം meeghaM *(nn),* മഴ വന്നപ്പോൾ കാർമേഘങ്ങൾ വന്നു കൂടി

cloudiness, മേഘാവൃതം meeghavRtaM *(nn),* അന്തരീക്ഷം വല്ലാതെ മേഘാവൃതമായിരിക്കുന്നു

clove, ലവംഗം lavaŋgaM *(nn),* ബിരിയാണിയിൽ ലവംഗം ചേർത്തു

club, ക്ലബ്ബ് klabbə *(nn),* രവി ഇന്നലെ ക്ലബ്ബിൽ പോയി

club, ഗദ gada *(nn),* ഭീമൻ ഗദകൊണ്ട് ദുര്യോധനനെ അടിച്ചു

clue, തുമ്പ് tumbə *(nn),* കേസിന്റെ തുമ്പ് കിട്ടിയില്ല

clum of plantain yam etc, തട taTa *(nn),* വാഴയുടെ തട വെട്ടിയെടുത്തു

cluster beans, ചീനിയമരയ്ക്ക ciiniyamarayəkka *(nn,comp),* ചീനിയമരയ്ക്ക അച്ഛന് ഇഷ്ടമാണ്

cluster of bamboo growing together, ഇല്ലി illi *(nn),* ഇല്ലിക്കാടുകൾ പൂത്തു

co, സഹ saha *(adj,pfx),* സഹമന്ത്രിമാരോട് മുഖ്യൻ അഭിപ്രായം ചോദിച്ചു

coal, കൽക്കരി kalkkari *(nn),* കൽക്കരി ഉപയോഗിക്കുന്ന തീവണ്ടികൾ ഇപ്പോൾ കുറവാണ്

coarse, പരുപരുത്ത paruparutta *(adj),* ചുവരിന്റെ പ്രതലം പരുപരുത്തതായിരുന്നു

coat, കോട്ട് kooTTə *(nn),* ടോം കോട്ട് ഇടാറുണ്ട്

cob web, ചുക്കിലി cukkili *(nn),* രാധ ചുക്കിലി അടിച്ചുകളഞ്ഞു

cock, പൂവൻകോഴി puuvankooZi *(nn),* പൂവൻ കോഴിക്ക് പൂവുണ്ട്

cock fight, കോഴിപ്പോര് kooZipporə *(nn,comp),* ഞങ്ങൾ കോഴിപ്പോരു കാണാൻ പോയി

cock or hen, കോഴി kooZi *(nn),* ഞങ്ങൾക്ക് ധാരാളം കോഴികളുണ്ട്

cockroach, കൂറ kuuRa *(nn),* വീടുനിറയെ കൂറകളായിരുന്നു

cock's comb, താട taaTa *(nn),* കോഴി താട കുലുക്കി വരുന്നു

cocoatan american tree, കൊക്കോ kokkoo *(nn),* എല്ലാവരും കൊക്കോ വെട്ടി നശിപ്പിച്ചുകളഞ്ഞു

coconut, കേരം keeraM *(nn),* കേരം നിറഞ്ഞ കേരളം

coconut, തേങ്ങ teeŋŋa *(nn),* തേങ്ങയ്ക്ക് വില കൂടി

coconut, നാളികേരം naaLikeeraM *(nn),* നാളികേരം കേരളത്തിൽ സുലഭമാണ്

coconut fibre, ചകിരി cakiri *(nn),* ചകിരി കൊണ്ട് കയറുണ്ടാക്കുന്നു

coconut fruit formed after flowering, കൊച്ചങ്ങ (മച്ചിങ്ങ koccaŋŋa (macciŋŋa) *(nn),* തെങ്ങിൽ നിന്ന് ഒരു കൊച്ചങ്ങ വീണു

coconut grove, തെങ്ങിന്തോപ്പ് teŋŋintooppə *(nn,comp),* മാധവൻ തെങ്ങിൻ തോപ്പു വിലയ്ക്കുവാങ്ങി

coconut kernel (scraped out from the shell), തേങ്ങാപ്പീര teeŋŋaappiira *(nn,comp),* അമ്മ തേങ്ങപ്പീര എടുത്തു

coconut leaf, ഓല oola *(nn),* ഓല കൊണ്ട് വീട് മേഞ്ഞു

coconut leaf, തെങ്ങോല teŋŋoola *(nn,comp),* തെങ്ങോലയിൽ അണ്ണാൻ ഓടി കളിച്ചു

coconut leaf, പട്ട paTTa *(nn),* തേങ്ങാവെട്ടുകാരൻ തെങ്ങിന്റെ പട്ട എടുത്തു മാറ്റി

coconut milk, തേങ്ങാപ്പാൽ teeŋŋaappaal *(nn,comp),* പായസത്തിനു തേങ്ങാപ്പാൽ ഉപയോഗിച്ചു

coconut oil, തേങ്ങാഎണ്ണ teeŋŋaayeNNa *(nn,comp),* തേങ്ങാഎണ്ണയ്ക്ക് വില കൂടുതലാണ്

coconut oilcake, തേങ്ങാപ്പിണ്ണാക്ക് teeŋŋaappiNNakkə *(nn,comp),* തേങ്ങാപ്പിണ്ണാക്ക് പശുവിന് കൊടുത്തു

coconut palm leaf with midrib, മടൽ maTal *(nn),* തെങ്ങിന്റെ മടൽ തീ കത്തിക്കാൻ ഉപയോഗിക്കുന്നു

coconut palm rot disease, തെങ്ങുരോഗം teŋŋuroogaM *(nn,comp),* തെങ്ങുരോഗം കാരണം തെങ്ങ് ഉണങ്ങിപ്പോയി

coconut scraper, ചിരവ cirava *(nn),* അമ്മ ചിരവ കൊണ്ട് തേങ്ങ ചിരകുന്നു

coconut shell, ചിരട്ട ciraTTa *(nn),* ചിരട്ടകൊണ്ട് മനോഹരമായ ശില്പങ്ങളുണ്ടാക്കാം

coconut tree, തെങ്ങ് teŋŋə *(nn),* തെങ്ങ് കല്പവൃക്ഷമാണ്

coconut tree bearing red coloured coconuts, ചെന്തെങ്ങ് centeŋŋə *(n, comn),* ചെന്തെങ്ങിൽ കുല വിരിഞ്ഞു

cocoon, കുക്കൂൺ kukkuuN *(nn),* കുക്കൂൺ ചിത്രശലഭങ്ങളുടെ സമാധിദശയാണ്

code of ethics propounded by Manu, ധർമ്മസംഹിത dhaRmmasaMhita *(nn,comp),* അവർ ധർമ്മസംഹിതകൾ അനുസ്മരിച്ചു

codify, ക്രോഡീകരിക്ക് kRooDiikarikkə *(vt),* സുപ്രീം കോടതി വിവാഹനിയമങ്ങൾ ക്രോഡീകരിച്ചു

co-existence, സഹവർത്തിത്വം sahavaRttitvaM *(nn),* ജനങ്ങൾ സഹവർത്തിത്വത്തിന് പഠിക്കണം

coffee, കാപ്പി kaappi *(nn),* ഞാൻ കാപ്പി കുടിക്കുന്നു

coin, തുട്ട് tuTTə *(nn),* മധു തുട്ട് കളഞ്ഞു

coin, നാണയം naaNayaM *(nn),* അവർ നാണയം സൂക്ഷിച്ചു വച്ചു

coin, നാണ്യം naaNyaM *(nn),* രാജ്യത്ത് നാണ്യം കുറഞ്ഞു

coir, ചൂടി cuuTi *(nn),* അമ്മ ചൂടികൊണ്ട് കെട്ടി

cold, കുളിർ kuLiR *(nn),* ഈ കുളിരിൽ ഇവിടെയിരിക്കാൻ നല്ല സുഖം

cold, ജലദോഷം jaladhoo$aM *(nn,comp),* രവിക്ക് ഇന്നലെ ജലദോഷമായിരുന്നു

cold, തണുത്ത taNutta *(adj),* തണുത്ത ഒരു പ്രഭാതത്തിലാണ് അയാൾ വന്നത്

cold, തണുപ്പ് taNuppə *(nn),* ഇന്നും രാവിലെ നല്ല തണുപ്പുണ്ടായിരുന്നു

cold water, കുളിർനീര് kuLiRniirə *(nn,comp),* അവൻ കുളിർ നീര് കോരിയെടുത്തു

cold water, പച്ചവെള്ളം paccaveLLaM *(nn,comp),* അയാൾ പച്ചവെള്ളം കുടിച്ചു

coldness, കുളിർമ്മ kuLiRmma *(nn),* ഈ മഞ്ഞിന്റെ കുളിർമ്മയിൽ ഞങ്ങളിരുന്നു

collaborate, ഏകോപിക്ക് eekoopikkə *(vt),* രണ്ടു സംഘടനകൾ ഏകോപിച്ച് നടത്തിയതാണ് ആ പരിപാടി

collapse, തകർച്ച takaRcca *(nn),* തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുന്ന വ്യവസായങ്ങളെ സംരക്ഷിക്കണം

collar, കോളർ kooLaR *(nn),* ഷർട്ടിന്റെ കോളർ മടങ്ങിയിരിക്കുന്നു

collect, സ്വരൂപിക്ക് svaruupikkə *(vt),* അയാൾ പണം സ്വരൂപിക്കുന്നു

collect with both hands, വാര് vaarə *(vt),* അയാൾ ആ മണ്ണു വാരി

collection, വസൂൽ vasuul *(nn),* അയാൾ എല്ലാം വസൂലാക്കി

collection of poetry, കവിതാസമാഹാരം kavitaasamaahaaraM *(comp n),* കവി ഒരു കവിതാസമാഹാരം പുറത്തിറക്കി

collective farming, കൂട്ടുകൃഷി kuuTTukR$i *(nn,comp),* ഞങ്ങൾ ഒരു കൂട്ടുകൃഷി നടത്തി

college, കോളേജ് kooLeejə *(nn),* കുട്ടികൾ കോളേജിൽ പോകുന്നു

collide with, കൂട്ടിയിടിക്ക് kuuTTiyiTikkə *(vt),* രണ്ടു വാഹനങ്ങൾ തമ്മിൽ കൂട്ടിയിടിച്ചു

colloquial language based on various social factors, ഗ്രാമ്യം gRaamyaM *(nn),* രാജൻ ഗ്രാമ്യമായ ചില പദങ്ങൾ പറഞ്ഞു

collyrium of eye, കണ്ണെഴുത് kaNNaZutə *(comp vb),* അവൾ കണ്ണെഴുതി,പൊട്ടുതൊട്ടു

colocasia, ചേമ്പ് ceembə *(nn),* തൊടിയിൽ ചേമ്പു വളരുന്നു

colour, നിറം niRaM *(nn),* വിവിധ നിറത്തിലുള്ള വസ്ത്രങ്ങൾ കണ്ടു

colour, വർണ്ണം vaRNNaM *(nn),* വർണ്ണത്തിന്റെ പേരിൽ ജനങ്ങൾ തമ്മിൽ പൊരുതാൻ പാടില്ല

colour decoration on the face of the kathakali artist, ചുട്ടി cuTTi *(nn),* കഥകളിക്കാരന്റെ മുഖത്ത് ചുട്ടി കുത്തി

colour of smoke, ധൂമ്രവർണ്ണം dhuumabvaRNNaM *(nn,comp),* ധൂമ്രവർണ്ണത്തിലുള്ള ഒരു പുതപ്പ്

colourful, നിറപ്പൊലിമ niRappolima *(nn,comp),* നിറപ്പൊലിമയുള്ള ഒരുഘോഷമായിരുന്നു അത്

column, കള്ളി kaLLi *(nn),* പത്രത്തിൽ ഒരു കള്ളിയിലാണ് ആ വാർത്ത വന്നത്

comb, ചീപ്പ് ciippə *(nn),* അരവിന്ദ് ചീപ്പുകൊണ്ട് തലചീകി

comb, ചീർപ്പ് ciiRppə *(nn),* ചീർപ്പുകൊണ്ട് അവൾ തല ചീകി

comb hair, കോത് kootə *(vi),* രാധ മുടി കോതുന്നു

comb hair, ചീക് ciikə *(vi),* രാധ തല ചീകുന്നു

comb the hair into both sides, വകിര് vakirə *(vt),* അവൾ മുടി വകിരുന്നു

come, വര് varə *(vi),* അയാൾ നാളെ വരുന്നു

come, വാ vaa *(in),* അയാൾ വാ എന്നു വിളിച്ചു

come in to effect, പ്രാബല്യത്തിൽവര് pRaabalyattil *(vi),* ഇന്നു മുതൽ പെട്രോൾ വില കൂടിയത് പ്രാബല്യത്തിൽ വന്നു

come into being, ഉളവാക് uLavaakə *(vi),* അയാളുടെ പ്രവൃത്തി അറപ്പുളവാക്കുന്നതായിരുന്നു

come late, നേരംവൈക് neeraMvaikə *(comp vb),* ഇപ്പോൾ നേരം വൈകിയിട്ടും അവൾ എത്തിയില്ല

come out, പുറത്തുവര് puRattuvarə *(vi),* സ്ക്കൂൾ വിട്ടതോടെ കുട്ടികൾ പുറത്തു വന്നു

come to an end, ഒടുങ്ങ് oTuŋŋə *(vi),* യുദ്ധം ഒടുവിൽ ഒടുങ്ങി

come to effect, നടപ്പാക് naTappaakə *(comp vb),* പുതിയ നിയമം ഇവിടെ നടപ്പാക്കി

come to end, കലാശിക്ക് kalaaSikkə *(vb),* എല്ലാം സമാധാനപരമായി കലാശിച്ചു

come to existence, ഉണ്ടാക് uNTaakə *(vi),* അഗ്നിപർവതം പൊട്ടിത്തെറിച്ചതു കാരണം കടലിൽ ഒരു ദ്വീപ് ഉണ്ടായി

come with, പോര് poorə *(vi),* അവൾ അവന്റെ കൂടെ പോരുന്നു

comet, ധൂമകേതു dhuumakeetu *(nn,comp),* ഒരു ധൂമകേതു അന്തരീക്ഷത്തിൽ കാണപ്പെട്ടു

comfortable, സുഖപ്രദമായ sukhapRadamaaya *(adj),* ഗ്രാമജീവിതം സുഖപ്രദമായതാണ്

command, കൽപ്പന kalppana *(nn),* രാജാവ് കല്പന പുറപ്പെടുവിച്ചു

command, വരുതി varuti *(nn),* അയാൾ അവളുടെ വരുതിയിൽ നിന്നു

command of god, ദേവകല്പന deevakalpana *(nn,comp),* മോശ ദേവകല്പന സ്വീകരിച്ചു

command of god, ദൈവപ്രമാണം daivapRamaaNaM *(nn,comp),* ദൈവപ്രമാണങ്ങൾ അയാൾ അനുസ്മരിച്ചു

commander of an army, പടനായകൻ paTanaayakan *(nn,comp),* ഇരവിക്കുട്ടിപ്പിള്ള ആയിരുന്നു യുദ്ധത്തിൽ പടനായകൻ

commentary, ടിപ്പണി TippaNi *(nn),* പഴയ ഗ്രന്ഥത്തിന് രഘു ടിപ്പണി തയ്യാറാക്കി

commentary, ടീക Tiika *(nn),* മധു ഒരു പുസ്തകത്തിനു ടീക തയ്യാറാക്കി

commentary, ഭാഷ്യം bhaa$yaM *(nn),* അയാൾ ആ കൃതിക്ക് ഒരു ഭാഷ്യം രചിച്ചു

commentator, ടീകാകാരൻ Tiikaakaaran *(nn,comp),* ടീകാകാരൻ കൃതിക്ക് ചില പുതിയ മാനങ്ങൾ നൽകി

commerce, വാണിയം vaaNiyaM *(nn),* അയാൾക്ക് വാണിയ ജോലിയായിരുന്നു

commissioner with full powers, മുക്തിയാർ muktiyaaR *(nn),* അയാൾ ഒരു മുക്തിയാറാണ്

commit suicide, കുത്തിച്ചാക് kutticaakə *(comp vb),* അയാൾ സ്വയം കുത്തിച്ചത്തു

commit suicide by hanging, കെട്ടിഞാന്ന് keTTi~~aannə *(vb, comn),* പ്രകാശ് കെട്ടിഞാന്നിച്ചത്തു

common, സാമാന്യ saamaanya *(adj),* അദ്ദേഹം സാമാന്യ ജനങ്ങൾക്കിടയിൽ ജീവിക്കുന്നു

common folk, ബഹുജനം bahujanaM *(nn),* ബഹുജനം പലവിധം

common gum tree, വട്ട vaTTa *(nn),* പറമ്പിൽ ഒരു വട്ടമരം നിൽക്കുന്നു

common name for letters gha jha dha bha aspirated voiced stops, ഘോഷം ghoo$aM *(nn),* ഘ ഒരു ഘോഷശബ്ദമാണ്

common road, നാട്ടുവഴി naaTTuvaaZi *(nn,comp),* നാട്ടുവഴിയിലൂടെ ഞങ്ങൾ നടന്നു

common salt, കറിയുപ്പ് kaRiyuppə *(nn,comp),* കറിയുപ്പ് വെള്ളത്തിൽ അലിഞ്ഞുപോയി

commotion, കശപിശ kaSapiSa *(nn),* അവർ തമ്മിൽ എപ്പോഴും കശപിശകൂടുന്നു

communalism, വർഗ്ഗീയത vaRggiiyata *(nn),* അയാൾ വർഗ്ഗീയത പ്രോത്സാഹിപ്പിച്ചില്ല

community, സമുദായം samudaayaM *(nn),* അയാൾ സമുദായത്തോട് ഏറ്റുമുട്ടി

companion, കൂട്ടാളി kuuTTaaLi *(nn),* അവൻ എന്റെ കൂട്ടാളി ആയിരുന്നു

companion, കൂട്ട് kuuTTə *(nn),* അവൻ എപ്പോഴും എന്റെ കൂട്ടായിരുന്നു

companion, തോഴൻ tooZan *(nn),* രവി എന്റെ തോഴനാണ്.

companions, കൂട്ടർ kuuTTaR *(nn),* ഞങ്ങളിൽ ഒരു കൂട്ടർ മറ്റേ ഭാഗത്തു ചേർന്നു

companionship, കൂട്ടായ്മ kuuTTaayma *(nn),* ഞങ്ങളുടെ കൂട്ടായ്മയുടെ ഫലമായിരുന്നു അത്

companionship, ചങ്ങാത്തം caṉṉaattaM *(nn),* ശശി രവിയുമായുള്ള ചങ്ങാത്തം അവസാനിപ്പിച്ചു

companionship, തുണ tuNa *(nn),* രവിക്ക് തുണയില്ല

company, കമ്പനി kambani *(nn),* കമ്പനിയുടെ ഉൽഘാടനം ഗംഭീരമായി നടന്നു

compare, ഒത്തുനോക്ക് ottunookkə *(vi),* കുട്ടികൾ പേന ഒത്തുനോക്കി

compare, താരതമ്യപ്പെടുത്ത് taratamyappeTuttə *(vt),* രാമനേയും ലക്ഷ്മണനേയും താരതമ്യപ്പെടുത്തി

comparing, തുലനം tulanaM *(nn),* രവി കാര്യങ്ങളെ തുലനം ചെയ്തു

comparison, ഉപമ upama *(nn),* അവനെ കഴുതയോട് ഉപമിക്കാം

comparison, താരതമ്യം taaratamyaM *(nn),* ഞങ്ങൾ പല കാര്യങ്ങളും താരതമ്യം ചെയ്തു നോക്കി

compassion, കനിഞ്ഞ് kani~~ə *(adv),* അവളുടെ ദയനീയ സ്ഥിതി കണ്ടു അദ്ദേഹം കനിഞ്ഞ് അവിടെ വന്നു

compassion, ജീവകാരുണ്യം jiivakaaruNyaM *(nn,comp),* രവി ജീവകാരുണ്യ പ്രവർത്തനങ്ങളിൽ മുഴുകി

compel, നിർബന്ധിക്ക് niRbandhikkə *(adv),* അയാളെ അവൾ നിർബന്ധിച്ചു

compensation, പ്രതിഫലം pRatiphalaM *(nn),* ജോലി ചെയ്താൽ പ്രതിഫലം വേണം

compete, മത്സരിക്ക് matsarikkə *(vt),* അയാൾ തെരഞ്ഞെടുപ്പിൽ മത്സരിച്ചു

competition, മത്സരം matsaraM *(nn),* അവർ തമ്മിൽ മത്സരങ്ങൾ പലതും നടന്നു

competitive literary pastime in which verses are received by each participant taking the one from the first letter of the third line, അക്ഷരശ്ലോകം ak$araSlookaM *(nn,comp),* അവൾ അക്ഷരശ്ലോകമത്സരത്തിൽ വിജയിച്ചു

complacent, അലംഭാവം alaMbhaavaM *(nn),* അയാളുടെ അലംഭാവം കൊണ്ടാണ് അങ്ങനെ സംഭവിച്ചത്

complaint, ആവലാതി aavalaati *(nn),* അവൻ അവളോട് ആവലാതി പറഞ്ഞു

complementary, പൂരക puuraka *(adj),* അതിനോട് പൂരകമായ ഒരവസ്ഥ അവിടെ ഉണ്ടായിരുന്നു

complete, തികയ് tikayə *(vi),* കുട്ടിക്ക് അഞ്ചു വയസ്സ് തികഞ്ഞു

complete, പൂർണ്ണ puuRNNa *(adv),* അവരുടെ ജോലിയെല്ലാം പൂർണ്ണമായപ്പോൾ ശമ്പളം നല്കി

complete, പൂർത്തിയാക്ക് puuRttiyaakkə *(vt),* അയാൾക്ക്

ആ ജോലി പൂർത്തിയാക്കാൻ കഴിഞ്ഞില്ല

complete, മുഴുമിക്ക് muZumikkə *(vt),* അയാൾ ജോലി മുഴുമിക്കുന്നു

complete, സമഗ്രമായ samagRamaaya *(adj),* സമഗ്രമായ ഒരു ദർശനമാണ് നമുക്കാവശ്യം

complete the period of pregnancy, മാസംതികയ് maasaMtikayə *(vb, comn),* മാസം തികയാതെ പ്രസവിച്ചു

completely, എല്ലാം ellaaM *(qua),* അവൻ പറഞ്ഞതെല്ലാം ഞാൻ കേട്ടു

completely, തികച്ചും tikaccuM *(adj),* തികച്ചും ഏകാന്തമായ ഒരു സ്ഥലമാണിത്

completely, നിശേഷം niSee$aM *(adv),* നിശേഷം അച്ചടക്കം കുട്ടികൾ പാലിച്ചില്ല

completely, പൂർണ്ണമായി puuRNNamayi *(adv),* രോഗം പൂർണ്ണമായി മാറിയശേഷം അയാൾ ആശുപത്രി വിട്ടു

completely, മുഴുവനും muZuvanuM *(adv),* അയാൾ മുഴുവനും തിന്നുതീർത്തു

completely shave the head, മൊട്ടയടിക്ക് moTTayaTikkə *(nn),* അയാൾ തല മൊട്ടയടിച്ചു

completion, പൂർണ്ണം puuRNNaM *(nn),* അയാൾക്ക് ഒന്നും പൂർണ്ണമാക്കാൻ കഴിയാറില്ല

complicated, സങ്കീർണ്ണമായ saŋkiiRNNamaaya *(adj),* വളരെ സങ്കീർണ്ണമായ ഒരു പ്രശ്നമാണ് അവളുടേത്

complication, നൂലാമാല nuulaamaala *(nn,comp),* നൂലാമാലകൾ ഒരോന്നും അഴിച്ചെടുത്തു പരിശോധിച്ചു

compose, രചിക്ക് racikkə *(vt),* ഓ . എൻ . വി കുറുപ്പ് രചിക്കുന്ന കവിത ഞാൻ ആസ്വദിക്കും

composing poetry, കവനം kavanaM *(nn),* അയാളുടെ കവനം എല്ലാവരും അംഗീകരിച്ചു

composition of literary work, നിബന്ധനം nibandhanaM *(nn),* അയാൾ ഒരു നിബന്ധനം എഴുതി

compound, വളപ്പ് vaLappə *(nn),* അയാൾ വളപ്പിലൂടെ ചുറ്റി നടന്നു

compound interest, കൂട്ടുപലിശ kuuTTupaliSa *(nn,comp),* അയാൾ പലരോടും കൂട്ടുപലിശ വാങ്ങി

compound wall, മതിൽ matil *(nn),* അയാൾ മതിൽ ചാടി കടന്നു

compound word of sanskrit the first of which is a numeral, ദ്വിഗു dvigu *(nn),*

പഞ്ചപാണ്ഡവന്മാർ എന്നത് ദ്വിഗുസമാസമാണ്

comprehensibility, ഗ്രാഹ്യത gRaahyata *(nn),* ഗ്രാഹ്യത എന്നത് പ്രബന്ധത്തിനുവേണ്ട, ഗുണമാണ്

comprehension, ഗ്രാഹ്യ gRaahya *(nn),* ആ ഖണ്ഡിക ഗ്രാഹ്യ ക്ഷമമായിരുന്നില്ല

compress, ചുരുങ്ങ് curuŋŋə *(vi),* ബാബുവിന്റെ ഷർട്ട് ചുരുങ്ങിപ്പോയി

compulsion, നിർബന്ധം niRbandhaM *(nn),* കുട്ടികൾ എപ്പോഴും നിർബന്ധം പിടിക്കുന്നു

conceal (place), ഒളിയ്ക്ക് oLiykkə *(vi),* എന്തിനാണ് നിങ്ങൾ പലകാര്യങ്ങളും ഒളിക്കുന്നത്

concealed, പ്രച്ഛന്ന pRacchanna *(adj),* പ്രച്ഛന്നവേഷത്തിൽ അയാൾ നടക്കുന്നു

concealed secret, ഗുഹ്യ guhya *(nn),* ഗുഹ്യമായ കാര്യങ്ങളറിയാൻ അയാൾക്കു വല്ലാത്ത താൽപര്യമാണ്

concealment, ഒളി oLi *(nn),* അവൻ ഒളിസ്ഥലങ്ങളിൽ താമസിച്ചു

concentration, ഏകാഗ്രത eekaagRata *(nn),* എനിക്ക് ഇവിടെ ഏകാഗ്രത നഷ്ടപ്പെടുന്നു

concentration, തന്മയം tanmayaM *(nn),* തന്മയത്തോടെ അഭിനയിക്കാൻ മുരളിക്കു കഴിഞ്ഞു

concert with drums, തായമ്പക taayambaka *(nn),* ഞങ്ങൾ തായമ്പക കാണാൻ പോയി

concession, നീക്കുപോക്ക് niikkupookkə *(comp vb),* അവന്റെ കോളേജ് അഡ്മിഷന് ചില നീക്കുപോക്കുകൾ നടത്തേണ്ടി വന്നു

conch, ചങ്ക് caŋkə *(nn),* ശശി ചങ്ക് ഊതുന്നു

conch, ശംഖ് SaMkhə *(nn),* ശ്രീകൃഷ്ണൻ ശംഖ് വിളിച്ചു

conclude, ഉപസംഗ്രഹിക്ക് upasaMgrahikkə *(nn),* അധ്യക്ഷൻ തന്റെ പ്രസംഗം ഉപസംഗ്രഹിച്ചു

conclude, ഉപസംഹരിക്ക് upasaMharikkə *(vt),* മുഖ്യമന്ത്രി പ്രസംഗം ഉപസംഹരിച്ചു

concluded, തീർന്ന tiiRnna *(adj),* കറ തീർന്ന സ്നേഹത്തിന്റെ പ്രതീകമായിരുന്നു അയാൾ

conclusion, ഉപസംഹരണം upasaMharaNaM *(nn),* അദ്ദേഹം ഉപസംഹരണത്തിൽ എല്ലാം ചുരുക്കി പറഞ്ഞു

concocted story, കെട്ടുകഥ keTTukaTha *(nn,comp),* രമ ഓരോ കെട്ടുകഥകൾ ഉണ്ടാക്കിപ്പറഞ്ഞു

concrete, മൂർത്തം muttaM *(nn),* മൂർത്തമായ ഒരു വസ്തുവിനെ നമ്മൾക്ക് സ്പർശിക്കാം

condemning, തൃണവൽക്കരണം tRəNavalkkaraNaM *(nn),* അയാളുടെ പ്രവൃത്തി എല്ലാവരും തൃണവൽക്കരണം നടത്തി

condition, അവസ്ഥ avastha *(nn),* അയാളുടെ ദയനീയമായ അവസ്ഥ കാണുമ്പോൾ വിഷമം തോന്നുന്നു

condition, ഉപാധി upaadhi *(nn),* യഥാർഥ സ്നേഹത്തിന് ഉപാധികളില്ല

condition, വ്യവസ്ഥ vyavastha *(nn),* എല്ലാ വ്യവസ്ഥകളും അംഗീകരിച്ചാൽ മാത്രമേ വരാൻ പറ്റൂ

conduct, നടത്ത് naTattə *(vi),* പരിപാടി നടത്താൻ പണമില്ല

confession, കുമ്പസാരം kumbasaaraM *(nn),* അയാൾ പിന്നീട് കുമ്പസാരം നടത്തി

confirm, ദൃഢീകരിക്ക് dRDhiikarikkə *(vt),* അവർ ബന്ധം ദൃഢീകരിച്ചു

confirmation, ദൃഢീകരണം dRDhiikaraNaM *(nn),* അക്കാര്യത്തിൽ ഒരു ദൃഢീകരണം ആവശ്യമായിരുന്നു

confirmed drunkard, മുക്കുടിയൻ mukkuTiyan *(nn),* അയാൾ ഒരു മുക്കുടിയനാണ്

conflation, സംക്രമണം saMkRamaNaM *(nn),* വികാരങ്ങളുടെ സംക്രമണമാണ് കവിത

conflict, ഇടച്ചിൽ iTaccil *(nn),* അവന്റെ ഇടച്ചിലാണ് എനിക്ക് പിടിക്കാത്തത്

conflict between groups, ലഹള lahaLa *(nn),* ലഹളയിൽ നിന്ന് എല്ലാവരും ഓടി രക്ഷപ്പെട്ടു

confluence, ലയം layaM *(nn),* ആ കവിതയ്ക്ക് ഒരു താളലയം ഉണ്ടായിരുന്നു

confront, എതിർക്ക് etiRkkə *(vt),* അയാളെ എതിർക്കാൻ ആരും ഉണ്ടായിരുന്നില്ല

confront, നേരിട് neeriTə *(vt),* അവർ ഒരാക്രമണത്തെ നേരിടുകയാണ്

confuse, കലക്ക് kalakkə *(vt),* ആ വീട് എല്ലാവരും കൂടി കലക്കി

confused, ക്ഷുബ്ധമായ k$ubdhamaya *(adj),* ക്ഷുബ്ധമായ രാഷ്ട്രീയന്തരീക്ഷത്തിൽ നിന്നും നേതാവ് വിടവാങ്ങി

confused and clearless, കലുഷമായ kalu$amaaya *(adj),* വളരെ കലുഷമായ ഒരന്തരീക്ഷമായിരുന്നു അപ്പോൾ

confusion, കലശൽ kalaSSal *(nn),* അയാൾ എപ്പോഴും കലശൽ ഉണ്ടാക്കുന്നു

confusion, കുഴപ്പം kuZappaM *(nn),* അവിടെ എന്തോ കുഴപ്പം പിണഞ്ഞു

confusion, ബേജാറ് beejaaRə *(nn),* അയാൾക്ക് എപ്പോഴും ബേജാറാണ്

congested, തിങ്ങിയ tiṉṉiya *(adj),* വളരെ തിങ്ങിയ സ്ഥലമാണിത്

congested, തൂർന്ന tuuRnna *(adj),* ഇടതൂർന്ന കാടുകൾ ഇവിടെയുണ്ട്

congratulate, അനുമോദിക്ക് anumoodikkə *(vt),* ഉന്നതവിജയം നേടിയ കുട്ടിയെ അനുമോദിച്ചു

congratulate, അഭിനന്ദിക്ക് abhinandikkə *(vt),* പരീക്ഷയിൽ വിജയിച്ച കുട്ടിയെ എല്ലാവരും അഭിനന്ദിച്ചു.

congratulation, അഭിനന്ദനം abhinandanaM *(nn),* അവന് എല്ലാവരുടേയും അഭിനന്ദനം കിട്ടി

conjunction, സന്ധി sandhi *(nn),* ഏതോ ഒരു സന്ധിയിൽ ഞങ്ങൾ കണ്ടുമുട്ടി

consciously, ബോധപൂർവ്വം boodhapuuRvvaM *(nn),* ബോധപൂർവ്വം ഞാൻ ആ കണ്ടുമുട്ടൽ ഒഴിവാക്കി

consciousness, പ്രജ്ഞ pRaj~a *(nn),* അത്യാഹിതം കണ്ടപ്പോൾ അവൾ പ്രജ്ഞയറ്റു വീണു

consciousness, മനഃസാക്ഷി manahsaak$i *(nn),* മനഃസാക്ഷിക്ക് എതിരായി അയാൾ ഒന്നും ചെയ്തില്ല

consent, അനുമതി anumati *(nn),* അച്ഛന്റെ അനുമതിക്കുവേണ്ടി ഞാൻ ചോദിച്ചു

consent, സമ്മതം sammtaM *(nn),* അയാൾക്ക് സമ്മതം കിട്ടിയില്ല

consider, കണക്കാക്ക് kaNakkaakkə *(nn,comp),* ഞാൻ അയാൾ പറഞ്ഞത് കണക്കാക്കി

consider, ഗണിക്ക് gaNikkə *(vi),* എന്നെ ആരും ഗണിക്കുന്നില്ല

consider with regard, കൂട്ടാക്ക് kuuTTaakkə *(vt),* ഞാൻ പറഞ്ഞതൊന്നും അയാൾ കൂട്ടാക്കിയില്ല

considerable, ഗണനീയ gaNaniiya *(adj),* ഗണനീയമായ അംഗങ്ങളുണ്ടെങ്കിലേ യോഗം നടക്കൂ

consideration, കരുതൽ karutal *(nn),* എന്റെ മേൽ യാതൊരു കരുതലും ഉണ്ടായിരുന്നില്ല,

consiousness, ബോധം boodhaM *(nn),* അയാൾക്ക് ബോധം തെളിഞ്ഞു

consolation, ആശ്വാസം aaSvaasaM *(nn),* ആശ്വാസത്തിനു വകയൊന്നും കാണുന്നില്ല

console, ആശ്വസിപ്പിക്ക് aaSvasippikkə *(vt),* അവനെ ആശ്വസിപ്പിക്കാൻ എനിക്കു കഴിഞ്ഞില്ല

console, സാന്ത്വനം saantvanaM *(vt),* അച്ഛനമ്മമാരെ നഷ്ടപ്പെട്ട കുട്ടിയെ സാന്ത്വനപ്പെടുത്തി

console oneself, സമാശ്വസിക്ക് samaaSvasikkə *(vi),* അയാൾ എല്ലാം കേട്ട് സമാശ്വസിച്ചു

console somebody, സമാശ്വസിപ്പിക്ക് samaasvasippikkə *(vt),* പെട്ടെന്ന് ധനനഷ്ടമുണ്ടായ സുഹൃത്തിനെ പറഞ്ഞ് സമാശ്വസിപ്പിച്ചു

consonants pronounced with the help of palate, താലവ്യം taalavyaM *(nn),* ച, ജ, ഞ ഇവ താലവ്യങ്ങളാണ്

conspiracy, ഉപജാപം upajaapaM *(nn),* അയാൾ നടത്തിയ ഉപജാപം പരാജയപ്പെട്ടു

conspiracy, ഗൂഢാലോചന guuDhaaloocana *(nn,comp),* രവി ഗൂഢാലോചനകളിൽ ഏർപ്പെട്ടില്ല

constant contemplation in different postures, യോഗാസനം yoogaasanaM *(nn),* യോഗാസനത്തിന് അയാൾ പോയില്ല

consternate, ത്രസിപ്പിക്ക് tRasippikkə *(vt),* മനസ്സിനെ ത്രസിപ്പിക്കുന്ന ഒരു രംഗമായിരുന്നു അത്

constipation, മലബന്ധം malabandhaM *(nn),* മലബന്ധം കൊണ്ട് അയാൾ കഷ്ടപ്പെട്ടു

constitution, ഭരണഘടന bharaNaghaTana *(nn),* ഇന്ത്യൻ ഭരണഘടനയുടെ ശില്പി ആരാണ്

construct, നിർമ്മിക്ക് niRmmikkə *(vt),* അവിടെ ഒരു കെട്ടിടം നിർമ്മിക്കുന്നു

construct, വയ്ക്ക് vaykkə *(vt),* വീടുവയ്ക്കുക

construction, നിർമ്മാണം niRmmaaNaM *(adj),* പുതിയ പാലത്തിന്റെ നിർമ്മാണം പൂർത്തിയായി

construction job, വീടുപണി viiTupaNi *(nn),* അയാൾ വീടുപണി ചെയ്യുന്നു

constructive, രചനാത്മകമായ racanaatmakamaaya *(adj),* രചനാത്മകമായ വിമർശനമാണ് വേണ്ടത്

constuction, കെട്ട് keTTə *(vt),* പുര കെട്ട് കഴിഞ്ഞില്ല

consult, ആലോചിക്ക് aaloocikkə *(vi),* അയാളോട് ആലോചിക്കാതെ അവൻ അതു ചെയ്തു

consultation, കൂടിയാലോചന kuuTiyaaloocana *(nn,comp),* കൂടിയാലോചനകൾക്കു

ശേഷം ഒരു തീരുമാനമെടുത്തു

consume alcohol, കുടിക്ക് kuTikkə *(vi),* അയാൾ ഇന്നലെയും കുടിച്ചു വന്നു

consumed by fire, ദഗ്ദ്ധ dagddha *(nn),* അവൾ ദഗ്ധയായി

consumer, ഉപഭോക്താവ് upabhooktaavə *(nn),* ഉപഭോക്താവിന്റെ സംതൃപ്തിയാണ് ഉൽപ്പാദകന്റെ ലക്ഷ്യം

consumption, ഉപഭോഗം upabhoogaM *(nn),* അത്തരം മരുന്നുകളുടെ ഉപഭോഗം നിർത്തിവയ്ക്കാൻ ആവശ്യപ്പെട്ടു

contact, സമ്പർക്കം sambaRkkaM *(vt),* കമ്പിയില്ലാ കമ്പി വഴി നമ്മൾ സമ്പർക്കം പുലർത്തി

contagious, പകർച്ച രോഗം *(nn, compn),* പകർച്ച രോഗ നിവാരണത്തിന് കുത്തി വയ്പു നടത്തി

contagious, സാംക്രമിക saaMkRamika *(adj),* സാംക്രമിക രോഗം പെട്ടെന്നു പടർന്നു പിടിച്ചു

contain, ഉൾക്കൊള്ള് uLkkoLLə *(vi),* എന്തൊക്കെ പദാർത്ഥങ്ങളാണ് ഈ ലോഹത്തിൽ ഉൾക്കൊള്ളുന്നത്

contemporary, സമകാലിക samakaalika *(adj),* സമകാലികമായ ഒരു കവിതയാണത്

contempt, അറപ്പ് aRappə *(nn),* അറപ്പുളവാക്കുന്ന ദൃശ്യം ആയിരുന്നു ഈ ഹോസ്പിറ്റലിലെ മുറികൾ

contempt, വിദ്വേഷം vidvee$aM *(nn),* വിദ്വേഷമുള്ളിടത്ത് സ്നേഹമില്ല

contentment, സംതൃപ്തി saMtRpti *(nn),* അയാൾക്ക് തന്റെ ജീവിതത്തിൽ സംതൃപ്തി തോന്നി

contentment, സന്തുഷ്ടി santu$Ti *(nn),* അയാൾക്ക് ജീവിതത്തിൽ സന്തുഷ്ടി കിട്ടിയില്ല

contents, ഉള്ളടക്കം uLLaTakkaM *(nn),* പുസ്തകത്തിന്റെ ഉള്ളടക്കം വായിച്ചു

contest, മൽസരിക്ക് malsarikkə *(vi),* അധികാരത്തിനുവേണ്ടി രണ്ടുപേർ തമ്മിൽ മത്സരിക്കുന്നു

contiguosly, തൊട്ടടുത്ത് toTTaTuttə *(adv),* തൊട്ടടുത്ത് താമസിക്കുന്ന ആൾ

continent, ഭൂഖണ്ഡം bhuukhaNDaM *(nn),* ഈ ഭൂഖണ്ഡത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കണം

continuation, തുടർച്ച tuTaRcca *(nn),* കഥയുടെ തുടർച്ച മനസ്സിലായില്ല

continuity, അവിരാമം aviraamaM *(nn),* അയാളുടെ പ്രവൃത്തി അവിരാമമായിരുന്നു

continuity, നൈരന്തര്യം nairantaryaM *(nn),* പ്രവൃത്തിയുടെ നൈരന്തര്യം നഷ്ടപ്പെട്ടുകൊണ്ടിരുന്നു

continuous, നിരന്തരമായ nirantaramaaya *(adj),* നിരന്തരമായ അഭ്യർത്ഥനയ്ക്ക് ഫലമുണ്ടായി

continuous repetition of god's name, നാമകീർത്തനം naamakiiRttanaM *(nn,comp),* അവൾ നാമകീർത്തനം ചെയ്തു

continuously, അനുസ്യൂതം anusyuutaM *(adv),* ജനം അനുസ്യൂതം പ്രവഹിക്കുന്നു

contraception, ഗർഭനിരോധനം gaRbhaniroodhanaM *(nn,comp),* ഗർഭനിരോധനം പ്രോത്സാഹിപ്പിക്കുകയാണ് കുടുംബാസൂത്രണത്തിന് ഏറ്റവും നല്ലത്

contraceptive method, ഗർഭനിരോധനമാർഗ്ഗം gaRbhaniroodhanamaaRggaM *(nn,comp),* ഇന്ത്യയിൽ ഇന്ന് പല തരത്തിലുള്ള ഗർഭനിരോധന മാർഗ്ഗങ്ങൾ ലഭ്യമാണ്.

contraction, നികോചനം nikoocanaM *(nn),* ശ്വാസകോശത്തിന് നികോചനവും വികസനവുമുണ്ട്

contraction of the muscles in spasm, കോച്ച് kooccə *(nn),* ശരീരത്തിന് കോച്ചനുഭവപ്പെടുന്നു

contrary, പ്രതികൂല pRatikuula *(adj),* പ്രതികൂല സാഹചര്യത്തിലും ഉറച്ചുനിൽക്കുകയാണ് വേണ്ടത്

contrary, വിരുദ്ധ viruddha *(adj),* അയാൾ വിരുദ്ധമായ ചില കാര്യങ്ങൾ പറഞ്ഞു.

contrary word, എതിർവാക്ക് etiRvaakkə *(comp n),* അവൻ അയാളോട് എതിർവാക്ക് പറഞ്ഞു

contribution, സംഭാവന saMbhaavana *(nn),* അയാൾ അവൾക്കു സംഭാവന നൽകിയില്ല

control, ചുക്കാമ്പിടിക്ക് cukkanpiTikkə *(vt),* വേണുവാണ് സംഘടനയുടെ ചുക്കാൻ പിടിക്കുന്നത്

control, നിയന്ത്രണം niyavtRaNaM *(nn),* രാജ്യത്തിന്റെ നിയന്ത്രണം അവർ ഏറ്റെടുത്തു

control (keep off of the mind from evil thoughts), ദമം damaM *(nn),* അയാൾ മനസ്സ് ദമം ചെയ്തു

control of the mind, ഉള്ളടക്കം uLLaTakkaM *(nn),* മനുഷ്യന് ഉള്ളടക്കം വേണം

controlling, യമം yamaM *(nn),* അയാൾ യമം ചെയ്തു

contry fig, അത്തി atti *(nn),* അത്തിമരത്തിൽ അത്തിക്കായകൾ പഴുത്തു

convenience, സൌകര്യം saukaRyaM *(nn),* അയാൾക്ക് വേണ്ട സൌകര്യങ്ങൾ ചെയ്തു കൊടുത്തു

convenient, സൌകര്യപ്രദമായ saukryapRadamaaya *(adj),* വളരെ സൌകര്യപ്രദമായ ഒരു മുറിയാണിത്.

convent, മഠം maThaM *(nn),* അവൻ മഠത്തിൽ ചേർന്നു

conversation, ഭാഷണം bhaa$aNaM *(nn),* ഭാഷണത്തിൽ നേരിടുന്ന അപാകതകൾ ചൂണ്ടിക്കാട്ടി

conversation, മിണ്ടാട്ടം miNTaaTTaM *(nn),* അയാൾക്ക് ഒന്നിനും മിണ്ടാട്ടമില്ലായിരുന്നു

conversation, സംഭാഷണം saMbhaa$aNaM *(nn),* അവർ സംഭാഷണത്തിൽ ഏർപ്പെട്ടു

convert into insensitive matter, ജഡീകരിക്ക് jaDiikarikkə *(vb),* രാമൻ ഇന്ദ്രജാലം കൊണ്ട് അവരെ ജഡീകരിച്ചു

convince, ബോധ്യപ്പെടുത്ത് boodhyappeTuttə *(vt),* അയാളോട് എത്ര പറഞ്ഞിട്ടും ബോധ്യപ്പെടുത്താൻ പറ്റിയില്ല

cooing of the cock, കോഴികൂകൽ kooZikuukal *(nn,comp),* കോഴികൂകൽ കേട്ട് ഞാൻ ഉണർന്നു

cook, അരിവെപ്പുകാരൻ ariveppukaaran *(comp n),* ഒരു അരിവെപ്പുകാരനാണ് അയാൾ

cook, പചിക്ക് pacikkə *(vt),* ആഹാരം പചിച്ച് ഭക്ഷിക്കുന്ന ജീവിയാണ് മനുഷ്യൻ

cook by boiling, അവിയ്ക്ക് aviykkə *(vt),* അവർ മരച്ചീനി അവിച്ചു തിന്നു

cooked rice, ചോറ് cooRə *(nn),* അയാൾ ചോറുണ്ണുകയാണ്

cooked stuff getting burnt due to over heating, കങ്ങൽ kaṇṇal *(nn),* ഭക്ഷണത്തിന്റെ കങ്ങൽ മണം ഇവിടെ എത്തി

cookery, പാചകകല paacakakala *(nn),* എനിക്ക് പാചക കല തീരെ വശമില്ല

cooking, പചനം pacanaM *(nn),* അവന് പചനം അറിയില്ല

cooking, പാചകം paacakaM *(nn),* അമ്മയുടെ പാചകം വളരെ നന്നായിരുന്നു

cooks, ഊട്ടുകാർ uuTTukaaR *(nn),* ഊട്ടുകാർ വന്നിട്ടുണ്ട് പാചകം തുടങ്ങാം

cooling, ആറ്റൽ aaRRal *(nn),* അയാളുടെ ചായ ആറ്റൽ വളരെ രസകരമായിരുന്നു

co-operate, സഹകരിക്ക് sahakarikkə *(vi),* അവർ തമ്മിൽ സഹകരിക്കാൻ തയ്യാറായി

co-operation, സഹകരണം sahakaraNaM *(nn),* സഹകരണം അത്യാവശ്യമാണ്

co-operative society, സഹകരണസംഘം sahakaraNasaMghaM *(nn,comp),* സഹകരണ സംഘങ്ങൾ പലതും പൊളിഞ്ഞു

copper, ചെമ്പ് cembə *(nn),* ചെമ്പ് ഒരു ലോഹമാണ്

copper plate, ചെപ്പേട് ceppeeTə *(nn,comp),* സ്ഥാണുരവിവർമ്മ ചെപ്പേട് എഴുതിക്കൊടുത്തു

copper plate, താമ്രപത്രം taamRapatRam *(nn),* സ്വാതന്ത്ര്യസമരസേനാനിക്ക് താമ്രപത്രം കിട്ടി

copper sulphate, തുരിശ് turiSə *(nn),* റബ്ബറിന് തുരിശ് ഇടുന്നത് നല്ലതാണ്

coppersmith's profession, കോട്ടുപണി kooTTupaNi *(nn,comp),* ചെമ്പുപാത്രക്കാരൻ കോട്ടുപണി ചെയ്യുന്നു

copra- the dried kernel of the coconut seperated from the shell, കൊപ്ര kopRa *(nn),* അയാൾ ഒരു കൊപ്ര കടിച്ചു നോക്കി

copulation, മൈഥുനം maithunaM *(nn),* അവർ മൈഥുനത്തിൽ ഏർപ്പെട്ടു

copy, പകർപ്പ് pakaRppə *(nn),* അയാൾ അതിന്റെ ഒരു പകർപ്പെടുത്തു

copy, പ്രതി pRati *(nn),* ചില പുസ്തകങ്ങൾക്ക് കുറച്ചു പ്രതികളേ അച്ചടിച്ചുള്ളൂ

copying, പകർത്തൽ pakaRttal *(nn),* അയാൾ പകർത്തൽ മതിയാക്കി

copying, പകർപ്പെഴുത്ത് pakaRppeZuttə *(nn,comp),* പകർപ്പെഴുത്ത് ജോലിയായിരുന്നു അയാൾക്ക്

copyright, പകർപ്പവകാശം pakaRppavakaaSaM *(nn,comp),* പകർപ്പവകാശം പ്രസാധകർക്കു മാത്രം

coral, പ്രവാളം pRavaaLaM *(nn),* നവരത്നത്തിൽ ഒന്നാണ് പ്രവാളം

cordiality, സൌഹാർദ്ദം sauhaaRddaM *(nn),* അവർ തമ്മിൽ സൌഹാർദ്ദത്തിൽ ആയിരുന്നു

core, കാതൽ kaatal *(nn),* ആ കഥയുടെ കാതൽ എന്താണ്?

core, കാമ്പ് kaambə *(nn),* എന്തെങ്കിലും കാമ്പുള്ള കാര്യമല്ല ഇത്

coriander, കൊത്തമല്ലി kottamalli *(nn),* അമ്മ കൊത്തമല്ലി ഉണക്കാനിട്ടു

coriander, മല്ലി malli *(nn),* മല്ലി ഔഷധഗുണമുള്ളതാണ്

corner, കോൺ kooN *(nn),* ഞാൻ ഒരു കോണിൽ ചെന്നു നോക്കി

corner, മുക്ക് mukkə *(nn),* ആ മുക്കിൽ വച്ച് അവർ കണ്ടുമുട്ടി

corner, മൂല muula *(nn),* കുട്ടി ഒരു മൂലയിൽ ഇരുന്നു

corner of the eye, കടക്കണ്ണ് kaTakkaNNə *(nn),* അവൻ കടക്കണ്ണുകൊണ്ട് കടാക്ഷിച്ചു

corner of the mouth, കടവായ് kaTavaayə *(nn),* അവൻ കടവായ് കോട്ടി കാണിച്ചു

coronation of a king, പട്ടാഭിഷേകം paTTaabhi$eekaM *(nn),* രാജാവിന്റെ പട്ടാഭിഷേകം ഇപ്പോൾ നടക്കാറില്ല

corpse, ശവം SavaM *(nn),* മൃഗത്തിന്റെ ശവം മറവുചെയ്തു

corpus, മയ്യത്ത് mayyattə *(nn),* മയ്യത്ത് കബറിലടക്കി

correct, ശരിയായ Sariyaya *(adj),* ഇതു ശരിയായ വിലയാണ്

correction, തിരുത്തൽ tiruttal *(nn),* മാനേജർ പുസ്തകത്തിൽ ചില തിരുത്തൽ വരുത്തി

correction, തിരുത്ത് tiruttə *(nn),* പത്രത്തിൽ ഒരു തിരുത്തുണ്ടായിരുന്നു

correction or rectification of a mistake, തെറ്റുതിരുത്തൽ teRRutiruttal *(nn,comp),* തെറ്റുതിരുത്തൽ ആർക്കും ചെയ്യാം

correspondence, കത്തിടപാട് kattiTapaaTə *(nn),* ഞങ്ങൾ തമ്മിൽ ഇപ്പോൾ യാതൊരു കത്തിടപാടുമില്ല

corruption, അഴിമതി aZimati *(nn),* അഴിമതിയുടെ കഥകൾ പുറത്തുവന്നു

cosy, സുഖകരമായ sukhkakaramaya *(adj),* അവർ സുഖകരമായ മെത്തയിൽ കിടന്നുറങ്ങി

cot, കട്ടിൽ kaTTil *(nn),* അയാൾ കട്ടിലിൽ കിടന്നു ഉറങ്ങി

cotton, പഞ്ഞി pa~~i *(nn),* മുറിവു വച്ചുകെട്ടാൻ കുറച്ചു പഞ്ഞി വേണമായിരുന്നു

cotton, പരുത്തി parutti *(nn),* അത് പരുത്തികൊണ്ടുള്ള വസ്ത്രമാണ്

cough, കാസം kaasaM *(nn),* അയാൾക്ക് കഠിനമായ കാസമായിരുന്നു

cough, കുര kura *(nn),* അവന് ഇന്നലെ ഭയങ്കര കുരയായിരുന്നു

cough, ചുമ cuma *(nn),* ആനന്ദ് എപ്പോഴും ചുമയ്ക്കുന്നു

cough, ചുമയ്ക്ക് cumaykkə *(nn),* രാത്രി മുഴുവൻ അയാൾ ചുമയ്ക്കുകയായിരുന്നു

count, എണ്ണ് eNNə *(vi),* കുട്ടയിൽ എത്ര പഴങ്ങളുണ്ടെന്ന് എണ്ണിനോക്കൂ?

count, ഗണിക്ക് gaNikkə *(vi),* രാമൻ ദിവസങ്ങൾ ഗണിക്കുന്നു

counter allegation, പ്രത്യാരോപണം pRatyaaroopaNaM *(nn,comp),* പ്രതിപക്ഷനേതാവിനെതിരെ പ്രത്യാരോപണം നടത്തി

counter attack, പ്രതിരോധിക്ക് pRatiroodhikkə *(vt),* അതിർത്തിയിൽ ശത്രുക്കളിൽ നിന്ന് രക്ഷപ്പെടാൻ പ്രതിരോധിക്കേണ്ട നടപടികൾ എടുക്കണം

counter feit, മാറാട്ടം maaRaaTTaM *(nn),* അയാൾ മാറാട്ടം നടത്തി

counter reply, പ്രത്യുത്തരം pRatyuttaraM *(nn,comp),* അയാൾ ചോദിച്ചതിന് അവൻ ഒന്നും പ്രത്യുത്തരം നല്കിയില്ല

country, ദേശം deeSaM *(nn),* ഒരു ദേശത്തെ ജനതയുടെ ആഗ്രഹം അതായിരുന്നു

country, നാട് naaTə *(nn),* വീടു നന്നായാൽ നാടു നന്നാകും

country, രാജ്യം raajyaM *(nn),* രാജ്യം ഇന്ന് വിഘടനവാദികളുടെ കൈയ്യിലാണ്

country beans, അമരയ്ക്ക amaraykka *(nn),* അമരയ്ക്ക വീട്ടിൽ ധാരാളമുണ്ട്

country side, കുഗ്രാമം kugramaM *(nn),* ഒരു കുഗ്രാമത്തിലാണ് അവൻ ജനിച്ചത്

country side, നാട്ടിൻപുറം naaTTinpuRaM *(nn,comp),* നാട്ടിൻപുറം നന്മകളാൽ സമൃദ്ധം

country torch made of rolled coconut leaves fired at one end, ചൂട്ട് cuuTTə *(nn),* രാമൻ ചൂട്ടു കത്തിച്ചുകൊണ്ടുവരുന്നു

countryside, ജനപദം janapadaM *(nn,comp),* ജനപദത്തിലൂടെ മന്ത്രി നടന്നു

courage, ധൈര്യം dairyaM *(nn),* ധൈര്യമുള്ള കുട്ടിയാണ് അവൾ

course of time, കാലഗതി kaalagati *(nn,comp),* കാലഗതിയിൽ എല്ലാം മായ്ക്കപ്പെട്ടു

court, കച്ചേരി kacceeri *(nn),* കച്ചേരി പതിനൊന്നു മണിക്ക് ആരംഭിച്ചു

court, കോടതി kooTati *(nn),* കോടതി പിരിഞ്ഞ് എല്ലാവരും പോയി

cover, ആവരണം aavaraNaM *(nn),* ആ കായ്കളെ ആവരണം ചെയ്തിരുന്ന തോട് എടുത്തു

cover, പൊതിയ് potiyə *(vt),* ഒരു വെളുത്തതുണി കൊണ്ട് ശരീരം പൊതിഞ്ഞിരുന്നു

cover, മൂട് muuTə *(vi),* അയാൾ ആ ഭരണി മൂടി കൊണ്ട് മൂടി

cover the breast, മാറുമറയ്ക്ക് maaRumaRyəkkə *(vi),* അവർ മാറുമറയ്ക്കുന്നു

covetousness, ദുരാഗ്രഹം duraagRahaM *(nn,comp),* രവിക്ക് ദുരാഗ്രഹമില്ലായിരുന്നു

cow, ഗോ goo *(nn),* ഗോമാംസം തിന്നരുത്

cow belonging to Indra, കാമധേനു kaamadheenu *(nn),* ഇന്ദ്രന്റെ പശുവാണ് കാമധേനു

cow dung, ചാണകം caaNakaM *(nn),* ചാണകം കൊണ്ട് ചില വീടുകൾ മെഴുകുന്നു

cow herd, ഗോപാലൻ goopaalan *(nn),* ഗോപാലൻ പശുക്കളെ മേയ്ക്കുന്നു

coward, തൊണ്ടൻ toNTan *(nn),* അയാൾ ഒരു തൊണ്ടനാണ്

coward, ഭീരു bhiiru *(nn),* അയാൾ ഒരു ഭീരുവാണ്

cowardice, അധൈര്യം adhairyaM *(nn),* അധൈര്യം കൊണ്ട് അവൻ പറഞ്ഞില്ല

cowardice, ഭീരുത്വം bhiirutvaM *(nn),* അയാളുടെ ഭീരുത്വം മൂലം ആ കള്ളൻ മുതൽ മോഷ്ടിച്ചു

cowardly, ഭീരുവായ bhiiruvaaya *(adj),* വളരെ ഭീരുവായ കുട്ടിയാണ് അവനെന്ന് എല്ലാവരും പറയുന്നു

cowherd, ഗോപൻ goopan *(nn),* ഗോപൻ ഗോപികയെ ആലിംഗനം ചെയ്തു

cowry, കവടി kavaTi *(nn),* അയാൾ കവടി നിരത്തി

cowshed, തൊഴുത്ത് toZuttə *(nn),* തൊഴുത്തിൽ പശുവിനെ കാണാനില്ല

crab, ഞണ്ട് ~NTə *(nn),* പുഴക്കരയിൽ കുറെ ഞണ്ടുകളുണ്ടായിരുന്നു

crack the joints of the fingers, ഞൊട്ടയൊടിക്ക് ~oTTayoTikkə *(comp vb),* ഞൊട്ടയൊടിക്കുന്ന ശീലം നല്ലതല്ല

cracker, ഏറുപടക്കം eeRupaTakkam *(nn,comp),* അവൻ ഏറുപടക്കം എറിഞ്ഞു പൊട്ടിച്ചു

crackers, പടക്കം paTakkaM *(nn),* അവൻ പടക്കം പൊട്ടിച്ചു
cracking sound of joints of the body, ഞൊട്ട ~oTTa *(nn),* രവി ഞൊട്ടയുണ്ടാക്കുന്നു
cradle, തൊട്ടിൽ toTTil *(nn),* അമ്മ കുട്ടിയെ തൊട്ടിയിൽ കിടത്തി
cradle, തൊട്ടിൽ toTTil *(nn),* കുട്ടി തൊട്ടിലിൽ ഉറങ്ങുന്നു
cram, തുറുത്ത് tuRuttə *(vt),* അയാൾ സാധനങ്ങളെല്ലാം സഞ്ചിയിൽ തുറുത്തിക്കയറ്റി
cram in, കുത്തിച്ചെലുത്ത് kutticeluttə *(comp vb),* അയാൾ എല്ലാം ചാക്കിൽ കുത്തിച്ചെലുത്തി
cramps, കോച്ചൽ kooccal *(nn),* തണുപ്പുകൊണ്ട് കോച്ചൽ വന്നു
crane, കൊക്ക് kokkə *(nn),* വയലിൽ കുറെ കൊക്കുകൾ വന്നിരിക്കുന്നു
crane, കൊച്ച kocca *(nn),* വയലിൽ ഒരു കൊച്ചയെ കണ്ടു
crash each other, കൂട്ടിമുട്ട് kuuTTimuTTə *(comp vb),* വാഹനങ്ങൾ തമ്മിൽ കൂട്ടിമുട്ടി
crawl, ഇഴയ് iZayə *(vi),* പാമ്പ് ഇഴഞ്ഞു മാളത്തിലേക്ക് പോയി
crawl, നിരങ്ങ് niraŋŋə *(nn),* കുട്ടികൾ നിരങ്ങുന്നു
crawling, നിരങ്ങൽ niraŋŋal *(nn),* കുട്ടികളുടെ പാർക്കിൽ നിരങ്ങൽ കളിയിൽ ഏർപ്പെട്ടിരിക്കുന്നു
creak, കിറുകിറുക്ക് kiRukiRukkə *(vi),* വണ്ടി കിറുകിറുക്കുന്നു
create, പടയ്ക്ക് paTaykkə *(vt),* പടച്ചോൻ മനുഷ്യനെ പടയ്ക്കുന്നു
create problems, കുതിരകയറ് kutirakayaRə *(comp vb),* അയാൾ എപ്പോഴും അവന്റെ മേൽ കുതിരകയറുന്നു
create tumult, കലശൽ കൂട്ട് *(vb, comp),* അയാൾ എപ്പോഴും കലശൽ കൂട്ടുന്നു
creating fear (huge), ഭീമ bhiima *(adj),* ഒരു ഭീമരൂപിയാണ് അയാൾ
creation, സൃഷ്ടി sR$Ti *(nn),* സൃഷ്ടിയുടെ നോവ് അമ്മയ്ക്ക് മാത്രമേ അറിയൂ
creator, സൃഷ്ടാവ് sRə$Taavə *(nn),* സൃഷ്ടാവ് സൃഷ്ടി നടത്തി
creep, പ്രാഞ്ച് pRaa~cə *(vi),* അവൾ പ്രാഞ്ചി നടക്കുന്നു
creep in, നുഴയ് nuZayə *(vi),* അവൻ ആ ദ്വാരത്തിലൂടെ നുഴഞ്ഞുകയറി
creeper, കൊടി koTi *(nn),* വെറ്റില കൊടി ഇട്ടു
creeper, വള്ളി vaLLi *(nn),* അയാൾ വള്ളിയിൽ പിടിച്ചു

creeping, നുഴച്ചൽ nuZaccal *(nn),* പാമ്പിന്റെ നുഴച്ചൽ അവർ നോക്കി നിന്നു
cremate, ദഹിപ്പിക്ക് dahippikkə *(vt),* അയാളുടെ ശവം ദഹിപ്പിച്ചു
crescent moon, ചന്ദ്രക്കല candRakkala *(nn,comp),* മാനത്ത് കാറുള്ളതുകൊണ്ട് ചന്ദ്രക്കല കാണാനില്ല
cricket, ചീവീട് ciiviiTə *(nn),* രാത്രിയിൽ ചീവീട് ഉച്ചത്തിൽ ശബ്ദമുണ്ടാക്കുന്നു
crime, കുറ്റം kuRRaM *(nn),* കുറ്റം ചെയ്തവൻ ശിക്ഷിക്കപ്പെടും
criminal, ക്രിമിനൽ kRiminal *(adj,nn),* അയാൾ ഒരു ക്രിമിനലാണ്
criteria, മാനദണ്ഡം maanadaNDaM *(nn),* എന്താണ് ഈ പ്രവൃത്തിയുടെ മാനദണ്ഡം
critic, വിമർശകൻ vimaRSakan *(nn),* വിമർശകൻ സത്യസന്ധമായി വിമർശിച്ചു.
critical, സന്ദിഗ്ദ്ധ sandigddha *(adj),* സന്ദിഗ്ദ്ധ ഘട്ടങ്ങളിൽ അയാൾ സഹായിക്കാൻ എത്തി
criticism, നിരൂപണം niruupaNaM *(nn),* നിരൂപണം ക്രിയാത്മകമായിരിക്കണം
criticism, നിരൂപണം niruupaNaM *(nn),* അയാൾ നിരൂപണം വായിച്ചു
criticism, വിമർശനം vimaRSanaM *(nn),* ആ വിമർശനം പലർക്കും ഇഷ്ടപ്പെട്ടില്ല.
criticize, നിരൂപിക്ക് niruupikkə *(vt),* കവിതയെ നിരൂപിക്കാൻ വിഷമമാണ്
crocodile, ചീങ്കണ്ണി ciiŋkaNNi *(nn),* ഒരു ചീങ്കണ്ണി വാ പൊളിച്ചുകൊണ്ടു വരുന്നു
crocodile, മുതല mutala *(nn),* അയാൾ ഒരു മുതലയെ കണ്ടു
crooked, കുടില kuTila *(adj),* അയാൾ ഒരു കുടില ബുദ്ധിയുള്ളവനായിരുന്നു
crooked, വക്ര vakRa *(adj),* വക്രബുദ്ധിയുള്ള ഒരു മനുഷ്യനാണയാൾ
crooked, വളഞ്ഞ vaLa~~a *(adj),* അയാളുടെ വളഞ്ഞ ബുദ്ധി നല്ല കാര്യത്തിനു പ്രയോഗിക്കണം
crookedness, ദുസ്സാമർത്ഥ്യം dussamaRtthyaM *(nn,comp),* അയാളുടെ ദുസ്സാമർത്ഥ്യം കൊണ്ട് ഒരവസരം നഷ്ടപ്പെട്ടു
crop, വിളവ് viLavə *(nn),* ഇക്കൊല്ലത്തെ വിളവ് വളരെ മോശമാണ്
crore, കോടി kooTi *(nn,num),* ഒരു കോടി രൂപയുടെ

പുതിയ ഒരു പദ്ധതി പ്രാബല്യത്തിൽ വന്നു

cross, കടക്ക് kaTakkə *(vi),* നദി കടക്കാൻ അവൻ ഏറെ വിഷമിച്ചു

cross, കുരിശ് kuriSə *(nn),* ക്രിസ്തുകുരിശിൽ മരിച്ചു

cross, മറികടക്ക് maRikkaTakkə *(vt),* പശു വേലി മറികടക്കുന്നു

cross, മുറിച്ചുകടക്ക് muRiccukaTakkə *(nn),* അയാൾ ഒരു നദി മുറിച്ചുകടന്നു

cross examination, എതിർവിസ്താരം etiRvistaaraM *(comp n),* എതിർ വിസ്താരം കഴിഞ്ഞ് പ്രതികൾ മടങ്ങിയെത്തി

cross over, താണ്ട് taaNTə *(vt),* ഹനുമാൻ കടൽ താണ്ടി

cross road where four roads meet, നാൽക്കവല naalkkavala *(nn,comp),* ഞങ്ങൾ നാൽക്കവലയിൽ വച്ച് കണ്ടുമുട്ടി

cross the legs, കാൽപിണയ്ക്ക് kaalpiNyəkkə *(comp vb),* അവൻ കസേരയിൽ കാൽപിണച്ച് ഇരുന്നു

crouch, പതുങ്ങ് patuṇṇə *(vi),* അയാൾ അവിടെ പതുങ്ങി നിന്നു

crouch, പമ്മ് pammə *(vi),* അയാൾ അവിടെ പമ്മി നിന്നു

crow, കാക്ക kaakka *(nn),* കാക്ക അപ്പം തട്ടിയെടുത്തു

crow catching, സേവപിടിക്ക് seevapitikkə *(vt),* അയാൾ സേവപിടിക്കാൻ മിടുക്കനാണ്

crowd, കൂട്ടം kuuTTaM *(nn),* കൂട്ടം തെറ്റി മേയുന്ന ഒരു ആടാണിത്

crowd, ജനക്കൂട്ടം janakkuuTTaM *(nn,comp),* ജനക്കൂട്ടം പോലീസ് സ്റ്റേഷൻ ആക്രമിച്ചു

crowd, ജനസമൂഹം janasmuuhaM *(nn,comp),* ജനസമൂഹം തിങ്ങിപ്പാർക്കുന്ന ഇടങ്ങളിൽ അവർ താമസിച്ചില്ല

crowd, തിരക്ക് tirakkə *(nn),* തിരക്കിലൂടെ ഞങ്ങൾ നടന്നു നീങ്ങി

crowd pressure, തിക്ക് tikkə *(nn),* ഈ തിക്കിൽപെട്ട് ഞങ്ങൾക്ക് നടക്കാൻ കഴിഞ്ഞില്ല.

crown, കിരീടം kiriiTaM *(nn),* രാജാവ് കിരീടം വച്ചിരുന്നു

crown, മകുടം makuTaM *(nn),* അയാൾ വിജയത്തിന്റെ മകുടം ചൂടി

crown, മുടി muuTi *(nn),* രാജാവ് മുടി ചൂടി

crucification of Jesus christ, ക്രൂശ് (കുരിശ്) kRuuSə (kurisə) *(nn),* ക്രിസ്തു ക്രൂശിൽ (കുരിശിൽ) മരിച്ചു

crude, ചെറ്റ ceRRa *(nn),* അവൻ ഒരു ചെറ്റപ്പുരയിൽ താമസിക്കുന്നു

cruel, ക്രൂരമായ kRuuramaaya *(adj),* വളരെ ക്രൂരമായ ഒരു കൊലപാതകമായിരുന്നു അത്

cruel, ദുഷ്ട du$Ta *(adj),* ദുഷ്ടമൃഗങ്ങൾ ഈ കാട്ടിൽ അനവധിയുണ്ട്

cruel person, ക്രൂരൻ kRuuran *(nn),* രാവണൻ ഒരു ക്രൂരനായിരുന്നു

cruelity, കഠോരത kaThoorata *(nn),* അയാളുടെ കഠോരത ആർക്കും ഇഷ്ടപ്പെട്ടില്ല

cruelty, ക്രൂരം kRuuraM *(nn),* രാവണന്റെ സ്വഭാവം വളരെ ക്രൂരമായിരുന്നു

cruelty, ക്രൌര്യം kRauryaM *(nn),* ആ മനുഷ്യന്റെ ക്രൌര്യം ഒടുവിൽ അവസാനിച്ചു

cruelty, നിർദ്ദയത്വം niRddayatvaM *(adj),* അയാളുടെ നിർദ്ദയത്വം എല്ലാവരും വെറുത്തു

cruelty, നിഷ്ഠൂരം ni$ThuuraM *(nn),* മനുഷ്യൻ മൃഗങ്ങളോട് നിഷ്ഠൂരം കാട്ടരുത്

crush, ചതയ്ക്ക് cataykkə *(vt),* അമ്മ ചില പച്ചിലകൾ ചതയ്ക്കുന്നു

crush, ഞെരിക്ക് ~erikkə *(vt),* ധൃതരാഷ്ട്രർ ഭീമന്റെ വിഗ്രഹം ഞെരിച്ചു

crush, പൊടിക്ക് poTikkə *(vt),* ഇവിടെ ധാന്യങ്ങൾ പൊടിക്കുന്നു

crush, പൊടിയ്ക്ക് poTikkə *(vt),* വലിയ കല്ലുകൾ പൊടിക്കുന്നു

cry, കരയ് karayə *(vi),* എന്തിനാണ് ഇങ്ങനെ കരയുന്നത്?

cry, വിതുമ്പ് vitumbə *(vt),* അവൾ വിതുമ്പുന്നു

cry aloud, ആർക്ക് aaRkkə *(vi),* കുട്ടികൾ ഉച്ചത്തിൽ ആർക്കുന്നു

cry aloud in fear, അലറ് aLaRə *(vi),* കുട്ടി രാത്രിയിൽ സ്വപ്നം കണ്ട് അലറുന്നു

cry loudly, പൊട്ടിക്കരയ് poTTikkarayə *(comp vb),* അവൾ വളരെ ഉച്ചത്തിൽ പൊട്ടിക്കരഞ്ഞു

crying, കരച്ചിൽ Karaccil *(nn),* അവന് വല്ലാതെ കരച്ചിൽ വന്നു

crying, രോദനം roodanaM *(nn),* വിശപ്പ് കൊണ്ടുള്ള അവളുടെ ദയനീയമായ രോദനം കേട്ട് ജനങ്ങൾക്ക് ദയ തോന്നി

crying aloud, അലർച്ച alaRcca *(nn),* പശുവിന്റെ അലർച്ച കേട്ട് എല്ലാവരും വന്നു നോക്കി

crystaline salt, പരലുപ്പ് paraluppə *(nn,comp),* പരലുപ്പിന്റെ വെള്ളം കറിയിലൊഴിച്ചു

cucumber, വെള്ളരിക്ക veLLarikka *(nn),* വെള്ളരിയ്ക്ക ഒന്നിന് എത്രയാണ് വില?

cucumis (colocynthus), കുമ്മട്ടി kummaTTi *(nn),* അവൾ കുമ്മട്ടിയുടെ ഇല പറിച്ചു

cue word, അടയാളവാക്ക് aTayaaLavaakkə *(comp n),* ഹനുമാൻ അടയാളവാക്ക് പറഞ്ഞു

culprit, കുറ്റവാളി kuRRavaLi *(nn),* കുറ്റവാളി ശിക്ഷിക്കപ്പെട്ടു

culprit (one who erred), തെറ്റുകാരൻ teRRukaaran *(nn,comp),* രവി തെറ്റുകാരനല്ല

cultivate, കൃഷിചെയ്യ് kRə$iceyyə *(vi),* കൃഷിക്കാരൻ വയലിൽ കൃഷിചെയ്യുന്നു

cultivation, കൃഷി kRə$i *(nn),* കൃഷിയാണ് ഇന്ത്യക്കാരുടെ പ്രധാനപ്പെട്ട തൊഴിൽ

cultural, സാംസ്ക്കാരിക saaMskkaarika *(adj),* സാംസ്ക്കാരിക കാര്യങ്ങളിൽ അയാൾ ശ്രദ്ധിച്ചു

culture, സംസ്കൃതി saMskRti *(nn),* അയാൾക്ക് സംസ്കൃതിയെപ്പറ്റി അറിയില്ല

culture, സംസ്ക്കാരം saMskkaaraM *(nn),* സംസ്ക്കാരമില്ലാത്ത ജനതയുണ്ടോ?

cumin seed, ജീരകം jiirakaM *(nn),* അമ്മ ജീരകം പൊടിക്കുന്നു

cunning, സൂത്രശാലിയായ suutRaSaaliyaaya *(adj),* ഏറ്റവും സൂത്രശാലിയായ മനുഷ്യനാണ് അയാൾ എന്ന് എനിക്കു തീർച്ചയായി

cup, കപ്പ് kappə *(nn),* ഒരു കപ്പ് കാപ്പി കുടിച്ചു

cup, കോപ്പ kooppa *(nn),* അമ്മ ഒരു കോപ്പയിൽ മരുന്നു കൊണ്ടുവന്നു

curdling milk, ഉറച്ചിൽ uRaccil *(nn),* പാലിന്റെ ഉറച്ചിലിന് താമസം നേരിടും

curds, തൈര് tairə *(nn),* ഞാൻ തൈര് കൂട്ടി ഊണു കഴിച്ചു

cure, സുഖപ്പെടുത്ത് sukhappeTuttə *(vt),* അമ്മയുടെ അസുഖം വേഗം സുഖപ്പെടുത്തി

curfew, നിരോധനാജ്ഞ niroodhanaaj~a *(nn,comp),* നിരോധനാജ്ഞ ലംഘിച്ച് ജനം തള്ളിക്കയറി

curiosity, കുതുകം kutukam *(nn),* എനിക്ക് അതിന്റെ മേൽ കുതുകം തോന്നി

curiosity, കൌതുകം kautukaM *(nn),* അനിലിന് എല്ലാറ്റിനോടും കൌതുകമുണ്ട്

curiosity, ജിജ്ഞാസ jij~~aasa *(nn),* മുരളിയുടെ ജിജ്ഞാസ പ്രശംസനീയമാണ്

curl of hair falling on the forehead, കുറുനിര kuRunira *(nn,comp),* കുട്ടിയുടെ കുറുനിരകൾ നെറ്റിയിൽ പടർന്നു കിടന്നു

curl one's moustache, മീശചുരുട്ട് miiSacuruTTə *(vb, comp),* അയാൾ മീശചുരുട്ടി ഭീഷണിപ്പെടുത്തി

curly, ചുരുണ്ട curuNTa *(adj),* അവന്റെ മുടി ചുരുണ്ട മുടിയായിരുന്നു

curly hair, കുഴൽ kuZal *(nn),* അവന്റെ കുറുകുഴൽ നെറ്റിയിൽ വീണു കിടന്നു

currency, നാണയം naaNayaM *(nn),* ഇന്ത്യയുടെ നാണയം പൈസാ, രൂപയാണ്

currency of India Pakistan and Srilanka, രൂപ ruupa *(nn),* ഇത് ഇൻഡ്യയുടെ പത്തു രൂപാ കറൻസി നോട്ടാണ്

current, ഒഴുക്ക് oZukkə *(nn),* ശക്തമായ ഒഴുക്കുള്ളതുകൊണ്ട് വള്ളം പതുക്കെ നീങ്ങി

current, ജലപ്രവാഹം jalapRavaahaM *(nn,comp),* ജലപ്രവാഹത്തിൽപെട്ട് വൃക്ഷങ്ങൾ ഒഴുകിപ്പോയി

currently not in use, ഖില khila *(nn),* ഇൻ , ആൻ ഭാഷയിലെ ഖില ധാതുക്കളാണ്

curry, കറി KaRi *(nn),* അമ്മ ഇന്നലെ കറി വച്ചു

curry, കൂട്ടാൻ kuuTTaan *(nn),* അമ്മ കുറേ കൂട്ടാനുകൾ ഉണ്ടാക്കി

curry leaf, കരിവേപ്പില kariveeppila *(nn),* കരിവേപ്പില കറിയിലിടുന്നു

curry leaf, കറിവേപ്പില kaRiveeppila *(nn),* കറിയിൽ കറിവേപ്പിലയിട്ടില്ല

curry leaf tree, കരിവേപ്പ് kariveeppə *(nn),* കരിവേപ്പിന്റെ ഇല കറിയിലിടുന്നു

curry leaf tree, കറിവേപ്പ് kaRiveeppə *(nn),* കറിവേപ്പിലയില്ലാത്ത കറിയില്ല

curse, പ്രാക്ക് pRakkəi *(nn),* അയാൾക്ക് ഒരു പ്രാക്ക് കിട്ടി

curse, ശപിക്ക് Sapikkə *(vt),* ദുർവ്വാസാവ് ശകുന്തളയെ ശപിക്കുന്നു

curtain, തിരശ്ശീല tiraSSiila *(nn),* തിരശ്ശീല ഉയർന്നു നാടകം തുടങ്ങി

curtain, പടുതാ paTutaa *(nn),* അവൾ പെട്ടെന്ന് പടുതായ്ക്കുള്ളിൽ ഒളിച്ചു

curve, കോണിയ്ക്ക് kooNiykkə *(vt),* അവളുടെ കൂടെ കോണിച്ചു പോയി

curve, വളവ് vaLavə *(nn),* ഈ റോഡിലെ അടുത്ത വളവിലാണ് അപകടമുണ്ടായത്

curved, വളഞ്ഞ vaLa~~a *(adj),* ആ വഴി വളഞ്ഞതായിരുന്നു

cuscus grass, രാമച്ചം raamaccaM *(nn),* രാമച്ചവിശറി പനിനീരിൽ മുക്കി

custodian of church properties, കൈക്കാരൻ kaikkaaran *(nn,comp),* അയാൾ പള്ളിയിലെ കൈക്കാരനായിരുന്നു

custom, ആചാരം aacaaraM *(nn),* പഴയ ആചാരങ്ങൾ നാം മാറ്റിമറിക്കണം

custom, പതിവ് pativə *(nn),* എല്ലാം പതിവുപോലെ നടക്കുന്നു

custom house, ചുങ്കപ്പുര cuṇkappura *(nn),* ചുങ്കപ്പുരയിൽ ചുങ്കം പിരിക്കുന്നു

customary law, ക്രമം kRamaM *(nn),* ട്രാഫിക്ക് ക്രമത്തിന് വിരുദ്ധമായി പ്രവർത്തിച്ചവർ ശിക്ഷിക്കപ്പെട്ടു

customary mark put on the forehead, തൊടുകുറി toTukuRi *(nn,comp),* രവി രാധയ്ക്ക് തൊടുകുറി ചാർത്തി

customers, ഇടപാടുകാർ iTapaaTukaaR *(nn),* ഇടപാടുകാർ ആരും ഇന്നു വന്നിട്ടില്ല

customs accepted in the world, ലോകമര്യാദ lookamaRyaada *(comp nn),* ലോകമര്യാദ അയാൾക്കറിയില്ല

customs of the country, നാട്ടാചാരം naaTTaacaaraM *(nn,comp),* നാട്ടാചാരം അവർ അനുസരിച്ചില്ല

customs of the country, നാട്ടുനടപ്പ് naaTTunaTappə *(nn,comp),* നാട്ടുനടപ്പനുസരിച്ച് അങ്ങിനെ ചെയ്യാൻ പാടില്ല

customs or observances of a caste or community, ജാത്യാചാരം jaatyaacaaraM *(nn,comp),* നമ്പൂതിരി ജാത്യാചാരം അനുഷ്ഠിച്ചു

cut, അറക്ക് aRakkə *(vt),* അയാൾ മരം അറക്കുന്നു

cut, കണ്ടിക്ക് kaNTikkə *(vt),* അയാൾ വടി ചെറിയ കഷണങ്ങളായി കണ്ടിക്കുന്നു

cut, ഛേദിക്ക് cheedikkə *(vi),* രവി പെൻസിൽ രണ്ടായി ഛേദിച്ചു

cut, മുറിക്ക് muRikkə *(vt),* അയാൾ പലക മുറിച്ചു

cut, മുറിയ്ക്ക് muRiykkə *(vt),* മരത്തിന്റെ ഒരു കൊമ്പ് മുറിച്ചുമാറ്റി

cut by means of scissors, കത്രിക്ക് kaTRika *(vt),* അയാൾ കത്രികകൊണ്ട് കത്രിക്കുന്നു.

cut into piece, കഷ്ണിക്ക് ka$aNikkə *(vt),* അയാൾ ആ പച്ചക്കറി കഷ്ണിച്ചു

cut into pieces, തുണ്ടിക്ക് tuNTikkə *(vt),* അയാൾ വിറക് തുണ്ടിച്ചു

cut into pieces, പൂള് puuLə *(vt),* അമ്മ മാങ്ങ പൂളി

cut into small pieces, അരിയ് ariyə *(vt),* അമ്മായി പച്ചക്കറികൾ അരിയുകയായിരുന്നു

cut portion, ചെത്തുപാട് cettupaaTə *(nn,comp),* ചെത്തുപാടിലൂടെ ഒരു ദ്രാവകം ഇറങ്ങിവരുന്നു

cut short, വെട്ടിക്കുറയ്ക്ക് veTTikkuRaykkə *(vt),* പഴയ നികുതികളെല്ലാം വെട്ടിക്കുറയ്ക്കാൻ സർക്കാർ തീരുമാനിച്ചു

cut to pieces, ഖണ്ഡിക്ക് khaNDikkə *(vt),* രാജൻ മരം പല കഷണമായി ഖണ്ഡിച്ചു

cutting off, വിച്ഛേദനം viccheedanaM *(nn),* ശ്രീകൃഷ്ണൻ നരകാസുരന്റെ ശിരസ്സ് വിച്ഛേദനം ചെയ്തു

cutting the throat, കണ്ഠച്ഛേദം kaNThacheedaM *(nn,comp),* അയാളുടെ കണ്ഠച്ഛേദം നടത്തി

cycle, വലയം valayaM *(nn),* ആ വലയത്തിൽ നിന്ന് അയാൾക്ക് പുറത്തുവരാൻ കഴിഞ്ഞില്ല

cyclical, ചാക്രികമായ caakRikamaaya *(adj),* സർക്കസ്സിൽ ചാക്രികമായ പെൻഡുലത്തിൽ കുട്ടികൾ ആടുന്നു

cymbals, താളം taaLaM *(nn),* താളം വിളിച്ചു

cynic, ദോഷൈകദൃക്ക് doo$aikdRkkə *(nn,comp),* അയാൾ ഒരു ദോഷൈകദൃക്കായിരുന്നു

cyperus rotandues (fragrant tropical grass of the sedge family), മുത്തങ്ങ muttaṇṇa *(nn),* മുത്തങ്ങ വയറിളക്കത്തിനു വളരെ നല്ല മരുന്നാണ്.

dacoit, തീവെട്ടിക്കൊള്ള tiiveTTikkoLLa *(nn),* ഇവിടെ തീവെട്ടിക്കൊള്ളകൾ സാധാരണമായിരുന്നു

dagger, ചുരിക curika *(nn),* ഒതേനൻ ചുരിക ആകാശത്തു ചുഴറ്റി

daily, ദിനംപ്രതി dinaMpRati *(adv),* ദിനംപ്രതി അയാൾ ഇവിടെ വരുന്നു

daily, ദിവസേന divaseena *(adv),* ദിവസേന അയാൾ ഇവിടെ വരുന്നു

daily, നാൾതോറും naaLtooRuM *(adv),* നാൾതോറും അവർ വന്നു കൊണ്ടിരിക്കും

daily, നിത്യം nityaM *(adv),* നിത്യവും പകലുറക്കം നല്ലതല്ല

daily, പ്രതിദിനം pRatidinaM *(nn,comp),* വീട്ടിന്റെ മുറ്റത്തു പ്രതിദിനം കോലം വരയ്ക്കുന്നു

daily duties, ദിനചര്യ dinacarya *(nn,comp),* അവൻ ദിനചര്യകളിൽ വ്യാപൃതനായി

daily duty, നിത്യകർമ്മം nityakaRmmaM *(comp n),* നിത്യകർമ്മങ്ങൾ അവർ കൃത്യമായി ചെയ്തു

daily duty, നിത്യച്ചെലവ് nityacelavə *(nn,comp),* നിത്യച്ചെലവിനു പോലും പണം ഇല്ല

daily living, നിത്യവൃത്തി nityavRtti *(nn,comp),* നിത്യവൃത്തിക്കുവേണ്ടി അയാൾ കഷ്ടപ്പെടുന്നു

daily newspaper, ദിനപ്പത്രം dinapatRaM *(nn,comp),* ഇന്ന് ദിനപ്പത്രം വന്നു

daily occupation, നിത്യത്തൊഴിൽ nityattoZil *(nn,comp),* നിത്യത്തൊഴിൽ അഭ്യാസം

daily record, ഡയറി DayaRi *(nn),* പോലീസുകാർ ദിവസേന ഡയറി എഴുതുന്നു

dam, അണ aNa *(nn),* അണക്കെട്ടിൽ വെള്ളം സംഭരിക്കുന്നു

damage, കെടുകാര്യം keTukaaryaM *(nn,comp),* കെടുകാര്യം സംഭവിച്ചതിന് ആരും ഉത്തരവാദിത്തം ഏറ്റില്ല

damage, ചേതം ceetaM *(nn),* തീ പിടുത്തത്തിൽ എന്ത് ചേതം വന്നു

damascene blade, ഉറുമി uRumi *(nn),* ഉറുമി കൊണ്ട് ഒതേനൻ യുദ്ധം ചെയ്തു

Damayanthi, ദമയന്തി damayanti *(nn),* ദമയന്തി കാട്ടിലൂടെ നടന്നു

dampness, ഈർപ്പം iiRppaM *(nn),* ഈർപ്പം തട്ടിയാൽ ഈ ഉപകരണം കേടാകും

dance, ആട്ടം aaTTaM *(nn),* അവിടെ കഥകളിയുടെ ആട്ടം നടക്കുന്നു

dance, കൂത്താട് kuuttaaTə *(vb, comp),* സുന്ദരിമാർ കൂത്തമ്പലത്തിൽ കൂത്താടുന്നു

dance, നൃത്തം nRttaM *(nn),* അവൾ നൃത്തം പഠിക്കുന്നു

dance, നൃത്തംചെയ്യ് nRəttaMcayyə *(vi),* അവൾ നന്നായി നൃത്തം ചെയ്യും

dance for joy, തുള്ളിക്കളി tuLLikkaLi *(nn,comp),* കുട്ടികൾ തുള്ളിക്കളി നടത്തി

dance form of Kerala, ഓട്ടന്തുള്ളൽ ooTTantuLLal *(comp n),* ഓട്ടൻ തുള്ളൽ ഒരു കേരളീയ ദൃശ്യകലയാണ്

dance form of kerala, കൂടിയാട്ടം kuuTiyaaTTaM *(nn),* കൂടിയാട്ടം കഴിഞ്ഞ് വേഷക്കാർ വേഷമഴിച്ചു

dance form of Kerala, മോഹിനിയാട്ടം moohiniyaaTTaM *(nn),* അവൾ മോഹിനിയാട്ടം പഠിക്കുന്നു

dance form of muslims, ഒപ്പന oppana *(nn),* അവൾ ഒപ്പന കളിച്ചു

dance hall attached to a temple, കൂത്തമ്പലം kuuttambalaM *(nn,comp),* കൂത്തമ്പലത്തിൽ നൃത്തം നടക്കുന്നു

dance preceptor or tutor, നാട്യാചാര്യൻ naaTyaacaaryan *(nn,comp),* നാട്യാചാര്യൻ അന്തരിച്ചു

dance with joy, തിമർക്ക് timaRkkə *(vt),* കുട്ടികൾ അവിടെ തിമർക്കുന്നു

dancing, നർത്തനം naRttanaM *(nn),* മയിൽ നർത്തനം ചെയ്യുന്നു

dancing as a worship to goddess in temples, ഉറച്ചൽ uRaccal *(nn),* ഞാൻ വെളിച്ചപ്പാടിന്റെ ഉറച്ചൽ കണ്ടു നിന്നു

dancing girl, കൂത്താടി kuuttaaTi *(nn),* അവൾ ഒരു കൂത്താടിയാണ്

dancing of man dancing of Siva, താണ്ഡവം taaNDavaM *(nn),* ശിവൻ താണ്ഡവം ആടി

dancing on a string (kind of rope dance), ഞാണിന്മേൽകളി ~aaNinmeelkkaLi *(nn,comp),* അവിടെ കൂറേപ്പേർ ഞാണിന്മേൽകളി നടത്തുന്നു

dandruff, ചാരണം caraNaM *(nn),* തലയിൽ നിറയെ ചാരണമാണത്രേ

dandruff, താരൻ taaran *(nn),* തലയിൽ താരനുണ്ടെന്ന് രാധ പറഞ്ഞു

danger, ആപത്ത് aapattə *(nn),* ആപത്തിൽ സഹായിക്കുന്നവൻ ആണ് യഥാർത്ഥ സുഹൃത്ത്

danger of life, പ്രാണാപായം pRaaNaapaayaM *(comp nn),* അയാൾക്ക് പ്രാണാപായം സംഭവിച്ചു

dangerous, അപകടകരമായ apakaTakaramaaya *(adj),* ആപൽക്കരസ്ഥിതിയുള്ള രോഗി അപകടകരമായ ഘട്ടത്തെ തരണം ചെയ്തുകഴിഞ്ഞു.

dare, തുനിയ് tuniyə *(vi),* രവി ഒരു കൊലപാതകത്തിനു തുനിഞ്ഞു

dark, ഇരുട്ടുള്ള iruTTuLLa *(adj),* വല്ലാതെ ഇരുട്ടുള്ള ഒരു മുറിയാണത്

dark, കടും kaTum *(adj),* കടുംനിറത്തിലുള്ള വസ്ത്രങ്ങൾ അയാൾ ധരിക്കുന്നു

darkness, അന്ധകാരം andhakaaraM *(nn),* അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്ക് വിദ്യ നമ്മെ നയിക്കുന്നു

darkness, ഇരുൾ iruL *(nn),* ഇരുളിൽ ആരുടെയോ കാൽപ്പെരുമാറ്റം കേട്ടു

darkness, തമസ്സ് tamassə *(nn),* തമസ്സിൽ നിന്നു ജ്യോതിസ്സിലേക്ക്

date, തീയതി tiiyati *(nn),* എല്ലാമാസവും ഒന്നാംതീയതി അയാൾ ഇവിടെ ദർശനം നടത്തും

date palm, ഈത്ത iitta *(nn),* ഈത്തയിൽ ഈന്തപ്പഴം ഉണ്ടാകുന്നു

date palm, ഖർജ്ജുരം khaRjjuuraM *(nn),* ഖർജ്ജുരം മധുരിക്കുന്നു

daughter, മകൾ makaL *(nn, ks),* നെഹ്റുവിന്റെ മകളാണ് ഇന്ദിരാഗാന്ധി

daughter in law, മരുമകൾ marumakaL *(nn),* മകൻ ചത്താലും മരുമകളുടെ കണ്ണീരു കണ്ടാൽ മതി

dawn, ഉഷസ്സ് u$assə *(nn),* നന്നെ ഉഷസ്സിൽ അയാൾ പുറപ്പെട്ടു

day, ദിനം dinaM *(nn),* ഒരു ദിനം വീണ്ടും കണ്ടുമുട്ടും

day, ദിവസം divasaM *(nn),* അങ്ങനെ ഒരു ദിവസം കടന്നുപോയി

day, നാൾ naaL *(nn),* ഓരോ നാളും അങ്ങനെ കഴിച്ചുകൂട്ടുന്നു

day, പകൽ pakalee *(adv),* പകലേ പുറപ്പെട്ടാൽ ശരിയാകൂ

day after tomorrow, മറ്റന്നാൾ maRannaaL *(nn),* മറ്റന്നാൾ എന്റെ പിറന്നാളാണ്.

day and night, രാപകൽ raapakal *(comp nn),* രാപകൽ അവർ അവിടെ അധ്വാനിച്ചു

day before yesterday, മിനിഞ്ഞാന്ന് mini~~aannə *(nn),* അവൻ മിനിഞ്ഞാന്ന് ഇവിടെ വന്നു

day breaks open, പുലർ pularə *(vt),* നേരം പുലരാൻ ഇനി കുറച്ചു സമയമേയുള്ളൂ

day by day, നാൾക്കുനാൾ naaLkkunaaL *(adv),* നാൾക്കുനാൾ അയാൾ ശോഷിച്ചുവന്നു

day dream, ദിവാസ്വപ്നം divaasvapnaM *(nn),* അവൾ ദിവാസ്വപ്നത്തിൽ മുഴുകി

day dream, പകൽക്കിനാവ് pakalkkinaavə *(nn,comp),* അവൾ

പകൽക്കിനാവുകൾ കാണുന്നു

day to day, ദൈനംദിനം dainaMdinaM *(adv),* ദൈനംദിന കാര്യങ്ങൾ മുറയ്ക്ക് നടക്കുന്നു

day's wage of carpenter, തച്ച് taccə *(nn),* തച്ചൻ ഇന്ന് ഒരു തച്ച് പണിതു

dazzle, അഞ്ച് a~cə *(vi),* കണ്ണഞ്ചിപ്പിക്കുന്ന ഒരു കൊട്ടാരമായിരുന്നു അത്

dazzling, അത്യുജ്ജ്വലമായ atyujjvalamaaya *(adj),* അത്യുജ്ജ്വലമായ ഒരു വിജയമായിരുന്നു ആ കളിക്കാരുടേത്

dead, മരിച്ചവർ mariccavaR *(nn),* മരിച്ചവർ തിരിച്ചു വരില്ലല്ലോ

dead, മൃത mRəta *(adj),* മൃതമായ അവസ്ഥയിലായിരുന്നു ആ ലൈബ്രറി

deadly poison, കാളകൂടം kaaLakuuTaM *(nn,comp),* ശിവൻ കാളകൂടം കുടിച്ചു

deaf, ബധിരൻ badhiran *(nn),* അയാൾ ബധിരനും അവർ ബധിരയുമാണ്

deaf person, ചെകിടൻ cekiTan *(nn),* അവൻ ഒരു ചെകിടനാണ്

deal with, കൈകാര്യം ചെയ്യ് *(nn,comp),* മധുവിന്റെ കാര്യങ്ങൾ എല്ലാം അധ്യാപകൻ കൈകാര്യം ചെയ്തു

dealings, ഏർപ്പാട് eeRppaaTə *(nn),* അയാളുമായിട്ടുള്ള എല്ലാ ഏർപ്പാടുകളും അവസാനിപ്പിച്ചു.

dear, പൊൻ pon *(adj),* എന്റെ പൊന്നുംകുടമേ ചക്കരക്കുടമേ നീയൊന്നു വായോ

dear one, ഓമന oomana *(nn),* അയാളുടെ ഓമനയാണ് അവൾ

dearness, ഓമനത്തം oomanattaM *(nn),* കുട്ടിയുടെ മുഖത്ത് ഓമനത്തം തുളുമ്പുന്നു

death, കാലം kaalaM *(nn),* അയാൾ കാലം ചെയ്തു

death, കാലയവനിക kaalayavanika *(nn,comp),* അങ്ങനെ അവരും കാലയവനികയിൽ മറഞ്ഞു

death, ചരമം caramaM *(nn),* രാധയുടെ അച്ഛന്റെ ചരമം രവി അറിഞ്ഞില്ല

death, ജീവഹാനി jiivahaani *(nn,comp),* ജീവഹാനി സംഭവിക്കാമായിരുന്ന അപകടമായിരുന്നു അത്

death, ദേഹനാശം deehanaaSaM *(nn,comp),* അയാൾക്ക് ദേഹനാശം സംഭവിച്ചു

death, നിര്യാണം niRyaaNaM *(nn),* അദ്ദേഹത്തിന്റെ നിര്യാണം പെട്ടെന്നായിരുന്നു.

death, മരണം maraNaM *(nn),* ഇന്നല്ലെങ്കിൽ നാളെ മരണം നിശ്ചയം

death, മൃതി mRəti *(nn),* മൃതിയിൽ നിന്ന് അമരത്വത്തിലേക്ക് നീങ്ങി

death, മൃത്യു mRətyu *(nn),* മൃത്യുവിന്റെ കൈകളിൽ അയാൾ ലയിച്ചു

death ceremony with gingely seeds and water, തിലാഞ്ജലി tilaajjali *(nn,comp),* ഉണ്ണി തിലാഞ്ജലി ചെയ്തു

death of a holy person, സമാധി smaadhi *(nn),* സ്വാമി സമാധിയടഞ്ഞു

death of royal people of cochin kingdom, തീപ്പെട്ട് tiippeTə *(vi),* കൊച്ചിരാജാവ് തീപ്പെട്ടു

death sentence, മരണശിക്ഷ maraNaSik$a *(nn,comp),* അയാൾക്ക് മരണശിക്ഷ കിട്ടി

debenture bond, കടപ്പത്രം kaTappatRaM *(nn,comp),* കടപ്പത്രത്തിൽ അയാൾ ഒപ്പുവച്ചു

debt, ഋണം RəNaM *(nn),* ഋണം ഒരു ധനമല്ല

debt, കടം kaTaM *(nn),* ഞാൻ അവനോട് കടം വാങ്ങി

debtor, കടക്കാരൻ kaTakkaaran *(nn,comp),* ഞാൻ അയാൾക്കു കടക്കാരനായി തീർന്നു

decan plateau of South India, ഡക്കാൻ Dakkan *(nn),* ഡക്കാനിൽ ഇപ്പോൾ തണുപ്പു കുറവാണ്

decant, വടിക്ക് vaTikkə *(vt),* അമ്മ ചോറ് വടിച്ചെടുത്തു

decay, അളിയ് aLiyə *(vi),* ഈ വൃത്തികേടുകൾ ഇവിടെ കിടന്ന് അളിയുന്നു

decay, കേട് keeTə *(nn),* കേടു പറ്റിയ ഒരു മാങ്ങയാണത്

decay, ക്ഷയിക്ക് k$ayikkə *(vi),* തടികൾ വളരെ ദിവസങ്ങൾക്കു ശേഷം ക്ഷയിച്ചുപോകും

decay, ചളിക്ക് caLikkə *(nn),* പഴയ ഭക്ഷണസാധനങ്ങൾ കിടന്ന് ചളിക്കുന്നു

decay, ചളിപ്പ് caLippə *(nn),* ഭക്ഷണ സാധനങ്ങളിൽ ചളിപ്പ് അനുഭവപ്പെടുന്നു

decay, ചെതുക്ക് cetukkə *(nn),* മരത്തിൽ ചെതുക്കുണ്ടായിരിക്കുന്നു

decay, ചെത്ത്പോക് cettəpookə *(vi),* ചെത്തുപോയ കൊമ്പ് ഒടിഞ്ഞു വീണു

decayed, ജീർണ്ണ jiiRNNa *(adj),* ഒരു ജീർണ്ണസംസ്ക്കാരമാണ് അവരുടേത്

decayed leaves, അട്ട aTTa *(adj),* അട്ടയിലകൾ ഇവിടെ കുമിഞ്ഞുകൂടി കിടക്കുന്നു

deceiet, വഞ്ചന va~cana *(nn),* വഞ്ചനയുടെ കഥകൾ അയാൾ പറഞ്ഞു

deceit, ഉരുട്ട് uruTTə *(nn),* അയാളുടെ ഉരുട്ടു വിദ്യകളിൽ അവൻ വീണില്ല

deceit, ജാട jaaTa *(nn),* രമേശിന് ജാടകളൊന്നുമില്ലായിരുന്നു

deceit, മറിമായം maRimaayaM *(nn),* അവിടെ എന്തൊക്കെയോ മറിമായം നടന്നു

deceitful man, വഞ്ചകൻ va~cakan *(nn),* അയാൾ ഒരു വഞ്ചകനാണ്

deceitfulness, കാപട്യം kaapaTyaM *(nn),* കവിയുടെ കാപട്യം എല്ലാവരും തിരിച്ചറിഞ്ഞു

deceive, തട്ടിക്ക് taTTikkə *(vt),* അയാൾ എപ്പോഴും ആൾക്കാരെ തട്ടിക്കുന്നു

december, ഡിസംബർ DisaMbaR *(nn),* ഡിസംബറിൽ വല്ലാത്ത തണുപ്പാണ്

decency, സഭ്യത sabhyata *(nn),* സഭ്യതയില്ലാത്ത സംസാരം കൊണ്ട് അവൻ ചീത്തപ്പേര് സമ്പാദിച്ചു

decent, സഭ്യ sabya *(adj,pfx),* അവൻ സഭ്യമായ വാക്കുകളേ പറയൂ

decentralisation, വികേന്ദ്രീകരണം vikeendRiikaraNaM *(nn),* അധികാരത്തിന്റെ വികേന്ദ്രീകരണം അത്യാവശ്യമാണ്

decentralise, വികേന്ദ്രീകരിക്ക് vikeendRiikarikkə *(vt),* അധികാരം വികേന്ദ്രീകരിക്കുന്നു

decide, ഉറപ്പാക്ക് uRappaakkə *(vi),* അയാൾ പോകേണ്ടെന്ന് ഉറപ്പാക്കി

decide, തീരുമാനിക്ക് tiirumaanikkə *(vt),* പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കാൻ യോഗം തീരുമാനിച്ചു

deciding, നിർണ്ണായകമായ niRNNaayakamaaya *(adj),* നിർണ്ണായകമായ മണിക്കൂറുകൾ കൊണ്ട് പലരേയും രക്ഷപ്പെടുത്തി

decimal, ദശാംശം daSaMSaM *(nn),* ഒരു ദശാംശത്തിന്റെ സ്ഥാനം മാറിപ്പോയി

decision, തീരുമാനം tiirumanaM *(nn),* രാജി കൊടുക്കാൻ ഉണ്ണി തീരുമാനം എടുത്തു

deciver, ചതിയൻ catiyan *(nn),* രവി ഒരു ചതിയനാണെന്ന് എല്ലാവരും പറയുന്നു

declare, പ്രസ്ഥാപിക്ക് pRasthaapikkə *(vb),* മന്ത്രി എല്ലാ ഗ്രാമങ്ങളിലും കുടിവെള്ളം

നൽകും എന്നു പ്രസ്താവിക്കുന്നു

decline, അപചയം apacayaM *(nn),* ഔറംഗസീബിനു ശേഷം മുഗൾ സാമ്രാജ്യത്തിൽ അപചയം സംഭവിച്ചു

decline, ക്ഷയം k$ayaM *(nn),* വാസുവിന് സാമ്പത്തികമായ ക്ഷയം സംഭവിച്ചു

decline, ക്ഷയിക്ക് k$ayikkə *(vi),* തോന്നയ്ക്കൽ തറവാട് സാമ്പത്തികമായി ക്ഷയിച്ചു

decline, പതനം patanaM *(nn),* ജോലിയിൽ നിന്നു പുറത്താക്കൽ വലിയ ഒരു പതനമായിരുന്നു

decorate, അലങ്കരിക്ക് alaŋkarikkə *(vi),* ആഘോഷം പ്രമാണിച്ച് തെരുവുകളെല്ലാം ഭംഗിയായി അലങ്കരിച്ചു.

decorated arch like structure used to carry offerings to Lord Subramanya, കാവടി kaavaTi *(nn),* ക്ഷേത്രത്തിനു മുന്നിൽ കാവടിയാടുന്നു

decorated chariot, മണിത്തേര് maNitteerə *(nn,comp),* അയാൾ ഒരു മണിത്തേരിൽ കയറി

decorated dias specially erected for wedding ceremony, കതിർമണ്ഡപം katiRmaNDapaM *(nn),* അവർ കതിർമണ്ഡപത്തിൽ വച്ച് വിവാഹിതരായി

decorating the yard with flower, പൂവിടൽ puuviTal *(nn),* ഓണത്തിന് പൂവിടൽ പ്രധാനമാണ്

decoration with ornament, അലങ്കാരം alaŋkaraM *(nn),* കല്യാണപ്പെണ്ണിന് ആഭരണങ്ങൾ കൊണ്ടുള്ള അലങ്കാരം നന്നായിരുന്നു

decrease, കുറയ് kuRayə *(vi),* കാലങ്ങളായി മഴ കുറഞ്ഞുവരുന്നു

decrease of wealth, ധനക്ഷയം dhanak$ayaM *(nn,comp),* ധനക്ഷയത്തിനു കാരണം ധൂർത്തായിരുന്നു

dedicate completely, സമർപ്പിക്ക് samaRppikkə *(vt),* അവൾ പുസ്തകം അയാൾക്കു സമർപ്പിച്ചു

dedication, സമർപ്പണം samaRppaNaM *(nn),* അയാൾ പുസ്തകം അച്ഛനു സമർപ്പണം ചെയ്തു

dedication of a kingdom to the beloved god, തൃപ്പടിദാനം tRəppaTidaanaM *(nn,comp),* മാർത്താണ്ഡവർമ്മ തൃപ്പടിദാനം നടത്തി

deed, ക്രിയ kRiya *(nn),* മരിച്ചതിനു ശേഷമുള്ള ക്രിയകളെല്ലാം ചെയ്തു

deed, പ്രമാണം pRamaaNaM *(nn),* അവർ ഒരു പ്രമാണത്തിൽ ഒപ്പു വച്ചു

deed of adoption, ദത്തുപ്രമാണം dattupRmaaNaM *(nn,comp),* ഞാൻ ദത്തുപ്രമാണം വായിച്ചു

deep, ആഴമുള്ള aaZamuLLa *(adj),* വളരെ ആഴമുള്ള ഒരു കുളമാണ് അതെന്ന് ആർക്കും അറിയില്ലായിരുന്നു.

deep, ഗാഢമായ gaDhamaya *(adj),* ഗാഢമായ നിദ്രവിട്ട് രാധ ഉണർന്നു

deep hollow place, ഗർത്തം gaRttaM *(nn),* ഒരു വലിയ ഗർത്തത്തിലൂടെ ഞങ്ങൾ ഇറങ്ങി നടന്നു

deep place, അഗാധം agaadhaM *(nn),* അഗാധതയിലേക്ക് അവൻ എടുത്തു ചാടി

deep sea, അകക്കടൽ akakkaTal *(nn),* അകക്കടലിൽ മീൻ പിടുത്തത്തിനു പോയിരിക്കുന്നു

deep sigh, ദീർഘനിശ്വാസം diiRghaniSvaasaM *(nn,comp),* അയാൾ ഒരു ദീർഘനിശ്വാസം വിട്ടു

Deepavali, ദീപാവലി diipaavali *(nn,comp),* ദീപാവലി ഭംഗിയായി ആഘോഷിച്ചു

deer, മാൻ maan *(nn),* കാട്ടിലൂടെ ഒരു മാൻ ഓടി

deer, മൃഗം mRgaM *(nn),* അയാൾ മൃഗത്തിനെ വെറുതെ അടിക്കുന്നു

deer, ഹരിണി hariNi *(nn),* സിംഹത്തിന്റെ ഗുഹയിൽ ഒരു ഹരിണി പോയത് പോലെ

defamation, അപവാദം apavaadaM *(nn),* കൈക്കൂലി വാങ്ങിയെന്ന് അയാളെപ്പറ്റി പലരും അപവാദം പറഞ്ഞു

defeat somebody, തോൽപ്പിക്ക് toolppikkə *(vt),* അവനെ പരീക്ഷയിൽ തോൽപ്പിച്ചു

defeat thoroughly, കൊമ്പുകുത്തിക്ക് kombukuttikkə *(comp vb),* ഒടുവിൽ അയാൾ ആനയെ കൊമ്പുകുത്തിച്ചു

defeated person, തോറ്റ tooRRa *(adj),* തോറ്റ കുട്ടിയെ ജയിപ്പിച്ചു

defeated person, തോറ്റവൻ tooRRavan *(nn),* തോറ്റവൻ തലതാഴ്ത്തി നടന്നു

defecate, തൂറ് TuuRə *(vi),* കുട്ടി തൂറാൻ പോയി

defecate, വെളിക്കെറങ്ങ് veLikkeRaŋŋə *(comp vb),* കുട്ടി വെളിക്കെറങ്ങാൻ പോയി

defecation, തൂറ്റൽ tuuRal, *(nn),* കുട്ടി തൂറ്റൽ കഴിഞ്ഞു വന്നു

defect, കേട് keeTə *(nn),* അയാൾ പാത്രത്തിന്റെ കേടു നീക്കി

defectless, നിർമ്മല niRmmala *(adj),* നിർമ്മമമായ സ്നേഹം ഞാൻ പ്രതീക്ഷിക്കുന്നു

defence, രക്ഷ rak$a *(nn),* രാജ്യത്തിന്റെ രക്ഷയ്ക്ക്

വേണ്ടി പട്ടാളക്കാർ അതിർത്തിയിൽ കഴിയുന്നു

defend, ചെറുത്തുനില്ക്ക് ceRuttunilkkə *(vt),* അയാൾ എല്ലാ എതിർപ്പുകളെയും വെല്ലുവിളിച്ചു കൊണ്ട് ചെറുത്തുനിന്നു

defend, പ്രതിരോധിക്ക് pRatiroodhikkə *(vt),* അയാൾ പറയുന്നതിനെ പ്രതിരോധിക്കാൻ എനിക്കു കഴിയില്ല

deficiency, ന്യൂനത nuunata *(nn),* ന്യൂനതകളില്ലാത്ത മനുഷ്യരുണ്ടോ

deficiency, പോരായ്മ pooraayma *(nn),* അയാളുടെ പോരായ്മകൊണ്ടാണ് എല്ലാവരും അയാളെ വെറുക്കുന്നത്.

deficient, ന്യൂന nuuna *(adj),* ന്യൂനമായ കാരണങ്ങൾ കൊണ്ട് അയാളുടെ അപ്പീൽ തള്ളി

definable, നിർവാച്യമായ niRvvacyamaaya *(adj),* വികാരങ്ങളുടെ നിർവ്വാച്യമായ പ്രവാഹം

definite, തീർച്ച tiiRcca *(nn),* രവി വരില്ലെന്ന് അവൻ തീർച്ച പറഞ്ഞിരുന്നു

definite knowledge, നിർണ്ണയം niRNayaM *(nn),* നിർണ്ണയമായും അവൾ വരും

definitely, നിശ്ചയമായി niScayaMaayi *(adv),* നിശ്ചയമായും അവൻ വരും

definitely, നിഷ്കർഷം nikaRaM *(adv),* എല്ലാവരും നിഷ്കർഷമായി ഇവിടെ ഉണ്ടായിരിക്കണം

definitely, മൂന്നുതരം muunnutaraM *(adv),* അയാൾ മൂന്നുതരം വരുമെന്നു പറഞ്ഞു

definiteness, കണിശം kaNiSaM *(nn),* ഇവിടെ വരാമെന്ന് അവൻ കണിശം പറഞ്ഞിരുന്നു

definitenss, കട്ടായം kaTTaayaM *(nn),* ഞാൻ വരില്ലെന്ന് കട്ടായം പറഞ്ഞു

defy, ധിക്കരിക്ക് dhikkarikkəi *(vt),* അവൻ എല്ലാവരെയും ധിക്കരിച്ചു

deliberation, വിചിന്തനം vicintanaM *(nn),* അയാൾ അതിനെപ്പറ്റി വിചിന്തനം നടത്തി

delicious, രുചികരമായ rucikaramaaya *(adj),* രുചികരമായ ഭക്ഷണം കഴിക്കാൻ ഇവിടെ ഒരു വഴിയുമില്ല

delight, രസിപ്പിക്ക് rasippikkə *(vt),* അയാൾ കുട്ടികളെ കഥപറഞ്ഞ് രസിപ്പിക്കുന്നു

deliver, വിട്ട്കൊടുക്ക് viTTəkoTukkə *(vt),* തർക്കസ്ഥലം

അയാൾ ഒടുവിൽ വിട്ടു കൊടുത്തു

deliver a speech, പ്രസംഗിക്ക് pRasaMgikkə *(vi),* അദ്ദേഹം ഇപ്പോഴും പ്രസംഗിക്കുന്നു

deliver a talk, പ്രഭാഷണംനടത്ത് pRbhaa$aNaMnaTattə *(comp vb),* വി.കെ.കൃഷ്ണമേനോൻ അന്താരാഷ്ട്ര സഭയിൽ നടത്തിയ പ്രഭാഷണം ലോകപ്രസിദ്ധമാണ്

demand, ആവശ്യപ്പെട് aavaSyappeTə *(vt),* കുട്ടി പുസ്തകം ആവശ്യപ്പെട്ടു

demand, ചോദനം coodanaM *(nn),* വസ്തുക്കൾക്ക് ചോദനം ഉണ്ടായി

demand, ഡിമാൻഡ് DimaanDə *(nn),* ഇപ്പോൾ പഞ്ചസാരയ്ക്കു നല്ല ഡിമാന്റാണ്

demand draft, ഡ്രാഫ്റ്റ് DRaphəRRə *(nn),* രഘു ഒരു ഡ്രാഫ്റ്റ് എടുത്തു

demigod, യക്ഷൻ yak$an *(nn),* ഒരു യക്ഷൻ അതു വഴി വന്നു

democracy, ജനാധിപത്യം janaadhipatyaM *(nn),* ജനാധിപത്യം ജനങ്ങളുടെ ആധിപത്യമാണ്

democratic, ജനകീയ janakiiya *(adj),* ജനകീയ സാഹിത്യം എന്നും ലളിതമായിരുന്നു

demolish, തകർക്ക് takaRkkə *(vt),* ശത്രു രാജ്യത്തെ തകർക്കാൻ രാജാവ് ഭടന്മാരോട് ആവശ്യപ്പെട്ടു

demon, കൂളി kuuLi *(nn),* അവൻ കൂളിയെ കണ്ടു പേടിച്ചുവത്രേ

demon, രാക്ഷസൻ raak$asan *(nn),* അയാൾ ഒരു രാക്ഷസനാണ്

demoness, രാക്ഷസി raak$asi *(nn),* അവൾ ഒരു രാക്ഷസിയാണ്

denanthena pavonica, മഞ്ചാടി ma~caaTi *(nn),* കുട്ടി മഞ്ചാടി എണ്ണി നോക്കി

denial, നിഷേധം ni$eedhaM *(nn),* അവളുടെ നിഷേധം അയാളെ കോപാകുലനാക്കി

denomination, നാമം naamaM *(nn),* ദൈവത്തിന്റെ നാമം വ്യർഥാ പ്രയോഗിക്കരുത്.

denoting excess, അതിയായ atiyaaya *(adj),* അതിയായ ആഗ്രഹം നന്നല്ല

dense, നിബിഡ nibiDa *(adj),* ജനനിബിഡമായ ഒരു പ്രദേശമാണിത്

dense darkness, കുറ്റാകുറ്റിരിട്ട് kuRRakuRRiriTTə *(nn,comp),* ഈ കുറ്റാകുറ്റിരിട്ടിൽഞാൻ നടക്കാനില്ല

density, തുവർമ്മ tuvaRmma *(nn),* നല്ല തുവർമ്മയിൽ പുല്ല് വളർന്നു നിൽക്കുന്നു

density, സാന്ദ്രത saandRata *(nn),* ജലത്തിനേക്കാൾ സാന്ദ്രത കൂടിയ ദ്രാവകം ഏതാണ്

dent, കുഴിവ് kuZivə *(nn),* പാത്രത്തിന് ഒരു കുഴിവുണ്ടായിരുന്നു

dental sounds, ദന്ത്യം dantyaM *(nn),* ത ദന്ത്യമാണ്

dentist, ദന്തവൈദ്യൻ dantavaidyan *(nn,comp),* അയാൾ ഒരു ദന്തവൈദ്യനാണ്

dentistry, ദന്തവൈദ്യം dantavaidyaM *(nn,comp),* ദന്തവൈദ്യം അയാൾക്കറിയാം

deny, നിഷേധിക്ക് ni$eedhikkə *(vt),* മനുഷ്യന്റെ പ്രാഥമിക സൌകര്യങ്ങൾ പോലും ഇവിടെ നിഷേധിക്കപ്പെടുന്നു

depart, വേർപെട് veeRpeTə *(vi),* നല്ല ബന്ധം നമുക്കൊരിക്കലും വേർപെടുത്താനാവില്ല

department, ഡിപ്പാർട്ട് മന്റ് *(nn),* മധു ഡിപ്പാർട്ടുമെന്റിലേക്കു പോയി

department, വകുപ്പ് vakuppə *(nn),* വിദ്യാഭ്യാസ വകുപ്പിന്റെ മേധാവി സെക്രട്ടറിയാണ്

depend, ആശ്രയിക്ക് aaSRayikkə *(vt),* മനുഷ്യർ പലപ്പോഴും മറ്റുള്ളവരെ ആശ്രയിക്കേണ്ടിവരുന്നു.

depend upon, സമാശ്രയിക്ക് samaanSRayikkə *(vt),* ജനങ്ങൾ രാഷ്ട്രീയക്കാരെ സമാശ്രയിക്കുന്നു

dependence, ആശ്രയം aaSRayaM *(nn),* ആശ്രയമില്ലാത്തവർക്ക് ആശ്രയം നൽകണം

deplorable state, ദൈന്യത dainyata *(nn),* അവന്റെ ദൈന്യത വളരെ ദയനീയമായിരുന്നു

deposit, ഇട് iTə *(vt),* ബാങ്കിൽ പണം ഇട്ടു

deposit, കെട്ടിവയ്ക്ക് keTTivaykkə *(comp vb),* ഓഫീസിൽ പണം കെട്ടിവച്ചു

deposit, ഡിപ്പോസിറ്റ് DipposiRRə *(nn),* മധു ബാങ്കിൽ പണം ഡിപ്പോസിറ്റു ചെയ്തു

deposit, നിക്ഷേപം nik$eepaM *(nn),* ബാങ്കിലിട്ട നിക്ഷേപം മരവിപ്പിച്ചു

deposit, നിക്ഷേപിക്ക് niK$eepikkə *(vt),* അയാൾ ബാങ്കിൽ പണം നിക്ഷേപിക്കുന്നു

deposited, നിക്ഷിപ്ത nik$ipta *(adj),* നിക്ഷിപ്ത തുക അയാൾ പിൻവലിച്ചു

depot, ഡിപ്പോ Dippoo *(nn),* ഡിപ്പോ അടച്ചതുകൊണ്ട് ഉണ്ണിക്ക് ഒന്നും വാങ്ങാൻ കഴിഞ്ഞില്ല

depraved man, വഷളൻ va$aLan *(nn),* അയാൾ ഒരു വഷളനാണ്

deprivation, ദുരിതാനുഭവം duritaanubhavaM *(nn,comp),* ദുരിതാനുഭവങ്ങൾ എല്ലാം അയാൾ സഹിച്ചു

deprive, നഷ്ടപ്പെടുത്ത് na$əTapeTuttə *(vt),* അയാൾ തന്റെ അവസരങ്ങളെല്ലാം നഷ്ടപ്പെടുത്തി

deprive one of his livelihood, ചോറുമുട്ടിക്ക് cooRumuTTikkə *(comp vb),* രാജൻ മറ്റുള്ളവരുടെ ചോറുമുട്ടിക്കാൻ മിടുക്കനാണ്

depth, ആഴം aaZaM *(nn),* അതിന്റെ ആഴം എനിക്കറിയില്ലായിരുന്നു

depth, താഴ്ച taaZca *(nn),* നല്ല താഴ്ചയുള്ള ഒരു കിണറാണിത്

depth, നിമ്നത nimnata *(nn),* ആ പ്രദേശത്തിന്റെ നിമ്നത കണക്കാക്കി പാലങ്ങൾ കെട്ടി

deputation, ഡപ്യൂട്ടേഷൻ DapyuuTTee$an *(nn),* ഈ ഓഫീസിൽ നിന്ന് ഒരാൾ ഡപ്യൂട്ടേഷനിൽ പോയിട്ടുണ്ട്

derivatives, തദ്ധിതം taddhitaM *(nn),* തദ്ധിതങ്ങൾ മലയാളത്തിൽ പല വിധമുണ്ട്

descend, താഴ് taaZə *(vi),* അയാൾ കയറി നിന്നതോടെ ലിഫ്റ്റ് താണു

descending, അവരോഹണം avaroohaNaM *(nn),* അവരോഹണക്രമത്തിൽ പറയുക

descent, അധോഗതി adhoogati *(nn,comp),* ആ സംരംഭം ഇപ്പോൾ അധോഗതിയിലാണ്

descent, ഇറക്കം iRakkaM *(nn),* ഇറക്കത്തു വച്ച് രണ്ടു വണ്ടികൾ കൂട്ടിമുട്ടി

describe, പ്രതിപാദിക്ക് pRatipaadikke *(vt),* ചുവട്ടിൽ കൊടുത്തിരിക്കുന്ന കവിതയെക്കുറിച്ചു പ്രതിപാദിക്കുക

description, വർണ്ണന vaRNNana *(nn),* അയാൾ ഓരോ വർണ്ണനകൾ നടത്തി

desert, തിരസ്ക്കരിക്ക് tirasəkkarikkə *(vt),* ഞാൻ പറഞ്ഞവാക്കുകൾ അവൻ തിരസ്ക്കരിച്ചു

desert, മരുഭൂമി marubhuumi *(nn),* മരുഭൂമിയിലൂടെ ഞങ്ങൾ നടന്നു

designation, തസ്തിക tasətika *(nn),* പുതിയ ചില തസ്തികകളിലേക്ക് നിയമനം നടത്തി

desire, അഭിലഷിക്ക് abhila$ikkə *(vt),* അവൻ ഒന്നും അഭിലഷിക്കുന്നില്ല

desire, അഭിവാഞ്ഛ abhivaa~cha *(nn),* അദ്ദേഹത്തിന്റെ അഭിവാഞ്ഛയായിരുന്നു

എവറസ്റ്റ് കൊടുമുടി കീഴടക്കണമെന്ന്

desire, ആശ aaSa *(nn),* ആശയാണ് എല്ലാ ദുഃഖങ്ങൾക്കും കാരണം

desire, ആശിക്ക് aaSikkə *(vt),* കുട്ടി ഒരു പുതിയ ഉടുപ്പുകിട്ടിയിരുന്നെങ്കിൽ എന്ന് ആശിക്കുന്നു

desire, ഇച്ഛ iccha *(nn),* തന്റെ ഇച്ഛയ്ക്കൊത്ത് അയാൾ പെരുമാറിയില്ല

desire, കാംക്ഷ kaaMk$a *(nn),* അവന് അതിന്മേൽ കാംക്ഷയുണ്ടായിരുന്നു

desire, മോഹം moohaM *(nn),* അയാൾക്ക് പല മോഹങ്ങളും ഉണ്ടായിരുന്നു

desire, വാഞ്ഛ vaa~cha *(nn),* അയാൾക്ക് ജീവിതവാഞ്ഛയില്ലായിരുന്നു

desire of life, ജീവിതാശ jiivitaaSa *(nn,comp),* ജീവിതാശയുള്ളതുകൊണ്ട് അയാൾ ആത്മഹത്യ ചെയ്തില്ല

desired, ഹിത hita *(adj),* ഹിതമായ മറുപടി പറയുക

desolate, നിർശ്ശൂന്യ niRSuunya *(adj),* നിർശ്ശൂന്യമായ ഒരു പ്രദേശമാണിത്

despair, മനസ്സ്മടുക്ക് manassəmaTukkə *(comp vb),* അവന് തൊഴിലില്ലാതെ മനസ്സ്മടുത്തു

despair, നിരാശ niraaSa *(nn),* അയാൾ നിരാശയിൽപ്പെട്ടു ജീവിക്കുന്നു

despicable, അധമം adhamaM *(nn),* അയാളുടെ പെരുമാറ്റം അധമമായിരുന്നു

despise with extreme contempt, വിദ്വേഷിക്ക് vidvee$ikkə *(vt),* അയാൾ എല്ലാവരോടും വിദ്വേഷിക്കുന്നു

destiny, തലയിലെഴുത്ത് talayileZuttə *(nn,comp),* എല്ലാം അവന്റെ തലയിലെഴുത്താണെന്നു പറയാം

destitute, അഗതി agati *(nn),* അഗതികളോട് കരുണയുണ്ടാകണം

destroy, കുളംകോര് kuLaMkoorə *(comp vb),* അയാൾ തറവാട് കുളം കോരും

destroy, തൊലയ്ക്ക് tolaykkə *(vt),* കുട്ടി പണം തൊലച്ചു

destroy, ധ്വംസിക്ക് dvaMsikkə *(vt),* അവർ അതിനെ ധ്വംസിച്ചു

destroy, നശിപ്പിക്ക് naSippikkə *(vt),* അയാൾ എല്ലാം നശിപ്പിച്ചു കളഞ്ഞു

destroy, മുടിക്ക് muTikkə *(vt),* അവൻ കുടിച്ച് കുടിച്ച് കുടുംബം മുടിച്ചു

destroy completely by wantoness, ഹോമിക്ക് hoomikkə *(vi),* അയാളുടെ സമ്പാദ്യങ്ങൾ എല്ലാം അവസാനം ഹോമിച്ചു

destroyer, നാശകാരി naaSakaari *(nn,comp),* അവൾ ഒരു നാശകാരിയാണ്

destroying, സംഹരണം saMharaNaM *(nn),* മൃഗങ്ങളുടെ സംഹരണം മൃഗീയമാണ്

destruction, കെടുതി keTuti *(nn),* വെള്ളപ്പൊക്ക കെടുതിയിൽ പെട്ട് കേരളം കഷ്ടപ്പെടുന്നു.

destruction, ച്യുതി cuti *(nn),* ധർമ്മത്തിന് ച്യുതി സംഭവിച്ചപ്പോൾ മഹാവിഷ്ണു അവതരിച്ചു

destruction, ധ്വംസന dvaMsana *(adj),* വളരെ ധ്വംസനമായ ഒരു പ്രസ്താവനയിറക്കി

destruction, ധ്വംസനം dvaMsanaM *(nn),* അവർ അതിന്റെ ധ്വംസനം നടത്തി

destruction, നശീകരണം naSiikaraNaM *(nn),* മനുഷ്യൻ തന്നെ ലോകത്തിന്റെ നശീകരണം നടത്തുന്നു

destruction, നിധനം nidhanaM *(nn),* അതിന്റെ നിധനമാണ് അവിടെ നടന്നത്

destruction, വിനാശം vinaaSaM *(nn),* അയാൾ വിനാശത്തെ തടഞ്ഞു

destruction, ഹാനി haani *(nn),* മൃഗങ്ങൾക്ക് ഹാനി സംഭവിച്ചുകൊണ്ടിരിക്കുന്നു

destructive, ക്ഷുദ്രമായ k$udramaaya *(adj),* ക്ഷുദ്രമായ പ്രവൃത്തികൾകൊണ്ട് അയാൾ എല്ലാവരേയും വെറുപ്പിച്ചു

detached, നിസ്സംഗ nissaMga *(adj),* നിസ്സംഗമായ ഒരു മറുപടി അയാൾ കൊടുത്തു

detention, തടങ്കൽ taTaŋkal *(nn),* തടങ്കലിൽ വെച്ച പുള്ളി രക്ഷപ്പെട്ടു

deteriorated, തീയത് tiiyatə *(adj),* നല്ലതും തീയതും തിരിച്ചറിയണം

determination, ദൃഢനിശ്ചയം dRDhaniScayaM *(nn,comp),* അവൻ ഒരു ദൃഢനിശ്ചയം എടുത്തു

determine, നിർണ്ണയിക്ക് niRNNayikkə *(vt),* അതിനെ നിർണ്ണയിക്കുന്ന കാര്യമെന്ത്

determine, നിശ്ചയിക്ക് niScayikkə *(vt),* അവളെ വിവാഹം ചെയ്യാൻ അവൻ നിശ്ചയിച്ചു

detest, അറയ്ക്ക് aRaykkə *(vi),* അങ്ങോട്ടു നോക്കാൻ അവൾ അറച്ചു

develop, വികസിക്ക് vikasikkə *(vi),* ഈ സ്ഥലം വളരെ വികസിച്ചു

developed, വികസിത vikasita *(adj),* അമേരിക്ക ഒരു വികസിതരാജ്യമാണ്

developing, വികസ്വര vikasvara *(adj),* വികസ്വരരാജ്യങ്ങളുടെ പട്ടികയിൽ ഭാരതമുണ്ട്

development, വികസനം vikasanaM *(nn),* വികസനം തേടുന്ന മലബാറിൽ പുതിയ തീവണ്ടികൾ ഓടിത്തുടങ്ങി

device, തന്ത്രം tantRaM *(nn),* പ്രശ്നങ്ങളെ കൈകാര്യം ചെയ്യാൻ തന്ത്രങ്ങൾ അറിഞ്ഞിരിക്കണമത്രെ

devil's dance, പേക്കൂത്ത് peekkuuttə *(nn),* അവിടെ എന്തൊക്കെയോ പേക്കൂത്ത് നടക്കുന്നു

devotee of the arts, കലോപാസകൻ kaloopaasakan *(nn,comp),* അദ്ദേഹം ഒരു കലോപാസകനായിരുന്നു

devotion, ഭയഭക്തി bhayabhakti *(comp nn),* അയാളുടെ ഭയഭക്തി ചോദ്യം ചെയ്യപ്പെട്ടില്ല

dew, തുഷാരം tu$aaraM *(nn),* കുട്ടി തുഷാരമുതിരുന്നത് നോക്കി നിന്നു

dew, മഞ്ഞ് ma~~ə *(nn),* കിഴക്കൻ മലകളിൽ ഇപ്പോൾ മഞ്ഞു പെയ്യുന്നു

dew drop, തുഷാരബിന്ദു tu$aarabindu *(nn,comp),* തുഷാരബിന്ദുക്കൾ ഇലപ്പടർപ്പുകളിൽ നിന്ന് ഉതിർന്നു വീണു

dewlap of a bull, താട taaTa *(nn),* കാള താടയുമിളക്കി വരുന്നു

dexterious person, നിഷ്ണാതൻ ni$Naatan *(nn),* അയാൾ എല്ലാ കലകളിലും നിഷ്ണാതനായിരുന്നു

dexterity, കൈമിടുക്ക് kaimiTukkə *(nn,comp),* അവളുടെ കൈമിടുക്കുകൊണ്ടാണ് അതു വിജയിച്ചത്

dexterity, ചാതുരി caaturi *(nn),* വേണുവിന് എന്തുകാര്യം ചെയ്യാനും ഒരു ചാതുരിയുണ്ട്

dexterity, നിപുണത nipuNata *(nn),* അയാളുടെ നിപുണത ശ്രദ്ധിക്കപ്പെട്ടു

dexterity, പ്രാവീണ്യം pRaaviiNyaM *(nn),* അയാൾക്ക് സംഗീതത്തിൽ നല്ല പ്രാവീണ്യമുണ്ട്

dexterity, മിടുക്ക് miTukkə *(nn),* അയാളുടെ മിടുക്ക് എല്ലാവരും അംഗീകരിച്ചു

dexterity, വിരുത് virutə *(nn),* അയാൾ ഒരു വിരുതു കാട്ടി

dharna, കുത്തിയിരിപ്പ് kuttiyirippə *(nn),* അവർ അവിടെ കുത്തിയിരുപ്പുനടത്തി

diabetes mellitus, പ്രമേഹം pRameehaM *(nn),* അവർക്ക് പ്രമേഹമായിരുന്നു

diamond, വജ്രം vajRaM *(nn),* വജ്രം വിലയേറിയതാണ്

diarrhoea, വയറ്റിളക്കം vayaRRiLakkaM *(nn),* ഹോട്ടൽ ഭക്ഷണം കൊണ്ട് എനിക്ക് വയറ്റിളക്കം ബാധിച്ചു

diary, ക്ഷീരവ്യവസായം k$iiravyavasaayaM *(nn),* കേരളത്തിൽ ക്ഷീര വ്യവസായം പരാജയത്തെ നേരിടുന്നു

diary, ഡയറി DayaRi *(nn),* ഞാൻ ഡയറി എഴുതാറുണ്ട്

dice, പകിട pakiTa *(nn),* അവർ പകിട കളിക്കുന്നു

dice in chess, കരു karu *(nn),* അവൻ അടുത്തൊരു കരു കൂടി നീക്കി

dictionary, കോശം kooSaM *(nn),* ഇത് ഒരു കോശമാണ്

dictionary, നിഘണ്ടു nighaNTu *(nn),* അവൻ നിഘണ്ടുവിൽ വാക്കിന്റെ അർഥം നോക്കി

didatic story, ഗുണപാഠകഥ guNapaaThakatha *(nn,comp),* അമ്മൂമ്മ ഒരു ഗുണപാഠ കഥ പറഞ്ഞു

die, കഥകഴിയ് kathakaZiyə *(comp vb),* അയാളുടെ കഥ കഴിഞ്ഞു

die, കാലം കഴിയ് *(comp vb),* അയാളുടെ കാലം കഴിഞ്ഞു

die, ചാക് caakə *(vi),* രവിയുടെ പട്ടി ചത്തുപോയി

die, നിര്യാതനാക് niRyaatanaakə *(vi),* അദ്ദേഹം നിര്യാതനായി

die, മരിക്ക് marikkə *(vi),* അയാൾ കഴിഞ്ഞവർഷം മരിച്ചു

die (king or queen belonging to Travancore), നാടുനീങ്ങ് naaTuniiŋŋə *(comp vb),* രാജാവ് നാടുനീങ്ങി

died down, അണയ് aNayə *(vi),* ദൂരെ വിളക്കുകൾ അണയുന്നു

diet in accordance to the medicine, പത്ഥ്യം patthyaM *(nn),* വൈദ്യൻ പറഞ്ഞ പത്ഥ്യമെല്ലാം എടുത്തു

difference, അന്തരം antaraM *(nn),* ഞാനും അവനും തമ്മിൽ നല്ല അന്തരമുണ്ട്

difference, ഭേദം bheedaM *(nn),* അവർ തമ്മിൽ ഭേദമുണ്ട്

difference of state, ഭേദഗതി bheedagati *(nn,comp),* അയാൾ ഒരു ഭേദഗതി നിർദ്ദേശിച്ചു

different, വിഭിന്ന vibhinna *(adj),* വിഭിന്ന സ്ഥലങ്ങളിലുള്ള മനുഷ്യർ ഇവിടെ വരുന്നു.

different, വ്യത്യസ്തമായ vyatyastamaaya *(adj),* വളരെ വ്യത്യസ്തമായ ഒരു കഥയാണ് ഞാൻ പറയാൻ പോകുന്നത്

different meanings for same word, നാനാർഥം naanaaRthaM *(nn,comp),* നാനാർഥങ്ങളും

പര്യായങ്ങളും ഭാഷയുടെ പ്രത്യേകതയാണ്

differentiate, തെരിയ് teriyə *(vi),* എട്ടുംപൊട്ടും തെരിയാത്ത പെണ്ണാണ് അവൾ

difficult, പ്രയാസമുള്ള pRayaasamuLLa *(adj),* ലോകത്ത് പ്രയാസമുള്ള ഒന്നുമില്ല

difficult task to do, ദുഷ്ക്കര du$kkara *(adj),* ദുഷ്ക്കരമായ ഒരു പ്രവൃത്തിയാണിത്

difficult to grasp, ദുർഗ്ഗമ durggama *(adj),* ശാസ്ത്രജ്ഞർ ദുർഗ്ഗമമായ കാര്യങ്ങൾ വിശദീകരിച്ചു കൊടുത്തു

difficulty, പാട് paaTə *(nn),* വളരെ പാട് പെട്ടാണ് അവനെ രക്ഷിച്ചത്

difficulty, പ്രയാസം pRayaasaM *(nn),* അയാൾക്ക് ആ ജോലിക്കിടയിൽ പല പ്രയാസങ്ങളും അനുഭവപ്പെട്ടു

difficulty, ബുദ്ധിമുട്ട് buddhimuTTə *(vi),* എനിക്ക് പല ബുദ്ധിമുട്ടുകളും അനുഭവപ്പെട്ടു

difficulty of breathing, വിമ്മിട്ടം vimmiTTaM *(nn),* അയാൾക്ക് വിമ്മിട്ടം അനുഭവപ്പെട്ടു

dig, കുഴിക്ക് kuZikkə *(vt),* അയാൾ അവിടമെല്ലാം കുഴിക്കുന്നു

dig a tank, തോണ്ടിക്ക് tooNTikkə *(vt),* അവൻ തറവാട് കുളം തോണ്ടിക്കുന്നു

dig up or out, തോണ്ട് tooNTə *(vi),* രവി എന്തോ തോണ്ടി എടുത്തു

digestion, ദഹനം dahanaM *(nn),* രവിക്ക് ദഹനം ശരിക്കു നടന്നില്ല

digestion, ദീപനം diipanaM *(nn),* അയാൾക്ക് ദീപനം ശരിക്കു നടക്കുന്നില്ല

digestive organs, ദഹനേന്ദ്രിയങ്ങൾ dahaneendriyaŋŋaL *(nn,comp),* ദഹനേന്ദ്രിയങ്ങളിലൂടെ ഭക്ഷണപദാർത്ഥങ്ങൾ സഞ്ചരിക്കുന്നു

digging, കിള kiLa *(nn),* അയാളുടെ കിള ശരിയല്ല

digging up or out, തോണ്ടൽ tooNTal *(nn),* കുഴി തോണ്ടൽ അവസാനിപ്പിക്കണം

digging work with spade, കിളയ്ക്ക് kiLykkə *(vt),* കൃഷിക്കാരൻ മണ്ണു കിളയ്ക്കുന്നു

dignified man, പ്രതാപശാലി pRataapaSaali *(nn,comp),* ജനസമ്മതത്തോടെ അയാൾ പ്രതാപശാലിയായിത്തീർന്നു

dignity, ഗൌരവം gauravaM *(nn),* അയാൾക്കു ആ പദവി അലങ്കരിക്കുന്നതിന്

തക്കതായ ഗൌരവവും പ്രൌഢിയുമുണ്ട്

dignity, മഹിമ mahima *(nn),* അയാളുടെ മഹിമ എല്ലാവരും അംഗീകരിച്ചു

dilemma, ധർമ്മസങ്കടം dhaRmmasaŋkaTaM *(nn,comp),* അയാൾ ഒരു ധർമ്മസങ്കടത്തിലായി

diligence, തെരുതെരുപ്പ് teruteruppə *(nn,comp),* കുട്ടിക്ക് നല്ല തെരുതെരുപ്പുള്ള സ്വഭാവമായിരുന്നു

diligently, സാകൂതം saakutaM *(adv),* അവൾ ആ കുട്ടിയെ സാകൂതം നോക്കി

dilute, നേർപ്പിക്ക് neeRppikkə *(vt),* ആസിഡ് നേർപ്പിക്കുന്നു

dimple, നുണക്കുഴി nuNakkuZi *(nn,comp),* കുട്ടിയുടെ നുണക്കുഴി വിരിഞ്ഞു

dining hall, ഊട്ടുപുര uuTTupura *(nn,comp),* ഊട്ടുപുരയിൽ എല്ലാവരും ഊണിനിരുന്നു

dip in to soak, തുവയ്ക്ക് tuvaykkə *(vt),* അമ്മ അവരക്കായ് തുവയ്ക്കുന്നു

dip net, ചീനവല ciinavala *(nn,comp),* കൊച്ചിയിൽ പോയാൽ ചീനവല കാണാം

Diploma, ഡിപ്ലോമ Diplooma *(nn),* ലൈബ്രറി സയൻസിൽ രാധയ്ക്ക് ഡിപ്ലോമയുണ്ട്

diplomat, നയതന്ത്രജ്ഞൻ naynatantRaj~an *(nn),* അയാൾ ഒരു നയനതന്ത്രജ്ഞൻ ആണ്

directed, നിർദ്ദിഷ്ട niRddi$Ta *(nn),* നിർദ്ദിഷ്ട സ്ഥലത്ത് അവർ എത്തിച്ചേർന്നു

direction, ദിക്ക് dikkə *(nn),* ഏതു ദിക്കിലേക്കു തിരിഞ്ഞാലും വഴിതന്നെ

direction, ദിശ diSa *(nn),* ഒരു ദിശയിലൂടെ മാത്രം അവൻ സഞ്ചരിച്ചു

direction, സംവിധാനം saMvidhaanaM *(nn),* ഭരതൻ എന്ന ചിത്രകാരൻ കാഞ്ചനസീത സംവിധാനം ചെയ്തു

dirty, മലിന malina *(adj,pfx),* മലിനജലം ഒഴുക്കിവിടാൻ ഓട തുറന്നു

dirty, മലീമസമായ maliimasamaaya *(adj),* മലീമസമായ അവസ്ഥയാണിത്

dirty, വൃത്തികെട്ട vRəttikeTTa *(adj),* വൃത്തികെട്ട പെരുമാറ്റം കൊണ്ടാണ് അയാളെ എല്ലാവരും വെറുത്തത്

dirty water, കഴി kaZi *(nn),* അയാൾ ഒരു കഴിയിലേക്ക് വീണു

disadvantage, തഞ്ചക്കേട് ta~ckkooTə *(nn,comp),* തഞ്ചക്കേട് എന്നല്ലാതെ എന്തു പറയേണ്ടൂ

disagree, വിയോജിക്ക് viyoojikkə *(nn),* അയാൾ ആ

അഭിപ്രായത്തോട് വിയോജിച്ചു.

disagreeable taste by the action of certain fungi, കനപ്പ് kanappə *(nn),* എണ്ണയ്ക്ക് കനപ്പ് മണം വരുന്നു

disagreement, ചേരായ്മ ceeraayma *(nn),* എന്തോ ഒരു ചേരായ്മ അവർ തമ്മിലുണ്ട്

disappear, അപ്രത്യക്ഷമാക് apRatyak$amaakə *(vi),* ആ ദേവത പെട്ടെന്ന് അപ്രത്യക്ഷമായി

disappear, തിരോഭവിക്ക് tiroobhavikkə *(vi),* ദേവത അവിടെ നിന്ന് തിരോഭവിച്ചു

disappear, മറയ് maRayə *(vi),* ദേവത പെട്ടെന്ന് മറയുന്നു

disappear, മായ് maayə *(vi),* ആ ദേവത പെട്ടെന്ന് മാഞ്ഞു പോയി

disappearance, തിരോധാനം tiroodhaanaM *(nn),* ദേവത പെട്ടെന്ന് തിരോധാനം ചെയ്തു

disappointment, നൈരാശ്യം nairaaSyaM *(nn),* നൈരാശ്യം ബാധിച്ച മനുഷ്യർക്കു ഉപദേശം നൽകണം

disarrange, കുഴയ്ക്ക് kuZakkə *(vt),* അയാൾ എല്ലാം കുഴച്ചു മറിച്ചു കളഞ്ഞു

disaster, നാശം naasaM *(nn),* നാശത്തിന്റെ വഴിയിലൂടെ അവർ നടന്നു

discarded skin of snake, പടം paTaM *(nn),* ചില കാലങ്ങളിൽ പാമ്പിന്റെ പടം ഉതിർന്നു പോകുന്നു

discharge of one`s duties, കൃത്യനിർവ്വഹണം kRthyaniRvahaNaM *(nn,comp),* കൃത്യനിർവ്വഹണത്തിന് തടസ്സമുണ്ടാകരുതെന്ന് അയാൾ അഭ്യർത്ഥിച്ചു

discipline, അച്ചടക്കം accaTakkaM *(nn),* അച്ചടക്കം ഒരു നല്ല ശീലമാണ്.

disclose, തുറക്ക് tuRakkə *(vt),* അയാൾ കാര്യങ്ങൾ എല്ലാം വെട്ടിത്തുറന്നു സംസാരിച്ചു

discomfort, അസ്വാസ്ഥ്യം asvaasthyaM *(nn),* എനിക്ക് ഇപ്പോൾ വല്ലാത്ത അസ്വാസ്ഥ്യം അനുഭവപ്പെടുന്നു

discontent, അസംതൃപ്തി asaMtRəpti *(nn),* എനിക്ക് വല്ലാത്ത അസംതൃപ്തി തോന്നി

discontent, പൊറുതിമുട്ട് porutimuTTə *(comp vb),* അയാൾക്ക് പൊറുതിമുട്ടിയെന്നു പറഞ്ഞാൽ മതി

discontinue, നിർത്ത് niRttə *(vt),* അയാൾ കഴിഞ്ഞമാസം പുകവലി നിർത്തി

discount, കിഴിവ് kiZivə *(nn),* വസ്ത്രങ്ങൾക്ക് ഇരുപത്തഞ്ച് ശതമാനം കിഴിവ് ഗവൺമെന്റു പ്രഖ്യാപിച്ചു

discretness, ദീർഘവീക്ഷണം diiRghaviik$aNaM *(nn,comp),* അയാൾക്ക് ദീർഘവീക്ഷണം ഉണ്ടായിരുന്നു

discrimination between what ought to be rejected and what ought to be acccepted, ത്യാജ്യഗ്രാഹ്യവിവേചനം tyaajyagraahyaviveecanaM *(nn,comp),* എല്ലാവർക്കും ത്യാജ്യഗ്രാഹ്യവിവേചനം കാണില്ല

discussion, ചർച്ച caRcca *(nn),* എല്ലാകാര്യങ്ങളും ചർച്ചചെയ്തു തീരുമാനമെടുക്കണം

discussion, സംവാദം saMvaadaM *(nn),* അവൻ സംവാദത്തിൽ ഏർപ്പെട്ടു

disease, രോഗം roogaM *(nn),* അയാളുടെ രോഗം എന്താണെന്ന് മനസ്സിലായില്ല

disease affecting in nose and throat, നീരിറക്കം niiriRakkaM *(nn,comp),* കുട്ടിക്ക് നീരിറക്കം വന്നു

disease affecting the corner of the nail, കുഴിനഖം kuzinakhaM *(nn,comp),* അയാൾക്ക് കുഴിനഖമുണ്ടായിരുന്നു

disease affecting the finger toes, നഖച്ചുറ്റ് naKhaccuRRə *(nn,comp),* അയാൾക്ക് നഖച്ചുറ്റ് ബാധിച്ചിരുന്നു

disease in the eyes, നേത്രരോഗം neetRaroogaM *(nn,comp),* നേത്രരോഗം പെട്ടെന്ന് പടർന്നു പിടിച്ചു

disease of the coconut tree, കാറ്റുവീഴ്ച kaaRRuviiZəcca *(nn,comp),* തെങ്ങിന് കാറ്റുവീഴ്ച ബാധിച്ചു

disease of the tongue, കുറുനാക്ക് kuRu[illegible]aakə *(nn),* എനിക്ക് കുറുനാക്കു വന്നു

disease on hoof of the animals, കുളമ്പുദീനം [illegible]mbudiinaM *(nn,comp),* പശുവിന് കുളമ്പുദീനം പിടിപെട്ടു

disentangle the hair of knots by combing, ചിക്ക് cikkə *(vt),* അമ്മു തല ചിക്കുന്നു

disgrace, ദുഷ്കീർത്തി du$kiiRtti *(nn,comp),* അവൻ ദുഷ്കീർത്തി സമ്പാദിച്ചു

disgrace, നാണക്കേട് naaNakeeTə *(nn,comp),* ഇന്ത്യയ്ക്ക് നാണക്കേടുണ്ടാക്കിയ ഒരു സംഭവമാണത്

disgrace, മാനനഷ്ടം maanana$TaM *(nn),* അയാൾ മാനനഷ്ടത്തിനു കേസുകൊടുത്തു

disgust, രസക്കേട് rasakkeeTə *(nn,comp),* എനിക്ക് അതു കണ്ട് രസക്കേടു തോന്നി

disgust, വിപ്രതിപത്തി vivRatipatti *(nn),* അയാൾക്ക് ആ

വിഷയത്തോട് വിപ്രതിപത്തി തോന്നി

disgusted, വിമുഖ vimukha *(adj),* അയാളുടെ വിമുഖമായ പ്രവൃത്തി ആർക്കും ഇഷ്ടപ്പെട്ടില്ല

disgusting, അരോചകം aroocakaM *(nn),* അയാളുടെ ക്ലാസ്സുകൾ അരോചകമായിരുന്നു

dish, തളിക taLika *(nn),* അമ്മ ഒരു തളിക എടുത്തുകൊണ്ടു വന്നു

dishonesty, നെറികേട് neRikeeTə *(nn,comp),* നെറികേടിന്റെ കഥകൾ മാത്രമേ അയാൾക്കു പറയാനുള്ളൂ

dishonour, നിന്ദിക്ക് nindikkə *(vt),* രാജൻ രവിയെ നിന്ദിക്കുന്നു

dishonour, മാനക്കേട് maanakkeeTə *(nn,comp),* അവൻ അയാൾക്ക് മാനക്കേടുണ്ടാക്കി

dishonourable, നിന്ദിതം ninditaM *(adj),* വളരെ നിന്ദിതമായ ഒരു കാര്യമാണ് ചെയ്തത്

disintergration, വിഘടനം vighaTanaM *(nn),* അയാൾ രാജ്യത്തിന്റെ വിഘടനം നടത്തി

dislike, ദുഷ്പ്രീതി du$pRiiti *(nn),* അയാൾ എല്ലാവരുടേയും ദുഷ്പ്രീതി സമ്പാദിച്ചു

dislike, വിരസത virasata *(nn),* അയാൾക്ക് വിരസത തോന്നി

disobedience, കുരുത്തം kuruttaM *(nn),* അവൻ കുരുത്തമില്ലാത്തവനാണ്

disorder, ക്രമമില്ലാത്ത kRamamillaatta *(adj),* തെരുവിലെ വീടുകളെല്ലാം ക്രമമില്ലാത്തവയാണ്

disorder, താറുമാറ് taaRumaaRə *(nn),* ഇവിടത്തെ സ്ഥിതിയെല്ലാം ആകെ താറുമാറായി

disorder, നാനാവിധം naanaavidhaM *(nn,comp),* ആ വസ്തുക്കൾ കുട്ടി നാനാവിധമാക്കി

displeasure, അനിഷ്ടം aniSTaM *(nn),* അവൻ മേലുദ്യോഗസ്ഥന്റെ അനിഷ്ടത്തിനു കാരണമായി

displeasure, ഇഷ്ടക്കേട് i$TakkeeTə *(nn),* എനിക്ക് ചില ഇഷ്ടക്കേടുകൾ തോന്നി

displeasure, ഈർച്ച iiRcca *(nn),* എനിക്ക് വല്ലാത്ത ഈർച്ച അനുഭവപ്പെട്ടു

displeasure, നീരസം niirasaM *(nn),* അവൾക്ക് അയാളോട് നീരസം തോന്നി

dispute, വിതർക്കം vitaRkkaM *(nn),* അവർ പല വിതർക്കങ്ങളും പറഞ്ഞു

disregard, ഉപേക്ഷ upeek$a *(nn),* ഉപേക്ഷ വിചാരിക്കാതെ ചെയ്യണമെന്ന് അഭ്യർത്ഥിച്ചു

disrespect, അനാദരവ് anaadaravə *(nn),* ഗുരുവിനോട് വിദ്യാർഥി അനാദരവു കാട്ടി

dissention, ഛിദ്രം chidRaM *(nn),* ആ കൂടിയാലോചന ഛിദ്രമായിപ്പോയി

dissolve, കിനിയ് kiniyə *(vi),* പൂക്കളിൽ മഞ്ഞു കിനിയുന്നു

distance, ദൂരം duuraM *(nn),* വളരെ ദൂരം അവർ സഞ്ചരിച്ചു

distance, ദൂരം duuraM *(nn),* ഇവിടെ നിന്ന് ക്യാന്റിനിലേക്ക് എത്ര ദൂരമുണ്ട്

distance equal to 5 miles, കാതം kaataM *(nn),* അയാൾ ഒരു കാതം കൂടി മുന്നോട്ടു നടന്നു

distant, അകന്ന akanna *(adj),* വളരെ അകന്ന ബന്ധത്തിലുള്ള കുട്ടിയാണ് അവൾ

distant, ദൂരെയുള്ള duureyuLLa *(adj),* കുറെ ദൂരെയുള്ള ഒരു സ്ക്കൂളിലാണ് പഠിച്ചിരുന്നത്

distaste, കലിപ്പ് kalippə *(nn),* എല്ലാത്തിനോടും ഒരു കലിപ്പ് അയാൾക്കനുഭവപ്പെട്ടു

distaste, ദുസ്സ്വാദ് dussvaadə *(nn,comp),* പഴത്തിന് എന്തോ ദുസ്സ്വാദ് തോന്നുന്നു

distinguish, തിരിച്ചറിയ് tiriccaRiyə *(comp vb),* നന്മയും തിന്മയും തിരിച്ചറിയണം

distressed, ഖിന്ന khinna *(adj),* രാമൻ വല്ലാതെ ഖിന്ന മനസ്ക്കനായി

distressed, തപ്തമായ taptamaaya *(adj),* തപ്തമായ മനസ്സുമായി അവൾ ജീവിച്ചു

distribution, വിതരണം vitaraNaM *(nn),* റേഷനരി വിതരണം നിർത്തി വച്ചു

district, ജില്ല jilla *(nn),* കേരളത്തിൽ 14 ജില്ലകളുണ്ട്

disturbance, അലോസരം aloosaraM *(nn),* എന്തിനാണ് അലോസരം ഉണ്ടാക്കുന്നത്

disturber, വികടൻ vikaTan *(nn),* അയാൾ ഒരു വികടനാണ്

disunity, അനൈക്യം anaikyaM *(nn),* അനൈക്യം കാരണം കുടുംബം നശിച്ചു

dive, നീർക്കാങ്കുഴിയിട് niiRkkaaṉkuZiyiTə *(comp vb),* കുട്ടികൾ വെള്ളത്തിൽ നീർക്കാങ്കുഴിയിട്ടു കളിച്ചു

dive into, മുങ്ങ് muṉṉə *(vi),* അയാൾ പുഴയിൽ മുങ്ങി

diversity, നാനാത്വം naanaatvaM *(nn),* നാനത്വത്തിൽ ഏകത്വം

divide, ഭാഗിക്ക് bhaagikkə *(vt),* രാജ്യത്തെ രണ്ടായി ഭാഗിച്ചു

divide, വിഭജിക്ക് vibhajikkə *(vt),* രാജ്യത്തെ പലതായി വിഭജിക്കുന്നു

divide, വിഭാഗിക്ക് vibhaagikkə *(vt),* രാജ്യത്തെ പലതായി വിഭാഗിക്കാം.

divide, ഹരിക്ക് harikkə *(vt),* അവർ ഹരിച്ച് ഗുണിച്ച് എണ്ണം നോക്കി

divided, ഭിന്ന bhinna *(adj),* ഭിന്നമായ ആശയങ്ങൾ തമ്മിൽ എപ്പോഴും ഏറ്റുമുട്ടുന്നു

divine, ദൈവികം daivikaM *(nn),* ദൈവികമായ ഭാഗ്യം അയാൾക്കുണ്ടായിരുന്നു

divine (pertaining to heaven), ദിവ്യ divya *(adj),* വളരെ ദിവ്യമായ ഒരു വസ്തുവാണത്

divine assistance, ദൈവാധീനം daivaadhiinaM *(nn),* ദൈവാധീനം കൊണ്ട് ഒന്നും സംഭവിച്ചില്ല

divine knowledge, ദിവ്യജ്ഞാനം divyaj~aanaM *(nn,comp),* അയാൾക്ക് ദിവ്യജ്ഞാനം കിട്ടി

divine medicine, ദിവ്യൌഷധം divyau$adaM *(nn),* അത് ഒരു ദിവ്യൌഷധമായിരുന്നു

divine person, ദിവ്യൻ divyan *(nn),* അദ്ദേഹം ഒരു ദിവ്യനാണത്രേ

divine vision, ദിവ്യദൃഷ്ടി divyadR$Ti *(nn,comp),* അദ്ദേഹം ദിവ്യദൃഷ്ടികൊണ്ട് അതു കണ്ടു

divine will, ദൈവേച്ഛ daiveeccha *(nn,comp),* ദൈവേച്ഛപോലെ അവർ ജീവിച്ചു

divinity, ദൈവത്വം daivatvaM *(nn),* അദ്ദേഹത്തിനു ഒരു ദൈവത്വം ഉണ്ടായിരുന്നു

division, ഡിവിഷൻ Divi$an *(nn),* കൃഷ്ണൻ ഏതു ഡിവിഷനിലാണ് ജോലി ചെയ്യുന്നത്

division, വിഭാഗം vibhaagaM *(nn),* ആ വിഭാഗത്തിൽപ്പെട്ട പുസ്തകങ്ങൾ ഇവിടെയില്ല.

division of a district, താലൂക്ക് taaluukkə *(nn),* ജില്ലകളെ താലൂക്കുകളായി വിഭജിക്കുന്നു

divorce, തലാക്ക് talaakkə *(nn),* ആമിനയെ ഭർത്താവ് തലാക്ക് ചൊല്ലി അയച്ചു

do, ചെയ്യ് ceyyə *(vi),* എല്ലാ കാര്യങ്ങളും ഭംഗിയായി ചെയ്യണം

do a difficult task, മലമറിക്ക് malamaRikkə *(comp vb),* അവൻ എന്തോ മലമറിച്ചത്രേ

do abortion, കലക്ക് kalakkə *(vt),* ഗർഭം കലക്കി

do sycophancy, കൈമണിഅടിക്ക് kaimaNiaTikkə *(vt),* അവൻ ആരെയും കൈമണി അടിക്കാറില്ല

doctor, ഡോക്ടർ DookTaR *(nn),* ഡോക്ടർ മരുന്നു കൊടുക്കുന്നു

document, ചാർത്ത് caaRttə *(nn),* അശോക് ഒരു ചാർത്ത് എഴുതി വാങ്ങിച്ചു.

document, രേഖ reekha *(nn),* അയാൾ ഒരു രേഖ എഴുതി

document writer, ആധാരമെഴുത്തുകാരൻ aadhaaramezuttukaaran *(nn),* ആധാരം എഴുത്തുകാരൻ ആധാരം എഴുതി

document written for giving exclusive right, തീറാധാരം tiiRaadhaaraM *(nn,comp),* അച്ഛൻ എഴുതിയ തീറാധാരം അമ്മാവൻ വായിച്ചു

dog, നായ naaya *(nn),* നായ കടിക്കും സൂക്ഷിക്കുക

dog, പട്ടി paTTi *(nn),* പട്ടി കുരയ്ക്കുന്നു

doing, ചെയ്തി ceyti *(nn),* അവന്റെ ചെയ്തികൾ എനിക്ക് ഇഷ്ടമായില്ല

doll, കളിപ്പാവ kaLippaava *(nn,comp),* കുട്ടിക്ക് ഒരു കളിപ്പാവ വാങ്ങിക്കൊടുത്തു

doll, പാവ paava *(nn),* കുട്ടിക്ക് കളിക്കാൻ പാവ വേണം

doll, ബൊമ്മ bomma *(nn),* കുട്ടി ബൊമ്മ വാങ്ങി

domain, രംഗം raMgaM *(nn),* പൊതുരംഗത്ത് പ്രവർത്തിക്കുന്നവൻ ജനതൽപരൻ ആണ്

domestic, ഗാർഹിക gaaRhika *(adj),* ഗാർഹിക പ്രശ്നങ്ങളിൽ ആരും തലയിടുന്നത് രവിക്ക് ഇഷ്ടമല്ല

domestic pigeon, മാടപ്രാവ് maaTapRaavə *(nn),* മാടപ്രാവ് പറന്നുപോയി

domestic worries, പ്രാരബ്ധം pRaarabdhaM *(nn),* പ്രാരാബ്ധങ്ങൾക്കിടയിൽ ജീവിതം നീങ്ങി

dominate, തോളിൽകയറ് tooLilkkayaRə *(comp vb),* വെറുതെയിരുന്നാൽതോളിൽ കയറും

donation, ദാനം daanaM *(nn),* ദാനം കൊണ്ട് മഹത്വം നേടാം

donkey, കഴുത kaZuta *(nn),* കഴുത ഭാരം ചുമക്കുന്നു

donkey, ഗർദ്ദഭം gaRddabhaM *(nn),* ചന്ദനത്തിന്റെ ഗന്ധമറിയാതെ ചന്ദനം ചുമക്കും പോലെ ഗർദ്ദഭം

donor, ദാതാവ് daataavə *(nn),* അദ്ദേഹം എല്ലാവർക്കും ദാതാവാണ്

door, കതക് katakə *(nn),* കതക് അടയ്ക്കൂ

door, കവാടം kavaaTaM *(nn),* കൊട്ടാരത്തിന്റെ കവാടം മലർക്കെ തുറക്കപ്പെട്ടു

door, വാതിൽ vaatil *(nn),* വാതിലിൽ ആരോ മുട്ടുന്നു

door sill, വാതിൽപ്പടി vaatilppaTi *(nn),* അയാൾ വാതിൽപ്പടിയിൽ ചാരിയിരുന്നു

door way, ഉമ്മറം ummaRaM *(nn),* ഉമ്മറത്ത് ആരോ വന്നിട്ടുണ്ട്

dosage, ഡോസ് Doosə *(nn),* മരുന്ന് ഡോസ് തെറ്റിച്ചു കഴിക്കരുത്

dot, ബിന്ദു bindu *(nn),* വൃത്തത്തിന്റെ നടുക്ക് ഒരു ബിന്ദു ഇട്ടു

double, ഇരട്ടിക്ക് iraTTikkə *(vi),* ബാങ്കിലിട്ട പണം ഇരട്ടിച്ചു

double, ഡബിൾ DabiL *(nn),* സിനിമാനടൻ ഡബിൾ റോളിൽ അഭിനയിച്ചു

double meaning, ദ്വയാർഥം dvayaaRthaM *(nn,comp),* അവൻ എപ്പോഴും ദ്വയാർത്ഥത്തിൽ സംസാരിക്കുന്നു

doubled, ദ്വിഗുണ dviguNa *(adj),* ദ്വിഗുണമായ ഫലം ചെയ്യുന്ന ഔഷധം

doubt, സന്ദേഹം sandeehaM *(nn),* അയാൾക്ക് അക്കാര്യത്തിൽ സന്ദേഹം തോന്നി

dove, അരിപ്രാവ് aripRaavə *(nn,comp),* മുറ്റത്ത് ഒരു അരിപ്രാവ് വന്നിരിക്കുന്നു

down, താഴെ taaZe *(adv),* പുസ്തകം താഴെ വീണു

downwards, കീഴോട്ട് kiiZooTTə *(adv),* അയാൾ എപ്പോഴും കീഴോട്ടു നോക്കി ഇരിക്കുന്നു

doze, മയങ്ങ് mayaṇṇə *(vi),* കുട്ടി ക്ഷീണിച്ചു മയങ്ങി

dozen, ഡസൻ Dajan, *(nn),* മധു ഒരു ഡസൻ ഓറഞ്ച് വാങ്ങി

Dradian cult of Worship, മാടൻ maaTan *(nn),* യക്ഷിയ്ക്കും മാടനും താമസിക്കാൻവേണ്ടി കാവുകളുണ്ട്.

dragging and pulling, വലി vali *(nn),* അവർ തമ്മിൽ വടം വലി നടക്കുന്നു

dragon fly, തുമ്പി tumbi *(nn),* കുട്ടി തുമ്പിയെ നോക്കി

drain, ഓട ooTa *(nn),* ഓടയിൽ നിന്ന് ഒരു നായ എഴുന്നേറ്റു വരുന്നു

drain out, തേവ് teevə *(vt),* അവർ കുളം തേവി

drain out water, ഉലത്ത് ulattə *(vt),* അമ്മ കറി ഉലത്തുന്നു

drainage, ഓവുചാൽ oovucaal *(nn,comp),* ഓവുചാൽ നന്നാക്കാൻ ആരും വന്നില്ല

drainage, ഡ്രെയിനേജ് DReineejə *(nn),* ഡ്രെയിനേജിലൂടെ അഴുക്കു വെള്ളം ഒഴുകുന്നു

drakula, രക്ഷസ് rak$asə *(nn),* രക്ഷസ്സ് രക്തം കുടിക്കുമെന്ന് ജനങ്ങൾ വിശ്വസിക്കുന്നു

drama, നാടകം naaTkaM *(nn),* എനിക്ക് നാടകം ഇഷ്ടമല്ല

drama stage, രംഗഭൂമി raMgabhuumi *(nn,comp),* രംഗ ഭൂമിയിൽ അവർ വന്നുചേർന്നു

drama theatre, രംഗമണ്ഡപം raMgamaNDapaM *(nn,comp),* രംഗമണ്ഡപത്തിൽ എല്ലാവരും അണിനിരന്നു

dramatics, നാട്യശാസ്ത്രം naaTyaSaastRaM *(nn,comp),* നാട്യശാസ്ത്രത്തിൽ അയാൾ വിദഗ്ദ്ധനായിരുന്നു

dramatist, നാടകകൃത്ത് naaTakakRttə *(nn,comp),* നാടകകൃത്ത് നാടകം രചിച്ചു

Draupadi (common wife of Pandavas daughter of Drapada), ദ്രൌപദി dRaupati *(nn),* ദ്രൌപദി ഭീമനോട് പറഞ്ഞു

Dravida the common name of South Indian languages, ദ്രാവിഡം dRaviDaM *(nn),* ദ്രാവിഡത്തിന് പല പ്രത്യേകതകളുമുണ്ട്

Dravidian, ദ്രാവിഡൻ dRaaviDan *(nn),* അയാൾ ഒരു ദ്രാവിഡനാണ്

Dravidian culture, ദ്രാവിഡസംസ്ക്കാരം dRaaviDsaMskkaaraM *(nn,comp),* ദ്രാവിഡ സംസ്ക്കാരം എന്നാലെന്ത്?

draw, വലിക്ക് valikkə *(vt),* അയാൾ വെള്ളം വലിക്കുന്നു

draw water from the well, കോര് koorə *(vi),* അമ്മ കിണറ്റിൽ നിന്നു വെള്ളം കോരി

drawer, ഡ്രോയർ DRaayaR *(nn),* മേശയുടെ ഡ്രോയറിൽ ഒരു പെൻസിലുണ്ട്

drawer of a table, വലിപ്പ് valippə *(nn),* അയാൾ വലിപ്പ് തുറന്നു

drawing, ചിത്രമെഴുത്ത് citRameZuttə *(nn),* അവൾക്ക് ചിത്രമെഴുത്തറിയാം

drawing, ഡ്രായിംഗ് DRayiMgə *(nn),* രാധ ഡ്രായിംഗ് ക്ലാസിൽ പോയി

drawing of tantric designs, കളമെഴുത് kaLameZutə *(vi),* ഉത്സവത്തോടനുബന്ധിച്ച് കളമെഴുതി

dreadful, ഉഗ്ര ugra *(adj),* ഉഗ്രമായ ഒരു അട്ടഹാസം ഞാൻ കേട്ടു

dreadful, ദാരുണ daaruNa *(adj),* വളരെ ദാരുണമായ കാഴ്ചയായിരുന്നു അത്

dreadful, ഭയങ്കര bhayaṇkara *(adj),* ഭയങ്കരമായ ചില സത്യങ്ങൾ അവനറിഞ്ഞു

dreadful crime, മഹാപാതകം mahaapaatakaM *(nn,comp),* അയാൾ ഒരു മഹാപാതകം ചെയ്തു

dream, കനവ് kanavə *(nn),* അവൾ കനവുകൾ കാണുന്നു

dream, കിനാവ് kinaavə *(nn),* അവൾ ഒരു കിനാവുകണ്ടു

dream, സ്വപ്നം svapnaM *(nn),* അവൾ സ്വപ്നം കാണുന്നു

dress, ഉടയാട uTayaaTa *(nn),* ഞാൻ ഉടയാടകൾ ധരിച്ചു

dress, ഡ്രസ്സ് DRassə *(nn),* ഡ്രസ്സ് വാങ്ങാൻ അച്ഛൻ ടൌണിൽ പോയി

dress of devil, പേക്കോലം peekkoolaM *(nn),* അയാളുടെ പേക്കോലം എല്ലാവരും കണ്ടു

dress with ornaments, ചമയം camayaM *(nn),* രാധയുടെ ചമയം കഴിഞ്ഞില്ല

dried, ഉണക്ക uNakka *(adj),* ഒരു ഉണക്ക മരം അവിടെ നിൽക്കുന്നു

dried, വറട്ട് vaRaTTə *(adj),* അമ്മ വറട്ടു തേങ്ങ എടുത്തു

dried (rain ceased), തോർന്ന tooRnna *(adj),* മഴ തോർന്ന സമയം

dried ginger, ചുക്ക് cukkə *(nn),* അമ്മ ചുക്ക്കൊണ്ട് കാപ്പിയുണ്ടാക്കി

dried grape, കിസ്മിസ്സ് kisəmissə *(nn),* അമ്മ കിസ്മിസ്സ് വാങ്ങി

dried twig of tree, ചുള്ളി cuLLi *(nn),* അമ്മ ചുള്ളി പെറുക്കി അടുപ്പിലിട്ടു

drill, ഡ്രിൽ DRil *(nn),* ഡ്രിൽ നടക്കുമ്പോൾ കുട്ടികൾ ബഹളം കൂട്ടി

drilling, തുരപ്പൻ turappan *(nn),* തുരപ്പൻ കൊണ്ട് തുരന്നു

drink, കുടിക്ക് kuTikkə *(vi),* അയാൾ എപ്പോഴും വെള്ളം കുടിക്കുന്നു

drink, മിറുക്ക് miRukkə *(vt),* അയാൾ ഒരു കവിൾ മിറുക്കുന്നു

drink, സേവിക്ക് seevikkə *(vt),* വൈദ്യൻ കൽപിച്ചത് മാതിരി രണ്ടു നേരം മരുന്നു സേവിക്കണം

drink alchohol, മദ്യപിക്ക് madyapikkə *(vt),* അയാൾ വല്ലാതെ മദ്യപിക്കുന്നു

drinking, മദ്യപാനം madyapaanaM *(nn),* മദ്യപാനം കുടുംബം നശിപ്പിക്കുന്നു

drinking vessel espcially for pouring out liquor, ചഷകം ca$akaM *(nn),* ആലിബാബ ചഷകത്തിൽ വീഞ്ഞു നിറച്ചു

drinking water, കുടിനീർ kuTiniiR *(nn,comp),* കുടിനീരിന് ഇവിടെ വലിയ ക്ഷാമമാണ്

drinking water, ജലപാനം jalapaanaM *(nn,comp),* ജലപാനമില്ലാതെ അയാൾ വ്രതമെടുത്തു

drip, ഇറ്റ് iRRə *(vi),* മരത്തിൽ നിന്ന് വെള്ളം ഇറ്റു വീഴുന്നു.

drive, ഓടിക്ക് ooTikkə *(vt),* അമ്മാവൻ വണ്ടി ഓടിക്കുന്നു

drive cattle, തെളിക്ക് teLikkə *(vt),* കുട്ടി പശുവിനെ തെളിച്ചു കൊണ്ടു പോയി

drive out, കൊട്ടിപ്പുറത്താക്ക് koTTippuRattaakkə *(comp vb),* കോഴികളെ കൂട്ടിൽ നിന്ന് കൊട്ടിപ്പുറത്താക്കി

drive to difficulty, ബുദ്ധിമുട്ടിക്ക് buddhimuTTikkə *(vt),* അയാളെ ബുദ്ധിമുട്ടിക്കേണ്ടെന്ന് അവൻ കരുതി

driver, ഡ്രൈവർ DraivaR *(nn),* മന്ത്രിയുടെ ഡ്രൈവർ അപകടത്തിൽ പെട്ടു

driver, വണ്ടിക്കാരൻ vaNTikkaaran *(nn),* വണ്ടിക്കാരൻ വണ്ടി ഓടിക്കുന്നു

driving away, തുരത്തൽ turattal *(nn),* അയാളുടെ തുരത്തൽ ദയനീയമായിരുന്നു

drizzle, ചാറ് caaRə *(vi),* ഇപ്പോൾ മഴ നന്നായി ചാറുന്നു

drizzle, പൊടിമഴ poTimaZa *(comp n),* ഇപ്പോൾ പൊടിമഴ പെയ്യുന്നു

drizzling, ചാറൽ caaRal *(nn),* ചാറൽ സമയത്ത് ഞങ്ങൾ വെറുതെ നടക്കാനിറങ്ങിയതായിരുന്നു

drizzling of the rain, ചറുപറെ caRupaRe *(adv),* മഴ ചറുപറെ പെയ്യുന്നു

Drona (preceptor of pandavas and kauravas), ദ്രോണർ dRooNaR *(nn),* ദ്രോണർ പാണ്ഡവരെ ആയുധവിദ്യ പഠിപ്പിക്കുന്നു

drop, ഇട്ടുകളയ് iTTukaLayə *(vt),* ആ പുസ്തകം നിലത്തേക്ക് ഇട്ടുകളഞ്ഞു

drop, ഇറ്റ് iRRə *(nn),* എനിക്ക് ഒരിറ്റു വെള്ളം തരൂ

drop, തുള്ളി tu$aaraM *(nn),* മഴയുടെ നേർത്ത തുള്ളികൾ ശരീരത്തിൽ പതിച്ചു

drop, തുള്ളി tuLLi *(nn),* മഴ തുള്ളിയായി വീണുകൊണ്ടിരുന്നു

drop of blood, ചോരത്തുള്ളി cooratuLLi *(nn,comp),* ഓരോ ചോരത്തുള്ളിയും വിലപ്പെട്ടതാണ്

dropping, ഉറ്റിക്ക് uRRikkə *(vt),* അയാൾ കണ്ണിൽ മരുന്ന് ഉറ്റിച്ചു

dropsy, മഹോദരം mahoodaraM *(nn),* അവർക്ക് മഹോദരം ആയിരുന്നു

drowsiness, മയക്കം mayakkaM *(nn),* മയക്ക ത്തിൽ നിന്ന് കുട്ടി ഉണർന്നു

drum stick tree, മുരിങ്ങ muriṉṉa *(nn),* മുരിങ്ങയിൽ മുരിങ്ങ കായ ഇല്ല

drummer, ചെണ്ടക്കാരൻ ceNTakkaaran *(nn),* ചെണ്ടക്കാരൻ ചെണ്ട കൊട്ടുന്നു

drumstick, മുരിങ്ങയ്ക്ക muriṉṉayəkka *(nn),*

മുരിങ്ങയ്ക്കായ്ക്ക് എത്രയാണ് വില

drunkard, കള്ളുകുടിയൻ kaLLukuTiyan *(nn,comp),* അയാൾ ഒരു കള്ളുകുടിയനാണ്

dry, ഉണക്ക് uNakkə *(vt),* വസ്ത്രങ്ങൾ വെയിലത്ത് ഉണക്കുന്നു

dry, ഉണങ്ങ് uNaŋŋə *(vi),* തോട്ടത്തിലെ ചെടികളെല്ലാം ഉണങ്ങിപ്പോയി

dry curry, തുവരൻ tuvaran *(nn),* അമ്മ തുവരൻ കറി വെച്ചു

dry leaves, ചപ്പ് cappə *(nn),* ഞങ്ങൾ ചപ്പുകൂടി കത്തിച്ച് തീ കാഞ്ഞു.

dry leaves of palmyra for writing, ഏട് eeTə *(nn),* അയാൾ ഓരോ ഏടുകൾ മറിച്ചുനോക്കി

dry or dried tender arecanut, കൊട്ടയ്ക്ക koTTaTykka *(nn,comp),* ഞാൻ ഒരു കൊട്ടയ്ക്ക രണ്ടായി മുറിച്ചു

dry palm leaves, ചൂട്ട് cuuTTə *(nn),* അമ്മാവൻ ചൂട്ടു കത്തിച്ചു വെള്ളം തിളപ്പിച്ചു

dry patches on the skin, മൊരി mori *(nn),* അയാളുടെ ശരീരത്തിൽ മൊരിയുണ്ടായിരുന്നു

dry the cloth, തോരയിട് toorayiTə *(vt),* അമ്മ വസ്ത്രങ്ങൾ തോരയിട്ടു

dry the hair with a towel after bath, തലതോർത്ത് talatooRttə *(comp vb),* അമ്മ കുട്ടിയുടെ തല തോർത്തുന്നു

dry up, തുവർ tuvarə *(vi),* തുണികൾ തുവരാൻ ഇട്ടു

dry up, വറള് vaRaLə *(vi),* എന്റെ നാവു വറളുന്നു

dryness, തോർച്ച tooRca *(nn),* നല്ല തോർച്ചയുള്ള സമയമാണിപ്പോൾ

dual, ദ്വന്ദ്വം dvandaM *(nn),* ദ്വന്ദ്വത്തിൽ ഒന്നിനെ വേടൻ വെടിവച്ചു

dual number in skt. grammar, ദ്വിവചനം dvivacanaM *(nn,comp),* ദ്വിവചനം സംസ്കൃതത്തിലുണ്ട്

dualism, ദ്വൈതം dvaitvaM *(nn),* അദ്വൈതത്തിന്റെ വിപരീതം ദ്വൈതം ആണ്

duality, ദ്വന്ദ്വഭാവം dvandvabhaavaM *(nn,comp),* അദ്വൈത വാദികൾ ദ്വന്ദ്വഭാവത്തെ എതിർത്തു

duck, താറാവ് taaRaavə *(nn),* താറാവ് മുട്ട ഇട്ടു

duck, വാത്ത് vaattə *(nn),* അയാൾ ഒരു വാത്തിനെ വാങ്ങി

duel fight, ദ്വന്ദ്വയുദ്ധം dvandvayuddhaM *(nn,comp),* ദ്വന്ദ്വയുദ്ധത്തിൽ ഭീമൻ ജയിച്ചു

dull person, മന്ദൻ mandan *(nn),* അയാൾ ഒരു മന്ദനാണ്

dullness, ജാള്യം jaaLyaM *(nn),* രവിക്ക് ഒന്നും പറയാൻ ജാള്യമുണ്ടായിരുന്നില്ല

dumb, ഊമ uuma *(nn),* കമലഹാസൻ ഊമയായി അഭിനയിച്ച സിനിമ വളരെ നന്നായിരുന്നു

dumb, മൂക muuka *(adj),* മൂകമായ ഒരു നിമിഷം ഞങ്ങൾ പിന്നിട്ടു

dung excrements, കാഷ്ഠം kaa$ThaM *(nn),* കാക്കകളുടെ കാഷ്ഠം പ്രതിമയെ വിരൂപമാക്കി

dung pit, വളക്കുഴി vaLakkuZi *(nn),* അയാൾ വളക്കുഴിയിൽ നിന്നു വളംമെടുത്തു

duplicateness, ദ്വിത്വം dvitvaM *(nn),* ദ്വിത്വം എന്നാൽ ഇരട്ടിപ്പ് ആണ്

duration of life, ആയുസ്സ് aayussə *(nn),* ആയുസ്സ് നീട്ടിക്കിട്ടാൻ അയാൾ പ്രാർഥിച്ചു

durga, കാളി kaaLi *(nn),* കാളിയുടെ അനുഗ്രഹം വാങ്ങി

dusk the confluence of day and night and twilight, ത്രിസന്ധ്യ tRisandhya *(nn,comp),* ത്രിസന്ധ്യനേരത്ത് ഞാൻ നടന്നു

Dussarah, ദസ്റ dasaRa *(nn),* മൈസൂരിൽ ദസ്റ കെങ്കേമമായി ആഘോഷിക്കുന്നു

dust, തൂളി tuuLi *(nn),* അരിയുടെ തൂളി പുറത്തേക്ക് പോയി

dust, ധൂളി dhuuLi *(nn),* അന്തരീക്ഷത്തിൽ ധൂളി പടർന്നു

dust, പൊടി poTi *(nn),* ബസ്സ് പോയപ്പോൾ വല്ലാതെ പൊടി അടിച്ചു

dustbin, ചവറ്റുകൊട്ട cavaRRukoTTa *(nn,comp),* മധു ചവറ്റുകൊട്ടയിലേക്ക് കടലാസുകൾ വാരിയിട്ടു

duties of a King, രാജധർമ്മം raajadhaRmmaM *(comp nn),* അദ്ദേഹം രാജധർമ്മം ചെയ്തു

duty, കർത്തവ്യം KaRttavyaM *(nn),* അയാൾ അയാളുടെ കർത്തവ്യങ്ങൾ നിറവേറി

duty, ചുമതല cumatala *(nn),* എന്താണ് തന്റെചുമതലയെന്ന് അയാൾക്കറിയില്ലായിരുന്നു

duty of a messenger, ദൂതകർമ്മം duutakaRmmaM *(nn,comp),* ഹംസം ദൂതകർമ്മം നടത്തി

duty on goods, ചുങ്കം cuŋkaM *(nn),* ഈ പാലത്തിൽ ഇപ്പോഴും ചുങ്കം പിരിയ്ക്കുന്നു

dwarf, കുള്ളൻ kuLLan *(nn),* അയാൾ ഒരു കുള്ളനായിരുന്നു

dwarf, വാമനൻ vaamanan *(nn),* അയാൾ ഒരു വാമനനാണ്

dwell, നിവേശിക്ക് niveeSikkə *(vi),* ആര്യന്മാർ അവിടെ നിവേശിച്ചു

dwell, വസിക്ക് vasikkə *(vi),* അയാൾ അവിടെ വസിക്കുന്നു

dwelling, കിടപ്പാടം kiTappaaTaM *(nn),* അയാൾ കിടപ്പാടം വിറ്റ് നാടുകടന്നു

dwelling, ധാമം dhaamaM *(nn),* അയാൾ ദുഷ്ട ചിന്തകളുടെ ധാമമാണ്

dwelling, നികേതം nikeetaM *(nn),* അയാൾ ആ നികേതത്തിൽ വന്നു

dwelling, പൊറുതി poRuti *(nn),* അവർ പുതിയ വീട് കെട്ടി പൊറുതി മാറ്റി

dye, ചായം caayaM *(nn),* മുരളി മുറിയിൽ ചായം തേച്ചു

dye, ചായമിട് caaymiTə *(vt),* അയാൾ തുണികൾക്ക് ചായമിടുന്നു

dysentery, വയറുകടി vayaRukaTi *(nn),* കുട്ടിക്ക് വയറുകടിയാണത്രേ

dysentry, അതിസാരം atisaaraM *(nn),* അതിസാരം കൊണ്ട് കുട്ടി മരിച്ചു

each, ഓരോ ooroo *(adj),* ഓരോ പൂവിലും വണ്ടു സഞ്ചരിച്ചു

each one, ഓരോരുത്തരും oorooruttaruM *(in),* ഓരോരുത്തരും അവരവരുടെ കാര്യം മാത്രം ശ്രദ്ധിക്കുന്നു.

eagle, കൃഷ്ണപ്പരുന്ത് kR$əNapparuntə *(nn,comp),* കൃഷ്ണപ്പരുന്ത് വളരെ പൊക്കത്തിൽ പറക്കുന്നു

ear, കർണ്ണം kaRNNaM *(nn),* കർണ്ണന്റെ കർണ്ണാഭരണം തിളങ്ങുന്നുണ്ടായിരുന്നു

ear, കാത് kaatə *(nn),* കാതുണ്ടായിട്ടും കേട്ടില്ല

ear, ചെകിട് cekiTə *(nn),* അയാൾക്ക് ചെകിട് കേൾക്കില്ലത്രേ

ear canal, കർണ്ണനാളം kaRNNannaaLaM *(nn,comp),* കർണ്ണനാളത്തിലൂടെ ശബ്ദം കർണ്ണപുടത്തിലെത്തുന്നു

ear drum, കർണ്ണപുടം kaRNNapuTaM *(nn,comp),* ശബ്ദം ബാഹ്യകർണ്ണത്തിലൂടെ പ്രവഹിച്ച് കർണ്ണപുടത്തിലെത്തിക്കുന്നു

ear drum, ചെവിക്കല്ല് cevikklə *(nn,comp),* കർണ്ണനാളത്തിലൂടെ ചെവിക്കല്ലിൽ എത്തുന്നു

ear drum, ചെവിക്കുന്നി cevikkunni *(nn,comp),* ചെവിക്കുന്നിയിൽ ദ്വാരം വീണു

ear lobe, കീഴ്കാത് kiiZkaatə *(nn),* അവന്റെ കീഴ്കാത് വല്ലാതെ വേദനിച്ചു

ear of corn, കതിര് katirə *(nn),* നെല്ലിന് കതിര് വച്ചു

ear ring, കമ്മൽ kammal *(nn),* രമ കമ്മൽ അണിഞ്ഞു

ear ring, കാതില kaatila *(nn),* അവൾ കാതില അണിഞ്ഞു

ear ring for males, കടുക്കൻ kaTukkan *(nn),* അയാൾ ചെവിയിൽ കടുക്കൻ ധരിച്ചിരുന്നു

ear ring worn by christain women, കുണുക്ക് kuNukkə *(nn),* വല്യമ്മ കുണുക്ക് അണിഞ്ഞിട്ടുണ്ടായിരുന്നു

ear wax, ചെവിക്കായം cevikkaayaM *(nn,comp),* അയാൾ ചെവിക്കായം തോണ്ടി എടുക്കുന്നു

early, ആദിമ aadima *(adj),* ആദിമ മനുഷ്യൻ കല്ലുകൾകൊണ്ട് ആയുധങ്ങളുണ്ടാക്കി

early (before time), നേരത്തെ neeratte *(adv),* നേരത്തെ എത്തിയവർക്ക് സീറ്റ് കിട്ടി

earn, ചെവി cevi *(nn),* ചെവിയുണ്ടായാൽ പോര കേൾക്കണം

earn, സമ്പാദിക്ക് sambaadikkə *(vt),* അയാൾ കുറേ പണം സമ്പാദിക്കുന്നു

earnest money, അച്ചാരം accaaraM *(nn),* അദ്ദേഹം അച്ചാരം കൊടുത്തു

earnestly, നല്ലവണ്ണം nallavaNNaM *(adv),* നല്ല വണ്ണം പഠിക്കുന്ന കുട്ടി

ear-ring, കുണ്ഡലം kuNDalaM *(nn),* കർണ്ണൻ കുണ്ഡലം ഊരി നൽകി

earth, ഉർവി uRvi *(nn),* ഉർവ്വിയിൽ മനുഷ്യർ പിറന്നു

earth, ഊഴി uuZi *(nn),* ഊഴിയെക്കുറിച്ച് കുട്ടികൾക്കായുള്ള പുസ്തകമാണിത്

earth, ക്ഷിതി k$iti *(nn),* ക്ഷിതി ക്ഷീതിയി ലഹോ ജീവിതം ഘോരഘോരം

earth, ക്ഷോണി k$ooNi *(nn),* ക്ഷോണീന്ദ്ര പത്നിയുടെ വാണീം

earth, ധരണി dharaNi *(nn),* ഭൂമിയുടെ പര്യായപദമാണ് ധരണി

earth, ധരിത്രി dharitRi *(nn),* നമ്മളെല്ലാം ധരിത്രിയുടെ സന്തതികളാണ്

earth, പൃഥ്വി pRathvi *(nn),* പൃഥ്വിയിൽ കണ്ട കാഴ്ചകളെല്ലാം വളരെ ഭംഗിയായിരിക്കുന്നു.

earth, ഭൂഗോളം bhuugooLaM *(nn),* ഭൂഗോളത്തിന്റെ ആകൃതി മുട്ടയുടെതു പോലെയാണ്

earth, ഭൂതലം bhuutalaM *(nn),* ഭൂതലം നിറയെ വെള്ളമായിരുന്നു

earth, ഭൂമി bhuumi *(nn),* ഭൂമിയെ സംരക്ഷിക്കേണ്ട കടമ നമുക്കുണ്ട്

earth, മണ്ണ് maNNə *(nn),* അവൻ ചിരിച്ചു ചിരിച്ചു മണ്ണു കപ്പി

earth, മന്ന് mannə *(nn),* മന്നിലെല്ലാവർക്കും സുഖം

earth quake, ഭൂകമ്പം bhuukambaM *(nn),* ജപ്പാനിൽ ഭൂകമ്പമുണ്ടായി

earth quake, ഭൂമികുലുക്കം bhuumikulukkaM *(nn,comp),* ഇവിടെ ഭൂമി കുലുക്കമുണ്ടായിരുന്നു

earth worm, ഞാഞ്ഞൂൽ ~aa~uul *(nn),* ഒരു ഞാഞ്ഞൂൽ മണ്ണിലൂടെ ഇഴഞ്ഞു നടക്കുന്നു

earthenware pot with a broad mouth, കലം kalaM *(nn),* കലത്തിൽ കഞ്ഞി വച്ചു

east, കിഴക്ക് kiZakkə *(nn),* സൂര്യൻ കിഴക്കുദിക്കുന്നു

eastern, കിഴക്കൻ kiZakkan *(adj),* കിഴക്കൻ മലകളിൽ കോട മഞ്ഞാണ് ഇപ്പോൾ

eastern, പൂർവ്വ puuRvva *(adj),* പൂർവ്വ ഭാഗത്തുനിന്ന് വന്നവൻ

eastern side, പൂർവ്വദിക്ക് puuRvvadikkə *(nn,comp),* പൂർവ്വദിക്കിൽ നിന്ന് ചില പണ്ഡിതന്മാർ വന്നു

eastern side, പൂർവ്വഭാഗം puuRvvabhaagaM *(nn,comp),* പൂർവ്വഭാഗത്തുനിന്ന് ഉത്തരഭാഗത്തേക്ക് നോക്കി നിന്നു.

easy, നിസാരമായ nissaaramaaya *(adj),* നിസാരമായ കാര്യമായി ഒന്നിനേയും പരിഗണിക്കരുത്

easy chair, ചാരുകസേര caarukaseera *(nn,comp),* അപ്പൂപ്പൻ ചാരുകസേരയിൽ ഇരിക്കുന്നു

easy method, ചുളുവ് cuLuvə *(nn),* രവി പുതിയ ജോലി ചുളുവിൽ വാങ്ങി

eat, ഉണ്ണ് uNNə *(vi),* എല്ലാവരും ചോറു ഉണ്ണുന്നു

eat, കഴിക്ക് kaZikkə *(vt),* അയാൾ ഭക്ഷണം കഴിക്കുന്നു

eat, തിന്ന് tinnə *(vi),* കുട്ടി പഴം തിന്നുന്നു

eat, ഭുജിക്ക് bhujikkə *(vt),* അവൻ മാംസം ഭുജിക്കുന്നു

eat rice, ചോറുണ്ണ് cooRuuNNə *(vi),* കുട്ടി ചോറുണ്ണുന്നു

eat up, തിന്നുമുടിക്ക് tinnumuTikkə *(vt),* എല്ലാം തിന്നു മുടിക്കാൻ പിറന്നവനാണെന്ന് അമ്മ രവിയെ ശകാരിച്ചു

eat with gums, നൊണ്ണ് noNNə *(nn),* കുഞ്ഞുങ്ങൾ ആഹാരം നൊണ്ണി നൊണ്ണി കഴിക്കുന്നു

eatable roasted in oil, വട vaTa *(nn),* കുട്ടി ഒരു വട തിന്നു

eating rice (the ceremony of giving the first meal to a child), ചോറൂണ് cooRuuNə *(nn),* കുട്ടിയുടെ ചോറൂണിന് രവി പോയി

echo, പ്രതിധ്വനി pRatidvani *(nn,comp),* മലയോരങ്ങളിലൂടെ നടന്നപ്പോൾ മറുവശത്ത് താമസിക്കുന്ന ജനങ്ങളുടെ ആരവം പ്രതിധ്വനിയായി കേട്ടു

echo, മാറ്റൊലി maaRRoli *(nn),* ശബ്ദം അവിടെച്ചെന്ന് മാറ്റൊലി കൊള്ളുന്നു

echo, മുഴക്കം muZakkaM *(nn),* അയാളുടെ ശബ്ദത്തിന് നല്ല മുഴക്കമുണ്ട്

eclipse, ഗ്രഹണം gRahaNaM *(nn),* ഞാൻ സൂര്യന്റെ ഗ്രഹണം കണ്ടു

economics, അർഥശാസ്ത്രം aRthaSaastRaM *(nn,comp),* അവന് അർത്ഥശാസ്ത്രത്തിൽ ബിരുദമുണ്ട്

Economics, ധനതത്വശാസ്ത്രം dhanatatvaSaastRaM *(nn,comp),* ധനതത്വശാസ്ത്രത്തിൽ അയാൾ ബിരുദമെടുത്തു

ecstacy, നിർവൃതി niRvRtti *(adj),* അയാൾ നിർവൃതി പൂണ്ടു

edge, അറ്റം aRRaM *(nn),* ബ്ലയിഡിന്റെ അറ്റത്തിനു മൂർച്ചയില്ല

edge, ഇറമ്പ് iRambə *(nn),* വയലിന്റെ ഇറമ്പത്തു കൂടി അയാൾ നടന്നു

edge, തുഞ്ചം tu~caM *(nn),* രവി വഞ്ചിയുടെ തുഞ്ചത്തിരുന്നു

Edge of a tree or place, കോട് kooTə *(nn),* വളഞ്ഞ ജലാശയമുള്ള പ്രദേശമാണ് കോട്

edition, പതിപ്പ് patippə *(nn),* പുസ്തകത്തിന്റെ പുതിയ പതിപ്പിറങ്ങിയിട്ടില്ല

editorial, മുഖപ്രസംഗം mukhapRasaMgaM *(comp nn),* പത്രാധിപർ മുഖ പ്രസംഗം എഴുതി

education, വിദ്യാഭ്യാസം vidyaabhyaasaM *(nn),* വിദ്യാഭ്യാസം മൂല്യാധിഷ്ഠിതമായിരിക്കണം

effect, ഫലം phalaM *(nn),* തെറ്റിന്റെ ഫലം അയാൾ അനുഭവിച്ചു

effect ofevil eye, ദൃഷ്ടിദോഷം dR$Tidoo$aM *(nn,comp),* അയാൾക്ക് ദൃഷ്ടിദോഷം സംഭവിച്ചു

effective speech, വാഗ്വിലാസം vaagvilaasaM *(nn),* അയാളുടെ വാഗ്വിലാസങ്ങളിൽ എല്ലാവരും വീണു

efficiency, കാര്യക്ഷമത kaaryak$amata *(nn),* അയാളുടെ കാര്യക്ഷമത ആരും ചോദ്യം ചെയ്തില്ല

effort, പ്രയത്നം pRayatnaM *(nn),* പ്രയത്നത്തിനു ഇപ്പോഴല്ലെങ്കിൽ പിന്നീട് ഫലമുണ്ടാകും

effort, യത്നം yatnaM *(nn),* ആ ജോലി ലഭിക്കാനായി അയാൾ യത്നം നടത്തി

effortlessly, അനായാസം anaayaasaM *(adv),* പരിശീലനം കൊണ്ടു സീത അനായാസം പാടുന്നു

egg, അണ്ഡം aNDaM *(nn),* പക്ഷികളുടെ അണ്ഡം വിരിഞ്ഞു

egg, കോഴിമുട്ട kooZimuTTa *(nn,comp),* കോഴിമുട്ട ഔഷധ ഗുണമുള്ളതാണ്

egg, മുട്ട muTTa *(nn),* കോഴി മുട്ട ഒരു സമീഹൃത ആഹാരമാണ്

egg yoke, മുട്ടക്കരു muTTakkaru *(comp nn),* മുട്ടക്കരുവിന് ഔഷധഗുണമുണ്ട്

egoism, ഞാൻ ഭാവം *(nn,comp),* ഞാൻ ഭാവം ആർക്കും നല്ലതല്ല

eight, അഷ്ടം a$TaM *(nn,num),* അഷ്ടദിക്ക് പാലകന്മാർ ഉള്ള അമ്പലമാണിത്

eight, എട്ട് eTTə *(nn,num),* എട്ട് ദിക്കുകളും വിറച്ചു

eight lunar month in Hindu calendar, കാർത്തിക kaaRttika *(nn),* കാർത്തിക മാസത്തിൽ ദീപം തെളിച്ചു

eighteen, പതിനെട്ട് patineTTə *(nn,num),* പതിനെട്ട് പുരാണങ്ങളും വായിച്ചിട്ടുണ്ടോ

eighteenth lunar asterism, കേട്ട keeTTa *(nn),* അനിലിന്റെ നക്ഷത്രം കേട്ടയാണ്

eighth lunar day, പൂയം puuyaM *(nn),* പൂയം ഒരു നക്ഷത്രമാണ്

eighty, എൺപത് eNpatə *(nn,num),* എൺപതു വയസ്സുള്ള ഒരു വൃദ്ധൻ പന്ത്രണ്ടു വയസ്സുകാരിയെ വിവാഹം ചെയ്തത്രെ

either, ഒന്നുകിൽ onnukil *(adv),* ഒന്നുകിൽ നീ അല്ലെങ്കിൽ ഞാൻ

either ... or, അഥവാ athavaa *(in),* എ അഥവാ ബി അഥവാ സിയ്ക്കു ഉത്തരമെഴുതുക

eject phlegm from the throat, കാർക്കിക്ക് kaaRkkikkə *(vb),* അയാൾ കാർക്കിച്ചു തുപ്പി

elaborating a tune, ആലാപനം aalaapanaM *(nn),* അയാളുടെ ആലാപനം എനിക്കിഷ്ടമല്ല

elapse, കഴിഞ്ഞുപോക് kaZi~~upookə *(vi),* അയാൾ വിചാരിച്ചതിലും കൂടുതൽ

happen, സംഭവിക്ക് saMbhavikkə *(vi),* അങ്ങനെ സംഭവിച്ചത് ആരുടേയും കുറ്റം കൊണ്ടല്ല

happines, ഭോഗം bhoogaM *(nn),* ഭോഗത്തിനുവേണ്ടി മാത്രമല്ല മുനുഷ്യൻ ജീവിക്കുന്നത്

happiness, കുതൂഹലം kutuuhalaM *(nn),* കുട്ടികൾ കുതൂഹലത്തോടെ ഓടിനടന്നു

happiness, കുശാൽ kuSaal *(nn),* അവർക്ക് കുശാലാണ്

happiness, മേളം meeLaM *(nn),* ഓണത്തിന് എല്ലാവരും ചേർന്നത് കൊണ്ട് നല്ല മേളമായിരുന്നു

happiness, മോദം moodaM *(nn),* അവന് മോദം തോന്നി

happiness, സൌഖ്യം saukhyaM *(nn),* അയാൾക്ക് സൌഖ്യമാണത്രെ

happy, സന്തോഷമുള്ള santoo$amuLLa *(adj),* സന്തോഷമുള്ള കാര്യങ്ങൾ കേൾക്കാൻ എല്ലാവർക്കും താൽപര്യം തന്നെ

harass, ഉപദ്രവം upadravaM *(vt),* മേലുദ്യോഗസ്ഥൻമാർ കീഴുദ്യോഗസ്ഥരെ വല്ലാതെ ഉപദ്രവിക്കുന്നു

harbour, തുറ tuRa *(nn),* രവി തുറ സന്ദർശിച്ചു

harbour, തുറമുഖം tuRamukhaM *(nn),* കൊച്ചി തുറമുഖമാണ്

hard, കട്ടിയായ kaTTiyaaya *(adj),* വെള്ളം കട്ടിയായതാണ് ഐസ്

hard, കഠിനമായ kaTinamaaya *(adj),* കഠിനമായ തലവേദനകൊണ്ട് അയാൾ പുളഞ്ഞു

hard, കഠോര kaThoora *(adj),* കഠോര വാക്കുകൾകൊണ്ട് എന്റെ മനസ്സ് വേദനിച്ചു

hard, നല്ല nalla *(adj),* നല്ല ജോലിയുണ്ട്

hard and cruel word, കടുംവാക്ക് kaTumvaakkə *(nn,comp),* അയാൾ അവനോട് കടും വാക്കുകൾ പറഞ്ഞു

hard breathing, ഏക്കം eekkaM *(nn),* കുട്ടി ഉറങ്ങുമ്പോൾ ഏക്കം വലിക്കുന്നു

hard time, ദുഷ്ക്കാലം du$kkaalaM *(nn,comp),* അങ്ങനെ അവന്റെ ദുഷ്ക്കാലം കഴിഞ്ഞു

hard work, അത്യദ്ധ്വാനം atyaddhvaanaM *(comp n),* അത്യദ്ധ്വാനം ചെയ്താണ് അയാൾ പഠിച്ചത്

hard work, അധ്വാനം adhvaanaM *(nn),* യാതൊരു അധ്വാനവും ചെയ്യാൻ അയാൾ തയ്യാറായില്ല

hard work, ദേഹദണ്ഡം deehadaNDaM *(nn,comp),* അയാൾ വല്ലാതെ ദേഹദണ്ഡം ചെയ്തു

hardly, കഷ്ടിച്ച് ka$Ticcə *(adv),* അയാൾ കഷ്ടിച്ച് അവിടെ വരെ വന്നു

hardness, കാഠിന്യം kaaThinyaM *(nn),* വളരെ കാഠിന്യമുള്ള ഒരു കല്ലാണിത്

hardness, ദൃഢത dRDhata *(nn),* നല്ല ദൃഢതയുള്ള മേശയാണിത്

hardness of mind, മനഃകാഠിന്യം manahkaaThinyaM *(nn,comp),* അയാളുടെ മനഃകാഠിന്യംകൊണ്ട് അപകടമൊന്നുമുണ്ടായില്ല

harem, അന്തഃപുരം antahpuraM *(nn),* രാജകൊട്ടാരങ്ങളോടു ചേർന്ന് അന്തഃപുരങ്ങളുണ്ട്

harlot street, കൂത്തിത്തെരുവ് kuttitteruvə *(nn,comp),* കൂത്തിത്തെരുവിൽ എല്ലാ അശ്ലീലങ്ങളും നടക്കുന്നു

harm, ദ്രോഹിക്ക് dRoohikkə *(vt),* ആരും അവനെ ദ്രോഹിക്കില്ല

harsh, കർക്കശമായ kaRkkaSamaya *(adj),* വളരെ കർക്കശമായ പെരുമാറ്റമായിരുന്നു അയാളുടെത്

harshness, കർക്കശം kaRkkaSaM *(nn),* അയാളുടെ പെരുമാറ്റം എപ്പോഴും വളരെ കർക്കശമാണ്

harshness, കാർക്കശ്യം kaaRkkaSyaM *(nn),* അയാളുടെ കാർക്കശ്യം ആർക്കും ഇഷ്ടപ്പെട്ടില്ല

harthal, ഹർത്താൽ haRttaal *(nn),* ഇവിടെ ഹർത്താൽ ആചരിക്കുന്നു

harvest, കൊയ്ത്ത് koyttə *(nn),* കൊയ്ത്ത് കഴിഞ്ഞു ഇനി വയലുകൾക്കു വിശ്രമമാണ്

harvest only once in a year, ഒരുപ്പൂ oruppuu *(nn),* ഈ വയൽ ഒരുപ്പൂ വിതയ്ക്കുന്ന നിലമാണ്

hassles, മിനക്കേട് minakkeeTə *(nn),* വെറുതെ ഓരോ മിനക്കേട് ഉണ്ടാക്കി വയ്ക്കുന്നു

haste, ധൃതി dhRti *(nn),* ധൃതിയിൽ നടന്ന് അവർ അവിടെ എത്തി

haste, ബദ്ധപ്പാട് baddhappaaTə *(nn),* അയാളുടെ ബദ്ധപ്പാട് അയാൾക്കേ അറിയൂ

hat, തൊപ്പി toppi *(nn),* ഗോവിന്ദൻനായർ തൊപ്പി വയ്ക്കുന്നു

hat made of acasia sheath, തൊപ്പിപ്പാള toppippaaLa *(nn,comp),* അവർ തൊപ്പിപ്പാള തലയിൽ വച്ചു

hatch, കൊത്തിവിരിക്ക് kottivirikkə *(comp vb),* കോഴി മുട്ട കൊത്തി വിരിക്കുന്നു

hate, ദ്വേഷിക്ക് dvaa$ikkə *(vt),* അവൻ അവളെ ദ്വേഷിക്കുന്നില്ല

hate, വെറുക്ക് veRukkə *(vi),* രാജനെ എല്ലാവരും വെറുക്കുന്നു

hatred or rivalary between castes, ജാതിവൈരം jaativairaM *(nn,comp),* ജാതിവൈരം നിറഞ്ഞ ഒരു കാലഘട്ടമായിരുന്നു പത്തൊമ്പതാം നൂറ്റാണ്ട്

haughtiness, തന്റേടം tantReeTaM *(nn),* അവന്റെ പെരുമാറ്റം തന്റേടം പിടിച്ചതായിരുന്നു

have, ഉൾ uL *(vi),* എന്റെ കൈയിൽ പ്രസിദ്ധസാഹിത്യകാരൻമാരുടെ പുസ്തകങ്ങൾ ഉണ്ട്

have a disagreeable taste, ചുവയ്ക്ക് cuvaykkə *(vi),* പലഹാരങ്ങളെല്ലാം വല്ലാതെ ചുവയ്ക്കുന്നു

have a feeling of distinterest, കലിക്ക് kalikkə *(vi),* കുറെ നാൾ കഴിഞ്ഞപ്പോൾ അയാൾക്ക് എല്ലാം കലിച്ചു തുടങ്ങി

have a firm foot hold, കാലുറപ്പിക്ക് kaluRappikkə *(vb),* അവർ ഇവിടെ കാലുറപ്പിക്കുന്നു

have a hole, കിഴിയ് kiZiyə *(vi),* പണക്കിഴി കിഴിഞ്ഞു

have a hole (to be pierced through), തോണ്ടിപോക് tooNTəpookə *(comp vb),* കടലാസ് തോണ്ടുപോയി

have a pungent taste, എരിയ് eriyə *(vi),* ഈ കറികൾ വല്ലാതെ എരിയുന്നു

have a smell, മണക്ക് maNakkə *(vi),* ഇവിടെ പൂവിന്റെ ഗന്ധം മണക്കുന്നു

have an acrid taste, ചവർക്ക് cavaRkkə *(vi),* അമ്മയുണ്ടാക്കിയ പലഹാരം ചവർക്കുന്നു

have anger, ദേഷ്യംവര് dee$yaMvarə *(comp vb),* കുട്ടിക്ക് ദേഷ്യം വരുന്നു

have desire, കാംക്ഷിക്ക് kaMk$ikkə *(vi),* അയാൾ പലതും കാംക്ഷിച്ചിരുന്നു

have desire, മോഹിക്ക് moohikkə *(vi),* അവളുടെ മോഹത്തിന് ഒരു അറുതിയുമില്ല

have fatigue or wrinkles due to old age, ജരബാധിക്ക് jarabaadhikkə *(vb, comn),* ജരബാധിക്കുക വാർദ്ധക്യത്തിന്റെ ലക്ഷണമാണ്

have irritation in the eyes, കരുകരുക്ക് karukarukkə *(comp vb),* എന്റെ കണ്ണ് കരുകരുക്കുന്നു

have meals, തിന്ന് tinnə *(vi),* അവർ ചോറു തിന്നു

have nots, ഇല്ലാത്തവർ illaattavaR *(nn),* ഒന്നും ഇല്ലാത്തവർ ചുരുക്കം

have sexual pleasure, പ്രാപിക്ക് pRaapikkə *(vt),* കാമുകൻ കാമുകിയെ പ്രാപിച്ചു

havildar, ഹവിൽദാർ havildaaR *(nn),* അയാൾ പോലീസിൽ ഒരു ഹവിൽദാറാണ്

having no worries or distress, നിരാമയ niraamaya *(adj),* നിരാമയ മനസ്സ് ശാന്തമായിരിക്കും

hay, കച്ചി kacci *(nn),* പശുവിനു തിന്നാൻ കച്ചികൊടുത്തു

hay, വയ്ക്കോൽ vykkool *(nn),* വയ്ക്കോൽ കൊണ്ടു പുരമേഞ്ഞു

hay stack, തുറു tuRu *(nn),* മുറ്റത്ത് ഒരു തുറു നിൽക്കുന്നുണ്ട്

hay stack, വയ്ക്കോൽ തുറു *(nn,comp),* വയ്ക്കോൽ തുറു പറമ്പിൽ നിൽക്കുന്നു

hazardous task, പങ്കപ്പാട് paŋkappaaTə *(nn),* അയാൾ ജോലി തീർക്കാൻ പങ്കപ്പാടുപെട്ടു

he, അദ്ദേഹം addeehaM *(pron, hon),* അദ്ദേഹം ഒരു ഡോക്ടറാണ്

he, അവൻ avan *(Pro.),* അവൻ എന്റെ പുതിയ കൂട്ടുകാരനാണ്

he (honorific), ഇദ്ദേഹം iddeehaM *(Pron),* ഇദ്ദേഹം അച്ഛന്റെ സഹപാഠിയാണ്

he (non honoriific), ഇവൻ ivan *(Pron),* ഇവൻ എന്റെ അടുത്ത സുഹൃത്താണ്

head, തല tala *(nn),* തലയുണ്ടായാൽ പോര തലച്ചോറും വേണം

head, മണ്ട maNTa *(nn),* അയാളുടെ മണ്ടയിൽ ഒന്നും കേറിയില്ല

head, മസ്തകം mastakaM *(nn),* ആനയുടെ മസ്തകത്തിൽ നെറ്റിപ്പട്ടം കെട്ടി

head ache, ചെന്നിക്കുത്ത് cennikkuuttə *(nn,comp),* എനിക്ക് ഇന്നലെ ശക്തിയായ ചെന്നിക്കുത്ത് അനുഭവപ്പെട്ടു

head ache, തലവേദന talaveedana *(nn),* ശക്തമായ തലവേദന ഉണ്ടായിരുന്നെങ്കിലും അയാൾ അത് കാര്യമാക്കിയില്ല

head load, തലച്ചുമട് talaccumaTə *(nn,comp),* തലച്ചുമട് വഹിച്ചുകൊണ്ട് അവർ നടന്നു

head of a family, കാരണവർ kaaraNavaR *(nn),* കാരണവർ കുടുംബം ഭരിക്കുന്നു

head of a family, കുലപതി kulapati *(nn,comp),* കുലപതിയായ കണ്വൻ ശകുന്തളയെ യാത്രയാക്കി

head of a house hold, ഗൃഹനാഥൻ gRhanaathan *(nn,comp),* ഗൃഹനാഥൻ വീട്ടിലില്ലാത്ത സമയത്ത് കള്ളൻ കയറി

head quarters, ആസ്ഥാനം aasthaanaM *(nn),* സംഘടനയുടെ ആസ്ഥാനം ദൽഹിയിലാണ്

head to foot, നഖശിഖാന്തം nakhaSikhantaM *(nn,comp),* അയാൾ അതിനെ നഖശിഖാന്തം എതിർത്തു

head with disordered hair, ചപ്രത്തല capRattala *(nn,comp),* രവിയുടെ തല ചപ്രത്തലയായിരുന്നു

head worker, മേസ്ത്തിരി meesttiri *(nn),* മേസ്ത്തിരി ഇന്നലെ വന്നില്ല

heading, തലക്കെട്ട് talakkeTTə *(nn,comp),* എന്റെ കവിതക്ക് തലക്കെട്ടു കൊടുത്തിട്ടില്ല

health, ആരോഗ്യം aaroogyaM *(nn),* ആരോഗ്യമാണ് സമ്പത്ത്

health tonic, ലേഹ്യം leehyaM *(nn),* ഞാൻ ഒരു പ്രത്യേകതരം ലേഹ്യം കഴിച്ചു

heap and press down straw so as to from hay stack, തുറുഇട് tuRuiTə *(comp vb),* കൃഷിക്കാർ തുറു ഇട്ടു

heap of rubbish material, എച്ചിൽക്കുപ്പ eccilkkuppa *(nn,comp),* എച്ചിൽക്കുപ്പയിൽ നിന്ന് അയാൾ ആ സാധനങ്ങൾ പെറുക്കിയെടുത്തു

heap of trashed paddy, പൊലി poli *(nn),* അമ്മാവൻ പൊലി നോക്കിനിന്നു

hear, കേൾക്ക് keeLkkə *(vi),* ഞാൻ പുറത്ത് വലിയ ശബ്ദം കേട്ടു

hear, കേൾവി keeLvi *(nn),* വയസ്സാവുമ്പോൾ കേൾവി നഷ്ടപ്പെട്ടേക്കാം

heard of colony of cows, ഗോകുലം gookulaM *(nn),* ശ്രീകൃഷ്ണൻ ഗോകുലത്തിൽ താമസിച്ചു

heart, കൂമ്പ് kuumbə *(nn),* അവന്റെ കൂമ്പിൽ ഒരു നൊമ്പരം ഉണ്ടായി

heart, ചങ്ക് caŋkə *(nn),* രവി ചങ്കിൽ കൊള്ളുന്ന വാക്കുകൾ പറയുന്നു

heart, ഹൃദയം hRdayaM *(nn),* അവളുടെ ഹൃദയം നിർമലമാണ്

heart beat, തുടി tuTi *(nn),* അവളെ കണ്ടമാത്രയിൽ അവന്റെ തുടിപ്പുകൂടി

heart beat, നെഞ്ചിടിക്ക് ne~ciTikkə *(vb, comp),* പാമ്പിനെ കണ്ടപ്പേൾ അയാളുടെ നെഞ്ചിടിപ്പു കൂടി

heart disease, ഹൃദ്രോഗം hRədrogaM *(nn,comp),* ഹൃദ്രോഗം ബാധിച്ച അയാളെ ശസ്ത്രക്രിയയ്ക്ക് വിധേയനാക്കി

heart of a tree, കാതൽ kaatal *(nn),* മരത്തിന്റെ കാതൽ പുറത്തുകാണുന്നു

heat, ഉഷ്ണം u$NaM *(nn),* ഉഷ്ണംകൊണ്ട് മുറിയിൽ ഇരിക്കാനാകുന്നില്ല

heat, കാച്ചിൽ kaaccil *(nn),* കാച്ചിലുള്ളപ്പോൾ പുറത്തേയ്ക്കിറങ്ങണ്ട

heat, ചൂടാക് cuuTaakə *(vi),* അടുക്കളയിൽ വെള്ളം ചൂടാകുന്നു

heat, ചൂട് cuuTə *(nn),* ഏപ്രിൽ മാസത്തിൽ ഇവിടെ ചൂട് കൂടുതലാണ്

heat, താപം taapaM *(nn),* താപം അളക്കുന്ന ഉപകരണം

heaven, ദ്യോവ് dyoovə *(nn),* സൽക്കർമ്മങ്ങൾ ചെയ്താൽ ദ്യോവിലെത്താമെന്നു വിശ്വസിക്കുന്നു

heaven, നാകം naakaM *(nn),* നാകലോകത്ത് ജീവിക്കുന്നവർ അനശ്വരരാണ്

heaven, ഭുവനം bhuvanaM *(nn),* ഭുവനം നിറയെ സംഗീതം

heaven, സ്വർഗ്ഗം svaRggaM *(nn),* സ്വർഗ്ഗവും നരകവും എന്ന ആശയം മനുഷ്യ സൃഷ്ടിയാണ്

heaven created by sage viswamithra to accomodate thrSanku (anxiety due to uncertainity), ത്രിശങ്കുസ്വർഗ്ഗം tRiSaŋkusvaRggaM *(nn),* രവി ഇപ്പോൾ ത്രിശങ്കുസ്വർഗ്ഗത്തിലാണ്

heavenly woman, മേനക meenaka *(nn),* അവൾ മേനകയാണ് എന്നാണ് അവളുടെ വിചാരം

Heavily, തുറുതുറെ tuRutuRe *(adv),* മഴ തുറുതുറെ പെയ്തുകൊണ്ടിരുന്നു

heavy, കനത്ത kanatta *(adj),* ഇന്നലെ കനത്ത മഴ പെയ്തു

heavy rain, ചൊരിമഴ corimaZa *(nn),* ചൊരിമഴയത്ത് ഞങ്ങൾ കുടയില്ലാതെ നടന്നു

heavy rain, പെരുമഴ perumaZa *(comp nn),* പെരുമഴയത്ത് ഞങ്ങൾ നടന്നു

heavy torment, കൊല്ലാക്കൊല kollaakkola *(nn,comp),* ആ പാവം ജീവിയെ എന്തിനു കൊല്ലാക്കൊല ചെയ്യുന്നു

hectare, ഹെക്ടർ hekəTaR *(nn),* ഒരു ഹെക്ടർ സ്ഥലത്ത് റബ്ബർ നട്ടു

heel, ഉപ്പൂറ്റി uppuuRRi *(nn),* ഉപ്പൂറ്റിയിൽ വേദനിക്കുന്നു

heel, കുതികാൽ kutikaal *(comp n),* അയാൾ കുതികാലിൽ നിന്നു

height, ഉയരം uyaraM *(nn),* ഈ മാളികയുടെ ഉയരം എത്രയാണെന്ന് പറയാമോ?

height, എകരം ekaraM *(nn),* ആ കെട്ടിടത്തിന്റെ എകരമെത്രയാണ്?

height, കിളരം kiLaraM *(nn),* അവൾക്ക് നല്ല കിളരമുണ്ടായിരുന്നു

height, പൊക്കം pokkaM *(nn),* ഈ ഗോപുരത്തിനു നല്ല പൊക്കമുണ്ട്

heinous, കൊള്ളരുതാത്ത koLLarutaatta *(adj),* കൊള്ളരുതാത്ത പ്രവൃത്തികൾ ചെയ്തുവെന്ന് രാമന്റെ മേൽ കുറ്റം ചുമത്തപ്പെട്ടു

heinous, നീച niica *(adj),* നീചമായ ഒരു കൊലപാതകമായിരുന്നു അത്

heir apparent, കുമാരൻ kumaran *(nn),* രാജകുമാരൻ അപകടത്തിൽ മരിച്ചു

hell, നരകം narakaM *(nn),* നരകവും സ്വർഗ്ഗവും ഭൂമിയിൽ തന്നെ

hello, ഏയ് eeyə *(voc),* ഏയ് ഒന്നു നിലക്കണെ

help, സഹായിക്ക് sahaayikkə *(vt),* അദ്ദേഹം എല്ലാവരേയും സഹായിക്കുന്നു

help in return, പ്രത്യുപകാരം pRatyupakaaraM *(nn,comp),* രവി എല്ലാവർക്കും പ്രത്യുപകാരം ചെയ്തു

helpless, നിരവലംബ niravalaMba *(vt),* നിരവലംബമായ ഒരു അവസ്ഥയിലാണ് അയാളിന്ന്

helpless, നിസ്സഹായ nissahaaya *(adj),* നിസ്സഹായമായ ഒരു ഘട്ടത്തിലാണ് അവനിപ്പോൾ

hen, പിടക്കോഴി piTakkooZi *(nn),* പിടക്കോഴി മുട്ടയിടുന്നു

Henna (the paste of the herb which is applied by girls before marriage very artistically with intricate designs), മൈലാഞ്ചി mailaa~ci *(nn),* അവൾ മൈലാഞ്ചി അണിഞ്ഞു

herculean effort, ഭഗീരഥപ്രയത്നം bhagiirathapRayatnaM *(comp vb),* അയാൾ ഒരു ഭഗീരഥപ്രയത്നം നടത്തി

here, ഇവിടെ iviTe *(adv),* അയാളുടെ വീട് ഇവിടെയാണ്

here &there, അങ്ങുമിങ്ങും aNNumiNNuM *(adv),* എന്തിനാണ് ഇങ്ങനെ അങ്ങുമിങ്ങും അലഞ്ഞു തിരിയുന്നത്

Hereditory work of a family, കുലകർമ്മം kulakRmmaM *(nn,comp),* അവർ അവരുടെ കുലകർമ്മം അനുഷ്ഠിക്കുന്നു.

heriditary enemity, കുടിപ്പക kuTippaka *(nn,comp),* അവരുടെ കുടിപ്പക ഇതുവരെയും തീർന്നിട്ടില്ല

hermaphrodite, ക്ലീബം kLiibaM *(nn),* ഡൽഹിയിൽ ധാരാളം ക്ലീബങ്ങളെ കാണാം

hermitage, ആശ്രമം aaSRamaM *(nn),* ആശ്രമത്തിൽ പക്ഷിമൃഗാദികൾ സൈര്യം വിഹരിച്ചു

hero (of the story or biography), കഥാപുരുഷൻ kathaapuru$an *(nn,comp),* കഥാപുരുഷൻ അവിടെ നിന്ന് ഓടി രക്ഷപ്പെട്ടു

hesitate, തഞ്ച് ta~cə *(vi),* അനിൽ അവിടെ തഞ്ചി നിന്നു

hesitate, ശങ്കിക്ക് Saŋkikkə *(vt),* അവൾ വാതിൽപ്പടിക്കൽ ശങ്കിച്ചുനിന്നു

hesitate, സംശയിക്ക് saMSayikkə *(vt),* ഭാര്യക്കു ഭർത്താവിനെ വല്ലാത്ത സംശയമായിരുന്നു

Hibiscus, ചെമ്പരത്തി cembaratti *(nn),* ചെമ്പരത്തിപ്പൂവിന് ചുവപ്പുനിറമാണ്

hiccup, ഇക്കിൾ ikkiL *(nn),* അവന് ഇക്കിൾ എടുക്കുന്നു

hiccup, എക്കളിക്ക് ekkaLikkə *(vi),* കുട്ടിക്ക് എക്കളിക്കുന്നു

hidden, ഗുപ്തം guptaM *(adj),* ഗുപ്തമായ ഒരു മനസ്സാണ് രവിയുടേത്

hidden, നിഗൂഢം niguuDhaM *(adj),* നിഗൂഢമായ ഒരു ബന്ധമായിരുന്നു അത്

hidden meaning, നിഗൂഢാർഥം niguuDhaaRthaM *(nn,comp),* നിഗൂഢാർഥം അയാൾക്കു മനസ്സിലായില്ല

hide, മറയ്ക്ക് maRaykkə *(vt),* അവൻ പുസ്തകം പിടിച്ചു കൊണ്ടു തല മറയ്ക്കുന്നു

hide, മറയ്ക്ക് maRaykkə *(vi),* കള്ളൻ കട്ട വസ്തു മറയ്ക്കാൻ ശ്രമിച്ചു

hide oneself, ഒളിക്ക് oLikkə *(vt),* എന്തിനാണ് എന്നിൽ നിന്ന് ഇതൊക്കെ നീ ഒളിക്കുന്നത്

hide something, പൂഴ്ത്ത് puuZttə *(vt),* അവർ എന്തൊക്കെയോ പൂഴ്ത്തി വയ്ക്കുന്നു

hide under the wings, ചിറകിലൊതുക്ക് ciRakilotukkə *(adv),* തള്ളക്കോഴി കുഞ്ഞുങ്ങളെ ചിറകിലൊതുക്കി

hiding things, പൂഴ്ത്തിവയ്പ് puuZttivaypə *(nn),* പൂഴ്ത്തിവയ്പും കരിഞ്ചന്തയും തടയണം

hieroglyphist, ചിത്രലിപി citRalipi *(nn,comp),* മാധവമേനോന് ചിത്രലിപികൾ വായിക്കാനറിയാം

high, ഉന്നത unnata *(adj),* അദ്ദേഹം ഉന്നതമായ ചില ആദർശങ്ങൾ വച്ചു പുലർത്തി

high, ഉയർന്ന uyaRnna *(adj),* അവിടെ ഉയർന്ന ഒരു പ്രദേശമുണ്ട്

high tower, മണിമാളിക maNimaaLika *(nn,comp),* അവൻ ഒരു മണിമാളികയിൽ താമസിച്ചു

high treason, രാജദ്രോഹം raajadRoohaM *(comp nn),* അയാൾ ഒരു രാജദ്രോഹം ചെയ്തു

highly logical, അത്യുക്തി atyukti *(nn),* അത്യുക്തികൾ നിറഞ്ഞ ഉപന്യാസം ആയിരുന്നു അത്

hill, കുന്ന് kunnə *(nn),* കുന്നിനപ്പുറം പട്ടണമാണ്

hill, മല mala *(nn),* അവൻ മല കയറുന്നു

hill products, മലഞ്ചരക്ക് mala!carakkə *(nn,comp),* മലഞ്ചരക്ക് സാധനങ്ങൾ ഇവിടെ എടുക്കുന്നതാണ്

hilly tract wayanad, വയനാട് vayanaaTə *(nn),* ധാരാളം കാടുകളും മേടുകളും നിറഞ്ഞ പ്രദേശമാണ് വയനാട്

hinder, തടയ് taTayə *(vt),* അതിക്രമിച്ചു കടന്നവരെ തടഞ്ഞു

hinder part of body, തൂത്ത് tuuttə *(nn),* അയാൾ എല്ലാം തന്റെ തൂത്തിനിടയിൽ ഒളിപ്പിച്ചുവച്ചു

hinder part of thigh, ഊര uura *(nn),* എന്റെ ഊര വേദനിക്കുന്നു

hindrance, തടസ്സം taTassaM *(nn),* ബസ്സ് ഇതുവഴി വരാനുള്ള തടസ്സം നീങ്ങി

Hindu, ഹിന്ദു hindu *(nn),* അയാൾ ഹിന്ദുവാണ്

hinge, വിജാഗിരി vijaagiri *(nn),* ജനലിന്റെ വിജാഗിരി ഇളകിപ്പോയി

hint, സൂചന suucana *(nn),* വിജയത്തിന്റെ സൂചനകളൊന്നുമില്ലായിരുന്നു

hip, ഇടുപ്പ് iTuppə *(nn),* ഇടുപ്പിൽ വേദനിക്കുന്നു

hip & loins, കടി kaTi *(nn),* അവളുടെ കടി പ്രദേശങ്ങൾ വസ്ത്രങ്ങൾ കൊണ്ട് മറയ്ക്കപ്പെട്ടിരുന്നു

hiss, ചീറ് ciiRə *(vi),* പുലി ചീറിക്കൊണ്ട് ഓടി വരുന്നു.

hissing sound, സീൽക്കാരം siilkkaaraM *(nn),* മൂർഖൻ പാമ്പിന്റെ സീൽക്കാരം അവിടെ നിന്നുണ്ടായിരുന്നു

historian, ചരിത്രകാരൻ caritRakaaran *(nn,comp),* ചരിത്രകാരൻ തന്റെ വീക്ഷണത്തിനനുസരിച്ച് ചരിത്രമെഴുതി

historical sense, ചരിത്രബോധം caritRaboodhaM *(nn,comp),* ചരിത്രബോധമുള്ളത് കൊണ്ടാണ് നാം പുരോഗമിക്കുന്നത്

historionicism, രംഗക്കൊഴുപ്പ് raMgakkoZuppə *(nn,comp),* രംഗക്കൊഴുപ്പുള്ള ഒരു പരിപാടിയായിരുന്നു അത്

history, ചരിതം caritaM *(nn),* ഞാൻ രാമന്റെ ചരിതം വായിച്ചു

history, ചരിത്രം caritRaM *(nn),* ചരിത്രത്തിൽ നിന്നും നാം പലതും പഠിക്കുന്നു

hit, ഇടിക്ക് iTikkə *(vt),* ആ വാഹനം ഒരു മരത്തിൽ ചെന്ന് ഇടിച്ചു

hit and cause to loss, തട്ടിക്കളയ് taTTikkaLyə *(comp vb),* കൈയ്യിൽ വന്ന മഹാലക്ഷ്മിയെ തട്ടിക്കളഞ്ഞു

hit the mark, കുറിക്ക്കൊള്ള് kuRikkəkoLLə *(nn,comp),* അയാൾ കുറിക്കുകൊള്ളുന്ന വാക്കുകൾ പലതും പറഞ്ഞു

hoarseness of the throat, തൊണ്ടയടപ്പ് toNTayaTappə *(nn,comp),* തൊണ്ടയടപ്പുകൊണ്ട് ഞാൻ ബുദ്ധിമുട്ടി

hoe, കൈക്കോട്ട് kaikkooTTə *(nn,comp),* ഹരി കൈക്കോട്ടു കൊണ്ട് മണ്ണു നീക്കി

hold, വഹിക്ക് vahikkə *(vt),* അമ്പലത്തിലെ വിഗ്രഹം പൂജാരി തോളിൽ വച്ച് വഹിച്ചു കൊണ്ടുപോകുന്നു

hold a thing in mouth, വായിലാക്ക് vaayilakkə *(nn),* തവള ചെറുപ്രാണിയെ ഒറ്റയടിക്ക് വായിലാക്കി

hold against for striking, ഓങ്ങ് ooŋŋə *(vi),* അയാൾ വടികൊണ്ട് അടിക്കാൻ ഓങ്ങി

hold one`s hand (marriage), കരംഗ്രഹിക്ക് karaMgrahikkə *(comp vb),* അവൾ അയാളുടെ കരം ഗ്രഹിച്ചു

holding against to strike, ഓങ്ങൽ ooŋŋal *(nn),* അയാളുടെ കൈ ഓങ്ങൽ അവൻ തടുത്തു

hole, തുള tuLa *(nn),* കടലാസിൽ ഒരു തുള വീണു

hole, തോട്ട tooTTa *(nn),* ഒരു തോട്ടയിലൂടെ അവൻ നോക്കി

hole, ദ്വാരം dvaaraM *(nn),* തോക്കിന്റെ ദ്വാരത്തിലൂടെ നോക്കി

hole, മാളം maaLaM *(nn),* പാമ്പുകൾക്ക് മാളമുണ്ട്

hole in trees or grounds, പൊത്ത് pottə *(nn),* പാമ്പ് ഒതു പൊത്തിൽ ഒളിച്ചു

holiday, അവധി avadhi *(nn),* എനിക്ക് അവധി കിട്ടിയില്ല.

holiday, അവധിദിവസം avadhidivasaM *(comp n),* അവധിദിവസങ്ങൾ വളരെ വിരസമാണ്

holiday, ഒഴിവ് oZivə *(nn),* അവന് ഇന്ന് ഒഴിവായിരുന്നു

holiday, മുടക്കം muTakkaM *(nn),* ഇന്ന് കട മുടക്കമാണ്

hollow, പേട് peeTə *(nn),* ആ തേങ്ങ പേടായിരുന്നു

hollow, പൊള്ള poLLa *(nn),* അയാൾ പൊള്ള വാഗ്ദാനങ്ങൾ നല്കി

hollow, മട maTa *(nn),* അയാൾ പുലിമടയിൽ ചെന്നു കയറി

hollow in the tree trunk, മരപ്പൊത്ത് marappottə *(nn),* മരപ്പൊത്തിൽ ഒരു കിളികൂടുവച്ചിട്ടുണ്ട്

holly mass, കുർബാന kuRbaana *(nn),* കുർബാന കഴിഞ്ഞ് എല്ലാവരും മടങ്ങി

holy, തിരു tiru *(adj,pfx),* തിരുമേനി എഴുന്നെള്ളുന്ന സമയമായി

holy basil, തുളസി tuLasi *(nn),* അമ്മ തുളസിക്ക് വെള്ളം നനച്ചു

holy chief of Jains, തീർത്ഥങ്കരൻ tiiRtthaŋkaran *(nn),* 21-ാമത്തെ തീർത്ഥങ്കരനായിരുന്നു ജിനൻ

holy day, തിരുനാൾ tirunaaL *(nn),* തിരുനാൾ ദിവസം എല്ലാവരും ദേവാലയത്തിൽ പോയി

holy land, ധർമ്മക്ഷേത്രം daRmmak$eetRaM *(nn),* ധർമ്മക്ഷേത്രത്തിൽ അവർ പ്രവേശിച്ചു

holy name, തിരുനാമം tirunaamaM *(nn),* ദൈവത്തിന്റെ തീരുനാമം വ്യഥാ പ്രയോഗിക്കരുത്

holy remainings of saints body, തിരുശ്ശേഷിപ്പ് tiruSee$ippə *(nn),* തിരുശ്ശേഷിപ്പ് വളരെ ഭദ്രമായി സൂക്ഷിച്ചു

holy river yamuna, യമുന yamuna *(nn),* യമുനയുടെ തീരങ്ങളിൽ അവർ താമസിച്ചു

holy sacrifice, യജ്ഞം yaj~aM *(nn),* രാജാവ് യജ്ഞം നടത്തി

holy water, തീർത്ഥം tiiRtthaM *(nn),* അമ്മ തീർത്ഥം തലയിൽ ഒഴിച്ചു

holy writ, ധർമ്മശാസനം dhaRmmaSaasanaM *(nn,comp),* ധർമ്മശാസനം അവർ അനുസരിച്ചു

home, ആലയം aalayaM *(nn),* അയാളുടെ ആലയത്തിലേക്ക് അയാൾ മടങ്ങിയെത്തി

home, ഗേഹം geehaM *(nn),* രവി ജൻമ ഗേഹം പൂകി

Home science, ഗൃഹവിജ്ഞാനം gRhavij~~aanaM *(nn,comp),* ബെറ്റി ഗൃഹവിജ്ഞാനം പഠിക്കുന്നു

home work, ഗൃഹപാഠം gRhapaaThaM *(nn,comp),* രവി ഗൃഹപാഠങ്ങളെല്ലാം ശരിയായി ചെയ്തു.

honest, വിശ്വസ്തനായ viSvasthanaaya *(adj),* ഹരിശ്ചന്ദ്രൻ വിശ്വസ്തനായ ഒരു രാജാവായിരുന്നു

honest war (a war in which the fighters follow strict laws), ധർമ്മയുദ്ധം dhaRmmayuddhaM *(nn,comp),* ധർമ്മയുദ്ധത്തിൽ ഭീമൻ ജയിച്ചു

honey, തേൻ teen *(nn),* എനിക്ക് തേൻ ഇഷ്ടമാണ്

honey, മധു madhu *(nn),* മലരിൽ മധുവുണ്ട്

honey bee, തേനീച്ച teeniicca *(nn,comp),* തേനീച്ച തേൻ കൊണ്ടുവന്നു

honey bee, തേനീച്ച teeniicca *(nn),* തേനീച്ചകൾ പൂക്കളിൽ നിന്നു തേൻ നുകരുന്നു

honey bird, കുഞ്ഞുക്കിളി ku~~ukkiLi *(nn),* കുഞ്ഞുക്കിളി ജനാലയിൽ വന്നിരുന്നു

honey in flowers, പൂന്തേൻ puunteen *(nn,comp),* വണ്ട് പൂന്തേൻ നുകർന്നു

honey of small bees, ചെറുതേൻ ceRuteen *(nn,comp),* ചെറുതേൻ ഒരു കുപ്പിയിൽ സൂക്ഷിച്ചു വച്ചിരിക്കുന്നു

honey-sweet word, തേഞ്ചൊല്ല് tee~collə *(nn,comp),* അവന്റെ തേഞ്ചൊല്ലിൽ അവൾ വീണു

honour, ബഹുമതി bahumati *(nn),* അന്യനാട്ടിൽ പോയ അയാൾക്ക് പല ബഹുമതികളും കിട്ടി

honour, ബഹുമാനിക്ക് bahumaanikkə *(vb),* അയാൾ എല്ലാവരേയും ബഹുമാനിക്കുന്നു

honourable, ബഹുമാനപ്പെട്ട bahumanappeTTa *(adj),* ബഹുമാനപ്പെട്ട മെമ്പർ സഭയിൽ നിന്നു പുറത്തുപോകണം

hood of a snake, ഫണം phaNaM *(nn),* പാമ്പ് ഫണമുയർത്തി നില്ക്കുന്നു

hook, ഉടക്ക് uTakkə *(nn),* കയറിൽ ഒരു ഉടക്ക് ഉണ്ടാക്കി

hook, കൊക്ക kokka *(nn),* അയാൾ ഒരു കൊക്ക കൊണ്ട് പഴം പറിച്ചു

hook, കൊളുത്ത് koLuttə *(nn),* ജനലിന്റെ കൊളുത്ത് പറിഞ്ഞുപോയി

hook for controlling elephant, തോട്ടി tooTTi *(nn),* രവി തോട്ടി കൊണ്ട് ആനയെ നിയന്ത്രിച്ചു

hook worm, കൊക്കപ്പുഴു kokkappuZu *(nn,comp),* വയറ്റിൽ കൊക്കപ്പുഴുവിന്റെ ഉപദ്രവമുണ്ടായി

hookah, ഹുക്കാ hukkaa *(nn),* അയാൾ ഹുക്കാ വലിച്ചു

hoot of animals, കുളമ്പ് kuLambə *(nn),* കുതിരയുടെ കുളമ്പിൽ രോഗം ബാധിച്ചു

hope, പ്രത്യാശ pRatyaaSa *(nn),* അവന്റെ മനസ്സിൽ യാതൊരു പ്രത്യാശയും ഉണ്ടായിരുന്നില്ല

horizon, ചക്രവാളം cakRavaaLaM *(nn),* ചക്രവാളങ്ങൾക്കപ്പുറത്തേക്ക് രാധ നോക്കിയിരുന്നു

horizon, ദിങ്മണ്ഡലം dinmaNDalaM *(nn,comp),* ദിങ്മണ്ഡല ത്തിൽ എല്ലാം വ്യക്തമായി കണ്ടു

horizontally, തിരശ്ചീനം tiraSciinaM *(adv),* തിരശ്ചീനമായ പ്രതലത്തിലൂടെ അവർ സഞ്ചരിച്ചു

horned deer, കലമാൻ kalaman *(nn),* കലമാന്റെ കൊമ്പ് ഒടിഞ്ഞു പോയി

horned shark, കൊമ്പൻ komban *(adj),* കൊമ്പൻ സ്രാവ് വെള്ളത്തിലൂടെ ഊളിയിട്ടു വന്നു

horoscope, ജാതകം jaatakaM *(nn),* രവിക്ക് ജാതകത്തിൽ വിശ്വാസമില്ലായിരുന്നു

horrendous, ബീഭത്സം biibhatsaM *(nn),* അയാൾ ബീഭത്സം അഭിനയിച്ചു കാട്ടി

horror, ഘോരം ghooraM *(nn),* ആ സംഭവം വളരെ ഘോരമായിരുന്നു

horse, കുതിര kutira *(nn),* കുതിരകൾ ഓടുന്നു

horse shoe, ലാടം laaTaM *(nn),* കുതിരയ്ക്ക് ലാടം അടിക്കുന്നു

horsegram, മുതിര mutira *(nn),* കുതിര മുതിര തിന്നു

horseshoe, കുതിരലാടം kutiralaaTaM *(nn),* കുതിരയ്ക്ക് കുതിരലാടം തറച്ചു

hosanna, ഹോശാന hooSaana *(nn),* അവർ ഹോശാന പാടി

hospital, ആശുപത്രി aaSupatRi *(nn),* ആശുപത്രിയിൽ രോഗികൾ നിറഞ്ഞു

host, ആതിഥേയൻ aatitheeyan *(nn),* കേരളീയർ നല്ല

ആതിഥേയരാണെന്ന് ചിലർ പറയുന്നു.

hot, എരിവ് erivə *(nn),* ഗുണ്ടൂർ മുളകിന് ഭയങ്കര എരിവാണ്

hot, ചുടു cuTu *(adj),* ഞാൻ ചുടുകഞ്ഞി കുടിച്ചു

hot water, ചൂടുവെള്ളം cuuTuveLLaM *(nn),* ചൂടുവെള്ളത്തിൽ വീണ പൂച്ച പച്ചവെള്ളം കണ്ടാൽ പേടിക്കും

hotel, ഹോട്ടൽ hooTTal *(nn),* ഞാൻ ഹോട്ടലിൽ നിന്നു ഭക്ഷണം കഴിക്കാറില്ലായിരുന്നു

hotspring, ഊറ്റ് uuRRə *(nn),* ഊറ്റിൽ നിന്നു കിട്ടുന്ന വെള്ളത്തിന് എന്തൊരു സ്വാദായിരുന്നു

hour, മണിക്കൂർ manikkuuR *(nn),* മണിക്കൂറുതോറും മണിയടിച്ചു കൊണ്ടിരുന്നു

house, ഗൃഹം gRhaM *(nn),* ഇതാണ് മന്ത്രിയുടെ ഗൃഹം

house, മന്ദിരം mandiraM *(nn),* മന്ത്രി രാജമന്ദിരത്തിലേക്കു പോയി

house, വീട് viiTə *(nn),* വീട്ടിൽ ആരും ഉണ്ടായിരുന്നില്ല

house holder, കുടുംബിനി kuTumbini *(nn),* അവൾ ഒരു കുംടുംബിനിയായിരുന്നു

house lizard, ഗൌളി gauLi *(nn),* ഗൌളിയുടെ വാൽ മുറിഞ്ഞു പോയി

house of blacksmith, കൊല്ലക്കുടി kollakkuTi *(nn,comp),* കൊല്ല ക്കുടിയിൽ സൂചി വില്ക്കാൻ ഒരുങ്ങുന്നു

house of keralite bhrahmins, മന mana *(nn),* മനയ്ക്കൽ നമ്പൂതിരിയെ പോയി കണ്ടു

house of the kshatriyas, കോയിക്കൽ kooyikkal *(nn),* മന്ത്രി കോയിക്കലേക്ക് പോയി.

house sparrow, അടക്കാവ് aTakkaavə *(nn),* അടക്കാവ് വീട്ടിൽ വന്നു

household god, കുലദൈവം kuladaivaM *(nn,comp),* കുലദൈവ ങ്ങളെയെല്ലാം ഒതേനൻ പ്രാർത്ഥിച്ചു

how, എങ്ങനെ eṉṉane *(int),* എങ്ങനെയാണ് അയാൾ ഇവിടെ വന്നത്?

how many, എത്ര etRa *(int),* എത്രപേരാണ് ഇങ്ങോട്ടു വരുന്നത് ?

howdah, അമ്പാരി ambaari *(nn),* ആനയും അമ്പാരിയുമില്ലാതെ അവർ സ്വീകരിക്കും

however, എങ്കിലും eṉkiluM *(cond),* അയാൾ വേണ്ടെന്നു പറഞ്ഞു എങ്കിലും ഞാൻ പോയി

howl, ഊളിയിട് uuLiyiTə *(vi),* കുറുക്കൻ ഊളിയിടുന്നു

howl, കൂവ് kuuvə *(vi),* കുട്ടികൾ ഉച്ചത്തിൽ കൂവുന്നു

howl, മോങ്ങ് mooṉṉə *(nn),* വീട്ടിലെ പട്ടി രാത്രിയെല്ലാം മോങ്ങുന്നുണ്ടായിരുന്നു

howling, ആർപ്പ് aaRppə *(nn),* കുട്ടികളുടെ ആർപ്പുവിളികൾ അവിടെയെല്ലാം നിറഞ്ഞു

howling, ഊളി uuLi *(nn),* കുറുക്കന്റെ ഊളി കേട്ട് ഞാൻ ഉറക്കമുണർന്നു

howling, കൂക്കാവിളി kuukkaaviLi *(nn,comp),* കുറുക്കന്മാരുടെ കൂക്കാ വിളി തീർന്നില്ല

howling, കൂക്ക് kuukkə *(vi),* ബാലന്റെ കൂക്കുകേട്ട് ഗ്രാമീണർ ഓടിവന്നു

howling of dog or fox, ഓളി ooLi *(nn),* കുറുക്കന്റെ ഓളികേട്ട് അവൻ ഞെട്ടി വിറച്ചു.

huge, ആന aana *(adj),* ആ വീടിന് ഒരു ആനച്ചന്തം ഉണ്ട്

Huge, കൂറ്റൻ kuuRRan *(nn),* അതു ഒരു കൂറ്റൻ കെട്ടിടമാണ്

huge jar used for storing pickles seed etc, ചീനഭരണി ciinabharaNi *(nn,comp),* ഞങ്ങളുടെ വീട്ടിൽ ഒരു പഴയ ചീനഭരണിയുണ്ട്

human excreta, തീട്ടം tiiTTaM *(nn),* തീട്ടത്തിൽ ചവിട്ടി

human life, നരജന്മം narajanmaM *(nn,comp),* നരജന്മം ഒരനുഗ്രഹമാണ്

human sacrifice, നരബലി narabali *(nn,comp),* നരബലി നിയമംമൂലം നിരോധിച്ചു

human world, നരലോകം naralookaM *(nn,comp),* നരലോകം നശിച്ചു

humanity, മനുഷ്യത്വം manu$yatvaM *(nn),* മനുഷ്യന് ഇന്നില്ലാത്ത ഒന്നാണ് മനുഷ്യത്വം

humble, എളിയ eLiya *(adj),* ഒരു എളിയ മനസ്സാണ് അവന്റേത്

humble, വിനീത viniita *(adj),* അവൻ ഒരു വിനീത വിദ്യാർഥിയാണ്

humble man, വിനീതൻ viniitan *(nn),* അയാൾ വളരെ വിനീതനാണ്

humbleness, എളിമ eLima *(nn),* എളിമ നല്ല ഗുണമാണ്

humbleness, താഴ്മ taaZma *(nn),* താഴ്മയാണ് അവന്റെ ഉയർച്ചയ്ക്ക് കാരണം

humility, ഒതുക്കമുള്ള otukkamuLLa *(adj),* വളരെ ഒതുക്കമുള്ള കുട്ടിയാണ് അവൻ

humming sound, ഝങ്കാരം jhaṉkaaraM *(vi),* എവിടെ നിന്നോ ഒരു ഝങ്കാരം കേൾക്കുന്നു

humourous, ഹാസ്യ haasya *(adj),* ഹാസ്യകൃതികൾ എഴുതിയ ഇ.വി.കൃഷ്ണപിള്ളയെ ജനങ്ങൾ എന്നും സ്മരിക്കുന്നു

hunch, കൂന് kuunə *(nn),* അയാൾക്ക് ഒരു കൂനുണ്ടായിരുന്നു

hunch back man, കൂനൻ kuunan *(nn),* അവൻ ഒരു കൂനനാണ്

hundred, നൂറ് nuuRə *(nn,num),* ഒന്നു മുതൽ നൂറുവരെ എണ്ണൂ

hunger, വിശപ്പ് viSappə *(nn),* എനിക്ക് വല്ലാത്ത വിശപ്പു തോന്നി

hunt, നായാട് naayaaTə *(vt),* അയാൾ നായാടുന്നു

hunter, ഖട്ടികൾ khaTTikaL *(nn),* ഖട്ടികൾ മാനിനെ കൊന്നു

hunter, നായാടി naayaaTi *(nn),* അയാൾ ഒരു നായാടിയാണ്

hunter, നിഷാദൻ ni$aadan *(nn),* നിഷാദൻ അമ്പെയ്ത് പക്ഷിയെ കൊന്നു.

hunter, വേട്ടക്കാരൻ veeTTakkaaran *(nn),* വേട്ടക്കാരൻ വേട്ടയ്ക്കു പോകുന്നു

hunting, വേട്ട veeTa *(nn),* അയാൾ വേട്ട കഴിഞ്ഞ് മടങ്ങി വന്നു

hurry, തത്രപ്പാട് tatRappaaTə *(nn),* ജീവിക്കാനുള്ള തത്രപ്പാടിലാണ് അവർ

hurry, തിടുക്കം tiTukkaM *(nn),* തിടുക്കം കാണിച്ചിട്ട് കാര്യമൊന്നുമില്ല

hurry, ധൃതഗതി dhRtagati *(nn),* ധൃതഗതിയിൽ ആ വണ്ടി ഓടി

hurry up, ബദ്ധപ്പെട് baddhappeTə *(comp vb),* അവൾ ഒരു അവസരത്തിനുവേണ്ടി ബദ്ധപ്പെട്ടു നടന്നു

hurt by burns, പൊള്ള് poLLə *(vi),* അവളുടെ കൈപൊള്ളി

husband, കെട്ടിയവൻ keTTiyavan *(nn,comp),* രാധയുടെ കെട്ടിയവനാണ് രവി

husband, നാഥൻ naathan *(nn),* കൃഷ്ണൻ രാധയുടെ നാഥനാണ്

husband, പതി pati *(nn),* പതിയോട് ചേർന്നവൾ പത്നി

husband, ഭർത്താവ് bhaRttaavə *(nn),* അവളുടെ ഭർത്താവ് ഗൾഫിലാണ്

husband, മാരൻ maaran *(nn),* അവൾ തന്റെ മാരനെ കാത്തിരുന്നു

husband & wife, ഭാര്യാഭർത്താക്കന്മാർ bhaaryaabhaRttaakkanmaR *(nn),* ഭാര്യാഭർത്താക്കന്മാർ തമ്മിൽ

എന്നും കലഹിക്കാറുണ്ടായിരുന്നില്ല

husk of paddy, ഉമി umi *(nn),* നെല്ലിന്റെ ഉമി കണ്ണിൽ വീണു

husking paddy, നെല്ലുകുത്ത് nellukuttə *(comp vb),* അമ്മ നെല്ലുകുത്തുന്നു

hut, കുടി kuTi *(nn),* അയാൾ കുടിയിലേക്ക് മടങ്ങിപ്പോയി

hut, കുടിൽ kuTil *(nn),* ഒരു കൊച്ചു കുടിലിലാണ് അവൻ താമസിക്കുന്നത്

hydropsy, നീർവീക്കം niiRviikkaM *(nn,comp),* നീർവീക്കം ഒരു തരം അസുഖമാണ്

hymn, മന്ത്രം mantRaM *(nn),* അദ്ദേഹം എന്തോ മന്ത്രം ചൊല്ലി

hymn, സ്തോത്രം stootRaM *(nn),* തിരുവമ്പാവയിൽ ശിവനെ പ്രശംസിക്കുന്ന സ്ത്രോത്രങ്ങൾ ഉണ്ട്

hypnotism, കൺകെട്ട് kaNkeTTə *(nn,comp),* അയാൾക്ക് പല കൺകെട്ടു വിദ്യകളും അറിയാമായിരുന്നു

hypocritic laughter, ഉൾച്ചിരി uLcciri *(nn,comp),* അവന് എല്ലാം കണ്ട് ഉൾച്ചിരി വന്നു

hypothecation deed, ഒറ്റിയാധാരം oRRiyaadhaaraM *(comp n),* അയാൾ ഒറ്റിയാധാരം കൊടുത്തു

I (first person singular), ഞാൻ ~aan *(nn),* ഞാൻ ഇന്നലെ ഒരു നാടകം കണ്ടു

ice, മഞ്ഞുകട്ടി ma~~ukaTTi *(nn),* മഞ്ഞുകട്ടി കൊണ്ടു ഇഗ്ലൂ ഉണ്ടാക്കുന്നു

iddly, ഇഡ്ഡലി iDDali *(nn),* ഇഡ്ഡലിയുടെ പാത്രം കഴുകി

idea, ആശയം aaSayaM *(nn),* ആ ആശയം എനിക്കിഷ്ടമായി

idea, ചിന്ത cinta *(nn),* ചിന്തയാണ് മനുഷ്യനെ മുന്നോട്ടു നയിക്കുന്നത്

idea, മനീഷ manii$a *(nn),* അദ്ദേഹത്തിന്റെ മനീഷയിൽ അതു തെളിഞ്ഞു വന്നു

ideology, ആദർശം aadaRSaM *(nn),* ആദർശത്തിനു വേണ്ടി ജീവൻ കളയാൻ പോലും അവൻ തയ്യാറായി

idiom, ശൈലി Saili *(nn),* അവന്റെ ശൈലി എനിക്കിഷ്ടമല്ല

idiot, ജഡൻ jaDan *(nn),* രവി ഒരു ജഡനാണത്രേ

idiot, ദുർബുദ്ധി duRbyddhi *(nn,comp),* അവൻ ഒരു ദുർബുദ്ധിയാണ്

idiot, മൂഢമായ muuDhamaaya *(adj),* അയാളുടെ മൂഢമായ പെരുമാറ്റങ്ങൾ കാരണം പുറത്തായി

idle person, അലസൻ alasan *(nn),* അയാൾ വെറും അലസനാണ്

idling, കാളകളി kaaLkaLi *(nn,comp),* അയാൾ കാളകളി കളിക്കുന്നു

idol, പ്രതിഷ്ഠ pRatisTha *(nn),* പൂജാരി ഗണപതിയുടെ പ്രതിഷ്ഠ സ്ഥാപിച്ചു

idol, വിഗ്രഹം vigRahaM *(nn),* അയാൾ വിഗ്രഹത്തിൽ മാലചാർത്തി

idol carried for processions, തിടമ്പ് tiTampə *(nn),* ദേവിയുടെ തിടമ്പ് തലയിലേറ്റി അവർ നടന്നു

if not, അല്ലെങ്കിൽ alleŋkil *(cond),* അല്ലെങ്കിൽ വേണ്ട, ഞാൻ പോകാം

if so, എങ്കിൽ eŋkil *(cond),* എങ്കിൽ ഞാൻ പറയുമായിരുന്നില്ല

ignorance, അജ്ഞാനം aj~aanaM *(nn),* അജ്ഞാനം ഇരുട്ടാണ്

ignorance, തുമ്പില്ലായ്മ tumbillaayma *(nn),* അവന്റെ തുമ്പില്ലായ്മയെ എല്ലാവരും പരിഹസിച്ചു

ignorant, അജ്ഞൻ aj~an *(nn),* അയാൾ ഒരു അജ്ഞനാണ്

ignorant, അബോധം aboodhaM *(nn),* അബോധത്തിലാണ് അങ്ങിനെയൊരു സംഭവമുണ്ടായത്

ignore, വിഗണിക്ക് vigaNikkə *(vt),* അയാൾ അവളെ വിഗണിച്ചു

ignore as insignificant, തൃണവൽക്കരിക്ക് tRəNavalkkarikkə *(vt),* അയാളെ എല്ലാവരും തൃണവൽക്കരിച്ചു

ill, ദുരുപദിഷ്ടം durupadi$TaM *(adj),* ദുരുപദിഷ്ടമായ കാര്യങ്ങളായിരുന്നു അത്

ill faced, ദുർമ്മുഖം duRmmukhaM *(adj),* ദുർമ്മുഖമായ കുട്ടിയ്ക്കു നല്ല മനസ്സുണ്ടായിരുന്നു

ill fate, ദുർവിധി duRvvidhi *(nn,comp),* അവളുടെ ദുർവിധിയോർത്ത് അവൻ ദുഃഖിച്ചു

ill omen, ദുർനിമിത്തം duRnimittaM *(nn,comp),* അങ്ങിനെ ഒരു ദുർനിമിത്തം സംഭവിച്ചു

ill omen, ദുർലക്ഷണം duRlak$aNaM *(nn,comp),* ഒരു ദുർലക്ഷണം അവൻ കണ്ടു

illiterate, നിരക്ഷര nirak$ara *(nn),* നിരക്ഷരരായ ജനങ്ങൾ നാട്ടിൽ ഏറെയുണ്ട്

illiterate person, നിരക്ഷരകുക്ഷി nirk$arakuk$i *(vi),* അയാൾ ഒരു നിരക്ഷരകുക്ഷിയാണ്

illness, ആതുരം aaturam *(nn),* അവൻ ആതുരസംരക്ഷണസേനയിൽ പ്രവർത്തിക്കുന്നു

illness, സുഖക്കേട് sukhakeeTə *(nn),* അയാൾക്ക് സുഖക്കേട് ബാധിച്ചു

illogicality, യുക്തിഭംഗം yuktibhaMgaM *(comp nn),* യുക്തിഭംഗം വരാത്ത രീതിയിൽ അയാൾ നുണ പറഞ്ഞു

illusion, മായ maaya *(nn),* ജീവിതം മായയാണ്

illusionary, മായിക maayika *(adj),* മായികവേഷത്തിൽ മാരീചൻ വന്നു

image, ഛായ chaaya *(nn),* രവി അവന്റെ അച്ഛന്റെ ഛായയാണത്രേ

image, പ്രതീകം pRateekaM *(nn),* അവന്റെ കഥകളുടെ പ്രതീകം ലേഖനങ്ങളിലും വ്യക്തമാണ്

imaginary, കൽപ്പനിക kaalppanika *(adj),* കാൽപ്പനികമായ ഒരു സ്വപ്നമാണിത്

imaginary, സാങ്കല്പിക saaŋkalpika *(adj),* സാങ്കല്പികമായ ഒരു ദ്വീപാണത്

imaginary vision, ദർശനം daRSanaM *(nn),* കവിയുടെ ദർശനം

imagination, തോന്നൽ toonnal *(nn),* ജീവിതം തന്നെ ഒരു തോന്നലാണ്

imagination, ഭാവന bhaavana *(nn),* അയാളുടെ ഭാവനയിൽ വിരിഞ്ഞ ഒരു രൂപം

imitation, അനുകരണം anukaraNaM *(nn),* ഹോളിവുഡ് സിനിമകളുടെ അനുകരണമാണ് പല ഇന്ത്യൻ ചിത്രങ്ങളും

imitation snake made with palm leaf, ഓലപ്പാമ്പ് oolappaambə *(nn,comp),* കുട്ടിക്ക് ഞാൻ ഒരു ഓലപ്പാമ്പിനെ ഉണ്ടാക്കികൊടുത്തു

immature mind, ഇളംബുദ്ധി iLaMbuddhi *(nn),* അയാളുടെ ഇളംബുദ്ധികൊണ്ടാണ് ഇതു സംഭവിച്ചത്

immediately, ഉടനടി uTanaTi *(adv),* ഉടനടി എന്തെങ്കിലും ചെയ്തേ തീരൂ

immediately, ഝടിതി jhaTiti *(adv),* മന്ത്രി ഝടിതിയിയിൽ എഴുന്നേറ്റു നടന്നു

immediately, പെട്ടെന്ന് peTTennə *(adv),* പെട്ടെന്ന് ഒരാൾ ചാടി വീണു

immediately, പൊടുന്നനെ poTunnave *(adv),* പൊടുന്നനെ ഒരാൾ അവിടെ പ്രത്യക്ഷപ്പെട്ടു

immerse, താഴ്ത്ത് taaZttə *(vt),* വെള്ളത്തിലേക്ക് ആ പെട്ടി താഴ്ത്തി

immerse in water, മുക്ക് mukkə *(vt),* അയാൾ ആ പാത്രം വെള്ളത്തിൽ മുക്കി

immersed, നിമഗ്ന nimagna *(adj),* ധ്യാന നിമഗ്നനായ മുനി കണ്ണു തുറന്നില്ല

immersion bath, നിമജ്ജനം nimajjanaM *(nn),* ഗംഗയിൽ അയാൾ നിമജ്ജനം ചെയ്തു

immoral life, ദുർന്നടപ്പ് duRnnaTappə *(nn,comp),* അയാളുടെ ദുർന്നടപ്പ് അവസാനിച്ചു

immortal, ചിരംജീവി ciraMjiivi *(nn,comp),* ഹനുമാൻ ചിരംജ്ജീവി ആണ്

immovable, സ്ഥാവര sthaavara *(adj),* സ്ഥാവര ജംഗമസ്വത്തുക്കൾ പിടിച്ചെടുത്തു

immovablity, ജഡത്വം jaDatvaM *(nn),* വസ്തുക്കളിൽ പലതും ജഡത്വമുള്ളതായിരുന്നു

impaling stake, കഴുമരം kaZumaraM *(nn,comp),* കുറ്റവാളിയെ കഴുമരത്തിലേറ്റി

impartial, നിഷ്പക്ഷ nipaka *(adj),* നിഷ്പക്ഷമായ ഒരഭിപ്രായം അയാൾ പറഞ്ഞു

impatient, അക്ഷമ ak$ama *(adj),* അക്ഷമരായ ജനങ്ങൾ ബഹളം വച്ചു

impatient, അക്ഷമനായ ak$amanaaya *(adj),* അക്ഷമനായ അവൻ തിടുക്കത്തിൽ എന്തൊക്കെയോ ചെയ്തു

impeach, നിഷ്കാസനം ചയ്യെ് *(vt),* രാജാവിനെ അധികാരത്തിൽ നിന്ന് നിഷ്കാസനം ചെയ്തു

impede, തടുക്ക് taTukkə *(vt),* ശത്രുക്കളെ സൈന്യം തടുത്തു

impending, ആസന്നമായ aasannamaaya *(adj),* ആസന്നമായ തിരഞ്ഞെടുപ്പിനു വേണ്ടിയുള്ള ഒരുക്കങ്ങൾ നടന്നു

imperishable, അനശ്വരമായ anaSvaramaaya *(adj),* അനശ്വരമായ സ്നേഹബന്ധത്തിന്റെ കഥയാണ് ലൈലാമജ്നൂ

impersonation, ആൾമാറാട്ടം aaLmaaRaaTTaM *(nn),* ആൾമാറാട്ടം ശിക്ഷാർഹമാണ്

impertinence, മുരടത്തം muraTattaM *(nn),* അയാളുടെ മുരടത്തം ആർക്കും ഇഷ്ടമായില്ല

import, ഇറക്കുമതി iRakkumati *(nn),* ഇറക്കുമതിക്ക് ചുങ്കം കൊടുത്തു

importance, ഗൌരവം gauravaM *(nn),* അയാൾ ജോലിയുടെ ഗൌരവത്തെപ്പറ്റി വിശദീകരിക്കുന്നു

importance, പ്രാധാന്യം pRaadhaanyaM *(nn),* വൈറ്റാമിനുകളുടെ പ്രാധാന്യം ജനങ്ങൾക്കറിയില്ല

importance, മുഖ്യം mukhyaM *(nn),* ജീവിതത്തിൽ മുഖ്യം സ്നേഹമാണ്

important, പ്രധാനമായ pRadhaanamaaya *(adj),* വളരെ പ്രധാനമായ ചില കാര്യങ്ങളിൽ തീരുമാനമെടുക്കേണ്ടതുണ്ട്

important, പ്രമുഖ pRamukha *(adj),* പ്രമുഖ വ്യാപാരികളെല്ലാം കടകളടച്ചു

important, മുഖ്യ mukhya *(adj),* മുഖ്യമായ ചില കാര്യങ്ങൾ ഞങ്ങൾ ചർച്ച ചെയ്തു

important river in Kerala, പമ്പ pamba *(nn),* പമ്പയിൽ കുളിച്ച് അവർ മലകയറി

impose, ചുമത്ത് cumattə *(vt),* പുതിയ ചില നികുതികൾ സർക്കാർ ജനങ്ങളുടെമേൽ ചുമത്തി

impossible, ദുസ്സാധ്യം dussaadhyaM *(adj),* ആ കാര്യം ദുസ്സാധ്യമായിരുന്നു

impressed, പതിഞ്ഞ pati~~a *(adj),* സീതാദേവിയുടെ കാലുകൾ പതിഞ്ഞ പാറ ജനങ്ങൾ നമസ്ക്കരിച്ചു

imprint of the foot, കാലടി kaalaTi *(nn,comp),* രാമന്റെ കാലടികളെ ലക്ഷ്മണൻ പിന്തുടർന്നു

imprisionment, ബന്ധനം bandhanaM *(nn),* കള്ളൻ പോലീസ് ബന്ധനത്തിൽ നിന്നും രക്ഷപ്പെട്ടു

imprisonment, തടവുശിക്ഷ taTavuSik$a *(nn,comp),* കുറ്റവാളി തടവുശിക്ഷ കഴിഞ്ഞ് പുറത്തിറങ്ങി

imprisonment, തടവ് taTavə *(nn),* അയാളുടെ തടവ് നീട്ടി

impropriety, മര്യാദക്കേട് maRyaadakkeeTə *(nn,comp),* മര്യാദക്കേടിന് അയാളെ എല്ലാവരും ദുഷിച്ചു

improve, ഉദ്ധരിക്ക് uddharikkə *(vt),* പാവങ്ങളെ ഉദ്ധരിക്കാൻ അയാൾ പുറപ്പെട്ടു

improve, നന്നാക്ക് nannaakkə *(vt),* പഴയ പാലം നന്നാക്കി

impurity, കലുഷത kalu$ata *(nn),* അയാളുടെ കലുഷത എല്ലാവരുടേയും വെറുപ്പിനു കാരണമായി

in, -ഇൽ -il *(in),* അവൻ വീട്ടിൽ ഉണ്ട്

in a row, നിരക്കെ nirakke *(nn),* കുട്ടികൾ നിരക്കെ അണിനിരന്നു

in a slow manner, സാ മട്ട് *(nn),* അയാൾ സാ മട്ടിൽ എഴുതുന്നു

In bronze or copper vessels formation of certain green

pigments, ക്ലാവ് kLaavə *(nn),* ചെമ്പു പാത്രത്തിന് ക്ലാവു പിടിച്ചിരിക്കുന്നു

in comparable, നിരുപമ nirupama *(adj),* നിരുപമമായ സൌന്ദര്യം അവൾക്കുണ്ടായിരുന്നു

in course of time, വഴിയേ vaZiyee *(adv),* സത്യം വഴിയേ മനസ്സിലാകും

in future, മേലാൽ meelaal *(adv),* മേലാൽ ഇനി ഇവിടെ വരരുത്

in olden days, മുമ്പ് mumbə *(adv),* മുമ്പ് വിദ്യാർഥികൾ അധ്യാപകരെ ബഹുമാനിച്ചിരുന്നു

in particular, പ്രത്യേകിച്ച് pRatyeekiccə *(in),* ഭാരതത്തിൽ പ്രത്യേകിച്ച് കേരളത്തിൽ ജനസംഖ്യാ നിരക്ക് കൂടുതലാണ്

in parts, ഖണ്ഡശഃ khaNDaSah *(nn),* നോവൽ മാസികയിൽ ഖണ്ഡശ്ശയായി വന്നു

in small size, കുനുകുനേ kunukunee *(adv),* അവൾ കുനുകുനേ എഴുതി

in that manner, അപ്രകാരം apRakaaraM *(adv),* അവൻ അപ്രകാരം ചെയ്തില്ല

in that manner, ആവിധം aavidhaM *(adj),* ആ വിധത്തിൽ ഞാൻ പലതും ചെയ്തു നോക്കി

in the end, ഒടുവിൽ oTuvil *(adv),* ഒടുവിൽ ആരും അവിടെ ഇല്ലായിരുന്നു

in the presence, മുഖദാവിൽ mukhadaavil *(adv),* ഞാൻ അയാളെ മുഖദാവിൽ പറഞ്ഞു

in the same manner, അതേ atee *(adj),* അതേ കാര്യത്തിന് അയാൾ വീണ്ടും ശിക്ഷിക്കപ്പെട്ടു

in the same manner, തഥൈവ tathaiva *(adv),* എന്തൊക്കെ പറഞ്ഞിട്ടും അവന്റെ പ്രവൃത്തി തഥൈവ തന്നെ

in this manner, ഇപ്രകാരം ipRaKaaraM *(adv),* ഇപ്രകാരം അയാൾ ഓരോന്ന് പറഞ്ഞുകൊണ്ടിരുന്നു

in time, നേരത്ത് neerattə *(adv),* അവൻ തക്കനേരത്ത് അവിടെ എത്തിച്ചേർന്നു

in total, അടച്ച് aTaccə *(adv),* എല്ലാവരും അടച്ച് വന്നു

in two ways, ഉഭയ ubhaya *(adj),* തവള ഒരു ഉഭയജീവിയാണ്

inaccessible, ദുർഗ്ഗമ durggama *(adj),* ദുർഗ്ഗമമായ പാതകൾ അവർ പിന്നിട്ടു

inactive, നിഷ്ക്രിയമായ ni$kRiiyamaaya *(adj),* നിഷ്ക്രിയമായ ഒരവസ്ഥയിലാണ് ആ സ്ഥാപനമിപ്പോൾ

inappropriate, അനവസരം anavasaraM *(nn),* അനവസരത്തിലുള്ള വാക്ക് അപകടകരമാകാം

inattentiveness, നോട്ടക്കുറവ് nooTTakkuRavə *(nn),* നോട്ടക്കുറവു കൊണ്ട് രോഗി മരിച്ചു

inauguration, ഉദ്ഘാടനം udghaaTanaM *(nn),* മന്ത്രി പാലം ഉദ്ഘാടനം ചെയ്തു

inauspicious time, ഗുളികകാലം guLikakaalaM *(nn,comp),* ഗുളികകാലം കഴിഞ്ഞ് പോകാമെന്ന് വല്യമ്മ പറഞ്ഞു

incarnation, ആവിർഭാവം aaviRbhaavaM *(nn),* മഹാവിഷ്ണു വാമനന്റെ രൂപത്തിൽ ആവിർഭവിച്ചു

incarnation of deity, അവതാരം avataaraM *(nn),* മഹാവിഷ്ണുവിന്റെ അഞ്ചാമത്തെ അവതാരമാണ് വാമനൻ

incense, ധൂപം dhuupaM *(nn),* ദേവാലയത്തിൽ ധൂപം കത്തിച്ചു

incense burner, ധൂപക്കുറ്റി dhuupakkuRRi *(nn,comp),* അയാൾ ധൂപക്കുറ്റി ഉലച്ചു

incessant, സന്തത santata *(adj),* സന്തത പരമ്പരയായി അവർ കച്ചവടക്കാരാണ്

incessant flow, ധാര dhaara *(nn),* കുട്ടി ജലധാര കണ്ടു

incident, സംഭവം saMbhavaM *(nn),* ആ സംഭവം നടക്കുമ്പോൾ അവിടെ വേറെ ആരും ഇല്ലായിരുന്നു

incident, സംഭവം saMbhavaM *(nn),* ആ സംഭവം നടന്നു അര മണിക്കൂർ കഴിഞ്ഞാണ് അയാൾ പോയത്

inclination, ചായ്വ് caayvə *(nn),* രാജന് എപ്പോഴും ചായ്വ് അങ്ങോട്ടായിരുന്നു

incline, ചായ caayə *(vi),* തെങ്ങ് ഒരു വശത്തേക്ക് ചായുന്നു

incoherent utterances while asleep, ഉറക്കപ്പിച്ച് uRakkappiccə *(nn),* അവൻ ഉറക്കത്തിൽ ഉറക്കപ്പിച്ച് പറഞ്ഞു

income, വരവ് varavə *(nn),* അയാൾക്ക് ഹോട്ടലിൽ നിന്നുള്ള വരവ് കുറഞ്ഞു

income, വരുമാനം varumaanaM *(nn),* അയാളുടെ വരുമാനം കുറഞ്ഞു

income and expenditure, വരവുചെലവ് varavucelavə *(nn,comp),* വരവുചെലവു കണക്കുകൾ ഞങ്ങൾ പരിശോധിച്ചു

incomplete, അപൂർണം apuuRNaM *(adj),* അപൂർണ്ണമായ ഒരു ശില്പമായിരുന്നു അത്

incomprehensibility, ജടിലത jaTilata *(nn),* ഉപന്യാസത്തിന്റെ

ജടിലത പണ്ഡിതന്മാർ ചൂണ്ടിക്കാട്ടി

incomprehensible, ദുരൂഹം duruuhaM *(nn),* വളരെ ദുരൂഹമായ സാഹചര്യത്തിൽ ആ മരണം നടന്നു

incomprehensible, ദുർഗ്രഹ duRgRaha *(adj),* വളരെ ദുർഗ്രഹമായ ഒരു കവിതയാണിത്

inconvenience, തരക്കേട് tarakkeeTə *(nn),* എന്തു തരക്കേടുണ്ടെങ്കിലും അവൻ അവിടെ താമസിക്കാൻ തീരുമാനിച്ചു

increase, കൂടുതൽ kuuTutal *(nn),* ഞാൻ കൂടുതൽ ശമ്പളം ചോദിച്ചു

increase, കൂട് kuuTə *(vb),* സാധനങ്ങളുടെ വില കൂടി

increase, കൂട്ടിക്കൊടുക്ക് kuuTTikkoTukkə *(comp vb),* അയാൾ പലർക്കും ശമ്പളം കൂട്ടിക്കൊടുക്കുന്നു

increase, പെരുക് perukə *(vi),* ഇവിടെ കൊതുകുകൾ പെരുകിയിരിക്കുന്നു

increase, വർദ്ധിക്ക് vaRddhikkə *(vi),* ഇപ്പോൾ ശമ്പളം വർദ്ധിച്ചു

increase, വർദ്ധിപ്പിക്ക് vaRddhippikkə *(vt),* അവർ ശമ്പളം വർദ്ധിപ്പിച്ചു

increase, വായ്ക്ക് vaaykkə *(vi),* വസന്ത കാലത്തിൽ വേലിയിൽ വർണ്ണങ്ങൾ വായ്ക്കുന്നു

increase of wealth, ധനവൃദ്ധി dhanavRddhi *(nn,comp),* ധനവൃദ്ധി കൊണ്ട് അയാൾ അഹങ്കരിച്ചു

increasing, വർദ്ധന vaRddhana *(adj),* വർദ്ധന നിരക്കിൽ അവർ സാധനങ്ങൾ വാങ്ങി

incubate, അടയിരിക്ക് aTayirikkə *(vi),* കോഴി അടയിരിക്കുന്നു

indebtness, ഋണബാധ്യത RəNabaadhyata *(nn,comp),* അച്ഛന്റെ ഋണബാധ്യത മകൻ വീട്ടി

independent, സ്വതന്ത്രമായ svantRamaaya *(adj),* അയാൾ സ്വതന്ത്രമായ ജീവിതം ഇഷ്ടപ്പെടുന്നു

indescribable, അനിർവചനീയം aniRvvacaniiyaM *(nn),* ഇന്നലത്തെ വിമാന അപകടം അനിർവ്വചനീയമാണ്

indestructible, നാശരഹിത naaSarahita *(adj),* നാശരഹിതമായ ഒന്നും ലോകത്തില്ല

India, ഭാരതം bhaarataM *(nn),* ഭാരതം എന്റെ മാതൃഭൂമിയാണ്

Indian arrow root, കൂവ kuuva *(nn),* അമ്മ കൂവ പൊടിക്കുന്നു

Indian black berry tree (calypterosthes), ഞാറ ~aaRa *(nn),* ഞാറയിൽ പഴങ്ങളുണ്ട്

Indian cockoo, കോകിലം kookilaM *(nn),* കോകിലം മധുരമായി പാടി

Indian cuckoo, കുയിൽ kuyil *(nn),* കുയിൽ മധുരമായി പാടി

Indian love bird, ക്രൌഞ്ചം kRau~caM *(nn),* ക്രൌഞ്ചപക്ഷികളിലൊന്നിനെ വേടൻ അമ്പെയ്തുകൊന്നു

Indian suraparilla, നറുനീണ്ടി naRuniiNTi *(nn),* കഷായത്തിനു നറുനീണ്ടിക്കിഴങ്ങ് വാങ്ങി

indication of future event (shadow representation), നിഴലാട്ടം niZalaaTTaM *(nn,comp),* ഇത് ജീവിതത്തിന്റെ വെറും നിഴലാട്ടമാണ്

indifference, അനാസ്ഥ anaastha *(nn),* ഡോക്ടറുടെ അനാസ്ഥ രോഗിയുടെ മരണത്തിനു കാരണമായി

indifferent, നിരപേക്ഷ nirapeek$a *(nn),* നിരപേക്ഷമായ ഒരു ബന്ധമായിരുന്നു അത്

indigenous, നാടൻ naaTan *(adj),* നാടൻ കറികൾ അവനിഷ്ടമാണ്

indigestion, അജീർണം ajiiRNNaM *(nn),* അജീർണ്ണം ബാധിച്ച് അയാൾ കിടപ്പിലായി

indigestion, ദഹനക്കേട് dahanakkeeTə *(nn,comp),* രവിക്ക് ദഹനക്കേട് തോന്നി

indiscretion, അവിവേകം aviveekaM *(nn),* അവൻ അവിവേകം കാണിച്ചു

indisputably, നിസ്തർക്കം nistaRkkaM *(adv),* അയാൾ വരില്ലെന്ന് നിസ്തർക്കം എല്ലാവരും സമ്മതിച്ചു

individual soul, ജീവാത്മാവ് jiivaatmaavə *(nn,comp),* ജീവാത്മാവ് പരമാത്മാവിൽ ലയിച്ചു

indivisible, അവിഭാജ്യം avibhaajyaM *(adj),* കാശ്മീർ ഇന്ത്യയ്ക്കു അവിഭാജ്യഘടകമാണ്

induce, പ്രേരിപ്പിക്ക് pReerippikkə *(vt),* അയാളെ അതു ചെയ്യാൻ പലരും പ്രേരിപ്പിച്ചു

inestimable, അനർഘം anaRghaM *(adj),* പി.ടി. ഉഷയുടെ നേട്ടങ്ങൾ ഇന്ത്യയെ സംബന്ധിച്ചിടത്തോളം അനർഘനിമിഷങ്ങൾ ആയിരുന്നു

inevitability, അനിവാര്യത anivaaryata *(nn),* ജീവിതത്തിന്റെ അനിവാര്യത ദു:ഖമുണ്ടാക്കുന്നു

inexhaustible platter, അക്ഷയപാത്രം ak$ayapaatRaM *(nn),* പാഞ്ചാലിയുടെ

കൈവശം
അക്ഷയപാത്രമുണ്ടായിരുന്നു
infallible medicine, രസായനം rasaayanaM *(nn),* അയാൾ ഒരു രസായനം കഴിച്ചു
infancy, ചെറുപ്പകാലം ceRuppkaalaM *(nn,comp),* ചെറുപ്പകാലം ആരും മറക്കാറില്ല
infant, കുഞ്ഞ് ku~~ə *(nn),* കാക്കയ്ക്കും തൻകുഞ്ഞ് പൊൻകുഞ്ഞ്
infant, ശിശു SiSu *(nn),* ശിശുവിന് ആറുമാസം പ്രായമുള്ളപ്പോൾ അച്ഛൻ മടങ്ങിപ്പോയി
infantile disease, ബാലാരിഷ്ടത baalari$Tata *(nn),* ബാലാരിഷ്ടതകൾ കൊണ്ട് നിറഞ്ഞ ഒരു ബാല്യകാലം
infatuation, മോഹം moohaM *(nn),* അയാൾക്ക് അവളുടെ മേൽ അതിയായ മോഹം ഉണ്ടായിരുന്നു
inference, അനുമാനം anumaanaM *(nn),* അയാളുടെ അനുമാനം ശരിയായിരുന്നു
inferiority complex, അപകർഷതാബോധം apakaR$ataaboodhaM *(nn),* അപകർഷതാബോധം അയാളുടെ വളർച്ചയെ ബാധിച്ചു
inflation, നാണയപ്പെരുപ്പം naaNayapperuppaM *(nn,comp),* നാണയപ്പെരുപ്പം കൊണ്ട് സാമ്പത്തിക നില തകരാറിലായി
influence, സ്വാധീന svaadhiina *(adj),* അയാളുടെ സ്വാധീനത്തിലുള്ള ആളുകൾ നല്ലവരല്ല
influence, സ്വാധീനം svadhiinaM *(nn),* ഇംഗ്ലീഷ് കവികളുടെ സ്വാധീനം അയാളുടെ കവിതകളിൽ കാണാം
inform, അറിയിക്ക് aRiyikkə *(vt),* എല്ലാ വിവരങ്ങളും അയാളെ അറിയിക്കാറുണ്ടായിരുന്നു
informal loan, കൈവായ്പ kaivaaypa *(nn,comp),* അയാൾ പലരോടും കൈവായ്പ വാങ്ങിച്ചിട്ടുണ്ട്
infront, മുമ്പിൽ numbil *(adv),* വീട്ടിനു മുമ്പിൽ നല്ലൊരു തോട്ടമുണ്ട്
infront of, സമക്ഷം samak$aM *(nn),* അയാൾ മന്ത്രിസമക്ഷം നിവേദനം സമർപ്പിച്ചു
ingratitudeness, കൃതഘ്നത kRtaghnata *(nn),* അയാളുടെ കൃതഘ്നത എല്ലാവരും കുറ്റപ്പെടുത്തി
ingredient, ഘടകം ghaTakaM *(nn),* ഒരു കാര്യത്തിൽ പല ഘടകങ്ങളും അടങ്ങിയിട്ടുണ്ടാവാം
inhabit, അധിവസിക്ക് adhivasikkə *(vi),* ഇവിടെ

ആദിവാസികൾ അധിവസിക്കുന്നു
inhabitant, ദേശക്കാരൻ deeSakkaaran *(nn),* ഈ ദേശക്കാരനല്ല അയാൾ
inhabitant, സ്ഥലവാസി sthalavaasi *(nn),* അയാൾ ഈ സ്ഥലവാസിയാണ്
inhale the last breath, ചക്രശ്വാസംവലിക്ക് cakRaSvaasaMvalikkə *(comp vb),* രോഗിചക്രശ്വാസം വലിക്കുന്നു
inheritor, അനന്തരാവകാശി anantaraavakaaSi *(comp n),* ഇനി അനന്തരാവകാശി ആരായിരിക്കുമെന്ന് തീരുമാനിക്കണം
initial, ആദ്യ aadya *(adj),* ആദ്യ ദർശനത്തിൽ തന്നെ വെറുപ്പു തോന്നി
initiate, ദീക്ഷിക്ക് diik$ippikkə *(vt),* അദ്ദേഹം മൌനം ദീക്ഷിക്കുന്നു
initmate, ഉറ്റവൻ uRRavan *(nn),* അയാൾ അവന്റെ ഉറ്റവനാണ്
inject, കുത്തിവയ്ക്ക് kuttivayəkkə *(comp vb),* കുട്ടികൾക്ക് കുത്തിവയ്ക്കുന്നു
injury, ഉടവ് uTavə *(nn),* ശരീരത്തിൽ ഉടവ് പറ്റി
injury, ക്ഷതം k$ataM *(nn),* എനിക്ക് ഇന്നലെ കാലിൽ ക്ഷതം പറ്റി
injustice, അനീതി aniiti *(nn),* അനീതിക്കെതിരെ അയാൾ പോരാടി
injustice, ദുർന്നീതി duRnniiti *(nn,comp),* അയാൾ ദുർന്നീതി ക്കെതിരെ പോരാടി
injustice, നീതികേട് niitikeeTə *(nn,comp),* നീതികേട് കണ്ട് ഞങ്ങൾ കൈനീട്ടി നിന്നില്ല
ink, മഷി ma$i *(nn),* പേനയിൽ മഷി തീർന്നു
ink bottle, മഷിക്കുപ്പി ma$ikkuppi *(comp vb),* മഷിക്കുപ്പിയിൽ മഷിയില്ല
inn, ധർമ്മശാല dhaRmmaSaala *(nn,comp),* ധർമ്മശാലയിലേക്ക് അവർ കടന്നു
inner apartment with in a building, ഉള്ളറ uLLaM *(nn,comp),* കൊട്ടാരത്തിന്റെ ഉള്ളറകളിൽ ആരുടെയൊക്കെയോ തേങ്ങൽ കേട്ടു
inner ear, ഉൾച്ചെവി uLccavi *(nn,comp),* ഉൾച്ചെവിയിൽ കേടുപാടുകളുണ്ട്
inner eye, ഉൾക്കണ്ണ് uLkkaNNə *(nn,comp),* ഉൾക്കണ്ണിലൂടെ അയാൾ എല്ലാം കണ്ടു
inner eye, ജ്ഞാനചക്ഷുസ്സ് j~aanacak$ussə *(nn,comp),* മുനി ജ്ഞാനചക്ഷുസ്സിലൂടെ എല്ലാം കണ്ടു

inner fibrous substance, ചകിണി cakiNi *(nn),* ചക്കയുടെ ചകിണി കളഞ്ഞു

inner image, അന്തർഭാവം antaRbhaavaM *(nn),* ആ കഥയുടെ അന്തർഭാവം എന്താണ്?

inner knowledge, അകക്കണ്ണ് akakkaNNə *(comp n),* അന്ധനായ ആ മനുഷ്യൻ എല്ലാം അകക്കണ്ണിലൂടെ കണ്ടു

inner most appartment, ഗർഭം gaRbhaM *(nn),* ക്ഷേത്രത്തിന്റെ ഗർഭഭാഗത്ത് ശ്രീകോവിൽ ഉണ്ട്

inner secret, ഊടുപാടുകൾ uuTupaaTukal *(nn),* അതിന്റെ ഊടുപാടുകൾ എനിക്കറിയില്ല

innocence, നിരപരാധം niraparaadhaM *(nn),* അവന്റെ നിരപരാധം ആരും മനസ്സിലാക്കിയില്ല

innocent, നിരഞ്ജന niraj~na *(nn),* നിരഞ്ജനമായ ഒരു സൌഹൃദം ഞാൻ ഇഷ്ടപ്പെട്ടിരുന്നു

innocent, നിരപരാധിയായ niraparaadhiyaaya *(adj),* നിരപരാധിയായ കുട്ടി ശിക്ഷിക്കപ്പെട്ടു

innocent, നിഷ്കളങ്കമായ ni$kaLaŋkamaya *(adj),* നിഷ്കളങ്കമായ പെരുമാറ്റമായിരുന്നു അവന്റേത്

innocent animals, മിണ്ടാപ്രാണി miNTaapRaaNi *(nn),* മിണ്ടാപ്രാണികളെ ഉപദ്രവിക്കരുത്

innocent person, നിരപരാധി niraparaadhi *(nn),* എത്രയെത്ര നിരപരാധികൾ ശിക്ഷിക്കപ്പെടുന്നു

innocent person, നിർദ്ദോഷി niRddoo$i *(nn),* അവൻ ഒരു നിർദ്ദോഷിയാണ്

innocent person, സാധു saadhu *(nn),* അയാൾ ഒരു സാധുവാണ്

innumerable, അനവധി anavadhi *(adj),* അനവധി മനുഷ്യർ ഇവിടെ വന്നിട്ടുണ്ട്

innumerable, അസംഖ്യം asaMkhyaM *(adj),* അസംഖ്യം പേർ പരിപാടിയിൽ പങ്കെടുത്തു

inquire, അന്വേഷിക്ക് anvee$ikkə *(vt),* എവിടെ നല്ല ഗ്രന്ഥങ്ങൾ കിട്ടുമെന്ന് ഞാൻ അന്വേഷിച്ചു.

inscription in copper plate, താമ്രശാസനം taamRaSaasanaM *(nn,comp),* സ്ഥാണുരവിവർമ്മ താമ്രശാസനം എഴുതി

insensitivity, ജഡീഭാവം jaDiibhaavaM *(nn,comp),* അയാളുടെ ജഡീഭാവം എല്ലാവരേയും വെറുപ്പിച്ചു

inside, അകം akaM *(adv),* വരൂ! അകത്തു വരൂ

inside, അകത്ത് akattə *(adv),* അകത്ത് നല്ല ചൂടാണ്

inside of the foot, കാലടി kaalaṬi *(nn),* കാലടിയിൽ ഒരു മുള്ളു തറച്ചു

insight, അവബോധം avaboodhaM *(nn),* അയാളുടെ അവബോധം അത്രയേ ഉള്ളൂ

insightful, കാര്യഗൌരവം kaaryagauravaM *(nn,comp),* അയാൾ കാര്യഗൌരവമുള്ള കാര്യങ്ങളേ ചോദിക്കാറുള്ളൂ

insist, നിഷ്കർഷിക്ക് nikaRikkə *(vi),* ആരും സ്ഥലം വിട്ടു പോകരുതെന്ന് പോലീസ് നിഷ്കർഷിച്ചു

insolent person, ധിക്കാരി dhikkari *(nn),* രവി ഒരു ധിക്കാരിയായിരുന്നു

inspire, തോന്നിക്ക് toonnikkə *(vt),* അവന് എന്തോ തോന്നിക്കുന്നു

inspiring, പ്രേരക pReeraka *(adj),* പ്രേരകമായ ചില കാര്യങ്ങൾ അയാൾ പറഞ്ഞു

instalment, ഗഡു gaDu *(nn),* രവി പണം ഗഡുക്കളായി തിരികെ കൊടുത്തു

instalment, തവണ tavaNa *(nn),* ഓരോ തവണയും മണിയടിച്ചുകൊണ്ടിരിക്കും

instantly, തൽക്ഷണം ttək$aNaM *(adv),* ശ്രീകൃഷ്ണൻ തൽക്ഷണം വന്നു എല്ലാവരും എഴുന്നേറ്റു

instead, പകരം pakaraM *(adv),* അവനു പകരം ഞാൻ പോയി

instinct, ജന്മവാസന janmavaasana *(nn,comp),* മൃഗങ്ങൾക്ക് അതിന്റെ ജന്മവാസനയ്ക്കനുസരിച്ചു മാത്രമേ ജീവിക്കാൻ കഴിയൂ

instinct animal functions, ജന്തുധർമ്മം janthudhaRmmaM *(nn,comp),* ഇരതേടലും ഇണചേരലുമാണ് ജന്തുധർമ്മം

instruction, ഉദ്ബോധനം udboodhanaM *(nn),* അധ്യാപകന്റെ ഉദ്ബോധനം വിദ്യാർഥികൾ അനുസരിച്ചു

instruction, വിജ്ഞാപനം vij~aahanaM *(nn),* സർക്കാർ തെരെഞ്ഞെടുപ്പു വിജ്ഞാപനം പുറപ്പെടുവിച്ചു

instruction in morality, ധർമ്മോപദേശം dhaRmmoopadeeSaM *(nn,comp),* ശ്രീകൃഷ്ണൻ ധർമ്മോപദേശം നടത്തി

instrument used for digging (buldozer), തോണ്ടി tooNTi *(nn),* മണ്ണ്തോണ്ടി വന്ന് മണ്ണ് മാറ്റി

instrument used for leveling the ground, നിലംതല്ലി nilaMtalli *(nn),* നിലംതല്ലി കൊണ്ട് നിലം ഉറപ്പിച്ചു

instrumental music, പക്കമേളം pakkameeLaM *(nn),*

പക്കമേളത്തിനുള്ള ആളുകൾ എത്തി

intellect, മതി mati *(nn),* ഇത് അവളുടെ മതിയിൽ ഉദിച്ച ആശയം ആണ്

intellectual, ധിഷണാശാലി dhi$NaaSaali *(nn,comp),* അയാൾ ഒരു ധിഷണാശാലി ആയിരുന്നു

intellectualability, ധിഷണാശക്തി dhi$NaaSakti *(nn,comp),* അവന് നല്ല ധിഷണാശക്തി ഉണ്ടായിരുന്നു

intelligence, ധിഷണ dhi$aNa *(nn),* അവന്റെ ധിഷണയിൽ തെളിഞ്ഞു വന്നു

intelligent, മനസ്വി manasvi *(nn),* അയാൾ ഒരു മനസ്വിയായിരുന്നു

intelligent man, ബുദ്ധിമാൻ buddhimaan *(nn),* അയാൾ നല്ല ബുദ്ധിമാനാണ്

intelligent man, വിജ്ഞൻ vij~an *(nn),* അയാൾ ഒരു നല്ല വിജ്ഞനാണ്.

intelligent person, ബുദ്ധിശാലി buddhiSaali *(nn),* അയാൾ നല്ല ബുദ്ധിശാലി തന്നെ

intelligently, ബുദ്ധിപൂർവ്വം buddhipuuRvvaM *(adj),* ബുദ്ധിപൂർവ്വം അയാളെ അവൻ സഹായിച്ചു

intend, ഉദ്ദേശിക്ക് uddeeSikkə *(vi),* എന്ത് ഉദ്ദേശിച്ചാണ് അയാൾ അതു പറഞ്ഞത്

intense, കനക്കെ kanakke *(adj),* നാളെ ഇവിടെ കനക്കെ മഴയുണ്ടാകാൻ സാധ്യതയുണ്ട്

intense, തീവ്ര tiivRa *(adj),* തീവ്രമായ സ്നേഹത്തിന്റെ ഉദാത്തമായ പ്രതീകം

intense heat, കൊടുവെയിൽ koTumveyil *(nn,comp),* ഞങ്ങൾ രണ്ടുപേരും കൊടുവെയിലിൽ നടന്നു

intensely, കറുകറേ kaRukaRee *(adv),* അവൻ ആപ്പിൾ കറുകറേ തിന്നുന്നു

intensity, തീഷ്ണത tii$Nata *(nn),* നല്ല തീഷ്ണതയോടെ വിളക്കു തെളിയുന്നു

intentionally, മനഃപൂർവ്വം manahpuuRvvaM *(adv),* അവൻ മനഃപൂർവ്വം കള്ളത്തരം പറഞ്ഞു

inter mingle, ഇടകലർ iTakalarə *(comp vb),* കുട്ടികൾ ഇടകലർന്ന് കളിക്കുന്നു

interest, താൽപര്യം taalparyaM *(nn),* കുട്ടിക്ക് പഠിത്തത്തിൽ താൽപര്യമില്ലായിരുന്നു

interest, പലിശ paliSa *(nn),* അയാൾ കൊള്ളപ്പലിശ വാങ്ങുന്നു

interest, രസം rasaM *(nn),* നല്ല രസമുള്ള കഥ കേൾക്കാം

interest, വട്ടി vaTTi *(nn),* അയാൾ വട്ടിക്ക് പണം വാങ്ങി

interest of the subjects, പ്രജാഹിതം pRajaahitaM *(nn,comp),* പ്രജാഹിതത്തിനനുസരിച്ച് പ്രവർത്തിക്കുന്ന ഭരണകർത്താവിനെ എല്ലാവരും ആദരിക്കുന്നു

interested, തത്പര tatəpara *(adj),* തത്പര കക്ഷികൾക്ക് രാജ്യത്തെ അടിയറവയ്ക്കില്ല

interfere, കൈയിട് kaiyyiTə *(comp vb),* അനാവശ്യകാര്യങ്ങളിൽ കൈയിടരുത്

interfere, തലയിട് talayiTə *(vt),* രവി അനാവശ്യമായി രാജന്റെ കാര്യങ്ങളിൽ തലയിടുന്നു

interfere in others affairs, ഇടപെട് iTapeTə *(vi),* ഞാൻ അതിൽ ഇടപെടാൻ ആഗ്രഹിക്കുന്നില്ല

interior, അന്തർഭാഗം antaRbhaagaM *(comp n),* നാലുകെട്ടിന്റെ അന്തർഭാഗങ്ങളിൽ അന്തർജനങ്ങൾ കരയുന്നു

interior, ഉള്ളിൽ uLLil *(adv),* വീട്ടിനുള്ളിൽ സൌകര്യങ്ങൾ കുറവാണ്

intermediary, ഇടനിലക്കാരൻ iTanilakkaaran *(nn),* ഇടനിലക്കാരൻ ഇന്നലെയും വന്നു

intermediate, മധ്യസ്ഥ madhyastha *(adj),* അയാൾ മധ്യസ്ഥശ്രമം നടത്തിനോക്കി

internal, അഭ്യന്തരം aabhyantaraM *(adj),* രാജ്യങ്ങളുടെ അഭ്യന്തര കാര്യങ്ങളിൽ ഇടപെടാൻ പാടില്ല

internal, ആന്തരിക aandarika *(adj),* ആന്തരികാവയവങ്ങൾ പുറത്തു വന്നു

internal, ആഭ്യന്തര aabhyantara *(adj),* ആഭ്യന്തര കലഹങ്ങൾ അടിച്ചമർത്തപ്പെട്ടു

international, അന്തർദ്ദേശീയമായ antaRddeeSiiyamaaya *(adj),* അന്തർദ്ദേശീയമായ ചില കാര്യങ്ങൾ ഞങ്ങൾ ചർച്ച ചെയ്തു

internecine quarrel, തൊഴുത്തിൽകുത്ത് toZittilkuttə *(nn,comp),* തൊഴുത്തിൽകുത്തുകാരണം കാര്യങ്ങളൊന്നും നടന്നില്ല

interpreter, തുപ്പായി tuppaayi *(nn),* രവി ഒരു തുപ്പായിയായിരുന്നു

interrogation mark, ചോദ്യചിഹ്നം coodyacihnaM *(nn,comp),* രാജൻ ചോദ്യചിഹ്നമിടാൻ മറന്നു

interval, ഇടനേരം iTaneeraM *(nn),* ഇടനേരത്തിൽ ഒരു ലഘുഭക്ഷണം കഴിഞ്ഞു

intervene, അന്തർഗമിക്ക് antaRgamikkə *(vt),* ഞങ്ങളുടെ സംഭാഷണത്തിനിടയിൽ അനാവശ്യമായി അവൻ അന്തർഗമിച്ചു

intervene, ഇടപെട് iTapeTə *(vi),* മറ്റുള്ളവരുടെ കാര്യങ്ങളിൽ അനാവശ്യമായി ഇടപെടരുത്

interview, അഭിമുഖം നടത്ത് *(vt),* അവർ മന്ത്രിയുമായി അഭിമുഖം നടത്തി

intestine, കുടൽ kuTal *(nn),* അവന്റെ കുടലിൽ വ്രണം വന്നു

intolerable, ദുസ്സഹ dussaha *(adj),* ദുസ്സഹമായ വേദന കൊണ്ട് അയാൾ പുളഞ്ഞു

intoxicated, മത്തനാക് mattanaakə *(nn),* അയാൾ കുടിച്ച് മത്തനായി

intoxicating, മാദക maadaka *(adj),* മാദകമായ ഒരു ഗന്ധം അവിടെ പ്രസരിച്ചു

intoxication, ലഹരി lahari *(nn),* അവൻ ലഹരിക്ക് അടിമപ്പെട്ടു

intrinsic strength, ഉൾക്കരുത്ത് uLkkaruttə *(nn,comp),* ഉൾക്കരുത്തു കൊണ്ട് നേടിയെടുത്തതാണ് ഇതെല്ലാം

introduce, പരിചയപ്പെട് paricayappeTə *(vt),* ഞങ്ങൾ കഴിഞ്ഞ ആഴ്ച പരിചയപ്പെട്ടു

introduction, അവതാരിക avataarika *(nn),* പ്രസിദ്ധ നിരൂപകൻ അവതാരിക എഴുതി

introduction, മുഖവുര mukhavura *(nn),* മുഖവുരയില്ലാതെ അയാൾ കാര്യം പറഞ്ഞു

introductory and benedictary address in a classical dance, നാന്ദി naandi *(nn),* നാന്ദി കഴിഞ്ഞു

introductory dance in kathakali, തോടയം tooTayaM *(nn),* തോടയം കഴിയാറായി

introspective, അന്തർമുഖമായ antaRmukhamaaya *(adj),* അവന് അന്തർമുഖമായ വ്യക്തിത്വമായിരുന്നു

intrude into (poke one`s nose), കൈകടത്ത് kaikaTattə *(comp vb),* അനാവശ്യകാര്യങ്ങളിൽ കൈകടത്തരുത്

invalid, അസാധു asaadhu *(adj,nn),* അയാളുടെ വോട്ട് അസാധുവായി

invent, കണ്ടുപിടിക്ക് kaNTupiTikkə *(vt),* അദ്ദേഹം പുതിയ ഒരു യന്ത്രം കണ്ടുപിടിച്ചു

lunar day, പക്കം pakkaM *(nn),* ഒരു പക്കം കഴിഞ്ഞു

lunar day Onam festival of Kerala, തിരുവോണം

tiruvooNaM *(nn,comp),* തിരുവോണനാളിൽ കേരളീയർ തിരുവോണ മഹോത്സവം കൊണ്ടാടുന്നു

lunar eclipse, ചന്ദ്രഗ്രഹണം candRagRahaNaM *(nn,comp),* രവി ചന്ദ്രഗ്രഹണം വീക്ഷിക്കുന്നു

lunch, ഉച്ചഭക്ഷണം uccabhak$aNaM *(comp n),* അയാൾ ഇന്ന് ഉച്ചഭക്ഷണം കഴിക്കുന്നില്ല

lunch, മുത്താഴം muttaaZaM *(nn),* മുത്താഴം കഴിഞ്ഞ് ഞങ്ങൾ സ്വല്പനേരം ഉറങ്ങി.

lung, ശ്വാസകോശം SvaasakooSaM *(nn),* ശ്വാസകോശത്തിൽ അനവധി ചെറിയ അറകളുണ്ട്

lungi, ലുങ്കി luṇki *(nn),* അയാൾ ലുങ്കി ഉടുത്തിരുന്നു

lust, കാമം kaamaM *(nn),* കാമത്തിന് കണ്ണില്ല

lust, കാമവികാരം kaamavikaaraM *(nn,comp),* കാമവികാരം എല്ലാവർക്കുമുണ്ട്

lustful, ഭോഗലോലുപ bhoogaloolup *(adj),* ഭോഗലോലുപരായ രാജാക്കന്മാർ

lustful person, കാമാതുരൻ kaamaturan *(nn,comp),* അയാൾ ഒരു കാമാതുരനായിരുന്നു

lustful person, ലമ്പടൻ lambaTan *(nn),* അയാൾ ഒരു ലമ്പടനാണ്

lustrous, തേജോമയം teejoomayaM *(nn,comp),* തേജോമയമായ ഒരു മുഖം ആയിരുന്നു അത്

lusture, തേജോമണ്ഡലം teejoomaNDalaM *(nn,comp),* തേജോമണ്ഡലത്തിലൂടെ അതു നീങ്ങി

lusture, പ്രഭ pRabha *(nn),* അദ്ദേഹത്തിന്റെ മുഖത്ത് പ്രഭയുണ്ടായിരുന്നു

luxury, ആഡംബരം aaDaMbaraM *(nn),* ആഡംബരങ്ങളിൽ അയാൾക്ക് താൽപര്യമില്ല

lyric, ഭാവഗീതം bhaavgiitaM *(nn),* കുമാരനാശാന്റെ ഭാവഗീതങ്ങൾ സുന്ദരമാണ്

macherel, അയല ayala *(nn),* അച്ഛന് അയല മീൻ വലിയ ഇഷ്ടമാണ്

machine, യന്ത്രം yantRaM *(nn),* ആ മുറിയിൽ വളരെയധികം യന്ത്രങ്ങളുണ്ടായിരുന്നു

machine for mining, ഖനനയന്ത്രം khananayantRaM *(nn,comp),* ഖനിയിൽ ഖനനയന്ത്രം പ്രവർത്തിക്കുന്നില്ല

mad dog, പേപ്പട്ടി peeppaTTi *(nn,comp),* പേപ്പട്ടി കടിച്ച് ഒരാൾ മരിച്ചു

madman, ഭ്രാന്തൻ bhRaantan *(nn),* അയാൾ ഒരു ഭ്രാന്തനാണ്

madness, ഉന്മത്തം unmattaM *(nn),* അയാൾക്ക് അപ്പോൾ ഉന്മത്തമായിരുന്നു

madness, ഉന്മാദം unmaadaM *(nn),* ആനയ്ക്ക് അപ്പോൾ ഉന്മാദമായിരുന്നു

madness, കിറുക്കൻ kiRukkə *(nn),* അവൻ കിറുക്കനാണെന്ന് എല്ലാവരും പറയുന്നു

madness, ചിത്തഭ്രമം cittabhRamaM *(nn,comp),* രവിക്ക് ചിത്ത ഭ്രമമുണ്ടായിരുന്നു

madness, തലക്കാച്ചിൽ talakkaaccil *(nn),* ഉമയ്ക്ക് തലക്കാച്ചിലായിരുന്നു

madness, നൊസ്സ് nossə *(nn),* അവൾക്ക് നൊസ്സ് പിടിപെട്ടു

madness, പേയ് peeyə *(nn),* അയാൾ എന്തൊക്കെയോ പേയ് പറഞ്ഞു

madness, ബുദ്ധിഭ്രമം buddhibhRamaM *(nn,comp),* അയാൾക്ക് ബുദ്ധിഭ്രമമുണ്ടായിരുന്നു

madness, ഭ്രാന്ത് bhRaantə *(nn),* അയാൾക്ക് ഭ്രാന്താണെന്ന് ജനം പറയുന്നു

madness, വട്ട് vaTTə *(nn),* അവന് വട്ടാണെന്ന് എല്ലാവരും പറയുന്നു

madrassa, ഓത്തുപള്ളി oottupaLLi *(comp n),* ഓത്തുപള്ളിയിൽ നമ്മൾ അന്നു പോയിരുന്ന കാലം ഓർമ്മയുണ്ടോ

magic, ഇന്ദ്രജാലം indrajaalaM *(nn),* അയാൾക്ക് ഇന്ദ്രജാലം അറിയാമായിരുന്നു

magic, ജാലവിദ്യ jaalavidya *(nn,comp),* മാധവൻ ജാലവിദ്യകൾ കാണിച്ചു

magic, മായാജാലം maayaajaalaM *(nn,comp),* മായാജാലങ്ങൾ പലതും അയാൾ നടത്തി

magistrate, മജിസ്ട്രേട്ട് majisTReeTTə *(nn),* മജിസ്ട്രേട്ട് വാദം കേട്ടു

magnanimous, മഹാശയൻ mahaaSayan *(nn,comp),* അയാൾ ഒരു മഹാശയനാണ്

magnet, കാന്തം kaantaM *(nn),* ഞാൻ കാന്തം കൊണ്ട് സൂചിയെടുത്തു

Mahabali (is believed to be the legendary King who ruled Kerala), മാവേലി maaveeli *(nn),* മാവേലി നാടുവാണീടും കാലം

mahazar report, മഹസ്സർ mahassaR *(nn),* പോലീസ് മഹസ്സർ എടുത്തു

maid servant, വേലക്കാരി veelakkaari *(nn),* വേലക്കാരി പാചകം ചെയ്യുന്നു

main door of the sanctum sanctorum of a temple, തൃക്കാപ്പ് tRəkkappə *(nn),* തൃക്കാപ്പ് തുറക്കുന്നതും

കാത്ത് ഭക്തജനങ്ങൾ കാത്തു നിന്നു

main entrance of a temple, തൃപ്പടി tRəppaTi *(nn,comp),* തൃപ്പടിയിൽ ഭക്തജനം കുമ്പിട്ടു

main queen, പട്ടമഹിഷി paTTamahi$i *(nn),* രാജാവിന്റെ പട്ടമഹിഷിയാണ് അവൾ

maize, ചോളം cooLaM *(nn),* രവിക്ക് ചോളം ഇഷ്ടമായിരുന്നില്ല

majestic, ഗംഭീരമായ gambhiiramaaya *(adj),* ഇന്നലെ ഞങ്ങൾ ഗംഭീരമായ ഒരാഘോഷത്തിൽ പങ്കെടുത്തു

majestic, പ്രഭാവം pRabhaavaM *(nn),* നല്ല പ്രഭാവമുള്ള ഭരണാധികാരിയായിരുന്നു അദ്ദേഹം

majesty, ഗാംഭീര്യം gambhiiryaM *(nn),* ആനയുടെ നടത്തത്തിന്റെ ഗാംഭീര്യം കാണേണ്ടതാണ്

majority, ഭൂരിപക്ഷം bhuuripak$aM *(nn),* ഭൂരിപക്ഷം പേരും പാർട്ടി വിട്ടു

make, ആക്ക് aakkə *(vt),* ഞാൻ വെളളം ചൂടാക്കി

make, ഉണ്ടാക്ക് uNTaakkə *(vt),* ഞാൻ ഒരു പുതിയ വീട് ഉണ്ടാക്കുന്നു

make, തീർപ്പിക്ക് tiiRppikkə *(vt),* രാധ ഒരു മാല തീർപ്പിച്ചു

make, വിരചിക്ക് viracikkə *(vt),* അവൻ ഒരു പുതിയ കവിത രചിച്ചു

make a fire, കത്തിക്ക് kattikkə *(vt),* അയാൾ കടലാസുകൾ എല്ലാം കത്തിക്കുന്നു

make a foam, പതയ്ക്ക് pataykkə *(vi),* നീർച്ചാലിൽ വെള്ളം പതയ്ക്കുന്നു

make a mistake, തെറ്റുചെയ്യ് teRRu *(vi),* തെറ്റുചെയ്താൽ ശിക്ഷയും അനുഭവിക്കുന്നു.

make a person shame, നാണിപ്പിക്ക് naaNippikkə *(vt),* ആ സംഭവം എല്ലാവരെയും നാണിപ്പിക്കുന്നു

make a pit, കുഴിവെട്ട് kuZiveTTə *(comp vb),* ചത്ത എലിയെ കുഴിവെട്ടി മൂടി

make a rattling sound, കുടുകുടുക്ക് kuTukuTukkə *(nn),* അകത്ത് എന്തോ ഒരു കുടുകുടുപ്പു കേൾക്കുന്നു

make a sound by knocking vessels together, കിടുങ്ങ് kiTuŋŋə *(vi),* അകത്ത് പാത്രങ്ങൾ കിടുങ്ങുന്നു

make complicated, ജടിലീകരിക്ക് jaTiliikarikkə *(vt),* അയാൾ പ്രശ്നങ്ങളെ കൂടുതൽ ജടിലീകരിക്കുന്നു

make concentric channels in a paddy field to plough, ചാൽ caal *(nn),* അച്ഛൻ വയലിൽ ഒരു പുതിയ ചാൽ ഉഴുതു

make damp, നനയ്ക്ക് nanaykkə *(vt),* അവൻ ചെടികൾ നനയ്ക്കുന്നു

make dense, തൂർക്ക് tuuRkkə *(vt),* മരങ്ങൾ തൂർക്കുന്ന ഒരു സ്ഥലമാണിത്

make disturbance, കലമ്പ് കൂട്ട് *(vi),* അവൻ എപ്പോഴും കലമ്പ് കൂട്ടുന്നു

make easy, ലഘൂകരിക്ക് laghuukarikkə *(vi),* പ്രയാസങ്ങളെല്ലാം അവർ ലഘൂകരിച്ചു.

make fool of, വിഡ്ഢിയാക്ക് viDDhiyaakkə *(vi),* മറ്റുള്ളവർ അയാളെ വെറുതെ വിഡ്ഢിയാക്കുന്നു

make fun, കളിയാക്ക് kaLiyakkə *(vt),* അവനെ എല്ലാവരും കളിയാക്കി

make fun of, ആക്ഷേപിക്ക് aak$eepikkə *(vt),* അവൾ എന്നെ ആക്ഷേപിച്ചു

make futile, നിഷ്ഫലമാക്ക് ni$phalamaakkə *(comp vb),* അയാളുടെ പ്രവൃത്തികളെല്ലാം അവൾ നിഷ്ഫലമാക്കി

make gratified, പ്രസാദിപ്പിക്ക് pRasaadippikkə *(vt),* അയാളെ പ്രസാദിപ്പിക്കാൻ ആരും തയ്യാറായില്ല

make haste, ധൃതികൂട്ട് dhRtikuuTTə *(comp vb),* ഇനി ധൃതി കൂട്ടിയിട്ട് കാര്യമില്ല

make him jump, ചാടിക്ക് caaTikkə *(vt),* രവി രാജനെ ചാടിക്കുന്നു

make hissing sound, മൂള് muuLə *(vi),* അയാൾ പറഞ്ഞതെല്ലാം കേട്ട് ഞാൻ മൂളി

make into ashes, ഭസ്മമാക്ക് bhasmamaakkə *(vt),* അയാൾ ആ വീട് ഭസ്മമാക്കി

make into dust, ധൂളിക്ക് dhuuLikkə *(vt),* അയാൾ അത് ധൂളിച്ചു

make liquid, ദ്രവീകരിക്ക് dRaviikrikklə *(vt),* വസ്തുക്കളെ ദ്രവീകരിക്കുന്ന പ്രവർത്തനം

make naked (strip of clothes), നഗ്നമാക്ക് nagnamaakkə *(comp vb),* അയാൾ ആ വസ്തുവിനെ നഗ്നമാക്കി

make new, നവീകരിക്ക് naviikarikkə *(vi),* പാഠ്യപദ്ധതി നവീകരിക്കുന്നു

make new, നവീനമാക്ക് naviinamaakkə *(comp vb),* അവർ വേഷങ്ങൾ നവീനമാക്കി

make noise (make loud noise), തൊള്ളയിട് toLLayiTə *(comp vb),* അയാൾ എപ്പോഴും തൊള്ളയിടുന്നു

make one angry, കലികയറ് kalikayaRə *(comp vb),* അയാൾ കലി കയറി എന്തൊക്കെയോ ചെയ്തു

make onething into action, പ്രാവർത്തികമാക്ക്

pRaavaRttikmaakkə *(comp vb),* അയാൾ ഒരിക്കലും ഒരു കാര്യവും പ്രാവർത്തികമാക്കാറില്ല

make permanent, സ്ഥിരപ്പെടുത്ത് sthirappedutə *(vi),* അയാളെ ജോലിയിൽ സ്ഥിരപ്പെടുത്തി

make shame, ലജ്ജിപ്പിക്ക് lajjippikkə *(vt),* അയാളെ ലജ്ജിപ്പിച്ച സംഭവം അവളുടെ ഒളിച്ചോട്ടം ആയിരുന്നു

make somebody accept, അംഗീകരിപ്പിക്ക് aMgiikarippikkə *(v caus),* അയാൾ പറയുന്ന കാര്യങ്ങളെല്ലാം അവനെക്കൊണ്ട് അംഗീകരിപ്പിക്കും

make somebody come, വരുത്ത് varuttə *(vt),* അയാൾ അങ്ങോട്ടുപോകാതെ തന്നെ ക്ലാർക്കിനെ ഇങ്ങോട്ടു വരുത്തി

make somebody to carry, ചുമപ്പിക്ക് cumappikkə *(v caus),* രാധ ഉണ്ണിയെക്കൊണ്ട് എല്ലാം ചുമപ്പിക്കുന്നു

make somebody to understand, ധരിപ്പിക്ക് dharippikkə *(vt),* ഞാൻ അയാളെ ധരിപ്പിച്ചു

make somebody to wear, ധരിപ്പിക്ക് dharippikkə *(vt),* അവൻ അവളെ ധരിപ്പിച്ചു

make somebody understand, ഗ്രഹിപ്പിക്ക് gRahippikkə *(vt),* രാമൻ മകനെ കാര്യങ്ങൾ ഗ്രഹിപ്പിച്ചു

make something boil, തിളപ്പിക്ക് tiLappikkə *(vt),* അമ്മ വെള്ളം തിളപ്പിക്കുന്നു

make something complete, തികയ്ക്ക് tikayəkkə *(vi),* ആയിരം രൂപ തികയ്ക്കാൻ ഓടി നടന്നു

make something delay, താമസിപ്പിക്ക് taamasippikkə *(vt),* പരീക്ഷാഫലം താമസിപ്പിക്കരുതെന്ന് വിദ്യാർത്ഥികൾ ആവശ്യപ്പെട്ടു

make the animal mate, തടുപ്പിക്ക് taTuppikkə *(vt),* പശുവിനെ തടുപ്പിക്കാൻ കൊണ്ടുപോയി

make the wood shine by a chisel, ചീവ് ciivə *(vt),* ആശാരി തടി ചീകുന്നു

make to laugh, ചിരിപ്പിക്ക് cirippikkə *(vt),* രവി എല്ലാവരേയും ചിരിപ്പിക്കുന്നു

make to tremble or shake, നടുക്ക് naTukkə *(vt),* ആ

സംഭവം എല്ലാവരേയും നടുക്കി

make up, ചമയ്ക്ക് camaykkə *(vt),* ഉഷയെ കല്യാണത്തിനായി എല്ലാവരും കൂടി ചമയ്ക്കുന്നു

making a noisy sound, മുഖരിതം mukharaTaM *(adj),* ആ പ്രദേശം ശബ്ദമുഖരിതമായിരുന്നു

making a pit or hole, കുഴികുത്ത് kuZikuttə *(vt),* അച്ഛൻ മൺവെട്ടികൊണ്ട് കുഴികുത്തി

making loud hoarse noise, ഇരയ്ക്ക് iraykkə *(vi),* മലയിലൂടെ ഒരു ലോറി ഇരച്ച് വരുന്നു

making somebody angry, പ്രകോപനം pRakoopanaM *(nn),* വളരെ പ്രകോപനം സൃഷ്ടിച്ച സംഭവമാണ് അത്

malaria, മലമ്പനി malambani *(nn),* മലമ്പനികൊണ്ട് ഒട്ടേറെ ജനങ്ങൾ മരിച്ചു

Malayalam- language of Kerala, മലയാളം malayaaLaM *(nn),* മലയാളം കേരളീയരുടെ മാതൃഭാഷയാണ്

malayalam month, കുംഭം kumbhaM *(nn),* കുംഭത്തിൽ വിതച്ച് എടവത്തിൽ കൊയ്തു

malayalam month, ധനു dhanu *(nn),* ധനുമാസം കുളിർകാലമാണ്

Malayalam month, മിഥുനം mithunaM *(nn),* മിഥുനത്തിൽ വിവാഹം നടന്നു

Malayalam month, മീനം miinaM *(nn),* മീന മാസത്തിലെ സൂര്യൻ

male, ആണ് aaNə *(nn),* ആണിന് ആണത്തം വേണം

male, ആൺ aaN *(nn),* ആൺ മയിൽ നൃത്തമാടുന്നു.

male cat, കണ്ടൻ kaNTan *(nn,adj),* കണ്ടൻ കലമുടച്ചു

male child, ഉണ്ണി uNNi *(nn),* ഉണ്ണികൾക്കായി ഒരു കഥ പറയാം

male elephant, കൊമ്പൻ komban *(adj),* കൊമ്പനാനയുടെ മുകളിൽ മൂർത്തിയെ വച്ചു എഴുന്നള്ളിപ്പു നടത്തി

malice, ദുർഗ്ഗുണം duRgguNaM *(nn,comp),* അയാൾക്ക് കുറേ ദുർഗ്ഗുണങ്ങളുണ്ടായിരുന്നു

malice, ദ്രോഹം dRoohaM *(nn),* അവൻ ഒരു ദ്രോഹവും ചെയ്തില്ല

malice, സ്പർദ്ധ spaRddha *(nn),* അവർ തമ്മിലുണ്ടായിരുന്ന സ്പർദ്ധ തീർന്നു

malicious design, ദ്രോഹചിന്ത dRoohacinta *(nn,comp),* മനസ്സിൽ നിന്ന് ദ്രോഹചിന്ത ഒഴിവാക്കണം

malinterpretation, ദുർവ്യാഖ്യാനം duRvyaakhyaanaM *(nn),* അവൻ

ആ വാചകം ദുർവ്യാഖ്യാനം ചെയ്തു

man, നരൻ naran *(nn),* നരനായിങ്ങനെ ജനിച്ചു ഭൂമിയിൽ

man, മനുഷ്യൻ manu$yan *(nn),* മനുഷ്യൻ ചിരിക്കാൻ കഴിവുള്ള ഒരു ജീവിയാണ്

man, മർത്യൻ maRtyan *(nn),* മർത്യന് അഹങ്കാരം പാടില്ല.

man, മാനുഷൻ maanu$an *(nn),* മാനുഷരെല്ലാം ഒന്നുപോലെ

man and woman, മിഥുനം mithunaM *(nn),* മിഥുനങ്ങൾ തമ്മിൽ നല്ല പൊരുത്തമുണ്ട്

man hood, പൌരുഷം pauru$aM *(nn),* പൌരുഷമുള്ള മുഖമായിരുന്നു അയാളുടേത്

man with hung belly, വയറൻ vayaRan *(nn),* അയാൾ ഒരു വയറനാണ്

manage perform, നിർവ്വഹിക്ക് niRvvahikkə *(vt),* പുതിയ പാലത്തിന്റെ ഉൽഘാടനം മന്ത്രി നിർവ്വഹിച്ചു

manager, കാര്യസ്ഥൻ kaaryasthan *(nn),* അയാൾ കാര്യസ്ഥനോട് ദേഷ്യപ്പെട്ടു

manager, മാനേജർ maaneejaR *(nn),* മാനേജർ അവിടെ നിന്ന് തിരിച്ചുപോയി

manager of a temple, ഊരാളൻ uuraaLan *(nn),* ഊരാളൻമാർ ഉത്സവകാര്യങ്ങൾ ചർച്ച ചെയ്തു

mane, കുഞ്ചിരോമം ku~ciroomaM *(nn),* കുതിരയുടെ കുഞ്ചിരോമങ്ങൾ നഷ്ടപ്പെട്ടു

mangala sutra of married woman, താലിമിന്ന് taaliminnə *(nn),* താലി മിന്നുപോലും അയാൾ പണയം വച്ചു

mangala sutra of married woman (marriage badge), താലി taali *(nn),* വരൻ വധുവിന്റെ കഴുത്തിൽ താലികെട്ടി

mango, മാങ്ങ maaŋŋa *(nn),* അയാൾക്ക് മാങ്ങ ഇഷ്ടമായിരുന്നു

mango flower, മാമ്പൂ maambu *(nn),* മാമ്പൂ പൊഴിയുന്ന കാലമാണിത്

mango tree, ചൂതം cuutaM *(nn),* ചൂതത്തിൽ നിറയെ മാങ്ങയുണ്ട്

mango tree, മാവ് maavə *(nn),* മാവിൽ മാങ്ങ ഉണ്ടായിരുന്നു

mangoose, കീരി kiiri *(nn),* കീരി പാമ്പിനെ കടിച്ചു കീറി

manhandle, കൈവയ്ക്ക് kaivaykkə *(nn,comp),* ആരോ അവന്റെ മേൽ കൈവച്ചിട്ടുണ്ട്

manifestation, ആവിഷ്കരണം aavi$karaNaM *(adj),* ആ ശില്പത്തിന്റെ ആവിഷ്ക്കരണത്തിൽ ഞാൻ ശ്രദ്ധിച്ചു

manifesto, പ്രകടനപത്രിക pRakaTanaptRika *(nn,comp),* പ്രകടന പത്രികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ എല്ലാം നേടിയെടുത്തു

manipulation, ദുഷ്പ്രയോഗം du$pRayoogaM *(nn),* അയാൾ ഉയർന്ന പദവികൾ നേടാൻ പല ദുഷ്പ്രയോഗവും ചെയ്തു

manner, മട്ട് maTTə *(nn),* അയാളുടെ മട്ടും ഭാവവും ആർക്കും ഇഷ്ടമായില്ല

manner, രീതി riiti *(nn),* ആ രീതി അവർ പിന്തുടർന്നു

manner, വിധം vidhaM *(nn,pfx),* അയാൾ ആ വിധം പറഞ്ഞു

mansoon showers, കോടമഴ kooTamaZa *(nn,comp),* ഇപ്പോൾ ഇവിടെ കോടമഴ പെയ്യുകയാണ്.

manthra ohm, പ്രണവം pRaNavam *(nn),* ആദ്യത്തെ പ്രണവത്തിലൂടെ അടിസ്ഥാനമായ തത്വങ്ങൾ ഉടലെടുത്തു

manure, വളം valaM *(nn),* അയാൾ സസ്യങ്ങൾക്കു വളമിട്ടു

manuscript, കൈയെഴുത്തുപ്രതി kaiyeZuttupRati *(nn,comp),* നോവലിസ്റ്റ് കൈയെഴുത്തു പ്രതി അയച്ചു കൊടുത്തു

manuscript, ലിഖിതം likhitaM *(nn),* താളിയോല ലിഖിതങ്ങൾ പാരമ്പര്യത്തെ വിളിച്ചോതുന്നു

many, അനേകം aneekaM *(qua),* ആ യോഗത്തിൽ അനേകം പേർ സംബന്ധിച്ചു

many coloured, നാനാവർണ്ണ naanaavaRNNa *(adj),* നാനാവർണ്ണത്തിലുള്ള പൂക്കൾ ഇവിടെയുണ്ട്

many sounds getting mixed together (a turmoil as in war), കോലാഹലം koolaahalaM *(nn),* അവിടെ വലിയ കോലാഹലങ്ങൾ നടക്കുന്നു

map, ഭൂപടം bhuupaTaM *(nn),* ഇന്ത്യയുടെ ഭൂപടത്തിൽ കേരളം കണ്ടു പിടിക്കാമോ

marble, മാർബിൾ maaRbiL *(nn),* നിലത്ത് മാർബിൾ വിരിച്ചിട്ടു

marble, വട്ട് vaTTə *(nn),* കുട്ടി വട്ട് കളിക്കുന്നു

March, മാർച്ച് maaRccə *(nn),* മാർച്ച് മാസത്തിൽ നാട്ടിലേക്കു തിരിച്ചു പോകും

march in procession, എഴുന്നെള്ള് eZunneLLə *(vi),* രാജാവ് എഴുന്നെള്ളുന്നു

marchers on foot, ജാഥ jaatha *(nn),* ഇതുവഴി ഒരു ജാഥ കടന്നുപോയി

mare, പെൺകുതിര peNkutira *(nn,comp),* പെൺകുതിര പതുക്കെ ഓടി

margin, മാർജിൻ maaRjin *(nn),* അയാൾ മാർജിനിൽ എന്തോ എഴുതി

mark, അടയാളം aTayaaLaM *(nn),* നിങ്ങളുടെ ഓരോ വോട്ടും ഈ അടയാളത്തിൽ ചെയ്യുക

mark, ചാപ്പ caappa *(nn),* കുതിരകൾക്ക് ചാപ്പ കുത്തുന്ന സമ്പ്രദായം ഷേർഷ എന്ന ഭരണാധികാരി നടപ്പാക്കി

mark, ചിഹ്നം cihnaM *(nn),* ഭാരതത്തിന്റെ ഔദ്യോഗികചിഹ്നം അശോകസ്തംഭമാണ്

mark, നിമിത്തം nimittaM *(nn),* ആ സംഭവം ഒരു നിമിത്തമായിരുന്നു

mark, മാർക്ക് maaRkkə *(nn),* അയാൾ ഉത്തരം നോക്കി മാർക്കിട്ടു

mark, മുദ്ര mudRa *(nn),* അയാൾ ഒരു മുദ്ര കാണിച്ചു

mark put on the forehead as an ornament, തിലകം tilakaM *(nn),* രാധ നെറ്റിയിൽ തിലകം ചാർത്തി

market, അങ്ങാടി aṇṇaaTi *(nn),* അരമനരഹസ്യം അങ്ങാടിയിൽ പാട്ട് ആയി

market, ആവണം aavaNaM *(nn),* മാധവൻ ആവണത്തിലേക്ക് പുറപ്പെട്ടു

market, ചന്ത canta *(nn),* കേശവൻ ചന്തയ്ക്കുപോകുന്നു

market, മാർക്കറ്റ് maaRkkaRRə *(nn),* ഇന്ന് മാർക്കറ്റ് തുറന്നിട്ടില്ല.

market place, വിപണി vipaNi *(nn),* അയാൾ വിപണികളിൽ സാധനങ്ങൾ വിൽക്കുന്നു

marksman, നോട്ടക്കാരൻ nooTTakkaaran *(nn,comp),* അയാൾ ഒരു നോട്ടക്കാരനായിരുന്നു

marriage, കല്യാണം kalyaaNaM *(nn),* അവരുടെ കല്യാണം കഴിഞ്ഞു.

marriage, വിവാഹം vivaahaM *(nn),* വിവാഹം സ്വർഗ്ഗത്തിൽ നടക്കുന്നു

marriage, സംബന്ധം sambandhaM *(nn),* അയാൾ ഒരു സംബന്ധം ചെയ്തു

marriage ceremony, വിവാഹച്ചടങ്ങ് vivaahccaTaṇṇə *(nn),* ഞാൻ ഒരു സുഹൃത്തിന്റെ വിവാഹച്ചടങ്ങിൽ പങ്കെടുത്തു

marriage of namputhiri girls, പെൺകൊട koTa *(nn),* സുധ പെൺകൊടയുടെ സമയത്ത് വന്നില്ല

married couple (husband and wife), ദമ്പതികൾ dambatikaL *(nn),* അവർ ദമ്പതികളായി കഴിയുന്നു

married woman, മംഗല്യവതി maMgalyavati *(nn,comp),* രാധ മംഗല്യവതിയായി

marrow of the bones, മജ്ജ majja *(nn),* അയാളുടെ മജ്ജകളെല്ലാം വേദനിക്കുന്നു

marry, കെട്ട് keTTə *(vt),* അവളെ കെട്ടാൻ ആരോ വന്നു

marry, താലികെട്ട് taalikeTTə *(vt),* താലികെട്ടു കഴിഞ്ഞ് എല്ലാവരും മടങ്ങി

marsh plant, കണ്ടൽ kaNTal *(nn),* കണ്ടൽ വനങ്ങൾ തീ വെച്ചു നശിപ്പിച്ചു

marshalling, അണിനിരക്കൽ aNinirakkal *(nn,comp),* പട്ടാളക്കാരുടെ അണിനിരക്കൽ കഴിഞ്ഞു

marshy place, ചതുപ്പ് catuppə *(nn),* ചതുപ്പുനിലത്തു കൂടി ഞങ്ങൾ സൂക്ഷിച്ചു നടന്നു

martial, ദർശനം daRSanaM *(nn),* കുട്ടി ദർശനം കണ്ടു

mash, ഉരയ് urayə *(vi),* ദീർഘകാലത്തെ ഉപയോഗം കൊണ്ട് പാത്രം ഉരയുന്നു

mask, പൊയ്മുഖം poymukhaM *(nn),* മനുഷ്യർ ഓരോരോ പൊയ്മുഖങ്ങൾ അണിയുന്നു

mask, മുഖംമൂടി mukhaMmuuTi *(comp nn),* മുഖംമൂടി ധരിച്ച കുറെ ആളുകൾ കടന്നുവന്നു

mass, പിണ്ഡം piNDaM *(nn),* പദാർത്ഥത്തിന്റെ പിണ്ഡം അളക്കുന്നതെങ്ങിനെയാണ്?

mass satyagraha by squatting, ധർണ dhaRNNa *(nn),* അവർ ധർണ നടത്തി

massage, തിരുമ്മ് tirummə *(vt),* അയാൾ അവന്റെ കൈ തിരുമ്മി കൊടുത്തു

massaging, ഉഴിച്ചിൽ uZiccil *(nn),* അയാൾക്ക് ഉഴിച്ചിൽ നടത്തേണ്ടിവന്നു

massaging, തടവൽ taTaval *(nn),* അമ്മയുടെ തടവൽ കൊണ്ട് കുട്ടി ഉറങ്ങി

master, സ്വാമി svaami *(nn),* സ്വാമി ഇന്നലെ വന്നു

mat, പായ paaya *(nn),* അവൾ പായയിൽ കിടന്നു

mat made out of the leaf of tala, തഴപ്പായ് taZappaayə *(nn,comp),* തഴ കൊണ്ട് ഉണ്ടാക്കിയ പായാണ് തഴപ്പായ്

mat used for drying paddy and other cereals, ചിക്കുപരമ്പ് cikkuparambə *(nn,comp),* അമ്മ നെല്ല് ചിക്കുപരമ്പിലിട്ട് ഉണക്കുന്നു

match box, തീപ്പെട്ടി tiippeTTi *(nn),* തീപ്പെട്ടി ഇല്ലാത്തതുകൊണ്ട് തീ കത്തിച്ചില്ല

match stick, തീപ്പെട്ടിക്കൊള്ളി tiipeTTikkoLLi *(nn,comp),* ഒരു തീപ്പെട്ടിക്കൊള്ളി തരൂ

matching, പൊരുത്തം poruttaM *(nn),* അവർ വിവാഹത്തിന് പൊരുത്തം നോക്കി

matching of the horoscope between the would be, ജാതകപ്പൊരുത്തം jaatakapporuttaM *(nn,comp),* ജോത്സ്യൻ വധൂവരന്മാരുടെ ജാതകപ്പൊരുത്തം നോക്കി

matchless, കിടയറ്റ kiTayaRRa *(adj),* കിടയറ്റ സ്നേഹത്തിന്റെ പ്രതീകമായിരുന്നു അവൻ

material, പദാർത്ഥം padaaRtthaM *(nn),* എല്ലാ പദാർത്ഥങ്ങൾക്കും വിലയേറി

material, സാമഗ്രി saamagRi *(nn),* അയാൾ എല്ലാസാമഗ്രികളും തയ്യാറാക്കിവച്ചു

materialise, ഫലിക്ക് phalikkə *(vi),* അയാളുടെ പ്രവചനം ഫലിച്ചു

materialise, ഫലിക്ക് phalikkə *(vi),* അവന്റെ സൂത്രം ഫലിച്ചു

materialism, ഭൌതികവാദം bhautikavaadaM *(nn,comp),* ഭൌതിക വാദത്തിന് പല പ്രശ്നങ്ങളുമുണ്ട്

maternity, മാതൃത്വം maatRətvaM *(nn),* മാതൃത്വമെന്നത് ഒരനുഗ്രഹമാണ്

mathematics, കണക്ക് kaNakkə *(nn),* കുട്ടി കണക്കു ചെയ്യുന്നു

mathematics, ഗണിതശാസ്ത്രം gaNitaSaastRaM *(nn,comp),* ആര്യഭടൻ ഗണിതശാസ്ത്രത്തിൽ അതികായനായിരുന്നു

matrilineal, തായ് വഴി *(nn),* തായ് വഴിയിലുള്ള ബന്ധമാണ് ഞങ്ങളുടേത്

matted hair as of ascetics, ജട jaTa *(nn),* ശിവന്റെ തലയിൽ ജടയുണ്ട്

matter, ദ്രവ്യം dRavyaM *(nn),* ദ്രവ്യത്തിന്റെ മൂന്നവസ്ഥകൾ

matter, പദാർത്ഥം padaaRtthaM *(nn),* എല്ലാ പദാർത്ഥങ്ങൾക്കും മൂന്നവസ്ഥകൾ ഉണ്ടാകും

matter, വസ്തു vastu *(nn),* ഒരു വസ്തുവിന് സ്ഥിതിചെയ്യാൻ സ്ഥലം ആവശ്യമാണ്

mature, മുറ്റ് muRRə *(vi),* വാഴക്കുല മുറ്റിയപ്പോൾ വെട്ടി പഴുപ്പിച്ചു

maturity, പക്വത pakvata *(nn),* അയാൾക്ക് പ്രായത്തേക്കാൾ പത്വത ഉണ്ടായിരുന്നു

May, മെയ് meyə *(nn),* മെയ് മാസത്തിൽ ഭയങ്കരചൂടാണിവിടെ

mayor, മേയർ meeyaR *(nn),* ഇന്ന് മേയർ ഒരു പരിപാടി ഉദ്ഘാടനം ചെയ്യാൻ വന്നു

meadow, മുകൾപ്പരപ്പ് mukaLpparappə *(nn,comp),* മുകൾപ്പരപ്പ് ശൂന്യമായിരുന്നു

meal, ഊണ് uuNə *(nn),* ഊൺ റെഡിയായി കഴിക്കാം

mean, ഹീന hiina *(adj),* വളരെ ഹീനമായ പെരുമാറ്റമാണ് അയാളുടേത്

mean action, ഹീനവൃത്തി hiinavRtti *(nn,comp),* അയാൾ പല ഹീനവൃത്തികളും ചെയ്തു

mean fellow, ദാരിദ്ര്യവാസി daaridryavaasi *(nn,comp),* അയാൾ ഒരു ദാരിദ്ര്യവാസിയാണ്

mean folk, ചണ്ടിപണ്ടാരം caNTipaNTaaraM *(nn,comp),* അവരെയൊക്കെ മധു ചണ്ടിപണ്ടാരങ്ങളെന്നു വിളിച്ചു

mean person, എച്ചി ecci *(nn),* അയാൾ ഒരു എച്ചിയാണ്

mean person, ചെറ്റ ceRRa *(nn),* അവൻ ഒരു ചെറ്റയാണ്

meaning, അർഥം aRthaM *(nn),* ജീവിതത്തിന്റെ അർഥമെന്താണെന്ന് നമുക്കറിയില്ലല്ലോ

meaningless, നിരർഥക niraRthaka *(adj),* നിരർഥകമായ കുറെ കാര്യങ്ങൾ അയാൾ ചെയ്തു

meaningless word, പോച്ച pooccha *(nn),* അവൻ എപ്പോഴും ഇങ്ങനെ പോച്ച പറയുന്നു

meanness, എച്ചിത്തരം eccittaraM *(nn,comp),* അയാളുടെ എച്ചിത്തരം ആർക്കും പിടിക്കില്ല

meanness, കന്നത്തരം kannattaraM *(nn),* അവന്റെ കന്നത്തരം ആർക്കും ഇഷ്ടമായില്ല

means of livelihood, ജീവനോപായം jiivanoopaayaM *(nn,comp),* എല്ലാവരും അവരവരുടെ ജീവനോപായം സ്വയം കണ്ടെത്തണം

measles, അഞ്ചാംപനി a~caaMpani *(nn),* അഞ്ചാംപനി പിടിപെട്ട് കുട്ടി മരിച്ചു

measles, കരുവൻ karuvan *(nn),* കുട്ടിക്ക് കരുവൻ വന്നു

measure, അളക്ക് aLakkə *(vt),* ടേപ്പു കൊണ്ട് തുണി അളക്കുന്നു

measure, അളവ് aLavə *(nn),* അളവിൽ കൃത്രിമം കാണിക്കരുത്

measure, തോത് tootə *(nn),* എല്ലാം ഒരേ തോതിൽ നടക്കുന്നു

measure, മുഴം muZaM *(nn),* അയാൾ ഒരു മുഴം കയറു വാങ്ങി

measure 1/4 part of a nazhi, ഉഴക്ക് uZakkə *(nn),* ഒരു ഉഴക്ക് പാലു വാങ്ങി

measure handful, കൊടന്ന koTanna *(nn),* വിനോദ് ഒരു കൊടന്ന വെള്ളം കൊണ്ടുവന്നു

measure in Kerala, നാഴി naaZi *(nn),* നാഴികൊണ്ട് അമ്മ അളന്നു

measure of a man with extended hands, മാറ് maaRə *(nn),* അയാൾ ഒരു മാറ് കയറ് വാങ്ങി

measure of distance, നാഴിക naaZika *(nn),* ഒരു നാഴിക നടന്നു കഴിഞ്ഞു

measure of distance (equal to 9 miles), യോജന yoojana *(nn),* അയാൾ പല യോജന നടന്നു

measure of quantity, ഇടങ്ങഴി iTaŋŋaZi *(nn),* ഒരു ഇടങ്ങഴി അരിവേണം

measure of time, നാഴിക naaZika *(nn),* ഓരോ നാഴികയും അവൾ തള്ളിനീക്കി

measure used in Kerala for liquid, തുടം tuTaM *(nn),* രവി ഒരു തുടം വെളിച്ചെണ്ണ വാങ്ങിച്ചു

measurement, അളവ് aLavə *(nn),* ഈ മേശയുടെ ആകെ അളവ് എത്രയാണ്

measurement, താപ്പ് taappə *(nn),* എല്ലാ വസ്തുക്കളുടെയും താപ്പ് എടുക്കാൻ കഴിയും

measurement (3 feet), ഗജം gajaM *(nn),* രണ്ടു ഗജം തുണി തരൂ

measurement (approx. 1 pound), മന്ന് mannə *(nn),* ഒരു മന്ന് നെല്ല് വാങ്ങി

measuring vessel of one edangali, ചങ്ങഴി caŋŋla *(nn),* അമ്മ ചങ്ങഴികൊണ്ട് നെല്ല് അളന്നു

meat, ഇറച്ചി iRacci *(nn),* ഇറച്ചി, മുട്ട, പാൽ എന്നിവയിൽ ധാരാളം കൊഴുപ്പ് അടങ്ങിയിരിക്കുന്നു.

meat, മാംസം maaMsaM *(nn),* അയാൾ മാംസം ഭക്ഷിക്കാറില്ല

mechanised, യന്ത്രവല്കൃത yantRavalkRta *(adj),* യന്ത്രവൽകൃത ബോട്ടുകൾ ഇവിടെ ധാരാളമുണ്ട്

media, മാധ്യമം maadhyamaM *(adj),* അയാൾ ഒരു മാധ്യമവിശകലനം നടത്തി

medicinal, ഔഷധ au$adha *(adj),* ഔഷധസസ്യങ്ങൾക്ക് വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്നു

medicinal fruit, കടുക്ക kaTukka *(nn),* കടുക്ക ഒരു ഔഷധ ഫലമാണ്

medicinal herb (edipta prostrata), കഞ്ഞുണ്ണി ka~~uNNi *(nn),* കഞ്ഞുണ്ണി ഒരു ഔഷധസസ്യമാണ്

medicinal herb (Tribulus Trerrestri), ഞെരിഞ്ഞിൽ ~eri~~il *(nn),* ഞെരിഞ്ഞിലിൽ പൂ ഉണ്ടായി

medicinal oil, തൈലം tailaM *(nn),* അമ്മ തൈലം പുരട്ടി കുളിച്ചു

medicinal plant, കടലാടി kaTalaaTi *(nn),* കടലാടി ഒരു ഔഷധ സസ്യമാണ്

medicinal plant (pabonia odorate), കുറുന്തോട്ടി kuRuntooTTi *(nn),* ഞാൻ ഒരു കുറുന്തോട്ടി പറിച്ചെടുത്തു

medicinal property, ഔഷധഗുണമുള്ള au$adhaguNamuLLa *(nn,comp),* ഔഷധഗുണമുള്ള ഒരു സസ്യമാണ് തുളസി

medicinal root, വയമ്പ് vayambə *(nn),* അയാൾ വയമ്പ് കഴിച്ചു

medicine, ഔഷധം au$adhaM *(nn),* ഔഷധംകൊണ്ട് രോഗം സുഖപ്പെടുത്തുന്നു

medicine, മരുന്ന് marunnə *(nn),* അയാൾ മരുന്ന് കഴിച്ചില്ല

meditate, ധ്യാനിക്ക് dhaanikkə *(vi),* അവർ ധ്യാനിക്കുന്നു

meditating, ധ്യാനമഗ്ന dhyaanmagna *(adj),* അവർ ധ്യാനമഗ്നരായി ഇരുന്നു

meditation, ധ്യാനം dhyaanaM *(nn),* അവൾ ധ്യാനത്തിൽ മുഴുകി

meditator, ധ്യാനി dyaani *(nn),* അദ്ദേഹം ധ്യാനിയായിരുന്നു

medium, ഉപാധി upaadhi *(nn),* ഭാഷ ആശയവിനിമയത്തിനുള്ള ഉപാധിയാണ്

medium, മാധ്യമം maadhyamaM *(nn),* അവൻ ഇംഗ്ലീഷ് മീഡിയത്തിൽ പഠിക്കുന്നു.

meek, പതിഞ്ഞ pati~~a *(adj),* പതിഞ്ഞ ശബ്ദത്തിൽ അയാൾ സംസാരിക്കുന്നു

meet, കണ്ടുമുട്ട് kaNTumuTTə *(vt),* ഞങ്ങൾ അവിടെ വച്ച് കണ്ടുമുട്ടി

meet, കൂട് kuuTə *(vb),* ഞങ്ങൾ അവിടെ കൂടി

meet, സന്ധിക്ക് sandhikkə *(vi),* അവർ തമ്മിൽ വീണ്ടും സന്ധിച്ചു

meeting, കൂടിക്കാഴ്ച kuuTikkaZcca *(nn,comp),* ഇന്ത്യ പാക്കിസ്ഥാൻ പ്രശ്നത്തിൽ സെക്രട്ടറി തലത്തിൽ കൂടിക്കാഴ്ച നടത്തി

meeting, യോഗം yoogaM *(nn),* അയാൾ ഒരു യോഗത്തിൽ പങ്കെടുത്തു

meeting time of day and night, മൂവന്തി muvanti *(nn),* മൂവന്തി നേരത്ത് അയാൾ നടന്നു

mellification, തേൻനിർമ്മാണം teenniRmmaaNaM *(nn,comp),* തേൻ നിർമ്മാണം സാധ്യമാണ്

melodious metre, കാകളി kaakaLi *(nn),* അവൾ കാകളി വൃത്തമുള്ള പദ്യം പാടി

melt, അലിയ് aliyə *(vi),* ഉപ്പ് വെള്ളത്തിൽ അലിയുന്നു

melt, ഉരുക് urukə *(vi),* ഹിമപർവതത്തിലെ മഞ്ഞ് ഉരുകി

melt, ദ്രവിക്ക് dRavikkə *(vi),* മെഴുക് ദ്രവിക്കുന്നു

melt, ദ്രവിപ്പിക്ക് dRavippikkə *(vt),* രവി മെഴുക് ദ്രവിപ്പിക്കുന്നു

melting, ദ്രവണം dRavaNaM *(nn),* മെഴുകിന്റെ ദ്രവണം താഴോട്ട് ഒഴുകുന്നു

melting of the heart, മനമഴിയ് manamaZiyə *(comp vb),* അയാളുടെ മനമഴിഞ്ഞില്ല

member, അംഗം aMgaM *(nn),* അവൻ വിദ്യാർഥി യൂണിയനിൽ അംഗമാണ്

member of a sect of young folk with a gipsy character, ഹിപ്പി hippi *(nn),* അയാൾ ഹിപ്പിയെപ്പോലെ നടക്കുന്നു

member of community of temple singers, തെയ്യംപാടി teyyaMpaaTi *(nn,comp),* അവർ തെയ്യംപാടികൾ എന്നറിയപ്പെട്ടു

members of an assembly, യോഗക്കാർ yoogakkaaR *(nn,pl),* യോഗക്കാരെല്ലാം അവിടെ തടിച്ചുകൂടിയിരുന്നു

memorial, സ്മാരകം səmarakaM *(adj),* അവിടെ ഒരു സ്മാരകം പണിതു

memorial day, സ്മാരകദിനം smaarakadinaM *(nn),* രാഷ്ട്രപിതാവിന്റെ ചരമവാർഷികം രക്തസാക്ഷിദിനമായും സ്മാരകദിനമായും ആചരിക്കുന്നു

memory, ഓർമ്മ ooRmma *(nn),* ഓർമ്മയിൽ ഒരു ഓണക്കാലം തിരിച്ചു വന്നു

memory, സ്മരണ smaraNa *(nn),* അയാൾ സ്മരണകൾ അയവിറക്കി

mend, നന്നാക്ക് nannaakkə *(vt),* അവൻ വാച്ചു നന്നാക്കി

menses, ആർത്തവം aaRttavaM *(nn),* ആർത്തവസംബന്ധമായ അസുഖങ്ങൾ അവൾക്കുണ്ട്

menstruate for the first time, തിരള് tiraLə *(vi),* പെൺകുട്ടി തിരണ്ടു

menstruation, തീണ്ടാരി tiiNTari *(nn),* തീണ്ടാരിയായ പെൺകുട്ടി തളത്തിൽ ഇരുന്നു

mental agitation, വിക്ഷോഭം vik$oobhaM *(nn),* അവൻ കുടുംബ പ്രശ്നം കാരണം വല്ലാതെ വിക്ഷോഭത്തിലാണ്

mental agony, ഉള്ളുരുക്കം uLLurukkaM *(nn,comp),* അവളുടെ

ഉള്ളുരുക്കം ആരും അറിഞ്ഞില്ല

mental agony, താപം taapaM *(nn),* ശകുന്തളയുടെ താപം ദുഷ്യന്തൻ മനസ്സിലാക്കിയില്ല

mental disease, ചിത്തരോഗം cittaroogaM *(nn,comp),* ചിത്തരോഗമുള്ളയാളെ ചികിത്സിച്ചു.

mental disgust, ചളിപ്പ് caLippə *(nn),* അവന് കള്ളം പറയുന്നതിൽ ഒരു ചളിപ്പും ഇല്ല

mental distress, മനോദുഃഖം manooduhkhaM *(nn,comp),* അയാൾക്ക് ഇപ്പോൾ വല്ലാത്ത മനോദുഃഖം തോന്നുന്നു

mental happiness, മനസ്സുഖം manassukhaM *(nn,comp),* മനസ്സുഖമില്ലാത്തതു കൊണ്ട് രവി വീടു വിട്ടു

mental peace, സമാധാനം samaadhaanaM *(nn),* അയാൾ സമാധാനം ആഗ്രഹിച്ചു

mental peace, സ്വാസ്ഥ്യം svaasthyaM *(nn),* മറ്റുള്ളവരെ ശല്യപ്പെടുത്തിക്കൊണ്ടിരുന്ന അയാൾക്ക് സ്വാസ്ഥ്യം നഷ്ടപ്പെട്ടു

mental strain, മനഃക്ലേശം manahkleeSaM *(nn,comp),* അത് അയാൾക്ക് വല്ലാത്ത മനഃക്ലേശം ഉണ്ടാക്കി

mental strength, മനക്കരുത്ത് manakkarutta *(nn,comp),* അയാൾക്ക് നല്ല മനക്കരുത്തുണ്ടായിരുന്നു

mental strength, മനോധൈര്യം manoodhairyaM *(nn,comp),* അവന് നല്ല മനോധൈര്യമുണ്ട്

mentally, മനസാ manasaa *(adv),* മനസാ വാചാ കർമ്മണാ അയാൾ ഒരു തെറ്റും ചെയ്തില്ല

merchant, വർത്തകൻ vaRttakan *(nn),* അയാൾ ഒരു വർത്തകനാണ്

merchant, വ്യവസായി vyavasaayi *(nn),* അയാൾ ഒരു വ്യവസായിയുടെ മകനായിരുന്നു

merciful person, ദയാപരൻ dayaaparan *(nn),* അദ്ദേഹം ദയാപരനായിരുന്നു

merciful person, ദയാലു dayaalu *(nn),* വളരെ ദയാലുവാണ് അദ്ദേഹം

merciless killing, അറുകൊല aRuKola *(nn),* അറുകൊലയിൽ അയാൾക്കു പങ്കില്ല

mercilessly, നിഷ്ക്കരുണം ni$karuNaM *(adv),* വേടൻ പക്ഷിയെ നിഷ്ക്കരുണം വധിച്ചു

mercy, കരുണ karuNa *(nn),* കരുണ ചെയ്യുവാനെന്തു താമസം

mercy, ദയവ് dayavə *(nn),* അയാളോട് ആർക്കും ദയവുതോന്നിയില്ല

merits and demerits, ഗുണദോഷങ്ങൾ guNadoo$aŋŋaL *(nn,comp),* ഗുണദോഷങ്ങൾ ഇല്ലാത്ത മനുഷ്യരുണ്ടോ.

merry noise, കിലുകില kilukila *(nn),* ആ കുട്ടികൾ കിലുകില ശബ്ദത്തിൽ സംസാരിക്കുന്നു

mesmerism, മാസ്മരവിദ്യ maasmaravidya *(nn,comp),* അയാൾക്ക് മാസ്മരവിദ്യ അറിയാമായിരുന്നു

message, ദൂത് duutə *(nn),* അയാൾ ദൂത് പറഞ്ഞു

message, സന്ദേശം sandeeSaM *(nn),* യക്ഷൻ മേഘത്തോട് സന്ദേശം പറഞ്ഞു കൊടുത്തു

messenger, ദൂതൻ duutan *(nn),* അയാളുടെ ദൂതൻ എന്നെ വന്നുകണ്ടു

metal, ലോഹം loohaM *(nn),* ഇരുമ്പ് ഒരു ലോഹമാണ്

metal - lead, ഈയം iiyaM *(nn),* ഈയം പൂശിയ പാത്രമാണിത്

metal drum, ഡപ്പ Dappa *(nn),* മധു ഒരു ഡപ്പയിൽ മരുന്നു നിറച്ചു

metal plate, കിണ്ണം kiNNaM *(nn),* ഒരു കിണ്ണത്തിൽ കഞ്ഞി കോരി കുടിച്ചു

metal plate, തട്ടം taTTaM *(nn),* ഒരു തട്ടത്തിൽ കുറേ അരിയെടുത്തു

metal vessel, കാര kaara *(nn),* കാരയിൽ ആപ്പമുണ്ടാക്കി

metalic, ലോഹ looha *(adj),* ലോഹരൂപത്തിലുള്ള ഒരു പ്രതിമയാണിത്

metaphysical, ആദ്ധ്യാത്മിക aaddhyaatmika *(adj),* ആദ്ധ്യാത്മിക ജീവിതം അയാൾ വെറുത്തു

meteor, ഉൽക്ക ulkka *(nn),* ആകാശത്തു കൂടി ഒരു ഉല്ക്ക കടന്നുപോയി

meter, വൃത്തം vRəttaM *(nn,),* കവിതയുടെ താളനിയമങ്ങളാണ് വൃത്തം

method of performance, പ്രക്രിയ pRakRiya *(nn),* ജോലിയിലെടുക്കുന്നതിന് കുറെ പ്രക്രിയകളുണ്ട്

metre, ഛന്ദസ്സ് chandassə *(nn),* ഛന്ദസ്സില്ലാത്ത കവിതയാണ് മുരളിക്കിഷ്ടം

metre, മീറ്റർ miiRRaR *(nn),* എനിക്ക് ഒരു മീറ്റർ തുണി മതി

metre in dravidian versification, കേക keeka *(nn),* അയാൾ കേകവൃത്തത്തിൽ പദ്യമെഴുതി

microphone, മൈക്രോഫോൺ maikRoophooN *(nn,eng),* മൈക്രോഫോണിലൂടെ അയാൾ സംസാരിച്ചു

microscope, ഭൂതക്കണ്ണാടി bhuutakaNNaaTi *(nn),* അയാൾ

ഭൂതക്കണ്ണാടികൊണ്ട് പരിശോധിച്ചു

mid day, പട്ടാപ്പകൽ paTTaappakal *(nn,comp),* പട്ടാപ്പകൽ കൊള്ള നടന്നു

mid way lane, ഇടവഴി iTavaZi *(nn),* ഇടവഴിയിലൂടെ അയാൾ വേഗം നടന്നു

mid wife, പതിച്ചി paticci *(nn),* പതിച്ചി വന്ന് പ്രസവമെടുത്തു

mid wife, പേറ്റച്ചി peeRRacchi *(nn),* പേറ്റച്ചി വരാൻ താമസിച്ചുപോയി

middle, നടു naTu *(nn),* നടുവിൽ ഒരു ദ്വാരമിട്ടു

middle, മധ്യം madhyaM *(nn),* മധ്യഭാഗത്തുള്ള വിടവിലൂടെ അവൻ നോക്കി

middle aged man, മധ്യവയസ്ക്കൻ madhyavayaskkan *(nn,comp),* അയാൾ ഒരു മധ്യവയസ്ക്കനാണ്

middle class, ഇടത്തരം iTattaraM *(adj),* ഒരു ഇടത്തരം കുടുംബത്തിൽ പിറന്നവനാണ് അയാൾ

middle finger, നടുവിരൽ naTuviral *(nn,comp),* നടുവിരലിലും അയാൾ മോതിരമണിഞ്ഞിരിക്കുന്നു

middle finger, മധ്യവിരൽ madhyaviral *(nn),* മധ്യവിരലിലും അയാൾ മോതിരമണിഞ്ഞിരുന്നു

middle part of the head, ഉച്ചി ucci *(nn),* അയാളുടെ ഉച്ചിയിൽ ഒരു കല്ലു വീണു

middle position, നടുനില naTunila *(nn,comp),* അയാൾ എപ്പോഴും നടുനിലയിൽ നില്ക്കുന്നു

middlemanship, ദല്ലാൾ പണി *(nn,comp),* അയാൾക്ക് ദല്ലാൾ പണിയാണ്

midnight, അർദ്ധരാത്രി aRddharaatRi *(nn),* അർദ്ധരാത്രിയിൽ ആരോ വാതിലിൽ മുട്ടിയതായി തോന്നി

midwife, വയറ്റാട്ടി vayaRRaaTTi *(nn),* വയറ്റാട്ടി വരുന്നതിനു മുമ്പ് പ്രസവിച്ചു

midwifery, പ്രസവശുശ്രൂഷ pRasavaSuSRuu$a *(comp vb),* അവൾക്ക് പ്രസവശുശ്രൂഷ ചെയ്തു

migrate, കുടിയേറ് kuTiyeeRə *(vi),* ആരൊക്കെയോ അവിടെ കുടിയേറി

mile, മൈൽ mail *(nn),* അവർ ഒരു മൈൽ നടന്നു

milestone, നാഴികക്കല്ല് naaZikakallə *(nn,comp),* അത് ഒരു നാഴികകല്ലായി തീർന്നു

military, പട്ടാളം paTTaaLaM *(nn),* അവന്റെ അച്ഛൻ പട്ടാളത്തിലാണ്

military equipments, കോപ്പ് kooppə *(nn),* യുദ്ധത്തിനുവേണ്ട

കോപ്പുകളെല്ലാം അണിനിരത്തി.

military march, കവാത്ത് kavaattə *(nn),* ഡ്യൂട്ടിപോലീസുകാരൻ കവാത്തു നടത്തുന്നു

milk, ക്ഷീരം k$iiram *(nn),* ക്ഷീരമുള്ളൊരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിനു കൌതുകം

milk, പാല് paalə *(nn),* പാല് ഒരു സമീകൃത ആഹാരമാണ്

milk the cow, പാലുകറക്ക് paalukaRkkə *(vt),* അയാൾ പശുവിന്റെ പാലുകറക്കുന്നു

milk`the cow, കറക്ക് kaRakkə *(vt),* അമ്മ പാൽ കറക്കുന്നു

milking, കറവ kaRava *(nn),* പശുവിന്റെ കറവ നിന്നു

milkman, കറവക്കാരൻ kaRavakkaaran *(nn,comp),* കറവക്കാരൻ പാൽ കറക്കുന്നു

milky way, താരാപഥം taaraapathaM *(nn,comp),* താരാപഥത്തിലൂടെ സഞ്ചരിക്കുന്ന അനേകം നക്ഷത്രങ്ങൾ

millet (panicum atalicam), തിന tina *(nn),* കുതിര തിന തിന്നുന്നു

millionaire, കോടീശ്വരൻ kooTiiSvaran *(nn),* അയാൾ ഒരു കോടീശ്വരനായിരുന്നു

millipede, ചേരട്ട ceeraTTa *(nn),* കുട്ടി ചേരട്ടയെ നോക്കിനിന്നു

mind, അകതളിർ akataLiR *(nn),* അകതളിരിൽ അറിയാതൊരു നൊമ്പരം ഉണ്ടായി

mind, ഉപലബ്ധി upalabdhi *(nn),* എന്റെ ഉപലബ്ധിയിൽ ഒന്നും കടന്നു വന്നില്ല

mind, ഉള്ളം uLLaM *(nn),* ഉള്ളത്തിൽ ഉല്ലാസം തോന്നി

mind, ഉള്ള് uLLə *(nn),* ഉള്ളിൽ എന്തെല്ലാമോ പുകയുന്നു

mind, ചിത്തം cittaM *(nn),* അരവിന്ദന്റെ ചിത്തത്തിലേക്ക് ആ ദൃശ്യം കടന്നുവന്നു

mind, ചേതസ്സ് ceetassə *(nn),* രവിയുടെ ചേതസ്സിൽ ആ രൂപം തെളിഞ്ഞുവന്നു

mind, മനം manaM *(nn),* അയാളുടെ മനം നൊന്തു

mind, മനസ്സ് manassə *(nn),* മനസ്സ് നന്നാകണം ആദ്യം

mind, മാനസം maanasaM *(nn),* മാനസത്തിൽ ഒരു മധുമാസം തളിരിട്ടു

minding, മനനം mananaM *(nn),* അയാൾ പലതും മനനം ചെയ്തു

mine, എണ്ണഖനി eNNakhani *(nn,comp),* എണ്ണഖനിയിൽ നിന്ന് എണ്ണ കുഴിച്ചെടുക്കുന്നു

mine, ഖനി khani *(nn),* കോളാർ ഇന്ത്യയിലെ പ്രധാനപ്പെട്ട ഖനിയാണ്

mine, മൈൻ main *(nn),* മൈൻ പൊട്ടി അപകടമുണ്ടായി

mineral, ധാതു dhaatu *(nn),* ഭൂമിയിൽ പല ധാതുക്കളുമുണ്ട്

mineral (product or thing dug from mine), ഖനിജം khanijaM *(nn),* ലോഹങ്ങളെല്ലാം ഖനിജങ്ങളാണ്

minerology, ധാതുവിജ്ഞാനം dhatuvij~aanaM *(nn,comp),* അയാൾ ധാതുവിജ്ഞാനം പഠിച്ചു

mingle, കൂടിച്ചേര് kuuTicceerə *(vi),* അയാൾ ആരോടും എളുപ്പം കൂടിച്ചേരുന്നു

mining, ഖനനം khananaM *(nn),* കോളാറിൽ സ്വർണ്ണഖനനം നടക്കുന്നു

minister, മന്ത്രി mantRi *(nn),* മന്ത്രി പാലം ഉൽഘാടനം ചെയ്തു

minor, മൈനർ mainaR *(nn),* അവൻ ഒരു മൈനറാണ്

minute, മിനിട്ട് miniTTə *(nn),* ഒരു മിനിട്ട്, ഞാൻ പോയി വരാം

minute, സൂക്ഷ്മ suuk$ma *(adj,pfx),* ആ സ്വർണ്ണാഭരണത്തിന്റെ പണി വളരെ സൂക്ഷ് മമായതാണ്

minutely, നനുനനെ nanunane *(adv),* അമ്മ ചീര നനുനനെ മുറിക്കുന്നു

mirage, കാനൽജലം kaanaljalaM *(nn),* അവൻ കാനൽ ജലം തേടി പോകുന്നു

mirage, മരീചിക mariicika *(nn),* മരീചികപോലെ അവൾ അകന്നുപോയി

mirage, മൃഗതൃഷ്ണ mRəgatRə$Na *(nn),* അവൾ മൃഗതൃഷ്ണകൾ തേടി അലഞ്ഞു

mirror, കണ്ണാടി kaNNaTi *(nn),* ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട

mirror, ദർപ്പണം daRppaNaM *(nn),* രവി മുഖം ദർപ്പണത്തിൽ കണ്ടു

mirror, മുഖക്കണ്ണാടി mukhakkaNNaaTi *(comp nn),* അവൾ മുഖക്കണ്ണാടിയിൽ നോക്കി

misappropriation, ദുർവ്വിനിയോഗം duRvviniyoogaM *(nn,comp),* അയാൾ സർക്കാർ സ്വത്തുക്കൾ ദുർവ്വിനിയോഗം ചെയ്തു

misbehaviour, നടപ്പുകേട് naTappukeeTə *(nn,comp),* അവന്റെ നടപ്പുകേട് പ്രശ്നമുണ്ടാക്കി

mischeif, കുറുമ്പ് kuRumbə *(nn),* കുട്ടി ഓരോ കുറുമ്പ് കാണിച്ചു കൊണ്ടിരുന്നു

mischief, കുസൃതി kusRti *(nn),* അവൻ പല കുസൃതികളും കാണിക്കുന്നു

mischief, പൊല്ലാപ്പ് pollaappə *(nn),* ഇത് വല്ലാത്ത പൊല്ലാപ്പ് തന്നെ

mischief maker, കൊസ്രാക്കൊള്ളി kosRaakkoLLi *(nn),* സുഹറ ഒരു കൊസ്രാക്കൊള്ളിയാണ്

mischievous person, തെറിച്ചവൻ teRiccavan *(nn),* മധു തെറിച്ചവനാണ്

mischievous spirit, ചാത്തൻ caattan *(nn),* ചാത്തന്റെ ഉപദ്രവം സഹിക്കാൻ വയ്യെന്ന് നാട്ടുകാർ പരാതിപ്പെട്ടു

misconduct, ദുസ്സ്വഭാവം dussvabhaavaM *(nn,comp),* അവന്റേത് ദുസ്സ്വഭാവമായിരുന്നു

misery, ദുരിതം duritaM *(nn),* വളരെ ദുരിതങ്ങൾ അയാൾക്കു സഹിക്കേണ്ടി വന്നു

misfortune, കാലക്കേട് kaalakkeeTə *(nn,comp),* അവന്റെ കാലക്കേട് എന്നു പറഞ്ഞാൽ മതിയല്ലോ

misfortune, ഗ്രഹപ്പിഴ gRahappiZa *(nn,comp),* ഗ്രഹപ്പിഴ സമയത്ത് എല്ലാം ഒന്നിച്ചുവരുന്നു

misfortune, ദുർഗ്ഗതി durggati *(nn,comp),* അയാൾക്ക് എപ്പോഴും ദുർഗ്ഗതിതന്നെ

misfortune, ദുർഭാഗ്യം duRbhaagyaM *(nn,comp),* ദുർഭാഗ്യം കൊണ്ട് അവന് ഒരവസരം നഷ്ടപ്പെട്ടു

misfortune, ദൌർഭാഗ്യം dauRbhaagyaM *(nn),* അവളുടെ ദൌർഭാഗ്യംകൊണ്ട് ജോലികിട്ടിയില്ല

misfortune, ഭാഗ്യദോഷം bhaagyadoo$aM *(nn),* അയാളുടെ ഭാഗ്യദോഷം കൊണ്ട് ആ ജോലി നഷ്ടപ്പെട്ടു

misfortune, വിന vina *(nn),* താൻ ചെയ്തത് തനിക്കു തന്നെ വിനയായി

mishap, തകരാറ് takaRaaRə *(nn),* വൈദ്യുതി പ്രവാഹത്തിൽ തകരാറുണ്ടായി

miss, കുമാരി kumari *(nn),* രാജകുമാരി ഉദ്യാനത്തിൽ ഉലാത്തുന്നു

miss the way, ഭ്രംശം bhRaMSaM *(nn),* അയാൾക്കു മാർഗ്ഗഭ്രംശം പറ്റി

mission, ദൌത്യം dautyaM *(nn),* അയാളുടെ ദൌത്യം പരാജയപ്പെട്ടു

mission, നിയോഗം niyoogaM *(adj),* ജീവിതം ഒരു നിയോഗമാണ്

mistake, അബദ്ധം abaddhaM *(nn),* എല്ലാം വെറും അബദ്ധമായിരുന്നു

mistake, കൈപ്പിഴ kaippiZa *(nn,comp),* ഗൃഹപ്പിഴ വരുമ്പോൾ കൈപ്പിഴ വരുന്നു

mister, ശ്രീ Srii *(nn),* ശ്രീ എം.ടി.വാസുദേവൻനായർ ചടങ്ങിൽ അധ്യക്ഷത വഹിച്ചു

mistress of a house, ഗൃഹനായിക gRhanaayika *(nn,comp),* അമ്മയാണ് ഈ വീട്ടിലെ ഗൃഹനായിക

misunderstand, തെറ്റിദ്ധരിക്ക് teRRiddharikkə *(vt),* അയാൾ എല്ലാവരെയും തെറ്റിദ്ധരിക്കുന്നു

misunderstanding, തെറ്റിദ്ധാരണ teRRiddhaaraNa *(nn),* എനിക്ക് കുറെ തെറ്റിദ്ധാരണകളുണ്ട്

misuse, ദുരുപയോഗം durupayoogaM *(nn,comp),* അയാൾ പദവി ദുരുപയോഗം ചെയ്തു

misuse, ദുർവ്വിനിയോഗം duRvviniyoogaM *(nn,comp),* അയാൾ അവസരങ്ങൾ ദുർവ്വിനിയോഗം ചെയ്തു

mitigate, പൊറുപ്പിക്ക് poRuppikkə *(vt),* പാവങ്ങളുടെ കഷ്ടപ്പാടുകൾ പൊറുപ്പിക്കാൻ മിഷനറിമാർ പല നടപടികളും എടുക്കുന്നു

mix, കലർത്ത് kalaRttə *(vt),* ഭക്ഷണപദാർത്ഥങ്ങളിൽ മായം കലർത്തി

mix, ഞമുണ്ട് ~muNTə *(vt),* ഗോതമ്പ് മാവ് ഞമുണ്ടി ചപ്പാത്തി ചുട്ടു

mix ingredients in fluids, ചാലിക്ക് caalikkə *(vt),* ഞാൻ വെള്ളത്തിൽ ഗുളിക ചാലിച്ചു

mixed, മിശ്രമായ miSRa *(adj),* മിശ്രമായ പ്രതികരണങ്ങൾ ഉടലെടുത്തു

mixed up with, സമ്മിശ്ര sammisRa *(adj),* കോടതിവിധിയ്ക്ക് ശേഷം സമ്മിശ്രമായ പ്രതികരണങ്ങൾ ഉണ്ടായി

mixing, കൂട്ടിക്കലർത്ത് kuuTTikkalaRttə *(comp vb),* ഞാൻ അതിന്റെ കൂടെ പലതും കൂട്ടിക്കലർത്തി

mixing, മിശ്രണം miSRaNaM *(nn),* മിശ്രണം ശരിയായ അനുപാതത്തിൽ ആയിരുന്നു

mixing, സംയോജനം saMyoojanaM *(nn),* ആ പദാർത്ഥങ്ങളുടെ സംയോജനം മൂലം അതു സംഭവിച്ചു

mixture, കലർപ്പ് kalaRppə *(nn),* രണ്ടു രാസപദാർഥങ്ങളുടെ കലർപ്പാണിത്

mixture, മിശ്രം miSRaM *(nn),* ആ ദ്രാവകത്തിന്റെ മിശ്രം ഒഴിച്ചു

mixture of sandal wood paste, ചാന്ത് caantə *(nn),* രാധ മുഖത്ത് ചാന്ത് പുരട്ടി

mockery, കൊഞ്ഞനം ko~~anaM *(nn),* പ്രദീപ് അനുജനെ കൊഞ്ഞനം കാട്ടി

mockery, പ്രഹസനം pRahasanaM *(nn),* സി.വി.രാമൻ പിള്ള പ്രഹസനം രചിച്ചു

mode of beating time in music, ചെമ്പട cembaTa *(nn),* ചെമ്പടതാളത്തിൽ കഥകളിപ്പദങ്ങൾ പാടി

mode of inheritance, ദായക്രമം daayakRamaM *(nn,comp),* പഴയകാലത്തെ ദായക്രമം മരുമക്കത്തായമായിരുന്നു

mode of life, ജീവിതരീതി jiivitariiti *(nn,comp),* ഓരോരുത്തർക്കും വ്യത്യസ്തമായ ജീവിതരീതികളാണ് ഉള്ളത്

model, മാതൃക maatRəka *(nn),* അയാൾ എല്ലാവർക്കും മാതൃകയായി

modern, ആധുനികം aadhunikaM *(adj),* ആധുനികമായ പല സജ്ജീകരണങ്ങളും അവിടെയുണ്ട്

modern, നവ്യ navya *(adj),* നവ്യമായ ഒരു ഉന്മേഷം അവനുണ്ടായി

modern, നൂതന nuutana *(adj),* നൂതനമായ ഒരു വിദ്യ കണ്ടു പിടിച്ചു

modesty, അടക്കം aTakkaM *(adj),* അവൾ അടക്കമുള്ള കുട്ടിയാണ്

modesty, വിനയം vinayaM *(nn),* അയാൾ വിനയം ഭാവിച്ചു

mohammadan, മേത്തൻ meettan *(nn),* അയാൾ ഒരു മേത്തനാണ്

Mohammadan fakir, പക്കീർ pakkiiR *(nn),* പക്കീർ പ്രാർത്ഥിച്ചു

molar teeth, അണപ്പല്ല് aNappallə *(nn,comp),* എന്റെ അണപ്പല്ലുകൾ കേടായി

mole, മറുക് maṟukə *(nn),* അയാൾക്ക് കഴുത്തിൽ ഒരു മറുകുണ്ടായിരുന്നു

molecule, തന്മാത്ര tanmatRa *(nn),* പദാർത്ഥങ്ങൾ തന്മാത്രകൾ ചേർന്നുണ്ടായതാണ്

moment, നിമിഷം nimi$aM *(nn),* ഓരോ നിമിഷവും യുഗങ്ങളായി തോന്നി

moment, മാത്ര maatRa *(nn),* ഒരു മാത്ര അവർ അവിടെ നിന്നു.

momentary, ക്ഷണിക k$aNika *(adj),* ഈ ലോകത്തിൽ സുഖം, പദവി അധികാരം എന്നിവ ക്ഷണികമായതാണ്

monarch, സർവ്വാധികാരി saRvvaadhikaari *(nn),* അയാൾ ഒരു സർവ്വാധികാരിയെപ്പോലെ പെരുമാറി

Monday, തിങ്കളാഴ്ച tiŋkaLaaZcca *(nn),* തിങ്കളാഴ്ച നല്ല ദിവസമാണത്രെ

money bag, മടിശ്ശീല maTiSSiila *(nn,comp),* അമ്മയുടെ മടിശ്ശീലയിൽ പണമുണ്ടായിരുന്നു

monkey, കുരങ്ങ് kuraŋŋə *(nn),* കുരങ്ങ് പല്ലിളിച്ചു കാട്ടി

monkey, വാനരൻ vaanaran *(nn),* വാനരനിൽ നിന്ന് മനുഷ്യൻ ഉണ്ടായി

monopoly, കുത്തക kuttaka *(nn),* എല്ലാം അയാളുടെ കുത്തകയാണെന്നാണ് ഭാവം

month, മാസം maasaM *(nn),* മാസം 12 കഴിഞ്ഞു

month according to Malayalam calander, തുലാം tulaM *(nn),* തുലാത്തിൽ മഴ പെയ്തു

month according to muslim calander, റംസാൻ RaMsaan *(nn),* റംസാൻ പ്രമാണിച്ച് ഹോട്ടലുകൾ അടച്ചു

month of june, ജൂൺ juuN *(vt),* ജൂൺ മാസത്തിൽ നല്ല മഴ ലഭിക്കും

monthly magazine, മാസിക maasika *(nn),* മാസികയിൽ അവൾ കവിത എഴുതി

mood, മനോനില manoonila *(nn),* അയാളുടെ മനോനില പെട്ടെന്നു മാറുന്നു

moon, അമ്പിളി ambiLi *(nn),* മാനത്ത് അമ്പിളിയുദിച്ചു

moon, ഇന്ദു indu *(nn),* ഇന്ദുവിന്റെ മുഖത്ത് കലയുണ്ട്

moon, ചന്ദ്രൻ candRan *(nn),* ചന്ദ്രൻ ആകാശത്ത് പ്രശോഭിക്കുന്നു

moon, തിങ്കൾ tiŋkaL *(nn),* മാനത്തു തിങ്കൾ കല കാണുന്നു

moon, പനിമതി panimati *(nn),* പനിമതി മാനത്ത് പുഞ്ചിരിച്ചു

moon, വിധു vidhu *(nn),* ശരത്ക്കാലത്തിലെ വിധു സുന്ദരനാണ്

moon light, കൌമുദി kaumudi *(nn),* ഞങ്ങൾ കൌമുദിയിൽ വെറുതെ നടന്നു

moon stone (alabaster), ചന്ദ്രകാന്തം candRakaantaM *(nn),* ഞാൻ ചന്ദ്രകാന്തമെന്ന കല്ലുകണ്ടു

moonlight, ചന്ദ്രിക candRika *(nn),* ഇപ്പോൾ നല്ല ചന്ദ്രികയുണ്ട്

moonlight, ജ്യോത്സ്ന jyothna *(nn),* ജ്യോത്സ്നയിൽ ആമ്പൽ തിളങ്ങി

moonlight, നിലാവെളിച്ചം nilaaveLiccaM *(nn,comp),*

നിലാവെളിച്ചത്ത് ഞങ്ങൾ നടന്നു

moonshine, നിലാവ് nilaavə *(nn),* ഇത് നല്ല നിലാവുള്ള രാത്രി

moral, ഗുണപാഠം guNapaaThaM *(nn),* രവി ഗുണപാഠങ്ങൾ മനസ്സിലാക്കി

moral decline, ധാർമ്മികാധഃപതനം dhaarmmikaadhapatanaM *(nn,comp),* ധാർമ്മികാധഃപതനത്തിൽ അയാൾ ദുഃഖിച്ചു

moral laws, ധർമ്മം dhaRmmaM *(nn),* ധർമ്മം പാലിക്കാൻ എല്ലാവരും ബാധ്യസ്ഥരാണ്

moral matters, ധർമ്മകാര്യം dhaRmmakaaryaM *(nn,comp),* ധർമ്മകാര്യത്തിന് അയാൾ എന്നും മുന്നിലായിരുന്നു

moral support, ധാർമ്മിക പിന്തുണ *(nn,comp),* അവൻ അവൾക്ക് ധാർമ്മിക പിന്തുണ നല്കി

more, അധികം adhikaM *(adj),* അധികമായാൽ അമൃതും വിഷം

more or less, ഏറെക്കുറെ eeRekkuRe *(adv),* ഏറെക്കുറെ നന്നായി മഴപെയ്തു

more than before, പൂർവ്വാധികം puuRvvadhikaM *(adj),* പൂർവ്വാധികം ഭംഗിയായി ഉത്സവം ആഘോഷിക്കപ്പെട്ടു

more than regular, ക്രമാതീതമായ kRmaatiitamaya *(adj),* ക്രമാതീതമായ വണ്ണം ശരീരത്തിനു നല്ലതല്ല

morning, രാവിലെ raavile *(adv),* ഞങ്ങൾ രാവിലെ പുറപ്പെട്ടു

morning sunlight, ഇളവെയിൽ iLaveyil *(nn,comp),* ഇളവെയിലിൽ ഇലകളിലെ മഞ്ഞുരുകുന്നു

mortar, ഉരൽ ural *(nn),* ഉരലിൽ ഉലക്ക കൊണ്ട് ഇടിച്ചു

mortgage, ഈടാധാരം iiTaadhaaraM *(nn,comp),* അമ്മാവൻ വീടും പറമ്പും ഈടാധാരം കൊടുത്തു

mortgage, പണയം paNayaM *(nn),* അയാൾ സ്വർണ്ണാഭരണങ്ങൾ പണയം വച്ചു

mortgage deed, പണയാധാരം paNayaadhaaraM *(nn,comp),* പണയാധാരം കൈമാറിയപ്പോൾ അയാൾക്കു പണം കിട്ടി

mortgage of real property, ഒറ്റി oRRi *(nn),* അച്ഛൻ ഒറ്റി കൊടുത്തിരിക്കുന്ന ആധാരത്തിൽ ഒപ്പുവച്ചു

mosque, പള്ളി paLLi *(nn),* അവർ പള്ളിയിൽ നിസ്ക്കരിക്കാൻ പോയി

mosquito, കൊതുക് kotukə *(nn),* ഇവിടെ കൊതുക് ശല്യം കൂടുതലാണ്

mosquito net, കൊതുകുവല kotukuvala *(nn,comp),* എന്റെ കൊതുകു വല കീറിപ്പോയി

mosquito net, മേൽക്കെട്ടി meelkkeTTi *(comp nn),* ഞങ്ങൾ മേൽക്കെട്ടി കെട്ടി കിടന്നു

most effective (proven infalliable), കൈകണ്ട kaikaNTa *(adj),* തേൻ കൈകണ്ട ഔഷധമാണത്രേ

most important, പ്രധാന pRadhaana *(adj,pfx),* പ്രധാനവിഷയങ്ങൾ യോഗത്തിൽ ചർച്ച ചെയ്യപ്പെട്ടില്ല

most important thing, പ്രധാനം pRadhaanaM *(nn),* ആ ചർച്ച വളരെ പ്രധാനമായിരുന്നു

most wealthy person, മഹാനുഭാവൻ mahaanubaavan *(nn),* അദ്ദേഹം ഒരു മഹാനുഭാവനാണ്

mostly, മിക്കവാറും mikkavaaRuM *(adv),* ഓണക്കാലത്ത് മിക്കവാറും എല്ലാ വീടുകളിലും സദ്യ കാണും

moth, ചെല്ലി celli *(nn),* തെങ്ങിൻ ചെല്ലികൾ ആക്രമണം തുടങ്ങിയിരിക്കുന്നു

moth, നരിച്ചിൽ naricil *(nn),* സന്ധ്യാസമയത്ത് നരിച്ചിൽ പറക്കുന്നു

mother, അമ്മ amma *(nn),* അമ്മ സ്നേഹമാണ്.

mother, തള്ള taLLa *(nn),* തള്ളയും തന്തയും ഇല്ലാതെ വളർന്നകുട്ടി

mother, തായ് taayə *(nn),* തായും തന്തയുമില്ലാതെ കുട്ടി വളർന്നു

mother, മാതാവ് maataavə *(nn),* കുട്ടിയുടെ മാതാവ് ആരാണ്

mother - in - law, അമ്മായിയമ്മ ammaayiamma *(nn),* അമ്മായിയമ്മയ്ക്ക് എപ്പോഴും ദേഷ്യം വരുന്നു.

mother (muslim dialect), ഉമ്മ umma *(nn),* പാത്തുമ്മയുടെ ഉമ്മ വന്നു

mother land, മാതൃഭൂമി maatRəbhuumi *(nn,comp),* മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി അവർ പോരാടി

mother tongue, മാതൃഭാഷ matRəbhaa$a *(nn,comp),* മാതൃഭാഷയിലൂടെ അവർ ആശയം കൈമാറി.

motion, ഗതി gati *(nn),* ചരിഞ്ഞപ്രതലത്തിൽ വസ്തുക്കളുടെ ഗതി താഴോട്ടാണ്

motionless, നിശ്ചലമായ niScalamaaya *(adj),* നിശ്ചലമായ ഹിമാലയപർവ്വതം ഇന്ത്യയുടെ വടക്കൻ അതിർത്തിയിലാണ്

motive, നിമിത്തം nimittaM *(nn),* നല്ല നിമിത്തം നോക്കി പുറപ്പെട്ടു

motive, പ്രേരണ pReeraNa *(nn),* അവിടെ പോകാനുള്ള പ്രേരണ എന്തായിരുന്നു

mould, അച്ച് accə *(nn),* അവളുടെ രൂപം അച്ചിൽ വാർത്തപോലെയിരുന്നു

mould, മൂശ muuSa *(nn),* അയാൾ മൂശയിൽ വാർത്തെടുത്തു

mound, തിട്ട tiTTa *(nn),* വീടിനടുത്തുള്ള തിട്ട ഇടിഞ്ഞു വീണു

mount Himalaya, ഹിമവാൻ himavaan *(nn),* ഹിമവാന്റെ മടിത്തട്ടിലൂടെ ഞങ്ങൾ നടന്നു

mountain, ഗിരി giri *(nn),* ഹിമാലയം ഗിരിയാണ്

mountain, ധരാധരം dharaadharaM *(nn),* ഹിമാലയ ധരാധരം ഇന്ത്യയുടെ വടക്കു ഭാഗത്താണ്

mountain, പർവ്വതം paRvvataM *(nn),* ഇന്ത്യയുടെ വടക്കു ഭാഗത്തു ഹിമാലയപർവ്വതം സ്ഥിതി ചെയ്യുന്നു

mountain pass, മലമ്പാത malambaata *(nn,comp),* മലമ്പാതയിലൂടെ ഒരു ലോറി കടന്നു വരുന്നു

mountain peak, ഗിരിശൃംഗം giriSRiMgaM *(nn,comp),* ടെൻസിംഗും ഗിരിശൃംഗത്തിൽ കയറി

mountain spring, ചോല coola *(nn),* അവർ ചോലയിൽ നിന്നു വെള്ളം കുടിച്ചു

mounting, ഏറ് eeRə *(vi),* ഭക്തന്മാർ മല ഏറുന്നു

moustache, മീശ miiSa *(nn),* മീശ മുളച്ചിട്ടും അവന് ബുദ്ധിവന്നില്ല

moutain peak, കൂടം kuuTaM *(nn),* പർവ്വതത്തിന്റെ കൂടത്തിൽ എല്ലാവരും എത്തിച്ചേർന്നു

mouth, വാ vaa *(nn),* വായിൽ വെള്ളിക്കരണ്ടിയുമായി ജനിച്ചവർ

mouth, വായ vaaya *(nn),* വായ കീറിയ തമ്പുരാൻ ഇരയും തരും

mouth, വായ് vaayə *(nn),* മുതല വായ് തുറന്നു

mouth (a cavity), തൊള്ള toLLa *(nn),* കാക്ക തൊള്ളയിൽ തീറ്റ നിറച്ചു

mouth of the river, നദീമുഖം nadiimukhaM *(nn,comp),* നദീ മുഖത്ത് ചിലർ മത്സ്യം പിടിക്കുന്നു

mouth of wound, മുറി വായ് *(nn),* മുറി വായിലൂടെ രക്തം പുറത്തേക്കു വരുന്നു

movable thing, ജംഗമം jaMgamaM *(nn),* ജംഗമവസ്തുക്കൾ കോടതി കണ്ടു കെട്ടി

move, അനക്ക് anakkə *(vt),* തൊട്ടിൽ അനക്കരുത് കുട്ടി ഉണരും

move, ഇളക് iLakə *(vi),* മരത്തിൽ ഇലകൾ ഇളകി

move, ഇഴയ് iZayə *(vi),* കുട്ടി നിലത്തുകൂടി ഇഴയുന്നു

move, ചലിക്ക് calikkə *(vi),* വണ്ടി തനിയെ ചലിക്കുന്നു

move, നീക്ക് niikkə *(vt),* പോലീസുകാർ ജനക്കൂട്ടത്തെ മൈതാനത്തു നിന്നു നീക്കി

move, നീങ്ങ് niiṉṉə *(vi),* ജനങ്ങൾ അവിടെ നിന്ന് നീങ്ങി

move a boat by plying a pole, ഊന്ന് uunnə *(vt),* വള്ളം ഊന്നുകാരൻ ഊന്നി

move aside, മാറ് maaRə *(vi),* അയാൾ അവിടെ നിന്നു മാറി

move the dice in game, കരുനീക്ക് karuniikkə *(comp vb),* ആനന്ദ് അടുത്ത കരുനീക്കി

movement, അനക്കം anakkaM *(nn),* എന്തോ അനക്കം കേട്ട് കുട്ടി ഞെട്ടി ഉണർന്നു

movement, ചലനം calanaM *(nn),* വണ്ടിയുടെ ചലനം നിലച്ചു

movement, നീക്കം niikkaM *(vb, nn),* ശത്രുസൈന്യം നീക്കം ആരംഭിച്ചു

movie, ചലച്ചിത്രം calacitRaM *(nn),* ഞാൻ ഇന്നലെ ഒരു ചലച്ചിത്രം കണ്ടു.

mrs, ശ്രീമതി Sriimati *(nn),* ശ്രീമതി ഇന്ദിരാഗാന്ധിയുടെ മൂത്തമകനായിരുന്നു പിന്നീട് പ്രധാനമന്ത്രിയായത്.

much, പൊതിരെ potire *(adv),* ആ സാധുമൃഗത്തിന് പൊതിരെ തല്ലുകിട്ടി

much, പ്രചുര pRacura *(adj),* പ്രചുര പ്രചാരം നേടിയ നോവലാണത്

much more, ഏറെ eeRe *(ind.pron),* ഏറെ വിഷമം പിടിച്ച ജോലിയാണിത്

mud, ചളി caLi *(nn),* രവിയുടെ കാലിൽ ചളി പറ്റി

mud, ചള്ള caLLa *(nn),* രവിയുടെ ദേഹത്ത് ചള്ള തെറിച്ചു

mud, ചെളി ceLi *(nn),* വയലിൽനിന്നു വന്ന കർഷകന്റെ കാലിൽ മുഴുവൻ ചെളിയായിരുന്നു

mud, ചെള്ള ceLLa *(nn),* ഈ റോഡു നിറയെ ചെള്ളയാണ്

mud, ചേറ് ceeRə *(nn),* ചേറിൽ പൂത്ത ചെന്താമര

mud wall around a compound, കൈയാല kaiyaala *(nn),* അയാൾ കൈയാലയുടെ മുകളിൽ കയറിനിന്നു

muddy, കലങ്ങൽ kalaṉṉaL *(nn),* കലങ്ങൽ ഒരിക്കൽ തെളിയും

muddy particles, ഓർ oorə *(nn),* ആ ഗ്ലാസ്സിലെ വെള്ളത്തിൽ ഓർ ഉണ്ട്

multifarious, ബഹുമുഖ bahumukha *(adj),* ബഹുമുഖപ്രതിഭയായ അദ്ദേഹത്തെ അവർ അഭിനന്ദിച്ചു

multiplet, ഗുണിതം guNitaM *(nn),* രണ്ടിന്റെ ഗുണിതമാണ് പത്ത്

multiplicant, ഗുണ്യം guNyaM *(nn),* ഗുണ്യമായ അഞ്ച് എഴുതൂ

multiplication, ഗുണനം guNanaM *(nn),* രവിക്ക് ഗുണനം അറിയില്ലായിരുന്നു

multiplication, പെരുക്കൽ perukkal *(nn),* കുട്ടിക്ക് പെരുക്കാൻ അറിയില്ല

multiply, ഗുണിക്ക് guNikkə *(vi),* രവി രണ്ടുസംഖ്യകൾ ഗുണിക്കുന്നു

multitude of all, സമഷ്ടി sama$Ti *(nn),* അയാൾ ഒരു സമഷ്ടിവാദിയാണ്

multiude, ബാഹുല്യം baahulyaM *(nn),* ആളുകളുടെ ബാഹുല്യം നിമിത്തം അങ്ങോട്ടുപോകാനെ കഴിഞ്ഞില്ല

murder, കുത്തിക്കൊല kuttikkola *(nn,comp),* ആ കുത്തിക്കൊലയിൽ അവനു പങ്കുണ്ടായിരുന്നു

murder, കൊലപാതകം kolapaatakaM *(nn),* കൊലപാതകത്തിനു സാക്ഷിപറയാൻ ആരുമുണ്ടായിരുന്നില്ല

murderer, കൊലപാതകി kolpaataki *(nn),* കൊലപാതകി കൊല കഴിഞ്ഞ് രക്ഷപ്പെട്ടു

murmer, മന്ത്രിക്ക് mantRikkə *(vi),* കുട്ടി എന്തോ മന്ത്രിച്ചു കൊണ്ടിരുന്നു

murmer, മിറുമിറുക്ക് miRumiRukkə *(comp vb),* അയാൾ എപ്പോഴും മിറുമിറുക്കുന്നു

murmer with anger, മുറുമുറുക്ക് muRumuRukkə *(comp vb),* അയാൾ എപ്പോഴും മുറുമുറുക്കുന്നു

murmering sound of dry leaves etc, മർമ്മരം maRmmaraM *(nn),* ഇലകളുടെ മർമ്മരം ഞാൻ കേട്ടു

murmur, പിറുപിറുക്ക് piRupiRukkə *(vi),* എന്തിനാണ് അയാൾ പിറുപിറുക്കുന്നത്

muscle, പേശി peeSi *(nn),* അവന്റെ പേശികളെല്ലാം വേദനിക്കുന്നു

muscle, മാംസപേശി maaMsapeeSi *(nn),* ശരീരത്തിലെ മാംസപേശികളെല്ലാം വേദനിക്കുന്നു

muscle of the leg, കാൽവണ്ണ kaalvaNNa *(nn,comp),* കാൽവണ്ണയിൽ വല്ലാതെ വേദനിക്കുന്നു

museum, കാഴ്ചബംഗ്ലാവ് kaaZəccabaMglaavə *(nn,comp),*

കാഴ്ചബംഗ്ലാവിൽ കുട്ടികൾ വന്നു

museum, മ്യൂസിയം myuusiyaM *(nn),* ആ മ്യൂസിയത്തിൽ ഞങ്ങൾ പല കാഴ്ച്ചകളും കണ്ടു

mushroom, കുമിൾ kumiL *(nn),* ആ തൊടിയിൽ നിറയെ കുമിളായിരുന്നു

mushroom, കൂൺ kuuNə *(nn),* ഞങ്ങൾ കൂൺ ഭക്ഷിക്കാറില്ല

mushroom, കൂൺ kuuN *(vi),* പല സ്ഥാപനങ്ങളും കൂണുപോലെ മുളച്ചുവന്നു

music, സംഗീതം saMgiitaM *(nn),* സംഗീതം മനസ്സിനു സുഖം പകരുന്നു

musical composition, കൃതി kRəti *(nn),* കർണ്ണാടക സംഗീതത്തിൽ ത്യാഗരാജന്റെ കൃതികൾ വളരെ പ്രസിദ്ധമാണ്

musical instrument, ഇടയ്ക്ക iTaykka *(nn),* ഇടയ്ക്കയിൽ നിന്ന് സംഗീതമുയരുന്നു

musical instrument, ഇലത്താളം ilattaaLaM *(nn),* ഇലത്താളം ശബ്ദമുണ്ടാക്കി

musical instrument, ഉടുക്ക് uTukkə *(nn),* അയാൾ ഉടുക്കു കൊട്ടി ഉപജീവനം നടത്തുന്നു

musical instrument, കൊമ്പ് kombə *(nn),* കൊമ്പും കുറുകുഴലും ശബ്ദമുയർത്തി

musical instrument, ഘടം ghaTaM *(nn),* മണിയയ്യർ ഘടത്തിൽ സംഗീതം വിരിയിച്ചു

musical instrument, ചേങ്ങില ceeŋŋila *(nn),* അവൻ ചേങ്ങില മുട്ടി

musical instrument, തബല tabala *(nn),* സക്കീർ ഹുസൈൻ തബലയിൽ അത്ഭുതങ്ങൾ വിരിയിച്ചു

musical instrument, തിമില timila *(nn),* തായമ്പകയ്ക്ക് തിമില കൊട്ടി

musical instrument, തുടി tuTi *(nn),* രവി ഒരു തുടി മുഴക്കി

musical instrument, നാദസ്വരം nadasvaraM *(nn),* നാദസ്വര കച്ചേരി എനിക്കിഷ്ടമാണ്

musical instrument, മദ്ദളം madaLaM *(nn),* മദ്ദളം ഒരു വാദ്യോപകരണമാണ്.

musical instrument, വാദ്യം vaadyaM *(nn),* അയാൾക്ക് വാദ്യങ്ങൾ അറിയാമായിരുന്നു

musical instrument, സംഗീതോപകരണം saMgiitoopkraNaM *(nn),* അയാൾക്ക് സംഗീതോപകരണങ്ങൾ വലിയ ഇഷ്ടമാണ്

musical instrument, ഹാർമോണിയം haRmooNiyaM *(nn),* അയാൾക്ക് നന്നായി

ഹാർമോണിയം വായിക്കാനറിയാം

musical instrument (like drum), ചെണ്ട ceNTa *(nn),* മാരാർ ചെണ്ടകൊട്ടുന്നു

musical instrument of Kerala used in ottam thullal, മിഴാവ് miZaavə *(nn),* അയാൾ മിഴാവ് കൊട്ടി

musical tone, താനം taanaM *(nn),* രാഗം, താനം, പല്ലവി ഇവയെല്ലാം സംഗീതത്തിലുള്ളതാണ്

musk, കസ്തൂരി kastuuri *(nn),* കസ്തൂരി ഒരു സുഗന്ധ ദ്രവ്യമാണ്

musk deer, കസ്തൂരിമാൻ kastuurimaan *(nn,comp),* അയാൾ ഒരു കസ്തൂരി മാനിനെ പിടിച്ചു

Muslim, ജോനകൻ joonakan *(nn),* അയാൾ ഒരു ജോനകനാണത്രേ

muslim, തുലുക്കൻ tulukkan *(nn),* മുഹമ്മദ് ഒരു തുലുക്കനാണ്

muslim scholar who is well versed in Arabic & persian, മൌലവി maulavi *(nn),* അയാൾ ഒരു മൌലവിയാണ്

mustard, കടുക് kaTukə *(nn),* അമ്മ കടുകു വറുക്കുന്നു.

mutal relation, സമന്വയം samanvayaM *(nn),* സംസ്കാരങ്ങളുടെ സമന്വയം ജനങ്ങളെ ഇണക്കുന്നു

mute witness, മൂകസാക്ഷി muukasaak$i *(nn),* ആ കൊല നടന്നപ്പോൾ അവർ വെറും മൂക സാക്ഷികളായി നിന്നു

mutter, ചലമ്പ് calambə *(vt),* രവി എന്തൊക്കെയോ ചലമ്പി കൊണ്ടിരിക്കുന്നു

mutter, തൊള്ളതുറക്ക് toLLatuRakkə *(nn,comp),* രാമൻ തൊള്ളതുറന്ന് സംസാരിക്കില്ല

mutton, ആട്ടിറച്ചി aaTTiRacci *(nn),* എനിക്ക് ആട്ടിറച്ചി ഇഷ്ടമല്ല

mutual, അന്യോന്യം anyoonyaM *(nn),* അന്യോന്യം പഴിചാരാനല്ലാതെ ക്രിയാത്മകമായി ഒന്നും ചെയ്യാൻ അവർക്കു കഴിഞ്ഞില്ല

mutual consent, രാജി raaji *(nn),* ആ കേസ് രാജിയായി

mynah, മൈന maina *(nn),* അയാൾ ഒരു മൈനയെ നോക്കി

mysterious, അതിശയകരമായ atiSayakaramaaya *(adj),* വളരെ അതിശയകരമായ ഒരു കാര്യമായിരുന്നു അത്.

mysterious poison, കൈവിഷം kaivi$aM *(nn,comp),* ആരോ അവൾക്കു കൈവിഷം കൊടുത്തതാണത്രേ

mythical flower, കൽഹാരം kalhaaraM *(nn),* കൽഹാര

പുഷ്പം തേടി അയാൾ അലഞ്ഞു

mythological bird referred in Ramayana, ജടായൂ jaTaayu *(nn),* ജടായു രാമായണത്തിലെ പക്ഷിയാണ്

nail, ആണി aaNi *(nn),* അവൻ ചുവരിൽ ആണി തറയ്ക്കുന്നു

nail, നഖം nakhaM *(nn),* കുട്ടി നഖം കടിച്ചു

nail cutter, നഖംവെട്ടി nakhaMveTTi *(nn,comp),* നഖംവെട്ടികൊണ്ട് നഖം വെട്ടി

nail mark, നഖക്ഷതം nakhak$ataM *(nn,comp),* ആദ്യ നഖക്ഷതം കൂന്തലാൽ മറയ്ക്കുവാനേ കഴിയൂ

naked, ദിഗംബര digambara *(adj),* അയാൾ ദിഗംബരനായ ഒരു സന്ന്യാസിയാണ്

naked person, നഗ്നൻ nagnan *(nn),* അയാൾ നഗ്നനായ ഒരു സന്യാസിയാണ്

namboodiri's house, ഇല്ലം illaM *(nn),* ഇല്ലത്തു നിന്നു പുറപ്പെട്ടു അമ്മാത്ത് എത്തിയതുമില്ല

name, പേര് peerə *(nn),* എന്റെ പേര് കൃഷ്ണൻ എന്നാണ്

name of a tree (terminalia bellerica), താന്നി taanni *(nn),* താന്നിമരത്തിന്റെ തൊലി ഔഷധഗുണമുള്ളതാണ്

name of the bird, കൂരി kuuri *(nn),* പറമ്പിലെ ഒരു മരത്തിൽ കൂരി കൂടു വച്ചു

namely, അതായത് ataayatə *(in),* നാടൻപാട്ടുകൾ വടക്കൻ പാട്ടുകൾ അതായത് സാധാരണ ജനങ്ങൾ മുമ്പ് പാടിയിരുന്ന പാട്ട്

naming ceremony, നാമകരണം naamakaraNaM *(nn),* അയാൾ കുട്ടിയ്ക്ക് നാമകരണം ചെയ്തു

nape of neck, കുഞ്ചി ku~ci *(nn),* കുതിരയുടെ കുഞ്ചിയിൽ രോമമുണ്ട്

Narada, നാരദൻ naaradan *(nn),* നാരദൻ വീണ വായിക്കുന്നു

narrate, വർണ്ണിക്ക് vaRNNikkə *(vt),* കവിതയിലെ വർണ്ണനകൾ ആനന്ദാനുഭൂതി വളർത്തി

narrate, വിവരിക്ക് vivarikkə *(vt),* ഞാൻ ഒരു കഥ വിവരിക്കുകയാണ്

narration, പ്രതിപാദനം pRatipaadanaM *(nn),* തകഴിയുടെ കഥയെക്കുറിച്ചു ഈ പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുണ്ട്

narration of a story with music, കഥാപ്രസംഗം kathapRasaMgaM *(nn),* എനിക്ക് കഥാപ്രസംഗം ഇഷ്ടമല്ല

narrow, ഇടുങ്ങിയ iTuṉṉiya *(adj),* ഒരു ഇടുങ്ങിയ വാതിലാണിത്

narrow, കുടുസ്സായ kuTussaaya *(adj),* ഒരു കുടുസ്സായ ഇട നാഴിയാണ് ഇത്

narrow, കുടുസ്സ് kuTussə *(adj),* കുടുസ്സായ ഒരു വഴിയിലൂടെ ഞങ്ങൾ നടന്നു

narrow crack between rocks or stones, കല്ലിടുക്ക് kalliTukkə *(nn,comp),* ഈ കല്ലിടുക്കിലൂടെ നോക്കൂ

narrow lane, ഊടുവഴി uuTuvaZi *(comp n),* അയാൾ ആ ഊടുവഴിയിലൂടെ നടന്നു

narrow minded, ഇടുങ്ങിയ iTuŋŋiya *(adj),* ഇടുങ്ങിയ മനസ്സാണ് അയാളുടേത്

narrow valley between two mountains, മലയിടുക്ക് malayiTukkə *(nn,comp),* മലയിടുക്കിലൂടെ ജലം ഒഴുകി

nasal mucus, മൂക്കള muukkLa *(nn),* കുട്ടി മൂക്കള ഒലിപ്പിച്ച്കൊണ്ട് നടക്കുന്നു

nasal passage, നാസാദ്വാരം naasaadvaaRaM *(nn,comp),* നാസാദ്വാരം അടച്ചു പിടിക്കുക

national, ദേശവാസി deeSavaasi *(nn),* ഞാൻ ഈ ദേശവാസിയാണ്

national anthem, ദേശീയഗാനം deeSiiyagaanaM *(nn,comp),* ദേശീയഗാനം എല്ലാവരും പാടണം

national calamity, ദേശീയവിപത്ത് deeSiiyavipattə *(nn,comp),* ആ സംഭവം ഒരു ദേശീയവിപത്തായിരുന്നു

national festival of Kerala during August & September, ഓണം ooNaM *(nn),* ഓണം വന്നു, പൂക്കൾ വിരിഞ്ഞു

national income, ദേശീയവരുമാനം deeSiiyavarumaanaM *(nn,comp),* ദേശീയവരുമാനം വളരെ കുറഞ്ഞു

nationalistic consciousness, ദേശീയബോധം deeSiiyaboodhaM *(nn,comp),* ദേശീയബോധമുള്ള ഒരു വ്യക്തിയാണദ്ദേഹം

native land, ജന്മഭൂമി janmabhuumi *(nn,comp),* ജന്മഭൂമിക്കുവേണ്ടി ഭാരതീയർ സമരം ചെയ്തു

native land, നാട് naaTə *(nn),* നിങ്ങളുടെ നാട് എവിടെയാണ്

native land, സ്വദേശം svadeeSaM *(nn),* അയാളുടെ സ്വദേശം കേരളമാണ്?

native of India, ഭാരതീയൻ bhaaratiiyan *(nn),* നാമെല്ലം ഭാരതീയരാണ്

native of Kerala, കേരളീയൻ keeraLiiyan *(nn),* അയാൾ ഒരു തനി കേരളീയനാണ്

natural, അകൃത്രിമമായ akRətRimaaya *(adj),* അകൃത്രിമമായ ഒരു ശീലമാണിത്

natural, നൈസർഗ്ഗിക naisaRggika *(adj),* നൈസർഗ്ഗികമായ വികാരങ്ങൾ പുറത്തു വന്നു

natural, സ്വാഭാവിക svaabhaavika *(adj),* സംസാരിക്കാനുള്ള കഴിവ് മനുഷ്യന്റെ സ്വാഭാവികമായ ഒരു ശേഷിയാണ്

natural state, പ്രകൃതി pRakRti *(nn),* അയാളുടെ ശരീരപ്രകൃതി വളരെ മെലിഞ്ഞതായിരുന്നു

natural tank or reservoir, ചിറ ciRa *(nn),* ചിറയിൽ മീൻ പിടിക്കാൻ അവർ പോയി.

naturally, സ്വാഭാവികമായി svaabhaavikamaayi *(adv),* സ്വാഭാവികമായി ജനങ്ങൾ സന്തോഷം ഇഷ്ടപ്പെടുന്നു

nature, പ്രകൃതി pRakRti *(nn),* പ്രകൃതിയോട് മനുഷ്യൻ നീതി പുലർ ത്തേണ്ടിയിരിക്കുന്നു

naughtiness, ദുഷ്പ്രഭാവം du$pRabhaavaM *(nn,comp),* അയാളുടെ ദുഷ്പ്രഭാവം കൊണ്ട് പലരും അയാളെ വെറുത്തു

nausea, തേക്കം teekaM *(nn),* കുട്ടിക്ക് തേക്കം വന്നു

naval, നാഭി naabhi *(nn),* നാഭിയിൽ ജലകണം പതിച്ചു

naval, നാവിക naavika *(adj,pfx),* നാവിക രംഗത്ത് ഇന്ത്യ വിജയിച്ചു

navel, പൊക്കിൾ pokkiL *(nn),* പൊക്കിളിനു ചുറ്റും സൂചിവച്ചു

navy, നാവികസൈന്യം naavikasainyaM *(nn,comp),* നാവിക സൈന്യം ശത്രുരാജ്യത്തെ ആക്രമിച്ചു

Nawab, നവാബ് navaabə *(nn),* നവാബ് നാടുവിട്ടു

near, അടുക്കൽ aTukkal *(adv),* എന്റെ അടുക്കൽ വരൂ

near, അടുത്ത് aTuttə *(adv),* അയാളുടെ വീട്ടിനടുത്ത് ഒരു ആൽമരമുണ്ട്

near, അരികെ arike *(adv),* അയാൾ അവന്റെ അരികെ ഇരുന്നു

nearness, അടുപ്പം aTuppaM *(nn),* അടുപ്പം കൊണ്ടാണ് അയാൾ ഇത്ര സ്വാതന്ത്ര്യം എടുക്കുന്നത്

nearness, സന്നിധാനം sannidhaanaM *(nn),* അയാൾ ഈശ്വരന്റെ സന്നിധാനത്തിൽ വന്നു

neck, കഴുത്ത് kaZuttə *(nn),* കഴുത്ത് നീട്ടി അയാൾ നോക്കി

neck, ഗളം gaLaM *(nn),* എന്റെ ഗളത്തിൽ ഒരു മുഴയുണ്ട്

necklace, അഡ്യൽ aDyal *(nn),* അവൾ വിലപിടിപ്പുള്ള ഒരു അഡ്യൽ അണിഞ്ഞിരുന്നു

nectar, അമൃത് amRətə *(nn),* അമൃത് കഴിച്ചാൽ അമരനാകാം

nectar, നിർഝരം niRj~raM *(nn),* അയാൾ ഒരു നിർഝരം കണ്ടു, കുറച്ചു കൂടി നോക്കി

need, ആവശ്യം aavaSyaM *(nn),* മനുഷ്യന് ലോകത്ത് ജീവിക്കുമ്പോൾ പല ആവശ്യങ്ങളുണ്ട്

needle, തൂശി tuuSi *(nn),* തൂശിയിൽ നൂലു കോർത്തു

neem tree, വേപ്പ് veeppə *(nn),* വേപ്പ് ഒരു ഔഷധസസ്യമാണ്

negro, കാപ്പിരി kaappiri *(nn),* ആഫ്രിക്കയാണ് കാപ്പിരിയുടെ നാട്

neighbour, അയൽക്കാരൻ ayalkkaaran *(nn),* എന്റെ അയൽക്കാരനാണ് അയാൾ

neighbour, അയൽവാസി ayalvaasi *(nn),* അയൽവാസികൾ നല്ലവരാണ്

neighbourhood, അയൽപക്കം ayalpakkaM *(nn),* അയൽപക്കത്ത് താമസിക്കുന്നത് ഒരു ഡോക്ടറാണ്

neighbouring, അടുത്ത aTutta *(adj),* അടുത്ത വീട്ടിലെ കുട്ടിയെ കണ്ടു

nenter noun, നപുംസകം napuMsakaM *(nn),* പുല്ലിംഗത്തിലും സ്ത്രീലിംഗത്തിലും ഉൾപ്പെടുത്താൻ പറ്റാത്തത് നപുംസകങ്ങളാണ്

nephew, അനന്തരവൻ anantaravan *(nn, ks),* ബാലരാമവർമ്മയുടെ അനന്തരവനാണ് മാർത്താണ്ഡവർമ്മ

nerve, ഞരമ്പ് ~rampə *(nn),* ഞരമ്പിലൂടെ രക്തം പ്രവഹിക്കുന്നു

nervous system, നാഡീവ്യൂഹം naaDivyuuhaM *(nn,comp),* നാഡീവ്യൂഹങ്ങൾ പൂർണ്ണമായി തളർന്നു

nest, കിളിക്കൂട് kiLikkuuTə *(nn,comp),* കിളി കിളിക്കൂടു കെട്ടി

nest, കൂട് kuuTə *(nn),* സന്ധ്യാസമയത്ത് പക്ഷി കൂട്ടിലേക്കു മടങ്ങി

nest, നീഡം niiDaM *(nn),* നീഡം കെട്ടുന്നതിനു വേണ്ടി പക്ഷികൾ ചപ്പുചവറുകൾ ശേഖരിക്കുന്നു

net, വല vala *(nn),* അയാൾ വല വീശുന്നു

neurosis, ഞരമ്പുരോഗം ~aramburoogaM *(nn,comp),* ഞരമ്പുരോഗമാണെന്നു ഡോക്ടർ പറഞ്ഞു

neutral, മധ്യമ madhyama *(adj),* മധ്യമമാർഗ്ഗത്തിൽ അയാൾ വിശ്വസിച്ചു

never, ഒരിക്കലും orikkaluM *(adv),* ഒരിക്കലും അവൻ തിരിച്ചു വരില്ല

new, നവ nava *(adj),* നവനവമായ വസ്ത്രങ്ങൾക്ക് സമീപിക്കുക

new, നവീന naviina *(adj),* നവീനമായ പാഠ്യപദ്ധതി അംഗീകരിച്ചു

new, പുതിയ putiya *(adj),* അത് പുതിയ ഒരുതരം വസ്ത്രമാണ്

new born baby, ചോരക്കുഞ്ഞ് coorakku~~ə *(nn,comp),* ചോരക്കുഞ്ഞിനെ കൊന്ന മേരിയെ പോലീസ് അറസ്റ്റ്ചെയ്തു

new butter, നവനീതം navaniitaM *(nn,comp),* കണ്ണൻ നവനീതത്തിനു വേണ്ടി കേഴുന്നു

new cloth, കോടി kooTi *(nn),* അവൻ ഒരു കോടി ഉടുപ്പിട്ടു

new cloth, കോടിമുണ്ട് kooTimuNTə *(nn,comp),* അമ്മ കോടിമുണ്ട് ഉടുത്തു

new dress presented during onam, ഓണക്കോടി ooNakkooTi *(comp n),* കുട്ടികൾക്ക് ഓണത്തിന് ഓണക്കോടി സമ്മാനിച്ചു

new dress presented during onam, ഓണപ്പുടവ ooNappuTava *(nn),* ഓണപ്പുടവയുടുത്ത് അവൾ ഊഞ്ഞാലാടി

New moon, അമാവാസി amaavaasi *(nn,comp),* കഴിഞ്ഞ അമാവാസിദിവസമാണ് ആആപകടം സംഭവിച്ചത്

new year, നവവത്സരം navavtsaraM *(nn,comp),* നവവത്സരത്തിന്റെ ആശംസകൾ നേരുന്നു

new year, പുതുവർഷം putuvaR$aM *(adj),* പുതുവർഷത്തിന്റെ പുലരിയിൽ അയാൾ വന്നു

newly married couple, നവദമ്പതികൾ navadambadikaL *(nn,comp),* നവദമ്പതികൾ വിരുന്നു വന്നു

newphew, മരുമകൻ marumakan *(nn, ks),* അവൻ എന്റെ മരുമകനാണ് ,

news, വാർത്ത vaaRtta *(nn),* ആ വാർത്ത കാട്ടുതീ പോലെ പടർന്നു

news paper, പത്രം patRaM *(nn),* പത്രത്തിൽ വന്ന വാർത്ത

news paper, പത്രിക patRika *(nn),* ഇന്നത്തെ പത്രിക വന്നില്ല

news paper, പേപ്പർ peeppaR *(nn),* അയാൾ ഒരു പേപ്പർ വാങ്ങി

news paper, വർത്തമാനപ്പത്രം vaRttamaanappatRaM *(nn),* കാലത്ത് വർത്തമാനപ്പത്രം വന്നില്ല

next, അടുത്ത aTutta *(adj),* അടുത്ത പ്രാവശ്യമെങ്കിലും അവിടെ വരെ പോകണം

next month, അടുത്തമാസം aTuttamaasaM *(adv),* അടുത്തമാസം ഒടുവിൽ ഇവിടെ എത്തും

next year, അടുത്തവർഷം aTuttavaR$am *(adv),* അടുത്തവർഷം ഇവിടെ ആരുമുണ്ടാവില്ല.

nib, മുന muna *(nn),* പേനയുടെ മുന ഒടിഞ്ഞു

nice, കേമം keemam *(nn),* ഇവിടെ എല്ലാം ബഹു കേമം തന്നെ

nice cloth decorated on borders with kasavu`, കസവുനേര്യത് kasavuneeryatə *(nn,comp),* വല്യമ്മ കസവുനേര്യത് ധരിച്ചു

nice cloth worn by young women, ദാവണി daavaNi *(nn),* പെൺകുട്ടി ദാവണി ധരിച്ചു

nice cup, കാസ kaasa *(nn),* കാസയിൽ വീഞ്ഞു നിറച്ചു

nickel, നിക്കൽ nikkal *(nn),* നിക്കൽ ഒരു ലോഹമാണ്

niece, അനന്തരവൾ anantaravaL *(nn, ks),* അയാളുടെ അനന്തരവളുടെ കുട്ടിയാണത്

night, ഇരവ് iravə *(nn),* ഇരവും പകലും അയാൾ അദ്ധ്വാനിച്ചു

night, നിശ niSa *(vb),* നിശയുടെ സംഗീതം കവി കേട്ടു

night, രാത്രി taatRi *(nn),* രാത്രി വളരെ ചെന്നിട്ടും അവർ ഉറങ്ങാതെയിരുന്നു

night, രാവ് raavə *(nn),* രാവിന്റെ സൌന്ദര്യം ആസ്വദിച്ചു ഞങ്ങൾ കണ്ടു

night blindness, മാലക്കണ്ണ് maalakkaNNə *(nn,comp),* അയാൾക്ക് മാലക്കണ്ണുണ്ടായിരുന്നു

night fever, രാപ്പനി raappani *(nn),* അയാൾക്ക് രാപ്പനിയുണ്ട്

night queen, രജനീഗന്ധി rajaniigandhi *(nn),* രജനീഗന്ധി പൂത്തു മണം പരന്നു

nightmare, ദുഃസ്വപ്നം duswapnaM *(nn),* രവി ഒരു ദു:സ്വപ്നം കണ്ടു

Nine, ഒമ്പത് onpatə *(nn),* ഒന്ന് തെറ്റിയാൽ ഒമ്പത്

nine kind of grains, നവധാന്യം navadhaanyaM *(nn,comp),* നവധാന്യങ്ങൾ അവർ കൊണ്ടുവന്നു

nine planets, നവഗ്രഹങ്ങൾ navagRahaṇṇaL *(nn,comp),* നവഗ്രഹങ്ങൾ അയാൾ ദൂരദർശനിയിലൂടെ വീക്ഷിച്ചു

nine sentiments according to Indian drama, നവരസം navarasaM *(nn,comp),* നവരസങ്ങളും അയാൾ മുഖത്തു കാട്ടി

nineteen, പത്തൊമ്പത് pattombatə *(nn,num),* പത്തൊമ്പത് അംഗങ്ങളുള്ള ഒരു കമ്മിറ്റിയാണ് തീരുമാനങ്ങൾ എടുക്കുന്നത്

nineth sign zodiac saggitarius, ധനുസ്സ് dhanussə *(nn),* രാമന് ധനുസ്സ് രാശിയായിരുന്നു

ninety, തൊണ്ണൂറ് toNNooRə *(nn),* പരീക്ഷയിൽ തൊണ്ണൂറ് ശതമാനം വിദ്യാർഥികളും വിജയിച്ചു

ninth day, നവമി navaMi *(nn),* നവമിക്ക് അയാൾ വന്നു

nipple, മുലക്കണ്ണ് mulakkaNNə *(nn,comp),* കുട്ടി മുലക്കണ്ണ് കടിച്ചു

nobility, ആഭിജാത്യം aabhijaatyaM *(nn),* നല്ല ആഭിജാത്യമുള്ള കുടുംബത്തിൽ പിറന്നവൻ ആണ് അവൻ

noble, ആര്യമായ aaryamaaya *(adj),* ആര്യമായ പെരുമാറ്റമായിരുന്നു ദിവാകരന്റേത്

noble, ഉദാത്ത udaatta *(adj),* ഉദാത്തമായ ഒരു കൃതിയാണിത്

noble, പ്രൌഢം pRauDhaM *(adj),* പ്രൌഢമായ ചില തീരുമാനങ്ങൾ അവർ എടുത്തു

noble, മഹത്തര mahattara *(adj),* മഹത്തരമായ ഒരു കാര്യം അയാൾ ചെയ്തു

noble man, തറവാടി taRavaaTi *(nn),* അയാൾ ഒരു തറവാടിയാണത്രേ

noble man, മഹാൻ mahaan *(nn),* അദ്ദേഹം ഒരു മഹാനാണ്

noise, ഒച്ച occa *(nn),* ഒച്ച കേട്ട് ഞാൻ തിരിഞ്ഞുനോക്കി

noise, ചെത്തം cettaM *(nn),* ഇവിടെ യാതൊരു ചെത്തവുമില്ല

noise, ശബ്ദം SabdaM *(nn),* വാഹനങ്ങളുടെ ശബ്ദംകൊണ്ട് മറ്റൊന്നും കേൾക്കാൻ പറ്റിയില്ല

noise due to hawling and hooting, ആരവം aaravaM *(nn),* വളരെ ഭയങ്കരമായ ഒരു ആരവം കേട്ടു

noisy, ഒച്ചയുണ്ടാക്കുന്ന occayuNTaaKKunna *(adj),* വല്ലാതെ ഒച്ചയുണ്ടാക്കുന്ന ഈ കാട് എന്നെ ഭയപ്പെടുത്തുന്നു

noisy, ശബ്ദായമായ Sabdaayamaaya *(adj),* ശബ്ദായമായ അന്തരീക്ഷത്തെ നിശബ്ദമാക്കാൻ അയാൾക്കു കഴിഞ്ഞു

nomination, നാമനിർദ്ദേശം naamaniRddeeSaM *(nn,comp),* പ്രസിഡണ്ട് സ്ഥാനത്തേക്ക് അയാളെ നാമനിർദ്ദേശം ചെയ്തു

nomination paper, നാമനിർദ്ദേശപത്രിക naamaniRddeeSapatRika *(nn,comp),* അയാൾ നാമനിർദ്ദേശപത്രിക സമർപ്പിച്ചു

Non believer of Mohammedanism, കാഫിർ kaaphiR *(nn),* അയാൾ ഒരു കാഫിറാണത്രേ

non co-operation, നിസ്സഹകരണം niSahakaraNaM *(nn),* ഗാന്ധിജി നിസ്സഹകരണം സമരമുറയാക്കി

non existent, ഇല്ലാത്ത illaatta *(neg.R.P),* മരങ്ങൾ ഇല്ലാത്ത കുന്നുകൾ കാണാം.

non poisonus water snake, നീർക്കോലി niiRkkooli *(nn,comp),* നീർക്കോലി കടിച്ചാൽ അത്താഴം മുടങ്ങും

non talker, മിണ്ടാപ്പൂച്ച miNTaapuucca *(nn,comp),* മിണ്ടാപ്പൂച്ച കലമുടയ്ക്കും

nonsensical talk, ഞഞ്ഞാപിഞ്ഞാ ~a~~aapi~~aa *(nn),* മധു ഞഞ്ഞാപിഞ്ഞാ എന്തൊക്കെയോ സംസാരിച്ചുകൊണ്ടിരിക്കുന്നു

noon, ഉച്ച ucca *(adv),* ഉച്ചയ്ക്ക് ഒരു മണിക്ക് അയാൾ വരും

noon, മധ്യാഹ്നം madhyaahnaM *(nn),* അപ്പോൾ സമയം മധ്യാഹ്നം ആയി

normal, സാധാരണമായ saadhaaraNamaaya *(adj),* വളരെ സാധാരണമായ കാര്യങ്ങളാണ് ഞാൻ പറയാറുള്ളത്

north, വടക്ക് vaTakkə *(nn),* വീടിന്റെ വടക്കു വശത്ത് ഒരു മാവു നിൽക്കുന്നുണ്ട്

north east monsoon, തുലാവർഷം tuTaavaR$aM *(nn,comp),* ഇക്കൊല്ലം തുലാവർഷം ശക്തമായിരുന്നു

northern, ഉത്തര uttara *(adj),* ഉത്തരദിക്കിൽ നിന്നു വന്ന പണ്ഡിതൻ ആണ് അദ്ദേഹം

northern room of a traditional house especially for ladies, വടക്കിനി vaTakkini *(nn),* അമ്മ വടക്കിനിയിൽ ഇരിക്കുന്നു

nose, നാസ naasa *(nn,pfx),* നാസാരന്ധ്രങ്ങളിലൂടെ വായു പുറത്തേക്കു വിടുന്നു

nose, നാസിക naasika *(nn),* അവളുടെ നാസിക മനോഹരമായിരുന്നു

nose, മൂക്ക് muukkə *(nn),* അവളുടെ മൂക്ക് മനോഹരമാണ്

nose ring, മൂക്കുത്തി muukkuutti *(nn),* അവൾ മൂക്കുത്തി അണിഞ്ഞു

nostril, നാസാരന്ധ്രം nasaarandhRaM *(nn),* നാസാരന്ധ്രത്തിലൂടെ ശ്വാസം അകത്തേക്കു വലിച്ചു

not, ഇല്ല illa *(neg),* എനിക്ക് പ്രതീക്ഷ ഇല്ല

not arriving, വരാത്ത varaatta *(adj),* ഇന്നലെ വരാത്ത പേപ്പർ ഇന്ന് വന്നിരിക്കുന്നു

not enough, പോരാ poora *(neg),* എനിക്ക് രാവിലെ രണ്ട് ഇഡ്ഡലി പോരാ മൂന്നെങ്കിലും വേണം

not in order, ഏങ്കോണായി eeŋkooNaayi *(adv),* ആ കസേര ഏങ്കോണായി കിടക്കുന്നു

not very distant, നാതിദൂര naatiduura *(adj),* നാതിദൂരമായ ഭാവിയിൽ അങ്ങിനെയൊരു മാറ്റം സംഭവിക്കാം

not very hot, മന്ദോഷ്ണ mandoo$Na *(adj),* ഇപ്പോഴത്തെ കാലാവസ്ഥ മന്ദോഷ്ണമായതാണ്

notch cut in trees, കുത kuta *(nn),* അയാൾ മരത്തിൽ കുത വെട്ടിയുണ്ടാക്കി

note, കുറിക്ക് kuRikkə *(vi),* അയാൾ അത് കുറിച്ചുവച്ചു

note book, നോട്ടുബുക്ക് nooTTubukkə *(nn),* കുട്ടി ഒരു നോട്ടുബുക്കു വാങ്ങി

note relating to jatakam, കുറിമാനം kuRimaanaM *(nn),* ജോത്സ്യൻ ഒരു കുറിമാനം എഴുതി

notice, അറിയിപ്പ് aRiyippə *(nn),* അറിയിപ്പ് കേട്ട് വന്നതാണ് അയാൾ

notice, നോട്ടീസ്സ് nooTTiissə *(nn),* അയാൾ നോട്ടീസ് എല്ലാവർക്കും വിതരണം ചെയ്തു

nourish, പോഷിപ്പിക്ക് poo$ippikkə *(vt),* പുതിയ സ്ഥാപനത്തെ പോഷിപ്പിക്കാൻ ആരും തയ്യാറായില്ല

novel, അഭിനവ abhinava *(adj),* ഇത് അഭിനവ കുരുക്ഷേത്രമാണ്

novel, നോവൽ nooval *(nn),* അവൾ ഒരു നോവൽ വായിക്കുന്നു

novelty, നവീനത naviinata *(nn),* സംസ്ക്കാരത്തിൽ പല നവീനതകളും വന്നുചേർന്നു

november, നവംബർ navaMbaR *(nn),* നവംബർ മാസത്തിൽ ഇവിടെ മഞ്ഞു തുടങ്ങും

novice, പുത്തനായ puttanaaya *(adj),* പുത്തനായ അനുഭവങ്ങൾക്ക് വേണ്ടിയാണ് അയാൾ യാത്ര ചെയ്യുന്നത്

now, ഇപ്പോൾ ippooL *(adv),* ഇപ്പോൾ തന്നെ പോയിക്കളയാം

now a days, അടുത്തകാലത്ത് aTuttakaalattə *(adv),* അടുത്തകാലത്ത് ഇന്ത്യയിൽ ജനങ്ങൾക്ക് കംപ്യൂട്ടർ പഠനത്തോട് താൽപര്യം കൂടുന്നു

nude, നഗ്ന nagna *(nn),* നഗ്നമായ കണ്ണുകൾ കൊണ്ട് കാണാത്ത വസ്തുക്കൾ

nudity, നഗ്നത nagnata *(nn),* നഗ്നത മറയ്ക്കാൻ വസ്ത്രങ്ങൾ വേണം

number, എണ്ണം eNNaM *(nn),* ഈ കുട്ടയിൽ ഓറഞ്ച് എത്ര എണ്ണമുണ്ട്?

number, നമ്പർ nambaR *(nn),* കാർഡുകൾക്ക് നമ്പർ ഇട്ടു

number, ലക്കം lakkaM *(nn),* കഴിഞ്ഞ ലക്കത്തിലേതിന്റെ തുടർച്ചയാണ് ഈ കഥ

number, വചനം vacanaM *(nn),* നാമങ്ങളെ ഏകവചനം, ബഹുവചനം എന്നിങ്ങനെ തരം തിരിക്കുന്നു

number, സംഖ്യ SaMkhya *(nn),* പത്തിൽ താഴെയുള്ള ഒരു സംഖ്യ പറയൂ

number three, മൂന്ന് muunnə *(nn,num),* ഒന്നു പിഴച്ചാൽ മൂന്ന്

number two, രണ്ട് raNTə *(nn,num),* ഒന്നും ഒന്നും രണ്ട്

numbers, അക്കം akkaM *(nn),* മലയാളത്തിലെ അക്കങ്ങൾ പറയൂ

numerable deserving of regard, ഗണ്യ gaNya *(adj),* ഗണ്യമായ അളവിൽ മഴ പെയ്യുമെന്ന് കാലാവസ്ഥാനിഗമനം പറയുന്നു

numeral figure, അക്കം akkaM *(nn),* നാല് അക്കമുള്ള ഏറ്റവും ചെറിയ സംഖ്യ എഴുതൂ

numerous, പെരുപ്പം peruppaM *(adj),* ജീവികളുടെ പെരുപ്പം കുറഞ്ഞു വരുന്നു

nursery of paddy, ഞാറ്റടി ~aaRRTi *(nn,comp),* ഞാറ്റടിയിൽ ഞാറ് വളർന്നു നിൽക്കുന്നു

nut (kernel), അണ്ടി aNTi *(nn),* അണ്ടിയാണോ മൂത്തത് മാങ്ങയാണോ

nut meg fruit, ജാതിക്കായ് jaatikkaayə *(nn),* അമ്മ ജാതിക്കായ് പറിച്ചു

nutmeg tree, ജാതിമരം jaatimaraM *(nn,comp),* ജാതിമരം മുറിക്കാൻ സർക്കാറിന്റെ അനുവാദം വേണ്ട

nutritious, പോഷക poo$aka *(adj),* പോഷകാഹാരത്തിന്റെ കുറവുകൊണ്ട് കുട്ടി മരിച്ചു

nymph of the muhammedan paradise, ഹൂറി huRi *(nn),* അവൾ ഒരു ഹൂറിയാണ്

oar, തുഴ tuZa *(nn),* തുഴകൊണ്ട് തുഴഞ്ഞ് അയാൾ അക്കരെ കടന്നു

oar, പങ്കായം paŋkaayaM *(nn),* പങ്കായം നഷ്ടപ്പെട്ട തോണിക്കാരൻ എങ്ങനെയോ തീരത്ത് എത്തി

oasis, മരുപ്പച്ച maruppacca *(nn),* മരുഭൂമിയിലെ മരുപ്പച്ചപോലെ അവൾ നടന്നു

oath, ആണ aaNa *(nn),* അയാൾ ദൈവത്തിന്റെ നാമത്തിൽ ആണയിട്ടു

obedience, അനുസരണം anusaraNaM *(nn),* അനുസരണം നല്ല ഗുണമാണ്

obedient, വിധേയ videeya *(adj),* വിധേയമായ ഒരു മനസ്സാണവന്റേത്

obedient, വിധേയൻ vidheeyan *(nn),* അയാൾ എന്നും വിധേയനാണ്

obey, അനുസരിക്ക് anusarikkə *(vt),* കുട്ടികൾ മാതാപിതാക്കളെ അനുസരിക്കണം

object, വസ്തു vastu *(nn),* ആ വസ്തുവിന്റെ വിലയെത്രയാണ്

object desired, അഭിലാഷം abhilaa$aM *(nn),* എന്റെ അഭിലാഷം അതല്ല

obligation, കടപ്പാട് kaTappaaTə *(nn),* എനിക്ക് ആരോടും കടപ്പാടില്ല

obligation, ബാധ്യത baadhyata *(nn),* അയാൾക്ക് ഇതിൽ യാതൊരു ബാധ്യതയും ഇല്ലത്രേ

obscene language, തെറി teRi *(nn),* മധു തെറി പറഞ്ഞു.

obscene word, തെറിവാക്ക് teRivaakkə *(comp vb),* രവി തെറിവാക്ക് പറയാറില്ല

observance of rites, ധർമ്മാനുഷ്ഠാനം dhaRmmanu$taanaM *(nn,comp),* അദ്ദേഹം ധർമ്മാനുഷ്ഠാനങ്ങൾ ചെയ്തു

observation, നിരീക്ഷണം niriik$aNaM *(nn),* അവൾ എല്ലാം നിരീക്ഷണം നടത്തി

observatory, നക്ഷത്രബംഗ്ലാവ് nak$atRabaMgLaavə *(nn,comp),* ഞങ്ങൾ നക്ഷത്രബംഗ്ലാവ് കണ്ടു

observe vow or fast, നോമ്പ്നോൽക്ക് noombənoolkkə *(comp vb),* അവൾ നോമ്പുനോറ്റു

obstacle, ഉടക്ക് uTakkə *(vt),* അയാൾ അതിന് ഒരു ഉടക്കുണ്ടാക്കി

obstacle, വിഘാതം vighaataM *(nn),* അയാൾ പല വിഘാതങ്ങളും സൃഷ്ടിച്ചു

obstinacy, വാശി vaaSi *(nn),* അയാൾക്ക് എപ്പോഴും വാശിയാണ്

obstinancy, മുട്ടാപ്പോക്ക് muTTaappookkə *(comp nn),* അയാൾ ഓരോ മുട്ടാപ്പോക്ക് ന്യായങ്ങൾ പറഞ്ഞുകൊണ്ടിരുന്നു

obstinate, ദുർവ്വാശി duRvvaaSi *(nn,comp),* അയാൾക്ക് എപ്പോഴും ദുർവ്വാശി തന്നെ

obstinate person, മുട്ടാളൻ muTTaaLan *(nn),* അയാൾ ഒരു മുട്ടാളനായിരുന്നു

obstruct passage, അടയ് aTayə *(vi),* വാതിൽ താനെ അടയുന്നു

obstruction, തട taTa *(nn),* ഓവിൽ ഒരു തട വെച്ചു

obstruction, നിരോധം niroodhaM *(nn),* അവിടെ നിരോധം ഏർപ്പെടുത്തി

obstruction, മുടക്കം muTakkaM *(nn),* ആ ജോലിയുടെ തുടക്കം മുതലേ മുടക്കമായിരുന്നു

obstruction in his growth, വഴിമുട്ടിക്ക് vaZimuTTikkə *(comp vb),* എല്ലാവരും കൂടി അയാളെ വഴിമുട്ടിക്കാൻ ശ്രമിച്ചു

obtain, കിട്ട് kiTTə *(vt),* എനിക്ക് ഒരു പുസ്തകം കിട്ടി

obtain, കൈവരുത്ത് kaivaruttə *(vb, comp),* എല്ലാ ക്ഷേമങ്ങളും കൈവരുത്തുമാറാകട്ടെ

obtain fame, പേരെടുക്ക് peereTukkə *(comp vb),* അയാൾ പെട്ടെന്ന് പേരെടുത്തു

occasion, സന്ദർഭം sandaRbhaM *(nn),* സന്ദർഭങ്ങൾ ശരിക്കും വിനിയോഗിക്കണം

occasionaly, വല്ലപ്പോഴും vallappooZuM *(adv),* വല്ലപ്പോഴും അയാൾ ഇവിടെ വരുന്നു

ocean, ആഴി aaZi *(nn),* ആഴിയിൽ നിന്നു മുത്തുകൾ ലഭിക്കുന്നു

ocean, ജലധി jaladhi *(nn),* ജലധിയിൽ മുത്തുണ്ട്

ocean, സമുദ്രം samudRa *(nn),* ആ സമുദ്രം നിറയെ മുത്തുകളായിരുന്നു

ocean, സാഗരം saagaraM *(nn),* ഇൻഡ്യയുടെ തെക്കേ അറ്റത്താണ് ഹിന്ദുമഹാസാഗരം

ochre coloured clothes worn by sanyasins, കാഷായം kaa$aayaM *(nn),* അയാൾ കാഷായം ധരിച്ചു

october, ഒക്ടോബർ okToobaR *(nn),* ഒക്ടോബർ മാസം അയാൾക്കു വലിയ തിരക്കാണ്

octopus, കിനാവള്ളി kinaavaLLi *(nn),* ഒരു കിനാവള്ളി പിടിച്ചതു പോലെയായി ഇത്

octopus, നീരാളി niiraaLi *(nn),* നീരാളിയുടെ കൈകളിലാണ് അയാൾ അകപ്പെട്ടത്

oesophagus, അന്നനാളം annanaaLaM *(nn),* വായിൽ നിന്നു അന്നനാളത്തിലേക്ക് ഭക്ഷണം കടക്കുന്നു

of, -ഉടെ -uTe *(in),* അത് മന്ത്രിയുടെ വീടാണ്

of noble descent, കുലീന kuliina *(adj),* അവൾ കുലീനയായ സ്ത്രീയായിരുന്നു

of that kind, അത്തരം attaraM *(adj),* അത്തരം ചില കവിതകൾ ഞാനും കണ്ടിട്ടുണ്ട്

of that place, തദ്ദേശീയ taddeeSiiya *(adj),* തദ്ദേശീയരായ ജനങ്ങൾ ആ സ്ഥലം വിട്ടുപോയി

of that sort, അങ്ങനത്തെ aNNanatte *(adj),* അയാൾ അങ്ങനത്തെ മനുഷ്യനാണെന്ന് ഞാൻ വിചാരിച്ചില്ല

of the same parentage, ഉടപ്പിറപ്പ് uTappiRappə *(nn),* അവൻ എന്റെ ഉടപ്പിറപ്പാണ്

of this sort, ഇത്തരം ittaraM *(adj),* ഇത്തരം കാര്യങ്ങൾ ഞങ്ങൾ സംസാരിക്കാറില്ല

off spring, സന്തതി santati *(nn),* അയാളുടെ ഗുണം സന്തതിയിലും കാണുമായിരിക്കും

offence, അപരാധം aparaadhaM *(nn),* ക്ഷമിക്കാൻ വയ്യാത്ത അപരാധങ്ങളൊന്നും അവൻ ചെയ്തിട്ടില്ല

offensive, അപ്രിയം apRiyaM *(nn),* അപ്രിയമായത് ഒന്നും പറയരുത്

offer, അർപ്പിക്ക് aRppikkə *(vt),* അവൾ അവനിൽ വിശ്വാസം അർപ്പിച്ചു

offer something to deity, നിവേദിക്ക് niveedikkə *(comp vb),* ഈശ്വരനുമുമ്പിൽ അവൾ പൂക്കൾ നിവേദിച്ചു

offer something to deity, നേര് neerə *(vi),* അമ്മ ഭഗവതിക്ക് നേർന്നു

offering, അർപ്പണം arppaNaM *(nn),* അവൾ എല്ലാം അവന് അർപ്പണം നല്കി

offering gold silver etc an equal weight of a person to a deity, തുലാഭാരം tulaabhaaraM *(nn,comp),* കരുണാകരൻ തുലാഭാരം നടത്തി

offering made by pupil to the Guru, ഗുരുദക്ഷിണ gurudak$iNa *(nn,comp),* ദ്രോണർ ഏകലവ്യനോട് ഗുരുദക്ഷിണ ചോദിച്ചു

offering made with fire, ഹോമം hoomaM *(nn),* അയാൾ ഹോമം നടത്തി

offering of food to god, നിവേദ്യം niveedyaM *(nn),* നിവേദ്യം ദൈവത്തിനർപ്പിച്ചു

offering to a deity, തേവാരം teevaaraMI *(nn),* തേവാരം കഴിഞ്ഞ് അവർ മടങ്ങി

offering to a king or a noble man, തിരുമുൽക്കാഴ്ച tirumulkkaaZca *(nn,comp),* രാജാവിന് ജനങ്ങൾ തിരുമുൽക്കാഴ്ചകൾ നൽകി

offering to a temple as prayed before, വഴിപാട് vaZipaaTə *(nn),* ക്ഷേത്രത്തിൽ വഴിപാട് നടത്തി

offering to godess bhagavathi, തെയ്യാട്ടം teyyaaTTaM *(nn,comp),* രവി തെയ്യാട്ടം കണ്ടു

office, ആഫീസ് aaphiisə *(nn),* ഇന്ന് ആഫീസിന് അവധിയാണ്

office, കാര്യാലയം kaaryaalayaM *(nn,comp),* അയാൾ കാര്യാലയത്തിലേക്ക് പുറപ്പെട്ടു

officer, ആഫീസർ aaphiisaR *(nn),* ആഫീസർ അയാളോട് കയർത്തു സംസാരിച്ചു.

officer, ഉദ്യോഗസ്ഥൻ udyoogasthan *(nn),* ആ ഉദ്യോഗസ്ഥൻ അപമര്യാദയായി പെരുമാറി

officer, ഓഫീസർ oofiisaR *(nn),* ഓഫീസർ ഓഫീസിലേക്കു പോകുന്നു

officiate as a proxy for priest, മുട്ടുശാന്തി muTTuSaanti *(comp nn),* അയാൾ ഒരു മുട്ടുശാന്തിയാണ്

off-season of coconut, ചില്ലീട് cilliiTə *(nn),* ചില്ലീടു കാരണം ഇപ്രാവശ്യം തേങ്ങ കുറവാണ്

offspring, സന്താനം santaanaM *(nn),* അവർക്ക് സന്താനങ്ങൾ ഉണ്ടായിരുന്നില്ല

oil, എണ്ണ eNNa *(nn),* എണ്ണ തേച്ച് കുളിച്ചു

oil bath, തേച്ചുകുളി teecukuLi *(nn,comp),* അമ്മാവൻ തേച്ചുകുളി നടത്തി

oil colour, എണ്ണച്ചായം eNNaccaayaM *(nn,comp),* അയാൾ എണ്ണച്ചായത്തിൽ ചിത്രം വരച്ചു

oil monger, എണ്ണക്കാരൻ eNNakkaaran *(nn,comp),* എണ്ണക്കാരൻ ഇന്നലെ വന്നില്ല

oil monger, ചക്കാലൻ caakkalan *(nn),* ചക്കാലന്റെ ജോലി എണ്ണയാട്ടുകയാണ്

oil seeds, എണ്ണക്കുരുക്കൾ eNNakkurukkaL *(nn),* എണ്ണക്കുരുക്കൾക്ക് തറവില പ്രഖ്യാപിച്ചു

oil well, എണ്ണക്കിണർ eNNakkiNaR *(nn,comp),* എണ്ണക്കിണറിനു തീപിടിച്ചു

oilness, മെഴുക്ക് meZukkə *(nn),* ആ വസ്ത്രത്തിൽ മെഴുക്ക് പിടിച്ചിരുന്നു

oilyness, മിഴുക്ക് miZukkə *(nn),* അയാളുടെ മുഖത്ത് ഒരുതരം മിഴുക്കായിരുന്നു

ointment, ലേപനം leepanaM *(nn),* ശരീരത്തിൽ എന്തോ ലേപനം പുരട്ടി

ok, ആട്ടെ aaTTe *(in),* ആട്ടെ, അകത്തേക്കു വരൂ

ok, ശരി Sari *(in),* അതെ, അത് ശരി ആണ്

old, പഴയ paZaya *(adj),* അവിടെ പഴയ ഒരു ക്ഷേത്രമുണ്ട്

old, മൂത്ത muutta *(adj),* മൂത്ത കുട്ടിയുടെ കല്യാണം കഴിഞ്ഞു

old age, വയസ്സുകാലം vayassukaalaM *(nn),*

വയസ്സുകാലത്ത് ഇനി എന്തു ചെയ്യാനാണ്

old age, വാർദ്ധക്യം vaaRdhakyaM *(nn),* അയാൾക്ക് വാർദ്ധക്യമാണ്

old and ripe, മുതു mutu *(adj),* മുതുപ്രായത്തിലാണെങ്കിലും അയാൾ ഇവിടെ വരുന്നു

old fashioned bullock cart, ചകടാവണ്ടി cakTaavaNTi *(nn,comp),* രാമന്റെ വണ്ടി ഒരു ചക്കടാവണ്ടിയാണ്

old man, കിഴവൻ kiZavan *(nn),* ആ കിഴവൻ അതു വഴി പോയി

old man, വയസ്സൻ vayassan *(nn),* അയാൾ ഒരു വയസ്സനാണ്

old type of the clock, നാഴികവട്ടം naaZikaveeTTaM *(nn,comp),* നാഴിക വട്ടത്തിൽ സമയം കണ്ടു

olden days, കഴിഞ്ഞകാലം kaZi~~akaalaM *(nn),* കഴിഞ്ഞ കാലങ്ങളെപറ്റിയോർക്കുമ്പോൾ മനസ്സിൽ വിഷമം തോന്നുന്നുണ്ടോ

olden days, പണ്ട് paNTə *(adv),* പണ്ട് ഒരു രാജാവുണ്ടായിരുന്നു

oleander, അരളി araLi *(nn),* അരളിയിൽ പൂക്കൾ വിരിഞ്ഞു

omniscient, സർവ്വജ്ഞൻ saRvvaj~an *(nn),* ഡോ.എസ്.രാധാകൃഷ്ണൻ തത്ത്വശാസ്ത്രത്തിൽ സർവ്വജ്ഞൻ ആയിരുന്നു

on, മേൽ meel *(in),* അയാളുടെ മേൽ എല്ലാവരും കുറ്റംചാർത്തി

on the contrary, നേരെമറിച്ച് neeremaRiccə *(adv),* നേരെ മറിച്ച് അയാൾ വന്നില്ലെങ്കിൽ സംഭവം നടക്കില്ലായിരുന്നു

on the mid way, വഴിയിൽ vaZiyil *(nn),* വഴിയിൽ അദ്ദേഹത്തെ കണ്ടു

on the spot, കൈയോടെ kaiyooTe *(adv),* കള്ളനെ കൈയോടെ പിടികൂടി

on the spot, ചൂടോടെ cuuTooTe *(adv),* അവൻ ചൂടോടെ മറുപടി എഴുതി

once upon a time, ഒരിക്കൽ orikkal *(adv),* ഒരിക്കൽ ഞാൻ അവനോട് പറഞ്ഞു

one, ഏകം eekaM *(nn),* അവൻ ഏകനായി എപ്പോഴും അലഞ്ഞുതിരിഞ്ഞു നടക്കുന്നു.

one, ഒന്ന് onnə *(nn,num),* പുസ്തകം ഒന്ന് മതി

one above the other, മേൽക്കുമേൽ meelkkumeel *(adv),* മേൽക്കുമേൽ പൂമ്പാറ്റകൾ പറന്നുപൊങ്ങി

one after another, മേൽക്കുമേൽ meelkkumeel *(adv),* മേൽക്കുമേൽ തറവാട് ക്ഷയിച്ചുവന്നു

one after another continuously, തുടരെ tuTare *(an),* മഴ തുടരെ പെയ്തു

one among the three qualities of humanity, തമോഗുണം tamooguNaM *(nn,comp),* മനുഷ്യന്റെ ഒരു ഗുണമാണ് തമോഗുണം

one belonging to anyone of the highest of the castes, ത്രൈവർണ്ണികൻ tRaivaRNNikan *(nn,comp),* ത്രൈവർണ്ണികന്മാരുടെ ഭാഷ

one hundred million, പത്തുകോടി pattukooTi *(nn),* പത്തുകോടി ജനങ്ങൾ ഈ സംസ്ഥാനത്തുണ്ട്

one kind of fish, കാര kaara *(nn),* കാരമീൻ കൊണ്ടു കറി വച്ചു

one kind of goat, കോലാട് koolaaTə *(nn),* അവർ കോലാടിന്റെ ഇറച്ചി ഭക്ഷിച്ചു

one kind of jasmine flower, ചെണ്ടുമല്ലിക ceNTumallika *(nn,comp),* രാധ ചെണ്ടു മല്ലിക പറിച്ചു

one kind of musical instrument, ജലതരംഗം jalataRaMgaM *(nn,comp),* സംഗീതവിദ്വാൻ ജലതരംഗത്തിൽ സംഗീതം സൃഷ്ടിച്ചു

one kind of writing system which prevailed in Malayalam, കോലെഴുത്ത് kooleZuttə *(nn,comp),* മലയാളത്തിൽ മുമ്പ് കോലെഴുത്ത് എന്നൊരു ലിപിയുണ്ടായിരുന്നു

one of the ballads of north Malabar in which heroic stories of Taccholi family is described, തച്ചോളിപ്പാട്ട് taccooLippaaTTə *(nn,comp),* സ്ത്രീകൾ തച്ചോളിപ്പാട്ട് പാടുന്നു

one of the corners of cloth, കോന്തല koontala *(nn),* അമ്മയുടെ സാരിയുടെ കോന്തല കുട്ടി പിടിച്ചുകൊണ്ടിരുന്നു.

one of the four divisions of ancient Kerala, തളി taLi *(nn),* തളിയുടെ ഭരണം അവർ ഏറ്റെടുത്തു

one of the nine planets, രാഹു raahu *(nn),* രാഹുവും കേതുവും ഒന്നു കൂടുമ്പോൾ നാശം ഉണ്ടാകുന്നു

one of the six systems of Hindu philosophy, മീമാംസ miimaaMsa *(nn),* അയാൾ മീമാംസ പഠിച്ചു

one of the two side's of a group, ചേരി ceeri *(nn),* രവി ഇരു ചേരിയിലും ചേർന്നില്ല

one of the various forms of wielding weapons, ഓതിരം ootiraM *(nn),* ഒതേനൻ ഓതിരം മറിഞ്ഞു

one ready to sacrifice, ത്യാഗി tyaagi *(nn),* രവി ഒരു ത്യാഗിയാണ്

one s own, സ്വന്തം svantaM *(nn),* ഈ വീട് എന്റെ സ്വന്തം ആണ്

one side, ഒരുഭാഗം orubhaagaM *(NP),* സ്ഥലത്തിന്റെ ഒരു ഭാഗം ആർക്കു കൊടുക്കണമെന്ന് തർക്കമായി

one who borrows money on mortgage, പണയക്കാരൻ paNayakkaaran *(nn,comp),* അയാൾ പണയക്കാരനാണ്

one who can use two languages with equal case the interpreter, ദ്വിഭാഷി dvibaa$i *(nn),* അവൻ ഒരു ദ്വിഭാഷിയാണ്

one who cleans, ക്ലീനർ kLiinaR *(nn),* മാധവൻ ഒരു ക്ലീനറായിരുന്നു

one who depends on another, ആശ്രിതൻ aaSRitan *(nn),* അദ്ദേഹത്തിന്റെ ആശ്രിതനായിരുന്നു അവൻ

one who deserves punishment always, തല്ലുകൊള്ളി tallukoLLi *(nn,comp),* മധു ഒരു തല്ലുകൊള്ളിയായിരുന്നു

one who gives the cow, ഗോദ gooda *(nn),* ഗോവർദ്ധനപൂജയ്ക്കു ഗോദ നടത്തുന്നു

one who guards (one among the eight directions of the world), ദിക്പാലകൻ dikpaalakan *(nn,comp),* അയാൾ ഒരു ദിക് പാലകനാണ്

one who has accomplished what he undertook, കൃതകൃത്യൻ kRtakRtyan *(nn),* അയാൾ കൃതകൃത്യനായിരുന്നു

one who has conquered, ജിതൻ jithan *(nn),* ഇന്ദ്രിയങ്ങളുടെ ജിതനാണ് ജിതേന്ദ്രിയൻ

one who has overcome all worldly pleasures, ജിതേന്ദ്രിയൻ jiteendRiyan *(nn),* മഹർഷി ജിതേന്ദ്രിയനായിരുന്നു

one who has performed Haj, ഹാജി haaji *(nn),* അയാൾ ഹാജിയായി തീർന്നു

one who holds responsibility, ഭാരവാഹി bhaaravaahi *(nn),* അയാൾ ആ കമ്മിറ്റിയുടെ ഭാരവാഹിയാണ്

one who indulges in abuse, ദുർഭാഷി duRbhaa$i *(nn,comp),* അവൻ ഒരു ദുർഭാഷിയായിരുന്നു

one who is curious to acquire knowledge, ജിജ്ഞാസു jij~aasu *(nn),* മുരളി ഒരു ജിജ്ഞാസുവാണ്.

one who is liable to, ബാധ്യസ്ഥൻ baadhyasthan *(nn),* ഇക്കാര്യത്തിൽ താൻ ബാധ്യസ്ഥനല്ലെന്ന് അയാൾ പറഞ്ഞു

one who leads wicked life, ദുർവൃത്തൻ duRvRttan

(nn,comp), അയാൾ ഒരു ദുർവ്യത്തനാണ്

one who licks, നക്കി nakki *(nn),* അയാൾ ഒരു നക്കിയാണത്രേ

one who lives by begging, തെണ്ടിത്തീനി teNTittiini *(nn,comp),* അയാൾ ഒരു തെണ്ടിത്തീനിയായിരുന്നു

one who performs Tullal, തുള്ളൽക്കാരൻ tuLLalkkaaran *(nn),* തുള്ളൽക്കാരൻ വേഷം ധരിച്ചു

one who practises yoga, യോഗി yoogi *(nn),* അയാൾ ഒരു യോഗിയാണ്

one who tastes, ആസ്വാദകൻ aasvaadakan *(nn),* നല്ല ആസ്വാദകനാണ് കവിയുടെ ഹൃദയം കണ്ടെത്തുന്നത്

one's own, തനത് tanatə *(nn),* തനത് കലകൾ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്

one's own desire, തന്നിഷ്ടം tanni$TaM *(nn,comp),* തന്നിഷ്ടം പോലെ ജീവിക്കുവാൻ രവി ഇഷ്ടപെടുന്നു

ones own kith & kin, ആത്മബന്ധു aatmabandhu *(nn),* അവൻ എന്റെ ആത്മബന്ധുവാണ്

oneself, സ്വയം svayaM *(nn),* എല്ലാ കാര്യങ്ങളും സ്വയം ചെയ്യണം

onitment for the eyes, അഞ്ജനം a~janaM *(nn),* അഞ്ജനമെന്നത് എന്തെന്ന് എനിക്ക് അറിയാം

only, മാത്രം maatRaM *(in),* അവന്റെ ജീവിതത്തിൽ ദുഃഖം മാത്രമാണ് ഉണ്ടായിരുന്നത്

ooze out, ഊറ് uuRə *(vi),* ഉറവയിൽ വെള്ളം ഊറുന്നു

ooze out, ഒലിക്ക് olikkə *(vi),* അയാളുടെ കൈയ്യിൽ നിന്ന് ചോര ഒലിക്കുന്നു

ooze out, ചോര് coorə *(vb),* പാത്രത്തിൽ നിന്ന് വെള്ളം ചോരുന്നുണ്ടായിരുന്നു

oozing, കനിച്ചിൽ kaaniccil *(nn),* തേനിന്റെ കനിച്ചിൽ നിന്നു

oozing out of the salive, ചാളുവഒഴുക്ക് caaLuvaoZukkə *(vb comp),* ആ കുട്ടി എപ്പോഴും ചാളുവ ഒഴുക്കുന്നു

open, തുറക്ക് tuRakkə *(vt),* അമ്മ വാതിൽ തുറന്നു

open as a flower, വികസിക്ക് vikasikkə *(vi),* പൂക്കൾ വികസിക്കുന്നു

open forcibly, കുത്തിപ്പൊട്ടിക്ക് kuttippoTTikkə *(comp vb),* അവൾ വ്യണം കുത്തിപ്പൊട്ടിച്ചു

open jail, തുറന്നജയിൽ tuRannajayil *(nn,comp),* തുറന്ന ജയിലിൽ അയാളെ പാർപ്പിച്ചു

open shed erected for marriage and other feasts, മണ്ഡപം maNDapaM *(nn),* വധു

വിവാഹ മണ്ഡപത്തിലേക്കു പ്രവേശിച്ചു

opened flower with honey, മടുമലർ maTumalaR *(nn,comp),* മടുമലരിൽ തേൻ വണ്ട് വന്നിരുന്നു

opening, തുറപ്പ് tuRappə *(nn),* വാതിലിന്റെ തുറപ്പുകാത്ത് ഉമ നിന്നു

opening, തുറപ്പ് tuRappə *(nn),* വീടിന്റെ തുറപ്പ് എങ്ങോട്ടാണ്?

opinion, അഭിപ്രായം abhipRaayaM *(nn),* എന്റെ അഭിപ്രായം ശരിയായിക്കൊള്ളണമെന്നില്ല

opium, കറുപ്പ് kaRuppə *(nn),* കറുപ്പ് ആരോഗ്യത്തിന് ഹാനികരമാണ്

opponent, പ്രതിയോഗി pRatiyoogi *(nn),* ഈ ധർമ്മയുദ്ധത്തിൽ അവർ നിന്റെ പ്രതിയോഗിയെന്ന് അറിയില്ലേ

opportunity, അവസരം avasaraM *(nn),* അവസരം കിട്ടിയാൽ ആരും മുതലെടുക്കും

opportunity, അവസരം avasaraM *(nn),* അവസരങ്ങൾ ദുർവിനിയോഗം ചെയ്യരുത്

oppose, എതിർക്ക് etiRkkə *(vt),* തെരഞ്ഞെടുപ്പിൽ അമ്മ മകനെ എതിർക്കുന്നു

opposing, എതിരായിട്ടുള്ള etiraayiTTuLLa *(adj),* എതിരായിട്ടുള്ള അഭിപ്രായമൊന്നും അയാൾ പറഞ്ഞില്ല

opposingly, എതിരെ etiree *(adv),* എതിരെ വരുന്ന കാറിൽ രണ്ടുപേർ ഉണ്ടായിരുന്നു

opposite, എതിര് etirə *(nn),* അയാളുടെ എതിരിൽ മറ്റെയാൾ ഇരുന്നു

opposite, വിപരീത vipariita *(adj),* വിപരീത ധ്രുവങ്ങളിൽ അവർ ജീവിക്കുന്നു

opposite party, മറുപക്ഷം maRupak$aM *(nn,comp),* അയാൾ മറുപക്ഷത്തേക്ക് ചാഞ്ഞു

opposite shore, അക്കര akkara *(adv),* അക്കര നിന്നാൽ ഇക്കരപ്പച്ച

opposite side, എതിർവശം etiRvaSaM *(adv),* വീടിന്റെ എതിർ വശത്ത് ഒരു വായനശാലയുണ്ട്

opposite side, മറുകര maRukara *(nn,comp),* അയാൾ ജീവിതത്തിന്റെ മറുകര കണ്ടു

opposition, എതിർപ്പ് etiRppə *(nn),* അയാളുടെ എതിർപ്പു വകവയ്ക്കാതെ അവൻ നടന്നു നീങ്ങി

opposition, പ്രതിപക്ഷം pRatipak$aM *(nn),* അയാൾ പ്രതിപക്ഷത്തിന്റെ വോട്ടു നേടി

oppress, ഞെരുക്ക് ~erukkə *(vt),* എല്ലാവരും ചേർന്ന് ഒരാളെ ഞെരുക്കി

orchard, തോട്ടം tooTTaM *(nn),* നീലഗിരിയിൽ ധാരാളം തേയില തോട്ടങ്ങൾ ഉണ്ട്

order, ആജ്ഞ aaj~a *(nn),* അയാളുടെ ആജ്ഞ ഞാൻ അനുസരിച്ചില്ല

order, ആജ്ഞാപിക്ക് aaj~aapikkə *(vt),* അയാൾ എപ്പോഴും ആജ്ഞാപിക്കുന്നു

order, ഉത്തരവ് uttaravə *(nn),* ജഡ്ജി കുറ്റവാളിയെ അറസ്റ്റ് ചെയ്യാൻ ഉത്തരവിട്ടു

order, കല്പിക്ക് kalpikkə *(vi),* രാജാവ് കല്പിക്കുന്നു

order, ക്രമം kRmaM *(nn),* ഇവിടെ ജീവിതത്തിന് പ്രത്യേകിച്ച് ഒരു ക്രമവുമില്ല

order, നിർദ്ദേശം niRddeeSaM *(nn),* അയാൾ നിർദ്ദേശങ്ങൾ പാലിച്ചു

order, മുറ muRa *(nn),* കാര്യങ്ങൾ മുറ പോലെ നടന്നു

ordinary, സാധാരണ sadharaNa *(adj),* സാധാരണ ബസ്സിലാണ് ഞാൻ പോയത്

organisation, സമിതി samiti *(nn),* അവർ ഒരു സമിതി രൂപീകരിച്ചു

origin, ഉത്ഭവം ulbhavaM *(nn),* നദിയുടെ ഉത്ഭവം ആ മലയിൽ നിന്നാണ്

origin, പ്രഭവം pRabhavaM *(nn),* ഗംഗയുടെ പ്രഭവം എവിടെയാണ്

origin, മൂലസ്ഥാനം muulasthaanaM *(comp nn),* മൂലസ്ഥാനത്തു തന്നെ കുഴപ്പങ്ങളുണ്ടായിരുന്നു

original reason, മൂലകാരണം muulakaaraNaM *(comp nn),* ആ പ്രശ്നത്തിന്റെ മൂലകാരണം എന്താണ്

original text, മൂലഗ്രന്ഥം muulagRanthaM *(comp nn),* മൂലഗ്രന്ഥത്തിൽ നിന്ന് പകർത്തിയെഴുതിയതാണ് ഇത്

originality, തനിമ tanima *(nn),* ഇന്ന് തനിമയുള്ള വസ്തുക്കൾ കിട്ടാൻ ബുദ്ധിമുട്ടാണ് എല്ലാത്തിലും കലർപ്പുണ്ട്

ornament, പണ്ടം paNTaM *(nn),* അയാൾ പണ്ടം പണയം വച്ചു

ornament, ഭൂഷണം bhuu$aNaM *(nn),* അവൾ ഭൂഷണങ്ങൾ അണിഞ്ഞു

ornament for neck, കണ്ഠാഭരണം kaNThaabharaNaM *(nn,comp),* അവൾ കണ്ഠാഭരണം അണിഞ്ഞു

ornament of muslim women, അൽക്കുത്ത് alkkuttə *(comp n),* നബീസ അൽക്കുത്ത് അണിഞ്ഞു

ornament worn by women, തോട tooTa *(nn),* അവർ കാതിൽ തോടയണിഞ്ഞു

ornament worn on the waist, ഉഡ്യാണം uDyaaNaM *(nn),* അവൾ ഉഡ്യാണം അണിഞ്ഞിരുന്നു

ornamental fan made of peacocks feather used chiefly in processions, ആലവട്ടം aalavaTTaM *(nn),* ആലവട്ടവും വെഞ്ചാമരവും വീശി ആനപ്പുറത്ത് രാജാവ് വന്നു

ornamental shapes of a pot built over temples, താഴികക്കുടം taaZikakkuTaM *(nn),* ക്ഷേത്രത്തിനു മുകളിൽ താഴികക്കുടം കാണാം

ornamental umbrella, കൊറ്റക്കുട koRRakkuTa *(nn,comp),* വെൺ കൊറ്റക്കുടയും ചാമരവുമായി ആ ഘോഷയാത്ര കടന്നു പോയി

ornaments, ഉരുപ്പടി uruppaTi *(nn),* ഉരുപ്പടികൾ പണയം വച്ചു

ornaments of a deity or a king, തിരുവാഭരണം tiruvaabharaNaM *(nn),* ദേവന്റെ തിരുവാഭരണം മോഷണം പോയി

orphan, അനാഥ anaatha *(nn),* അനാഥരെ പാർപ്പിക്കുന്ന സ്ഥലമാണിത്

oscillate, ആട് aaTə *(vi),* പെൻഡുലം ആടുന്നു

oscillation, ആട്ടം aaTTaM *(n* പെൻഡുലത്തിന്റെ ആ നിന്നു

ostrich, ഒട്ടകപ്പക oTTakappaK$i *(nn),* ഒട്ടകപ്പക വലിയ ഇനം പക്ഷിയാണ്

other, ഇതര itara *(a* വിദ്യാഭ്യസേതര കാര്യങ്ങ അവർ ചർച്ച ചെയ്യാറില്ല

other, പര para *(adj),* എനി പരസഹായം ഇല്ലാ നടക്കാൻ പറ്റില്ല

other, മറ്റ് maRRə *(adj),* നിങ്ങ മറ്റു കാര്യങ്ങ സംസാരിച്ചാൽ മതി.

other side, മറുപു maRupuRaM *(nn),* അയ പേജിന്റെ മറുപു ശ്രദ്ധിച്ചില്ല

other side, മറുവ maRuvaSaM *(nn),* കാര്യങ്ങള മറുവശം കൂടി പഠിക്കുന്ന നല്ലതാണ്

other wise, അതോ atoo *(a* അതാണോ അതോ ഇതാ അയാളുടെ പുസ്തകം

otherwise, അല്ലെങ്കിൽ all *(cond),* ഞാൻ ഇവിടെ വ അല്ലെങ്കിൽ നീ അവ വരൂ.

otter, നീർനായ് niiRn *(nn,comp),* കടലിൽ നീർനായയെ കണ്ടു

otto of roses, അത്തർ attaR *(nn),* അവൾ അത്തർ പൂശിയിരിക്കുന്നു

ounce, ഔൺസ് auNsə *(nn),* ഒരു ഔൺസ് മരുന്നു കഴിക്കൂ

out caste, ചണ്ഡാലൻ caNDaalan *(nn),* ചണ്ഡാലൻ ശ്മശാനം കാത്തുസൂക്ഷിക്കുന്നു

out caste, ഭ്രഷ്ട് bhRa$Tə *(nn),* അയാൾക്ക് ഭ്രഷ്ട് കല്പിച്ചു

out house, ചാവടി caavaTi *(nn),* അവൻ ചാവടിയിൽ കിടന്നുറങ്ങി

out skirts, പ്രാന്തം pRaantaM *(nn),* നഗരത്തിന്റെ പ്രാന്തങ്ങളിൽ എല്ലാവരും സുരക്ഷിതരാണ്

Outer skin of snakes, ചട്ട caTTa *(nn),* പാമ്പ് ചട്ട ഊരിക്കളഞ്ഞു

outer space, ബഹിരാകാശം bahiraakaaSaM *(nn),* ബഹിരാകാശത്ത് അവർ സഞ്ചരിച്ചു

outer varanda, കോലായ koolaaya *(nn),* ഞങ്ങൾ ഒരു കോലായിൽ ഇരുന്നു

outhouse on the southern side of a main building, തെക്കിനി tekkini *(nn),* അമ്മ തെക്കിനിയിലേക്ക് നടന്നു

outside, പുറം puRaM *(adj),* പുറത്തുനിന്നു വരുന്ന ആൾക്കാർ ഇവിടെ ഇരിക്കണം

outside, പുറത്ത് puRattə *(adv),* പുറത്ത് ആരോ കാത്തുനിൽക്കുന്നു

outward appearance, കോലം koolaM *(nn),* അവന്റെ കോലം കാണേണ്ടതായിരുന്നു

oven, അടുപ്പ് aTuppə *(nn),* വീട്ടിൽ അടുപ്പ് മൂന്നെണ്ണമുണ്ട്

over, മേലെ meele *(adv),* പാലത്തിനു മേലെ വണ്ടികൾ പോകുന്നു

over and above, മീതെ miitee *(adv),* പർവ്വതത്തിനു മീതെ പറക്കുന്ന പോർവിമാനങ്ങളെ നോക്കി നിന്നു

over enthusiasm, ആവേശം aaveeSaM *(nn),* എന്തിനാണ് ഇങ്ങനെ ആവേശം കൊള്ളുന്നത്

over spreading, അതിപ്രസരം atipRasaraM *(nn),* രോഗങ്ങളുടെ അതിപ്രസരം കൊണ്ട് ഒരു ജനത കഷ്ടപ്പെടുന്നു

over step, മറികടക്ക് maRikaTakkə *(comp vb),* അയാൾ എല്ലാ നിയമങ്ങളും മറികടന്നു

overflow, കവിഞ്ഞൊഴുക് kavi~~oZukə *(comp vb),* പാത്രത്തിൽ നിന്ന് വെള്ളം കവിഞ്ഞൊഴുകുന്നു

overflow, തുളുമ്പ് tulumbə *(vb),* പാത്രത്തിൽ വെള്ളം തുളുമ്പുന്നു

overflowing, തുളുമ്പൽ tuLumbal *(nn),* വെള്ളത്തിന്റെ തുളുമ്പൽ കുട്ടി നോക്കിനിന്നു

overtake, മറികടക്ക് maRikkaTakkə *(vt),* അയാൾ എല്ലാം വാഹനങ്ങളും മറികടക്കാൻ ശ്രമിക്കുന്നു

overview, അവലോകനം avalookanaM *(nn),* ആ പുസ്തകം അവലോകനം ചെയ്തു

owl, കൂമൻ kuuman *(nn),* മാവിൻമേൽ ഒരു കൂമൻ മൂളുന്നു

owl, നത്ത് nattə *(nn),* നത്ത് മൂളുന്നു

owl, മൂങ്ങ muuṇṇa *(nn),* അവിടെ ഒരു മൂങ്ങ മൂളുന്നു

own folk, സ്വജനം svajanaM *(nn),* സ്വജനത്തോട് കൂറുകാണിക്കാത്തവൻ ഉണ്ടോ?

own mother, പെറ്റമ്മ peRRamma *(nn),* പെറ്റമ്മയോളം വരുമോ പോറ്റമ്മ

owner, ഉടമ uTama *(nn),* ഈ വീടിന്റെ ഉടമയാണ് അയാൾ

owner, ഉടയക്കാരൻ uTayakkaaran *(nn),* അയാളാണ് ഇതിന്റെ ഉടയക്കാരൻ

owner, മുതലാളി mutalaaLi *(nn),* അയാൾ ആ കമ്പനിയുടെ മുതലാളിയായിരുന്നു

oxygen, പ്രാണവായു pRaaNavaayu *(comp nn),* പ്രാണ വായുവിനുവേണ്ടി അയാൾ വലിച്ചു

pack, പൊതിയ് potiyə *(vt),* ആ സാധനങ്ങളെല്ലാം ഒരു കടലാസ്സിൽ പൊതിയൂ

package, പൊതി poti *(nn),* അവൾ ഒരു പൊതി അഴിച്ചു നോക്കി

package, ഭാണ്ഡം bhaNDaM *(nn),* അയാൾ ഭാണ്ഡത്തിൽ എന്തൊക്കെയോ നിറച്ചു

packet, പൊതിക്കെട്ട് potikkeTTə *(comp n),* ഒരു പൊതിക്കെട്ട് എടുക്കാൻ അയാൾ മറന്നു

packet of cooked rice, ചോറ്റുപൊതി cooRRupoti *(nn,comp),* രവി ഒരു ചോറ്റുപൊതിയിൽ ചോറു കൊണ്ടു വന്നു

packet of cooked rice, പൊതിച്ചോറ് poticchooRə *(nn,comp),* അയാൾ പൊതിച്ചോറ് കൊണ്ടുവന്നു കഴിച്ചു

paddle, തുഴ tuZa *(nn),* രവി തുഴകൊണ്ട് തുഴഞ്ഞു

paddy, നെല്ല് nellə *(nn),* നെല്ല് കൊയ്തു തുടങ്ങി

paddy cultivation, നെൽക്കൃഷി nelkR$i *(nn,comp),* കുട്ടനാട് നെൽക്കൃഷിക്കു പ്രധാനപ്പെട്ട സ്ഥലമാണ്

paddy field, നിലം nilaM *(nn),* കൃഷിക്കാരൻ നിലം ഉഴുതു

paddy field, വയൽ vayal *(nn),* അയാൾ വയൽ ഉഴുതു

page of a book, ഏട് eeTə *(nn),* അയാൾ പുസ്തകത്തിന്റെ ഓരോ ഏടുകളായി വായിച്ചു

pain, കഷ്ടം ka$TaM *(nn),* അവൻ കുറെ കഷ്ടമനുഭവിച്ചു

pain, നൊമ്പരം nombaraM *(nn),* അയാൾക്ക് ശരീരത്തിൽ നൊമ്പരമനുഭവപ്പെട്ടു

pain, വേദനിക്ക് vedanikkə *(nn),* ശക്തമായ അടികൊണ്ട് എനിക്കു വല്ലാതെ വേദനിച്ചു

pain in a wound, താങ്ങ് taaŋŋə *(vt),* കുട്ടിയുടെ കാലിലെ മുറിവ് താങ്ങി

pain of the nerves, ഞരമ്പുവേദന ~arambuveedana *(nn,comp),* ഞരമ്പുവേദനയ്ക്ക് മരുന്നുവേണമെന്ന് അമ്മ പറഞ്ഞു

painful, ദുഃഖപൂർണ്ണമായ duhkhapuuRNamaaya *(adj),* ദുഃഖപൂർണ്ണമായ ഒരു ജീവിതമാണിത്

painful, വേദനയുള്ള veedanayuLLa *(adj),* വളരെ വേദനയുള്ള കാര്യമാണത്

paint, പൂശ് puuSə *(vt),* മുറിയിൽ പച്ച നിറം പൂശുന്നു

painter, ചിത്രകാരൻ citRakaaran *(nn,comp),* വാസു നല്ലൊരു ചിത്രകാരനാണ്

pair, ഇണ iNa *(nn),* ആ ഇണകൾ തമ്മിൽ നല്ല ചേർച്ചയുണ്ടായിരുന്നു

pair, ജോടി jooTi *(nn),* ഞാൻ ഒരു ജോടി ചെരുപ്പു വാങ്ങി

pair, ദ്വയം dvayaM *(nn),* അത് ഒരു ദ്വയമായിരുന്നു

pair, മിഥുനം mithunaM *(nn),* ആ യുവമിഥുനങ്ങൾ സ്വപ്നലോകത്തിൽ ആണ്

pair, യുഗ്മ yugma *(adj,pfx),* അവർ ഒരു യുഗ്മഗാനം പാടി

paise, പൈസ paisa *(nn),* അയാൾക്ക് പൈസ കിട്ടി

palace, കൊട്ടാരം koTTaaraM *(nn),* രാജാവ് കൊട്ടാരത്തിൽ നിന്നു പുറത്തേക്കു വന്നു

palace, മഹൽ mahal *(nn),* അയാൾ ഒരു മഹലിൽ താമസിച്ചു

palace, ഹർമ്മ്യം haRmmyaM *(nn),* കൃഷ്ണദേവരായർ ഹമ്പിയിൽ ഒരു ഹർമ്മ്യം പണിതു

palanquin, മഞ്ചൽ ma~cal *(nn),* രാജാവ് മഞ്ചലിൽ വന്നു

palate, താലു taalu *(nn),* താലുവിൽ ജിഹ്വാഗ്രം സ്പർശിക്കുന്നു.

palm, ഉള്ളംകൈ uLLaMkai *(nn,comp),* ഉള്ളം കൈയ്യിൽ മുറിവേറ്റു

palm, കൈപ്പത്തി kaippatti *(nn,comp),* അയാൾക്ക് കൈപ്പത്തി നഷ്ടപ്പെട്ടു

palm gur, കരിപ്പട്ടി karippaTTi *(nn),* ഞാൻ കരിപ്പട്ടികൊണ്ടുള്ള കാപ്പി കുടിച്ചിട്ടുണ്ട്.

palm gur, ചക്കര cakkara *(nn),* അമ്മ ചക്കരകൊണ്ട് ഉണ്ണിയപ്പം ഉണ്ടാക്കി

palm leaf, പനയോല panayoola *(nn),* പനയോല പണ്ട് എഴുതാനുള്ള വസ്തുവായി ഉപയോഗിച്ചു

palm leaf used for writing, എഴുത്തോല eZuttoala *(comp n),* വാൽമീകി എഴുത്തോലയിൽ എഴുതി

palm of the hand, കൈത്തലം kaittalaM *(nn,comp),* അയാളുടെ കൈത്തലത്തിൽ തഴമ്പുകളുണ്ടായിരുന്നു

palmist, കൈനോട്ടക്കാരൻ kainooTTakkaaran *(nn,comp),* കൈനോട്ടക്കാരൻ കൈനോക്കി ഫലം പറഞ്ഞു

palmistry, കൈനോട്ടം kainooTTaM *(nn,comp),* അയാൾക്ക് കൈ നോട്ടം അറിയാമായിരുന്നു

palmyra leaf, താളിയോല taaLiyoola *(nn),* പണ്ഡിതൻ താളിയോലകൾ പരിശോധിച്ചു

palmyra tree, പന pana *(nn),* പനയിൽ ചെത്തുകാരൻ കയറി

pamper, നിസ്വൻ nisvan *(nn),* അയാൾ ഒരു നിസ്വനായിരുന്നു

pamphlet, ലഘുലേഖ laghuleekha *(nn),* അയാൾ ഒരു ലഘുലേഖ വാങ്ങി

panacea, ഒറ്റമൂലി oRRamuuli *(nn),* അദ്ദേഹം ഏതോ ചില ഒറ്റമൂലികൾ പ്രയോഗിച്ചു

panchathantra (a treatise on ethics), പഞ്ചതന്ത്രം pa~catantRaM *(nn,comp),* പഞ്ചതന്ത്രത്തിലെ കഥകൾ അമ്മൂമ്മ പറഞ്ഞുതന്നു

Panchayat, പഞ്ചായത്ത് pa~caayattə *(nn),* അയാൾ പഞ്ചായത്ത് ഭരിച്ചു

pandal, പന്തൽ pantal *(nn),* വീട്ടു മുറ്റത്ത് ഒരു പന്തലിട്ടു

pandanus odoratissimus, തഴ taZa *(nn),* തഴ കൊണ്ട് പായ് നെയ്തു

pandanus tree, കൈത kaita *(nn),* ഞങ്ങളുടെ വേലിക്കരികെ ഒരു കൈത നിൽക്കുന്നു

pangoton porcupine, മുള്ളൻ muLLan *(nn),* മുള്ളൻ പന്നിക്ക് മുള്ളുണ്ടായിരുന്നു

pansupari, താംബൂലം taambuulaM *(nn),* വല്യമ്മ താംബൂലം ചോദിച്ചു

pant, അണയ്ക്ക് aNaykkə *(vt),* കുട്ടി വല്ലാതെ അണയ്ക്കുന്നു

pant, കിതയ്ക്ക് kitayəkkə *(vi),* കുട്ടി ഓടി കിതച്ചു വന്നു

panting for breath, ഏങ്ങല് eeŋŋalə *(nn),* കുട്ടിയുടെ ഏങ്ങല് ഇവിടെ കേൾക്കാം

papad, പപ്പടം pappaTaM *(nn),* പപ്പടം പൊടിച്ച് കഴിച്ചു

papaya, ഓമയ്ക്ക oomaykka *(nn),* ഓമയ്ക്ക പഴുത്ത് നിലത്തു വീണു

paper, കടലാസ് kaTalaasə *(nn),* ഞാൻ കടലാസിൽ എഴുതുന്നു

paper, പേപ്പർ peeppaR *(nn),* അവൻ പേപ്പറിൽ എഴുതി

pappaya, പപ്പായ pappaya *(nn),* പപ്പായ മരത്തിൽ പപ്പയ്ക്ക പഴുത്തു കിടക്കുന്നു

parable, ദൃഷ്ടാന്തകഥ dR$Taantakatha *(nn,comp),* ഒരു ദൃഷ്ടാന്ത കഥ കുട്ടി വായിച്ചു

paragraph, ഖണ്ഡിക khaNDika *(nn),* രാജൻ കഥ ഖണ്ഡികയാക്കി തിരിച്ചില്ല

parallel, സമാന്തര samaantara *(adj),* സമാന്തരമായ പാളങ്ങൾ ഒരിക്കലും മുട്ടുന്നില്ല

paralysis, തളർവാതം taLaRvaataM *(nn,comp),* അച്ഛന് തളർവാതമായിരുന്നു

paralyze, ശക്തിഹീനമാക് Saktihiinamaakə *(vt),* അദ്ദേഹത്തിന്റെ ഞരമ്പുകളെല്ലാം ശക്തിഹീനമായിത്തീർന്നു

paramour, ജാരൻ jaaran *(nn),* ഭർത്താവ് ഭാര്യയുടെ ജാരനെ കൈയ്യോടെ പിടികൂടി

parasite plant, ഇത്തിൾ ittiL *(nn),* ഇത്തിൾ ഒരു പരാന്ന ഭോജിയാണ്

parched rice, പൊരി pori *(nn),* പൂജയ്ക്ക് അവലും പൊരിയും പഴവും വച്ചു പൂജിച്ചു

parching of the throat, തൊണ്ടവരള് toNTavaraLə *(comp vb),* കുട്ടിക്ക് തൊണ്ട വരളുന്നു

pardon, മാപ്പ് maappə *(nn),* അവന് മാപ്പുചോദിക്കാൻ തയ്യാറായില്ല

parents, മാതാപിതാക്കൾ maataapitaakkaL *(nn),* മാതാപിതാക്കളെ ബഹുമാനിക്കണം

parents and children, മാതാപിതാക്കളുംകുട്ടികളും maataapitaakkaLuMkuTTikaLuM *(nn),* മാതാപിതാക്കളും കുട്ടികളും ചേർന്നതാണ് ഒരു കുടുംബം

parish, ഇടവക iTavaka *(nn),* ഇടവകയിലെ എല്ലാ കുടുംബങ്ങളും ക്ഷണിക്കപ്പെട്ടു

park, ഉദ്യാനം udyaanaM *(nn),* ആ ഉദ്യാനം വളരെ മനോഹരമായിരുന്നു

parrot, തത്ത taTTa *(nn),* വയസ്സായ തത്ത ഭാഷ പഠിക്കില്ല

parrot, പച്ചക്കിളി paccakkiLi *(nn,comp),* പച്ചക്കിളി കൂടു വച്ചു

parrot, പൈങ്കിളി paiŋkiLi *(nn),* പൈങ്കിളി പാടി

part, ഭാഗം bhaagaM *(nn),* തന്റെ ഭാഗം മാത്രം മനുഷ്യൻ ശരിയാണെന്നു വിചാരിക്കുന്നു

partial paralysis, പക്ഷവാതം pak$avaataM *(nn,comp),* അയാൾക്ക് പക്ഷവാതം ഉണ്ടായിരുന്നു

partial person, പക്ഷപാതി pak$apaati *(nn,comp),* അയാൾ ഒരു പക്ഷപാതി ആയിരുന്നു

partiality, പക്ഷപാതം pak$apaataM *(nn,comp),* അയാൾ ചിലരോട് പക്ഷപാതം കാണിച്ചുവത്രേ

partiality, പക്ഷഭേദം pak$abheedaM *(nn,comp),* അയാൾ ആരോടും പക്ഷഭേദം കാട്ടാറില്ല

participate, പങ്കെടുക്ക് pŋkeTukkə *(vt),* ഞാൻ ഒരു യോഗത്തിൽ പങ്കെടുത്തു

participate, സംബന്ധിക്ക് saMbandhikkə *(vi),* ഞാൻ അയാളുടെ വിവാഹത്തിനു സംബന്ധിച്ചു

particle, കണിക kaNika *(nn),* പദാർത്ഥത്തിന്റെ ഏറ്റവും ചെറിയ കണികയാണ് അണു

particular area or region, മേഖല meekhala *(nn),* അയാൾ ആ മേഖലയിലേക്ക് പിന്നീടു വന്നിട്ടില്ല

parting of the hair, വകുപ്പ് vakuppə *(nn),* അവളുടെ തലയിലെ വകുപ്പ് ഭംഗിയുള്ളതായിരുന്നു

partition, വിഭജനം vibhajanaM *(nn),* വിഭജനത്തിനുശേഷം അവർ ഇന്ത്യയിലേക്ക് വന്നു

partner, പങ്കാളി paŋkaaLi *(nn),* അയാൾ ബിസിനസ്സിൽ എന്റെ പങ്കാളിയാണ്

partner in life, ജീവിതപങ്കാളി jiivitapaŋkaaLi *(nn,comp),* രവി ജീവിതപങ്കാളിയെ സ്വയം കണ്ടെത്തി

party, കക്ഷി kak$i *(nn),* കക്ഷി ഇന്നലെ വരാതിരുന്നതിനാൽ വക്കീൽ ദേഷ്യപ്പെട്ടു

pass over, കടക്ക് katakkə *(nn),* അയാൾ അതു വഴി പുറത്തു കടന്നു

passage between two rooms, ഇടനാഴി iTanaaZi *(nn),* ഇടനാഴികളിൽ ഒരു കാലൊച്ച കേട്ടു

passage or matter quoted, ഉദ്ധരണി uddharaNi *(nn),*

ഉദ്ധരണിയിൽ കൊടുത്ത വാക്കുകൾ വായിക്കൂ

passage to the inner ear, കർണ്ണപാളി KaRNNapaaLi *(nn,comp),* അവന്റെ കർണ്ണപാളികളിൽ വലിയ ശബ്ദം വന്നലിച്ചു

passion, അനുരാഗം anuraagaM *(nn),* അവർ തമ്മിൽ അനുരാഗമുണ്ടായിരുന്നു

past, ഭൂതകാലം bhuutakaalaM *(nn),* ഭൂതകാലത്തെക്കുറിച്ചു സംസാരിച്ചിട്ടു എന്തു പ്രയോജനം

paste, ഒട്ടിക്ക് oTTikkə *(vt),* കുട്ടികൾ പരസ്യം ഒട്ടിക്കുന്നു

paste, കുഴമ്പ് kuZambə *(nn),* എല്ലാം കുഴമ്പുരൂപത്തിലാക്കിയാണ് ഇവിടെ ഉപയോഗിക്കാറുള്ളത്

pat, തോളിൽ തട്ട് *(vt),* അവൻ കണക്കു ചെയ്തു കാണിച്ചപ്പോൾ അധ്യാപകൻ തോളിൽ തട്ടി പ്രോത്സാഹിപ്പിച്ചു

pat one's shoulders, തോളിൽ തട്ട് *(nn,comp),* കുട്ടിയുടെ തോളിൽ തട്ടി പ്രോത്സാഹിപ്പിച്ചു

paternal, പൈതൃകം paitRəkaM *(adj),* പൈതൃകമായ ഭൂമിയിൽ അവർ കൃഷിചെയ്തു

path, ഒലിപ്പ് olippə *(nn),* അയാളുടെ കൈയ്യിലെ ചോര ഒലിപ്പ് നിന്നു

path, നിഗമം nigamaM *(nn),* ഈ നിഗമത്തിലൂടെ വരൂ

path, പന്ഥാവ് patthaavə *(nn),* അയാൾ ആ പന്ഥാവിലൂടെ നീങ്ങി

path, പഥം pathaM *(nn),* അയാൾ തന്റെ പഥത്തിലൂടെ സഞ്ചരിച്ചു

path, മാർഗ്ഗം maaRggaM *(nn),* അയാൾ ആ മാർഗ്ഗത്തിലൂടെ സഞ്ചരിച്ചു

path, വഴി vaZi *(nn),* അയാൾക്ക് വഴിയൊന്നും നിശ്ചയമില്ലായിരുന്നു

path, സരണി saraNi *(nn),* സാഹിത്യത്തിന്റെ വിവിധ സരണിയിലൂടെ സഞ്ചരിച്ചാൽ നമ്മൾക്ക് പലതും മനസ്സിലാക്കാം

pathos, കരുണരസം karuNarasaM *(nn),* നടന്റെ മുഖത്ത് കരുണ രസം വരുന്നില്ല

pathway of a street, തെരുവീഥി teRuviithi *(nn,comp),* രവി തെരുവീഥിയിലൂടെ നടന്നു

patience, ക്ഷമ k$ama *(nn),* ക്ഷമ നല്ല ഗുണമാണ്

patience, പൊറുതി poRuti *(nn),* അവന് ഒടുവിൽ പൊറുതി മുട്ടി

patient, രോഗി roogi *(nn),* അയാൾ രോഗിയോട് സംസാരിച്ചു

patroling, റോന്ത് Roontə *(nn),* പോലീസുകാർ എപ്പോഴും റോന്തു ചുറ്റുന്നു

patron, രക്ഷാധികാരി rak$aadhikaari *(nn),* അദ്ദേഹം സംഘടനയുടെ രക്ഷാധികാരിയാണ്

patronage, രക്ഷാധികാരം rak$aadhikaaraM *(nn),* അയാൾ സംഘടനയുടെ രക്ഷാധികാരം ഏറ്റെടുത്തു

pay attention, ഗൌനിക്ക് gaunikkəi *(vb),* രവി ആരെയും ഗൌനിക്കാറില്ല

pay respect, നമസ്ക്കരിക്ക് namaskkarikkə *(vt),* അവർ ദൈവത്തെ നമസ്ക്കരിക്കുന്നു

pea, പട്ടാണിക്കടല paTTaaNikkaTala *(nn),* പട്ടാണിക്കടല എനിക്കിഷ്ടമാണ്

peace of mind, ഇരിക്കപ്പൊറുതി irikkappoRuti *(nn),* അയാൾ ഇവിടെ വന്നാൽ ഇരിക്കപ്പൊറുതി ഇല്ല

peacefully, സ്വസ്ഥമായി svasthamaayi *(adv),* അയാൾ സ്വസ്ഥമായി ജീവിച്ചു

peacock, മയിൽ mayil *(nn),* മയിൽ പീലി വിടർത്തി

pea-cock, മയൂരം mayuuraM *(nn),* മയൂരം പീലി വിടർത്തി

peak, കൊടി koTi *(nn),* മലയുടെ കൊടിയിൽ അവൻ കയറി

peak, കൊടുമുടി koTumuTi *(nn),* ടെൻസിംഗും ഹിലാരിയും ആദ്യമായി എവറസ്റ്റ് കൊടുമുടി കീഴടക്കി

peak of a mountain, കൊടുമുടി koTumuTi *(nn),* കൊടുമുടി കയറിയവർ പലരും ഇടയ്ക്കു വച്ച് അപകടത്തിൽപെട്ടു

peak of the mountain, തുച്ചം tucchaM *(nn),* മലയുടെ തുച്ചത്ത് അവർ എത്തി

peak of the mountain, മുടി muuTi *(nn),* മലയുടെ കൊടുമുടിയിൽ പതാക നാട്ടി

peaked, കൂമ്പൻ kuumban *(adj),* ഒരു കൂമ്പൻ കൊമ്പുകൊണ്ട് കാള കുത്തി

pearl, മുത്ത് muttə *(nn),* അയാൾ ഒരു മുത്ത് വാങ്ങി

peck with the beak, കൊത്ത് kottə *(nn),* മരം കൊത്തി മരത്തിൽ കൊത്തി

peel, തൊലിക്ക് tolikkə *(vb),* കുട്ടി പഴം തൊലിച്ചു തിന്നു

peel, തോലുരിക്ക് toolurikkə *(vb, comn),* അവർ തോലുരിച്ചു

peel, പൊളിക്ക് poLikkə *(vt),* ആ ജീവിയുടെ തോൽ പൊളിക്കുന്നു

peel the skin of, തോലടർത്തി toolaTaRtti *(comp vb),* അമ്മ മരത്തിന്റെ തോലടർത്തി

peeling, തൊലിപ്പ് tolippə *(nn),* കുട്ടിയുടെ തൊലിപ്പ് നോക്കി നിന്നു

peeling of the skin, തൊലിക്ക് toli *(vt),* അവൻ വേവിച്ച ഉരുളക്കിഴങ്ങ് തൊലിച്ചു

peepal tree, അരയാൽ arayaal *(nn),* അരയാലിന്റെ ചുവട്ടിൽ കുറേപ്പേർ ഇരിക്കുന്നു

pellet, തെറ്റാലി teRRaali *(nn),* കുട്ടി തെറ്റാലികൊണ്ട് കാക്കയെ വീഴ്ത്തി

pen, പേന peena *(nn),* അയാൾ പേനകൊണ്ട് എഴുതി

pen craft, തൂലികാനാമം tuulikaanaamaM *(nn,comp),* കുവമ്പു കെ.വി.പുട്ടപ്പയുടെ തൂലികാനാമമാണ്

pen friend, തൂലികാസുഹൃത്ത് tuulikaasuhuRəttə *(nn,comp),* രവിയുടെ തൂലികാസൂഹൃത്ത് വന്നു

pen knife, പേനാക്കത്തി peenaakkatti *(comp nn),* പേനാക്കത്തി കൊണ്ട് അയാൾ അതു മുറിച്ചു

penal laws, ദണ്ഡനീതി daNDaniiti *(nn,comp),* രാജ്യത്തിന്റെ ദണ്ഡനീതിയിൽ മാറ്റം വരണം

penance, തപം tapaM *(nn),* മുനിമാർ പണ്ട് തപം ചെയ്തിരുന്നു

penance, തപസ്സ് tapassə *(nn),* വിശ്വാമിത്രൻ തപസ്സുചെയ്തു

pencil, പെൻസിൽ pensil *(nn),* ഞാൻ പെൻസിൽ കൊണ്ട് എഴുതുന്നു

pendant, ഞാത്ത് ~aattə *(nn),* അവൾ കഴുത്തിൽ ഒരു ഞാത്ത് അണിഞ്ഞിരുന്നു

pendulam, പെണ്ഡുലം peNDulaM *(nn),* ക്ലോക്കിൽ പെണ്ഡുലം നിശ്ചലമായി

peninsula, ഉപദ്വീപ് upadviipə *(nn),* ഉപദ്വീപിലെ പ്രശ്നങ്ങൾ ചർച്ചയിലൂടെ പരിഹരിക്കാം

penis, പുരുഷലിംഗം puru$aliMgaM *(nn),* പുരുഷലിംഗത്തിന്റെ അഗ്ര ചർമ്മം നീക്കം ചെയ്യുന്ന കർമ്മത്തിന് പരിച്ഛേദന കർമ്മം എന്നു പറയുന്നു

penis, ലിംഗം liMgaM *(nn),* ശിവലിംഗത്തിൽ പൂജ നടത്തി

pension, അടുത്തൂൺ aTuttuuN *(nn),* അച്ഛൻ അടുത്തൂൺ പറ്റി പിരിഞ്ഞു

pension, പെൻഷൻ peN$an *(nn),* അയാൾ പെൻഷൻ പറ്റി പിരിഞ്ഞു

peon, പ്യൂൺ piyuuN *(nn),* പ്യൂൺ ഇന്നലെ ലീവായിരുന്നു

people, ആളുകൾ aaLukaL *(nn),* ആളുകൾ പല തരക്കാരാണ്

people, ആൾ aaL *(nn),* നേതാവിനെ കണ്ടപ്പോൾ ആളുകൾ ചുറ്റും കൂടി.

people, ജനം janaM *(nn),* ജനം കൈയ്യടിച്ചുകൊണ്ട് പുതിയ പദ്ധതിയെ അനുകൂലിച്ചു

people, ജനത janata *(nn),* ജനതയുടെ ആവശ്യങ്ങളറിഞ്ഞ് ഭരണാധികാരികൾ പെരുമാറിയില്ല

people's revolution, ജനകീയവിപ്ലവം janakiiyavipLavaM *(nn,comp),* ഒരു ജനകീയ വിപ്ലവത്തിന് ജനങ്ങൾ തയ്യാറായി

pepper, കുരുമുളക് kurumuLakə *(nn),* കുരുമുളക് മരത്തിൽ പടർന്നു കയറി

pepper string, തിരി tiri *(nn),* കുരുമുളക് തിരി വീണു

perforate, തുളയ്ക്ക് tuLaykkə *(vt),* ആശാരി മരം തുളയ്ക്കുന്നു

perform, കഴിക്ക് kaZikkə *(vt),* അയാൾ പൂജ കഴിക്കുന്നു

perform obsequies by heirs, ബലിയിട് baliyiTə *(vb),* അച്ഛൻ പൂർവ്വികന്മാർക്ക് ബലിയിട്ടു

performance of a sacrifice, യജ്ഞകർമ്മം yaj~kaRmaM *(comp nn),* യജ്ഞകർമ്മത്തിൽ അവർ പങ്കെടുത്തു

performing art, ദൃശ്യകല dRSyakala *(nn,comp),* ദൃശ്യകലകളിൽ അയാൾക്ക് നല്ല ജ്ഞാനമുണ്ടായിരുന്നു

perhaps, ഒരുപക്ഷേ orupak$e *(adv),* ഒരു പക്ഷേ ഞാൻ മറന്നു പോയേക്കാം

period of extreme calamity & grief, കണ്ടകശ്ശനി kaNTakaSSni *(nn),* കണ്ടകശ്ശനി പിടിച്ചവൻ പിച്ചപ്പാത്രം എടുത്തു

period of three hours, യാമം yaamaM *(nn),* ഓരോ യാമത്തിനും അയാൾ പ്രാർത്ഥിച്ചു

period of transition, ദശാസന്ധി daSaasandhi *(nn,comp),* രവിക്ക് ഇതൊരു ദശാസന്ധിയാണ്

periodical, ആനുകാലിക aanukaalika *(adj),* ആനുകാലിക സംഭവങ്ങൾ അവർ വിലയിരുത്തി

perish, തുലയ്ക്ക് tulaykkə *(vt),* രവി പണം കൊണ്ടുപോയി തുലച്ചു

perish, നാശമാക്ക് naaSamaakkə *(comp vb),* അയാൾ എല്ലാം നാശമാക്കി

perishable, നശ്വര naSvara *(adj),* നശ്വരലോകത്ത് അനശ്വരമായി ഒന്നുമില്ല

perishable, നശ്വരം naSvaraM *(nn),* നശ്വരമാണ് ലോകം

permanent, സ്ഥായി sthaayi *(nn),* സ്ഥായിയായ ഗുണം മനുഷ്യനു വേണം

permanent appointment or job, ലാവണം laavaNaM *(nn),* അയാൾ പഴയ ലാവണത്തിലേക്ക് മടങ്ങി

permission, അനുവാദം anuvaadaM *(nn),* എനിക്ക് അവിടെ പോകാൻ അനുവാദം കിട്ടി

perpetuate, നിലനിർത്ത് nilanilkkə *(comp vb),* ജീവൻ നിലനിർത്തുന്ന മരുന്നു നൽകി

perplexity, പതർച്ച pataRcca *(nn),* അവന്റെ പതർച്ച കണ്ട് പോലീസുകാരന് സംശയം തോന്നി

person, ആള് aaLə *(nn),* പുതുതായി വന്ന ആൾ ആരാണ്

person of acute intellect, കൂർമ്മ ബുദ്ധി *(nn,comp),* അയാൾ വളരെ കൂർമ്മബുദ്ധിയുള്ളവനാണ്

person of Kerala, മലയാളി malayaaLi *(nn),* മലയാളി എല്ലാ നാട്ടിലും ഉണ്ട്

person who can foresee, ദീർഘദർശി diiRghadaRSi *(nn,comp),* അയാൾ ഒരു ദീർഘദർശിയായിരുന്നു

person who does wantonly, തോന്നിയവാസി toonniyavaasi *(nn),* അവൻ ഒരു തോന്നിയവാസിയാണ്

person who is compassionate towards the sick, ദീനദയാലു diinadayaalu *(nn,comp),* അദ്ദേഹം ഒരു ദീനദയാലുവായിരുന്നു

person who knows all times, ത്രികാലജ്ഞൻ trikaalaj~an *(nn),* ത്രികാലജ്ഞനായ മുനി

person who performs tantrik rites in a temple, തന്ത്രി tantRi *(nn),* ക്ഷേത്രത്തിലെ തന്ത്രി മരിച്ചു

person who wears, ധാരി dhaari *(nn),* വൽക്കലധാരിയായ മുനി

person with bad character, ദുർന്നടപ്പുകാരൻ duRnnaTappukaaran *(nn,comp),* അവൻ ഒരു ദുർന്നടപ്പുകാരനാണ്

person with good character, ഗുണശാലി guNaSaali *(nn,comp),* രവി ഒരു ഗുണശാലിയായിരുന്നു

person with literary sensibility, സഹൃദയ sahRdaya *(adj),* അയാൾ സഹൃദയനായ ഒരു കലാകാരനാണ്

person with pus formation in the eyes, ചീങ്കണ്ണ് ciiŋkaNNə *(adj),* രവി ഒരു ചീങ്കണ്ണനാണ്

personal acquaintance, മുഖപരിചയം mukhaparicayaM *(comp nn),* എനിക്ക് അയാളെ കണ്ടിട്ട് മുഖപരിചയം തോന്നി

personal experience, സ്വാനുഭവം svaanubhavaM *(nn,comp),* സ്വാനുഭവത്തിൽ നിന്നാണ് നാം പലതും പഠിക്കുന്നത്

personal property, കൈമുതൽ kaimutal *(nn,comp),* അയാളുടെ കൈമുതൽ എല്ലാം നഷ്ടമായി

personality, വ്യക്തിത്വം vyaktitvaM *(nn),* അയാളുടെ വ്യക്തിത്വത്തെ ചോദ്യം ചെയ്തത് അയാൾക്കിഷ്ടപ്പെട്ടില്ല

perspiration, വിയർപ്പ് viyaRppa *(nn),* അയാളുടെ ശരീരം മുഴുവൻ വിയർപ്പാണ്.

pertaing to the spring season, വസന്ത vasanta *(adj),* ഒരു വസന്തകാലത്തിന്റെ സ്മരണകളെ ഉണർത്തുന്ന പുസ്തകമായിരുന്നത്

pertaining to, പ്രമാണിച്ച് pRamaaNiccə *(adv),* ഉത്സവം പ്രമാണിച്ച് കട ഞായറാഴ്ച തുറക്കുന്നതാണ്

pertaining to (made of), കനക kanaka *(adj),* കനകമണി ഹർമ്മ്യങ്ങൾ നിറഞ്ഞതാണ് കുബേരപുരി

pertaining to a demon, രാക്ഷസ raak$asa *(adj),* അയാളുടെ രാക്ഷസമുഖം ഞാൻ കണ്ടു

pertaining to battle or war, യുദ്ധ yuddha *(adj,pfx),* അവരെ യുദ്ധഭൂമിയിൽ വച്ച് പരാജയപ്പെടുത്തി

pertaining to bharata, ഭാരത bhaarata *(adj),* ഭാരത ഭൂമിയിൽ ആർഷ സംസ്ക്കാരമാണുള്ളത്

pertaining to body, ദേഹ deeha *(adj,pfx),* ദേഹശുശ്രൂഷകളെല്ലാം അയാൾ ചെയ്തു

pertaining to body (physical sports), കായികം kaayikaM *(adj),* കായിക ലോകത്ത് അവൾ ഒരു അത്ഭുതമായിരുന്നു.

pertaining to christianity, ക്രൈസ്തവ kRaistava *(adj),* ജോർജ് ഒരു ക്രൈസ്തവ വിശ്വാസിയായിരുന്നു

pertaining to coconut tree, തെങ്ങിൻ teŋŋin *(adj),* തെങ്ങിൻ പൂങ്കുല ഒടിച്ചുകൊണ്ടു വന്നു

pertaining to community, സമുദായിക samudaayika *(adj),* സാമുദായിക കാര്യങ്ങളിൽ അയാൾ ശ്രദ്ധിച്ചില്ല

pertaining to country, ദേശീയ deeSiiya *(adj),* ദേശീയ രംഗത്ത് പല മാറ്റങ്ങളും സംഭവിക്കുന്നു

pertaining to country, രാജ്യ raajya *(adj,pfx),* രാജ്യകാര്യങ്ങളിൽ നിന്ന് അദ്ദേഹം വിട്ടു നിന്നു

pertaining to country, രാഷ്ട്രീയ raa$TRiiya *(adj,pfx),*

രാഷ്ട്രീയ കാര്യങ്ങൾ ഞങ്ങൾ ചർച്ച ചെയ്തു

pertaining to crime, ക്രിമിനൽ kRiminal *(adj,nn),* കേസ് ക്രിമിനൽ കോടതിയിൽ എത്തി

pertaining to danger, വിപൽ vipal *(adj),* ഒരു വിപൽ സന്ദേശമാണ് എനിക്കു പറയാനുള്ളത്

pertaining to dharma, ധാർമ്മിക daaRmmika *(adj),* ധാർമ്മിക ചിന്തകളിലേക്ക് അയാൾ മടങ്ങി

pertaining to doctrine, സൈദ്ധാന്തിക saiddhaantika *(adj),* സൈദ്ധാന്തികമായ കാര്യങ്ങളിൽ അവർ തമ്മിൽ തെറ്റി

pertaining to double, ദ്വയ dvaya *(adj),* ഈ ഖണ്ഡികയിൽ ദ്വയാർഥമുള്ള പദങ്ങളെ അടയാളപ്പെടുത്തൂ

pertaining to fear, ഭയ bhaya *(adj),* ഭയമുണ്ടാക്കുന്ന ഒരു ദൃശ്യം അവൻ കണ്ടു

pertaining to forest, വന്യ vanya *(adj),* വന്യമൃഗങ്ങൾ സ്വൈരം വിഹരിക്കുന്നു

pertaining to fortune, ഭാഗ്യ bhaagya *(adj),* നല്ല ഭാഗ്യമുള്ള കുട്ടിയാണ് അവൻ

pertaining to genital organs, ലൈംഗിക laiMgiika *(adj),* ലൈംഗികമായ ആസക്തി എല്ലാ മനുഷ്യർക്കും ഉണ്ട്

pertaining to Greece, യവന yavana *(adj),* യവനകഥകളിലെ സുന്ദരിയാണ് ഹെലൻ

pertaining to group class race etc, വർഗ്ഗീയ vaRggiiya *(adj),* വർഗ്ഗീയമായ ചിന്താഗതികൾ ഉപേക്ഷിക്കണം

pertaining to husband, ഭർതൃ bhaRtRə *(adj),* ഭർതൃഗൃഹത്തിലേക്ക് അവൾ പോയി

pertaining to joy or happiness, ഹർഷ haR$a *(adj),* അവൾ ഹർഷബാഷ്പം തൂകി

pertaining to Keralam, കേരളീയ keeraLiiya *(adj),* കേരളീയമായ ആചാരാനുഷ്ഠാനങ്ങൾ കേരളത്തിൽ പാലിക്കപ്പെടുന്നു

pertaining to king, രാജ raaja *(adj,pfx),* രാജകൊട്ടാരത്തിലേക്ക് ഞങ്ങൾ പോയി

pertaining to Lord buddha, ബൌദ്ധ bauddha *(adj),* ബൌദ്ധമായ ചില കാര്യങ്ങൾ ഞങ്ങൾ ചർച്ച ചെയ്തു

pertaining to man, മാനവ maanava *(adj),* മാനവമൈത്രിക്കു വേണ്ടി കൂട്ടയോട്ടം നടത്തി

pertaining to musical instrument, വാദ്യ vaadya *(adj),* അയാൾ വാദ്യോപകരണങ്ങൾ വാങ്ങി

pertaining to organic, ജൈവ jaiva *(adj),* ജൈവ വളങ്ങൾ സസ്യങ്ങൾക്ക് നല്ലതാണ്

pertaining to philosophy, ദാർശനിക daaRSanika *(adj),* ദാർശനികമായ ഒരു സമസ്യയാണ് ജീവിതം

pertaining to poem, കാവ്യ kaavya *(adj),* കാവ്യസൌന്ദര്യമുള്ള കവിതയാണ് അത്

pertaining to rain, വർഷ vaR$a *(adj),* ഒരു വർഷകാലത്തിന്റെ ഓർമ്മകൾ അവളിൽ പെയ്തിറങ്ങി

pertaining to real, വാസ്തവ vaastava *(adj),* അയാൾ വാസ്തവ വിരുദ്ധമായ ചില കാര്യങ്ങൾ പറഞ്ഞു

pertaining to red colour, ചെം cem *(adj,pfx),* അതിരാവിലെ ചെങ്കതിർ തെളിഞ്ഞു തുടങ്ങി

pertaining to south, ദക്ഷിണ dak$iNa *(adj),* രവി ദക്ഷിണ ദേശത്തേക്ക് പോയി

pertaining to tantra, താന്ത്രിക taantRika *(adj),* താന്ത്രികമായ ചില വിദ്യകൾ ഉണ്ണിക്കറിയാമായിരുന്നു

pertaining to temple, ക്ഷേത്ര k$eetRa *(adj),* ക്ഷേത്രനിർമ്മാണം തടയാൻ സുപ്രീംകോടതി നിർദ്ദേശിച്ചു

pertaining to the east, പൌരസ്ത്യ paurastya *(adj),* പൌരസ്ത്യ ദേശങ്ങളെല്ലാം അയാൾ ചുറ്റി സഞ്ചരിച്ചു

pertaining to the left, വാമ vaama *(adj),* അവർ എന്റെ വാമഭാഗത്ത് വന്നിരുന്നു

pertaining to the number seven, സപ്ത sapta *(adj),* സപ്തപദികൾ പാടി

pertaining to the number ten, ദശ daSa *(adj),* ദശപുഷ്പങ്ങളും അയാൾ ചൂടിച്ചു

pertaining to the present, വർത്തമാനം vaRttamaana *(adj),* വർത്തമാനകാല യാഥാർത്ഥ്യങ്ങളുമായി അയാൾ പൊരുത്തപ്പെട്ടു

pertaining to the south, തെക്കൻ tekkan *(adj,nn),* അയാൾ ഒരു തെക്കനാണ്

pertaining to the village, ഗ്രാമീണ gRaamiiNa *(adj),* ഗ്രാമീണ മനസ്സ് എപ്പോഴും നിഷ്ക്കളങ്കമാണ്

pertaining to the world, പ്രാപഞ്ചിക pRaapa~cika *(adj),* പ്രാപഞ്ചിക ജീവിതം കഷ്ടപ്പാടുകൾ നിറഞ്ഞതാണ്

pertaining to the world, ലോക looka *(adj),* ലോകകാര്യങ്ങളിൽ ശ്രദ്ധയില്ല

pertinent, പ്രസക്ത pRaSakta *(adj),* പ്രസക്തഭാഗങ്ങൾ അയാൾ ഉൾപ്പെടുത്തി

pest affecting the paddy, ചാഴിവീഴ് caZiviiZə *(comp vb),*

ഞങ്ങളുടെ നെല്ലിൽ മുഴുവനും ചാഴി വീണു

pest which destroyes corn, ചാഴി caaZi *(nn),* നെല്ലിൽ ചാഴിയുടെ ആക്രമണം രൂക്ഷമായി

petal, ഇതൾ itaL *(nn),* കാറ്റിൽ പൂവിന്റെ ഇതൾ അടർന്നു

petal, താള് taaLə *(nn),* പൂവിന്റെ താൾ വാടി

petal, ദളം daLaM *(nn),* താമരദളങ്ങൾ പൂജയ്ക്ക് അർപ്പിച്ചു

petition, അന്യായം anyaayaM *(nn),* അവൻ പോലീസിൽ അന്യായം കൊടുത്തു

petitioner, വാദി vaadi *(nn),* അയാൾ വാദിയാണ്

petrol, പെട്രോൾ peTRooL *(nn),* അയാൾ സ്ക്കൂട്ടറിൽ പെട്രോൾ നിറച്ചു

petroleum, പെട്രോളിയം peTRooLiyaM *(nn),* പെട്രോളിയം ഭൂമിയിൽ നിന്നു കുഴിച്ചെടുക്കുന്നു

petty quarrels between lovers, പ്രണയകലഹം pRaNayakalaham *(nn,comp),* പ്രണയകലഹം ഒരു തരത്തിൽ കാമുകീകാമുകൻമാർ തമ്മിലുള്ള ബന്ധം ദൃഢപ്പെടുത്തുന്നു

phenomenon, പ്രതിഭാസം pRatibhaasaM *(nn),* മാമ്പഴം താഴെ വീഴുന്നതിന്റെ പിന്നിലുള്ള പ്രതിഭാസത്തെക്കുറിച്ചു അറിയാമോ

philosopher, തത്വജ്ഞാനി tattaj~aani *(nn,comp),* സോക്രട്ടീസ് തത്വജ്ഞാനിയായിരുന്നു

philosopher, ദാർശനികൻ daaRSinikan *(nn),* കൃഷ്ണമൂർത്തി ഒരു ദാർശനികനായിരുന്നു

philosophical knowledge, ദർശനം daRSanaM *(nn),* ഇവിടുന്നുള്ള ദർശനം

philosophy, തത്ത്വം taTTvaM *(nn),* തത്ത്വം പറഞ്ഞവന് മുൾക്കിരീടം നല്കി

philosophy, തത്വചിന്ത tatvacinta *(nn),* മനുഷ്യനാണ് എല്ലാ തത്വചിന്തകളും ഉണ്ടാക്കിയത്

philosophy, തത്വശാസ്ത്രം tattaSastRaM *(nn,comp),* പ്ലേറ്റോ തത്വശാസ്ത്രത്തിൽ അപാരപണ്ഡിതനായിരുന്നു

philosopical poem written by Puuntanam, ജ്ഞാനപ്പാന j~aanappaana *(nn,comp),* പൂന്താനം ജ്ഞാനപ്പാന എഴുതി

phlegm, കഫം kaphaM *(nn),* അയാൾക്കു വല്ലാത്ത കഫം ഉണ്ടായിരുന്നു

phlomis, തുമ്പ tumba *(nn),* തുമ്പയിൽ പൂവുണ്ടായി

photograph, ഫോട്ടോ phooTToo *(nn),* ഞാൻ ഇന്നലെ ഒരു ഫോട്ടോ എടുത്തു

photography, ഛായാഗ്രഹണം chaayaagRahaNaM *(nn,comp),* വേണു ഛായാഗ്രഹണം പഠിക്കുന്നു

photography, ഛായാപടം chaayaapaTaM *(nn,comp),* രവി അമ്മയുടെ ഛായാപടം വരച്ചു

physcian of gods, ധന്വന്തരി danvantari *(nn),* ധന്വന്തരി മഹാനായ ഭിഷ്ഗ്വരനായിരുന്നു

physical strength, തടിമിടുക്ക് taTimiTukkə *(nn,comp),* തടിമിടുക്കു കൊണ്ടു മാത്രം കാര്യമില്ല

physics, ഊർജ്ജതന്ത്രം uuRjjatantRaM *(nn),* അവൾ ഊർജ്ജതന്ത്രം പഠിക്കുന്നു

pick, പെറുക്ക് peRukkə *(vt),* രാധ അരിയിൽ നിന്ന് കല്ലു പെറുക്കുന്നു

pick axe, കുന്താണി kuntaaNi *(nn),* അച്ഛൻ കുന്താണി കൊണ്ട് കല്ലെടുത്തു

pick pocketing, പോക്കറ്റടി pookkaRRaTi *(nn,comp),* അവന്റെ തൊഴിൽ പോക്കറ്റടിയാണ്

pick up, എടുക്ക് eTukkə *(vt),* നിലത്തു വീണു കിടന്ന നാണയം എടുത്തു

pickles, അച്ചാർ accaaR *(nn),* അവന് അച്ചാർ ഇഷ്ടമായിരുന്നു

pickles, ഉപ്പിലിട്ടത് uppiliTTatə *(nn),* എനിക്ക് ഉപ്പിലിട്ടത് വേണം

picture, ചിത്രം citRaM *(nn),* രാജൻ നന്നായി ചിത്രം വരയ്ക്കും

picture, പടം paTaM *(nn),* അവൻ അയാളുടെ ഒരു പടം വരച്ചു

picturise, ചിത്രീകരിക്ക് citRiikarikkə *(vb),* മനസ്സിൽ ചിത്രീകരിക്കുന്ന ചില കഥകൾ വേണു പറയുന്നു

piece, കീറ് kiiRRə *(nn,adj),* ഒരു കീറ് വസ്ത്രം അയാൾ ഉടുത്തിരുന്നു

piece, തുണ്ടം tuNTaM *(nn),* അവന് നാട്ടിൽ ഒരു തുണ്ടു ഭൂമിയുണ്ട്

piece, നുറുക്ക് nuRukkə *(nn),* പഴത്തിന്റെ ഒരു നുറുക്ക് അവൻ തിന്നു

piece, മുറി muRi *(nn),* ഒരു മുറി കേക്ക് എടുത്തു.

piece of a coconut with shell, തേങ്ങാകഷണം teeŋŋaaka$NaM *(nn,comp),* സോമു ഒരു തേങ്ങാകഷണം എടുത്തു

piece of broken glass, ചില്ല് cillə *(nn),* ചില്ലുകൊണ്ടുള്ള ഭരണിയായിരുന്നു അത്.

piece of coconut fruit, തേങ്ങാമുറി teeṇṇaamuRi *(nn,comp),* തേങ്ങാ മുറിയിൽ ദീപം വച്ചു

piece of wood while cutting, ചെത്തുപൂള് cettupuuLə *(nn,comp),* ഒരു ചെത്തു പൂള് കണ്ണിൽ തെറിച്ചുകൊണ്ടു

pierce, കുത്തിയിറക്ക് kuttiyiRakkə *(vi),* രമേശ് അയാളുടെ നെഞ്ചിലേക്ക് കത്തി കുത്തിയിറക്കി

pierce and take out, ചൂന്നെടുക്ക് cuunneTukkə *(vi),* കാട്ടാളൻ കുട്ടിയുടെ കണ്ണുകൾ ചൂന്നെടുത്തു

pig, പന്നി panni *(nn),* പന്നികൾ ചെളിയിൽ കളിക്കുന്നു

pig, വരാഹം varaahaM *(nn),* ലോഹ വരാഹത്തിന്റെ വായിൽ അമ്പെയ്തു

pigeon, പ്രാവ് pRaavə *(nn),* പ്രാവ് സമാധാനത്തിന്റെ ചിഹ്നമാണ്

pigeon pea, തുവര tuvara *(nn),* രവിക്ക് തുവര ഇഷ്ടമാണ്

pigment, ചായക്കൂട്ട് caayakkuuTTə *(nn),* അസ്തമയ സമയത്ത് ആകാശം ചായക്കൂട്ടണിയുന്നു

pig's tusk, പന്നിത്തേറ്റ pannitteeRRa *(comp n),* പന്നിത്തേറ്റ കൊണ്ട് മുറിഞ്ഞു

pile, അട്ടി aTTi *(nn),* ഒരു അട്ടിയിൽ കുറേ പുസ്തകങ്ങൾ ഉണ്ട്

pile up, അടുക്ക് aTukkə *(vt),* കല്ലുകളെല്ലാം ഇവിടെ അടുക്കി വയ്ക്കുന്നു

pile up, കുമിയ് kumiyə *(comp vb),* അവിടെ പ്രശ്നങ്ങൾ കുമിഞ്ഞു

pile up, കൂട്ടിവയ്ക്ക് kuuTTivaykkə *(comp vt),* വൈക്കോൽ കൂനയിൽ കൂട്ടി വച്ചു

pile up, സംഭരിക്ക് saMbharikkə *(vi),* ഇവിടെ ധാന്യങ്ങൾ സംഭരിച്ചു വയ്ക്കുന്നു

piles, അർശസ്സ് aRSassə *(nn),* അയാൾ അർശ്ശസ് രോഗിയാണ്

pilfer, തട്ടിയെടുക്ക് taTTiyeTukkə *(comp vb),* കൊള്ളക്കാർ ആഭരണങ്ങളെല്ലാം തട്ടിയെടുത്തു

pilgrim, തീർത്ഥാടകൻ tiiRtthaaTakan *(nn),* തീർത്ഥാടകനായ ആ മനുഷ്യൻ പുണ്യനദിയിൽ വീണു മരിച്ചു

pilgrimage, തീർത്ഥയാത്ര tiiRtthayaatRa *(nn,comp),* തീർത്ഥയാത്ര കഴിഞ്ഞ് ഞങ്ങൾ മടങ്ങി വന്നു

pilgrimage, തീർത്ഥാടനം tiiRtthaTanaM *(nn),* ജീവിതം

ഭൂമിയിൽ ഒരു തീർത്ഥാടനമാണ്

pilgrimage to mecca, ഹജ്ജ് hajjə *(nn),* അവർ ഹജ്ജിന് പുറപ്പെട്ടു

pillar, തൂൺ tuuN *(nn),* വീടിന്റെ ഒരു തൂൺ മറിഞ്ഞുവീണു

pillow, തലയിണ talayiNa *(nn),* ഞാൻ തലയിണയിൽ തലവെച്ച് കിടന്നു

pimple, കുരു kuru *(nn),* അയാളുടെ മുഖത്ത് ഒരു വലിയ കുരു ഉണ്ടായിരുന്നു

pimples, മുഖക്കുരു mukhakkuru *(comp nn),* അയാളുടെ മുഖത്ത് മുഖക്കുരു ഉണ്ടായിരുന്നു

pin, പിന്ന് pin *(nn),* ഒരു ചെറിയ പിന്നു കൊണ്ട് അയാൾ കുത്തി

pinch, കിള്ള് kiLLə *(nn),* കുട്ടി കൂട്ടുകാരിയെ കിള്ളി

pinch, നുള്ള് nuLLə *(vt),* കുട്ടിയെ ആരോ നുള്ളി

pinch, പിച്ച് piccə *(vt),* കുട്ടിയെ കൂട്ടുകാരൻ പിച്ചി

pine, പൈൻ pain *(nn),* പൈൻ മരത്തിന്റെ ചോലയിൽ ഞങ്ങൾ ഇരുന്നു

pine apple fruit, കൈതച്ചക്ക kaitaccakka *(nn,comp),* കൈതച്ചക്കയാണ് ലളിതയ്ക്കിഷ്ടമുള്ള പഴം

pine flower, താഴമ്പൂ taaZambuu *(nn),* താഴമ്പൂ മണമുള്ള തണുപ്പുള്ള രാത്രിയാണിത്

pipe, കാളം kaaLaM *(nn),* അയാൾ കാളം വിളിച്ചു

pipe, കുഴൽ kuZal *(nn),* ഒരു കുഴലിലൂടെ വെള്ളം ഇവിടെ എത്തുന്നു

pipe, പൈപ്പ് paippə *(nn),* പൈപ്പിലൂടെ ജലം പുറത്തേയ്ക്കു വന്നു

pistol, കൈത്തോക്ക് kaittookkə *(nn,comp),* അയാൾ ഒരു കൈത്തോക്കുചൂണ്ടി ഭീഷണിപ്പെടുത്തി

pit, കുണ്ട് kuNTə *(nn),* അവൻ ഒരു കുണ്ടിൽ വീണു

pit, കുഴി kuZi *(nn),* തോട്ടത്തിൽ വാഴ നടാൻ കുഴിയെടുത്തു

pit for garbage, കുപ്പക്കുഴി kuppakkuZi *(nn),* കുപ്പക്കുഴിയിൽ നിന്ന് ഒരു പന്നി എഴുന്നേറ്റു വരുന്നു

pit for planting coconut seedlings, തൈക്കുണ്ട് taikkuNTə *(nn,comp),* തൈക്കുണ്ടിൽ പശുക്കിടാവ് വീണു

pit inside the bund which has been constructed for obstructing water, ചിറക്കുഴി ciRakkuZi *(nn,comp),* ചിറക്കുഴിയിലേക്ക് അയാൾ മറിഞ്ഞു വീണു

pith of tree, ചോറ് cooRə *(nn),* തെങ്ങ് വെട്ടിയിട്ടു ചോറു നീക്കി കഴുക്കോൽ ഉണ്ടാക്കി

pitiable, ദയനീയ dayaniiya *(adj),* വളരെ ദയനീയമായ ഒരു സ്ഥിതിയാണ് അവന്റേത്

pitiable, പരിതാപകരമായ paritaapakaramaya *(adj),* ഇപ്പോൾ അയാളുടെ നില വളരെ പരിതാപകരമായതാണ്

pitiless, നിർദ്ദയ niRddaya *(adj),* ആരോടും നിർദ്ദയമായ പെരുമാറ്റം പാടില്ല

pity, അനുകമ്പ anukamba *(nn),* പാവപ്പെട്ടവരോട് അനുകമ്പ കാണിക്കണം

pity, കഷ്ടം ka$TaM *(nn),* അയ്യോ കഷ്ടം എത്ര ദുസ്സഹമാണ് അവന്റെ സ്ഥിതി

pity, വ്യസനിക്ക് vyasanikkə *(vi),* മധുവിന്റെ പരാജയത്തിൽ എനിക്കു വ്യസനമുണ്ട്

pivot of door, തിരുകുറ്റി tirukuRRi *(nn),* വാതിലിന്റെ തിരുകുറ്റി ആരോ വലിച്ചെടുത്തു.

place, ഊര് uurə *(nn),* പിറന്നൊരൂരിൽ പോകേണം

place, വയ്ക്ക് vaykkə *(vi),* ഇവിടെ പുസ്തകം വയ്ക്കുക

place, സ്ഥലം sathalaM *(nn),* ഈ സ്ഥലം എനിക്ക് പരിചയമില്ല

place, സ്ഥാനം sthaanaM *(nn),* ഈ സ്ഥാനത്തു നിന്നു ഞാൻ പിന്മാറി

place for cattle to sleep, എരുത്തിൽ eruttil *(nn),* പശുക്കളെ എരുത്തിൽ കെട്ടി

place for collecting tax, ചാവടി caavaTi *(nn),* അമ്മ ചാവടിയിൽ പോയി നോക്കി

place for prayer or debates, മണ്ഡപം maNDapaM *(nn),* മണ്ഡപത്തിൽ വിളക്കു കൊളുത്തി പ്രാർത്ഥന നടത്തി

place for sitting attached to the wooden building, തട്ടുപടി taTTupaTi *(nn,comp),* കുട്ടി തട്ടുപടിയിൽ ഇരുന്നു

place of execution, കൊലക്കളം kolakkaLaM *(nn,comp),* ആ കൊലക്കളത്തിൽ വച്ച് രണ്ടു ജീവൻ പാഴായി

place of origin, ഉറവിടം uRaviTaM *(nn),* ഇതാണ് പുണ്യനദിയുടെ ഉറവിടം

place of pilgrimage, കാശി kaaSi *(nn),* അച്ഛൻ കാശിക്കു പോയി

place of pilgrimage, തീർത്ഥം tiiRtthaM *(nn),* തീർത്ഥസ്ഥലത്തേക്ക് അവർ പോയി

place of worship (temple church mosque etc), ദേവാലയം deevaalayaM

(nn,comp), ദേവാലയത്തിൽ പ്രാർത്ഥനകൾ നടക്കുന്നു

place or centre of activites, ക്ഷേത്രം k$eetRaM *(nn),* വാണിജ്യത്തിന്റെ മുഖ്യക്ഷേത്രമാണ് മുംബൈ

place to stick on when situation is embarrasing, നിൽക്കക്കള്ളി nilkkakkaLLi *(nn,comp),* നിൽക്കക്കള്ളിയില്ലാതെ അയാൾ അവിടം വിട്ടു

place where dead body is burnt, ചുടലക്കുഴി cuTalakkuZi *(nn,comp),* ചുടലക്കുഴിയിലേക്ക് ശവം ഇറക്കിവച്ചു

place where two or more roads meet, കവല kavala *(nn),* കവലയിൽ വച്ച് ഞാനൊരു സുഹൃത്തിനെ കണ്ടുമുട്ടി

placenta, മറുപിള്ള maRupiLLa *(nn),* അയാൾ പശുവിന്റെ മറുപിള്ള നീക്കി

placenta, മാച്ച് maaccə *(nn),* പശുവിന്റെ മാച്ച് നീക്കി

placing the feet, പദവിന്യാസം padavinyaasaM *(nn,comp),* നർത്തകിയുടെ പദവിന്യാസത്തിനനുസരിച്ച് താളം പിടിച്ചു

placing the word in poetry, പദവിന്യാസം padavinyaasaM *(nn,comp),* കവിതയിൽ പദവിന്യാസം ഒരു പ്രധാന ഘടകമാണ്

plain, സമതലം samatalaM *(nn),* സമതലത്തിൽ നെൽകൃഷി ചെയ്യുന്നു

plait, മെടയ് miTayə *(vi),* അയാൾ ഓല മെടയുന്നത് നോക്കി നിന്നു

plaited, മെടഞ്ഞ meTa~~a *(adj),* മെടഞ്ഞ ഓലകൾ അയാൾ കെട്ടിവച്ചു

plam of hand, പത്തി patti *(nn),* കൈയ്യുടെ പത്തിയാണ് വോട്ടു ചെയ്യാനുള്ള ഒരു അടയാളം

plan, പദ്ധതി paddhati *(nn),* അയാളുടെ പദ്ധതി പൊളിഞ്ഞു

plan, പ്ലാൻ plan *(nn),* എഞ്ചിനീയർ ഒരു പ്ലാൻ വരച്ചു

planet, ഗ്രഹം gRahaM *(nn),* ചൊവ്വ ഒരു ഗ്രഹമാണ്

planet mars (Tuesday), ചൊവ്വ covva *(nn),* ചൊവ്വയിലേക്ക് റോക്കറ്റയച്ചു

planet mercury, ബുധൻ budhan *(nn),* ബുധൻ സൂര്യനോട് ഏറ്റവും അടുത്ത ഗ്രഹമാണ്

planet Neptune, നെപ്ട്യൂൺ nepTuuN *(nn),* നെപ്ട്യൂൺ സൌരയൂഥത്തിലെ ഒരു ഗ്രഹമാണ്

planetary alignment with consequence in marital life, ചൊവ്വാദോഷം covvadoo$aM

(nn,comp), രാധയ്ക്ക് ചൊവ്വാദോഷമുണ്ടത്രേ

plank, പലക palaka *(nn),* രവി ഒരു പലകമേൽ ഇരുന്നു

plank, ഫലകം phalakaM *(nn),* അയാൾ ഒരു ഫലകത്തിൽ ഇരുന്നു

plank on which to sharpen implements by rubbing, തേപ്പുപലക teeppupalaka *(nn,comp),* ആശാരി തേപ്പുപലക കൊണ്ടുവന്നില്ല

planning, ആസൂത്രണം aasuutRaNaM *(nn),* പദ്ധതിയുടെ വിജയത്തിന് ആസൂത്രണം നടത്തി

plant, കസ്തൂരിമഞ്ഞൾ kastuurima~~aL *(nn,comp),* കസ്തൂരി മഞ്ഞൾ അവൾ മുഖത്തു പുരട്ടി

plant, നട്ടുവളർത്ത് naTTuvaLaRttə *(vt),* സീത തോട്ടത്തിൽ ചെടികൾ നട്ടുവളർത്തി

plant (impatiens balsamina), ഞൊട്ടാഞൊടുങ്ങ് ~oTTaa~aTuŋŋə *(nn),* കുട്ടി ഞൊട്ടാഞൊടുങ്ങിന്റെ ഇല പറിച്ചു

plantain tree, വാഴ vaaZa *(nn),* അയാൾ വാഴ നട്ടു

plantain with fruit cluster used for decoration, കുലവാഴ kulavaaZa *(nn),* കുലവാഴ അലങ്കരിക്കാൻവേണ്ടി വെട്ടിയെടുത്തു

plaster with cow dung, ചാണകംതേയ്ക്ക് caaNakaMteeykkə *(comp vb),* അമ്മ മുറ്റത്ത് ചാണകം തേച്ചു

plastering of wall, ചെത്തിത്തേപ്പ് cettiteeppə *(nn,comp),* ഇവിടെ ഇതുവരേയും ചെത്തിത്തേപ്പു നടത്തിയിട്ടില്ല

play, കളി kaLi *(nn),* കുട്ടി കളി കഴിഞ്ഞ് മടങ്ങിയെത്തി

play, കളിക്ക് kaLikkə *(vi),* എപ്പോഴും കളിച്ചാൽ മതിയോ?

play, കേളിയാട് keeLiyaaTə *(comp vb),* അവർ ഓരോ കേളിയാടി

play, നാടകം naaTakaM *(nn),* അയാൾ നാടകം കാണുന്നു

play, ലീല liila *(nn),* അവർ പല ലീലകളും ചെയ്തു

play (by children), കളിയാട് kaLiyaaTə *(vi),* കുട്ടികൾ മുറ്റത്ത് കളിയാടുന്നു

play by woman with clapping of hands, കുമ്മി kummi *(nn),* സ്ത്രീകൾ കുമ്മി കളിക്കുന്നു

play ground, കളിത്തട്ട് kaLittaTTə *(nn,comp),* അവർ കളിത്തട്ടിൽ കളിക്കുന്നു

play house, കേളീഗൃഹം keeLiigRhaM *(nn,comp),* രാജാവ് കേളീ ഗൃഹത്തിലേക്ക് പ്രവേശിച്ചു

play on a veena, മീട്ട് miTTə *(vt),* അവൾ വീണ മീട്ടി

player, കളിക്കാരൻ kaLikkaaran *(nn),* അയാൾ നല്ല കളിക്കാരനായിരുന്നു

playing cards, ചീട്ടുകളി ciiTTukaLi *(nn,comp),* രാജന് ചീട്ടു കളിയറിയാം

playing marble, ഗോലി goli *(nn),* കുട്ടികൾ ഗോലി കളിക്കുന്നു

playing with fire, തീക്കളി tiikkaLi *(nn),* തീക്കളി കളിക്കുന്നത് നല്ലതല്ല

plaza, വിപണിസ്ഥലം vipaNisthalaM *(nn),* വിപണിസ്ഥലത്ത് എപ്പോഴും ബഹളം തന്നെ

pleasant, സുഖകരമായ sukhkakaramaya *(adj),* സുഖകരമായ ആ ഗാനത്തിൽ ഞാൻ ലയിച്ചിരുന്നു

please, ദയവായി dyavaayi *(in),* ദയവായി വാതിൽ അടയ്ക്കൂ

please come, വരണം varaNaM *(nn),* വരണം ഇരിക്കണം

pleased, തൃപ്തമായ tRəptamaaya *(adj),* വളരെ തൃപ്തമായ ഒരു സദ്യയായിരുന്നു അത്

pleasentness of face, മുഖപ്രസാദം mukhapRasaadaM *(comp nn),* അയാളുടെ മുഖപ്രസാദം നഷ്ടപ്പെട്ടു

pleasing the mind, മനോരഞ്ജനം manoora~janaM *(nn,comp),* ആ കാഴ്ച മനോരഞ്ജനം ഉണ്ടാക്കി

pleasing word which is insincere, ചക്കരവാക്ക് cakkaravaakkə *(nn,comp),* രവി ഓരോ ചക്കരവാക്കുകൾ പറഞ്ഞ് മയക്കാൻ ശ്രമിക്കുന്നു

pleasure, തുഷ്ടി tu$Ti *(nn),* തുഷ്ടിയോടെ അനിൽ അവിടെ ജീവിച്ചു

pleasure, പ്രമോദം pRamoodaM *(nn),* പ്രമോദത്തിനു വേണ്ടി മാത്രമാണോ ജീവിതം?

pleasure, സന്തോഷം santoo$aM *(nn),* കുട്ടിക്ക് സന്തോഷം തോന്നുന്നു

plebiscite, ജനഹിതപരിശോധന janahitapariSoodhana *(nn,comp),* സംസ്ഥാനത്ത് ജനഹിത പരിശോധന നടന്നു

pledge, പ്രതിജ്ഞ pRati~a *(nn),* സ്വാതന്ത്ര്യദിനത്തിൽ പ്രതികൾ പ്രതിജ്ഞ ഏറ്റു

pleets on the back particularly by christian woman, ഞൊറി ~oRi *(nn),* അവരുടെ മുണ്ടിന്റെ ഞൊറിയിൽ പിടിച്ച് കുട്ടി വലിക്കുന്നു

plentiness, പൊലിമ polima *(nn),* നല്ല പൊലിമ തോന്നിക്കുന്ന ആഭരണങ്ങൾ

plentitude, പ്രാചുര്യം pRaacuryaM *(nn),* പുസ്തകങ്ങളുടെ പ്രാചുര്യം വായനയുടെ ഗുണം വർദ്ധിപ്പിച്ചില്ല

plentitude, ബാഹുല്യം baahulyaM *(nn),* പുസ്തകങ്ങളുടെ ബാഹുല്യം ആ ലൈബ്രറിയെ മികച്ചതാക്കി

plentitude, സുഭിക്ഷം subhi$aM *(nn),* അയാളുടെ ജീവിതം സുഭിക്ഷമാണ്

plenty, ധാരാളം daaraaLaM *(nn),* അവിടെ ധാരാളം പേർ വന്നു.

plenty, സമൃദ്ധി samRddhi *(nn),* സമൃദ്ധിയുടെ നാളുകൾ കഴിഞ്ഞു

plinth, അടിത്തറ aTittaRa *(nn),* ഈ വീടിന്റെ അടിത്തറ ഇളകി

plot against, കുഴിതോണ്ട് kuZitooNTə *(comp vb),* അയാൾ സ്വന്തം കുഴിതോണ്ടി വച്ചു

plot of a story, കഥാതന്തു kathaatantu *(nn,comp),* നാടകത്തിന്റെ കഥാതന്തു എന്താണ്

plot of story, ഇതിവൃത്തം itivRəttaM *(nn),* ഇതിവൃത്തത്തിൽ സാരമായ മാറ്റങ്ങൾ കണ്ടു

plot surrounded by a wall, മതിലകം matilakaM *(nn),* മതിലകത്ത് ആരോ കടന്നു

plough, ഉഴ് uZə *(vt),* കൃഷിക്കാരൻ വയൽ ഉഴുന്നു

plough, കലപ്പ kalappa *(nn),* കാള കലപ്പ വലിച്ചുകൊണ്ടുപോകുന്നു

ploughed field, ഉഴുനിലം uZunilaM *(nn,comp),* ഉഴുനിലത്ത് വിത്തു വിതച്ചു

ploughed field, ദാരം daaraM *(nn),* ദാരത്തിൽ വിത്ത് വിതച്ചു

pluck, പറിച്ചെടുക്ക് paRicceTukkə *(vt),* കുട്ടി പൂക്കൾ പറിച്ചെടുക്കുന്നു

pluck fruit from a bunch, ഇരിയ് iriyə *(vt),* കുട്ടി പഴം ഇരിഞ്ഞു

pluck the flower, ഇറുക്ക് iRukkə *(vt),* കുട്ടി പൂക്കൾ ഇറുക്കിയെടുത്തു

plump, തുടുത്ത tuTutta *(adj),* അവളുടെ തുടുത്ത കവിളുകൾ ആരെയും ഭ്രമിപ്പിക്കും

plunder, കൊള്ള koLLa *(nn),* ബാങ്കിൽ ഇന്നലെ കൊള്ള നടന്നു

plunderer, കൊള്ളക്കാരൻ koLLakkaaran *(nn),* കൊള്ളക്കാരൻ ബാങ്ക് കവർച്ച ചെയ്തു

pocket, കീശ (പോക്കറ്റ്) kiiSa (pooKKaRRə) *(nn),* എന്റെ കീശയിൽ പണമില്ല

pocket, പോക്കറ്റ് pookkaRRə *(nn),* പോക്കറ്റിൽ പണം ഉണ്ടായിരുന്നില്ല

poem, കവിത kavita *(nn),* എനിക്ക് കവിത ഇഷ്ടമാണ്

poem, കാവ്യം kaavyaM *(nn),* കാവ്യം എഴുതുന്നയാൾ കവി

poems written in which a particular regional language and sanskrit are combined, മണിപ്രവാളം manipRavaaLaM *(nn),* മണിപ്രവാളത്തിന്റെ കാലഘട്ടം വളരെ പഴക്കമുള്ളതാണ്

poet, കവി kavi *(nn),* കവി കവിത എഴുതുന്നു

poetess, കവയിത്രി kavayiTRi *(nn),* കവയിത്രി കവിത എഴുതുന്നു

poetess, കവയത്രി kavaiyatRi *(nn),* കമലാദാസ് ഒരു ഇൻഡോ-ആംഗ്ലിയൻ കവയത്രിയാണ്

poetical composition of great length, മഹാകാവ്യം mahaakaavyaM *(nn,comp),* മഹാകാവ്യമെഴുതാത്ത മഹാകവിയാണ് അദ്ദേഹം

poetry, പദ്യം padyaM *(nn),* അവൻ ഒരു പദ്യം രചിച്ചു

point, ബിന്ദു bindu *(nn),* ഒരു ബിന്ദുവിൽനിന്ന് മറ്റൊരു ബിന്ദുവിലേക്ക് ദൂരമെത്രയാണ്

point out, കാട്ട് kaaTTə *(vt),* അയാൾ ഒരു തെറ്റു ചൂണ്ടിക്കാട്ടി

point out, ചൂണ്ടിക്കാണിക്ക് cuuNTikkaaNikkə *(vt),* അപകടം നടന്ന സ്ഥലം ചൂണ്ടിക്കാണിച്ചു

point out, ചൂണ്ട് cuuNTə *(vi),* രവി വലിയ വീട് ചൂണ്ടിക്കാണിച്ചു

pointed, തൂശൻ tuuSan *(adj),* തൂശൻ ഇലയിട്ട് ഞങ്ങൾ ഉണ്ണാനിരുന്നു

poison, നഞ്ഞ് na~~ə *(nn),* നഞ്ഞ് വാങ്ങാൻ പോലും പണമില്ല

poison, വിഷം vi$aM *(nn),* മദ്യം വിഷമാണ്

polarisation, ധ്രുവീകരണം dRuviikaraNaM *(nn),* അധികാരത്തിനു ധ്രുവീകരണം സംഭവിച്ചു.

pole, കഴ kaZa *(nn),* വള്ളം ഊന്നാൻ കഴ ഉപയോഗിക്കുന്നു

pole cat, മരപ്പട്ടി marappaTTi *(nn,comp),* മരപ്പട്ടി മരത്തിൽ കയറി ഇരുന്നു

poles of earth poles of a magnet, ധ്രുവം dRuvaM *(nn),* ധ്രുവങ്ങളിലേക്ക് പക്ഷികൾ പറക്കുന്നു

police, പോലീസ് pooliisə *(nn),* സംഭവം കഴിഞ്ഞ് പോലീസ് വന്നു

police station, പോലീസ് സ്റ്റ്റഷേന് *(nn),* പോലീസ് സ്റ്റേഷൻ ജനം പിക്കറ്റു ചെയ്തു

policeman, പോലീസുകാരൻ poliisukaaran *(nn),* പോലീസുകാരൻ പ്രതിയെ വിലങ്ങുവച്ചു

policy, പോളിസി pooLisi *(nn),* അയാൾ ഒരു പോളിസി എടുത്തു

polish, പോളിഷ് pooLi$ə *(nn),* അയാൾ മേശയ്ക്ക് പോളിഷ് അടിച്ചു

polish, മിനുക്ക് minukkə *(vt),* അവൾ എല്ലാം തുടച്ച് മിനുക്കി

polishing, തേപ്പ് teeppə *(nn),* തേപ്പ് കഴിഞ്ഞ് വെയിലത്തു വച്ചു

polishing chisel, ചിന്തേര് cinteerə *(nn),* ആശാരി ചിന്തേരിടുന്നു

polite, മര്യാദയുള്ള maRyaadayuLLa *(adj),* വളരെ മര്യാദയുള്ള സ്വഭാവമായിരുന്നു അവന്റേത്

political science, രാഷ്ട്രമീമാംസ raa$TRamiimaaMsa *(comp nn),* രാഷ്ട്രമീംമാസയിൽ അവർ വിശാരദയാണ്

politics, രാജ്യതന്ത്രം raajyatantRaM *(comp nn),* അയാൾ രാജ്യതന്ത്രം പഠിച്ചു

politics, രാഷ്ട്രീയം raa$TRiiyaM *(nn),* രാഷ്ട്രീയം ഇന്നൊരു കച്ചവടമാണ്, സർക്കാർ കാര്യം മുറപോലെ

poll tax, തലവരി talavari *(nn,comp),* ഓരോരുത്തരും തലവരികൊടുക്കണമെന്ന് അധികാരികൾ പറഞ്ഞു

pollen grains, പൂമ്പൊടി puumboTi *(nn),* പൂവിൽ നിന്ന് പൂമ്പൊടി പൊഴിഞ്ഞു.

pollution by touching, തൊടീൽ toTiil *(nn),* തീണ്ടലും തൊടീലും ഇവിടെ പണ്ടുണ്ടായിരുന്നു

pollution due to the death of relatives observed by Hindus, ചക്കാല caakkala *(nn),* ചക്കാല പറയാൻ വന്നയാൾക്ക് കാപ്പി കൊടുത്തില്ല

pollution due to touching seeing etc, തീണ്ടൽ tiiNTal *(nn),* തീണ്ടലും തൊടീലും പത്തൊമ്പതാം നൂറ്റാണ്ടിൽ കേരളത്തിലുണ്ടായിരുന്നു

pomp, പ്രതാപം pRataapam *(nn),* അയാൾ പ്രതാപം മാത്രം മനസ്സിൽ കണ്ടുകൊണ്ട് ജോലിചെയ്തു

pomp, മോടി mooTi *(nn),* വളരെ മോടിയോടെ അയാൾ നടന്നു

pomposity, ഞെളിവ് ~eLivə *(nn),* മധുവിന്റെ ഞെളിവ് എല്ലാവരും വെറുത്തു

pomposity, പത്രാസ് patRaasə *(nn),* അയാളുടെ പട്ടവും പത്രാസും ആരും ഇഷ്ടപ്പെട്ടില്ല

pond, കുളം kuLaM *(nn),* കുളത്തിൽ താമരകൾ വിടർന്നു നിൽക്കുന്നു

pond, സരോവരം sarittə *(nn),* ഞങ്ങൾ നൈനിത്താലിലെ സരോവരത്തിലൂടെ യാത്ര ചെയ്തു

ponkal festival of tamils, പൊങ്കൽ poŋkal *(nn),* അവർ പൊങ്കൽ ആഘോഷിച്ചു

pooling of the annual proceeds, മുതലെടുപ്പ് mutaleTuppə *(comp nn),* സർക്കാരിന് മുതലെടുപ്പനുസരിച്ച് കരം തീർത്തു

poor, ദരിദ്രമായ daridRamaaya *(adj),* വളരെ ദരിദ്രമായ അവസ്ഥയാണ് അവന്റേത്

poor, നിർദ്ധന niRddhana *(adj),* അവൾ നിർദ്ധന കുടുംബത്തിൽ പിറന്നു

poor man, ദരിദ്രൻ daridRan *(nn),* അയാൾ ഒരു ദരിദ്രനാണ്

poor person, നിർദ്ധനൻ niRddhanan *(adj),* അയാൾ ഒരു നിർദ്ധനനാണ്

pooyam star of the month of thai, തൈപ്പൂയം taippuuyaM *(nn,comp),* തൈപ്പൂയത്തിന് കാവടിയാട്ടം നടത്തി

Pope, മാർപ്പാപ്പ maaRpaappa *(nn),* മാർപ്പാപ്പ എല്ലാവരേയും അനുഗ്രഹിച്ചു

popular will, ജനഹിതം janahitaM *(nn,comp),* മന്ത്രി ജനഹിതം ആരാഞ്ഞു

popularity, ജനപ്രീതി janapRiiti *(nn,comp),* ജനപ്രീതി ലക്ഷ്യമാക്കി ശശി നാടകമെഴുതി

population, ജനസംഖ്യ janasaMkhya *(nn),* ഇന്ത്യയിൽ ജനസംഖ്യ കുറഞ്ഞു വരുന്നു

porcelain, പിഞ്ഞാണം pi~~aaNaM *(nn),* പിഞ്ഞാണത്തിൽ അല്പം പഞ്ചസാര വേണം

pork, പന്നിയിറച്ചി panniyiRacci *(nn),* ഞാൻ പന്നിയിറച്ചി കഴിച്ചിട്ടില്ല

portable fire, നെരിപ്പോട് nerippoTə *(nn),* അമ്മ നെരിപ്പോട് കത്തിച്ചു

porter's wage, ചുമട്ടുകൂലി cumaTTukuuli *(nn,comp),* ഇപ്പോൾ ചുമട്ടുകൂലി അധികമായെന്ന് ചുമട്ടുകാരൻ പറഞ്ഞു

portico, പൂമുഖം puumukhaM *(nn),* പൂമുഖത്ത് ആരോ വന്നു നിൽക്കുന്നു

portion, ഭാഗം bhaagaM *(nn),* വീടിന്റെ ഒരു ഭാഗം

വാടകയ്ക്കു കൊടുത്തിരിക്കുകയാണ്

position, അവസ്ഥ avastha *(nn),* ആ അവസ്ഥയിൽ എനിക്കൊന്നും ചെയ്യാൻ കഴിഞ്ഞില്ല

position, നില nila *(nn),* തപസ്സു ചെയ്യുന്ന പാർവ്വതിയുടെ നില കാളിദാസൻ വർണ്ണിച്ചു

position, നിലപാട് nilapaaTə *(nn,comp),* രവി തന്റെ നിലപാട് വ്യക്തമാക്കി

position, സ്ഥാനം sthaanaM *(nn),* അദ്ദേഹം ഡയറക്ടർ സ്ഥാനത്ത് നിന്ന് ഒഴിഞ്ഞു മാറി

position or status of Dewan, ദിവാൻപദവി divaanpadavi *(nn,comp),* അയാൾ ദിവാൻ പദവി ഉപേക്ഷിച്ചു

possessed by spirit, ബാധ baadha *(nn),* ബാധയൊഴിപ്പിക്കാൻ അവർ മന്ത്രം ചൊല്ലി

possessed devil dance, കോമരം koomaraM *(nn),* മാധവൻ കോമരം തുള്ളി

possessing the attribute of satva, സാത്ത്വിക saattvika *(adj),* സാത്ത്വികഗുണമുള്ളവർ പൊതുവേ ശാന്തസ്വഭാവക്കാരാണ്

possession, കൈവശം kaivaSaM *(nn),* കൈവശമുള്ള ഭൂമിക്ക് പട്ടയം കിട്ടി

possession, വശം vaSaM *(nn),* എന്റെ കൈവശം ഉള്ള രൂപ ഞാൻ അവന് കൊടുക്കട്ടെ

possessor, കൈവശക്കാരൻ kaivaSakkaaran *(nn,comp),* കൈവശക്കാരൻ സ്ഥലം ഒഴിഞ്ഞു കൊടുത്തില്ല

possibility of happening, സംഭാവ്യം saMbhaavyaM *(nn),* അത് തികച്ചും സംഭാവ്യമാണ്

possible, സാധിക്ക് saadhikkə *(vi),* എനിക്ക് അതു ചെയ്യാൻ സാധിക്കില്ല

possible, സാധ്യ saadhya *(adj),* സാധ്യമായ എല്ലാം അവർ പരിശോധിച്ചു

possiblity of rain and wind, കോള് (ൾ kooLə (L) *(nn),* ആകാശത്ത് മഴയ്ക്ക് കോളുണ്ട്

post, തപാൽ tapaal *(nn),* ഇന്ന് തപാൽ മുടക്കമാണ്

post, പോസ്റ്റ് poosRRə *(nn),* അവൻ ഒരു പോസ്റ്റ് കുഴിച്ചിട്ടു

post (in the sense of letter), പോസ്റ്റ് poosRRə *(nn),* ഇന്നത്തെ പോസ്റ്റ് വന്നില്ല

post card, തപാൽക്കാർഡ് tapaalkkaaRDə *(nn),* അയാൾ തപാൽക്കാർഡ് പോസ്റ്റു ചെയ്തില്ല

post man, തപാൽക്കാരൻ tapaalkkaaran *(nn,comp),*

തപാൽക്കാരൻ തപാൽ കൊണ്ടു വന്നു

post office, തപാലാപ്പീസ് tapaalaappiisə *(nn),* ഞാൻ തപാലാപ്പീസിൽ പോയി എഴുത്തുവാങ്ങി

post pone, മാറ്റിവയ്ക്ക് maaRRivaykkə *(vt),* ഒരു കാര്യവും മാറ്റിവയ്ക്കരുത്

postal, അഞ്ചൽ a~cal *(nn),* അഞ്ചലെടുക്കാൻ ആൾ വന്നു

postal stamp, തപാൽസ്റ്റാമ്പ് tapaalsRRaambə *(nn),* രാഷ്ട്രപിതാവിന്റെ പേരിൽ ഒരു തപാൽ സ്റ്റാമ്പ് പുറത്തിറങ്ങി

postman, പോസ്റ്റ്മാൻ poosRRəmaan *(nn),* കൃത്യമായി എന്റെ വീട്ടിൽ വരാറുള്ള പോസ്റ്റ്മാനെ സ്ഥലം മാറ്റി

postmortem, പോസ്റ്റുമാർട്ടം poosRRumaaRTTaM *(nn),* പോസ്റ്റുമാർട്ടം റിപ്പോർട്ടിൽ മരണം അപകടം മൂലമാണെന്ന് സമ്മതിക്കുന്നു

postpone, നീട്ടിവയ്ക്ക് niiTTivaykkə *(vt),* കുട്ടികളുടെ പരീക്ഷ നീട്ടി വച്ചു

posture in yoga, പത്മാസനം patmaasanaM *(nn),* അയാൾ പത്മാസനത്തിൽ ഇരുന്നു

pot, കുംഭം kumbhaM *(nn),* കുംഭത്തിൽ വെള്ളം നിറച്ചു.

pot, കുടം kuTaM *(nn),* കുടത്തിൽ വെള്ളം കൊണ്ടു വന്നു

pot ash, ചാരം caaraM *(nn),* പണിക്കാർ തെങ്ങിന്റെ ചുറ്റും ചാരം ഇട്ടു

pot belly, കുടവയർ kuTavayaR *(nn),* അയാൾ കുടവയർ കുലുക്കി നടന്നു

pot in which rice gruel is prepared, കഞ്ഞിക്കലം ka~~ikkalaM *(nn,comp),* കഞ്ഞിക്കലത്തിൽ കഞ്ഞി വച്ചു

pot in which rice is boiled, ചോറ്റുകലം cooRRukalaM *(nn,comp),* അമ്മ ചോറ്റുകലം അടുപ്പത്തു വച്ചു

potash, ചാമ്പൽ cambal *(nn),* ഫിനിക്സ് പക്ഷിയുടെ ചാമ്പലിൽ നിന്ന് പുതിയ പക്ഷികൾ ഉയിർത്തെഴുന്നേൽക്കുമത്രെ

potato, ഉരുളക്കിഴങ്ങ് uruLakkiZaŋŋə *(nn),* അവൻ ഉരുളക്കിഴങ്ങ് ധാരാളം ഭക്ഷിക്കും

potter, കുശവൻ kuSavan *(nn),* കുശവൻ പാത്രമുണ്ടാക്കുന്നു

poultry farming, കോഴികൃഷി kooZikR$i *(nn,comp),* ഞങ്ങൾ കോഴിക്കൃഷി നടത്തുന്നുണ്ട്

pound, കുത്ത് kuttə *(vb),* അമ്മ നെല്ല് കുത്തുന്നു

pound, റാത്തൽ Raattal *(nn),* ഒരു റാത്തൽ മാംസം മുറിച്ചെടുത്തു

pound in the sense of currency, പൌണ്ട് pauNTə *(nn),* അയാൾ ഒരു പൌണ്ട് നേടി

pour, ഒഴിക്ക് oZikkə *(vt),* കുറച്ച് വെള്ളം ഒഴിക്കൂ

pour, ഒഴുക്ക് oZukkə *(vt),* അയാൾ വെള്ളം ഒഴുക്കി കളഞ്ഞു

pour out, ചൊരിയ് coriyə *(nn),* അമ്മ വെള്ളം പുറത്തേക്ക് ചൊരിഞ്ഞു

pour out in tears, പൊഴിക്ക് poZikkə *(vt),* അവൾ കണ്ണീർ പൊഴിക്കുന്നു

pour out water from boiled rice or vegetables, വാർക്ക് vaaRkkə *(vt),* അമ്മ അരി വാർക്കുന്നു

poverty, ദാരിദ്ര്യം daaridryaM *(nn),* സമൂഹത്തിലെ ദാരിദ്ര്യം നീക്കാൻ അദ്ദേഹം പരിശ്രമിച്ചു

poverty, ദീനത diinata *(nn),* അവന്റെ ദീനത മാറിയില്ല

poverty, നിർഗ്ഗതി niRggatti *(nn),* നിർഗ്ഗതി കൊണ്ടാണ് അയാൾക്ക് ആ ഗതി വന്നത്

powder, ചൂർണ്ണം cuuRNNaM *(nn),* കുളിക്കാൻ ചില ചൂർണ്ണങ്ങൾ പണ്ടുള്ളവർ ഉപയോഗിച്ചിരുന്നു

powder, തൂൾ tuuL *(nn),* രവി തവിടിന്റെ തൂൾ വിതറി

powder made of rice, ക്ഷോദം k$oodaM *(nn),* ക്ഷോദം കൊണ്ട് പലഹാരം ഉണ്ടാക്കുന്നു

powder of roasted corn, മലർപ്പൊടി malaRppoTi *(nn,comp),* മലർപ്പൊടിക്കാരന്റെ മനോരാജ്യം

powder to be scattered on a medicinal decoction, മേമ്പൊടി meemboTi *(nn),* അയാൾ കഷായത്തിൽ മേമ്പൊടി വിതറി

powdering, പൊടിയ്ക്കൽ poTiykkal *(nn),* അരയ്ക്കലും പൊടിക്കലും കഴിഞ്ഞില്ല

power, അധികാരം adhikaaraM *(nn),* അധികാരം കിട്ടിയതോടെ അയാൾ അത് ദുർവിനിയോഗം ചെയ്തു തുടങ്ങി

power of charm, മന്ത്രശക്തി mantRaSakti *(nn,comp),* മന്ത്രശക്തികൊണ്ട് അയാൾ ദുഷ്ടശക്തിയെ തടഞ്ഞു

power of imagination, കൽപ്പനാശക്തി kalppanaaSakti *(nn,comp),* അദ്ദേഹത്തിന്റെ കല്പനാശക്തിയുടെ വൈഭവമാണത്

power of magination, ഭാവനാശക്തി bhaavanaaSakti *(nn,comp),* അവൾക്ക് നല്ല ഭാവനാശക്തിയുണ്ട്

power of meditation, ധ്യാനശക്തി dyaanaSakti *(nn,comp),* ധ്യാനശക്തി കൊണ്ട് അയാൾ അതു സാധിച്ചു

power of thought, മനോധർമ്മം manoodhaRmmaM *(nn,comp),* മനോധർമ്മം പോലെ ചെയ്യുവാൻ അയാൾ മകനോടു പറഞ്ഞു

power of understanding, ധാരണാശക്തി dhaarNaaSakti *(nn,comp),* ധാരണാശക്തി ഇല്ലാത്തയാൾക്കു എങ്ങനെ ദേശം നയിക്കാൻ സാധിക്കും

power politics, കക്ഷിരാഷ്ട്രീയം kak$iraa$TRiiyaM *(nn,comp),* കക്ഷി രാഷ് ട്രീയക്കാരൻ എപ്പോഴും വാഗ്ദാനങ്ങൾ നല്കുന്നു.

powerful, ബലവത്ത് balavattə *(adj),* ബലവത്തായ പാറക്കെട്ടുകൾ

powerful person, കരുത്തൻ karuttan *(nn),* അയാൾ ഒരു കരുത്തനായിരുന്നു

practice, അഭ്യസനം abhyasanaM *(nn),* അവന്റെ അഭ്യസനം കഴിഞ്ഞ് അവൻ മടങ്ങി

practice, വഴക്കം vaZakkaM *(nn),* ക്ലാസിൽ പഠിപ്പിക്കുന്നതിന് നല്ല വഴക്കമുണ്ടായിരുന്നു

practice of arts, കലാവിദ്യ kalaavidya *(comp n),* അയാളുടെ കലാവിദ്യ എല്ലാവരാലും പ്രശംസിക്കപ്പെട്ടു

practice of yoga, യോഗാഭ്യാസം yoogaabhyaasaM *(nn,comp),* യോഗാഭ്യാസം ചെയ്താൽ ആരോഗ്യം നിലനിർത്താം

praise, പുകഴ്ത്ത് pukaZttə *(vt),* പുകഴ്ത്തുന്നതു കേൾക്കാൻ പലർക്കും ഇഷ്ടമാണ്

praise, പ്രകീർത്തിക്ക് pRakiiRttikkə *(vt),* സമ്മാനം കിട്ടിയത് കൊണ്ട് എല്ലാവരും അവനെ പ്രകീർത്തിക്കുന്നു

praise, പ്രശംസ pRaSaMsa *(nn),* അയാൾക്ക് നല്ല പ്രശംസ കിട്ടി

praise, വാഴ്ത്ത് vaaZttə *(vt),* അയാളെ എല്ലാവരും വാഴ്ത്തി

praise worthy, മഹനീയ mahaniiya *(adj),* മഹനീയമായ പ്രവൃത്തിയായിരുന്നു അത്

pranava mantra, ഓം ooM *(nn),* ഓം എന്നത് പ്രണവ മന്ത്രമാണ്

pranavam, നാദബ്രഹ്മം naadabRamaM *(nn,comp),* നാദബ്രഹ്മത്തിൻ സാഗരത്തിൽ അവർ മുങ്ങി

prattle, കൊഞ്ചൽ ko~cal *(nn),* കുട്ടിയുടെ കൊഞ്ചൽ മാറിയിട്ടില്ല

prattling, ജൽപനം jalpanaM *(nn),* രവിയുടേത് വെറും ജൽപനമായിരുന്നു

prawn, കൊഞ്ച് ko~cə *(vi),* ഇന്ന് കൊഞ്ച് മീൻ കൊണ്ട് കറിയുണ്ടാക്കി

prawn, ചെമ്മീൻ cemmiin *(nn),* ചെമ്മീൻ രാജന് ഇഷ്ടമായിരുന്നു

pray for, പ്രാർത്ഥിക്ക് pRaaRthikkə *(vt),* അയാൾ ദൈവത്തോട് പ്രാർത്ഥിക്കുന്നു

prayer, അപേക്ഷ apeek$a *(nn),* അപേക്ഷാ രൂപത്തിൽ ഞാൻ ദൈവത്തോടുപറഞ്ഞു

prayer, പ്രാർത്ഥന pRaaRtthana *(nn),* അയാളുടെ പ്രാർത്ഥന ദൈവം സ്വീകരിച്ചു

prayer hall, പ്രാർത്ഥനാലയം pRaaRthanaalayaM *(nn,comp),* പ്രാർത്ഥനാലയത്തിലേക്ക് ഞങ്ങൾ പ്രവേശിച്ചു

prayer of muslims, നിസ്കാരം niskkaaraM *(nn),* നിസ്കാരം കഴിഞ്ഞ് അഹമ്മദ് യാത്രയായി

precarious situation, ഏടാകൂടം eeTaakuuTaM *(nn,comp),* അയാൾ ഓരോ ഏടാകൂടങ്ങളിൽ ചെന്നു വീണു

preceptor, ഗുരുജനം gurujanaM *(nn,comp),* ഗുരുജനങ്ങളോട് രവി നന്നായി പെരുമാറി

preceptor, ഗുരുഭൂതൻ gurubhuutan *(nn,comp),* ഗുരുഭൂതനായ ദ്രോണർ അർജ്ജുനനെ വിലക്കി

preceptor of gods, ബൃഹസ്പതി bRəhaspati *(nn),* ബൃഹസ്പതി ദേവന്മാരുടെ ഗുരുവാണ്

preceptor of the universe, ജഗദ്ഗുരു jagadguru *(nn,comp),* ജഗദ്ഗുരു ശങ്കരാചാര്യർ നിർവ്വാണം പ്രാപിച്ചു

precious, വിലയേറിയ vilayeeRiya *(adj),* വിലയേറിയ ഒരു ജീവനാണ് അതിന് പ്രതിഫലമായി കൊടുക്കേണ്ടിവന്നത്

precious stone, മണി maNi *(nn),* അത് വിശിഷ്ടമായ ഒരു മണിയാണ്

precious stone, രത്നം ratnaM *(nn),* അയാൾ ഒരു രത്നം വാങ്ങി

precious stone called Topaz, ഗുരുരത്നം gururatnaM *(nn,comp),* രവി ഗുരുരത്നം കണ്ടു

precipitous cliff, തൂക്കാംപാറ tuukkaaMpaaRa *(nn,comp),* ഒരു തൂക്കാംപാറയിലൂടെ ജീപ്പ് താഴോട്ട് വീണു

predict, പ്രവചിക്ക് pRavacikkə *(vi),* അയാൾ അങ്ങനെ പ്രവചിച്ചു

predominance, പ്രാബല്യം pRaabalyaM *(nn),* അയാൾക്ക്

പാർട്ടിയിൽ നല്ല പ്രാബല്യമുണ്ടായിരുന്നു

preface, ആമുഖം aamuKhaM *(nn),* നിരൂപകൻ കവിതയ്ക്ക് ആമുഖമെഴുതി

preface, ഉപക്രമം upakRamaM *(nn),* അതിന്റെ ഉപക്രമം വായിച്ചു നോക്കട്ടെ

preface, മുഖക്കുറിപ്പ് mukhakkuRippə *(comp nn),* പത്രാധിപർ ഒരു മുഖക്കുറിപ്പ് തയ്യാറാക്കി

preface, മുഖവുര mukhavura *(nn),* അയാൾ മുഖവുര എഴുതി

pregnancy, ഗർഭം gaRbhaM *(nn),* രാധ ഗർഭം ധരിച്ചു

pregnancy, ഗർഭധാരണം gaRbhadhaaraNaM *(nn,comp),* ഗർഭ ധാരണത്തിനുശേഷം പ്രസവം വരെയുള്ള കാലം അപകടം നിറഞ്ഞതാണ്

pregnancy of domestic animals, ചന cana *(nn),* പശുവിന് ചനയുണ്ട്

pregnant woman, ഗർഭിണി gaRbhiNi *(nn),* പണ്ടേ ദുർബ്ബല പിന്നെ ഗർഭിണി

preordained, നിശ്ചിത niScita *(adj),* നിശ്ചിത തുക കൊടുത്താൽ മാത്രമേ അവിടെനിന്നു വിടുകയുള്ളൂ

preparation, തയ്യാർ tayyaaR *(nn),* ജോലിക്കു വേണ്ടി രവി എല്ലാം തയ്യാർ ചെയ്തു

prepare, ഒരുക്കൂട്ട് orukkuuTTə *(vt),* അവൻ എല്ലാം ഒരുക്കൂട്ടുന്നു

prepare, ചമയ്ക്ക് camaykkə *(vt),* അമ്മ ആഹാരം ചമയ്ക്കുന്നു

prepare, വയ്ക്ക് vaykkə *(vt),* കറി വയ്ക്കുക

prepare medicated oil, എണ്ണകാച്ച് eNNakaaccə *(comp vb),* അമ്മ എണ്ണകാച്ചുന്നു

prepare to make necessary preparation, കോപ്പിട് kooppiTə *(vi),* അവൾ എന്തിനും കോപ്പിട്ട് ഇറങ്ങിയതാണ്

prepartion for war, സന്നാഹം sannaahaM *(nn),* യുദ്ധത്തിനു വേണ്ട സന്നാഹങ്ങൾ പൂർത്തിയായി

prescription, കുറിപ്പ് kuRippə *(nn),* വൈദ്യൻ ഒരു കുറിപ്പെഴുതി വച്ചു

presence, സാന്നിദ്ധ്യം saanniddhyaM *(nn),* അയാളുടെ സാന്നിദ്ധ്യം അവർക്ക് ഇഷ്ടപ്പെട്ടില്ല

presence, ഹാജർ haajaR *(nn),* അയാൾ ഹാജർ വിളിച്ചു

present, അവതരിപ്പിക്ക് avatarippikkə *(nn),* ഞങ്ങൾ ഒരു പുതിയ നാടകം അവതരിപ്പിക്കുന്നു

present, ഇപ്പോൾ ippooL *(adv),* ഇപ്പോൾ ഇവിടെ വല്ലാത്ത തണുപ്പാണ്

present, വർത്തമാനം vaRttamaanaM *(nn),* അയാൾ വർത്തമാനത്തിൽ ജീവിക്കുന്നു

present, സമ്മാനം sammaanaM *(nn),* പിറന്നാളിന് അമ്മാവൻ എനിക്ക് ഒരു സമ്മാനം തന്നു

present, സമ്മാനിക്ക് sammaanikkə *(vt),* ഞാൻ അവന് ഒരു പുസ്തകം സമ്മാനിച്ചു

present time, തൽക്കാലം talkkaalaM *(adv),* തൽക്കാലം ആരും പോകേണ്ടതില്ലെന്നു യോഗം തീരുമാനിച്ചു

presentation, അവതരണം avataraNaM *(nn),* നാടകത്തിന്റെ അവതരണം എനിക്കിഷ്ടപ്പെട്ടില്ല

preserve, സംരക്ഷിക്ക് saMrak$ikkə *(vt),* നമ്മുടെ രാജ്യത്തിലുള്ള പൈതൃക വസ്തുക്കൾ സംരക്ഷിക്കുന്നു

preserve, സൂക്ഷിക്ക് suuk$ikkə *(vt),* അയാൾ സാധനങ്ങളെല്ലാം ഇവിടെ സൂക്ഷിക്കുന്നു

president, അധ്യക്ഷൻ adhyak$an *(nn),* അധ്യക്ഷൻ സദസ്സിനോട് ശാന്തമാകാൻ പറഞ്ഞു

president, രാഷ്ട്രപതി raa$TRapati *(nn),* രാഷ്ട്രപതിയാണ് ഇന്ത്യയിലെ പരമാധികാരി

press, അമർത്ത് amaRttə *(vt),* ഞാൻ സാധനങ്ങളെല്ലാം സഞ്ചിയിലേക്ക് അമർത്തി വച്ചു

press, ഇറുക്ക് iRukkə *(vt),* കുട്ടി പൂച്ചയെ ഇറുക്കി പിടിച്ചു

pressure, മർദ്ദം maRddaM *(nn),* ഇപ്പോൾ മർദ്ദം ഉയർന്നു

pressure, സമ്മർദ്ദം sammaRddhaM *(nn),* രക്തസമ്മർദ്ദംകൊണ്ട് അയാൾ കഷ്ടപ്പെട്ടു

pressure of work, ജോലിത്തിരക്ക് joolittirakkə *(nn,comp),* ജോലിത്തിരക്കു കൊണ്ട് എനിക്കു നിന്നെ വന്നുകാണാൻ കഴിഞ്ഞില്ല

pretend, നടിക്ക് naTikkə *(vt),* അയാൾ പണ്ഡിതനാണെന്ന് നടിച്ചു

pretend, ഭാവിക്ക് baavikka *(vi),* അയാൾ താൻ വലിയവനാണെന്ന് ഭാവിച്ചു

pretty, അഴകുള്ള aZakuLLa *(adj),* അഴകുള്ള വസ്തുക്കൾ എല്ലാവരും ഇഷ്ടപ്പെടുന്നു

prevail, നടമാട് naTamaaTə *(comp vb),* ഇവിടെ അക്രമം നടമാടുന്നു

previous, തലേ talee *(adv),* തലേദിവസം നടന്ന സംഭവം രവി ഓർത്തു

previous, നേരത്തെയുള്ള neeratteyuLLa *(adj),* നേരെത്തേയുള്ള വൈരാഗ്യമാണ് തമ്മിൽ തമ്മിൽ വഴക്കിൽകലാശിച്ചത്

previous birth, പൂർവ്വജന്മം puuRvvajanmaM *(nn,comp),* പൂർവ്വജന്മ സുകൃതം കൊണ്ടാണത്രേ ഈ ജന്മം സുഖമായി ജീവിക്കുന്നത്

previous birth, മുജ്ജന്മം mujjanmaM *(nn),* മുജ്ജന്മത്തിൽ അയാൾ പല പാപങ്ങൾ ചെയ്തത്രേ

previous knowledge, മുന്നറിവ് munnaRivə *(nn),* അയാൾക്ക് ഒരു മുന്നറിവും ഉണ്ടായിരുന്നില്ല

prey, ഇര ira *(nn),* കഴുകൻ ഇരയെ തേടി അലഞ്ഞു

price, വില vila *(nn),* ആ പുസ്തകത്തിന്റെ വില നൂറുരൂപയാണ്

pride, ഔദ്ധത്യം auddhatyaM *(nn),* അയാളുടെ ഔദ്ധത്യം എല്ലാവരുടേയും വെറുപ്പിന് കാരണമായി

pride, ചാട്ടം caaTTaM *(nn),* രാധയുടെ ചാട്ടം നിന്നു

pride, ഡംഭ് DaMbhə *(nn),* സേതുവിന്റെ ഡംഭ് എല്ലാവരും വെറുത്തു

pride, തണ്ട് taNTə *(nn),* അവന് ഭയങ്കര തണ്ടാണെന്ന് എല്ലാവരും പറഞ്ഞു

pride, പൊങ്ങച്ചം poṉṉacchaM *(nn),* അയാൾ എപ്പോഴും പൊങ്ങച്ചം പറയുന്നു

pride or daring of youth, ചോരത്തിളപ്പ് coorattiLappə *(nn,comp),* രവി ചോരത്തിളപ്പിൽ എന്തൊക്കെയോ ചെയ്തു

priest, പുരോഹിതൻ puroohitan *(nn),* പുരോഹിതൻ പ്രാർത്ഥന തുടങ്ങി

priest hood, പൌരോഹിത്യം pauroohityaM *(nn),* പൌരോഹിത്യത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ഫാദർ

primary, പ്രാഥമിക pRaathamika *(adj),* പ്രാഥമികമായ ആവശ്യങ്ങൾ പോലും ഇവിടെ നിറവേറപ്പെടുന്നില്ല

prime minister, പ്രധാനമന്ത്രി pRadhaanamantRi *(nn),* പ്രധാനമന്ത്രി ജപ്പാൻ സന്ദർശിച്ചു

prime of youth, യൌവന yauvana *(adj),* യൌവനയുക്തയായ ഒരു സ്ത്രീയുടെ പെരുമാറ്റം നല്ലതായിരിക്കും

prince, രാജകുമാരൻ raajakumaaran *(nn),* രാജകുമാരനെ ഞങ്ങൾ കണ്ടു

princely, രാജോചിത raajoocita *(adj),* രാജോചിതമായ സ്വീകരണം നൽകി

princess, രാജകുമാരി raajakumaari *(nn),* രാജകുമാരി രാജകുമാരനെ വിവാഹം കഴിച്ചു

principality of Kottayam conquered by Travancore, തെക്കുംകൂർ tekkuMkuuR *(nn),*

അവർ തെക്കുംകൂർകാരായിരുന്നു

print, അച്ചടിക്ക് accaTikkə *(vt),* കവിയുടെ പുതിയ പുസ്തകം അച്ചടിച്ചുവന്നു

printed cloth, ചീട്ടിത്തുണി ciiTTittuNi *(nn,comp),* രാധ ഒരു ചീട്ടിത്തുണി വാങ്ങി

printing, അച്ചടി accaTi *(nn),* അച്ചടി ഒരു കലയാണ്

printing, മുദ്രണം mudRaNaM *(nn),* അവിടെയാണ് ആ പുസ്തകത്തിന്റെ മുദ്രണം നടക്കുന്നത്

printing ink, അച്ചടിമഷി accaTima$i *(comp n),* അച്ചടി മഷി പുരളാത്ത പേജുകൾ ഉണ്ടായിരുന്നു

printing press, അച്ചുകൂടം accukuuTaM *(comp n),* ബാസൽ മിഷ്യന്റെ അച്ചുകൂടത്തിൽ ഗുണ്ടർട്ട് പുസ്തകം അച്ചടിച്ചു

printing type, അച്ച് accə *(nn),* പ്രസ്സിൽ അച്ചുനിരത്തി

prisoner, ജയിൽപ്പുള്ളി jayilppuLLi *(nn,comp),* ജയിൽപ്പുള്ളികൾ തോട്ടമുണ്ടാക്കുന്നു

prisoner, തടവുകാരൻ taTavukaaran *(comp vb),* തടവുകാരൻ തടവുചാടി

private parts, ഗുഹ്യപ്രദേശം guhyapRadeeSaM *(nn),* ഗുഹ്യ പ്രദേശങ്ങൾ വസ്ത്രങ്ങൾ കൊണ്ട് മറച്ചിരുന്നു

private parts of a woman (pudendum muliebre), കൂതി kuuti *(nn),* അവളുടെ കൂതിയിൽ വേദന വന്നു

prize, സമ്മാനം sammaanaM *(nn),* യൂത്ത് ഫെസ്റ്റിവലിന് കോഴിക്കോട് ജില്ലയ്ക്ക് ഒന്നാം സമ്മാനം കിട്ടി

probability of happening, സംഭാവ്യത saMbhaavyata *(nn),* അതിന്റെ സംഭാവ്യത അയാൾ ചോദ്യം ചെയ്തു

problem, പ്രശ്നം pRaSnaMi *(nn),* ആ പ്രശ്നത്തിന് പരിഹാരം കണ്ടെത്തിയില്ല

problem, സമസ്യ samasya *(nn),* അത് ഒരു സമസ്യയാണ്.

process in carpentry of joining so that the components become indistinguishable, ഓരായം ooraayaM *(nn),* വീടിന്റെ ഓരായം പണി തീർന്നു

procession, ഘോഷയാത്ര ghoo$ayaatRa *(nn),* അതുവഴി ഒരു ഘോഷയാത്ര കടന്നുപോകുന്നു.

procession, തിരപ്പുറപ്പാട് tirappuRappaaTə *(nn),* പ്രശ്നങ്ങളുടെ ഒരു തിരപ്പുറപ്പാടു തന്നെയാണ് ഇവിടെ

procession depicting victory, ജൈത്രയാത്ര jaitRayaatRa *(nn,comp),* അലക്സാണ്ടർ ജൈത്രയാത്ര നടത്തി

procession on festive occasions performed by girls with auspicious materials, താലപ്പൊലി taalappoli *(nn),* കുട്ടികൾ താലപ്പൊലിക്കായി അണിനിരന്നു

proclaim by beating of drums, കൊട്ടിയറിയിക്ക്

koTTiyaRiyikkə *(nn,comp),* രാജാവിന്റെ വിജയം എല്ലാവരേയും കൊട്ടിയറിയിച്ചു

produce, ഉല്പാദിപ്പിക്ക് ulppaadippikkə *(vt),* ഈ ഫാക്ടറിയിൽ എന്താണ് ഉൽപ്പാദിപ്പിക്കുന്നത്

produce, ജനിപ്പിക്ക് janippikkə *(vt),* പരീക്ഷണശാലയിൽ ജീവികളെ ജനിപ്പിക്കാമെന്ന് ശാസ്ത്രം തെളിയിച്ചു

produce an appearance, തോന്നിക്ക് toonnikkə *(vt),* എന്തോ ഒരു രൂപം വരുന്നു എന്നു തോന്നുന്നു

producer, നിർമ്മാതാവ് niRmmaataavə *(comp vb),* നിർമ്മാതാവ് ഒരു പുതിയ ചലച്ചിത്രം നിർമ്മിക്കുന്നു

product of multiples, ഗുണനഫലം guNanaphalaM *(nn,comp),* ഗുണനഫലം 10 ആണെന്ന് കുട്ടി പറഞ്ഞു

product that which is produced, ജന്യം janyaM *(nn),* തമിഴിൽ നിന്നാണ് മലയാളം ജന്യമായതെന്ന് ഭൂരിപക്ഷം പേരും വിശ്വസിക്കുന്നു

production, ഉല്പ്പാദനം ulppaadanaM *(nn),* ഫാക്ടറിയിൽ ഉൽപ്പാദനം നിർത്തിവച്ചു

profession, ഉദ്യോഗം udyoogaM *(nn),* അയാൾ ഉദ്യോഗം രാജിവച്ചു

profession, തൊഴിൽ toZil *(nn),* എന്താണ് അയാളുടെ തൊഴിൽ എന്ന് അറിയില്ല

profit, ആദായം aadaayaM *(nn),* നല്ല ആദായം കിട്ടുന്ന പറമ്പാണിത്

profit, ഉപലബ്ധി upalabdhi *(nn),* എന്താണ് അതിന്റെ ഉപലബ്ധി

profit, ഫലം phalaM *(nn),* ഒരു ഫലവുമില്ലാത്ത കാര്യം

profit, ലാഭം laabhaM *(nn),* ലാഭം മാത്രം കണ്ണുനട്ട് ഒന്നും ചെയ്യാൻ പറ്റില്ല

profound, ഗഹനമായ gahanamaya *(adj),* ഗഹനമായ പഠന മനനങ്ങൾക്കുശേഷം രാജൻ ഗവേഷണപ്രബന്ധം തയ്യാറാക്കി

programme, കാര്യപരിപാടി kaaryaparipaaTi *(nn),* കാര്യപരിപാടിയിലെ അടുത്തയിനം നാടകമാണ്

progress, മുന്നേറ്റം munnaRRaM *(nn),* അയാളുടെ മുന്നേറ്റം അവൻ തടഞ്ഞു

prohibit, നിരോധിക്ക് niroodhikkə *(vt),* ഇവിടെ പുകവലി നിരോധിച്ചിരിക്കുന്നു

prohibited, നിഷിദ്ധ ni$iddha *(nn),* പുകവലി ഇവിടെ നിഷിദ്ധമാണ്

prohibited act, അരുതായ്മ arutaayma *(nn),* ഇവിടെ കളളുകുടി അരുതായ്മ ആയ പ്രവൃത്തിയാണ്

prolong, നീള് niiLə *(vi),* പ്രതീക്ഷിച്ചതിനെക്കാൾ ഓപ്പറേഷൻ നീളുന്നു

promise, വാഗ്ദാനംചെയ്യ് vaagdaanaMceyyə *(vt),* രാഷ്ട്രീയക്കാർ എപ്പോഴും എന്തെങ്കിലും വാഗ്ദാനം ചെയ്യുന്നു

prompt, പ്രേരിപ്പിക്ക് pReerippikkə *(vt),* ഉത്തരം പറയാൻ പറ്റാത്ത കുട്ടികളെക്കൊണ്ടു ഉത്തരം പറയിക്കാൻ അധ്യാപിക പ്രേരിപ്പിച്ചു

prompt to think (make somebody think), ചിന്തിപ്പിക്ക് cintippikkə *(vt),* രാമൻ എപ്പോഴും മറ്റുള്ളവരെ ചിന്തിപ്പിക്കുന്നു

pronoun for adressing a woman, ഭവതി bhavati *(nn),* ഭവതി എന്താണ് പറയുന്നത്

pronounce, ഉച്ചരിക്ക് uccarikkə *(vi),* വാക്കുകൾ ശരിയായി ഉച്ചരിക്കുക

pronounciation, ഉച്ചാരണം uccaaraNaM *(nn),* കുട്ടിയുടെ ഉച്ചാരണം ശരിയായിരുന്നില്ല

prop or a support fixed to a post, ഊന്നുകാല് uunnukaalə *(nn,comp),* അവൻ ഊന്നുകാലിൽ പിടിച്ച് ഇരുന്നു

proper, ഉചിത ucita *(adj),* ഉചിതമായ ചില മറുപടികൾ അയാൾ കൊടുത്തു

proper, തക്ക takka *(adj),* തക്കസമയത്ത് അയാൾ വന്നതുകൊണ്ട് രവി രക്ഷപ്പെട്ടു

proper, യുക്തം yuktaM *(nn),* അയാളുടെ ഉത്തരം യുക്തമായിരുന്നു

proper, സമജ്ജസ samajjasa *(adj),* വളരെ സമജ്ജസമായ ഒരഭിപ്രായം പറഞ്ഞു

proper, സമുചിതമായ samucitamaaya *(adj),* അവൻ സമുചിതമായ മറുപടി പറഞ്ഞു

proper manner, ഒത്തപോലെ ottapoole *(adv),* ഒത്തപോലെയെല്ലാം അവൻ ചെയ്തു വച്ചു

properly, നേരാംവണ്ണം neeraaMvaNNaM *(adv),* നേരാംവണ്ണം

നോക്കിയില്ലെങ്കിൽ കൃഷി മോശമാകും

property, കാണം kaaNaM *(nn),* കാണം വിറ്റും ഓണം ഉണ്ണണം

property, വക vaka *(nn),* ദേവസ്വത്തിന്റെ വകകൾ കൈയേറി

property (movable and Immovable), സ്വത്ത് svattə *(nn),* അയാൾ സ്വത്ത് പണയം വച്ചു

property belonging to ancestral home, തറവാട്ടുസ്വത്ത് taRavaaTTusvattə *(nn,comp),* തറവാട്ടുസ്വത്തു മുഴുവനും രവി കളഞ്ഞു കുളിച്ചു

prophecy, പ്രവചനം pRavacanaM *(nn),* അയാളുടെ പ്രവചനം ശരിയായിരുന്നില്ല

prophecy, ഭാവിപ്രവചനം bhaavipRavacanaM *(nn),* ഭാവിപ്രവചനം ശരിയായിരിക്കണമെന്നില്ല

prophet, നബി nabi *(nn),* നബി അപ്രകാരം പറഞ്ഞു

prophet, പ്രവാചകൻ pRavaacakan *(nn),* പ്രവാചകൻ അങ്ങനെ അരുളിചെയ്തു

proportion, അനുപാതം anupaataM *(nn),* സ്ക്കൂളുകളിൽ വിദ്യാർഥികളും അധ്യാപകരും തമ്മിലുള്ള അനുപാതം 1 : 20 ആക്കണം

propounded by rishis, ഋഷിപ്രോക്തമായ Rə$ipRooktamaaya *(adj),* ഋഷിപ്രോക്തമായ വേദങ്ങളിൽ നിന്ന് അയാൾ പാഠങ്ങൾ ഉൾക്കൊണ്ടു

prose, ഗദ്യം gadyaM *(nn),* ഞാൻ ഗദ്യം വായിക്കാറില്ല

prosperity, അഭിവൃദ്ധി abhivRəddhi *(nn),* ഈ നാടിന്റെ അഭിവൃദ്ധിയാണ് അദ്ദേഹത്തിന്റെ ലക്ഷ്യം

prosperity, ഉന്നമനം unnamanaM *(nn),* പാവപ്പെട്ടവരുടെ ഉന്നമനത്തിനുവേണ്ടി അയാൾ സമയം ചിലവഴിച്ചു

prosperity, ഉൽക്കർഷം ulkkaR$aM *(nn),* അയാൾ എന്നും ഉൽക്കർഷം ആഗ്രഹിക്കുന്നു

prosperity, ക്ഷേമം k$eemaM *(nn),* എല്ലാവരും ആദ്യാന്തം ക്ഷേമം ആഗ്രഹിക്കുന്നു

prosperity, പോക്കണം pookkaNaM *(nn),* അവൻ പോക്കണം കെട്ടവനാണ്

prosperous, ഐശ്വര്യമായ aiSvaryamaaya *(adj),* ഐശ്വര്യമായ ഒരു പ്രദേശമാണ് അത്

prosperous, ശോഭനമായ Soobhanamaaya *(adj),* ശോഭനമായ ഭാവിയെപ്പറ്റി ഉൽക്കണ്ഠപ്പെടരുത്

prostitute, അഭിസാരിക abhisaarika *(nn),* അവൾ ഒരു അഭിസാരികയാണത്രേ

prostitute, കുടല kuTala *(nn),* അവൾ ഒരു കുടലയാണത്രേ

prostitute, കൂത്തച്ചി kuuttacci *(nn),* അവൾ ഒരു കൂത്തച്ചിയാണെന്ന് എല്ലാവരും പറഞ്ഞു

prostitute, ഗണിക gaNika *(nn),* അവൾ ഒരു ഗണികയാണത്രെ

prostitute, തേവിടിച്ചി teeviTicci *(nn),* തേവിടിച്ചിയാണ് അവൾ

prostrate, നിസ്കരിക്ക് niskarikkə *(vi),* മുഹമ്മദ് നിസ്കരിക്കുന്നു

prostrate before a superior, കാലുപിടിക്ക് kaalupiTikkə *(comp vb),* അവൻ ആരുടേയും കാലു പിടിക്കാറില്ല

prostrating by falling down at full length, ദണ്ഡനമസ്കാരം daNDanamaskkaaraM *(nn,comp),* മാധവൻ ദണ്ഡനമസ്കാരം ചെയ്തു

prostratingly, സാഷ്ടാംഗം saa$TaaMgaM *(adv),* അയാൾ ഈശ്വരനെ സാഷ്ടാംഗം പ്രണമിച്ചു

prostration, പ്രണാമം pRaNaamaM *(nn),* ഗുരുദേവിനെ കണ്ടു പലരും പ്രണാമം ചെയ്തു

protect, രക്ഷിക്ക് rak$ikkə *(vt),* അയാൾ അവളെ രക്ഷിച്ചു

protect, സംരക്ഷിക്ക് saMrak$ikkə *(vt),* വന്യമൃഗങ്ങളെ ഇവിടെ സംരക്ഷിക്കുന്നു

protection, രക്ഷ rak$a *(nn),* അയാൾക്ക് രക്ഷ കിട്ടിയില്ല

protection, സംരക്ഷണം saMrak$aNaM *(nn),* അയാൾക്ക് സംരക്ഷണം വേണമെന്ന് ആവശ്യപ്പെട്ടു

protector, രക്ഷകൻ rak$akan *(nn),* അവളുടെ രക്ഷകനാണ് അയാൾ

protector, സംരക്ഷകൻ saMrak$akan *(nn),* ദൈവം നമ്മുടെ സംരക്ഷകനാണെന്ന് നമ്മൾ വിശ്വസിക്കുന്നു

protest, എതിർക്ക് etiRkkə *(vt),* പ്രതിപക്ഷം ഭരണപക്ഷത്തെ എതിർക്കുന്നു

protest, പ്രതിഷേധിക്ക് pRati$eedhikkə *(vt),* കുറഞ്ഞ വേതനം കിട്ടിയപ്പോൾ തൊഴിലാളികൾ പ്രതിഷേധിച്ചു

protest, ലംഘിക്ക് laMghikkə *(vi),* ഗാന്ധിജിയുടെ നേതൃത്വത്തിൽ ബ്രിട്ടീഷുകാരുടെ കർശനമായ നടപടികളെ ലംഘിച്ചു

protrude, തള്ളിനില്ക്ക് taLLinilkkə *(vt),* പുറത്തേക്കു

തള്ളി നിൽക്കുന്ന കൊമ്പ് മുറിച്ചു കളഞ്ഞു

proud, അഹങ്കരിക്ക് ahaŋkarikkə *(vi),* അയാൾ എന്തിനാണ് അഹങ്കരിക്കുന്നത്?

proud, പ്രൌഢി pRauDhi *(nn),* അയാൾക്ക് പ്രൌഢിയിലൊന്നും വിശ്വാസമില്ലായിരുന്നു

proverb, പഴഞ്ചൊല്ല് paZa~collə *(nn),* അമ്മയ്ക്കു ധാരാളം പഴഞ്ചൊല്ലുകൾ അറിയാം

proximiate, സമീപ samiipa *(adj,pfx),* സമീപപ്രദേശങ്ങളിൽ നിന്നു വന്നവർ അവിടെ അണിനിരന്നു

proximity, സന്നിധി sannidhi *(nn),* ദൈവത്തിൻ സന്നിധിയിൽ എല്ലാവരും ഒരു പോലെയാണ്

psychology, മനോവിജ്ഞാനം manoovij~aanaM *(nn,çomp),* അയാൾ മനോവിജ്ഞാനം പഠിക്കുന്നു

pubes, ഗുഹ്യാവയവങ്ങൾ guhyaavyavaŋŋL *(nn),* ഗുഹ്യാവയവങ്ങൾ പ്രദർശിപ്പിക്കുന്നത് ഒരു തരം മാനസികരോഗമാണ്

public, പൊതു potu *(adj),* ഇന്ന് പൊതു ഒഴിവാണ്

public benefit, ജനോപകാരം janoopakaaraM *(nn,comp),* ജനോപകാരപ്രദമായ നടപടികൾ എടുക്കാമെന്ന് നേതാവ് പ്രസ്താവിച്ചു

public holiday, പൊതുഒഴിവ് potuoZivə *(comp n),* ഇന്ന് പൊതു ഒഴിവുദിവസമാണ്

public road, നടപ്പുവഴി naTappuvaZi *(nn,comp),* ഇത് നടപ്പുവഴിയല്ല

public road, പെരുവഴി peruvaZi *(comp nn),* പെരുവഴി വിട്ട് നടക്കരുത്

public works, മരാമത്ത് maraamattə *(vb),* അയാൾ മരാമത്ത് പണികൾ ചെയ്തു

publish, പ്രസിദ്ധീകരിക്ക് pRasiddhiikarikkə *(vt),* അയാളുടെ പുസ്തകം പ്രസിദ്ധീകരിച്ചു

publisher, പ്രസാധകൻ pRasaadhakan *(nn),* പ്രസാധകൻ പുസ്തകം പ്രസിദ്ധീകരിച്ചു

publishing, പ്രസാധനം pRasaadhanaM *(nn),* പുസ്തകത്തിന്റെ പ്രസാധനം മുടങ്ങി

pudding like preparation, ഉപ്പുമാവ് uppumaavə *(nn),* ഉപ്പുമാവ് അവൻ കഴിക്കാറില്ല

pull, വലിക്ക് valikkə *(vt),* ആ വാതിൽ ഇങ്ങോട്ടു വലിക്കൂ

pull off, വലിക്ക് valikkə *(vt),* കുട്ടികൾ കയറുപിടിച്ചു വലിക്കുന്നു

pulling apart, വികർഷണം vikaR$aNaM *(nn),* കാന്തത്തിലെ

സമാനധ്രുവങ്ങൾക്ക് വികർഷണം സംഭവിക്കുന്നു

pulling the chariot in a cartfestival, തേരുവലി teeruvali *(nn,comp),* അമ്പലത്തിൽ തേരുവലിയാണിന്ന്

pulse, നാഡി naaDi *(nn),* വൈദ്യൻ നാഡിപിടിച്ചുനോക്കി

pulse beat, നാഡീസ്പന്ദനം naaDiispandanaM *(nn,comp),* നാഡീസ്പന്ദനം നിലച്ചുപോയി

pump, പമ്പ് pambə *(nn),* അയാൾ പമ്പ് ശരിയാക്കി

pumpkin, മത്തങ്ങ mattaŋŋa *(nn),* മത്തങ്ങ കൊണ്ട് അമ്മ കറി വച്ചു

pungency, തീവ്രത tiivRata *(nn),* രോഗത്തിന്റെ തീവ്രത കുറഞ്ഞു വന്നു

punish, ശിക്ഷിക്ക് Sik$ikkə *(vt),* അമ്മ മകനെ ശിക്ഷിക്കുന്നു

punishment, ദണ്ഡം daNDaM *(nn),* വിദ്യാർത്ഥിക്ക് ദണ്ഡം കിട്ടി

punishment, ശിക്ഷ Sik$a *(nn),* അയാൾ തെറ്റുചെയ്തു ശിക്ഷയും അനുഭവിച്ചു

punishment causing physical strain, ഏത്തം eettaM *(nn),* കുട്ടി ഏത്തം ഇടുന്നു

purdha worn by muslim woman, പർദ്ദ paRdda *(nn),* കുഞ്ഞിപ്പാത്തുമ്മ പർദ്ദ അണിയാറില്ല

pure, തനി tani *(adj),* തനി തങ്കത്തിന്റെ മാറ്റുണ്ടായിരുന്നു അതിന്

pure, തൂയ tuuya *(adj),* തൂയവെണ്ണ ഉപയോഗിക്കണം

pure, വിമല vimala *(adj),* വിമലമായ ഹൃദയമാണ് അവളുടേത്

pure etc, തിരു tiru *(adj,pfx),* തിരുനടയിൽ അയാൾ ഇരുന്നു

pure ghee, നറുനെയ്യ് naRuneyyə *(nn,comp),* അമ്മ നറുനെയ്യ് വാങ്ങി

pure gold, തങ്കം taŋkaM *(nn),* ശുദ്ധമായ സ്വർണ്ണമാണ് തങ്കം

pure honey, നറുതേൻ naRuteen *(nn,comp),* നറുതേൻ ഇവിടെ കിട്ടില്ല

purging due to indigestion, ഗ്രഹണി gRahaNi *(nn),* കുട്ടിക്ക് ഗ്രഹണി പിടിപെട്ടു

purification ceremony after child birth, തളിച്ചുകുളി taLiccukuLi *(nn,comp),* തളിച്ചുകുളി കഴിഞ്ഞാണ് എല്ലാവരും മടങ്ങിപ്പോയത്

purity, നൈർമ്മല്യം naiRmmalyaM *(nn),* ഹൃദയത്തിന്റെ നൈർമ്മല്യം അവൾക്കുണ്ടായിരുന്നു

purity of mind, മനശുദ്ധി manaSuddhi *(nn,comp),* മനശുദ്ധിയാണ് മനുഷ്യന് പ്രധാനമായി വേണ്ടത്

purple, ഊതം uutaM *(nn),* ഊത വർണ്ണത്തിലുള്ള ഒരു പുഷ്പമായിരുന്നു അത്

purpose, കാര്യലാഭം kaaryalaabhaM *(nn,comp),* കാര്യ ലാഭത്തിനുവേണ്ടി മാത്രം മനുഷ്യൻ മറ്റുള്ളവരെ സഹായിക്കുന്നു

purse, പേഴ്സ് peeZsə *(nn),* അയാളുടെ പേഴ്സ് കളഞ്ഞുപോയി

pus, പഴുപ്പ് paZuppə *(nn),* മുറിവുകളിൽ നിന്ന് പഴുപ്പ് വരുന്നുണ്ടായിരുന്നു

pus from a wound, ചലം calaM *(nn),* മുറിവിൽ നിന്ന് ചലം ഒലിക്കുന്നു

pus gathering in the eye, കൺപീള kaNpiiLa *(nn,comp),* കണ്ണിൽ കൺപീളകൾ നിറഞ്ഞിരുന്നു

push, ഉന്ത് untə *(vt),* കുട്ടികൾ തമ്മിൽ ഉന്തുന്നു

push, തള്ള് taLLə *(vt),* കുട്ടി വാതിൽ ശക്തിയായി തള്ളി

push into, തള്ളിവിട് taLLiviTə *(comp vb),* കുട്ടികളെ ഓഫീസിലേക്ക് ആരോ തള്ളിവിട്ടു

push with a pole, കുത്ത് kuttə *(vt),* അയാൾ വടികൊണ്ട് കുത്തി

put bindhi, പൊട്ടിട് poTTiTə *(comp n),* സീത പൊട്ടിടുന്നു

put down, ഇട് iTə *(vt),* അദ്ദേഹം സാധനങ്ങളെല്ലാം വലിച്ച് പുറത്തേക്ക് ഇട്ടു

put in a pit, കുഴിച്ചിട് kuZicciTə *(vt),* അയാൾ വിത്ത് കുഴിച്ചിട്ടു

put in a pit, കുഴിച്ചുമൂട് kuZiccumuuTə *(vt),* ചത്ത എലിയെ മണ്ണിൽ കുഴിച്ചു മൂടി

put out, കെടുത്ത് keTuttə *(vi),* വിളക്കു കെടുത്തുന്നു

put to shame, നാണംകെടുത്ത് naaNaMkeTuttə *(nn,comp),* അവളെ അയാൾ നാണം കെടുത്തി

put to sleep, ഉറക്ക് uRakkə *(vt),* അമ്മ കുട്ടിയെ ഉറക്കുന്നു

put up fence, കെട്ടിയടയ്ക്ക് keTTiyaTaykkə *(comp vb),* ബാലൻ വേലി കെട്ടിയടച്ചു

putrefaction, ജീർണ്ണത jiiRNNata *(nn),* സംസ്ക്കാരത്തിന്റെ ജീർണ്ണതയെ നേതാവ് അപലപിച്ചു

putrefy, ജീർണ്ണമാക് jiiRNNamaakə *(vi),* സസ്യങ്ങൾ നശിച്ചു ജീർണ്ണിച്ചു മണ്ണുമായി ചേരുന്നു

putrified state, കെടുമ്പ് keTumbə *(nn),* പലഹാരങ്ങൾക്ക് ഒരു കെടുമ്പുചുവ തോന്നുന്നു

putting in oil and frying, പൊള്ളിയ്ക്ക് pollikkə *(vt),* അവൾ പൂരി പൊള്ളിച്ചെടുത്തു

pyjama, പൈജാമ paijaama *(nn),* സർദ്ദാർജി പൈജാമ ഇട്ടു

python, പെരുമ്പാമ്പ് perumbaambə *(nn),* പെരുമ്പാമ്പ് ഒരു ആടിനെ വിഴുങ്ങി

quadrangular building with inner coutryard, നാലുകെട്ട് naalukeTTə *(nn,comp),* അവർ നാലുകെട്ടിലൂടെ നടന്നു

quail, കാട kaaTa *(nn),* ആയിരം കോഴിക്ക് അരക്കാട തിന്നാൽ മതി

quality, ഗുണം guNaM *(nn),* പല വസ്തുക്കളുടെ ഗുണം ചേർന്നതാണ് ച്യവനപ്രാശ്യ ലേഹ്യം

quality of gold, മാറ്റ് maaRRə *(nn),* തങ്കത്തിന്റെ മാറ്റു കൂട്ടി പുതിയ ആഭരണം പണിതു

quardilateral with equal angles, സമചതുരം samacaturaM *(nn),* ഒരു സമചതുരത്തിന്റെ വശങ്ങളുടെ നീളം തുല്യമായിരിക്കും

quarrel, കിടയ് kiTayə *(vi),* അവർ തമ്മിൽ കിടയുന്നു

quarrel, കിണയ് kiNyə *(vt),* അവർ തമ്മിൽ എപ്പോഴും കിണയുന്നു

quarrel, തമ്മിൽത്തല്ല് tammilttallə *(nn,comp),* അവിടെ തമ്മിൽത്തല്ലുകൊണ്ട് അവർ സ്വയം നശിച്ചു

quarrel, തെറ്റ് teRRə *(vi),* അവർ തമ്മിൽ തെറ്റി

quarrel, മല്ല് mallə *(nn),* അയാൾ മല്ലുകൂടി

quarrel, വഴക്ക് vaZakkə *(nn),* അവർ തമ്മിൽ എപ്പോഴും വഴക്കാണ്

quarrel between caste tribes etc, ജാതിവഴക്ക് jaativaZakkə *(nn,comp),* ജാതി വഴക്കുകൾ അവസാനിപ്പിക്കാൻ നേതാവ് അഭ്യർത്ഥിച്ചു

quarrel monger, കലഹപ്രിയൻ kalahapRiyan *(nn,comp),* അയാൾ ഒരു കലഹപ്രിയൻ ആണ്.

quarrel monger, വഴക്കാളി vaZakkaaLi *(nn),* അയാൾ ഒരു വഴക്കാളിയാണ്

quarter, കാൽഭാഗം kalbhaagaM *(nn),* സ്ഥലത്തിന്റെ കാൽഭാഗം വീതം മക്കൾ ഓരോരുത്തരും എടുത്തു

queen, രാജ്ഞി raaj~i *(nn),* രാജ്ഞി രാജ്യം ഭരിച്ചു

queen, റാണി RaaNi *(nn),* റാണി രാജാവിനോട് പിണങ്ങി

question, ചോദ്യം coodyaM *(nn),* മുരളിയുടെ ചോദ്യം കേട്ട് ഞാനമ്പരന്നു

question and answer, ചോദ്യോത്തരം coodyoottaraM *(nn,comp),* ഞാനും അവനുമായി ചോദ്യോത്തരങ്ങൾ ഒന്നുമില്ല

question paper, ചോദ്യക്കടലാസ് coodyakkaTalaassə *(nn,comp),* പരീക്ഷയ്ക്ക് ചോദ്യക്കടലാസ് വിതരണം ചെയ്തു

quick motion, ദ്രുതഗതി drutagati *(nn,comp),* ദ്രുത ഗതിയിൽ വാഹനം ചലിച്ചു

quickly, തുരുതുരെ turuture *(adv),* ബാണം തുരുതുരെ വിട്ടു

quickly, ത്വരിതം tvaritaM *(adv),* ത്വരിതമായി വാഹനം നീങ്ങി

quietist, സർവ്വസംഗപരിത്യാഗി saRvvasaMgaparityaagi *(nn),* അയാൾ ഒരു സർവ്വസംഗപരിത്യാഗിയാണ്

quill pen, തൂലിക tuulika *(nn),* രാമകൃഷ്ണപ്പിള്ള തൂലിക പടവാളാക്കി

quilt, കോമ്പടി koombaTi *(nn),* ഞാൻ ഒരു കോമ്പടിമേൽ കിടന്നു

quite recently, ഈയ്യിടെ iiyyiTa *(adv),* ഈയ്യിടെ അയാൾ ഇവിടെ വരാറില്ല

quiver (sachet of arrows), തൂണീരം tuuNiiraM *(nn),* ദുര്യോധനൻ തൂണീരം അണിഞ്ഞു

quote, ഉദ്ധരിക്ക് uddharikkə *(vt),* അയാൾ ഒരു കവിത ഉദ്ധരിച്ചു

rabbit, ചെവിയൻ ceviyan *(nn),* അയാളെ എല്ലാവരും ചെവിയൻ എന്നു വിളിച്ചു

rabbit, മുയൽ muyal *(nn),* മുയൽ വേഗത്തിൽ ഓടി

race, ഓട്ടം ooTTaM *(nn),* അവന്റെ ഓട്ടം കണ്ട് എനിക്കു ചിരി വന്നു

race, കുലം kulaM *(nn),* കുലം നല്ലതായാൽ ബന്ധു ക്കൾക്കു സമ്മതം

race, വംശം vaMSaM *(nn),* വംശത്തിന്റെ നാശം സംഭവിക്കുന്നു

race, വർഗ്ഗം vaRkkaM *(nn),* അയാൾ ആ വർഗ്ഗത്തിൽപെട്ടവനാണ്

rack, തട്ട് taTTə *(nn),* അവൾ ആ തട്ടിൽ പാത്രങ്ങൾ അടുക്കി വച്ചു

radiant, മഹസ്സ് mahassə *(nn),* മഹസ്സുള്ള മുഖവുമായി അയാൾ നടന്നു നീങ്ങി.

radio, റേഡിയോ ReeDiyo *(nn),* റേഡിയോയിൽ വാർത്തകൾ കേൾക്കുന്നു

radish, മുള്ളങ്കി muLLaŋki *(nn),* അവിടെ കുറെ മുള്ളങ്കി നട്ടിരുന്നു

rafter, കഴുക്കോൽ kaZukkool *(nn),* വീടിന്റെ കഴുക്കോൽ ഇളകി നിൽക്കുന്നു

ragged clothes, കൂറ kuuRa *(nn),* അവൾ കൂറകളെല്ലാം കഴുകാനെടുത്തു

Ragi, പഞ്ഞപ്പുല്ല് pa~~appullə *(nn,comp),* അമ്മ പഞ്ഞപ്പുല്ല് കൊണ്ട് കഞ്ഞി വച്ചു

rail, തീവണ്ടിപ്പാളം tiivaNTippaaLaM *(nn),* തീവണ്ടിപ്പാളത്തിലൂടെ തീവണ്ടി നീങ്ങി

railway, റെയിൽവേ Reyilve *(nn),* ഈ റെയിൽവേ സ്റ്റേഷനിൽ ട്രെയിൻ നിർത്തില്ല

rain, പെയ്യ് peyyə *(vi),* ഇപ്പോൾ മഴ പെയ്യുന്നു

rain, മഴ maZa *(nn),* മഴ പെയ്തു

rain, മഴപെയ്യ് maZapeyyə *(vi),* കേരളത്തിൽ ഇപ്പോൾ മഴ പെയ്യുന്നു

rain, മാരി maari *(nn),* മാരി പെയ്തു

rain, വർഷം vaR$aM *(nn),* വർഷം പെയ്തു

rain bow, മഴവില്ല് maZavillə *(nn),* മഴവില്ലിന് ഏഴു നിറങ്ങളുണ്ട്

rain driven by the wind, തൂവാനം tuuvaanaM *(nn),* കുട്ടി തൂവാനം നോക്കി നിന്നു

rain of fire, തീമഴ tiimaZa *(nn),* തീമഴ പെയ്യുമെന്ന് പ്രവാചകൻ പറഞ്ഞു

rain or wind coming from south, തെക്കൻകോൾ tekkankooL *(nn,comp),* തെക്കൻ കോളിൽ പെട്ട് പല നാശനഷ്ടങ്ങളും ഉണ്ടായി

rainy season, മഴക്കാലം maZakkaalaM *(nn,comp),* മഴ ക്കാലത്ത് കുടയില്ലാതെ നടക്കാൻ പറ്റില്ല

raise, പൊങ്ങ് poŋŋə *(vi),* പക്ഷികൾ ആകാശത്തിലേക്ക് പറന്നു പൊങ്ങി

raise the speed, ത്വരിക്ക് tvarikkə *(vi),* വാഹനം ത്വരിച്ചു കൊണ്ടിരിക്കുന്നു

raise the wick of a lamp, തിരിനീട്ട് tiriniiTTə *(comp vb),* രവി വിളക്കിന്റെ തിരിനീട്ടി

raised, ഊർദ്ധ്വ uuRddhva *(adj),* അയാൾ ഊർദ്ധ്വ വായു പുറപ്പെടുവിച്ചു

raised platform for wrestling, ഗോദാ goodaa *(nn),* അനിൽ ഗുസ്തിയുടെ ഗോദായിലേക്ക് ഇറങ്ങി

raised step built around the house (in kerala), തിണ്ണ tiNNa *(vi),* വല്യമ്മ തിണ്ണയിൽ ഇരുന്നു

Rajputs, രജപുത്രൻ rajaputRan *(nn),* അവർ രജപുത്രന്മാർ ആണ്

rake, മൺകോരി maNkoori *(nn,comp),* ഒരു മൺകോരിയിൽ മണ്ണുകോരിയെടുത്തു

rake up, കുത്തിപ്പൊക്ക് kuttippokkə *(comp vb),* വെറുതെ ഓരോന്ന് അയാൾ കുത്തിപ്പൊക്കുന്നു

range, നിര nira *(nn),* ഒരു നിരയിൽ എത്ര പേരുണ്ടായിരിക്കും?

rank, പദവി padavi *(nn),* അയാൾ വലിയ പദവികളെ സ്വപ്നം കാണുന്നു

rape, ബലാൽസംഗം balaalsaMgaM *(nn),* ആ സ്ത്രീയെ ആരോ ബലാൽസംഗം ചെയ്തു

rare, അപൂർവമായ apuuRvamaaya *(adj),* വളരെ അപൂർവ്വമായ ചില ചിത്രങ്ങൾ ഈ ആർട്ട് ഗ്യാലറിയിലുണ്ട്.

rare, ലുപ്തമായ luptamaaya *(adj),* വളരെ ലുപ്തമായ ചെലവിൽ ആ ആഘോഷം നടന്നു

rarely, വിരളമായി viraLamaayi *(adv),* വളരെ വിരളമായി മാത്രം അയാൾ ഇവിടെ വരുന്നു.

rat, എലി eli *(nn),* എലി പുസ്തകം കരണ്ടു തിന്നുന്നു

rat snake, ചേര ceera *(nn),* ചേര കടിക്കില്ല

rate, തോത് tootə *(nn),* ഇതിന്റെ തോത് എത്രയാണ്

rate, നിരക്ക് nirakkə *(nn),* ഇവിടുത്തെ ജനസംഖ്യാനിരക്ക് എത്രയാണ്

rate, നിരക്ക് nirakkə *(adv),* ഈ നിരക്കിൽ സാധനങ്ങൾ വാങ്ങണം

rate of custom's duty (tariff), താരിഫ് taarippə *(nn),* സർക്കാർ താരിഫ് വർദ്ധിപ്പിച്ചു

rationalist, യുക്തിവാദി yuktivaadi *(nn),* അയാൾ ഒരു യുക്തി വാദിയാണ്

rationlism, യുക്തിവാദം yuktivaadaM *(nn,comp),* അയാൾ യുക്തിവാദം പറഞ്ഞു

rattle, കിലുക്ക് kilukkə *(vt),* കുട്ടി മണി കിലുക്കി

rattling, കടകട kaTakaTa *(nn),* വണ്ടി കടകട ശബ്ദം പുറപ്പെടുവിക്കുന്നു

Ravana, ദശമുഖൻ daSamukhaN *(nn,comp),* രാമൻ ദശമുഖനെ കൊന്നു

rave, മദംപൊട്ട് madaMpoTTə *(comp vb),* ആനയ്ക്ക് മദം പൊട്ടി

ravishing the mind, ചേതോഹരം ceetooharaM *(nn),* വളരെ ചേതോഹരമാണ് ആ ഹർമ്മ്യമെന്ന് എല്ലാവരും സമ്മതിച്ചു

raw, പാചകംചെയ്യാത്ത paakaMcayyatta *(adj),* പാചകം ചെയ്യാത്ത ഭക്ഷണപദാർഥങ്ങൾ ഭക്ഷിക്കരുത്

ray, അംശു aMSu *(nn),* സൂര്യന്റെ അംശുക്കൾ ശരീരത്തിൽ പതിഞ്ഞു

ray of light, കതിർ katiR *(nn),* പ്രഭാതത്തിൽ സൂര്യന്റെ ചെങ്കതിരുകൾ തെളിഞ്ഞു

rays, ധവളരശ്മി dhavaLaraSmi *(nn,comp),* അവിടെ നിന്ന് ധവളരശ്മി പുറപ്പെട്ടു

razor, റെയ്സർ RaisaR *(vt),* അയാൾ റെയ്സർ കൊണ്ട് താടിവടിക്കുന്നു

reach, പ്രാപിക്ക് pRaapikkə *(vt),* കുചേലൻ ഒടുവിൽ കൃഷ്ണനെ ശരണം പ്രാപിച്ചു

reach out, എത്ത് ettə *(vi),* എനിക്ക് മുകളിൽ എത്തില്ല

reach shore, കടവടുപ്പിക്ക് kaTavaTuppikkə *(nn,comp),* തോണി തോണിക്കാരൻ കടവടുപ്പിച്ചു

reaching, എത്തൽ ettalə *(nn),* അയാളുടെ എത്തൽ നോക്കി ഞാൻ കാത്തിരുന്നു

reaction, തിരിച്ചടി tiriccaTi *(nn),* ശത്രുവിൽ നിന്നു ഒരു തിരിച്ചടി പ്രതീക്ഷിച്ചതല്ല

reaction, പ്രതിപ്രവർത്തനം pRatipRavaRttanaM *(nn,comp),* പ്രതിപ്രവർത്തനം നല്ലതല്ല

reaction, പ്രത്യാഘാതം pRatyaaghaataM *(nn,comp),* താൻചെയ്ത പ്രവൃത്തിയുടെ പ്രത്യാഘാതം അയാളെ വേദനിപ്പിച്ചു

read, പഠിക്ക് paThikkə *(vt),* അവൾ എം.എസിക്ക് പഠിക്കുന്നു

read, വായിക്ക് vaayikkə *(vt),* അയാൾ ഒരു പുസ്തകം വായിക്കുന്നു

reader, വായനക്കാരൻ vaayanakkaaran *(nn),* അയാൾ നല്ല വായനക്കാരനാണ്

reading, പഠനം paThanaM *(nn),* അയാൾ പഠനം മതിയാക്കി

reading, വായന vaayana *(nn),* അയാൾക്ക് വായനാശീലമുണ്ടായിരുന്നു

ready money, റൊക്കം rokkaM *(nn),* ഞാൻ ശമ്പളം റൊക്കമായി വാങ്ങി

realisation of ultimate power, ബ്രഹ്മജ്ഞാനം bRahmaj~aanaM *(nn,comp),* അയാൾക്ക് ബ്രഹ്മജ്ഞാനം ലഭിച്ചു

realistic, യഥാതഥം yathaatathaM *(adj),* അയാൾ യഥാതഥമായ ഒരു കഥ പറഞ്ഞു

reality, ഉണ്മ uNma *(nn),* ഞാൻ പറഞ്ഞത് ഉണ്മയാണ്

reality, യാഥാർത്ഥ്യം yaathaaRthyaM *(nn),* അയാൾക്ക് യാഥാർത്ഥ്യം മനസ്സിലായില്ല

realize, ബോധിക്ക് boodhikkə *(vi),* അയാൾക്ക് തന്റെ തെറ്റുകൾ ബോധിച്ചു

reap harvest, കൊയ്യ് koyyə *(vt),* കൃഷിക്കാർ നെല്ലുകൊയ്യുന്നു

reason, കാരണം kaaraNaM *(nn),* അയാൾ അതിനു കാരണം പറഞ്ഞു

reason, ന്യായം ~aayaM *(nn),* പാവങ്ങൾക്ക് ന്യായം ലഭിക്കുന്നില്ല

reason out, ഉല്പ്പാദിക്ക് ulppaadikkə *(vt),* അതിൽ എല്ലാം ഉൽപ്പാദിക്കുന്നുണ്ട്

rebel, കലഹക്കാരൻ kalahakkaaran *(nn),* അവൻ ഒരു കലഹക്കാരനാണ്.

rebel, നിഷേധി ni$eedhi *(nn),* രവി ഒരു നിഷേധിയായിരുന്നു

rebel, വിമത vimata *(nn),* വിമത പക്ഷത്തു നിന്നു ചിലർ ഇങ്ങോട്ടു വന്നു.

receipt, രശീത് raSiitə *(nn),* അയാൾ ഒരു രശീത് വാങ്ങി

receive, സ്വീകരിക്ക് sviikarikkə *(vt),* അദ്ദേഹത്തെ സ്വീകരിക്കാൻ വലിയ ജനക്കൂട്ടമുണ്ടായിരുന്നു

reception, സ്വീകരണം sviikaraNaM *(nn),* അയാൾക്ക് സ്വീകരണം ലഭിച്ചില്ല

recite, ചൊല്ല് collə *(vb),* രാധ കവിത ചൊല്ലിയില്ല

recklessly, കണ്ടമാനം KaNTamaanaM *(adv),* അയാൾ എന്നോട് കണ്ടമാനം കടം വാങ്ങി

reclaim a lost thing, കണ്ടെടുക്ക് kaNTeTuKKə *(vb),* നഷ്ടപ്പെട്ടു പോയ വസ്തുക്കൾ കണ്ടെടുത്തു

recognise, അംഗീകരിക്ക് aMgiikariykkə *(vt),* ആരുടേയുംഅഹംഭാവത്തെ അംഗീകരിക്കാൻ നമുക്ക് കഴിയില്ല

recommend, ശുപാർശ ചയ്യ് *(vt),* ആരോ അയാൾക്കു വേണ്ടി ശുപാർശ ചെയ്തു

reconcile, രഞ്ജിപ്പിക്ക് ra~~jippikkə *(vt),* അവരെ തമ്മിൽ രഞ്ജിപ്പിക്കാൻ കഴിഞ്ഞില്ല

record, ആധാരം aadhaaraM *(nn),* ആധാരം വക്കീലിനെ ഏൽപ്പിച്ചു

records, പ്രമാണം pRamaaNaM *(nn),* പ്രമാണങ്ങൾ എല്ലാംകൊണ്ടുവന്നു

recover, ഭേദപ്പെട് bheedappeTə *(vi),* കുട്ടിയുടെ രോഗം ഭേദപ്പെട്ടു

recover, സുഖംപ്രാപിക്ക് sukhaMpRaapikkə *(vb),* അസുഖം മാറി സുഖം പ്രാപിക്കാൻ കുറേ ദിവസങ്ങളെടുത്തു

rectify a mistake, തെറ്റ്തിരുത്ത് teRRutiruttə *(comp vb),* തെറ്റുതിരുത്താൻ അയാൾ തയ്യാറായില്ല

red, ചുവന്ന cuvanna *(adj),* ചുവന്ന പൂക്കൾ എനിക്ക് ഇഷ്ടമാണ്

red ant, നീറ് niiRə *(nn),* കുട്ടിയെ നീറ് കടിച്ചു

red ant, മിശറ് miSaRə *(nn),* കുട്ടിയെ മിശറ് കടിച്ചു

red colour, ചുകപ്പ് cukappə *(nn),* ചുകപ്പു കണ്ട കാളയെപ്പോലെ

red colour, ചോപ്പ് cooppə *(nn),* പതാകയുടെ നിറം ചോപ്പാണ്

red flower mainly used in pujas (ixora coccinea), ചെക്കിപ്പൂ cakkippuu *(nn),* രാധ ഒരു ചെക്കിപ്പൂ പറിച്ചെടുത്തു.

red leaf covering of the fruit of nutmeg, ജാതിപത്രി jaatipatRi *(nn),* ജാതിപത്രി ഔഷധഗുണമുള്ളതാണ്

red lotus, ചെന്താമര centaamara *(nn,comp),* ചെന്താമരപ്പൂക്കൾ ധാരാളം ഈ കുളത്തിൽ വിടർന്നു നിൽക്കുന്നു

red rays, ചെങ്കതിർ ceŋkatiR *(nn,comp),* സൂര്യന്റെ ചെങ്കതിരുകൾ പുറത്തേക്കു തല നീട്ടി

red ripe arecanut, ചെമ്പഴുക്ക cembaZukka *(nn,comp),* അച്ഛൻ കുറേ ചെമ്പഴുക്ക പറിച്ചുകൊണ്ടു വന്നു

red sandal, രക്തചന്ദനം raktacandanaM *(nn),* അവൾ രക്തചന്ദനം പുരട്ടി

Red sea, ചെങ്കടൽ ceŋkaTal *(nn,comp),* രാജൻ ചെങ്കടൽ കണ്ടു

red tap, ചുവപ്പുനാട cuvappunaaTa *(nn),* ചുവപ്പുനാടയിൽ കുരുങ്ങിക്കിടന്ന പദ്ധതികളെല്ലാം താമസിച്ചു

red-eye, ചെങ്കണ്ണ് ceŋkNNə *(nn,comp),* ചെങ്കണ്ണ് കണ്ണിനെ ബാധിക്കുന്ന ഒരു രോഗമാണ്

reduce, കുറയ് kuRayə *(vi),* ഇപ്പോൾ വെളിച്ചം കുറയുന്നു

refine, തൂമവരുത്ത് tuumavaruttə *(vb),* കുട്ടി മുഖത്തിനു തൂമ വരുത്തി

reflection, പ്രതിച്ഛായ pRaticchaaya *(nn,comp),* ദൂരെ നീങ്ങുന്ന ഒട്ടകത്തിന്റെ പ്രതിച്ഛായ തടാകത്തിൽ കാണാം

reflection, പ്രതിഫലനം pRatiphalanaM *(nn),* കഠിനപ്രയത്നത്തിന്റെ പ്രതിഫലനം അവന്റെ കൃതികളിൽ കാണാം

reflection, പ്രതിബിംബം pRatibiMbaM *(nn),* കുളത്തിൽ കുളക്കരയിലെ വൃക്ഷങ്ങളുടെ പ്രതിബിംബം കാണാം

reflection, പ്രതിരൂപം pRatiruupaM *(nn),* അവളുടെ പ്രതിരൂപം

ഛായാചിത്രത്തിൽ പതിഞ്ഞുകാണാം

refugee, അഭയാർഥി abhayaaRthi *(nn),* ബംഗ്ലാദേശിൽ നിന്ന് അഭയാർഥികൾ പ്രവഹിച്ചു

refuse, നിരസിക്ക് nirasikkə *(adj),* അയാൾ ചോദിച്ചപ്പോൾ എനിക്കു നിരസിക്കുവാൻ കഴിഞ്ഞില്ല

region, പ്രദേശം pRadeeSaM *(nn),* ആ പ്രദേശം തികച്ചും വിജനമായിരുന്നു

regular, ചിട്ട ciTTa *(nn),* ചിട്ടയിലുള്ള വ്യായാമം ശരീരത്തിനാവശ്യമാണ്

regularisation, ക്രമീകരണം kRamiikaraNaM *(nn),* കുട്ടികളുടെ എണ്ണത്തിൽ ക്രമീകരണം നടത്തി

regularity, ക്രമം kRamaM *(nn),* അയാൾ പുസ്തകങ്ങൾ ക്രമം തെറ്റിച്ചു

regularize, ക്രമപ്പെടുത്ത് kRamappeTuttə *(vt),* കുട്ടി ഉപകരണങ്ങൾ ക്രമപ്പെടുത്തി

reign, വാഴ് vaaZə *(vi),* രാജാവ് നാടു വാഴുന്നു

reign, വാഴ്ച vaaZca *(nn),* രാജാവിന്റെ വാഴ്ച അവസാനിച്ചു

reject, തള്ളിക്കളയ് taLLikkaLayə *(comp vb),* ഇത് അപ്രധാനമായ കാര്യമെന്നു കരുതി തള്ളിക്കളയാനാവില്ല

reject, തഴയ് taZayə *(vt),* രവിയെ എല്ലാവരും തഴഞ്ഞു

reject, നിരാകരിക്ക് niraakarikkə *(vt),* അവൾ അതെല്ലാം നിരാകരിച്ചു

rejoice, ആഹ്ലാദിക്ക് aahlaadikkə *(vi),* കുട്ടികൾ ആഹ്ലാദിക്കുന്നു

rejoice, ഉല്ലസിക്ക് ullasikkə *(vt),* പാർക്കിൽ കുട്ടികൾ ഉല്ലസിക്കുന്നു

rejoice, സന്തോഷിക്ക് santoo$ikkə *(vb),* ഇത് സന്തോഷിക്കാനുള്ള അവസരമല്ല

related to kerala, കൈരളി kairaLi *(nn),* കഥകളി കൈരളിയുടെ സ്വന്തമാണ്

relation, ചാർച്ച caaRcca *(nn),* രാജനും രവിയും തമ്മിൽ ചാർച്ചയുണ്ട്

relation, ബന്ധം bandhaM *(nn),* ബന്ധങ്ങൾ എപ്പോഴും ബന്ധനങ്ങളാണ്

relation, സംബന്ധം SaMbandhaM *(nn),* അയാളുടെ സംബന്ധത്തിൽപ്പെട്ട ഒരു സ്ത്രീയാണത്

relationship by adoption, ദത്തുസംബന്ധം daattusaMbandhaM *(nn,comp),* അവർ തമ്മിൽ ദത്തുസംബന്ധമാണ്

relative, ബന്ധു bandhu *(nn),* ഞാൻ ഒരു ബന്ധുവിനെ സന്ദർശിച്ചു

relative participle form, പേരെച്ചം peerecchaM *(nn),* നാമത്തോടൊപ്പം നിൽക്കുന്നത് പേരെച്ചം

release, വിടുതൽ viTutal *(nn),* അയാൾക്ക് വിടുതൽ ലഭിച്ചു

released, വിമുക്ത vimukta *(adj),* വിമുക്തഭടന്മാർക്ക് പല ആനുകൂല്യങ്ങളും ഉണ്ട്.

relevance, പ്രസക്തി pRasaktii *(nn),* എന്താണ് ഇതിന്റെ പ്രസക്തിയെന്ന് അയാൾ ചോദിക്കുന്നു

religion, മതം mataM *(nn),* മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ്

religious belief, മതവിശ്വാസം mataviSvaasaM *(nn,comp),* മതവിശ്വാസം ഇന്ന് അപകടകരമായ ഘട്ടത്തിൽ എത്തിയിരിക്കുന്നു

religious fanaticsm, മതഭ്രാന്ത് matabRantə *(nn,comp),* അയാൾ ഒരു മതഭ്രാന്തനാണ്

religious observance (beard), ദീക്ഷ diik$a *(nn),* അയാൾക്ക് ദീക്ഷയുണ്ടായിരുന്നു

religious play, കളിയാട്ടം kaLiyaaTTaM *(nn),* കാവിൽ ഇന്ന് കളിയാട്ടമായിരുന്നു

relinquishing the body, ദേഹത്യാഗം deehatyaagaM *(nn,comp),* അവൻ ദേഹത്യാഗം ചെയ്തു

remain, അവശേഷിക്ക് avaSee$ikkə *(vi),* യുദ്ധത്തിനു ശേഷം ഒന്നും അവശേഷിച്ചില്ല

remain dim, മുനിയ് muniyə *(vt),* അവിടെ ഒരു വിളക്ക് മുനിഞ്ഞു കത്തി

remain idle, കുത്തിയിരിക്ക് kuttiyirikkə *(comp vb),* അവൻ വെറുതെ കുത്തിയിരിക്കുന്നു

remain silent, മുനിയ് muniyə *(vt),* അയാൾ മുനിഞ്ഞിരുന്ന് തപസ്സ് ചെയ്തു

remaining, അവശേഷിക്കുന്ന avaSee$ikkunna *(adj),* ഇവിടെ അവശേഷിക്കുന്ന ഇടിഞ്ഞുപൊളിഞ്ഞ കൊട്ടാരമാണ് ഏറ്റവും പ്രസിദ്ധമായത്

remaining things, അവശിഷ്ടം avaSi$TaM *(nn),* എല്ലാവരും ഉപയോഗിച്ച സാധനങ്ങളുടെ അവശിഷ്ടങ്ങൾ ഇവിടെ വലിച്ചു വാരിയിടുന്നു.

remains, എച്ചിൽ eccil *(nn),* അവൻ എച്ചിൽ വാരിക്കളഞ്ഞു

remedy, പ്രതിവിധി pRatividhi *(nn),* മഞ്ഞുനോവ് രോഗത്തിന് ഒരു പ്രതിവിധിയേയുള്ളൂ

remedy for evil or sin, ദോഷപരിഹാരം doo$aparihaaraM *(nn,comp),* ദോഷപരിഹാരത്തിനായി അയാൾ പലതും ചെയ്തു

remedy to restore life, മൃതസഞ്ജീവനി mRətasa~jiivani *(nn),* മൃതസഞ്ജീവനി കുടിച്ച് അയാൾ പുനർ ജീവിച്ചു

remember, ഓർക്ക് ooRKKə *(vi),* അവൻ പഴയ കാര്യങ്ങളെല്ലാം ഓർക്കുന്നു

remember, ഓർമ്മിക്ക് ooRmmikkə *(vi),* മകൻ ചിലപ്പോഴൊക്കെ അമ്മയെപ്പറ്റി ഓർക്കുന്നു

rememberance, അനുസ്മരണം anusmaraNaM *(nn),* രാഷ്ട്രീയ നേതാവിനോടുള്ള അനുസ്മരണം പ്രമാണിച്ചു ഒരു യോഗം നടത്തി

remembering, നിനപ്പ് ninappə *(nn),* അവളുടെ നിനപ്പിൽ ഞാൻ എപ്പോഴുമുണ്ട്

remind, ഓർമ്മിപ്പിക്ക് ooRmmippikkə *(vt),* ഞാൻ മറന്നുപോയ കാര്യം അവൻ എന്നെ ഓർമ്മിപ്പിച്ചു

remind, ഓർമ്മിപ്പിക്ക് ooRmmippikkə *(vt),* അധ്യാപകനെ വിദ്യാർഥി ഓർമ്മിപ്പിച്ചു

remit (fees), കെട്ട് keTTə *(vt),* ബാലൻ ഫീസു കെട്ടി

remnants, അവശിഷ്ടം avaSi$TaM *(nn),* അവിടെ ആ കൊട്ടാരത്തിന്റെ അവശിഷ്ടങ്ങൾ കാണാം

remote area, ഗുദാം gudaaM *(nn),* രവി ഒരു ഗുദാമിൽ നിന്നാണ് വരുന്നത്

remote place, ഓണംകേറാമൂല ooNaMkeeRaamuula *(comp n),* അത് ഒരു ഓണംകേറാമൂലയായിരുന്നു

remove, ഒഴിപ്പിക്ക് oZippikkə *(vt),* അയാളെ ഇവിടെ നിന്ന് ഒഴിപ്പിച്ചു

remove, നീക്കംചെയ്യ് niikkaMceyyə *(vt),* മന്ത്രിയെ സ്ഥാനത്തുനിന്നു നീക്കം ചെയ്തു

remove mud and other objects little by little, ചികയ് cikayə *(vi),* കോഴി എപ്പോഴും അഴുക്കിൽ ചികഞ്ഞുകൊണ്ടിരിക്കുന്നു

remove the husk of a coconut, പൊതിക്ക് potikkə *(vt),* അമ്മ തേങ്ങ പൊതിക്കുന്നു

remove the stain, കറകളയ് kaRakaLayə *(vt),* അവൾ ഷർട്ടിലെ കറ കളയുന്നു

renovation, ജീർണ്ണോദ്ധാരണം jiiRNNooddhaaraNaM *(nn,comp),* ശങ്കരാചാര്യർ ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണം നടത്തി

renovation, നവീകരണം naviikaraNaM *(nn),* മനുഷ്യമനസ്സിൽ ഒരു നവീകരണം ആവശ്യമാണ്

rent, വാടക vaaTaka *(nn),* അയാൾ വാടകയ്ക്ക് വീടു വാങ്ങി

renunciation, ആത്മപരിത്യാഗം aatmaparityaagaM *(nn),* അവൾ ആത്മപരിത്യാഗം നടത്തി സന്യാസിനിയായി

repair, അഴിച്ചുപണിയ് aZiccupaNiyə *(nn),* പഴയ കെട്ടിടം മുഴുവൻ അഴിച്ചു പണിയുന്നു.

repay debts, കടംവീട്ട് kaTaMviiTTə *(vb, comp),* ഞാൻ അച്ഛന്റെ കടം വീട്ടി

repeat, ഉരുവിട് uruviTə *(vi),* മുനിമാർ മന്ത്രം ഉരുവിടുന്നു

repeat prayers, ജപിക്ക് japikkə *(vi),* രവി മന്ത്രം ജപിക്കുന്നു

repeating veda manthras, ജപം japaM *(nn),* രവി ജപം ഉരുവിട്ടുകൊണ്ടിരുന്നു

repent, അനുതപിക്ക് anutapikkə *(vt),* ചെയ്ത തെറ്റിനേക്കുറിച്ചോർത്ത് അയാൾ അനുതപിച്ചു

repent, പ്രായശ്ചിത്തം ചെയ്യ് *(vi),* തെറ്റു ചെയ്തതിനെ ഓർത്തു കുട്ടി പ്രായശ്ചിത്തം ചെയ്തു

repentence, മാനസാന്തരം maanasaantaraM *(nn),* അയാൾക്ക് അങ്ങനെ മാനസാന്തരം ഉണ്ടായി

repetition, ആവർത്തനം aavaRttanaM *(nn),* ആവർത്തനത്തിന്റെ മുഷിപ്പ് ഭയങ്കരമാണ്

replace, പുനഃസ്ഥാപിക്ക് punasthaapikkə *(vt),* ഗ്രാമത്തിലെ വായനശാല പുനഃസ്ഥാപിക്കുവാനുള്ള ശ്രമം നടന്നില്ല

reply, മറുപടിപറയ് maRupaTipaRayə *(vi),* അവൾ മറുപടിയൊന്നും പറഞ്ഞില്ല

representative, പ്രതിനിധി pRatinidi *(nn),* ഇന്ത്യയുടെ പ്രതിനിധി കാഷ്മീർ പ്രശ്നം ചർച്ചചെയ്യാൻ പാകിസ്ഥാനിൽ എത്തി

reputation, ഖ്യാതി khayaati *(nn),* താജ്മഹൽ ഇന്ത്യക്കു പുറത്ത് ഖ്യാതി നേടി

request, അപേക്ഷ apeek$a *(nn),* എന്നെ വെറുതെ വിടാനുള്ള അപേക്ഷ അയാൾ തള്ളിക്കളഞ്ഞു

request, അഭ്യർഥന abhyaRthana *(nn),* അവന്റെ അഭ്യർത്ഥന അയാൾ കേട്ടില്ല

request humbly, കാലുപിടിക്ക് kaalupiTikkə *(comp vb),* അയാൾ ജന്മിയുടെ കാലു പിടിച്ചു

request humbly, കേഴ് keeZə *(vi),* രാധ എപ്പോഴും കേഴുന്നു

research, ഗവേഷണം gavee$aNaM *(nn),* ഗവേഷണം ഒരു കലയാണത്രെ

research paper, ഗവേഷണപ്രബന്ധം gavee$aNapRabandhaM *(nn,comp),* ഞാൻ ഒരു ഗവേഷണ പ്രബന്ധം വായിച്ചു

reservation, സംവരണം saMvaraNaM *(nn),* സംവരണം തുടരാൻ കഴിഞ്ഞില്ല

reserve fund, കരുതൽ karutal *(nn),* അയാൾ കരുതൽ നിധി ദുർവിനിയോഗം ചെയ്തു

reservoir, ജലാശയം jalaaSayaM *(nn,comp),* മഴകൊണ്ട് ജലാശയങ്ങൾ കവിഞ്ഞൊഴുകി

reside, വർത്തിക്ക് vaRttikkə *(vb),* അവർ അവിടെ സമാധാനമായി വർത്തിക്കുന്നു

residence, ഭവനം bhavanaM *(nn),* അയാൾ സ്വഭവനത്തിൽ താമസിച്ചു

residing, വാസം vasaM *(nn),* അയാളുടെ വാസം അവിടെയാണ്

resign, രാജിവയ്ക്ക് raajivaykkə *(comp vb),* അയാൾ ജോലി രാജിവച്ചു

resignation, രാജി raaji *(nn),* അയാൾ രാജി സമർപ്പിച്ചു

resin of boswella (oblibanum thurifera), കുന്തിരിക്കം kunturukkaM *(nn),* വീട്ടിൽ കുന്തിരിക്കം പുകയ്ക്കാറുണ്ട്

resistance, പ്രതിരോധം pRatiroodhaM *(nn),* കുത്തിവയ്പിലൂടെ പ്രതിരോധശക്തി വർദ്ധിപ്പിക്കാം

resourceful person (one having presence of mind), പ്രത്യുല്പന്നമതി pRatulppannamati *(nn),* രവി ഒരു പ്രത്യുൽപ്പന്നമതിയായിരുന്നു

resourcefulness, മനസ്സാന്നിദ്ധ്യം manassaanniddhyaM *(nn,comp),* അയാളുടെ മനസ്സാന്നിദ്ധ്യം എല്ലാവരും പുകഴ്ത്തി

respect, ആദരം aadaram *(nn),* അയാൾ എല്ലാവരുടേയും ആദരം പിടിച്ചു പറ്റി

respect, ആദരിക്ക് aadarikkə *(vt),* അവൻ അദ്ദേഹത്തെ ആദരിക്കുന്നു

respect, ബഹുമാനിക്ക് bahumanikkə *(vt),* മാതാപിതാക്കളെ ബഹുമാനിക്കണം

respect, മതിക്ക് matikkə *(vt),* അയാളെ ആരും മതിച്ചില്ല

respect, സമാദരിക്ക് samaadarikkə *(vt),* ഞങ്ങൾ കഴിഞ്ഞ പരിപാടിയിൽ ദേശീയ അവാർഡ് നേടിയ അധ്യാപികയെ സമാദരിച്ചു

respectable, അഭിവന്ദ്യ abhivandya *(adj),* അഭിവന്ദ്യ ഗുരുവിന് പ്രണാമം

respectable, മാന്യ maanya *(adj),* മാന്യമായ പെരുമാറ്റം കൊണ്ട് അയാൾ എല്ലാവരേയും കീഴടക്കി

respectable person, ജനാബ് janaabə *(nn),* ജനാബ് മുഹദ്ദലി ശിഹാബ് തങ്ങൾ പ്രസംഗിച്ചു

respectfully, സാദരം saadaraM *(adv),* അയാൾ സാദരം വണങ്ങി

respectively, മുറയ്ക്ക് muRaykkə *(nn),* കാര്യങ്ങൾ മുറയ്ക്ക് നടന്നു

responding humbly to a superior as a mark of devotion and reverence, ഓച്ചാനിക്ക് ooccaanikkə *(vi),* അവർ അയാളുടെ മുന്നിൽ ഓച്ചാനിച്ചു നിന്നു.

responsibility, ചുമതല cumatala *(nn),* മാധവന് പല പ്രധാനപ്പെട്ട ചുമതലകളുണ്ട്

rest, വിശ്രമം viSRamaM *(nn),* ജോലി ചെയ്യുന്നവർക്ക് വിശ്രമം ആവശ്യമാണ്

restraining, സംയമനം saMyamanaM *(nn),* അവർ സംയമനം പാലിച്ചു

result, ഫലം phalaM *(nn),* പരീക്ഷയുടെ ഫലം പുറത്തായി

resurrect, ഉയിർക്ക് uyiRkkə *(vi),* അയാൾ മരിച്ച് ഉയിർക്കുമെന്ന് ആരോ പ്രവചിച്ചു

resurrection, ഉയർത്തെഴുന്നേല്പ് uyaRtteZunneelppə *(nn),* ഉയർത്തെഴുന്നേൽപ്പുനാൾ സമുചിതമായി ആഘോഷിച്ചു

retail trade, ചില്ലറവ്യാപാരം cillaRavyaapaaraM *(nn,comp),* ചില്ലറവ്യാപാരം നിർത്തി മൊത്തവ്യാപാരം തുടങ്ങി

retort, തിരിച്ച്പറയ് tiriccupaRayə *(vt),* അവൻ ഒന്നും തന്നെ തിരിച്ചു പറഞ്ഞില്ല

retrospective view, സിംഹാവലോകനം siMhaavalookanaM *(nn),* അയാൾ ഒരു സിംഹാവലോകനം നടത്തി

return, തിരിച്ചുവര് tiriccuvarə *(vi),* ഹനുമാൻ ലങ്കയിൽ പോയി തിരിച്ചുവന്നു

return, മടക്കം maTakkaM *(nn),* രവിയുടെ മടക്കം പെട്ടെന്നായിരുന്നു

return, മടങ്ങൽ maTaŋŋaL *(nn),* അയാൾ രവിയുടെ തോറ്റു മടങ്ങൽ കണ്ടു

reveal, ആവിഷ്ക്കരിക്ക് aavi$kkarikkə *(vt),* ഒരു പുതിയ സിദ്ധാന്തം ആവിഷ്ക്കരിച്ചു

revenge, പകരം വീട്ട് *(comp vb),* അവൻ അയാളോട് പകരം വീട്ടി

revenge, പ്രതികാരം pRatikaaram *(nn),* താങ്കളോടു

ചെയ്തതിനു പ്രതികാരം വീട്ടുകയല്ല, പൊറുക്കുകയാണ് വേണ്ടത്

revenge, മറുകൈ maRukai *(nn,comp),* അയാൾ ഒരു മറുകൈ പ്രയോഗിച്ചു

reverberate, മുരള് muraLə *(vi),* തട്ടിൻപുറത്ത് എന്തോ മുരളുന്നു

reverence, ബഹുമാനം bahumaanaM *(nn),* അയാളുടെ ബഹുമാനം പിടിച്ചുപറ്റാൻ കഴിഞ്ഞു

reverence, വണക്കം vaNakkaM *(nn),* അയാൾ അധ്യാപകന് വണക്കം പറഞ്ഞു

reverse, നേരെതിരിച്ച് neeRetiriccə *(adv),* ഞാൻ പറഞ്ഞതിനു നേരെ തിരിച്ച് അവൻ പറഞ്ഞു

revolt, കലാപം kalaapaM *(nn),* കലാപം അടിച്ചമർത്തപ്പെട്ടു

revolution, ഇങ്കുലാബ് iŋkulaabə *(nn),* ഇങ്കുലാബ് സിന്ദാബാദ്!

revolution, വിപ്ലവം viplavaM *(nn),* അവർ ഒരു വിപ്ലവം ജയിച്ചു

revolving, ഭ്രമം bhRamam *(nn),* ഭൂമിയുടെ ഭ്രമം നിലയ്ക്കുന്നില്ല

reward, പ്രതിഫലം pRatiphalaM *(nn),* അയാളുടെ അശ്രാന്ത പരിശ്രമത്തിന് പ്രതിഫലമായി പത്മശ്രീ നൽകി

rheumatic fever, വാതപ്പനി vaatappani *(comp nn),* അയാൾക്ക് വാതപ്പനി വന്നു

rheumatism, വാതം vaataM *(nn),* അമ്മയ്ക്ക് വാതമുണ്ടായിരുന്നു

Rhinoceros, കാണ്ടാമൃഗം kaaNTaamRəgam *(nn),* ഞങ്ങൾ കാഴ്ചബംഗ്ലാവിൽ കാണ്ടാമൃഗത്തെ കണ്ടു

Rhinoceros, ഖഡ്ഗമൃഗം khaDgamRəgaM *(nn),* ഖഡ്ഗമൃഗത്തിന് കട്ടിയുള്ള തോലുണ്ട്

rhinocerous, കാണ്ടാമൃഗം kaNTaamRəgaM *(nn),* കാണ്ടാമൃഗത്തിന് കട്ടിയുള്ള തോലുണ്ട്

rhyme, പ്രാസം pRaasaM *(nn),* നല്ല പ്രാസമുള്ള കവിത

rice, അന്നം annaM *(nn),* അന്നവും വസ്ത്രവും അപ്പവും വീഞ്ഞുമായി എന്നിട്ടും രക്ഷകൻ വന്നില്ല

rice, അരി ari *(nn),* അരിയാണ് കേരളീയരുടെ മുഖ്യഭക്ഷണം

rice, നെല്ലരി nellari *(nn),* നെല്ലരി കൊണ്ട് അമ്മ കഞ്ഞിവച്ചു

rice money etc tied up in a piece of cloth, കിഴി kiZi *(nn),* അയാൾ ഒരു കിഴിയിൽ പണം സൂക്ഷിച്ചിരുന്നു

rich, സമൃദ്ധമായ samRəddhamaaya *(adj),* സമൃദ്ധമായ അറിവിന്റെ ഉത്തമ ഉദാഹരണമായിരുന്നു അദ്ദേഹം

rich man, കുബേരൻ kubeeran *(nn),* ബിർള ഒരു കുബേരനാണ്

rich man, ധനവാൻ dhanavaan *(nn),* ധനവാനായ ഒരു മനുഷ്യനുണ്ടായിരുന്നു

rich man, പണക്കാരൻ paNakkaaran *(nn,comp),* അയാൾ പണക്കാരനായത് സമീപ കാലത്താണ്

rich or wealthy person, ധനികൻ dhanikan *(nn),* ധനികന് രണ്ടു പുത്രന്മാരുണ്ടായിരുന്നു

rickshaw, റിക്ഷാ Rik$aa *(nn),* അയാൾ ഒരു റിക്ഷയിൽ കയറി

riddle, കടംകഥ kaTaŋkatha *(nn),* കുട്ടികൾ കടംകഥകൾ പറയുന്നു

riddle, പ്രഹേളിക pRaheeLika *(nn),* ജീവിതം ഒരു പ്രഹേളികയാണ്

ridiculous gestures, ഗോഷ്ഠി goo$Thi *(nn),* രവി പലതരം ഗോഷ്ഠികൾ കാണിച്ചു

riding, സവാരി savaari *(nn),* അയാൾ കുതിരപ്പുറത്ത് സവാരി ചെയ്തു

right, വലത്ത് valattə *(adj),* വലത്തെ കവിളിൽ ഒരു മറുകുണ്ട്

right, ശരി Sari *(in),* അവൻ പറഞ്ഞതു ശരിയാണ്

right and wrong, ധർമ്മാധർമ്മങ്ങൾ dhaRmmaadhaRmmaŋŋaL *(nn,comp),* മനുഷ്യൻ ധർമ്മാധർമ്മങ്ങൾ ചെയ്യുന്നു

right hand, വലങ്കൈ valaŋkai *(nn),* അവൻ എന്റെ വലങ്കൈയാണ്

right of adoption, ദത്തവകാശം dattavakaaSaM *(nn,comp),* ദത്തവകാശം അവനു കിട്ടിയില്ല

right to hold a land as given by government, പട്ടയം paTTayaM *(nn),* അവർക്ക് പട്ടയം കിട്ടി

righteous person, നീതിമാൻ niitimaan *(nn,comp),* സോളമൻ രാജാവ് നീതിമാനായിരുന്നു

righteous person, നേരുകാരൻ neerukaaran *(nn,comp),* അയാൾ ഒരു നേരുകാരനായിരുന്നു

righteousness, ധാർമ്മികത dhaaRmmikata *(nn),* ധാർമ്മികതയാണ് ജീവിതത്തിന്റെ മൂല്യമാകേണ്ടത്

rights, അവകാശം avakaaSaM *(nn),* ഒരു പൌരന് ഒട്ടേറെ അവകാശങ്ങളുണ്ട്

ring, മണിയടിക്ക് maNiaTikkə *(vt),* സ്ക്കൂളിൽ മണിയടിക്കുന്നു

ring, മോതിരം mootiraM *(nn),* വിവാഹസമയത്ത് അവർ മോതിരം കൈമാറി

ring, വലയം valayaM *(nn),* അയാൾ ഒരു വലയം ഭേദിച്ചു

ring, വളയം vaLayaM *(nn),* അയാൾ വളയം പിടിച്ച് തൂങ്ങുന്നു

ring finger, മോതിരവിരൽ mootiraviral *(nn,comp),* അവൾ മോതിരവിരലിൽ മോതിരം അണിഞ്ഞു

ripe fruit, കനി kani *(nn),* കാട്ടിൽ കനികൾ ഭക്ഷിച്ച് അവൻ ജീവിച്ചു

ripe mango fruit, മാമ്പഴം maambaZaM *(nn),* അയാൾ ഒരു മാമ്പഴം തിന്നു

ripples, ഓളം ooLaM *(nn),* പുഴയിലെ ഓളങ്ങൾ ശാന്തമായിരുന്നു

rise, ഉദിക്ക് udikkə *(vi),* കിഴക്ക് സൂര്യൻ ഉദിക്കുന്നു

rise, ഉയര് uyarə *(vi),* ആ പക്ഷി മേൽപോട്ട് ഉയരുന്നു

rise, പൊന്ത് pontə *(vi),* പക്ഷികൾ കൂട്ടത്തോടെ പൊന്തി

rising of the sun, ഉദയം udayaM *(nn),* ഉദയം കഴിഞ്ഞ് പുറപ്പെട്ടു

ritual, ആചാരം aacaaraM *(nn),* ഓരോ സമൂഹത്തിനും വ്യത്യസ്തമായ ആചാരങ്ങൾ ഉണ്ട്

ritual, ചടങ്ങ് caTaŋŋə *(nn),* ചടങ്ങ് കഴിഞ്ഞ് എല്ലാവരും പോയി

ritual performed in bhagavati temples, തീയാട്ട് tiiyaaTTə *(nn),* ഭഗവതി ക്ഷേത്രത്തിൽ തീയാട്ട് നടന്നു

rivalry, ഉൾപ്പോര് uLppoorə *(nn,comp),* സംഘടനയിൽ എപ്പോഴും ഉൾപ്പോരുകൾ നടക്കാറുണ്ട്

river, ആറ് aaRə *(nn),* ആറിലെ വെള്ളത്തിൽ കുളിച്ചു.

river, കല്ലോലിനി kallolini *(nn),* കല്ലോലിനിയുടെ തീരങ്ങളിൽ കവി ഇരുന്നു

river, നദി nadi *(nn),* മഴക്കാലത്ത് നദിയിൽ വെള്ളം പൊങ്ങുന്നു

river ganges, ഗംഗ gaMga *(nn),* ഗംഗ ഭാരതത്തിലെ പുണ്യ നദിയാണ്

river in Kerala, പെരിയാർ periyaaR *(nn),* പെരിയാറിൽ വെള്ളം നിറഞ്ഞു കിടക്കുന്നു

river water, നദീജലം nadiijalaM *(nn,comp),* നദീജലത്തിൽ അവർ കുളിച്ചു

rivet, തറയ്ക്ക് taRayəkkə *(vt),* ക്രിസ്തുവിനെ കുരിശിൽ തറച്ചു

road, നിരത്ത് nirattə *(adj),* നിരത്തിൽ ടാറിടുന്നു

roam, ചുറ്റ് cuRRə *(vt),* അയാൾ അവനെ അന്വേഷിച്ച് പല സ്ഥലങ്ങളും ചുറ്റി

roam without any work, തേരാപ്പാരനടക്ക് teeraappaaranaTakkə *(comp vb),* അവൻ തേരാപ്പാര നടന്നു

roar, ഇരമ്പൽ irambal *(nn),* ലോറിയുടെ ഇരമ്പൽ അകലെ നിന്ന് കേൾക്കുന്നുണ്ട്

roar, ഗർജ്ജനം gaRjjanaM *(nn),* മൃഗശാലയിൽ നിന്ന് സിംഹത്തിന്റെ ഗർജ്ജനം കേൾക്കുന്നു

roar, ഗർജ്ജിക്ക് gaRjjikkə *(vi),* കാട്ടിൽ സിംഹം ഗർജ്ജിക്കുന്നു

roaring of bull, മുക്കിറ mukKiRa *(nn),* കാള മുക്കിറയിട്ടു

roaring of elephant, ചിന്നംവിളി cinnaMviLi *(nn,comp),* ആന ചിന്നം വിളിക്കുന്നു

rob, കവർ kavarə *(vt),* ആ ചിത്രം മനസ്സു കവരുന്നതായിരുന്നു

rob, തിരുട് tiruTə *(vt),* ആരോ ഇവിടുന്ന് പണം തിരുടി

rob, മോഷ്ടിക്ക് moo$Tikkə *(vt),* ആരോ ഇവിടെ നിന്നു ഒരു പേന മോഷ്ടിച്ചു

robber, ചോരൻ cooran *(nn),* ചോരനെപ്പോലെ അയാൾ നടന്നു

robber, മോഷ്ടാവ് moo$Taavə *(nn),* പോലീസ് മോഷ്ടാവിനെ പിടികൂടി

robbery, കവർച്ച kavaRcca *(nn),* പട്ടാപ്പകൽ ബാങ്ക് കവർച്ച നടത്തി

robbery, ചോരണം cooraNaM *(nn),* ചോരണം കലയാക്കി മാറ്റിയ ഉദ്യോഗസ്ഥനെ പിരിച്ചുവിട്ടു

rock, പാറ paaRa *(nn),* പാറ പൊടിഞ്ഞാണ് മണൽ ഉണ്ടാകുന്നത്

rock to and fro in a rhythmic way, ചാഞ്ചാട് caa~caaTə *(vb),* തോണി പുഴയിൽ വച്ച് ചാഞ്ചാടുന്നു

rogue, കഴുവേറി kaZuveeRi *(nn,comp),* അയാൾ ഒരു കഴുവേറിയാണ്

rogue, തെമ്മാടി temmaaTi *(nn),* രവി ഒരു തെമ്മാടിയാണ്

rogue, പോക്കിരി pookkiri *(nn),* അവൻ ഒരു ഗജ പോക്കിരിയാണ്

roll, ഉരുള് uruLə *(vi),* മേശപ്പുറത്ത് പന്ത് ഉരുളുന്നു

roll, ഉരുള് uruLə *(vi),* ഭക്തജനങ്ങൾ നിലത്ത് വീണ് ഉരുളുന്നു

roll, പെരള് peraLə *(vt),* ആ കുട്ടികൾ മണ്ണിൽ കിടന്ന് പെരളുന്നു

roll shaped, ഉരുളൻ uruLan *(adj),* ഒരു ഉരുളൻ കല്ലെടുത്ത് അവൻ എറിഞ്ഞു

roll up, ചുരുട്ട് curuTTə *(vt),* അമ്മ പായ ചുരുട്ടി വച്ചു

roll up, തെരുക്ക് terukkə *(vt),* രവി പായ തെരുക്കി വച്ചു

rolling, ഉരുട്ട് uruTTə *(nn),* പോലീസുകാരുടെ ഉരുട്ട് ഭീകരമായിരുന്നു

rolling, തെറുപ്പ് teRuppə *(nn),* ബീഡി തെറുപ്പ് ഒരു തൊഴിലാണ്

romantic age, കാൽപ്പനികയുഗം kaalppanikayugaM *(nn,comp),* കാൽപ്പനികയുഗത്തിൽ കുറേ കവികളുണ്ടായി

romantic or amorous expression, ക്രീഡ kRiiDa *(nn),* അവർ ഓരോ ക്രീഡകളിൽ ഏർപ്പെട്ടു

romantic story, കാൽപ്പനികകഥ kaalppanikakatha *(nn,comp),* ഒരു കാല്പ്പനിക കഥയാണ് ഇത്

roof, മേൽക്കൂര meelkkuura *(nn),* മേൽക്കൂരയിൽ ഒരു കിളി വന്നിരിക്കുന്നു

roof of the house, മേൽപ്പുര meelppura *(nn),* മേൽപ്പുര കെട്ടിയിരുന്നില്ല

room, അറ aRa *(nn),* അറയിൽ നെല്ലു സൂക്ഷിച്ചിരിക്കുന്നു

room, മുറി muRi *(nn),* അയാൾ ഒരു മുറി തുറന്നു

root, മൂലം muulaM *(nn),* ദശമൂലങ്ങൾ കൊണ്ട് കഷായം തയ്യാറാക്കി

root, വേര് veerə *(nn),* മരത്തിന്റെ വേര് മുറിഞ്ഞു

root word, ധാതു dhaatu *(nn),* ഈ ക്രിയയുടെ ധാതു ഏതാണ്?

rope, കയർ kayaR *(nn),* ചകിരികൊണ്ട് കയർ ഉണ്ടാക്കുന്നു

rope, വള്ളി vaLLi *(nn),* അയാൾ അത് ഒരു വള്ളികൊണ്ട് കെട്ടി മുറുക്കി

rope knot, കുരുക്ക് kurukkə *(nn),* അയാൾ ഒരു കുരുക്കിട്ടു

rope ladder, നൂലേണി nuuleeNi *(nn,comp),* നൂലേണിയിലൂടെ അവർ മുകളിലേക്ക് കയറി

rope ring used to climb on the coconut tree or arecanut tree etc, തളപ്പ് taLappə *(nn),* രാമൻ തളപ്പിട്ട് തെങ്ങിൽ കയറി

rope used for execution, കൊലക്കയറ് kolakkayaRə *(nn,comp),* കൊലയാളിയെ കൊലക്കയറിലേറ്റി

rosary, കൊന്ത konta *(nn),* പാതിരി കൊന്ത ജപിച്ചു കൊണ്ടിരിക്കുന്നു

rosary, ജപമാല japamaala *(nn,comp),* വൈദികൻ ജപമാല കൈയ്യിലെടുത്തു

rose, റോസ് Roosə *(nn),* റോസ്നിറമുള്ള പുഷ്പങ്ങൾ അവനിഷ്ടമായിരുന്നു

rose apple, ഞാവൽ ~aaval *(nn),* കാക്ക ഞാവൽ മരത്തിൽ ഇരിക്കുന്നു

rose water, പനിനീർ paniniiR *(nn),* കല്യാണത്തിനു വന്നവരെ പനിനീർ തളിച്ച് സ്വീകരിച്ചു

rose wood, ഈട്ടി iiTTi *(nn),* ഈട്ടി കട്ടി കൂടിയ മരമാണ്

rotate, കറക്ക് kaRakkə *(vt),* അവൻ ചക്രം കറക്കുന്നു

rotate by itself, കറങ്ങ് kaRaŋŋə *(vi),* ആ ചക്രം കറങ്ങുന്നു

rotation, ചുറ്റ് cuRRə *(nn),* വാച്ചിന്റെ സൂചി ഒരു ചുറ്റ് ചുറ്റി

rotten, ചീഞ്ഞ cii~~a *(nn,adj),* ഞാൻ ഒരു ചീഞ്ഞ മുട്ട വലിച്ചെറിഞ്ഞു

rotten, ചീ cii *(adj),* അവൻ ചീമുട്ടയെടുത്തു എറിഞ്ഞു

rotten, ചീയ് ciiyə *(adj),* ചീഞ്ഞ മുട്ട എറിഞ്ഞവരെ പിടിച്ചു

rough, പരുപരുത്ത paruparutta *(adj),* പരുപരുത്ത സ്വഭാവക്കാരനായിരുന്നു അയാളെന്ന് പിന്നീടാണറിഞ്ഞത്

rough manuscript, നക്കൽ nakkal *(nn),* അയാൾ നക്കൽ എഴുതി

roughly, ഏതാണ്ട് eetaaNTə *(in),* ഏതാണ്ട് പതിനായിരം പേരെങ്കിലും പ്രകടനത്തിൽ പങ്കെടുത്തു.

round, വട്ടത്തിലുള്ള vaTTattiluLLa *(adj),* വട്ടത്തിലുള്ള മേശയുടെ മുകളിൽ കപ്പുകൾ ഉണ്ട്

round having split hair, ചുഴി cuZi *(nn),* അവന്റെ തലയിൽ രണ്ടുചുഴികളുണ്ട്

rouse to anger, ചൊടിപ്പിക്ക് coTippikkə *(vt),* രവി രാജനെ ചൊടിപ്പിച്ചു

routine of diet, ഋതുചര്യ Rətucarya *(nn),* ഋതുചര്യകളിൽ മുനി വ്യാപൃതനായി

row, അണി aNi *(nn),* ഈ അണിയിൽ ആരോ ഒരാളില്ല

row, നിര nira *(nn),* അവിടെ പർവ്വതനിരകൾ കാണാം

row, പംക്തി pakti *(nn),* കുട്ടികളുടെ പംക്തിയിൽ അവൻ ഇരുന്നു

row, പത്തി patti *(nn),* ഒന്നാം പത്തിയിലുള്ള കാര്യം

row, പന്തി panti *(nn),* ഒന്നാം പന്തിയിൽ അവർ ഇരുന്നു

row, വരി vari *(nn),* പിൻവരിയിൽ ഇരിക്കുന്നവർ ശ്രദ്ധിക്കൂ

row a boat, തണ്ടുവലിക്ക് taNTəvalikkə *(vb, comp),* അയാൾ കുറേ വർഷങ്ങൾ വള്ളത്തിൽ തണ്ടു വലിക്കുകയായിരുന്നു

royal, രാജകീയ raajakiiya *(adj),* രാജകീയമായ പലതും അവിടെയുണ്ടായിരുന്നു

royal assembly, ഡർബാർ DaRbaaR *(nn),* രാജാവിന്റെ ഡർബാറിലേക്ക് വീർബൽ വന്നു

royal family, രാജകുലം raajakulaM *(comp nn),* രാജകുലത്തിൽ പിറന്നവനാണ് അദ്ദേഹം

royal fan made of hair of white chamari deer, വെഞ്ചാമരം ve~caamaraM *(nn),* ഉത്സവത്തിന് ആലവട്ടവും വെഞ്ചാമരവും ഉണ്ട്

royal justice, രാജനീതി raajaniiti *(comp nn),* അയാൾ രാജനീതി ചെയ്തില്ല

royal marriage, തൃത്താലികെട്ട് tRəttaalikeTTə *(nn,comp),* രാജകുമാരന്റെ തൃത്താലികെട്ടായിരുന്നു അന്ന്

royal path, രാജപാത raajapaata *(comp nn),* രാജ പാതയിലൂടെ അവർ നടന്നു

royal sword, ഉടവാൾ uTavaaL *(nn),* രാജാവ് ഉടവാൾ പുറത്തെടുത്തു

royal throne, സിംഹാസനം siMhaasanaM *(nn),* രാജാവ് സിംഹാസനത്തിൽ ഇരുന്നു

rub, ഉരയ്ക്ക് uraykkə *(vt),* രാജൻ വാളിന്റെ മൂർച്ച കൂട്ടാൻ കല്ലിൽ ഉരയ്ക്കുന്നു

rub, തൂക്ക് tuukkə *(vi),* രവി മാറാല തൂത്തു

rub, രാക് raakə *(vt),* അയാൾ കത്തി രാകി

rub against each other, ഉരയ്ക്ക് uraykkə *(vt),* കത്തി നന്നായി ഉരച്ച് മൂർച്ച കൂട്ടി

rub away, തോർത്ത് tooRttə *(vi),* കുട്ടി തോർത്തുന്നു

rub dry, തുവർത്ത് tuvaRttə *(vi),* കുട്ടി തല തോർത്തി

rub gently, തടവ് taTavə *(vt),* അമ്മ കുട്ടിയെ തടവുന്നു

rubber, റബ്ബർ RabbaR *(nn),* കുന്നിൽ ചെരുവുകളിലാണ് റബ്ബർ തഴച്ചു വളരുക

rubbing, ഉരുമ്മൽ urummal *(nn),* അയാളുടെ ഉരുമ്മൽ എനിക്കിഷ്ടമായില്ല

rubbing, ഘർഷണം ghR$aNaM *(nn),* ഘർഷണം കൊണ്ട് തീയുണ്ടാക്കുന്നു

ruby, പത്മരാഗം patmaraagaM *(nn),* പത്മരാഗം മനോഹരമായ രത്നമാണ്

ruby, മാണിക്യം maaNikyaM *(nn),* മാണിക്യം വിഴുങ്ങിയ ബാലൻ രക്ഷപ്പെട്ടു

ruin, നശീകരിക്ക് naSiikarikkə *(vt),* യുദ്ധം എല്ലാം നശീകരിക്കുന്നു

ruin, നിപാതം nipaataM *(nn),* കെട്ടിടങ്ങളുടെ നിപാതം കണ്ടു കൊണ്ടിരിക്കുകയായിരുന്നു

ruined tendershoot, പടുമുള paTumuLa *(nn,comp),* പടുമുളകൾ വേഗം കരിഞ്ഞുപോയി

rule, ചട്ടം caTTaM *(nn),* ചട്ടം ലംഘിച്ച പോലീസുകാരനെ അറസ്റ്റു ചെയ്തു

rule, ഭരിക്ക് bharikkə *(vt),* രാജാവ് നാടു ഭരിക്കുന്നു

rule or govern, ആള് aaLə *(vt),* രാജാവ് ആളുന്ന കാലത്ത് ജനങ്ങൾ ഭയന്നിരുന്നു

ruler, അധികാരി adhikaari *(nn),* അധികാരി അത്തരമൊരു തീരുമാനമെടുത്തു

ruler, നിയന്താവ് niyantaavə *(nn),* ജഗനിയന്താവ് എല്ലാം കാക്കുന്നു

ruler, ഭരണാധികാരി bharaNaadhikaari *(nn),* ഭരണാധികാരികൾ എന്നും സുഖലോലുതൽപരരാണ്

ruling, വിധായക vidhaayaka *(adj),* ഈശ്വരൻ വിധായകമായ ശക്തിയാണ്

ruling party, ഭരണകക്ഷി bharaNakak$i *(comp nn),* ഭരണകക്ഷി ഭൂരിപക്ഷത്തോടെ വിജയിച്ചു

rumbling, കുടുക്കം kuTukkaM *(nn),* ആ പാത്രത്തിന്റെ കുടുക്കം നിന്നു

rumour, കിംവദന്തി kiMvadanti *(nn),* പ്രധാനമന്ത്രി കൊല്ലപ്പെട്ടെന്ന് നാട്ടിൽ കിംവദന്തി പ്രചരിച്ചു

rumour, കേട്ടുകേഴ്വി keeTTukeeLvi *(nn,comp),* നാട്ടിൽ ഓരോ കേട്ടുകേഴ്വികൾ പരക്കുന്നു

run, ഓട് ooTə *(vi),* ആന വിരണ്ട് ഓടുന്നു

rupee, ഉറുപ്പിക uRuppika *(nn),* എനിക്ക് അയാൾ പത്ത് ഉറുപ്പിക തന്നു

Rupee, റുപ്പിക Ruppika *(nn),* അഞ്ചു റുപ്പികയുടെ ഒരു നോട്ടാണിത്

rust, തുരുമ്പ് turumbə *(nn),* പാത്രത്തിൽ തുരമ്പു പിടിച്ചു

rust, തുരുമ്പ് turumbə *(nn),* ഇരുമ്പ് സാധനങ്ങൾ ഉപയോഗിക്കാതെ ഇരിക്കുമ്പോൾ തുരുമ്പ്പിടിക്കുന്നു

rustic dance by rythmical beating of sticks, കോൽക്കളി koolkkaLi *(nn,comp),* മധുവും സംഘവും കോൽക്കളി നടത്തി

rustic song in praise of bhadra kali, തോറ്റംപാട്ട് tooRRaMpaaTTə *(nn,comp),* തോറ്റം പാട്ടു രവിക്കറിയാം

rustle, കിരുകിരുക്ക് kirukirukkə *(vi),* തലയിൽ എന്തോ ഒരു കിരുകിരുപ്പുപോലെ തോന്നുന്നു

rut of elephants, മദം madaM *(nn),* ആന മദം കൊണ്ട് ശോഭിക്കുന്നു

rythm, താളം taaLaM *(nn),* താളം സംഗീതത്തിന് അത്യാവശ്യമാണ്

sack bag, ചാക്ക് caakkə *(nn),* അമ്മ ചാക്കിൽ നെല്ലു നിറച്ചു

sacrament, കൂദാശ kuudaaSa *(nn),* ഞാൻ കൂദാശകൾ ഒന്നും ചെയ്യാറില്ല.

sacrifical hall, യാഗശാല yaagaSaala *(nn),* യാഗശാലയിൽ അയാൾ വന്നു

sacrifical ritual, ബലികർമ്മം balikaRmmaM *(comp nn),* ബലികർമ്മത്തിന് ചില മൃഗങ്ങളെ കൊണ്ടുവന്നു

sacrifice, കുരുതികഴിക്ക് kurutikaZikkə *(vt),* മന്ത്രവാദി കോഴിയെ കുരുതി കഴിച്ചു

sacrifice, ത്യജിക്ക് tyajikkə *(vt),* രാജ്യത്തിനു വേണ്ടി ധാരാളം പട്ടാളക്കാർ ജീവിതം തന്നെ ത്യജിച്ചു

sacrifice, ത്യാഗം tyaagaM *(nn),* രവി ഒരു ത്യാഗം ചെയ്തു

sacrifice, ബലി bali *(nn),* ആട്ടിൻ കുട്ടിയെ ബലി നടത്തി

sacrifice, ബലികഴിക്ക് balikaZikkə *(comp vb),* ഒരു ആടിനെ ബലികഴിക്കാൻ ആവശ്യപ്പെട്ടു

sacrificial altar, ബലിക്കല്ല് balikkallə *(comp nn),* ബലിക്കല്ലിൽ തലവച്ച് അവൻ കിടന്നു

sacrificial attitude, ത്യാഗശീലൻ tyaagaSiilan *(nn),* രാജ്യത്തിനു വേണ്ടി പ്രവർത്തിക്കുന്നവർക്കു ത്യാഗശീലം വേണം

sacrificial grain, അക്ഷതം aK$ataM *(nn),* യാഗത്തിന് അക്ഷതം തയ്യാറായി

sacrificial offering, കുരുതി kuruti *(nn),* അവിടെ ഒരു ആടിനെ കുരുതി കഴിക്കുന്നു

sacrilegist, ദൈവദൂഷകൻ daivaduu$akan *(nn,comp),* അവൻ ഒരു ദൈവദൂഷകനായിരുന്നു

saddle, കുതിരച്ചേണം kutiracceeNaM *(nn),* കുതിരക്കാരൻ കുതിരച്ചേണത്തിൽ ഇരുന്നു

sadness, കുണ്ഠിതം kuNThitaM *(nn),* അവന്റെ മുഖത്തു കുണ്ഠിത മുണ്ടായിരുന്നു

safe, സുരക്ഷിതമായ surak$itamaaya *(adj),* വളരെ സുരക്ഷിതമായ ഒരു പ്രദേശമാണിത്

saffron, കാവി kaavi *(nn),* കാവി പരിത്യാഗത്തിന്റെ നിറമാണ്

saffron, കുങ്കുമം kuṇkumaM *(nn),* അവൾ കുങ്കുമം അണിഞ്ഞു

sage, മഹർഷി mahaR$i *(nn),* മഹർഷി രമണൻ സമാധി ചെയ്തു

sage, മാമുനി maamuni *(nn),* മാമുനിമാർ ഇവിടെ ജീവിച്ചിരുന്നു

sagorice, ചവ്വരി cavvari *(nn),* കാക്കകൾ ചവ്വരി കൊത്തിപ്പറന്നു

sailor, നാവികൻ naavikan *(nn),* നാവികൻ കപ്പൽ ഓടിക്കുന്നു

saint, സാധു saadhu *(nn),* അയാൾ അലഞ്ഞു നടക്കുന്ന ഒരു സാധുവാണ്

salary, മാസപ്പടി maasappaTi *(nn,comp),* അയാൾക്ക് കൃത്യമായി മാസപ്പടി കിട്ടി

salary, ശമ്പളം SambaLaM *(nn),* ആദ്യത്തെ മാസത്തെ ശമ്പളം കിട്ടി

sale, വിക്രയം vikRayaM *(nn),* അയാൾ സ്വന്തം വീടുൾപ്പെടെ പലതും വിക്രയം നടത്തി

saliva, ഉമിനീർ uminiiR *(nn),* വായിൽ ഉമിനീർ വറ്റിപ്പോയി

saliva, എച്ചിൽ eccil *(nn),* കുട്ടിയുടെ വായിൽ എച്ചിൽ വന്നു

saliva, ചാളുവ caaLuva *(nn),* കുട്ടി ചാളുവ ഒഴുക്കുന്നു

saliva, തുപ്പൽ tuppal *(nn),* വായിൽ തുപ്പലില്ല

salt, ഉപ്പ് uppə *(nn),* ഉപ്പ് വെള്ളത്തിലലിഞ്ഞു

salt, ലവണം lavaNaM *(nn),* അയാൾ ലവണം രുചിച്ചുനോക്കി

salty, ഉപ്പുള്ള uppuLLa *(adj),* ഉപ്പുള്ള വെള്ളമേ അവിടെ കിട്ടുകയുള്ളൂ

salutation, അഭിവാദ്യം abhivaadyaM *(nn),* മന്ത്രി അഭിവാദ്യം സ്വീകരിച്ചു

salutation, കൂപ്പ് kuuppə *(nn),* അവന്റെ കൈകൂപ്പ് രസകരമായിരുന്നു

salutation, വന്ദനം vandanaM *(nn),* അയാൾ വന്ദനം പറഞ്ഞു

salutation in return, പ്രത്യഭിവാദനം pRatyabhivaadanaM *(nn,comp),* പഴയവിദ്യാർഥിയെ കണ്ട അധ്യാപകൻ പ്രത്യഭിവാദനം ചെയ്തു

salute with folded hands, കൈകൂപ്പ് kaikuuppə *(comp vb),* മന്ത്രി കൈകൂപ്പി ജനങ്ങളെ പ്രത്യഭിവാദ്യം ചെയ്തു

salute with folded hands, കൈതൊഴ് kaitoZə *(nn,comp),* കല ക്ഷേത്രത്തിനു മുമ്പിൽ കൈതൊഴുത് നിന്നു

salvation, നിർവ്വാണം niRvvaaNaM *(nn),* ഗൌതമൻ നിർവ്വാണം പൂകി

salvation, മുക്തി mukti *(nn),* അയാൾക്ക് ജീവിതത്തിൽ നിന്ന് മുക്തി കിട്ടി

salvation, മോക്ഷം mook$aM *(nn),* അയാൾ മോക്ഷം ആഗ്രഹിച്ചു

salvation, സായുജ്യം saayuujyaM *(nn),* ജോലി ചെയ്തു തീർന്നപ്പോൾ അയാൾക്ക് സായുജ്യം അടഞ്ഞു

sameness, അഭേദം abheedaM *(nn),* ഒന്നിനോട് അഭേദം പറയാൻ മറ്റൊന്നില്ല

sand, തരിമണൽ tarimaNal *(nn,comp),* തരിമണലിലൂടെ ഞങ്ങൾ നടന്നു

sand, പൂഴി puuZi *(nn),* പൂഴിയിൽ കുട്ടികൾ ഓടിക്കളിച്ചു

sand, മണൽ maNal *(nn),* മണൽ വിരിച്ച മുറ്റത്ത് അവർ ഇരുന്നു

sand bank, പൊഴി poZi *(nn),* അവർ ആ പൊഴിയിൽ ഇരുന്നു

sandal paste, ചന്ദനം candanaM *(nn),* ചന്ദനം നെറ്റിയിലണിഞ്ഞാൽ നല്ല തണുപ്പുകിട്ടും

sandal wood oil, ചന്ദനതൈലം candanatailaM *(nn,comp),* അമ്മ ചന്ദനതൈലം പുരട്ടി

sandy bank, മണപ്പുറം maNappuRaM *(nn,comp),* മണപ്പുറത്ത് അവൾ കാറ്റുകൊള്ളാൻ ഇരുന്നു

sanskrit language, സംസ്കൃതം saMskRtaM *(nn),* അയാൾ സംസ്കൃതം പഠിച്ചു

sanskrit work by Jayadevan on the erotic play of Krishna and Radha, ഗീതഗോവിന്ദം giitagoovindaM *(nn,comp),* ജയദേവൻ ഗീതഗോവിന്ദം രചിച്ചു

sardine, ചാള caaLa *(nn),* അമ്മ ചാള കഴുകി വൃത്തിയാക്കുന്നു

sardine, മത്തി matti *(nn),* മത്തി കേരളത്തിൽ ലഭ്യമാണ്

saree, സാരി saari *(nn),* അവൾ സാരി ഉടുക്കുന്നു

sari, ചേല ceela *(nn),* രാധ ചേല ഉടുക്കുന്നു

satan, പിശാച് piSaacə *(nn),* പിശാച് പാമ്പിന്റെ രൂപത്തിൽ വന്ന് ആദത്തോട് വിലക്കപ്പെട്ട കനി ഭക്ഷിക്കാൻ പറഞ്ഞു

satellite, ഉപഗ്രഹം upagrahaM *(nn),* ചന്ദ്രൻ ഭൂമിയുടെ ഉപഗ്രഹമാണ്

satiate, തണിയ് taNiyə *(vi),* വിശപ്പു തണിയുന്നതുവരെ

അവൻ ആർത്തിയോടെ തിന്നു

satisfaction, തൃപ്തി tRəpti *(nn),* തൃപ്തി എന്നത് ആപേക്ഷികമാണ്

satisfy, തൃപ്തിവരുത്ത് tRəptivaruttə *(comp vb),* എല്ലാവരേയും തൃപ്തിവരുത്താൻ കഴിയില്ല

satisfy, സംതൃപ്തനാക് saMtRəptanaakə *(vi),* മനുഷ്യൻ ഒരിക്കലും സംതൃപ്തനാകുന്നില്ല

sattan, ചെകുത്താൻ cekuttaan *(nn),* ചെകുത്താൻ വേഷം മാറി വന്നിരിക്കുന്നു

saturday, ശനിയാഴ്ച SaniyaaZca *(nn),* ശനിയാഴ്ച അയാൾ ഇവിടെ എത്തും

save, രക്ഷിക്ക് rak$ikkə *(vt),* അവനെ രക്ഷിക്കാൻ ആരും മുന്നോട്ടു വന്നില്ല

saving, സേവിക്ക് seevikkə *(vt),* ബാങ്കിൽ നിക്ഷേപിച്ച്, സേവനപദ്ധതിയിൽ ചേരാം

saviour, നാഥൻ naathan *(nn),* കൃഷ്ണൻ പശുക്കളുടെ നാഥനാണ്

saw, അറപ്പുവാൾ aRappuvaL *(nn),* അവർ അറപ്പുവാളു കൊണ്ട് മരം അറുത്തു

saw, ഈര് iirə *(vt),* അറപ്പുമില്ലിൽ മരം ഈരുന്നു

sawing, അറപ്പ് aRappə *(nn),* മരം അറപ്പ് നിർത്തി വച്ചു

sawing, ഈർച്ച iiRcca *(nn),* അറപ്പുമില്ലിൽ ഈർച്ച മുറയ്ക്കു നടക്കുന്നു

say, പറയ് paRayə *(vi),* ഇപ്പോൾ പറയുക വയ്യ

say briefly, കുറുക്കിപ്പറയ് kuRukkippaRayə *(comp vb),* അയാൾ പലതും കുറുക്കിപ്പറഞ്ഞു

scabies, കരപ്പൻ karappan *(nn),* കുട്ടിക്ക് കരപ്പൻ വന്നു

scabies, ചിരങ്ങ് ciraŋŋə *(nn),* രവിക്ക് ചിരങ്ങ് ബാധിച്ചു

scabies, ചൊറി coRi *(nn),* ഇളയകുട്ടിക്ക് ശരീരം മുഴുവൻ ചൊറിയായിരുന്നു

scale of a fish, ചെതുമ്പൽ cetumbal *(nn),* മത്സ്യത്തിന്റെ ചെതുമ്പൽ അമ്മ നീക്കി

scales (balance), തോത് tootə *(nn),* എല്ലാത്തിനും അതാതിന്റെ തോതനുസരിച്ച് വില നിശ്ചയിച്ചിട്ടുണ്ട്

scantiness, കഷ്ടിപിഷ്ടി ka$Tipi$Ti *(nn),* ഇവിടെ എല്ലാം ഇപ്പോൾ കഷ്ടിപിഷ്ടിയാണ്

scar, പാട് paaTə *(nn),* കൈയ്യിൽ നിറയെ പാടാണ്

scar, വടു vaTu *(nn),* അയാളുടെ മുഖത്ത് വടുക്കളുണ്ടായിരുന്നു

scar (callous mark of wounds), തഴമ്പ് taZambə *(nn),* രവിയുടെ കൈയ്യിൽ തഴമ്പുണ്ടായിരുന്നു

scar left by a wound, മുറിപ്പാട് muRipaaTə *(nn),* അയാളുടെ ശരീരത്തിലെ മുറിപ്പാട് കണ്ടു

scarce, ദുർല്ലഭമായ duRllabhamaaya *(adj),* ദുർല്ലഭമായ ഒരു വസ്തുവാണിത്

scarcity, ദുർല്ലഭത duRlabhata *(nn),* സാധനങ്ങളുടെ ദുർല്ലഭത നിമിത്തം ഇറക്കുമതി ചെയ്യുന്നു

scarcity, ദൌർല്ലഭ്യം dauRllabhyaM *(nn),* പണത്തിന്റെ ദൌർല്ലഭ്യം കൊണ്ട് പലതും നടന്നില്ല

scare crow, നോക്കുകുത്തി nookkukutti *(nn),* വയലിൽ ഒരു നോക്കു കുത്തി നിൽക്കുന്നുണ്ടായിരുന്നു

scatter, ചിതറ് citaRə *(vi),* ജനൽ പൊട്ടിച്ചിതറുന്നു

scatter, ചിന്ന് cinnə *(vi),* പാത്രത്തിൽ നിന്ന് എല്ലാം ചിന്നിത്തെറിച്ചു

scatter, തെറിക്ക് teRikkə *(vi),* പുസ്തകം തെറിച്ചു വീണു

scatter, പടർ paTarə *(vi),* തറയിൽ വീണ എണ്ണ എല്ലായിടത്തും പടർന്നു

scatter, വിതറ് vitaRə *(nn),* അയാൾ കുറേ പൊടി വിതറി

scatter scantily, തൂവ് tuuvə *(vi),* അമ്മ നെല്ല് പുറത്തു തൂവി

scattering, ചിതറൽ citaRal *(nn),* വെള്ളത്തിന്റെ ചിതറൽ വളരെ ഭംഗിയുള്ളതാണ്

scattering about, തെറിപ്പ് teRippə *(nn),* കല്ലിന്റെ തെറിപ്പ് കൊണ്ട് എന്റെ കാൽ മുറിഞ്ഞു

scavenger, തോട്ടി tooTTi *(nn),* അവൻ തോട്ടിയുടെ മകനാണ്

sceptre, ചെങ്കോൽ ceŋkoolə *(nn),* രാജാവ് ചെങ്കോൽ ഉപേക്ഷിച്ചു

sceptre, രാജദണ്ഡം raajadaNDaM *(comp nn),* അയാൾ രാജ ദണ്ഡം പിടിച്ചു

scheduled caste, പട്ടികജാതി paTTikajaati *(nn,comp),* അയാൾ ഒരു പട്ടികജാതിക്കാരനാണ്

scholar, പണ്ഡിതൻ paNDhitan *(nn),* യഥാർത്ഥ പണ്ഡിതൻ എപ്പോഴും വിനയാന്വിതനായിരിക്കും

scholar, വിദ്വാൻ vidvaan *(nn),* അയാൾ ഒരു വിദ്വാനാണ്

scholar in tantras, താന്ത്രികൻ taantRikan *(nn),* മിത്രൻ നമ്പൂതിരി ഒരു താന്ത്രികനായിരുന്നു

scholarly, വിദ്വൽ vidval *(adj),* വിദ്വൽസദസ്സുകളിൽ അയാൾ അലഞ്ഞു നടന്നു

school, വിദ്യാലയം vidyaalayaM *(nn),* അത് എന്റെ വിദ്യാലയമാണ്

school, സ്ക്കൂൾ skkooL *(nn),* ഇളയകുട്ടി സ്ക്കൂളിൽ പഠിക്കുന്നു

school for dual fight, കളരി kaLari *(nn),* അവൻ കളരിയിൽ പഠിക്കുന്നു

science of amorous pursuits, കാമശാസ്ത്രം kaamaSasətRaM *(nn,comp),* കാമശാസ്ത്രത്തിൽ അവൾ വിദഗ്ദ്ധയാണ്

scissors, കത്രിക katRika *(nn),* കത്രിക കൊണ്ട് കടലാസുകൾ മുറിച്ചു

scold, ചീത്തപറയ് ciittapRyə *(comp vb),* രാധയെ അമ്മ ചീത്ത പറഞ്ഞു

scold, ശകാരിക്ക് Sakaarikkə *(vt),* അമ്മ രാധയെ എപ്പോഴും ശകാരിക്കുന്നു

scoop out, തോണ്ടിയെടുക്ക് tooNTiyeTukkə *(vt),* മണ്ണിൽ നിന്ന് ആ വസ്തുക്കളെല്ലാം തോണ്ടി എടുത്തു

scorched, വരണ്ട varaNTa *(adj),* വരണ്ട മണ്ണിലൂടെ അയാൾ നടന്നു

scorpion, തേൾ teeL *(nn),* കുട്ടിയെ തേൾ കുത്തി

scourge, ദൈവശിക്ഷ daivaSik$a *(nn,comp),* അയാൾക്ക് ദൈവശിക്ഷകിട്ടി

scratch, കോറ് kooRə *(vt),* അവൾ നിലത്ത് കോറി വരച്ചു

scratch, ചിള്ള് ciLLə *(vi),* രവി ഓരോന്ന് ചിള്ളിയെടുക്കുന്നു

scratch, ഞോണ്ട് ~ooNTə *(vb),* കുട്ടികൾ വെറുതെയിരിക്കുമ്പോൾ തമ്മിൽ തമ്മിൽ ഞോണ്ടുന്നു

scratch, പോറൽ pooRaL *(nn),* ശരീരത്തിൽ പോറലേറ്റു

scratch, പോറ് pooRə *(vi),* ആ കണ്ണാടി മുഴുവൻ പോറി

scratch, മാന്ത് maantə *(vt),* കുട്ടികൾ തമ്മിൽ മാന്തി

scratching, കോറൽ kooRal *(nn),* പുസ്തകത്തിൽ ഒരു കോറൽ വീണു

screen, മറ maRa *(nn),* അയാൾ ഒരു മറ പിടിച്ചു

screw in, തിരുക് tirukə *(vt),* രവി പുസ്തകം ഷർട്ടിനടിയിൽ തിരുകി

scribble, കിറുക്കി എഴുത് *(vb comp),* അയാൾ എന്തോ കിറുക്കി എഴുതുന്നു

scribe, രായസം raayasaM *(nn),* അയാൾ എന്തോ രായസം എഴുതികൊണ്ടിരുന്നു

script, ലിപി lipi *(nn),* പല ആദിവാസിമൊഴികൾക്കും ലിപിയില്ല

scrofula (disease round the neck), കണ്ഠമാല kaNThamaala *(nn,comp),* ആ കുട്ടിക്ക് കണ്ഠമാല എന്ന അസുഖം പിടിപെട്ടു

scrutinise, ചികയ് cikayə *(vi),* അയാൾ ഓഫീസിലുള്ള ഫയലുകളുടെ ഇടയിൽ നിന്നു ചികഞ്ഞുനോക്കി

scrutinise, ചുഴിഞ്ഞുനോക്ക് cuZi~~unookkə *(comp vb),* അവൻ അവിടമെല്ലാം ചുഴിഞ്ഞു നോക്കി

scuffle, കടിപിടി kaTipiTi *(nn),* പട്ടികൾ തമ്മിൽ കടിപിടി കൂടുന്നു

sea, കടൽ kaTal *(nn),* വെള്ളായിപ്പൻ ആദ്യമായി കടൽ കാണുകയായിരുന്നു

sea breeze, കടൽക്കാറ്റ് kaTalkkaaRRə *(nn,comp),* കടൽക്കാറ്റിന്റെ തണുപ്പേറ്റ് ഞങ്ങൾ കുറേനേരം അവിടെയിരുന്നു

sea customs, തുറച്ചുങ്കം tuRaccuṇkaM *(nn,comp),* തുറച്ചുങ്കം കൊടുത്ത് അവർ സാധനം സ്വന്തമാക്കി

sea horse, കടൽക്കുതിര kaTalkkutira *(nn,comp),* കടൽക്കുതിരകൾ വെള്ളത്തിൽ പൊങ്ങിയും താണും സഞ്ചരിക്കുന്നു

sea-shore, കടൽക്കര kaTalkkara *(nn,comp),* കടൽക്കരയിൽ കുറെ കാക്കകൾ പറക്കുന്നു

sea tortoise, കടലാമ kaTalaama *(nn,comp),* ഒരു കടലാമ തീരത്ത് അടിഞ്ഞു

sea wave, കടൽത്തിര kaTalttira *(nn,comp),* കടൽത്തിരകളിൽപ്പെട്ട തോണിയും യാത്രക്കാരനും മറഞ്ഞു

sea weed, കടൽപ്പായൽ kaTalppayal *(nn,comp),* കടൽപ്പായലിന്റെ പച്ച നിറം ആ പ്രദേശം മുഴുവൻ വ്യാപിച്ചിരുന്നു

sea-erosion, കടലെടുപ്പ് kaTaleTuppə *(nn,comp),* കടലെടുപ്പു തടയാൻ ഇവിടെയെല്ലാം കല്ലിട്ടു

seagul, കടൽക്കാക്ക kaTalkaakka *(nn,comp),* കടലിൽ കടൽക്കാക്കകൾ വട്ടമിട്ടു പറക്കുന്നു

sealed, മുദ്രിത mudRita *(adj),* മുദ്രിതമായ ഓഫീസ് തുറന്നു

sealing wax, അരക്ക് arakkə *(nn),* അരക്കുകൊണ്ട് ഓഫീസിൽ കത്തുകൾ സീൽ ചെയ്തു

sealing wax, മെഴുക് meZukə *(nn),* ഓഫീസിൽ മെഴുക് കൊണ്ട് കത്തുകൾ സീൽ ചെയ്തു

search, അന്വേഷണം anvee$aNaM *(nn),* അപകടത്തേക്കുറിച്ചുള്ള

അന്വേഷണം മുറയ്ക്കു നടക്കുന്നുണ്ട്

search, തിരക്ക് tirakkə *(vt),* രവി ആരെയോ തിരക്കുന്നു

search, തെരയ് terayə *(vt),* രവി അവിടെയെല്ലാം എന്നെ തെരഞ്ഞു

search, തേട് teeTə *(vt),* അമ്മ കുട്ടിയെ തേടി

search, തേട്ടം teeTTaM *(nn),* തേട്ടം ചെയ്താൽ കണ്ടെത്താം

seashore, കടപ്പുറം kaTappuRaM *(nn,comp),* കടപ്പുറത്ത് ആരോ ചിലർ കൂടി നിൽക്കുന്നു.

season, ഋതു Rətu *(nn),* ഋതുക്കൾ മാറുന്നതനുസരിച്ച് വൃക്ഷങ്ങളുടെ നിറവും മാറുന്നു

season, കാലം kaalaM *(nn),* ഇത് വസന്തകാലമാണ്

seat, ആസനം aasanaM *(nn),* രാജാവ് ആസനത്തിൽ ഇരിപ്പുറപ്പിച്ചു

seat, ഇരിപ്പിടം irippiTaM *(nn),* അതിഥികൾ തങ്ങളുടെ ഇരിപ്പിടത്തിൽ ഇരുന്നു

seating platform of a chariot, തേർത്തട്ട് teeRttaTTə *(nn,comp),* തേർത്തട്ടിൽ അർജ്ജുനൻ കയറി

second, ഞൊടി ~oTi *(nn),* ഞൊടിയിടയിൽ അയാൾ തിരിച്ചുവന്നു

second, ദ്വിതീയ dviteeya *(adj),* ദ്വിതീയ സ്ഥാനം നേടിയ വിദ്യാർത്ഥിയാണ് അവൻ

second, രണ്ടാമത്തെ raNTaamatte *(nn),* രണ്ടാമത്തെ കുട്ടിക്ക് ഒരു വയസ്സുള്ളപ്പോൾ അയാൾ തിരിച്ചുപോയി

second daughter, രണ്ടാമത്തെമകൾ raNTamattemakaL *(nn),* രണ്ടാമത്തെ മകൾ ഒരു പത്രപ്രവർത്തകയാണ്

second floor, രണ്ടാംനില raNTaaMnila *(nn),* അയാൾ രണ്ടാം നിലയിലാണ് താമസിക്കുന്നത്

second of the seven notes in music, ഋഷഭം Rə$abhaM *(nn),* യേശുദാസ് ഋഷഭസ്വരത്തിലാണ് ഇപ്പോൾ പാടുന്നത്

second person, രണ്ടാമൻ raNTaaman *(nn),* അയാൾ ഈ വരിയിൽ രണ്ടാമനാണ്

secondson, രണ്ടാമത്തെമകൻ raNTaamattemakan *(nn),* അയാളുടെ രണ്ടാമത്തെമകൻ ഒരു വക്കീലാണ്

secret, ഗൂഢം guuDhaM *(nn),* രവിയുടെ പ്രവൃത്തികളെല്ലാം ഗൂഢമായിരുന്നു

secret, രഹസ്യം rahasyaM *(nn),* അയാൾ ഒരു രഹസ്യം പറഞ്ഞു

secret, സ്വകാര്യം svakaaRyaM *(nn),* അയാൾ ഒരു സ്വകാര്യം പറഞ്ഞു

secret passage, ഗൂഢമാർഗ്ഗം guuDhamaaRggaM *(nn),* രാജാവ് ഒരു ഗൂഢമാർഗ്ഗത്തിലൂടെ രക്ഷപ്പെട്ടു.

secretary, കാര്യദർശി kaaryadaRSi *(nn,comp),* അയാൾ ആയിരുന്നു അതിന്റെ കാര്യദർശി

secretion in the eyes, പീള piiLa *(nn),* അയാളുടെ കണ്ണിൽ പീള കെട്ടി

secretly, രഹസ്യമായി rahasyamaayi *(adv),* വളരെ രഹസ്യമായി ചെയ്തു വരുന്ന ഒരു കാര്യമായിരുന്നു അത്

secretly at night, രായ്ക്കുരാമാനം raaykkuraamaanaM *(adv),* അവർ രാധക്കുരാമനം രക്ഷപ്പെട്ടുകളഞ്ഞു

sect of people who goes around begging, ഗോസായി goosaayi *(nn),* മാധവൻ ഒരു ഗോസായി ആയിരുന്നു

sectarial, വീഭാഗീയ vibhaagiiya *(adj),* വിഭാഗീയ ചിന്താഗതികൾ അവസാനിപ്പിക്കണം.

secular, മതേതര mateetara *(adj),* മതേതര രാജ്യത്ത് പല പ്രശ്നങ്ങളുമുണ്ടാകുന്നു

seculpture, ശില്പം SilppaM *(nn),* ശില്പി ഒരു ശില്പമുണ്ടാക്കുന്നു

security deposit, നിരതദ്രവ്യം niratadRavyaM *(vi),* അയാൾ നിരതദ്രവ്യം കെട്ടിവച്ചില്ല

sediment, ചണ്ടി caNTi *(nn),* രവി ചണ്ടികളെല്ലാം വാരി പുറത്തിട്ടു

sediment, മട്ട് maTTə *(nn),* അരിഷ്ടത്തിന്റെ മട്ട് കുപ്പിയിൽ കണ്ടു

seduce, വഴിപിഴപ്പിക്ക് vaZipiZappikkə *(vt),* അയാൾ അവളെ വഴിപിഴപ്പിച്ചു

see, കാണ് kaaNə *(vt),* ഞാൻ പലതും കാണുന്നു

see auspicious signs, കണികാണ് kanikaaNə *(comp vb),* അവൾ കണികണ്ടുണർന്നു

see by a king or lord, തൃക്കൺപാർക്ക് tRəkkaNpaaRkkə *(vt),* രാജാവ് പ്രജകളെ തൃക്കൺ പാർത്തു

see off, യാത്രയാക്ക് yaatRayaakkə *(vt),* അനുജനെ യാത്രയാക്കാൻ ഞാൻ സ്റ്റേഷനിൽ പോയി

seed, കുരു kuru *(nn),* മണ്ണിൽ ഒരു കുരു നട്ടു

seed, ബീജം biijaM *(nn),* ബീജം മുളച്ച് ചെടിയുണ്ടാകുന്നു

seed, വിത്ത് vittə *(nn),* വയലിൽ വിത്ത് വിതച്ചു

seepage, ഊറൽ uuRalə *(nn),* കുടത്തിന്റെ അടിയിൽ ഊറൽ കാണപ്പെട്ടു

seize, പിടിച്ചടക്ക് piTiccaTakkə *(vt),* അക്ബർ ആ പ്രദേശം പിടിച്ചടക്കി

seizing, വാരൽ vaaral *(nn),* പോലീസുകാർ കടകൾ റെയ്ഡ് ചെയ്തപ്പോൾ തൂത്തുവാരൽ നടത്തി

self, സ്വന്തം svantaM *(nn),* സ്വന്തം അമ്മ അടുത്തുള്ളപ്പോൾ കുട്ടി കരയുന്നില്ല

self acquired, സ്വായത്തമായ svaayattamaaya *(adj),* സ്വായത്തമായ അറിവുകളുടെ വെളിച്ചത്തിൽ അയാൾ പുരോഗമിച്ചു

self competence, തന്റേടം tantReeTaM *(nn),* തന്റേടത്തോടെ എന്തും പറയാൻ അവൻ ശ്രമിക്കുന്നുണ്ട്

self confidence, ആത്മവിശ്വാസം aatmaviSvaasaM *(nn),* ആത്മവിശ്വാസമില്ലാത്ത ഒരു കുട്ടിയാണ് അവൻ

self control, ആത്മനിയന്ത്രണം aatmaniyantRaNaM *(nn),* അവന് ആത്മനിയന്ത്രണം പാലിക്കാൻ കഴിഞ്ഞില്ല

self control, ആത്മസംയമനം aatmasaMyamanaM *(nn),* നേതാവ് ജനങ്ങളോട് ആത്മസംയമനം പാലിക്കാൻ പറഞ്ഞു

self deception, ആത്മവഞ്ചന aatmava~cana *(nn),* ആത്മവഞ്ചനയാണ് ഏറ്റവും വലിയ തിന്മ

self dedication, ആത്മനിവേദനം aatmaniveedanaM *(nn),* അവൾ എല്ലാം അവന് ആത്മനിവേദനം ചെയ്തു

self dedication, ആത്മാർപ്പണം aatmaaRppaNaM *(nn),* അദ്ദേഹം ആത്മാർപ്പണം നടത്തി വളർത്തിയതാണ് ഈ പ്രസ്ഥാനം

self opinion, സ്വാഭിപ്രായം svaabhipRaayaM *(nn,comp),* സ്വാഭിപ്രായം അയാൾ പറഞ്ഞില്ല

self praise, ആത്മപ്രശംസ aatmapRaSaMsa *(nn),* ആത്മപ്രശംസ മറ്റുള്ളവർക്ക് അറപ്പുളവാക്കുന്നതാണ്

self protection, ആത്മരക്ഷ aatmarak$a *(nn),* ആത്മരക്ഷയ്ക്കുവേണ്ടി അയാൾ ആയുധം സൂക്ഷിച്ചു

self realisation, ആത്മജ്ഞാനം aatmaj~aanaM *(nn),* ആത്മജ്ഞാനമാണ് പ്രധാനമായി ഉണ്ടായിരിക്കേണ്ടത്

self reproach, ആത്മനിന്ദ aatmaninda *(nn),* എന്റെ പ്രവൃത്തിയേക്കുറിച്ച് ഓർത്തപ്പോൾ എനിക്ക് ആത്മനിന്ദ തോന്നി

self respect, അഭിമാനം abhimaanaM *(nn),* അവൻ അഭിമാനം പണയം വയ്ക്കാറില്ല

self respect, മാനം maanaM *(nn),* മാനത്തിന് ക്ഷതം നേരിട്ടു

self sacrifice, ആത്മത്യാഗം aatmatyaagaM *(nn),* അദ്ദേഹം ഈ പ്രസ്ഥാനത്തിനു വേണ്ടി ആത്മത്യാഗം ചെയ്തവനാണ്

self sufficiency, സ്വയംപര്യാപ്തത svayaMparyaaptata *(nn),* ആ ഗ്രാമത്തിന് സ്വയം പര്യാപ്തതയില്ല

self will, സ്വേച്ഛ sveeccha *(nn),* അയാൾ സ്വേച്ഛമായ പലതും ചെയ്തു

self willed person, താന്തോന്നി taantoonni *(nn),* രവി ഒരു താന്തോന്നിയായ ചെറുപ്പക്കാരനാണ്

selfish, സ്വാർത്ഥമായ svaaRtthamaaya *(adj),* സ്വാർത്ഥമായ മനസ്സിന്റെ ഉടമയാണ് അയാൾ

semen, ബീജം biijaM *(nn),* ബീജവും അണ്ഡവും സംയോജിക്കുന്നു

semi-god heavenly musician, കിന്നരൻ kinnaran *(nn),* ഒരു കിന്നരൻ പാടുന്നു.

send, അയയ്ക്ക് ayaykkə *(vt),* രേഖകളെല്ലാം യൂണിവേഴ്സിറ്റിയിലേക്ക് അയച്ചു

send off, യാത്ര അയയ്ക്ക് *(vt),* അയാൾ അവളെ യാത്ര അയച്ചു

sense of right and wrong, അകമ്പുറം akampuRaM *(nn),* അവർ പ്രശ്നങ്ങളുടെ അകമ്പുറം പരിശോധിക്കുന്നു

sense of touch, സ്പർശം spaRSaM *(nn),* കുഷ്ഠരോഗികളുടെ സ്പർശന ശക്തി നശിച്ചു പോകുന്നു

sensitive plant (mimosa natans), മുക്കുറ്റി mukkuRRi *(nn),* മുക്കുറ്റികൾ പൂത്തു

sentence, വചനം vacanaM *(nn),* വചിക്കുന്നത് വചനമാണ്

sentence, വാക്യം vaakyaM *(nn),* അയാൾ ഒരു വാക്യം പോലും ശരിയായി എഴുതിയില്ല

sentence, വിധിക്ക് vidhikkə *(vt),* അയാളെ തടവു ശിക്ഷയ്ക്കു വിധിച്ചു

separate, പ്രത്യേകമായ pRatyeekamaya *(adj),* ഞാൻ പ്രത്യേകമായ ഒരു മുറിയിലാണ് ഇരിക്കുന്നത്

separate, വേർപെടുത്ത് veeRpeTuttə *(nn),* സയാമീസ് ഇരട്ടകളെ വേർപെടുത്തി

separation, ഭിന്നിപ്പ് bhinnippə *(nn),* അയാളുടെ ഭിന്നിപ്പ് ഒരു മാറ്റവും ഉണ്ടാക്കിയില്ല

separation, വിയോഗം viyoogaM *(nn),* അവന്റെ വിയോഗം എല്ലാവരേയും ദുഃഖിപ്പിച്ചു.

separation of husband and wife, വിരഹം virahaM *(nn),* യക്ഷൻ വിരഹം അനുഭവിച്ചു.

september, സെപ്തംബർ septaMbaR *(nn),* സെപ്തംബർ മാസത്തിൽ വിവാഹം നടന്നു

seriousness, ഗൌരവം gauravaM *(nn),* ഹരിയുടെ മുഖത്ത് എപ്പോഴും ഗൌരവമുണ്ടായിരുന്നു

serpent, സർപ്പം saRppaM *(nn),* സർപ്പം കൊത്തി കുട്ടി മരിച്ചു

servant, കിങ്കരൻ kiṅkaran *(nn),* രാജാവിന്റെ കിങ്കരന്മാർ വന്നു

servant, ദാസൻ daasan *(nn),* അയാൾ ഒരു ദാസനാണ്

servant, ഭൃത്യൻ bhRtyan *(nn),* ഭൃത്യൻ ഒരു പാത്രം കൊണ്ടു വന്നു

servant, വാല്യക്കാരൻ vaalyakkaaran *(nn),* അയാൾ ഒരു വാല്യക്കാരനാണ്

servant, വേലക്കാരൻ veelakkaaran *(nn),* വേലക്കാരൻ വേല ചെയ്യുന്നു

serve, ഉപചരിക്ക് upacarikkə *(vt),* മന്ത്രിയെ ഉദ്യോഗസ്ഥന്മാർ ഉപചരിച്ചില്ല

serve, സേവിക്ക് seevikkə *(vt),* ഭൃത്യൻ യജമാനനെ സേവിക്കുന്നു

service, സേവനം seevanaM *(nn),* പ്രൈവറ്റ് ആശുപത്രിയിലെ നഴ്സുമാരുടെ സേവനം രോഗികൾക്ക് ആശ്വാസം ഉണ്ടാക്കുന്നു

servitude, ദാസ്യം daasyaM *(nn),* അയാൾ ദാസ്യം വരിച്ചു

servitude, ദാസ്യവൃത്തി daasyavRtti *(nn,comp),* ദാസ്യ വൃത്തികൊണ്ട് അവർ ജീവിച്ചു

set, അടുക്ക് aTukkə *(nn),* ഒരു അടുക്കിൽ എത്ര ഇഷ്ടികകളുണ്ടെന്ന് എണ്ണിനോക്കൂ.

set at liberty, മോചിപ്പിക്ക് moocippikkə *(vt),* അയാളെ തടവിൽ നിന്ന് മോചിപ്പിച്ചു

set in motion, ചലിപ്പിക്ക് calippikkə *(vt),* യന്ത്രം രവി ചലിപ്പിക്കുന്നു

set legs apart, കവയ്ക്ക് kavaykkə *(vi),* അവൻ കാലു കവച്ചു

set square, മട്ടം maTTam *(nn),* ആശാരി മട്ടമുപയോഗിച്ച് പരിശോധിച്ചു

settle account, കണക്കുതീർക്ക് kaNakkutiiRkkə *(comp vb),* കണക്കു തീർക്കാൻ ഇനിയും സമയമായിട്ടില്ല

seven, ഏഴ് eeZə *(nn,num),* ഏഴു പ്രാവശ്യം പറഞ്ഞിട്ടും മനസ്സിലായില്ല

seventeen, പതിനേഴ് patineeZə *(nn,num),* അവളുടെ പ്രായം മധുരപ്പതിനേഴാണ്

seventy, എഴുപത് eZupatə *(nn,num),* എഴുപതു വയസ്സായ ഒരു ബ്രാഹ്മണൻ അതാ പോകുന്നു

seventy, സപ്തതി saptati *(nn),* അയാളുടെ സപ്തതി ആഘോഷിച്ചു

severe, കൊടിയ koTiya *(adj),* കൊടിയ വരൾച്ചയുടെ കെടുതികൾ ജനങ്ങൾ അനുഭവിക്കുന്നു

severe, കൊടും koTuM *(adj,pfx),* കൊടും തണുപ്പത്ത് ഞങ്ങൾ വിറച്ചിരുന്നു

severe, രൂക്ഷമായ ruuk$amaaya *(adj),* രൂക്ഷമായ വിമർശനങ്ങളെപ്പോലും അവൻ അതിജീവിച്ചു

severe greed, കൊതി koti *(adj,pfx),* അന്ത്രപിന് ഇപ്പോഴും കൊതിയാണ്

severe hard etc, നല്ല nalla *(adj),* നല്ല തലവേദന

severe pain, തീവ്രവേദന tiivRaveedana *(nn),* തീവ്രവേദനയിൽ അവളുടെ മനസ്സ് ഉരുകി

sew, തയ്ക്ക് taykkə *(vt),* അയാൾ വസ്ത്രങ്ങൾ തയ്ക്കുന്നു

sewing, തയ്യൽ tayyal *(nn),* തയ്യൽക്കടയിൽ തുണി തയ്ക്കാൻ കൊടുത്തു

sexual assault, മാനഭംഗംചെയ്യ് maanabhaṅgaMceyyə *(vt),* അവൾ മാനഭംഗം ചെയ്യപ്പെട്ടു.

sexual intercourse, സംഭോഗം saMbhoogaM *(nn),* അവർ സംഭോഗത്തിൽ ഏർപ്പെട്ടു

sexual play, കാമക്രീഡ kaamakRiiDa *(nn,comp),* അവർ കാമക്രീഡയിൽ ഏർപ്പെട്ടു

sexual pleasure, രതി rati *(nn),* രതിയുടെ വൈകൃത്യങ്ങൾ അവർ ആസ്വദിച്ചു

shade, ചോല coola *(nn),* രവി ഒരു ചോലയിൽ പോയി നിന്നു

shade, ഛായ chaaya *(nn),* മരത്തിന്റെ ഛായയിലേക്ക് ഞങ്ങൾ മാറിനിന്നു

shade, നിഴൽ niZal *(nn),* മരത്തിന്റെ നിഴലിൽ കുറേ നേരം നിന്നു

shadow, തണൽ taNal *(nn),* രാധ വൃക്ഷത്തിന്റെ തണലിൽ ഇരുന്നു

shake, ആട്ട് aaTTə *(vt),* കുട്ടിയെ തൊട്ടിലിൽ ആട്ടി

shake, ഇളക്ക് iLakkə *(vi),* കുടിക്കും മുമ്പ് മരുന്ന് നന്നായി ഇളക്കണം

shake, ഉലയ് ulayə *(vi),* അവരുടെ ബന്ധം ഉലഞ്ഞു

shake, കുടയ് kuTayə *(vt),* കുരങ്ങൻ ശരീരം കുടയുന്നു

shake, കുലുക്ക് kulukkə *(vt),* പാത്രം ശക്തിയായി കുലുക്കി

shake, കുലുങ്ങ് kuluṉṉə *(adv),* അയാൾ കുലുങ്ങിച്ചിരിച്ചു

shake hands, കൈകുലുക്ക് kaikulukkə *(comp vb),* അയാൾ എന്റെ കൈകുലുക്കി

shake hands with, കൈകൊടുക്ക് kaikoTukkə *(comp vb),* പ്രകാശ് സജീവിനു കൈകൊടുത്തു

shake off, കുതറ് kutaRə *(vi),* അവൾ അയാളുടെ പിടിയിൽ നിന്ന് കുതറി മാറി

shaking, ഇളക്കം iLakkaM *(nn),* ആ സ്ഥലത്ത് ചെറുതായി ഇളക്കം തട്ടി

shaking, ഉലച്ചിൽ ulaccil *(nn),* അവരുടെ ബന്ധത്തിന് ഉലച്ചിൽ തട്ടി

shaking off, കുതറൽ kutaRal *(nn),* അവളുടെ കുതറൽ ശക്തമായിരുന്നു

shallow, ആഴമില്ലാത്ത aaZamillaatta *(adj),* തീരെ ആഴമില്ലാത്ത ഒരു കിണറായിരുന്നു അത്

shame, ത്രപ tRapa *(nn),* അവൾക്ക് ത്രപ വന്നു

shameless, നാണംകെട്ട naaNaMkeTTa *(adj),* അത്രയ്ക്കു നാണംകെട്ട ഒരു മനുഷ്യനാണ് അയാളെന്ന് എനിക്കു തോന്നുന്നില്ല

shameless, നിർലജ്ജം niRlajjaM *(adj),* അയാൾ നിർലജ്ജം അങ്ങിനെ പറഞ്ഞു

shape, ആകൃതി aakRəti *(nn),* വീടിന്റെ ആകൃതി പുതുമയുള്ളതായിരുന്നു

shape, ഉരുവം uruvaM *(nn),* ആ ഉരുവത്തിൽ പ്രതിമ വാർത്തെടുത്തു

shape, രൂപം ruupaM *(nn),* നല്ല ശാരീരിക രൂപം ഉള്ളവളെ മിസ്സ്.ഇൻഡ്യയായി തെരെഞ്ഞെടുത്തു

shape of the body, വടിവ് vaTivə *(nn),* അവളുടെ ശരീരത്തിന്റെ വടിവ് കാണാൻ അഴകുള്ളതാണ്

share, ഓഹരി oohari *(nn),* അയാൾ തനിക്കുള്ള ഓഹരി തിരിച്ചുവാങ്ങി

share, പങ്കിട് paṉkiTə *(vi),* അവർ ജീവിതം പങ്കിടുന്നു

share, പങ്ക് paṉkə *(nn),* അയാൾക്ക് തന്റെ പങ്കു കിട്ടി

share, വീതം viitaM *(nn),* നൂറുരൂപ വീതം ഓരോരുത്തർക്കും വീതിച്ചു നൽകി

share dividend, ഓഹരിവീതം oohariviitaM *(nn,comp),* ഓഹരി വീതം എല്ലാവർക്കും ലഭിച്ചു

share holder, ഓഹരിക്കാരൻ ooharikkaaran *(nn,comp),* ഓഹരിക്കാരൻ ഓഹരി തിരിച്ചുവാങ്ങി

share market, ഓഹരിക്കമ്പോളം ooharikkambooLaM *(nn,comp),* ഓഹരിക്കമ്പോളത്തിൽ അയാൾ പരാജയപ്പെട്ടു

share value, ഓഹരിവില ooharivila *(nn,comp),* ഓഹരിവില കുറഞ്ഞതോടെ ഓഹരിക്കമ്പോളം അടച്ചു പൂട്ടി

sharp, കൂർത്ത kuuRtta *(adj),* അവന്റെ കാലിൽ ഒരു കൂർത്ത മുള്ളു കയറി

sharp edge of a knife, വായ്ത്തല vaayttala *(nn),* അയാൾ വാളിന്റെ വായ്ത്തല കൊണ്ട് മുറിച്ചു

sharp end, മുന muna *(nn),* ശൂലത്തിന്റെ മുനകൊണ്ട് കുത്തി

sharp intelligent person, തീഷ്ണബുദ്ധി tii$Nabuddhi *(nn),* മധുവിന് തീഷ്ണബുദ്ധിയായിരുന്നു

sharp piece of iron used for writing in palm leaf, നാരായം naaraayaM *(nn),* നാരായംകൊണ്ട് ഓലയിൽ എഴുതി

sharpen, ചീവ് ciivə *(vt),* കുട്ടി പെൻസിൽ ചീവി മുന കൂർപ്പിച്ചു

sharpen, മൂർച്ചകൂട്ട് muuRccakuuTTə *(vt),* അവൻ കത്തിക്ക് മൂർച്ചകൂട്ടി

sharpen the tool, ചാണയ്ക്കുവയ്ക്ക് caaNaykkuvaykkə *(nn,comp),* രവി കത്തി ചാണയ്ക്കു വച്ചു

sharpness, കൂർപ്പം kuuRppaM *(nn),* പെൻസിലിന്റെ കൂർപ്പം കുറഞ്ഞുപോയി

sharpness, മൂർച്ച muuRcca *(nn),* നല്ല മൂർച്ചയുള്ള കത്തി വാങ്ങി

shatter into pieces, ഛിന്നഭിന്നമാക്ക് chinnabinnamaakkə *(comp vb),* രവി പഴയ മൺപ്രതിമ ഛിന്നഭിന്നമാക്കി

shave, ചിരയ്ക്ക് ciraykkə *(vt),* ക്ഷുരകൻ ചിരയ്ക്കുന്നു

shave, വടിക്ക് vaTikkə *(vt),* അയാൾ മുഖം വടിക്കുന്നു

shaving, ക്ഷുരകർമ്മം k$uurakRmaM *(nn,comp),* ക്ഷുരകൻ ക്ഷുരകർമ്മം ചെയ്യുന്നു

shaving, ക്ഷൌരം k$auraM *(nn),* ക്ഷുരകൻ ക്ഷൌരം ചെയ്യുന്നു

shaving the head, മുണ്ഡനം muNDanaM *(nn),* അച്ഛൻ മരിച്ചപ്പോൾ അയാൾ തല മുണ്ഡനം ചെയ്തു

shawl, കമ്പിളിപ്പുതപ്പ് kambiLi *(nn),* നല്ല തണുപ്പത്ത് ഒരു കമ്പിളിപ്പുതപ്പു വേണം

she, അവൾ avaL *(pron, non-hon),* അവൾ എനിക്ക് പുസ്തകം തന്നു

she, അവർ avarə *(pron, hon),* അവർ ഡോക്ടറാണ്

she (honorific), ഇവർ ivaR *(Pron),* ഇവർ എന്റെ അധ്യാപികയാണ്

she (non honoriific), ഇവൾ ivaL *(Pron),* ഇവൾ നന്നായി പാടും.

sheaf of corn, കറ്റ kaRRa *(nn),* നെല്ലിന്റെ കറ്റകൾ സ്ത്രീകൾ ചുമന്നു കൊണ്ടു പോകുന്നു

shell, തോട് tooTə *(nn),* രവി കായയുടെ തോടു നീക്കി

shelter, സങ്കേതം saŋkeetaM *(nn),* ഒരു സങ്കേതത്തിൽ അവർ ഒളിച്ചിരുന്നു.

shelter or refuge, അഭയം abhayaM *(nn),* ആരാണ് അവന് അഭയം നൽകിയത്

shephered, ആട്ടിടയൻ aaTTiTayan *(nn),* ആട്ടിടയൻ ആടുകളെ മേയ്ക്കുന്നു

shift one`s ideology, കാല്മാറ് kaalmaaRə *(vb, comp),* രാഷ്ട്രീയക്കാരൻ കാലു മാറുന്നു

shine, തിളങ്ങ് tiLaŋŋə *(vi),* പുതിയ സ്റ്റീൽപാത്രം തിളങ്ങുന്നു

shine, പ്രസ്ഫുരിക്ക് pRasphurikkə *(vi),* സൂര്യൻ പ്രസ്ഫുരിക്കുന്നു

shine forth, ലാലസിക്ക് laalasikkə *(vi),* അവൾ അവിടെ ലാലസിക്കുന്നു

shining, തിളക്കം tiLakkaM *(nn),* സ്വർണ്ണത്തിന്റെ തിളക്കം കൊണ്ട് അവിടെ പ്രഭാപൂരിതമായി

shining, ദീപ്ത diipta *(adj),* വളരെ ദീപ്തമായ ഒരു ജ്വാലയാണത്

shining, ദ്യോതം dyootaM *(nn),* ദിവ്യ ദ്യോതം കണ്ടപ്പോൾ ജനങ്ങൾ കൈകൂപ്പി നിന്നു

shining black colour, എണ്ണക്കറുപ്പ് eNNakkaRuppə *(nn,comp),* എണ്ണക്കറുപ്പുള്ള ശരീരമായിരുന്നു അയാളുടേത്

ship, കപ്പൽ kappal *(nn),* കപ്പൽ കടലിൽ ഇറക്കി

shirt, കുപ്പായം kuppayaM *(nn),* എന്റെ കുപ്പായത്തിൽ അഴുക്കു പുരണ്ടു

shirt, ഷർട്ട് $aRTTə *(nn),* അയാൾ ഷർട്ട് ഇട്ടു

shiver, നടുങ്ങ് naTuŋŋə *(vi),* പനി കൂടിയപ്പോൾ അവന്റെ ശരീരം നടുങ്ങി

shoe, ചെരിപ്പ് cerippə *(nn),* രാജൻ ചെരിപ്പു ധരിക്കാറില്ല

shoe, ഷൂ $uu *(nn),* അയാൾ തന്റെ ഷൂ അഴിച്ചു വച്ചു

shoe-maker, ചെരിപ്പുകുത്തി cerippukutti *(nn,comp),* ചെരിപ്പുകുത്തി ചെരിപ്പു നന്നാക്കി

shoes, ഷൂസ് $uusə *(nn),* ടോം ഷൂസ് ഇടുന്നു

shoot, എയ്യ് eyyə *(vt),* കുട്ടി അമ്പ് എയ്യുന്നു

shoot, കുരുന്ന് kurunnə *(nn),* ഒരു കുരുന്ന് അവൻ അടർത്തിയെടുത്തു

shoot, നാമ്പ് naambə *(nn),* ചെടിയുടെ നാമ്പുകൾ പുറത്തേക്കു വന്നു

shoot, വെടിവെക്ക് veTivekkə *(vt),* ആ പക്ഷിയെ അയാൾ വെടിവെച്ചു

shoot a branch out, കവരംപൊട്ട് kavaraMpoTTə *(vb),* മരത്തിന്റെ ഒരു പുതിയ കവരം പൊട്ടി

shoot of bamboo, കണ kaNa *(nn),* മുളയുടെ കണകൊണ്ട് ചുമരു കെട്ടി

shoot the arrow, തൊടുപ്പ് toTuppə *(nn),* രാമന്റെ തൊടുപ്പ് ഗംഭീരമായിരുന്നു

shooting arrows, എയ്ത്ത് eyttə *(nn),* കുട്ടിയുടെ എയ്ത്തു നോക്കി അച്ഛൻ നിന്നു

shooting up of ears in corns, കതിർക്ക് katiRkkə *(vi),* നെല്ല് കതിർത്തു

shop, കട kaTa *(nn),* അയാൾ കടയിൽ നിന്നു സാധനം വാങ്ങി

shop keeper, കടക്കാരൻ kaTakkaaran *(nn,comp),* കടക്കാരൻ കടയടച്ച് മടങ്ങിപ്പോയി

shore, തീരം tiiraM *(nn),* ഞങ്ങൾ തീരത്തു കൂടി നടന്നു

shore of river etc, തടം taTaM *(nn),* നദീതടങ്ങളിൽ പണ്ട് മനുഷ്യർ ജീവിച്ചിരുന്നു

short, കുറു kuRu *(adj),* ഒരു കുറുവടികൊണ്ട് അയാൾ ആക്രമിച്ചു

short, ചോട്ട cooTTa *(nn,adj),* അയാൾ ഒരു ചോട്ടാ നേതാവാണ്

short, ഹ്രസ്വ hRasva *(adj),* വിദേശത്ത് ഹ്രസ്വമായ ഒരു പഠനത്തിന് ശേഷം അയാൾ തിരിച്ചെത്തി

short account, കൈക്കണക്ക് kaikkaNakkə *(nn,comp),* അയാളുടെ കൈക്കണക്ക് കൈമോശം വന്നു

short comings, കുറവ് kuuRavə *(nn),* ആ കെട്ടിടത്തിന് ചില കുറവുകളുണ്ട്

short cut, കുറുക്കുവഴി kuRukkuvaZi *(nn,comp),* ഞാൻ രക്ഷപ്പെടാനുള്ള കുറുക്കുവഴികൾ അന്വേഷിക്കുകയായിരുന്നു

short hand, ചുരുക്കെഴുത്ത് curukkeZuttə *(nn),* രാധയ്ക്കു ചുരുക്കെഴുത്ത് അറിയാം

short poetry, ഖണ്ഡകാവ്യം khaNDakaavyaM *(nn,comp),* കുമാരനാശൻ ഖണ്ഡകാവ്യം എഴുതി

short sight, ഹ്രസ്വദൃഷ്ടി hRsvadR$Ti *(nn,comp),* അയാൾക്ക് ഹ്രസ്വദൃഷ്ടിയുണ്ട്

short story, ചെറുകഥ ceRukatha *(nn),* അവൻ ഒരു ചെറുകഥ എഴുതുന്നു

short way, കുറുട്ടുവഴി kuruTTuvaZi *(nn,comp),* ഒരു കുറുട്ടു വഴിയിലൂടെ അയാൾ അകത്തു കയറി

shortage, കഷ്ടി ka$Ti *(nn),* ഇപ്പോൾ ഇവിടെ അരി കഷ്ടിയാണ്

shortage, കുറവ് kuRavə *(nn),* അവിടെ ഒന്നിനും ഒരു കുറവുമില്ലായിരുന്നു.

shortage, ചുരുക്കം curukkaM *(nn),* രവി എല്ലാം ചുരുക്കത്തിൽ പറഞ്ഞു

shorten, ചുരുക്ക് curukkə *(vi),* ഉണ്ണി ചുരുക്കിപ്പറഞ്ഞ കാര്യങ്ങൾ എല്ലാവരും ശ്രദ്ധിച്ചു

shoulder, ചുമൽ cumal *(nn),* അവൾ ചുമൽ കുലുക്കി അറിയില്ലെന്നു പറഞ്ഞു

shoulder, തോളിൽവഹിക്ക് tooLilvahikkə *(vt),* എന്തിനാണ് നിങ്ങൾ ഇതെല്ലാം തോളിൽ വഹിക്കുന്നത്

shoulder, തോൾ tooL *(nn),* എന്റെ തോൾ വേദനിക്കുന്നു

shoulder, ഭുജം bhujaM *(nn),* അവന്റെ ഭുജത്തിൽ തട്ടി ഉണർത്തി

shoulder bone, തോളെല്ല് tooLellə *(nn,comp),* തോളെല്ലിൽ ശക്തമായ വേദന തോന്നുന്നു

shout aloud, ക്രോശിക്ക് kRooSikkə *(vi),* അച്ഛൻ എന്നോട് ക്രോശിച്ചു

show, കാട്ട് kaaTTə *(vt),* അവനെ ചിത്രം കാട്ടി

show, കാണിക്ക് kaNikkə *(vb),* ആ പുസ്തകങ്ങളെല്ലാം എന്നെ കാണിക്കൂ

show, പ്രകടനം pRakaTanaM *(nn),* അവരുടെ പ്രകടനം ഗംഭീരമായിരുന്നു

show, പ്രദർശിപ്പിക്ക് pRadaRSippikkə *(vi),* അവൻ തന്റെ ധൈര്യം പ്രദർശിപ്പിച്ചു

show a gesture, കൈകാട്ട് kaikaattə *(comp vb),* അയാൾ കൈകാട്ടി ഇങ്ങോട്ടു വരാൻ പറഞ്ഞു

show desire, മിണുമിണുക്ക് miNumiNukkə *(vt),* കുട്ടി എന്തിനോ മിണുമിണുക്കുന്നു

show off, ലസിക്ക് lasikkə *(vi),* അയാൾ എപ്പോഴും ലസിക്കുന്നു

shower, വർഷിക്ക് vaR$ikkə *(vt),* ആരോ പൂക്കൾ വർഷിക്കുന്നു

showing an example, നിദർശനം nidaRSanaM *(nn),* സ്നേഹത്തിന്റെ നിദർശനമാണ് അദ്ദേഹം

shrink, ചുരുങ്ങ് curuṉṉə *(vi),* ചൂടുകൊണ്ട് പ്ലാസ്റ്റിക് പാത്രം ചുരുങ്ങി

shrink, ചുളുങ്ങ് cuLuṉṉə *(vt),* രവിയുടെ ഷർട്ട് ചുളുങ്ങിയിരിക്കുന്നു

shrivel, ചൂള് cuuLə *(nn),* രവിയുടെ നോട്ടം കണ്ട് രാധ ചൂളിപ്പോയി

shudder, നടുങ്ങ് naTuṉṉə *(vi),* അവർ അതു കേട്ടു നടുങ്ങി

shuffle, കശക്ക് kaSakkə *(vt),* അയാൾ ചീട്ടുകൾ കശക്കി

shuffle, മാറ്റിമറിക്ക് maaRRimaRikkə *(vt),* അയാൾ എല്ലാം മാറ്റിമറിക്കുന്നു

shyness, നാണം naaNaM *(nn),* നാണം കൊണ്ട് കുട്ടി മുഖം പൊത്തി

sickle, അരിവാൾ arivaaL *(nn),* അവർ അരിവാളുകൊണ്ട് നെല്ലു കൊയ്യുന്നു

sickness, ദീനം diinaM *(nn),* അവന് എപ്പോഴും ദീനമായിരുന്നു

side, വശം vaSaM *(nn),* എനിക്ക് ആ വശത്ത് ഇരിക്കണം

side dish, കൂട്ടാൻ kuuTTaan *(nn),* ഭക്ഷണത്തിനു കൂട്ടാൻ ഒന്നുമില്ല

side dish, രസം rasaM *(nn),* ഇന്ന് ഉച്ചയ്ക്ക് ഊണിന് സാമ്പാറും രസവും ഉണ്ടായിരുന്നു

side dish prepared in kerala, അവിയല് aviyal *(nn),* മലയാളികൾക്ക് ഏറ്റവും പ്രധാനപ്പെട്ട ഭക്ഷണപദാർത്ഥം ആണ് അവിയൽ

side glance, കടാക്ഷം kaTak$aM *(nn),* അവളുടെ കടാക്ഷം കാത്ത് അവർ നിന്നു

siege, ഉപരോധം uparoodhaM *(nn),* അയൽ രാജ്യങ്ങൾ ഉപരോധം നടത്തി

sieve, അരിക്ക് arikkə *(vt),* അമ്മ അരിപ്പൊടി അരിക്കുന്നു

sieve, അരിപ്പ arippa *(nn),* അമ്മ അരിപ്പയിൽ അരി അരിക്കുന്നു

sieve of bigger size, ചല്ലട callaTa *(nn),* രവി ചല്ലടയിൽ ഇട്ടു അരിച്ചു

sigh, നിശ്വസനം niSvasanaM *(vi),* കുട്ടി നിശ്വസനം ചെയ്തു

sigh, നിശ്വസിക്ക് nSvasikkə *(adj),* രവി നിശ്വസിക്കുന്നു

sigh of relief, നിശ്വാസം niSvaasaM *(nn),* അവളുടെ നിശ്വാസം അവർ കേട്ടു

sight, കാഴ്ച kaaZəccann *(nn),* അവിടെ പല കാഴ്ച കളും കണ്ടു

sight, നോക്കു nookkuu *(nn),* അവളുടെ നോക്കു കണ്ടാൽ പേടിതോന്നും

sign, മുദ്ര mudRa *(nn),* ഇൻഡ്യൻ കളിക്കാർ ക്രിക്കറ്റ് ജയിച്ചപ്പോൾ വിജയത്തിന്റെ മുദ്ര കാണിച്ചു

sign, ലാഞ്ഛന la~chana *(nn),* അതിന്റെ യാതൊരു ലാഞ്ഛനയും ഉണ്ടായിരുന്നില്ല

sign of zodiac, രാശി raaSi *(nn),* അവർ രാശി നോക്കി

sign of zodiac on which the moon stands at the time of birth, ജന്മരാശി janmaraaSi *(nn,comp),* ബാബുവിന്റെ ജന്മരാശി നല്ലതായിരുന്നില്ല

signature, ഒപ്പ് oppə *(nn),* അയാൾ എല്ലാ കടലാസിലും ഒപ്പ് ഇടുന്നു

significance, പ്രാധാന്യം pRaadhaanyaM *(nn,),* അതിന്റെ പ്രാധാന്യം എനിക്ക് മനസ്സിലായില്ല

signing by a king, തൃക്കൈവിളയാട്ടം tRəkkaiviLayaaTTaM *(nn,comp),* രാജാവ് തൃക്കൈവിളയാട്ടം നടത്തി

silence, നിശബ്ദത niSSabdata *(vi),* ഇവിടെ നിശബ്ദത പാലിക്കണം

silence, മൌനം maunaM *(nn),* അവൾ മൌനം പാലിച്ചു

silk, പട്ട് paTTə *(nn),* അയാൾ അവൾക്ക് ഒരു പട്ടുസാരി വാങ്ങി

silk saree, പട്ടുചേല paTTuceela *(nn,comp),* അവർ കല്യാണത്തിനു ഒരു പട്ടുചേല അണിഞ്ഞു

silk thread, പട്ടുനൂൽ paTTunuul *(nn,comp),* പട്ടുനൂൽ കൊണ്ട് നെയ്തെടുത്ത സാരി

silkworm, പട്ടുനൂൽപ്പുഴു paTTunuulppuZu *(nn),* മൾബറിയുടെ ഇലകളിൽ പട്ടുനൂൽപ്പുഴുക്കൾ ഇഴഞ്ഞു നീങ്ങുന്നു

silver, രജതം rajataM *(nn),* രജതജൂബിലി ആഘോഷിച്ചു

silver, വെള്ളി velli *(nn),* വെള്ളി വെളുത്ത നിറമുള്ള ലോഹമാണ്

similar, ഒരുപോലെയുള്ള orupoleyuLLa *(adj),* ഒരുപോലെയുള്ള രണ്ടു കുട്ടികൾ വന്നു

similarity, ഇതുപോലെ itupoole *(adv),* ഇതുപോലെ എത്രയോ കപടനാട്യക്കാരെ ഞാൻ കണ്ടിരുന്നു

similarity, സാജാത്യം saajaatyaM *(nn),* അവർ തമ്മിൽ സാജാത്യമുണ്ടായിരുന്നു

similarity, സാമ്യം saamyaM *(nn),* ഈ വീടിനോട് സാമ്യമുള്ള വേറെ വീടില്ല

similarly, പോലെ poole *(in),* രാമനെപ്പോലെ തന്നെ ലക്ഷ്മണനും സത്ഗുണ സമ്പന്നനാണ്

simple, ലളിതം laLitaM *(nn),* വളരെ ലളിതമായ കഥ അവൻ പറഞ്ഞു

simple, ലളിതമായ laLitamaaya *(adj),* ഏറ്റവും ലളിതമായ വിഷയങ്ങൾ മുതൽ ഏറ്റവും സങ്കീർണ്ണമായ വിഷയങ്ങൾ വരെ ഞങ്ങൾ ചർച്ച ചെയ്യുന്നു

simple trick, കുരുട്ടുവിദ്യ kuruTTuvidya *(nn),* അവൻ ഓരോ കുരുട്ടു വിദ്യകൾ കാണിച്ചു

sin, ദുഷ്കൃതം du$kRtaM *(nn,comp),* അയാൾ ദുഷ്കൃതം ചെയ്തു

sing, പാട് paaTə *(vi),* അവൻ നന്നായി പാടും

singer, ഗായകൻ gaayakan *(nn),* യേശുദാസ് നല്ല ഗായകനാണ്

singing in loud tune in praise of God, കീർത്തനം kiiRttanaM *(nn),* അമ്മ കീർത്തനങ്ങൾ ആലപിച്ചു

single, ഏക eeka *(adj),* അയാളുടെ ഏകമകനായിരുന്നു അത്

single, ഒറ്റ oRRa *(adj),* ഒറ്റ മനുഷ്യൻ പോലും അവിടെ ഇല്ലായിരുന്നു

single handedly, തനിച്ച് taniccə *(adv),* അവൻ തനിച്ച് നടന്നു

single leaf of paper, താള് taaLə *(nn),* പുസ്തകത്തിന്റെ ഒരു താൾ കീറിപ്പോയി

sink, ആഴ് aaZə *(vi),* തൊട്ടി കിണറ്റിൽ ആഴുന്നു

sink, താഴ് taaZə *(vi),* കല്ല് വെള്ളത്തിലേക്ക് താഴുന്നു

sink, മുങ്ങ് muuṇṇə *(vi),* കൊച്ചു കുടിൽ വെള്ളത്തിൽ മുങ്ങിപ്പോയി

sip, മൂഞ്ച് muu~cə *(vt),* അയാൾ മാങ്ങ മൂഞ്ചി

sip, മോന്ത് moontə *(vt),* അയാൾ വെള്ളം മോന്തുന്നു

sipping, ഊമ്പൽ uumbal *(nn),* അവന്റെ ഐസ് ഊമ്പൽ എനിക്കിഷ്ടമായില്ല

sister, സഹോദരി sahoodari *(nn),* ഇവൾ എന്റെ സഹോദരിയാണ്

sister (address by brothers), പെങ്ങൾ peṇṇaL *(nn, ks),* പെങ്ങൾ ഇന്നലെ വന്നു

sister-in-law, നാത്തൂൻ naattuun *(nn),* നാത്തൂൻമാർ തമ്മിൽ വഴക്കിട്ടു

sit, ഇരിക്ക് irikkə *(vi),* രാമൻ കസേരയിൽ ഇരിക്കുന്നു

sit with mouth wide opened, വായ്പൊളിച്ച്ഇരിക്ക് vaayəpoLiccəirikkə *(comp vb),* ആ അത്ഭുതം കണ്ട് കുട്ടി വാപൊളിച്ച് ഇരിക്കുന്നു

sitting posture, ഇരിപ്പ് irippə *(nn),* അയാളുടെ ഇരിപ്പ് മനോഹരമായിരിക്കുന്നു

Siva, കാളകണ്ഠൻ kaaLakaNəThan *(nn,comp),* കാളകണ്ഠന്റെ കഴുത്തിൽ കറുപ്പുനിറമാണ്

siva, ജടാധാരി jaTaadhaari *(nn,comp),* ശിവന് ജടാധാരിയെന്നൊരു പേരു കൂടിയുണ്ട്

six, ആറ് aaRə *(nn),* ആറു പേർക്ക് ഇരിക്കാനുള്ള സ്ഥലമില്ല

six Darshanas or philosophical orders, ദർശനങ്ങൾ daRSanaṇṇaL *(nn),* അരവിന്ദദർശനങ്ങൾ വായിച്ചു

sixteen, പതിനാറ് patinaaRə *(nn,num),* പത്ത് ആൺകുട്ടികളും പതിനാറ് പെൺകുട്ടികളും ഞങ്ങളുടെ ഗ്രൂപ്പിലുണ്ടായിരുന്നു

sixth lunar day, തിരുവാതിര tiruvaatira *(nn),* തിരുവാതിര ദിവസം രാധ വന്നു

sixth month of Hindu calender, മകരം makaraM *(nn),* മകരത്തിൽ വിളവ് കൊയ്തു

sixty, അറുപത് aRupatə *(nn,num),* അറുപത് വയസ്സായപ്പോൾ മരിച്ചു.

skilful, വിദഗ്ദ്ധ vidagddha *(adj),* വിദഗ്ധമായ ഒരു പണിയാണത്

skilful, സമർത്ഥമായ samaRtthaMaaya *(adj),* സമർത്ഥമായ മറുപടി

skilful person, വിരുതൻ virutan *(nn),* അവൻ വലിയ വിരുതനാണ്.

skilfulness, നൈപുണ്യം naipuNyaM *(nn),* പാചകത്തിൽ അവളുടെ നൈപുണ്യം എല്ലാവരും ശ്ലാഘിച്ചു

skill, കേമത്തം keemattaM *(nn),* സജിത്തിന്റെ കേമത്തം അംഗീകരിക്കപ്പെട്ടു

skill, കൌശലം kauSalaM *(nn),* അവളുടെ കൌശലം അംഗീകരിക്കപ്പെട്ടു

skill, സാമാർഥ്യം saamaRtthyaM *(nn),* അയാളുടെ സാമാർഥ്യം കൊണ്ട് ജീവൻ രക്ഷപ്പെട്ടു

skill due to the practice, തഴക്കം taZakkaM *(nn),* തഴക്കവും പഴക്കവും ചെന്ന അഭ്യാസിയാണയാൾ

skillful, വൈദഗ്ധ്യമുള്ള vaidgdhyamuLLa *(adj),* വൈദഗ്ധ്യമുള്ള ഡോക്ടർ രോഗിയെ പരിശോധിക്കുന്നു

skillness of archery, ധനുർവിദ്യ dhanuRvidya *(nn,comp),* ധനുർവിദ്യയിൽ കർണ്ണൻ ജയിച്ചു

skin, ചർമ്മം caRmmaM *(nn),* കാണ്ടാമൃഗത്തിന്റെ ചർമ്മം വളരെ കട്ടിയുള്ളതാണ്

skin, തുകൽ tukal *(nn),* മൃഗങ്ങളുടെ തുകൽകൊണ്ട് ചെരുപ്പുണ്ടാക്കുന്നു

skin, തൊലി toli *(nn),* തൊലി വീണ്ടും കീറി

skin, തൊലി toli *(nn),* തൊലിക്ക് വല്ലാത്ത കട്ടി തന്നെ

skin, ത്വക്ക് tvakkə *(nn),* ത്വക്ക് ശുചിയായി സൂക്ഷിക്കണം

skin be grazed off, തോലുരിയ് tooluriyə *(vb),* മരത്തിന്റെ തോലുരിഞ്ഞു

skin of animal, തോൽ tool *(nn),* തോൽ ഊറയ്ക്കിട്ടു

skin of fruits, തൊലി toli *(nn),* പഴത്തിന്റെ തൊലി ഉരിച്ചു

skirt, പാവാട paavaaTa *(nn),* അവൾ പാവാട ഉടുത്തു

skull, തലയോട് talayooTə *(nn),* തലയോട് പൊട്ടിച്ചിതറി ഒരാൾ മരിച്ചു

sky, ആകാശം aakaaSaM *(nn),* ആകാശത്തിന്റെ നിറം നീലയാണ്

sky, ഗഗനം gaganaM *(nn),* പക്ഷി ഗഗനത്തിലൂടെ സഞ്ചരിക്കുന്നു

sky, നക്ഷത്രമണ്ഡലം nak$atRamaNDalaM *(nn,comp),* നക്ഷത്രമണ്ഡലം തിളങ്ങി

sky, നഭസ്സ് nabhassə *(nn),* നഭസ്സിൽ താരാരത്നഖചിതമായിരിക്കുന്നു

sky, നഭോമണ്ഡലം nabhoomaNDalaM *(nn,comp),* നഭോമണ്ഡലത്തിൽ മിന്നിത്തിളങ്ങുന്ന താരങ്ങൾ

sky, മാനം maanaM *(nn),* അയാൾ മാനത്തേക്കു നോക്കി

sky, വാനം vaanaM *(nn),* വാനത്തു പറവകൾ പറന്നു

sky blue, ഇളംനീല iLaMniila *(adj),* ആകാശത്തിന്റെ നിറം ഇളം നീലയാണ്

slanting, ചരിഞ്ഞ cari~~a *(adj),* വളരെ ചരിഞ്ഞ പ്രദേശമാണ് ഇവിടം

slaughter, കശാപ്പ് kaSaappə *(nn),* ഇറച്ചിവെട്ടുകാരൻ കശാപ്പു നടത്തി

slaughter of animals, ജന്തുഹിംസ janthuhiMsa *(nn,comp),* ജന്തുഹിംസ പാപമാണെന്ന് ഗാന്ധിജി പറഞ്ഞു

slave, അടിമ aTima *(nn),* അടിമകളെ ആടുമാടുകളെപ്പോലെ വിറ്റിരുന്നുവത്രേ

slavery, ദാസത്വം daasatvaM *(nn),* ദാസത്വം കൊണ്ട് അയാൾ അത് സമ്മതിച്ചു

sleep, ഉറക്കം uRakkaM *(nn),* ഉറക്കത്തിൽ കുട്ടി സ്വപ്നം കണ്ടു

sleep, ഉറങ്ങ് uRaŋŋə *(vi),* രാത്രിയിൽ എല്ലാവരും ഉറങ്ങുന്നു

sleep, തുയിൽക്കൊള്ള് tuyilkkoLLə *(comp vb),* രാജാവ് തുയിൽക്കൊള്ളുന്നു

sleep, നിദ്ര nidRa *(nn),* നിദ്രയിൽ നീ കണ്ട സ്വപ്നമെന്തോ

sleeping bed, പടുക്ക paTukka *(nn),* അയാൾ പടുക്കയും എടുത്തു നടന്നു

sleepy, ഉറക്കംതൂങ്ങുന്ന uRakkaMtuuŋŋunna *(adj),* എപ്പോഴും ഉറക്കം തൂങ്ങുന്ന സ്വഭാവമാണ് അവന്റേത്

slenders worm, ചെവിപ്പാമ്പ് cevippambə *(nn,comp),* ചെവിപ്പാമ്പ് ചെവിയിൽ കയറാതെ സൂക്ഷിക്കണം

slice, നുറുങ്ങ് nuRuŋŋə *(nn),* ചില്ലിന്റെ ഒരു നുറുങ്ങ് കാലിൽ കൊണ്ടു

slick in, ചൊരുക് corukə *(vb),* രവി കടലാസ് സഞ്ചിയിൽ ചൊരുകിവച്ചു

slight, നേരിയ neeriya *(adj),* കുട്ടിക്ക് നേരിയ പനിയുണ്ടായിരുന്നു

slip, കാൽതെറ്റ് kaalteRRə *(comp vb),* അവന്റെ കാൽ തെറ്റി

slip, കാൽവഴുത് kaalvaZutə *(comp vb),* അവന്റെ കാൽ വഴുതി

slip, കാൽഇടറ് kaaliTaRə *(comp vb),* അവൻ കാൽ ഇടറി വീണു

slip, തെന്നിപ്പോക് tennippookə *(comp vb),* മിനുസമുള്ള മുറികളിൽ നടക്കുമ്പോൾ സൂക്ഷിക്കണം, തെന്നിപ്പോകും

slip, തെന്നിതെന്നിനടക്ക് tennitenninaTakkə *(vb, comp),* മഞ്ഞിൻ പ്രദേശങ്ങളിൽ ജനങ്ങൾ സ്കേറ്റുവണ്ടി ഉപയോഗിച്ചു തെന്നിതെന്നിനടക്കുന്നു

slip, തെന്ന് tennə *(vi),* അയാൾ തെന്നി വീണു

slip, തെറ്റ് teRRə *(nn),* കുട്ടിയുടെ തെറ്റ് ഞാൻ തിരുത്തി

slip off, നിലതെറ്റ് nilateRRə *(vi),* നിലതെറ്റി ആന വീണു

slip off, വഴുത് vaZutə *(vi),* അയാളുടെ കാൽ വഴുതി

slogan, മുദ്രാവാക്യം mudRaavaakyaM *(nn),* അയാൾ മുദ്രാവാക്യം വിളിച്ചു

slope, ചരിയ് cariyə *(vt),* ഗോപുരം ഒരു ഭാഗത്തേക്ക് ചരിയുന്നു

slope, ചരിവ് carivə *(nn),* ഗോപുരത്തിന്റെ ചരിവ് കിഴക്കു വശത്തേക്കാണ്

slope down, ചെരിയ് ceriyə *(vi),* പാത്രം ചെരിഞ്ഞ് നിലത്തു വീണു

slope of the hill, മലഞ്ചെരിവ് mala~carivə *(nn,comp),* മലഞ്ചരിവിലൂടെ ഞങ്ങൾ നടന്നു

sloping shed attached to the main building, ചായ്പ് caaypə *(nn),* വീടിനോട് ചേർന്നു ഒരു ചായ്പ്പുണ്ട്

slow, മന്ദ manda *(adj),* മന്ദമായ രീതിയിൽ കാറ്റു വീശുന്നു

slowly, പതുക്കെ patukke *(adv),* വാഹനം പതുക്കെ നീങ്ങി

slowly, പയ്യെ payye *(adv),* അയാൾ പയ്യെ നടന്നു

slowly, മെല്ലെ melle *(adv),* മെല്ലെ മെല്ലെ ആ കുട്ടികൾ ഇഴഞ്ഞു

slowly, സാവധാനം savadhaanaM *(adv),* വൃദ്ധൻ സാവധാനം നടന്നു

slowness, മന്ദത mandata *(nn),* കാറ്റിന്റെ മന്ദത സുഖകരമായിരുന്നു.

sluice, തൂമ്പ് tuumbə *(nn),* തൂമ്പിലൂടെ വെള്ളം ഒഴുകിക്കൊണ്ടിരുന്നു

slum, ചേരി ceeri *(nn),* രാജൻ ചേരിയിൽ വളർന്നവനാണ്

smack the lips, നുണയ് nuNayə *(vi),* കുട്ടി മിഠായി നുണഞ്ഞു

small, ചെറിയ ceRiya *(adj),* ഇത് ഒരു ചെറിയ മുറിയാണ്

small, ചെറുത് ceRutə *(nn),* ആ വീട് വളരെ ചെറുതാണ്

small axe, കൈക്കോടാലി kaikkooTaali *(nn,comp),* കേശവൻ കൈക്കോടാലികൊണ്ട് വിറകുവെട്ടി

small bird, നാരായണക്കിളി naarayaNakkiLi *(nn,comp),* നാരായണക്കിളി കൂടുവച്ചു

small box, ചെപ്പ് ceppə *(nn),* ആലിബാബ ഒരു ചെറിയ ചെപ്പു തുറന്നു

small boy, കിടാത്താൻ kiTattaan *(nn),* ഒരു കിടാത്താൻ വെള്ളം കോരിക്കുടിക്കുന്നു

small carriage drawn by a single horse, ജഡ്ക jaDka *(nn),* രാമൻ ഒരു ജഡ്കയിൽ കയറി യാത്ര ചെയ്തു

small coin (old), കാശ് KaaSə *(nn),* അയാൾ കാശ് വലിച്ചെറിഞ്ഞു

small country boat, കൊതുമ്പുവള്ളം kotumbuvaLLaM *(nn,comp),* രാജൻ ഒരു കൊതുമ്പു വള്ളം ഉണ്ടാക്കി

small drum, ഡമരു Damaru *(nn),* കൃഷ്ണൻ ഡമരു കൊട്ടിക്കൊണ്ടിരുന്നു

small feathers, പൂട puuTa *(nn),* പക്ഷിയുടെ പൂട നനഞ്ഞു

small fish, ഊപ്പ uuppa *(nn),* കുട്ടികൾ ഊപ്പ പെറുക്കാൻ ഓടി വന്നു

small handy knife, കൈക്കത്തി kaikkatti *(nn,comp),* അമ്മ കൈക്കത്തികൊണ്ട് പഴം മുറിച്ചു

small hole, കിഴിത്ത kiZitta *(nn),* ഒരു കിഴിത്തയിലൂടെ പണം ഇട്ടു

small house, മാടം maaTaM *(nn),* ഒരു മാടത്തിൽ അവൻ താമസിച്ചു

small hut, കൂര kuura *(nn),* അവൻ തന്റെ കൂരയിൽ താമസിക്കുന്നു

small hut, ചെറ്റപ്പുര ceRRappura *(nn,comp),* ചെറ്റപ്പുരയിൽ താമസിക്കുന്ന ആളാണ് അയാൾ

small intestine, ചെറുകുടൽ ceRukuTla *(nn,comp),* ചെറുകുടലിൽ വ്രണമാണെന്ന് രാജനോട് ഡോക്ടർ പറഞ്ഞു

small kind of yam like potato, കൂർക്ക kuuRkka *(nn),* കൂർക്ക ഔഷധഗുണമുള്ള ഒരു കിഴങ്ങാണ്

small light, കൈത്തിരി kaittiri *(nn,comp),* ഇരുട്ടിൽ ഒരു കൈത്തിരി കൊളുത്തി വയ്ക്കൂ

small louse, ഈര് iirə *(nn),* അവളുടെ തലയിൽ പേനും ഈരുമുണ്ട്

small mat, തടുക്ക് taTukkə *(nn),* അമ്മ തടുക്കു വിരിച്ചിട്ടു

small nail, മുള്ളാണി muLLaaNi *(nn),* അയാളുടെ കാലിൽ ഒരു മുള്ളാണി തറച്ചു

small particle, തരി tari *(nn),* ഓരോ ചെറിയ തരിയിൽ പോലും ഈശ്വരനുണ്ടത്രേ

small particles of grains of wheat, റവ Rava *(nn),* റവ കൊണ്ടുള്ള പലഹാരങ്ങൾ നന്നായിരിക്കും

small pox, മസൂരി masuuri *(nn),* മസൂരി ഇന്ന് നിയന്ത്രണാധീനമാണ്.

small pox, വസൂരി vasuuri *(nn),* വസൂരി തീരെ നിർമ്മാർജനം ചെയ്തുവത്രേ

small pungent chilly, കാന്താരി kaantaari *(nn),* അമ്മ കാന്താരി മുളക് അരയ്ക്കുന്നു

small ridge in fields, വരമ്പ് varambə *(nn),* വരമ്പിലൂടെ അവർ നടന്നു

small rolling stone used to grind, കുഴവി kuZavi *(nn),* അമ്മിയുടെ കുഴവി അവന്റെ കാലിൽ വീണു

small script, നോട്ട് nooTTə *(nn),* അയാൾ ഒരു നോട്ടെഴുതി കൊടുത്തു

small shell, ചിപ്പി cippi *(nn),* ചിപ്പിയിൽ മുത്തുണ്ട്

small spoon to remove wax of the ear, ചെവിത്തോണ്ടി cevittooNTi *(nn,comp),* ചെവിത്തോണ്ടികൊണ്ട് ചെവിക്കായം പുറത്തെടുക്കുന്നു

small tray plate, താലം taalaM *(nn),* രാധ താലത്തിൽ കുപ്പികൾ നിരത്തിവച്ചു

small tree, ചെടി ceTi *(nn),* ഇവിടെ ധാരാളം ചെടികളുണ്ട്

small variety of rat, നച്ചെലി naccali *(nn,comp),* നച്ചെലികൾ വീട്ടിലൂടെ ഓടി നടക്കുന്നു

small variety of solamion (salanami pubeseens), ചുണ്ടയ്ക്ക cuNTykka *(nn),* ചുണ്ടയ്ക്ക കാൽപണം ചുമട്ടുകൂലി മുക്കാൽപണം

small vessel, കുടുക്ക kuTukka *(nn),* അയാൾ കുടുക്കയിൽ പണം നിക്ഷേപിച്ചു

small vessel or container, തൂത tuuta *(nn),* അമ്മ ഒരു തൂതയിൽ എന്തോ കൊണ്ടുവന്നു

small yam (dioscorea alata), കാച്ചിൽ kaaccil *(nn),* അമ്മ കാച്ചിൽ പുഴുങ്ങി

smart, ചിമിട്ട് cimiTTə *(adj),* വേണു ഒരു ചിമിട്ട് പയ്യനാണ്

smart, ചുണ cuNa *(nn),* രവി നല്ല ചുണയുള്ള പയ്യനാണ്

smartness, ഉഷാർ u$aaR *(nn),* അവന് ഒരു ഉഷാർ ഇല്ല

smartness, ചുറുചുറുക്ക് cuRucuRukkə *(nn,comp),* കുട്ടിക്ക് നല്ല ചുറുചുറുക്കുണ്ട്

smartness, പടുത്വം paTutvaM *(nn),* അയാൾക്ക് നല്ല പടുത്വം ഉണ്ടായിരുന്നു

smear, പൂശ് puuSə *(vt),* അവൾ മുഖത്തു ചായം പൂശി

smear mehanti on the hands legs, മൈലാഞ്ചിയിട് maila~ciiTə *(comp vb),* അവൾ കൈയ്യിൽ മൈലാഞ്ചി ഇട്ടു

smear with cow dung, മെഴുക് meZukə *(vt),* അമ്മ ചാണകം മെഴുകി

smearing with gilt, ഗിൽട്ട് gilTTə *(nn),* ഗിൽട്ട് പൂശിയ പാവകൾ വാങ്ങി

smell, ഗന്ധം gandhaM *(nn),* ഇവിടെ ഇപ്പോൾ പൂവിന്റെ ഗന്ധം വരുന്നു

smell, മണം maNaM *(nn),* ഇവിടെ നല്ല മണമുണ്ട്

smell, മണമുള്ള maNaM *(adj),* അത് നല്ല മണമുള്ള പൂവായിരുന്നു

smell, വാസന vaasana *(nn),* അയാൾക്ക് പൂവിന്റെ വാസന ഇഷ്ടമാണ്

smelling (sense of smelling), ഘ്രാണം ghraaNaM *(nn),* രവിക്ക്

ഘ്രാണത്തിനുള്ള ശേഷി നഷ്ടപ്പെട്ടു

smile, പുഞ്ചിരിക്ക് pu~cirikkə *(vi),* കുട്ടി മനോഹരമായി പുഞ്ചിരിക്കുന്നു

smile, മന്ദസ്മിതം mandasmitaM *(nn),* അവൾ മന്ദസ്മിതം തൂകി

smile, സ്മിതം smitaM *(nn),* അവളുടെ സ്മിതം മനോഹരം ആണ്

smoke, ധൂമം dhuumaM *(nn),* ഇവിടെ വല്ലാത്ത ധൂമമാണ്

smoke, പുക puka *(nn),* മുറിയിൽ സിഗരറ്റിന്റെ പുക കാരണം ഇരിക്കാൻ വയ്യ

smoke, പുകയ് pukayə *(vi),* വീട്ടിനുള്ളിൽ തീ പുകയുന്നു

smooth, മിനുസമുള്ള minusamuLLa *(adj),* മിനുസമുള്ള തറയിൽ കുട്ടികൾ കളിക്കുന്നു

snake, നാഗം naagaM *(nn),* നാഗദേവതയോടു പ്രാർഥിച്ചു

snake, പന്നഗം pannagaM *(nn),* കേരളത്തിലെ ജനങ്ങൾ പന്നഗത്തിനെ ആരാധിക്കുന്നു

snake, പാമ്പ് paambə *(nn),* പാമ്പുകൾക്ക് മാളമുണ്ട്

snake (cobra), മൂർഖൻ muuRkhan *(nn),* അവിടെ ഒരു മൂർഖൻ പാമ്പ് കയറി വന്നു

snake bird, ചെമ്പോത്ത് cemboottə *(nn),* മുറ്റത്ത് ഒരു ചെമ്പോത്തു വന്നിരിക്കുന്നു

snake boat, ചുണ്ടൻ വള്ളം *(nn,comp),* ചുണ്ടൻ വള്ളങ്ങൾ വള്ളം കളിയ്ക്ക് ഉപയോഗിക്കുന്നു

snake gourd, പടവലങ്ങ paTavalaŋŋa *(nn),* പടവലങ്ങ തോരൻ എനിക്കിഷ്ടമാണ്

snake gourd plant, പടവലം paTavalaM *(nn),* പടവലത്തിൽ പടവലങ്ങ ഉണ്ടായി

snap, നൊടി noTi *(nn),* ഒരു നൊടിയ്ക്കുള്ളിൽ അവൻ വന്നു ചേർന്നു

snap, നൊടിക്ക് noTikkə *(vi),* സംഗീതം ആലപിക്കുന്ന അധ്യാപിക നൊടിച്ചു കൊണ്ടു താളം ചൊല്ലി

snap the finger, ഞൊടിക്ക് ~oTikkə *(vt),* മധു കൈ ഞൊടിക്കുന്നു

snapping the finger, ഞൊടിപ്പ് ~oTippə *(nn),* രവിയുടെ ഞൊടിപ്പുകേട്ട വേണു തിരിഞ്ഞു നോക്കി

snatch away, റാഞ്ച് Raa~cə *(vt),* പരുന്ത് കോഴിക്കുഞ്ഞിനെ റാഞ്ചി

sneeze, തുമിക്ക് tumikkə *(vi),* രവി ജലദോഷം കാരണം തുമിക്കുന്നു

sneeze, തുമ്മ് tummə *(vt),* കുട്ടി തുമ്മി

sneezing, ചീറ്റൽ ciiRRlnn *(nn),* അയാൾക്ക് എപ്പോഴും ചീറ്റലും തുമ്മലും തന്നെ

sneezing, തുമ്മൽ tummal *(nn),* കുട്ടിയുടെ തുമ്മൽ ഇവിടെ കേട്ടു

sniff, ചീറ്റ് ciiRRə *(vb),* രവി മൂക്കു ചീറ്റുന്നു

snore, കൂർക്കം വലിക്ക് *(vi),* അയാളുടെ കൂർക്കം വലി കാരണം എനിക്ക് ഉറങ്ങാനേ കഴിഞ്ഞില്ല

snoring, കൂർക്കം kuuRkkaM *(nn),* അയാൾ ശാന്തമായി കൂർക്കം വലിച്ചുറങ്ങുന്നു

snow, നീഹാരം niihaaraM *(nn),* ഹിമാലയ പർവ്വതത്തിലുള്ള നീഹാരം ഉരുകിത്തുടങ്ങി

snow, ഹിമം himaM *(nn),* ഹിമം തൂങ്ങുന്ന രാത്രികൾ മനോഹരമാണ്

snuff, നാസികാചൂർണ്ണം naasikaacuuRNNaM *(nn,comp),* നാസികാചൂർണ്ണം അയാൾ മൂക്കിലെടുത്തു

snuff, മൂക്കുപ്പൊടി muukkuppoTi *(nn,comp),* അവർ മൂക്കുപ്പൊടി വലിക്കുന്നു

soaked rice placed between lips of a dead body, വായ്ക്കരി vaaykkari *(nn),* വായ്ക്കരിയിടാൻ പോലും കഴിഞ്ഞില്ല

soaking, കുതിരൽ kutiral *(nn),* അരിയുടെ കുതിരൽ നടക്കുന്നില്ല

sob, ഏങ്ങിഏങ്ങികരയ് eeŋŋieeŋŋikkarayə *(vi),* രാമൻ ഏങ്ങി ഏങ്ങി കരയുന്നു

sob, തേങ്ങ് teeŋŋə *(vi),* കുട്ടി തേങ്ങുന്നു

sob with pain, വിങ്ങ് viŋŋə *(vi),* അവൾ വിങ്ങിവിങ്ങിക്കരഞ്ഞു

sobbing, തേങ്ങൽ teeŋŋal *(nn),* പുറത്തുനിന്ന് ആരുടേയോ തേങ്ങലുയരുന്നു

sobre natured person, ക്ഷമാശീലൻ k$maaSiilan *(nn),* അനിൽ ഒരു ക്ഷമാശീലനായിരുന്നു

social, സാമൂഹ്യ saamuuhya *(adj),* സാമൂഹ്യ ജീവിയാണ് മനുഷ്യൻ

society, സമൂഹം samuuhaM *(nn),* സമൂഹത്തോടുള്ള കടപ്പാട് തീർക്കാൻ അവൻ പലതും ചെയ്തു

socks, കാലുറ kaaluRa *(nn,comp),* അയാൾ കാലുറ ധരിക്കുന്നു

socks, സോക്സ് sookəsə *(nn),* ടോം സോക്സ് ഇടുന്നു

soft, ഇളം iLaya *(adj),* ഇളം മനസ്സായിരുന്നു അയാളുടേത്

soft, മൃദു mRədu *(adj,pfx),* മൃദു ശബ്ദത്തിൽ അവൾ പാടി

soft, മൃദുവായ mRəuduvaaya *(nn),* പക്ഷിയുടെ തൂവൽ വളരെ മൃദുവായതാണ്

softness, കോമളം koomaLaM *(nn),* പൂവ് കോമളമാണ്

softness, പതം pataM *(nn),* പതം വരുന്നതും വരെ അയാൾ തല്ലി

softness, പതുപതുപ്പ് patupatuppə *(adj),* നല്ല പതുപതുപ്പുള്ള മണ്ണാണിത്

soil, മണ്ണ് maNNə *(nn),* മണ്ണ് ഫലഭൂയിഷ്ടമാക്കാനുള്ള പലവഴികളുമുണ്ട്

soil cast on the shore by the current of a river, എക്കൽ ekkal *(nn),* നദീ തീരത്ത് എക്കൽ മണ്ണ് വീണടിഞ്ഞു

soil pieces, മണ്ണാങ്കട്ട maNNaaŋkaTTa *(nn,comp),* മണ്ണാങ്കട്ടയും കരിയിലയും കാശിക്കു പോയത്രേ

soiled clothes, അഴുക്ക് iZukkə *(nn),* അഴുക്കു വസ്ത്രങ്ങൾ അയാൾ കഴുകി

soldier, ചേകവൻ ceekavan *(nn),* ആരോമലുണ്ണി ചേകവനായിരുന്നു

soldier, ജവാൻ javaan *(nn),* രാജന്റെ അച്ഛൻ ജവാനായിരുന്നു

soldier, ശിപായി Sipaayi *(nn),* ശിപായി ലഹള സമയത്ത് പലരും തടങ്കലിലായി.

soldier, സൈനികൻ sainikan *(nn),* സൈനികൻ യുദ്ധത്തിൽ ജയിച്ചു

sole of the feet, ഉള്ളംകാൽ uLLaMkaal *(nn),* ഉള്ളംകാൽ മുതൽ നെറുക വരെ വേദനിച്ചു

solid, കട്ടിയുള്ള kaTTi *(adj),* കട്ടിയുള്ള ഒരു പലകയായിരുന്നു അത്

solid, ഖര khara *(adj),* ഖരരൂപത്തിലുള്ള ജലത്തെ ഐസ് എന്നു പറയുന്നു

solid honey, തേങ്കട teeŋkaTa *(nn,comp),* തേങ്കടയിൽ ഉറമ്പിരിക്കുന്നു

solidify, ഉറയ് uRayə *(vi),* വെള്ളം ഉറഞ്ഞ് മഞ്ഞുകട്ടിയായി

solidify, ഘനീഭവിക്ക് ghaniibhavikkə *(vt),* ഇവിടെ തണുപ്പു കാലങ്ങളിൽ വെള്ളം ഘനീഭവിക്കുന്നു

solitary person, ഏകാകി eekaaki *(nn),* അവൻ എപ്പോഴും ഏകാകിയായിരുന്നു

solitude, ഏകാന്തം eekaantaM *(nn),* ആസ്ഥലം എപ്പോഴും ഏകാന്തമായിരുന്നു

solution, നിർധാരണം niRddhaaraNaM *(nn),* അയാൾ അതു നിർധാരണം ചെയ്തു

solution, ലായനി laayani *(nn),* അയാൾ ആ ലായനി ഉപയോഗിച്ചു

some, കുറച്ച് kuRaccə *(adj),* എനിക്ക് കുറച്ച് പുസ്തകങ്ങൾ വേണം

some, കുറച്ച് kuRaccə *(adj),* എനിക്കു കുടിക്കാൻ കുറച്ച് വെള്ളം വേണം

some, ചില cila *(qua),* ചില കുട്ടികൾ നന്നായി പഠിക്കുന്നുണ്ട്

some day, എപ്പോഴെങ്കിലും eppoZeŋkiluM *(adv),* ഇനി എപ്പോഴെങ്കിലും ഇവിടെ വരുമ്പോൾ എന്നെ കണ്ടിട്ടു പോകണം

some how, എങ്ങനെയെങ്കിലും eŋŋaneyeŋkiluM *(ind.pron),* എങ്ങിനെയെങ്കിലും അയാളെ രക്ഷിക്കണം

some time, തെല്ല് tellə *(adj),* കുട്ടി തെല്ല് ഉറങ്ങി

some where, എങ്ങാണ്ട് eŋŋaaNTə *(ind.pron),* എങ്ങാണ്ട് നിന്ന് വന്ന ഒരാൾ എന്നോടു ചോദിച്ചു

some where, എവിടെയെങ്കിലും eviTeyeŋkiluM *(ind.pron),* അയാൾ എവിടെയെങ്കിലും അലഞ്ഞു നടക്കുന്നുണ്ടാകും

somebody, വല്ലവൻ vallavan *(nn),* അയാൾ വല്ലവനും വേണ്ടി എഴുതി കൊടുക്കുന്നു

someone, ആരോ ഒരാള് *(NP),* ആരോ ഒരാൾ ഇങ്ങോട്ടു വരുന്നു

something, എന്തെങ്കിലും enteŋkiluM *(ind.pron),* അവന് എപ്പോഴും എന്തെങ്കിലും ചെയ്തുകൊണ്ടിരിക്കണം

something inferior, തുക്കടാ tukkaTa *(adj),* ഇത് ഒരു തുക്കടാ വസ്തുവാണ്

sometimes, ചിലപ്പോൾ cilappooL *(adv),* അയാൾ ഇവിടെ ചിലപ്പോൾ വരാറുണ്ട്

son, കുമാരൻ kumaran *(nn),* അവൻ എന്റെ കുമാരനാണ്

son, മകൻ makan *(nn, ks),* അയാളുടെ മകനാണ് ഇവൻ

son, മോൻ moon *(nn),* അയാൾ മോനോട് പറഞ്ഞു

son in law, മരുമകൻ marumakan *(nn),* മകനേക്കാൾ ഇഷ്ടം മരുമകനോടാണോ

son of a harlot, ജാരപുത്രൻ jaraputRan *(nn,comp),* രവി ഒരു ജാരപുത്രനാണത്രേ

son of god, ദൈവപുത്രൻ daivaputRan *(nn,comp),* അദ്ദേഹം ദൈവപുത്രനായിരുന്നു

song, ഗാനം gaanaM *(nn),* രവി ഒരു ഗാനം കേട്ടു

song, ഗീത giita *(nn),* ഞാൻ ഗീത പാടി

song, പാട്ട് paattə *(vb),* അവൻ നന്നായി പാട്ടു പാടുമായിരുന്നു

song (sonnet in praise), ഗാഥ gaatha *(nn),* ചെറുശ്ശേരി ഗാഥ എഴുതി

song in praise of goddess kali, തോറ്റം tooRRaM *(nn),* മാധവൻ തോറ്റം പാടി

son-in-law, ജാമാതാവ് jaamaataavə *(nn, ks),* രവീന്ദ്രമേനോന്റെ ജാമാതാവാണ് രാജൻ

soon, ഉടൻ uTan *(adv),* അയാൾ ഉടൻ തന്നെ ഇവിടെ വന്നു

soon, എളുപ്പം eLuppaM *(adv),* കാര്യങ്ങൾ എല്ലാം എളുപ്പം മനസ്സിലാക്കണം

soon, പെട്ടെന്ന് peTTennə *(adv),* അയാൾ പെട്ടെന്നു തിരിച്ചുവന്നു

soot, കരി kari *(nn),* കരിയിൽ നിന്ന് കണ്ണിലെഴുതാനുള്ള കൺമഷിയുണ്ടാക്കുന്നു

sorcery, മാരണം maaraNaM *(nn),* ഓരോ മാരണങ്ങൾ വന്നു കയറിക്കൊണ്ടിരിക്കുന്നു

sore throat, തൊണ്ടക്കനപ്പ് toNTakkanappə *(comp vb),* തൊണ്ടക്കനപ്പ് മാറി

sorrow, സന്താപം santaapaM *(nn),* കുട്ടി മരിച്ചപ്പോഴുള്ള സന്താപം തീർക്കാൻ എല്ലാവരും ഒത്തുചേർന്നു

sorrowful, ഖിന്നൻ khinnan *(nn),* അർജ്ജുനൻ പുത്ര ദുഃഖത്തിൽ ഖിന്നനായി

soul, ആത്മാവ് aatmaavu *(nn),* സ്വന്തം ആത്മാവിന്റെ അന്വേഷണം നടത്തണം

soul, ദേഹി deehi *(nn),* ദേഹത്തെ ദേഹി വെടിഞ്ഞു

sound, കുരൽ kural *(nn),* എനിക്ക് അവന്റെ കുരൽ കേൾക്കാൻ കഴിഞ്ഞില്ല

sound, ധ്വനി dhvani *(nn),* പുറത്ത് നിന്ന് ഒരു ധ്വനികേട്ടു

sound, നാദം naadaM *(nn),* ആ നാദം എനിക്ക് ആനന്ദം നല്കി

sound, നാദം naadaM *(nn),* കുയിലിന്റെ നാദം കേട്ടു

sound, ശബ്ദം Sabdam *(nn),* ഞാൻ യാതൊരു ശബ്ദവും കേൾക്കുന്നില്ല

sound, സ്വരം svaraM *(nn),* അവന്റെ സ്വരം നന്നായിരുന്നു

sound made by women on auspicious occasions, കുരവ kurava *(nn),* സ്ത്രീകൾ കല്യാണത്തിന് കുരവയിട്ടു

sound of a bow string when arrow released, ഞാണൊലി ~aaNoli *(nn,comp),* അകലെ നിന്ന് ഞാണൊലി കേൾക്കുന്നത് അവർ ശ്രദ്ധിച്ചു

sound of a running chariot, തേരൊലി teeroli *(nn,comp),* അകലെ തേരൊലി കേൾക്കുന്നു

sound of bow string, ഡങ്കാരം DaṇkaaraM *(nn),* അകലെ എവിടെ നിന്നോ ഡങ്കാരം കേൾക്കുന്നു

sound of little drum, പടഹം paTahaM *(nn),* പടഹധ്വനികൾ അവിടെ ഉയർന്നുകേട്ടു

sound or letter, അകാരം akaaraM *(nn),* അകാരമാണ് ആദ്യാക്ഷരം

sounding as crackers exploding, ചടപട caTapaTa *(nn),* രവി കട്ടിലിൽ നിന്ന് ചടപട വീണു

soup, സൂപ്പ് suuppə *(nn),* അയാൾ സൂപ്പ് കുടിക്കുന്നു

sour, പുളിക്കുന്ന puLikkunna *(adj),* പുളിക്കുന്ന ഒരു ദ്രാവകമാണ് അവർ കുടിക്കാൻ തന്നത്

South, തെക്ക് tekkə *(nn),* തെക്ക് ഒരു തെങ്ങുണ്ടായിരുന്നു

south east, തെക്കുകിഴക്ക് tekkukiZakkə *(nn,comp),* തെക്കു കിഴക്കുഭാഗത്തു നിന്നു കാറ്റു വീശി

South east wind, തെക്കുകിഴക്കൻകാറ്റ് tekkukiZakkankaaRRə *(nn,comp),* തെക്കു കിഴക്കൻ കാറ്റ് ശക്തിയായി വീശി

South India, ദ്രാവിഡാവർത്തം dRaaviDaavaRttaM *(nn,comp),* ദ്രാവിഡാവർത്തം അദ്ദേഹം സന്ദർശിച്ചിരുന്നു

South side, തെക്കുഭാഗം tekkubhaagaM *(nn,comp),* തെക്കു ഭാഗത്തുള്ള മുറിയാണ് അയാൾക്കു ഇഷ്ടം

south western wind, തെക്കുപടിഞ്ഞാറൻകാറ്റ് tekkupaTi~~aaRankaaRRə *(nn,comp),* തെക്കുപടിഞ്ഞാറൻ കാറ്റ് ശക്തമായിരുന്നു

south wind, തെക്കൻകാറ്റ് tekkankaaRRə *(nn,comp),* തെക്കൻ കാറ്റ് സുഖപ്രദമാണ്

south wind, തെന്നൽ tennal *(nn),* ഇളം തെന്നലേറ്റ് അവർ ഇരുന്നു

southern hemisphere, ദക്ഷിണാർദ്ധ ഗോളം *(nn,comp),* ദക്ഷിണാർദ്ധ ഗോളത്തിൽ തണുപ്പുകൂടുതലാണ്

southern land, തെന്നാട് tennaaTə *(nn,comp),* തെന്നാടുകളിൽ അയാൾ സന്ദർശിച്ചു

southerness, ദാക്ഷിണാത്യൻ daak$iNaatyan *(nn),* അഗസ്ത്യൻ ദാക്ഷിണാത്യനായിരുന്നു

southward, തെക്കോട്ട് tekkooTTə *(adv),* തെക്കോട്ട് നോക്കി രാധ ഇരുന്നു

souvenir, സ്മരണിക smaraNika *(nn),* മഹാകവിയുടെ ഷഷ്ടിപൂർത്തിയോടനുബന്ധിച്ച് ഒരു സ്മരണിക പുറത്തിറക്കി

sow seed, വിതയ്ക്ക് vitaykkə *(vt),* വിതയ്ക്കുന്നതു കൊയ്യുന്നു

sow seeds, നട് naTə *(vt),* കർഷകൻ എന്തോ നടുന്നു

space, ഇടം iTaM *(nn),* ഈ ഇടത്തുനിന്നു എല്ലാവരും പുറപ്പെടും

space between, ഇട iTa *(nn),* ഇവിടെ വേണ്ടത്ര ഇടമില്ല

spade, തൂമ്പ tuumba *(nn),* അച്ഛൻ തൂമ്പകൊണ്ട് കിളച്ചു

spade, മൺവെട്ടി maNveTTi *(nn,comp),* അയാൾ മൺവെട്ടി കൊണ്ട് മണ്ണുകിളച്ചു

span between the middle finger tip and thumb, ചാൺ caaN *(nn),* രവി ഒരു ചാൺ നീളത്തിൽ തുണി മുറിച്ചു

spark, പൊരി pori *(nn),* അവന്റെ കണ്ണിൽ തീപ്പൊരി വീണു

spark of fire, തീപ്പൊരി tiippori *(nn,comp),* ഒരു തീപ്പൊരി വീണു ആ വീട് കത്തി

sparkling, പ്രസ്ഫുരണം pRasphuraNaM *(nn),* ഒരു തീജ്വാലയുടെ പ്രസ്ഫുരണം അവിടെ കണ്ടു

sparrow, കുരികിൽ kurukil *(nn),* മരത്തിൽ ഒരു കുരികിൽ ഇരിക്കുന്നു

sparrow, കുരുവി kuruvi *(nn),* കുരുവി മരക്കൊമ്പിൽ ഇരിക്കുന്നു

spasm, ഞരമ്പുവലി ~arambuvali *(nn,comp),* വല്യമ്മയ്ക്ക് ഞരമ്പുവലി ഉണ്ടായിരുന്നു

spasm, വലി vali *(nn),* അയാൾക്ക് കൈയിൽ വലിയാണ്

spasmic pain in the leg, കാൽകഴക്ക് kaalkuZakkə *(comp vb),* കുട്ടിക്ക് കാൽകഴയ്ക്കുന്നു

speak, ഉരയ്ക്ക് uraykkə *(vi),* എന്താണ് നിങ്ങൾ ഉരയ്ക്കുന്നത്

speak, ഉരിയാട് uriyaaTə *(vt),* അവൻ ഒന്നും ഉരിയാടിയില്ല

speak, കൂറ് kuuRə *(vi),* അവൾ യാതൊന്നും കൂറിയില്ല

speak, പ്രസംഗിക്ക് pRasaMgikkə *(vb),* നേതാവ് പ്രസംഗിക്കുന്നു

speak, വചിക്ക് vacikkə *(nn),* അയാൾ അവളോട് വചിച്ചു

speak, സംസാരിക്ക് saMsaarikkə *(vi),* അവൾ എപ്പോഴും സംസാരിക്കുന്നു

speak ill of, ദൂഷ്യംപറയ് du$yaMpaRayə *(comp vb),* അവനെപ്പറ്റി അയാൾ ദൂഷ്യം പറഞ്ഞു

speaker, പ്രാസംഗികൻ pRaasaMgikan *(nn),* പ്രാസംഗികൻ കുറെ നേരം പ്രസംഗിച്ചു

special, പ്രത്യേകം pRatyeekaM *(adj),* പ്രത്യേകം സീറ്റുകളിൽ അവർ ഇരുന്നു

species of bamboo reed, ഞാങ്ങനെ ~aaṇṇane *(nn),*

ഞാങ്ങനെ കൊണ്ട് ഒരു തോട്ടിയുണ്ടാക്കി

species of cassia whose flowers are considered an auspicious sight, കണിക്കൊന്ന kaNikkonna *(nn,comp),* കണിക്കൊന്നയിൽ പൂക്കൾ വിടർന്നു

species of long gourd, ചുരയ്ക്ക curaykka *(nn),* അമ്മ ഒരു ചുരയ്ക്ക പറിച്ചു

species of paddy, ഞവര ~avara *(nn),* ഞവര ഒരു തരം അരിയാണ്

species of plantain, കണ്ണൻ പഴം *(nn,comp),* കണ്ണൻ പഴവും കദളിപ്പഴവും തിന്നു

species of plantain, കദളി kadaLi *(nn),* കദളിയിൽ കായ് പഴുത്തു

species of sheep yielding wool, ചെമ്മരിയാട് cemmariyaaTə *(nn),* ചെമ്മരിയാടിന്റെ രോമം കമ്പിളി തുണിക്കുപയോഗിക്കുന്നു

specked seed, കുന്നിക്കുരു kunnikkuru *(nn,comp),* കുന്നിക്കുരു കൊണ്ട് കുട്ടികൾ കളിക്കുന്നു

spectacle, മൂക്കുകണ്ണാടി muukkukaNNaaTi *(nn,comp),* അയാൾ മൂക്കുകണ്ണാടി അണിഞ്ഞു

spectacles, കണ്ണട kaNNaTa *(nn),* അയാൾ കണ്ണട ഊരിവച്ചു

spectacles, കണ്ണാടി kaNNaaTi *(nn),* മുഖത്തിനു ചേരുന്നതായിരിക്കണം കണ്ണാടി

spectactor, പ്രേക്ഷകൻ pReek$akan *(nn),* പ്രേക്ഷകൻ ഒന്നും മനസ്സിലാകാതെ ഇരുന്നു

spectator, കാണി kaaNi *(nn),* പരിപാടി കഴിഞ്ഞ് കാണികൾ മടങ്ങി

spectator, ദ്രഷ്ടാവ് dRa$Taavə *(nn),* ആ സംഭവത്തിന് ദ്രഷ്ടാവായി ആരും ഉണ്ടായിരുന്നില്ല

speculation, ഊഹാപോഹം uuhaapoohaM *(nn,comp),* അയാൾ ഊഹാപോഹങ്ങൾ വിശ്വസിച്ചു

speech, ഉര ura *(nn),* രാജാവ് അപ്രകാരം ഉര ചെയ്തു

speech, പ്രസംഗം pRasaMgaM *(nn),* അയാൾ നന്നായി പ്രസംഗം നടത്തി

speech, വചസ്സ് vacassə *(nn),* ആ വചസ്സ് അയാൾ കേട്ടു

speech, വാക്ക് vaakkə *(nn),* അയാൾ വാക്കു തെറ്റിച്ചില്ല

speech, സംസാരം saMsaaraM *(nn),* അയാളുടെ സംസാരം എനിക്കു പിടിച്ചില്ല

speed, വേഗത veegata *(nn),* നല്ല വേഗതയിലായിരുന്നു കാറോടിച്ചിരുന്നത്

spend, ചെലവഴിക്ക് celavaZikkə *(vt),* പണം ചെലവഴിക്കാനുള്ളതാണ്

spend the night, രാത്രികഴിച്ചുകൂട്ട് raatRikaZiccukuuTTə *(vt),* ഇന്നലെ കൊതുകുകൾക്കിടയിൽ ഞാൻ ഒരു രാത്രി കഴിച്ചുകൂട്ടി

spend thrift, ദുർവ്യയക്കാരൻ duRvyayakkaaran *(nn,comp),* അവൻ ഒരു ദുർവ്യയക്കാരനാണ്

spend thrift, ധാരാളി daaraaLi *(nn),* അവൻ ഒരു ധാരാളി ആയിരുന്നു

sperate shaft from grain, തെള്ള് teLLə *(vt),* അമ്മ അരി തെള്ളി

spices, മസാല masaala *(nn),* മസാലകൾ കൊണ്ടുള്ള ഒരു കറി എനിയ്ക്കുണ്ടാക്കണം.

spider, ചിലന്തി cilanti *(nn),* ചിലന്തിവല കെട്ടുന്നു

spider's web, ചിലന്തി വല *(nn,comp),* ചിലന്തി വലയിൽ ഒരു പ്രാണി വന്നു വീണു

spider's web, മാറാല maaRaala *(nn),* മാറാല പിടിച്ച മേൽക്കൂര പൊളിഞ്ഞു

spill, തൂക് tuukə *(vi),* രാധ മുറ്റത്ത് വെള്ളം തൂകി

spill, തെറിക്ക് teRikkə *(vi),* പാത്രം തറയിൽ വീണപ്പോൾ പാത്രത്തിൽ നിന്ന് വെള്ളം തെറിച്ചു

spilling, തൂകൽ tukal *(nn),* അമ്മ വെള്ളം തൂകൽ ചെയ്തത് നന്നായിരുന്നു

spin, നൂൽക്ക് nuulkkə *(vt),* നെയ്ത്തുകാരൻ നൂൽ നൂൽക്കുന്നു

spinning wheel, ചർക്ക carkka *(nn),* ഗാന്ധിജി ചർക്കയിൽ നൂൽനൂൽക്കുന്നു

spinning wheel, റാട്ട് RaaTTə *(nn),* റാട്ടിൽ നൂല് നൂറ്റു

spiritual instruction (spiritual advice), ജ്ഞാനോപദേശം j~aanoopadeeSaM *(nn,comp),* ഗുരു ശിഷ്യന് ജ്ഞാനോപദേശം നല്കി

spiritual knowledge, ആത്മദർശനം aatmadaRSanaM *(nn),* ആത്മദർശനത്തിന്റെ അഭാവമായിരുന്നു അയാളിൽ കണ്ടത്

spiritual knowledge, ആത്മബോധം aatmaboodhaM *(nn),* ആത്മബോധം അവശ്യം ഉണ്ടായിരിക്കണം

spiritual way, ജ്ഞാനമാർഗ്ഗം j~aanamaaRggaM *(nn,comp),* ശങ്കരൻ ജ്ഞാനമാർഗ്ഗത്തിലൂടെ സഞ്ചരിച്ചു

spiritual wisdom, ജ്ഞാനബോധം j~aanaboodhaM *(nn,comp),* മഹർഷിക്ക് ജ്ഞാനബോധമുണ്ടായിരുന്നു

spit, തുപ്പ് tuppə *(vi),* ഇവിടെ തുപ്പരുത്

spittoon, കോളാമ്പി koolaambi *(nn),* അയാൾ ചുമച്ചിട്ട് കോളാമ്പിയിൽ തുപ്പി

splash, തെറിപ്പിക്ക് teRippikkə *(vt),* കുട്ടി കല്ലു തെറിപ്പിക്കുന്നു

splendour, ദ്യുതി dyuti *(nn),* അവിടെ എന്തൊരു ദ്യുതിയാണ്

split, ഭിന്ന bhinna *(adj),* സ്വാതന്ത്ര്യം കിട്ടിയപ്പോൾ ഇന്ത്യയും പാക്കിസ്ഥാനും ഭിന്ന രാജ്യങ്ങളായി

split, ഭിന്നിക്ക് bhinnikkə *(vi),* അയാൾ അവിടെ നിന്ന് ഭിന്നിച്ചു

split, ഭേദിക്ക് bheedikkə *(vt),* അയാൾ ആ വില്ലു ഭേദിച്ചു

spoil, ദുഷിപ്പിക്ക് du$ippikkə *(vt),* അയാൾ മറ്റുള്ളവരെ കൂടി ദുഷിപ്പിക്കുന്നു

spoilt, കെട്ട keTTa *(adj),* അയാൾ ഒരു കെട്ട മുട്ടയെടുത്ത് എറിഞ്ഞു

spoken language, വാമൊഴി vaamoZi *(nn),* അയാൾ വാമൊഴിയിൽ പറഞ്ഞു

spontaneously, സ്വാഭാവികമായ svaabhaavikmaaya *(adj),* വികാരങ്ങളുടെ സ്വാഭാവികമായ കവിഞ്ഞൊഴുക്കാണ് കവിത

spoon, കരണ്ടി karaNTi *(nn),* ഒരു കരണ്ടി നിറയെ പഞ്ചസാര തിന്നു

spot, ചുട്ടി cuTTi *(nn),* രാധയുടെ മുഖത്ത് ഒരു ചുട്ടിയുണ്ട്

sprain, ഉളുക്ക് uLukkə *(nn),* കുട്ടിയുടെ കാലിന് ഉളുക്കുണ്ട്

spread, പടർ paTarə *(vi),* രോഗം നാടുമുഴുവൻ പടർന്നു

spread, പരക്ക് parakkə *(vi),* ആ വാർത്ത എല്ലായിടത്തും പെട്ടെന്നു തന്നെ പരന്നു

spread, പ്രചരിപ്പിക്ക് pRacarippikkə *(vt),* ആ വാർത്ത നാടുമുഴുവൻ പ്രചരിപ്പിച്ചു

spread, വ്യാപിക്ക് vyaapikkə *(nn),* പുക വീടു നിറയെ വ്യാപിച്ചു

spread grain on a mat uniformally, ചിക്ക് cikkə *(vt),* അമ്മ നെല്ല് ചിക്കുന്നു.

spread (physical), പരക്ക് parakkə *(vi),* പ്രഭാതത്തിൽ വെളിച്ചം പരന്നു

spreading, പ്രസരണം pRasaraNaM *(nn),* ബാക്ടീരിയകളുടെ പ്രസരണം തടഞ്ഞു

spreading, പ്രസരണം pRasaaraNaM *(nn),* പ്രസരണത്തിനിടയിൽ തടസ്സം നേരിട്ടു

spring, ഉറവ uRava *(nn),* ഉറവയിലൂടെ വെള്ളം വരുന്നു

spring, വസന്തം vasantaM *(nn),* വസന്ത കാലത്ത് പൂക്കളെല്ലാം വിടരുന്നു

sprinkle cow dung water, ചാണകംതളിക്ക്

caaNakaMtaLikkə *(vt)*, അമ്മ മുറ്റത്തു ചാണകം തളിക്കുന്നു

sprinkle water, തളിക്ക് taLikkə *(vt)*, ആന തുമ്പിക്കൈയ്യിൽ വെള്ളമെടുത്ത് തളിച്ചു

sprinkling of water, തളി taLi *(nn)*, ആനയുടെ വെള്ളം തളി കുട്ടികൾ നോക്കി നിന്നു

sprout, കിളിർക്ക് kiLiRkkə *(vi)*, ചെടിയിൽ മൊട്ടും കിളുർത്തു

sprout, കുരുക്ക് kurukkə *(vi)*, മരത്തിൽ ഇലകൾ കുരുത്തു

sprout, കുരുത്ത് kuruttə *(nn)*, ഇലയുടെ കുരുത്ത് അവൻ ഒടിച്ചെടുത്തു

sprout, കുരുത്തുവര് kuruttuvarə *(vi)*, അവൻ വിതച്ച വിത്തുകളെല്ലാം കുരുത്തുവരുന്നു

sprout, തളിർക്ക് taLiRkkə *(vi)*, മഴക്കാലത്ത് പറമ്പിൽ പുല്ലു തളിർക്കുന്നു

sprout, തുമ്പ് tuumbə *(nn)*, കുട്ടി ഒരു തുമ്പ് ഒടിച്ചെടുത്തു
very keen intelligence, കുശാഗ്രബുദ്ധി kuSaagRabuddhi *(nn),* അയാൾ ഒരു കുശാഗ്രബുദ്ധിയുള്ളവനായിരുന്നു

very little, കുറച്ച് kuRacc*ə* *(adj),* എനിക്ക് കുറച്ച് പഞ്ചസാര വേണം

very much closely, ഗാഢം gaaDhaM *(adv),* ഗാഢഗാഢം അവൾ അവനെ സ്നേഹിച്ചു

very old person, പടുകിഴവൻ paTukiZavan *(nn,comp),* പടുകിഴവൻ ആയ ഒരു ബ്രാഹ്മണൻ അതുവഴി പോയി

very quickly, അതിവേഗം ativeegaM *(adv),* അതിവേഗം അപകടം വരുത്തിവയ്ക്കും

very recently, ഇയ്യിടെ iyyiTe *(adv),* ഇയ്യിടെ അയാളെ ഇവിടെ കാണാറില്ല

very small particle, തരിപ്പണം tarippaNaM *(nn),* പ്രതിമ നിലത്തു വീണ് തരിപ്പണമായി

very small tooth, കുച്ചരിപ്പല്ല് kuccarippall*ə* *(nn,comp),* കുഞ്ഞിന്റെ കുച്ചരിപ്പല്ലുകൾ മനോഹരമാണ്

very strong, പ്രബല pRabala *(adj),* പ്രബലശക്തികൾ തമ്മിലുള്ള ഏറ്റുമുട്ടൽ

very thick iron tube into which gun powder is packed for explosion, കതിന katina *(nn),* അവൻ കതിനയ്ക്കു തീ കൊടുത്തു

very wealthy man, ധനാഢ്യൻ dhanaaDhyan *(nn),* ധനാഢ്യനായ ഒരു മനുഷ്യൻ

verymuch, തുലോം tuloo *(adj),* തുലോം നിസ്സാരമായ കാര്യമായിരുന്നു അത്

vessel, പാത്രം paatRaM *(nn),* ഒരു ചെറിയ പാത്രം കൊണ്ടു വരൂ

vessel of tin, തകരപ്പാത്രം takarappaatRaM *(nn,comp),* തകരപ്പാത്രം നിലത്തുവീണു ചുളുങ്ങി

vessel with broad mouth made of bronze or copper, ചരുവം caruvaM *(nn),* അമ്മ ഒരു ചരുവത്തിൽ വെള്ളം ചൂടാക്കി

vested interest, സ്ഥാപിതതാൽപര്യം sthaapittalpaRyaM *(nn,comp),* അവരുടെ സ്ഥാപിതതാൽപര്യങ്ങൾ സംരക്ഷിക്കപ്പെട്ടില്ല

vex, അലട്ട് alaTT*ə* *(vi),* കാണാതെ പോയ കുട്ടിയെക്കുറിച്ചുള്ള വിചാരം അയാളെ അലട്ടിക്കൊണ്ടിരുന്നു

vexation, തൊല്ല tolla *(nn),* അയാൾ വലിയ തൊല്ലയാണ്

vibration, സ്പന്ദനം spandanaM *(nn),* ഡോക്ടർ ഹൃദയത്തിന്റെ സ്പന്ദനം പരിശോധിച്ചു

vicar, വികാരി vikaari *(nn),* അദ്ദേഹം പള്ളിയുടെ വികാരിയാണ്

vicious deed, ദുഷ്കർമ്മം du$kaRmmaM *(nn),* അയാൾ പല ദുഷ്കർമ്മങ്ങളും ചെയ്തു

victim, ഇര ira *(nn),* മാൻ പുലിയുടെ ഇരയായി തീർന്നു

victor, ജൈത്രൻ jaitRan *(nn),* അലക്സാണ്ടർ ഒരു ജൈത്രനായിരുന്നു

victor, വിജേതാവ് vijeetaav*ə* *(nn),* അയാൾ വിജേതാവാണ്

victory, ജയം jayaM *(nn),* ഒടുവിൽ ജയം ആർക്കുമില്ല

victory, ജിതം jitaM *(nn),* ലൌകികകാര്യങ്ങളിൽ നിന്നും ജിതനായവനാണ് യഥാർത്ഥ സന്യാസി

victory, വിജയം vijayaM *(nn),* അയാൾ വിജയം നേടി

victory and defeat, ജയാപജയം jayaapajayaM *(nn,comp),* ജയാപജയങ്ങൾ മത്സരത്തിൽ സാധാരണമാണ്

victuals food, കൊറ്റ് koRR*ə* *(nn),* കോഴി കൊറ്റ് കൊത്തി തിന്നുന്നു.

view, ദൃഷ്ടം dR$TaM *(nn),* ആ വാഹനം ദൃഷ്ടമായി

viewer, കാഴ്ചക്കാരൻ kaaZ*ə*ccakkaran *(nn),* കാഴ്ചക്കാരൻ കാഴ്ചകൾ കണ്ടുനിന്നു

viewing, നോട്ടം nooTTaM *(nn),* അവന്റെ നോട്ടം കണ്ടാൽ അറപ്പുതോന്നും

vigilance, ജാഗരൂകത jagaruukata *(nn),* രമേശിന്റെ ജാഗരൂകതകൊണ്ട് അപകടം സംഭവിച്ചില്ല

vigilant, ജാഗരൂക jaagaruuka *(adj),* ജാഗരൂകമായ മനസ്സുണ്ടായിരുന്നു പ്രദീപിന്

vigilant, ജാഗ്രത്ത് jaagRattə *(adj),* ജാഗ്രത്തായ മനസ്സുമായി അവൾ ഇരുന്നു

vigorous, ഊർജ്ജിത uuRjjita *(adj),* ഊർജ്ജിത ഗ്രാമ വികസന പരിപാടി മന്ത്രി ഉൽഘാടനം ചെയ്തു

vigour, ഊർജ്ജസ്വലം uuRjvasvalaM *(nn),* അയാളുടെ പ്രവൃത്തി വളരെ ഊർജ്ജസ്വലമായിരുന്നു

vigour, ചൈതന്യം caitanyaM *(nn),* ചൈതന്യമുള്ള ശില്പമായിരുന്നു അത്

vigour, ചൊടി coTi *(nn),* രവി നല്ല ചൊടിയുള്ളവനാണ്

village, ഗ്രാമം gRaamaM *(nn),* ഞാൻ എന്റെ ഗ്രാമത്തിൽ പോയി

village assembly, നാട്ടുകൂട്ടം naaTTukuuTTaM *(nn,comp),* നാട്ടുകൂട്ടം ചേർന്ന് ഒരു തീരുമാനമെടുത്തു

vine, ലത lata *(nn),* അവൾ ഒരു ലത പറിച്ചെടുത്തു

vine, വല്ലി valli *(nn),* ഒരു വല്ലിയിൽ പിടിച്ച് അവൾ നിന്നു

vine, വള്ളിക്കൊടി vaLLikkoTi *(nn),* വള്ളിക്കൊടി മരത്തിന്റെ തടിയിൽ ചുറ്റിവളരുന്നു

violence, അക്രമം akRamaM *(nn),* അക്രമം അവസാനിപ്പിക്കാൻ നേതാവ് ആവശ്യപ്പെട്ടു

violence, ഹിംസ hiMsa *(nn),* ഹിംസ അരുത് ബുദ്ധൻ പറഞ്ഞു

violent, അക്രമപരമായ akRamaparamaaya *(adj),* അവൻ എപ്പോഴും അക്രമപരമായ സ്വഭാവം പ്രകടിപ്പിക്കുന്നു.

violent laughter, അട്ടഹാസം aTTahaasaM *(nn),* അയാൾ വല്ലാതെ അട്ടഹാസം മുഴക്കുന്നു

violet, വയലറ്റ് vayalaRRə *(nn),* വയലറ്റ് നിറമുള്ള പൂക്കളായിരുന്നു ആ പൂന്തോട്ടത്തിൽ നിറയെ

viper, അണലി aNali *(nn),* അണലി വിഷമുള്ള പാമ്പാണ്

virgin, കന്യക kanyaka *(nn),* പന്ത്രണ്ടു വയസ്സുള്ള കന്യകയെ മാതാപിതാക്കൾ വിറ്റുവത്രേ

virtue, ഗുണം guNaM *(nn),* അയാളുടെ ഗുണങ്ങളെക്കുറിച്ച് മാത്രം ഓർക്കുക

virtuous act, സുകൃതം sukRtaM *(nn),* അവൾ സുകൃതം ചെയ്തവളാണ്

virtuous deeds done in another birth, ജന്മാന്തരസുകൃതം janmaantarasukRtaM *(nn,comp),* രാജൻ ജന്മാന്തരസുകൃതം ചെയ്തവനാണത്രെ

viscous, കിളുകിളുപ്പ് kiLukiLuppə *(nn),* പശയുടെ കിളുകിളുപ്പു കാരണം പലതും ഒട്ടിപ്പിടിക്കുന്നു

vishnu, നാരായണൻ naaraayaNan *(nn),* നാരായണനെ സ്തുതിക്കൂ

vishnu, ഹരി hari *(nn),* ഹരിഹരപുത്രനായ അയ്യപ്പന്റെ സന്നിധിയിൽ ധാരാളം പേർ പോകുന്നു

visible, നയനഗോചരം nayanagoocaraM *(nn,comp),* അണു നയനഗോചരമല്ല

visible, പ്രത്യക്ഷ pRatyaksa *(adj),* പ്രത്യക്ഷരൂപം കണ്ടപ്പോൾ ഭയാനകമായി തോന്നി

visible to the eye, ദൃഷ്ടിഗോചരം dR$TigoocaraM *(nn),* ആ വിമാനം ദൃഷ്ടിഗോചരമായിരുന്നില്ല

visit, ദർശിക്ക് daRSikkə *(vt),* രാജാവ് പുതിയ ക്ഷേത്രം ദർശിച്ചു

visit, സന്ദർശനം sandaRSanaM *(nn),* പ്രസിഡണ്ടിന്റെ സന്ദർശനം വരുന്ന ദിവസങ്ങളിൽ ഉണ്ടാകും

visit, സന്ദർശിക്ക് sandaRSikkə *(vt),* വിനോദസഞ്ചാരികൾ കേരളം സന്ദർശിക്കുന്നു

vital energy, ഓജസ്സ് oojassə *(nn),* അയാൾക്ക് ജോലിചെയ്യാനുള്ള ശക്തിയും ഓജസ്സും നഷ്ടപ്പെട്ടു

vital points of the body, മർമ്മം maRmmaM *(nn),* മർമ്മം അറിഞ്ഞ് പ്രയോഗിക്കുന്നവൻ മർമ്മാണി

vitality, പ്രസരിപ്പ് pRasarippə *(nn),* അവന് നല്ല പ്രസരിപ്പുണ്ടായിരുന്നു

vitamin, ജീവകം jiivakaM *(nn),* ആഹാരത്തിൽ ജീവകങ്ങളുടെ അളവ് കൂട്ടണം

vocal music, വായ്പാട്ട് vaaypaaTTə *(nn),* ചെന്പൈ വായ്പാട്ടു പാടി

voice, കണ്ഠനാദം kNThanaadaM *(nn,comp),* അവളുടെ കണ്ഠനാദം കർണ്ണാനന്ദകരമാണ്

voice get choked, തൊണ്ടയിടറ് toNTaiTaRə *(vi),* ദുഃഖംകൊണ്ട് അവന്റെ തൊണ്ടയിടറി

volume, ഉള്ളടക്കം uLLaTakkaM *(nn),* ആ വസ്തുവിന്റെ ഉള്ളടക്കം എത്രയാണ്

voluntary, സന്നദ്ധ sannaddha *(adj),* സന്നദ്ധ സംഘടനകൾ ഇപ്പോൾ കുറവാണ്

voluntary charity, ധർമ്മദാനം dhaRmmadaanaM *(nn,comp),* ധർമ്മദാനങ്ങൾ പലതും അവൻ ചെയ്തു

volunteer, മുൻകൈ എടുക്ക് *(vb, comp),* എല്ലാവരും അതിനു മുൻകൈ എടുക്കണം

volunteer, സന്നദ്ധഭടൻ sannaddhabhaTan *(nn,comp),* അയാൾ ഒരു സന്നദ്ധഭടനാണ്

volunteer corps, സന്നദ്ധസൈന്യം sannaddhasainyaM *(nn,comp),* അയാൾ ഒരു സന്നദ്ധസൈന്യം രൂപീകരിച്ചു

vomit, കക്ക് kakkə *(vi),* അവൻ അവിടെ കക്കുന്നു

vomit, ഛർദ്ദിക്ക് chaRddikkə *(vi),* രവി ഇന്നലെ മുതൽ ഛർദ്ദിക്കുന്നു

vomit, വമിക്ക് vamikkə *(vt),* വാഹനങ്ങളിൽ നിന്നു പുക വമിക്കുന്നു

vomiting, കക്കൽ kakkal *(nn),* അയാളുടെ കക്കൽ കണ്ട് എനിക്കു വെറുപ്പു തോന്നി

vomiting, ഛർദ്ദി chaRddi *(nn),* കുട്ടിക്ക് ഛർദ്ദിയും വയറ്റിളക്കവും ആയിരുന്നു

vomiting sensation, ഓക്കാനം ookkaanaM *(nn),* അവൾക്ക് ആ വസ്തുകണ്ട് ഓക്കാനം വന്നു

vow, നേർച്ച neeRcca *(nn),* അവൾ ക്ഷേത്രത്തിൽ നേർച്ച നടത്തി

vulgar, അസഭ്യമായ asabhyamaaya *(adj),* വളരെ അസഭ്യമായ വാക്കുകൾ എന്നോടു പറഞ്ഞു.

vulgar laughter, ഇളി iLi *(nn),* അവന്റെ ഇളി കാണേണ്ടതു തന്നെ

vulgarity, ആഭാസം aabhaasaM *(nn),* അയാൾ കുറെ ആഭാസങ്ങൾ കാണിച്ചു

vulture, കഴുകൻ kaZukan *(nn),* കഴുകൻ ആകാശത്തു കൂടി വട്ടമിട്ടു പറക്കുന്നു

wage, പണിക്കൂലി paNikkuuli *(nn,comp),* അയാൾ പണിക്കാർക്ക് പണിക്കൂലി കൊടുത്തു

wages for ironing clothes, തേപ്പുകൂലി teeppukuuli *(nn,comp),* തേപ്പുകൂലി ഇപ്പോൾ കൂടുതലാണ്

wages of a daily labourer, കൂലി kuuli *(nn),* തൊഴിലാളികൾക്ക് കൂലി വർദ്ധിപ്പിച്ചു

wagging, കുണുക്കം kuNukkaM *(nn),* മീനിന്റെ കുണുക്കം കാണാൻ നല്ല രസമായിരുന്നു

wail, വാവിട്ടുകരയ് vaviTTukaryə *(comp vb),* കുട്ടിവല്ലാതെ വാവിട്ടു കരയുന്നു

waist, അരക്കെട്ട് arakkeTTə *(nn),* അരക്കെട്ട് കുലുക്കി നൃത്തമാടി

waist, നടു naTu *(nn),* അവൾ നടുവേദനയ്ക്ക് തൈലം പുരട്ടി

waistlet, അരഞ്ഞാണം ara~~aaNaM *(nn),* കുട്ടിക്ക് അരഞ്ഞാണം വാങ്ങിച്ചു

wait for, കാത്തിരിക്ക് kaattirikkə *(vt),* അവൻ ആരെയോ കാത്തിരിക്കുന്നു

wait for some body, പ്രതീക്ഷിക്ക് pRatiik$ikke *(vt),* ബസ്സിൽ വരുമെന്ന് അവർ പ്രതീക്ഷിച്ചു നിന്നു

wake up, ഉണർ uNarə *(vi),* അന്ന് വളരെ താമസിച്ചാണ് ഞാൻ ഉണർന്നത്

wake up, ഉണർത്ത് uNaRttə *(vt),* പാട്ടുകാർ എല്ലാവരേയും ഉണർത്തി

wake up from illness, തുയിൽ ഉണർത്ത് *(vt),* രാജാവിനെ തുയിൽ ഉണർത്തി

wake up from sleep, തുയിലുണർ tuyiluNarə *(comp vb),* രാജാവ് തുയിലുണരുന്നു

walk, നടത്ത naTatta *(nn),* അയാളുടെ നടത്തം കണ്ടാലറിയാം

walk, പോക്ക് pookkə *(nn),* അവന്റെ പോക്കു നോക്കി ഞാൻ നിന്നു

walk about, നടമാട് naTamaaTə *(comp vb),* ജനങ്ങൾ നടമാടുന്ന തെരുവാണിത്

walk about leisurely, ഉലാത്ത് ulaattə *(vi),* രാജാവ് മട്ടുപ്പാവിൽ ഉലാത്തുന്നു

walk on tip toe, കുന്തിക്ക് kuntikkə *(comp vb),* അവൾ കുന്തിച്ചു നടന്നു

walk proudly, നിവർന്ന് നടക്ക് *(vi),* അയാൾ എപ്പോഴും നിവർന്നു നടക്കുന്നു

walk with faltering steps, തത്ത് taTTə *(vi),* കുഞ്ഞുങ്ങൾ തത്തി തത്തിനടക്കുന്നു

walk with faltering steps, പിച്ചനടക്ക് piccanaTakkə *(comp n),* കുട്ടി പിച്ച നടക്കുന്നു

walk with faltering steps, വേച്ചുവേച്ച്നടക്ക് veecuveecunaTakkə *(comp vb),* അയാൾ വേച്ചുവേച്ചു നടക്കുന്നു

walking, നട naTa *(nn),* അവളുടെ നട ഭംഗിയുള്ളതായിരുന്നു

walking, നടത്തം naTattaM *(nn),* കുട്ടി നടത്തം പഠിക്കുന്നു

walking, നടപ്പ് naTappə *(nn),* അയാളുടെ നടപ്പ് ഭംഗിയുള്ളതാണ്

walking to and fro leisurely, ലാത്ത് laattə *(nn),* അയാൾ അവിടെ ലാത്തുന്നു

wall, ചുമർ cumarə *(nn),* ചുമരിൽ ഒരു പല്ലിയിരിക്കുന്നു

wall, ഭിത്തി bhitti *(nn),* ഭിത്തിയിൽ ഒരു ചിത്രം ഉണ്ട്

wall leech, തേരട്ട teeraTTa *(nn),* തേരട്ട ഇഴഞ്ഞു നടക്കുന്നു

wander, അലയ് alayə *(vi),* അവൻ തെരുവീഥികളിലെല്ലാം അലയുന്നു

wander, ഉഴല് uZalə *(vi),* അവർ ജീവിക്കാൻ ഉഴലുന്നു

wander about, അലയ് alayə *(vi),* അയാൾ അവിടെയെല്ലാം അലഞ്ഞു തിരിഞ്ഞു

wander alone, ഒറ്റതിരിയ് oRRatiriyə *(vi),* അയാൾ എപ്പോഴും ഒറ്റ തിരിഞ്ഞു നടന്നു

wander from one house to another, തിണ്ണനിരങ്ങ് tiNNaniraŋŋə *(vb, comp),* രവിക്ക് തിണ്ണനിരങ്ങുന്ന ഒരു സ്വഭാവമില്ല

wandering, അലച്ചിൽ alaccil *(nn),* അയാൾ അലച്ചിൽ തുടങ്ങിയിട്ട് കുറെയായി

wandering for begging, ഭിക്ഷാടനം bhik$aaTanaM *(nn),* ഭിക്ഷാടനത്തിന് അയാൾ പോയി

wandering tribe of basket making, കുറവൻ kuRavan *(nn),* കുറവനും കുറത്തിയും നൃത്തം ചെയ്യുന്നു

want, ആവശ്യം aavaSyaM *(nn),* അവന്റെ ആവശ്യങ്ങൾ ഒന്നും നടന്നില്ല

wantonly, തോന്നിയതുപോലെ toonniyatupoole *(adv),* രവി തോന്നിയതുപോലെ എഴുതി

wantonness, തോന്നിയവാസം, തോ·ാന്ന്യാസം *(nn),* അവൻ പല തോന്നിയവാസങ്ങളും കാണിച്ചു

war, പട paTa *(nn),* അവർ പട നീക്കം നടത്തി

war, പോര് poorə *(nn),* അവർ പോരിൽ പരാജയപ്പെട്ടു

war, യുദ്ധം yuddhaM *(nn),* രണ്ട് ലോകമഹായുദ്ധങ്ങളെ നാം ഇതുവരെ അഭിമുഖീകരിച്ചു

war ship, പടക്കപ്പൽ paTakkappal *(nn,comp),* പടക്കപ്പൽ ദൂരെ ചക്രവാളത്തിൽ കാണപ്പെട്ടു

warf, കടൽപ്പാലം kaTalppalaM *(nn),* ഇവിടെ അടുത്ത് ഒരു കടൽപ്പാലമുണ്ട്

warm, ഇളംചൂടാക്ക് iLaMcuuTaakkə *(vt),* അടുപ്പിൽ വെച്ച് വെള്ളം ഇളം ചൂടാക്കി.

warm, ഇളംചൂടുള്ള iLaMcuuTuLLa *(adj),* ഇളംചൂടുള്ള കാപ്പിയാണ് ഞങ്ങൾ കുടിച്ചത്

warm, കാഞ്ഞ kaa~~ *(adj),* ഈ കാഞ്ഞവെയിലിൽ പുറത്തേക്ക് പോകണമോ

warm up the water, കാച്ച് kaaccə *(vt),* കുളിക്കാൻ വെള്ളം കാച്ചി

warming, കായൽ kaayal *(nn),* തീ കായൽ അവർക്കിഷ്ടമായിരുന്നു

warning, താക്കീത് taakkiitə *(nn),* ജഡ്ജി പ്രതിയെ താക്കീതു ചെയ്തു വിട്ടു

warrant, വാറണ്ട് vaaRaNTə *(nn),* വാറണ്ടില്ലാതെ അറസ്റ്റു ചെയ്തു

warrior, പടയാളി paTayaaLi *(nn),* പടയാളി യുദ്ധം ചെയ്യുന്നു

warriors who took vow for anihilation of the enemy even at the risk of his own life, ചാവേറ് caaveeRə *(nn),* ചാവേറുപട ശത്രുവിനെ തേടി നടന്നു

wart, അരിമ്പാറ arimbaaRa *(nn,),* അയാളുടെ മുഖത്ത് ഒരു അരിമ്പാറയുണ്ട്

wart, ഉണ്ണി uNNi *(nn),* അയാളുടെ നെറ്റിയിൽ ഒരു ഉണ്ണി ഉണ്ടായിരുന്നു

wash, കഴുക് kaZukə *(vi),* ഞാൻ വസ്ത്രങ്ങളെല്ലാം കഴുകി

wash, മെഴുക് meZakə *(vt),* അവൾ പാത്രം മെഴുകി

wash, മോറ് mooRə *(vt),* അവൾ പാത്രം മോറുന്നു

wash by rubbing, തേച്ച്കഴുക് teeccəkaZukkə *(comp vb),* അമ്മ കുട്ടിയെ തേച്ചു കഴുകി

wash clothes, അലക്ക് alakkə *(vt),* അവൻ കുറെ തുണി അലക്കി

wash one's hand, കൈകഴുക് kaikaZukə *(comp vb),* ഞാൻ ഭക്ഷണം കഴിക്കാൻ വേണ്ടി കൈകഴുകി

wash the clothes, തിരുമ്മ് tirummə *(vt),* അമ്മ വസ്ത്രം തിരുമ്മി

washed cloth, മാറ്റ് maaRRə *(nn),* അവൾ മാറ്റുടുത്തു

washer man, ഡോബി Doobi *(nn),* മധു ഡോബിയുടെയടുത്ത് തുണി വാങ്ങാൻ പോയി

washer man, ദോബി doobi *(nn),* രവി ദോബിയായിരുന്നു

washer man, ധോബി dhoobi *(nn),* അയാൾ ഒരു ധോബിയാണ്

washerman, അലക്കുകാരൻ alakkukaaran *(nn),* അലക്കുകാരൻ തുണി അലക്കുന്നു

washerman, വണ്ണാൻ vaNNaan *(nn),* അയാൾ വണ്ണാനാണ്

washerman's pot, തുറക്കലം tuRakkalaM *(nn,comp),* അലക്കുകാരൻ തുറക്കലം വൃത്തിയാക്കി

washing, പ്രക്ഷാളനം pRak$aaLanaM *(nn),* അയാൾ പ്രക്ഷാളനം ചെയ്യപ്പെട്ടു

wasp, കടന്നൽ kaTannal *(nn),* അയാളെ ഒരു കടന്നൽ കുത്തി

waste, തരിശ് tariSə *(adj),* ഭൂമി തരിശിടരുത്

waste, പാഴാക്ക് paaZaakkə *(vt),* ഒരു അവസരം പാഴാക്കാൻ അയാൾക്കു മനസ്സുവന്നില്ല

waste land, തരിശുനിലം tariSunilaM *(nn,comp),* തരിശു നിലങ്ങൾ മനുഷ്യൻ കൃഷിഭൂമിയാക്കി മാറ്റുന്നു

waste time, പൊഴുതുപോക്ക് pozutupookkə *(vt),* അവൻ പൊഴുതു പോക്കാൻ സിറ്റിയിൽ ചുറ്റിത്തിരിഞ്ഞു

watch, കാവൽ kaaval *(nn),* പോലീസുകാരൻ ജഡത്തിനു കാവൽ നിന്നു

watch, വാച്ച് vaaccə *(nn),* രമ വാച്ചു കെട്ടി

watch over, കാക്ക് kaakkə *(vt),* പോലീസുകാരൻ ജഡം കാക്കുന്നു

watchfulness, ജാഗ്രത jaagRata *(nn),* പോലീസ് പാർട്ടി നിതാന്ത ജാഗ്രത പുലർത്തി

water, ജലം jalaM *(nn),* ജലം വളരെ പ്രധാനപ്പെട്ടതാണ്

water, തണ്ണി taNNi *(nn),* തണ്ണി എന്ന വാക്ക് വെള്ളത്തിനു തുല്യമായി ഭാഷയിൽ ഉപയോഗിക്കുന്നില്ല

water, തണ്ണീർ taNNiiR *(nn),* ദാഹിക്കുന്നു, കുളിർ തണ്ണീർ തരൂ

water, നീർ niiR *(nn),* പൂജാരി നീര് തളിച്ചു പൂജ തുടങ്ങി

water, വെള്ളം veLLaM *(nn),* മനുഷ്യന് അത്യാവശ്യമായ ഒരു വസ്തുവാണ് വെള്ളം

water animal, ജലജീവി jalajiivi *(nn,comp),* ജലജീവിയാണ് മത്സ്യം

water bowl, കൂജ kuuja *(nn),* അവൻ കൂജയിൽ വെള്ളം നിറച്ചു

water buble, നീർ പ്പോള *(nn,comp),* നീർപ്പോളയ്ക്കു തുല്യമായ മനുഷ്യജീവിതം അവൻ നയിച്ചു

water channel, നീർച്ചാൽ niiRccaal *(nn,comp),* നീർച്ചാലിലൂടെ വെള്ളം പുറത്തേക്കു ഒഴുകി

water content of gruel, കഞ്ഞിവെള്ളം ka~~iveLLaM *(nn,comp),* അയാൾ കുറേ കഞ്ഞിവെള്ളം കുടിച്ചു

water course, ജലധാര jaladhaara *(nn,comp),* ഇവിടെ ജലധാരയുണ്ട്

water demon, ജലപിശാച് jalapiSaacə *(nn,comp),* ജലപിശാച് ജലത്തിൽ നിന്ന് പ്രത്യക്ഷപ്പെട്ടു

water fowl, കുളക്കോഴി kuLakkooZi *(nn),* കുളക്കോഴി മുട്ടയിട്ടു

water from the mountains, മലവെള്ളം malaveLLaM *(nn,comp),* മലവെള്ളത്തിൽ എല്ലാം ഒഴുകിപ്പോയി

water gourd, ചുരയ്ക്ക curayəkka *(nn),* ചുരയ്ക്ക അമ്മ പറിച്ചുകൊണ്ടുവന്നു

water in which rice has been washed, കാടി kaaTi *(nn),* അമ്മ കാടി പശുവിനു കൊടുത്തു

water level, ജലവിതാനം jalavitaanaM *(nn,comp),* ജലവിതാനം ഇനിയും ഉയരാൻ ഇടയുണ്ടെന്ന് അറിയിപ്പു വന്നു

water lily, ആമ്പൽ aambal *(nn),* കുളത്തിൽ ആമ്പൽ വിരിഞ്ഞു

water lily, കുമുദം kumudaM *(nn),* അവൾ ഒരു കുമുദം പറിച്ചു

water melon, തണ്ണിമത്തൻ taNNimattan *(nn),* രവി തണ്ണിമത്തൻ തിന്നു

water nymph, ജലദേവത jaladeevata *(nn,comp),* ജലദേവത മാതാവിനോട് വരം ചോദിക്കാൻ ആവശ്യപ്പെട്ടു

water pot, കലശം kalaSaM *(nn),* ചിതാഭസ്മം ഒരു കലശത്തിൽ എടുത്തു കൊണ്ടുവന്നു

water spring, ഊറ്റ് uuRRə *(nn),* വെള്ളത്തിന്റെ അടിയിൽ ഊറ്റു കാണപ്പെട്ടു

water spring, നീരുറവ niiruRava *(nn),* നീരുറവയിൽ നിന്ന് അൽപ്പം വെള്ളം കുടിച്ചു

waterfall, വെള്ളച്ചാട്ടം veLLaccaTTaM *(nn),* ഇത് പ്രകൃതിദത്തമായ വെള്ളച്ചാട്ടമാണ്

wave, തരംഗം taraMgaM *(nn),* ശബ്ദം തരംഗത്തിന്റെ രൂപത്തിൽ സഞ്ചരിക്കുന്നു

wave, തിര tira *(nn),* കടലിലെ തിര വന്ന് വള്ളം മുക്കിക്കളഞ്ഞു

waver, മടിക്ക് maTikkə *(vi),* അവൾ പുറത്തേക്കു വരാൻ മടിച്ചു

wax, മെഴുക് meZukə *(nn),* ആശാരി മെഴുകുരച്ച് പോളിഷ് ചെയ്തു

way, കുണുങ്ങ് kuNuṇṇə *(vi),* അവൾ കുണുങ്ങി കുണുങ്ങി നടന്നു

way of morality, ധർമ്മപഥം dhaRmmapathaM *(nn,comp),* ധർമ്മപഥത്തിലൂടെ അവർ സഞ്ചരിച്ചു

way through the water, ജലമാർഗ്ഗം jalamaaRggaM *(nn,comp),* ഇവിടെ നിന്ന് ജലമാർഗ്ഗത്തിലൂടെ കൊല്ലത്തു ചെല്ലാം

we, നമ്മൾ nammaL *(pron (incl)),* നമ്മൾ എങ്ങോട്ടു പോകും

we, നമ്മൾ nammaL *(pron (incl)),* ഇന്നു നമ്മൾ തിരുവനന്തപുരത്തെത്തും

we, ഞങ്ങൾ ~aṇṇaL *(pron),* ഞങ്ങൾ പുറത്തേക്കു പോകട്ടെ, നിങ്ങൾ ഇവിടെ ഇരിക്കൂ

we, നാം naM *(pron (incl))*, നാം വെറും മനുഷ്യർ

weak, തളർന്ന taLaRnna *(adj)*, തളർന്ന മനുഷ്യൻ മരച്ചുവട്ടിൽ ഇരുന്നു

weak, ദുർബ്ബല duRbbala *(adj)*, ദുർബ്ബലമായ ഹൃദയമാണ് അയാളുടേത്

weak, ബലക്ഷയം balak$ayaM *(comp nn)*, ബലക്ഷയം നേരിട്ടുകൊണ്ട് അയാൾ ആ കസേര നീക്കം ചെയ്തു

weak man, ദുർബ്ബലൻ duRbbalan *(nn,comp)*, അവൻ ദുർബ്ബലനാണ്

weak minded person, ദുർബ്ബലമനസ്ക്കൻ duRbbalamanaskkan *(nn,comp)*, അവൻ ഒരു ദുർബ്ബലമനസ്ക്കനായിരുന്നു

weak person, ബലഹീനൻ balahiinan *(nn)*, അയാൾ ബലഹീനനായിരുന്നു

weaken, ക്ഷീണിപ്പിക്ക് k$iiNippikkə *(vt)*, വളരെ ക്ഷീണിപ്പിക്കുന്ന പ്രവൃത്തിയാണ് മധുവിനെക്കൊണ്ടു ചെയ്യിപ്പിച്ചത്

weaken, ദുർബ്ബലമാക്ക് duRbbalamaakkə *(vt)*, അയാൾ ആ രാജ്യത്തെ ദുർബ്ബലമാക്കി

weakness, ദുർബ്ബലത duRbalata *(nn,comp)*, അവന്റെ ദുർബ്ബലത കൊണ്ട് ഒന്നും ശരിപ്പെട്ടില്ല

weakness, ദൌർബല്യം dauRbalyaM *(nn)*, മനുഷ്യന് പല ദൌർബല്യങ്ങൾ ഉണ്ട്

weakness, ബലഹീനത balahiinata *(nn)*, അയാളുടെ ബലഹീനതകൾ പലരും മുതലെടുത്തു

wealth, ധനം dhanaM *(nn)*, മനുഷ്യന് ധനത്തിനോട് അമിതാവേശമാണ്

wealth, മുതൽ mutal *(nn)*, സമ്പന്ന രാജ്യങ്ങൾ മുതലിനു പകരം സ്വർണ്ണ നാണയങ്ങൾ സ്വരൂപിക്കുന്നു

wealth, വിത്തം vittaM *(nn)*, വിത്തത്തിനുവേണ്ടി മനുഷ്യൻ പാടുപെടുന്നു

wear, ഇട് iTə *(vt)*, അവൻ പാന്റ് ഇട്ടു

wear, ഉടുക്ക് uTukkə *(vt)*, അവൻ ദോത്തി ഉടുക്കുന്നു

wear, ധരിക്ക് dhrikkə *(vt)*, അവൻ പല രീതിയിലുള്ള വേഷങ്ങൾ ധരിക്കുന്നു

wear a hat, തൊപ്പിവയ്ക്ക് toppivayəkkə *(vb, comp)*, അയാൾ തൊപ്പി വയ്ക്കുന്നു

wear and tear, തേമാനം teemaanaM *(nn)*, തേമാനം സംഭവിച്ച പാത്രം

wear and tear, തേവ് teevəteekə *(nn)*, പാത്രത്തിനു തേവ് ഉണ്ടായി

wear cloth tucked, തറ്റുടുക്ക് taRRuTukkə *(vt)*, ക്ഷേത്രത്തിലെ തന്ത്രി തറ്റുടുത്തു നടക്കുന്നു

wear Mundu, മുണ്ടുടുക്ക് muNTuTukkə *(vt)*, അയാൾ മുണ്ട് ഉടുക്കുന്നു

wear on the head, ചൂട് cuuTə *(nn)*, അവൾ തലയിൽ പൂ ചൂടി

wear out, തേയ് teeyə *(vi)*, പാത്രം തേയുന്നു

wear out by constant use, തേയ് teeyə *(vi)*, പാത്രം നന്നായി തേഞ്ഞു

wear out due to use (get reduced by being used), തേമ്പ് teembə *(vi)*, ഉപയോഗം കൊണ്ട് അത് തേമ്പിപ്പോയി

wear saree, സാരിഉടുക്ക് saariuTukkə *(vi)*, സീത സാരി ഉടുക്കുന്നു

wear the shoes, ഷൂസ്ഇട് $uusəiTə *(comp vb)*, അയാൾ ഷൂസ് ഇടുന്നു

wear watch, വാച്ച്കെട്ട് vaaccukeTTə *(nn,comp)*, അവൻ വാച്ചുകെട്ടുന്നു

weather, കാലാവസ്ഥ kaalaavastha *(nn)*, ഇപ്പോഴത്തെ കാലാവസ്ഥ സുഖമുള്ളതല്ല

weave, നെയ്യ് neyyə *(vi)*, നെയ്ത്തുകാരൻ തുണി നെയ്യുന്നു

weaver, നെയ്ത്തുകാരൻ neyttukaaran *(nn,comp)*, നെയ്ത്തുകാരൻ തുണി നെയ്യുന്നു

weaving, നെയ്ത്ത് neyttə *(nn)*, നെയ്ത്ത് ഒരു പ്രധാന തൊഴിലാണ്

web of a coconut, കോഞ്ഞാട്ട koo~~aaTTa *(nn)*, അയാൾ തെങ്ങിന്റെ ഒരു കോഞ്ഞാട്ട പൊട്ടിച്ചെടുത്തു

wednesday, ബുധനാഴ്ച bhudhanaaZca *(nn)*, ബുധനാഴ്ച രാവിലെ 10 മണിക്ക് പരിപാടി ആരംഭിക്കുന്നു

weed, കള kaLa *(nn)*, വയലിൽ കളകൾ നിറഞ്ഞിരുന്നു

week, ആഴ്ച aaZca *(adv)*, ഓരോ ആഴ്ചയും പെട്ടെന്ന് കടന്നുപോകുന്നു

week, വാരം vaaraM *(nn)*, അയാൾ ഒരു വാരം കഴിഞ്ഞു മടങ്ങി

weekly, വാരിക vaarika *(nn,)*, എന്റെ കവിത വാരികയിൽ പ്രസിദ്ധീകരിച്ചു

weeping, പ്രലപനം pRalapanaM *(nn)*, അവളുടെ പ്രലപനം ഉച്ചത്തിലായി

weigh, തൂക്ക് tookkə *(vt)*, കുഞ്ഞിന്റെ ഭാരം എത്രയുണ്ടെന്ന് തൂക്കിനോക്കി

weighing, തൂക്കൽ tuukkal *(nn)*, കച്ചവടക്കാരൻ വാഴക്കുലയുടെ തൂക്കൽ നടത്തി

weight, ഘനം ghanaM *(nn),* നല്ല ഘനമുള്ള ഒരു പുസ്തകമാണത്

weight, തൂക്കം tuukkaM *(nn),* രവി സാധനത്തിന്റെ തൂക്കം നോക്കി

weight, തൂക്കുകട്ട tuukkukaTTa *(nn,comp),* കടക്കാരൻ തൂക്കുകട്ട വച്ച് തൂക്കി നോക്കി

weight, തൂക്കം tuukkə *(nn),* രവി ആഭരണങ്ങളുടെ തൂക്കം നോക്കി

weight, ഭാരം bhaaraM *(nn),* ആ പുസ്തകത്തിന് നല്ല ഭാരമുണ്ട്

welcome, സ്വാഗതം svaagataM *(nn),* അയാൾ സ്വാഗതം പറഞ്ഞു

welcome ceremoniously, എതിരേല്ക്ക് etireelkkə *(vt),* മന്ത്രിയെ ജനങ്ങൾ എതിരേൽക്കുന്നു

welfare state, ക്ഷേമരാജ്യം k$eemaraajyaM *(nn,comp),* ക്ഷേമരാജ്യം ഗാന്ധിജിയുടെ സ്വപ്നമായിരുന്നു

well, കിണർ kiNaR *(nn),* അമ്മ കിണറ്റിൽ നിന്ന് വെള്ളം കോരി

well, നന്നേ nannee *(adv),* നന്നേ ചെറുപ്പത്തിൽ തന്നെ അവൻ ചിത്രം വരയ്ക്കുമായിരുന്നു

well & good, കണക്കിന് kaNakkinə *(adv),* അയാൾ കണക്കിന് മറുപടി കൊടുത്തു

well being, ഉയർച്ച uyaRcca *(nn),* അയാളുടെ ഉയർച്ച കണ്ട് എല്ലാവർക്കും അസൂയ തോന്നിയത്രെ.

well being, മംഗളം maMgaLaM *(nn),* ഞാൻ അവൾക്ക് മംഗളം നേർന്നു

well built, മുഴുപ്പ് muZuppə *(adj),* നല്ല മുഴുപ്പുള്ള ശരീരമാണ് അവന്റേത്

well known, പ്രമാദമായ pRamaadamaaya *(adj),* പ്രമാദമായ ഒരു കേസിന്റെ വിധിയാണിന്ന്

well mannered, മര്യാദ maRyaada *(nn),* മര്യാദയുള്ള പെരുമാറ്റമാണ് അവന്റേത്

well mannered man, മര്യാദക്കാരൻ maRyaadakkaaran *(nn),* അയാൾ ഒരു മര്യാദക്കാരനാണ്

west, പടിഞ്ഞാറ് paTi~~aaRə *(nn),* ഇന്ത്യയുടെ പടിഞ്ഞാറ് ഭാഗത്ത് അറബിക്കടലാണ്

west wind the mist, കോട kooTa *(nn),* ഇപ്പോൾ നല്ല കോടയുള്ള സമയമാണ്

wet, ആർദ്ര aaRdra *(adj),* ആർദ്രമായ ഹൃദയം ഉള്ള കാരണം അവനു ദു:ഖമുണ്ടായി

wet, ഈറൻ iiRan *(adj),* അവൾ ഈറൻ തുണികൾ ഉടുത്തു

wetting, നനവ് nanvə *(nn),* വിത്ത് നനവിനിട്ടു

whale, തിമിംഗലം timiMgalaM *(nn),* തിമിംഗലം കടലിൽ ഏറ്റവും വലിയ ജീവിയാണ്

what, എന്ത് entə *(int),* അവൻ നിങ്ങളോട് എന്ത് ചെയ്തു?

what, ഏവ eeva *(int),* വീട്ടിൽ വളർത്താറുള്ള മൃഗങ്ങൾ ഏവ?

what concerns the self, അദ്ധ്യാത്മ addhyaatma *(adj),* അദ്ധ്യാത്മ കാര്യങ്ങൾ അയാൾ ശ്രദ്ധിക്കാറില്ല

what is ordered by God, ദൈവകൽപിതം daivakalpitaM *(nn,comp),* ആ സംഭവം ദൈവകൽപിതമായിരുന്നു

what time is it, സമയംഎന്തായി samyaMentaayi *(in),* സമയംഎന്തായി

wheat, ഗോതമ്പ് gootambə *(nn),* ഗോതമ്പ് ഇന്ത്യയിൽ കൃഷിചെയ്യപ്പെടുന്നു

wheel, ഉരുൾ uruL *(nn),* വണ്ടിയുടെ ഉരുൾ നഷ്ടപ്പെട്ടു

wheel, ചക്രം cakRaM *(nn),* വണ്ടിയുടെ ചക്രം തിരിയുന്നില്ല

wheel of a chariot, തേർചക്രം teeRcakRaM *(nn,comp),* തേർചക്രം മണ്ണിൽ പൂണ്ടു

wheel of time, കാലചക്രം kaalacakRaM *(nn,comp),* കാലചക്രം ഉരുളുന്നു

wheezing, കുറുകുറുപ്പ് kuRukuRuppə *(nn),* ഒരു കുറുകുറുപ്പ് ശബ്ദം അവിടെ കേൾക്കാനുണ്ടായിരുന്നു

when, എപ്പോൾ eppoL *(int),* അയാൾ എപ്പോൾ വരും?

where, എങ്ങോട്ട് ejŋooTTə *(int.pron),* അയാൾ എങ്ങോട്ടു പോകുന്നു

where, എവിടെ eviTe *(int.pron),* അയാൾ എനിക്കു തന്ന പുസ്തകം എവിടെ?

which, ഏത് eetə *(int),* നിങ്ങളുടെ സ്വന്തം സ്ഥലം ഏത് ആണ്?

which all things, ഏവ eeva *(int),* ഏവയെല്ലാമാണ് അയാളുടെ പുസ്തകങ്ങൾ ?

which is called (named), എന്ന enna *(comp),* രാമൻ എന്ന കുട്ടി ചോദിച്ചു

which kind of, ഏതുതരം eetutaraM *(int),* ഏതുതരം പുസ്തകങ്ങളാണ് നിങ്ങൾ ഏറ്റവും കൂടുതൽ വായിക്കുന്നത്

which should be abandoned, ത്യജ്യ tyajya *(adj),* ത്യജ്യമായ ഒരു സംഗതിയാണ് കള്ളുകുടി

whimper, ചിണുങ്ങ് ciNuŋŋə *(vi),* കുട്ടി ചിണുങ്ങുന്നു

whip, ചമ്മട്ടി cammaTTi *(nn),* കുതിരക്കാരൻ കുതിരയെ ചമ്മട്ടി കൊണ്ടടിച്ചു

whip, ചാട്ട caaTTa *(nn),* കുതിരയെ ചാട്ടകൊണ്ട് അടിക്കുന്നു

whirl pool, ചുഴി cuZi *(nn),* പുഴയിൽ ഒരു ചുഴിയുണ്ടായിരുന്നു

whirl round, ചുഴറ്റ് cuZaRRə *(vt),* രവി താക്കോൽക്കൂട്ടം ആകാശത്തു ചുഴറ്റി

whirl wind tornado, ചുഴലിക്കാറ്റ് cuZalikkaaRRə *(nn,comp),* ചുഴലിക്കാറ്റിൽ പല നാശനഷ്ടങ്ങളും സംഭവിച്ചു

whirling, ഭ്രമണം bhRamaNaM *(nn),* ഭൂമിയ്ക്കുചുറ്റും ചന്ദ്രന്റെ ഭ്രമണം തുടർന്നു

whirlpool, ചുഴി cuZi *(nn),* അവൻ ഒരു ചുഴിയിൽ പെട്ടു

whiskers, കൃതാവ് kRtaavə *(nn),* അയാളുടെ മുഖത്ത് കൃതാവു വന്നു

whisper, കുശുകുശുക്ക് kuSukuSukkə *(vi),* എല്ലാവരും എന്തൊക്കെയോ കുശുകുശുക്കുന്നു

whisper, മന്ത്രിക്ക് mantRikkə *(vt),* അവൾ അവന്റെ ചെവിയിൽ എന്തോ മന്ത്രിച്ചു

whistle, ചൂളംവിളി cuuLaMviLe *(nn),* ചൂളം വിളികേട്ട് അയാൾ പുറത്തിറങ്ങി നോക്കി

whistle, ചൂളംവിളിക്ക് cuuLaMviLikkə *(comp vb),* രവി നന്നായി ചൂളം വിളിക്കും

white, വെളുത്ത veLutta *(adj),* കറുത്തപശു വെളുത്ത പാലു തരുന്നു

white ant, ചിതൽ cital *(nn),* എന്റെ പുസ്തകങ്ങൾ അലമാരിയിൽ ചിതൽ തിന്നുന്നു

white elephant of India, ഐരാവതം airaavataM *(nn),* ഐരാവതം ഇന്ദ്രന്റെ ആനയാണ്

white lotous, കുന്ദം kuntaM *(nn),* കുന്ദത്തിൽ മൊട്ടു വിരിഞ്ഞു

white paper, ധവളപത്രം dhavaLapatRaM *(nn),* സർക്കാർ ധവളപത്രം ഇറക്കി

whitelow, നഖച്ചുറ്റ് nakhaccuRRə *(nn,comp),* അവന് നഖച്ചുറ്റ് ഉണ്ടായിരുന്നു

whiteness, ധാവള്യം dhaavaLyaM *(nn),* അയാളുടെ മുഖത്ത് വല്ലാത്ത ധാവള്യമായിരുന്നു

who, ആര് aarə *(pron),* നിങ്ങൾ ആര് ആണ്

whoever, ആരോ aaroo *(pron),* നിങ്ങളുടെ അച്ഛൻ ആരോ അദ്ദേഹം വരട്ടെ

whole, അഖിലം akhilaM *(nn),* അഖിലവും ഈശ്വര സൃഷ്ടിയാണത്രേ

whole, എല്ലാം ellaaM *(qua),* എല്ലാം ഞാൻ മറന്നുപോയി

whole, ഒക്കെ okke *(adj),* ഞാൻ ജോലികൾ ഒക്കെ തീർത്തു

whole, സമസ്തം samastaM *(nn),* ലോകാ സമസ്താ സുഖിനോ ഭവന്തു

whole, സർവ്വ saRvva *(adj),* സർവ്വാഭരണങ്ങളും അവൾ അണിഞ്ഞു

whole, സർവ്വസ്വം saRvvasvaM *(nn),* അവളുടെ ആഭരണങ്ങൾ സർവ്വസ്വം പണയം വച്ചു

whole heartedly, ആത്മനാ aatmana *(adj),* അദ്ദേഹം പരിപാടിയോട് ആത്മനാ സഹകരിച്ചു

wholly, മുച്ചൂടും muccuTuM *(adv),* മുച്ചൂടും അയാൾ എതിർത്തു

wholy, അശേഷം aSee$aM *(adj),* അശേഷം പോലും അവനിൽ നന്മയില്ലായിരുന്നു

whooping cough, കൊക്കക്കുര kokkakkura *(nn),* കുട്ടിക്ക് കൊക്കക്കുര എന്ന അസുഖം വന്നു

whooping cough, വില്ലൻചുമ villancuma *(nn),* വില്ലൻ ചുമകൊണ്ട് കുട്ടി കഷ്ടപ്പെടുന്നു

why, എന്തിന് entinə *(int),* എന്തിനുവേണ്ടി അയാൾ അതു ചെയ്തു

wick, തിരി tiri *(nn),* അമ്മ വിളക്കിനു തിരികൊളുത്തി

wicked, തെറിച്ച teRicca *(adj),* രവി ഒരു തെറിച്ചപയ്യനാണ്

wicked, ദ്രോഹി dRoohi *(nn),* അവൻ ഒരു ദ്രോഹിയാണ്

wicked conduct, നീചവൃത്തി nicavRtti *(nn,comp),* നീചവൃത്തികൾ കൊണ്ട് അയാൾ എല്ലാവരെയും വെറുപ്പിച്ചു

wicked disposition, ദുർബുദ്ധി duRbyddhi *(nn,comp),* അവന്റെ ദുർബുദ്ധിയിൽ എന്തോ തോന്നി

wicked or evil person, ദുർജ്ജനം duRjjanaM *(nn),* അയാൾ ദുർജ്ജനങ്ങളുടെ ഉപദേശം സ്വീകരിച്ചു

wicked person, കശ്മലൻ kaSəmalan *(nn),* അവൻ ഒരു കശ്മലനാണത്രേ

wicked person, ദുർമ്മാർഗ്ഗി duRmmaaRggi *(nn,comp),* അവൻ ഒരു ദുർമ്മാർഗ്ഗിയായിരുന്നു

wickedness, ഏട്ടത്തം eeTTattaM *(nn),* അയാളുടെ ഏട്ടത്തം എനിക്കിഷ്ടമായില്ല

wickedness, കശ്മലത kaSəmalata *(nn),* അയാളുടെ കശ്മലത എല്ലാവരാലും വെറുക്കപ്പെട്ടു

wickedness, കാലുഷ്യം kaalu$yaM *(nn),* അയാളുടെ കാലുഷ്യം നിറഞ്ഞ മുഖം നിന്ദ്യമായിരുന്നു

wickedness, കുബുദ്ധി kubuddhi *(nn),* അയാൾ ഒരു കുബുദ്ധിക്കാരനായിരുന്നു

wickedness, ദുർന്നയം duRnnayaM *(nn,comp),* അവന്റെ ദുർന്നയം അവസാനിച്ചു

wickedness, ദുർമ്മാർഗ്ഗം duRmmaaRggaM *(nn,comp),* അയാൾ ദുർമ്മാർഗ്ഗത്തിലൂടെ കൂട്ടുകാരനെ ചതിച്ചു

wickedness, ദുഷ്ടത du$Tatai *(nn),* ദുഷ്ടത ഏറ്റവും കൂടുതലുള്ളത് മനുഷ്യനാണ്

wickedness, നികൃഷ്ടത nikR$Tata *(nn),* അയാളുടെ നികൃഷ്ടത എല്ലാവരേയും വെറുപ്പിച്ചു

wickedness, വഷളത്തരം va$aLattaraM *(nn),* അയാളുടെ വഷളത്തരം എല്ലാവരും വെറുത്തു

wicket door in a fence, കടമ്പ kaTamba *(nn),* അയാൾ കടമ്പ ചാടി കടന്നു

wide, വിശാലമായ viSaalamaaya *(adj),* വിശാലമായ മൈതാനമാണിത്

widow, ഭർതൃഹീന bhaRtRəhiina *(nn),* അവൾ ഭർതൃഹീനയായ ഒരു സ്ത്രീയാണ്

widow, വിധവ vidhava *(nn),* വിവാഹം കഴിഞ്ഞ് രണ്ടു വർഷത്തിനകം അവൾ വിധവയായി

width, അകലം akalaM *(nn),* രണ്ടു വശത്തേയും അകലം തുല്യമായിരിക്കണം

wife, അച്ചി acci *(nn),* അച്ചിയോടു തോറ്റവൻ കൊച്ചിയിൽ പോയി തൊപ്പിയിടേണം

wife, കാന്ത kaanta *(nn),* അവൾ അയാളുടെ കാന്തയാണ്

wife, പത്നി patni *(nn),* കുചേലന്റെ പത്നി അവൽ തയ്യാറാക്കി

wife, പെണ്ണ് peNNə *(nn),* പെണ്ണൊരുമ്പെട്ടാൽ ബ്രഹ്മനും നടുങ്ങും

wife, ഭാര്യ bhaarya *(nn),* അന്യന്റെ ഭാര്യയെ മോഹിക്കരുത്

wife, സഹധർമ്മിണി sahadhaRmmiNi *(nn),* അയാളുടെ സഹധർമ്മിണിയ്ക്ക് ഒരു പുതിയ ജോലി കിട്ടി

wife hood, ഭാര്യാത്വം bhaaryaatvaM *(nn),* അവളുടെ ഭാര്യാത്വം അംഗീകരിക്കപ്പെട്ടു

wife of Guru, ഗുരുപത്നി gurupatni *(nn,comp),* ഗുരുപത്നി മാതാവിനു തുല്യയാണ്

wild animals, ഹിംസ്രം hiMsRaM *(nn),* ഹിംസ്രമൃഗങ്ങൾ കാട്ടിൽ ധാരാളമുണ്ട്

wild beast, കാട്ടുജന്തു kaaTTujantu *(nn,comp),* കാട്ടുജന്തുക്കൾ സൈര്യം വിഹരിക്കുന്നു

wild bison, കാട്ടുപോത്ത് kaaTTupoottə *(nn),* കാട്ടുപോത്ത് പുല്ലു മേയുന്നു

wild cat, മാക്കാൻ maakkaan *(nn),* ഒരു മാക്കാൻ ഇന്നലെ ഇവിടെ കയറി വന്നു

wild duck, ഇരണ്ട iraNTa *(nn),* ആകാശത്തു കൂടി ഇരണ്ടകൾ പറക്കുന്നു

wild elephant, കാട്ടാന kaaTTaana *(nn,comp),* അയാളെ കാട്ടാന കുത്തി

wild jasmine, കാട്ടുമുല്ല kaaTTumulla *(nn),* കാട്ടുമുല്ല തേന്മാവിനെ ചുറ്റിപ്പടർന്നു

will, ഒസ്യത്ത് osyattə *(nn),* അയാളുടെ ഒസ്യത്ത് നഷ്ടപ്പെട്ടു

will, മരണപത്രം maraNapatRaM *(nn,comp),* അയാൾ തന്റെ മരണപത്രമെഴുതി

win, ജയിക്ക് jayikkə *(vi),* രവി പരീക്ഷയിൽ ജയിച്ചു

wind, കാറ്റ് kaaRRə *(nn),* കാറ്റു വന്നു കള്ളനെപ്പോലെ

wind, കാറ്റ് kaaRRə *(nn),* കാറ്റ് അടിച്ചപ്പോൾ പൂക്കൾ കൊഴിഞ്ഞു

wind, ചുറ്റ് cuRRə *(vt),* ഗാന്ധിജി ചർക്കയിൽ നൂലു ചുറ്റുന്നു

wind, മരുത്ത് maruttə *(nn),* മരുത്തിന്റെ പുത്രൻ മാരുതി

wind mill, കാറ്റാടി kaaRRaaTi *(nn,comp),* കാറ്റാടി കാറ്റിലാടി

window, കിളിവാതിൽ kiLivaatil *(nn,comp),* അയാൾ കിളിവാതിലിലൂടെ എത്തിനോക്കി

window, ജനാല janaala *(nn),* ജനാലയിലൂടെ കാറ്റു കടന്നുവന്നു

window, ജാലകം jaalakaM *(nn),* ആ ജാലകം തുറന്നിടൂ

wing, പത്രം patRaM *(nn),* പക്ഷിയുടെപത്രം ഒടിഞ്ഞുപോയി

wing of a bird, ചിറക് ciRakə *(nn),* പക്ഷിയുടെ ചിറകിൽ അമ്പേറ്റു

wink, ഇമവെട്ട് imaveTTə *(comp vb),* അയാൾ ഇമ വെട്ടി

wink, കൺകാണിക്ക് kaNkaaNikkə *(comp vb),* അങ്ങോട്ടു വരേണ്ടന്ന് അവൻ കൺകാണിച്ചു

wink, കണ്ണിമയ്ക്ക് kaNNimayəkkə *(vi),* അവൾ കണ്ണിമയ്ക്കുന്നു

wink, ചിമ്മ് cimmə *(vi),* രാധ കണ്ണു ചിമ്മുന്നു

winking of the eye, നിമീലനം nimiilanaM *(nn),* നക്ഷത്രങ്ങൾ നിമീലനം ചെയ്തു

winking of the eye, നിമേഷകം nimee$akaM *(nn),* ദേവൻമാർ നിമേഷകം ചെയ്യാത്തവരാണ്

winnow, തെള്ളിക്ക് teLLikkə *(vt),* സാധനങ്ങൾ തെള്ളിച്ചു

winnow corn, തൂറ്റ് tuuRRə *(vb),* കാറ്റുള്ളപ്പോൾ തൂറ്റണം

winnowing fan used to sift grain, മുറം muRaM *(nn),* അവൾ മുറത്തിൽ അരിപാറ്റിയെടുത്തു

winter, മഞ്ഞുകാലം ma~~ukaalaM *(nn),* മഞ്ഞുകാലത്ത് പുതയ്ക്കാൻ പുതപ്പുവേണം

winter season, ഹേമന്തം heemantaM *(nn),* ഹേമന്തത്തിലെ രാത്രികളിൽ മഞ്ഞു പൊഴിയുന്നു

wipe off, തൂത്തുകളയ് tuuttukaLayə *(comp vb),* അമ്മ കുട്ടിയുടെ മുഖത്തെ പൊടി തൂത്തുകളഞ്ഞു

wiping, തോർത്തൽ tooRttal *(nn),* കുട്ടി തോർത്തൽ മതിയാക്കി

wire, വയർ vayaR *(nn),* ഒരു വയറിലൂടെ വൈദ്യുതി പ്രവഹിച്ചു

wire pulling, ചരടുവലി caraTuvali *(nn,comp),* രവിയെ നാലു ഭാഗത്തുനിന്നും പലരും ചരടു വലി നടത്തി

wireless, കമ്പിയില്ലാകമ്പി kambiyillaa *(NP),* എന്റെ കമ്പ്യൂട്ടറിൽ പുതിയ കമ്പിയില്ലാകമ്പി മൌസുകൾ ഉപയോഗിക്കുന്നു

wisdom, ബുദ്ധി buddhi *(nn),* അയാളുടെ ബുദ്ധിയിൽ ഉദിച്ച ആശയം പ്രയോഗിച്ചു

wise, ബുദ്ധിയുള്ള bhudhiyuLLa *(adj),* രമേശ് ബുദ്ധിയുള്ള കുട്ടിയായിരുന്നു

wise man, ജ്ഞാനി j~aani *(nn),* ജ്ഞാനികളുടെ സഹവാസംകൊണ്ട് അജ്ഞൻ ജ്ഞാനിയാകുന്നില്ല

wish, അഭീഷ്ടം abhii$TaM *(nn),* എന്റെ അഭീഷ്ടം നടന്നില്ല

wish, ആഗ്രഹം aagrahaM *(nn),* ഞാൻ എന്റെ ആഗ്രഹം പ്രകടിപ്പിച്ചു

wish, ഇച്ഛിക്ക് icchikkə *(vt),* അവൻ ഒന്നും ഇച്ഛിക്കുന്നില്ല

wish for, ആഗ്രഹിക്ക് aagRahikkə *(vt),* എല്ലാവരും ഉയർന്ന പദവികൾ ആഗ്രഹിക്കുന്നു

wit, ഫലിതം phalitaM *(nn),* അയാൾ ഒരു ഫലിതം പറഞ്ഞു

with devotion, ഭക്തിപൂർവ്വം bhaktipuuRvvaM *(adv),* അവൾ ഭക്തിപൂർവ്വം പ്രാർഥിച്ചു

with draw, തലവലിക്ക് talavalikkə *(comp vb),* കാര്യ ഗൌരവമായ കാര്യങ്ങളിൽ നിന്ന് തലവലിക്കുന്നത് ഉചിതമല്ല

with extravagance, തകൃതി takRəti *(nn),* ഓണാഘോഷങ്ങൾ തകൃതിയായി നടക്കുന്നു

with head bending down, വിനമ്ര vinamRa *(adj),* അവൾ വിനമ്ര മുഖിയായി നിന്നു

with heat, ചൂടോടെ cuuTooTe *(adv),* ഈ ചായ ചൂടോടെ കുടിക്കൂ

withdraw, പിൻവലിക്ക് pinvalikkə *(vt),* മുഖ്യമന്ത്രി തന്റെ അഭിപ്രായം പിൻവലിച്ചു

wither, കൊഴിയ് koZiyə *(vi),* മരത്തിൽ ഇലകൾ കൊഴിയുന്നു

without, ഇല്ലാതെ illaate *(neg.V.P),* അയാൾ ഇല്ലാതെ അവൾ വരില്ല

without an equal, അനന്യം ananyaM *(adj),* അനന്യമായ ഒരു കൃതിയാണ് റൂബിയാത്ത്

without any quality, നിർഗുണമായ niRgguNamaaya *(adj),* നിർഗുണമായ ഒരു മരുന്ന്

without fail, പിഴയ്ക്കാതെ piZykkaate *(in),* ഒന്നും പിഴയ്ക്കാതെ എല്ലാം ചെയ്തുതീർത്തു

without forethought, എടുത്തപടി eTuttapaTi *(adv),* അയാൾ എടുത്തപടി അങ്ങനെ പറഞ്ഞു

without leaving, വിടാതെ viTaatee *(adv),* അയാൾ അവളെ വിടാതെ പിടികൂടി

without winking, നിർന്നിമേഷം niRnnimee$aM *(nn),* നിർന്നിമേഷം അവൾ കാത്തിരുന്നു

witness, സാക്ഷി saak$i *(nn),* സാക്ഷി വന്നില്ല വാദം നടന്നില്ല

wolf, ചെന്നായ cennaaya *(nn),* ചെന്നായ ആട്ടിൻ കുട്ടിയെ പിടിച്ചു

woman, നാരി naari *(nn),* അവൾ ഉത്തമയായ നാരിയാണ്

woman, പെണ്ണ് peNNə *(nn),* ആണും പെണ്ണും കെട്ടവൻ

woman, മങ്ക maṅka *(nn),* അവൾ ധീരയായ ഒരു മങ്കയാണ്

woman, വനിത vanita *(nn),* വനിതകൾക്ക് സമൂഹത്തിൽ അർഹമായ സ്ഥാനം ലഭിക്കണം

woman, സ്ത്രീ stRii *(nn),* സ്ത്രീ ശക്തിയുടെ പര്യായമാണ്

woman messenger, ദൂതി dutii *(nn),* അവൾ ഒരു ദൂതിയാണ്

woman of marriagable relation, മുറപ്പെണ്ണ് muRappeNNə *(nn,comp),* അവൾ അയാളുടെ മുറപ്പെണ്ണാണ്

woman who has devoted herself to the service of the gods (temple dance), ദേവദാസി deevadaasi *(nn,comp),* അവൾ ഒരു ദേവദാസിയായിരുന്നു

woman with sweet voice, കന്നൽമൊഴി kannalmoZi *(nn),*

അവൾ ഒരു കന്നൽ മൊഴിയായിരുന്നു.

woman writer, സാഹിത്യകാരി sahityakari *(nn),* രാജലക്ഷ്മി ഒരു സാഹിത്യകാരിയായിരുന്നു

woman`s hair, കൂന്തൽ kuuntal *(nn),* സുന്ദരി കൂന്തൽ മിനുക്കി

woman's sweet voice, കളമൊഴി kaLamoZi *(nn,comp),* കളമൊഴി പാടി

womb, ഗർഭം gaRbhaM *(nn),* അഭിമന്യു ഗർഭത്തിൽ വച്ചു തന്നെ അസ്ത്രവിദ്യകൾ പഠിച്ചു

wonder, അതിശയം atiSayaM *(nn),* ആ കെട്ടിടത്തെക്കാൾ അതിശയം ഉണ്ടാക്കുന്ന മറ്റൊരു കെട്ടിടം ഇവിടെയില്ല

wonderful, വിചിത്ര vicitRa *(adj),* വളരെ വിചിത്രമായ ഒരു കഥയാണത്

wood, തടി taTi *(nn),* മധു ഒരു തടി മുറിച്ചു

wood cutter, മരംവെട്ടുകാരൻ maraMveTTukaaran *(nn),* മരംവെട്ടുകാരൻ മരം വെട്ടുന്നു

wood pecker, മരങ്കൊത്തി maraŋkotti *(nn),* മരങ്കൊത്തി മരം കൊത്തി

wooden carving, ദാരുചിത്രം daarucitRaM *(nn),* കേശവൻ ഒരു ദാരുചിത്രം വാങ്ങി

wooden lid for filtering boiled rice, അടച്ചുപാറ്റി aTaccupaaRRi *(nn,comp),* അരിപ്പാത്രം അടച്ചുപാറ്റി കൊണ്ടടച്ചു

wooden oil squeezing press, ചക്ക് cakkə *(nn),* ചക്കിനു വെച്ചത് കൊക്കിനു കൊണ്ടു

wooden or metal laddle for serving cooked rice, കോരിക koorika *(nn),* ഞാൻ ഒരു കോരികയിൽകഞ്ഞി എടുത്തു

wooden screen, തട്ടി taTTi *(nn),* ഒരു തട്ടികൊണ്ട് ആ വീടു മറച്ചിരുന്നു

wooden shoe, മെതിയടി metiyaTi *(nn),* മുനി കാലിൽ മെതിയടി ഇട്ടു

woof, ഊട് uuTə *(nn),* തുണിയിൽ ഊടും പാവും നെയ്തു

wool, കമ്പിളി kambiLi *(nn),* അത് കമ്പിളി കൊണ്ടുള്ള പുതപ്പാണ്

wool, മൃദുരോമം mRəduroomaM *(nn),* ചെമ്മരിയാടിന്റെ മൃദുരോമം കൊണ്ട് കമ്പിളിനൂൽ ഉണ്ടാക്കുന്നു

word, പദം padaM *(nn),* എല്ലാ പദങ്ങൾക്കും അർഥമുണ്ട്

word, വചനം vacanaM *(nn),* ആദിയിൽ വചനം ഉണ്ടായിരുന്നു

word, വാക്ക് vaakkə *(nn,),* വാക്ക് ഏറ്റവും ശക്തിയുള്ള ആയുധമാണ്

word, വാചകം vaacakaM *(nn),* അയാൾ ഒരു വാചകം പറഞ്ഞു

word denoting consent like yes, -ഉം -uM *(in),* ഉം, പൊയ്ക്കോളൂ

word for salutation, നമസ്ക്കാരം namsəkkaraM *(in),* നമസ്ക്കാരം തോമസ് അകത്തു വരൂ

word of admitting defeat, തുല്ല് tullə *(nn),* രാധ കളിക്ക് തുല്ലിട്ടു

word of greeting, നമോവാകം namoovaakaM *(nn,comp),* അവർ നമോവാകം ചെയ്തു

word of negation, അരുത് arutə *(neg),* അരുത്, അരുത്, കൊല്ലരുത്

word of salutation at any time, നമസ്ക്കാരം namaskkaaraM *(nn),* നമസ്ക്കാരം, അകത്തേക്കു വരണം

word uttered as a marker of obedience towards a king, റാൻ Raan *(int),* അയാൾ എപ്പോഴും റാൻ മൂളുന്നു

work, കാര്യം kaaryaM *(nn),* ഞാൻ ഒരു കാര്യം ചെയ്തു

work, ജോലി jooli *(nn),* ഞാൻ എന്റെ ജോലി ചെയ്യുന്നു

work, തൊഴിൽ toZil *(nn),* രാധയുടെ തൊഴിൽ കഴിഞ്ഞു

work, പണി paNi *(nn),* അയാൾ ഒരു പണിയും ചെയ്യുന്നില്ല

work, പ്രവർത്തിക്ക് pRavaRttikkə *(vi),* ഇന്ന് ഓഫീസ് പ്രവർത്തിക്കില്ല

work hard, ദണ്ഡിക്ക് daNDikkə *(vi),* അവർ വല്ലാതെ ദണ്ഡിക്കുന്നു

work hard, ദേഹണ്ഡിക്ക് deehaNDikkə *(v),* അവർ വല്ലാതെ ദേഹണ്ഡിക്കുന്നു

work in vain, മിനക്കെട് minakkeTə *(vi),* അയാൾ വേറൊന്നിനും മിനക്കെട്ടില്ല

worker, കാർമ്മികൻ kaaRmmikan *(nn),* അയാൾ ഒരു കാർമ്മികനാണ്

worker, പണിക്കാരൻ paNikkaaran *(nn,comp),* അയാൾ നല്ല പണിക്കാരനായിരുന്നു

workmanship, പണിത്തരം paNittaraM *(nn,comp),* നല്ല പണിത്തരങ്ങളൊക്കെയുള്ള ആളാണ് അയാൾ

workshop, ആല aala *(nn),* ആലയിൽ കൊല്ലൻ ജോലി ചെയ്യുന്നു

workshop, പണിപ്പുര paNippura *(nn,comp),* കൊല്ലൻ പണിപ്പുരയിൽ പണിയെടുക്കുന്നു

world, ലോകം lookaM *(nn),* ലോകം ചെറുതായി കൊണ്ടിരിക്കുന്നു

world of living beings, ജീവലോകം jiivalookaM *(nn,comp),* ഈ ജീവലോകത്ത് എത്ര തരം ജീവികളുണ്ട്.

worm, കീടം kiiTaM *(nn),* ഒരു ചെറിയ കീടത്തിനുപോലും ജീവിക്കാനുള്ള അവകാശമുണ്ട് .

worm, കൃമി kRmi *(nn),* മണ്ണിൽ ധാരാളം കൃമികൾ വളരുന്നു

worm, വിര vira *(nn),* മണ്ണിലൂടെ വിരകൾ ഇഴഞ്ഞു നടക്കുന്നു

worn by a christian man around the neck tied to a thread, വെന്തിങ്ങ ventiṉṉa *(nn),* തോമസ് വെന്തിങ്ങ ഇട്ടിരുന്നു

worn out cloth, ജീർണ്ണവസ്ത്രം jiiRNNavastRaM *(nn,comp),* കുചേലൻ ജീർണ്ണ വസ്ത്രം ധരിച്ചു

worse, -നേക്കാൾമോശമായത് -neekkaaLmooSamayatə *(adv),* സീതയേക്കാൾ മോശമാണ് അവളുടെ കൂട്ടുകാരി

worship, ആരാധന aaraadhana *(nn),* അന്ധമായ ആരാധന അപകടകരമാണ്

worship, ആരാധിക്ക് aaraadhikkə *(vt),* എല്ലാവരാലും ആരാധിക്കപ്പെടുന്ന വ്യക്തിയായിരുന്നു അദ്ദേഹം.

worship, ഭജനം bhajanaM *(nn),* അയാൾ ഭജനം നടത്തി

worship, വന്ദിക്ക് vandikkə *(vt),* അയാൾ എല്ലാവരെയും വന്ദിക്കുന്നു

worship by waving of lamps to an idol, ആരതി നടത്ത് *(vt),* അച്ഛൻ ഗണപതിക്ക് ആരതി നടത്തി

worship with folded palms, തൊഴ് toZə *(vi),* കുട്ടികൾ തൊഴുന്നു

worst, ഏറ്റവുംമോശമായത് eeRRavuMmooSamaayatə *(nn),* പുസ്തകങ്ങളുടെ കൂട്ടത്തിൽ ഏറ്റവും മോശമായത് ഇതാണ്

worth, യോഗ്യം yoogyaM *(nn),* അയാൾക്ക് ആ വീട് യോഗ്യമാണ്

wound, മുറിവ് muRivə *(nn),* മുറിവിലൂടെ രക്തം പ്രവഹിക്കുന്നു

wound, വ്രണം vRəNaM *(nn),* മനസ്സിലേറ്റ വ്രണം മായ്ക്കാൻ പ്രയാസമാണ്

wound caused by a bite, കടിവായ് kaTivaayə *(nn,comp),* കടിവായി ലൂടെ രക്തം ചിതറി വീണു

wound hard as stone, കല്ലിക്ക് kallikkə *(vi),* ശരീരത്തിൽ ചോര കല്ലിച്ച പാടുകൾ കണ്ടു

wrap, പൊതിയ് potiyə *(vi),* അവൾ ആ പുസ്തകം പൊതിഞ്ഞു

wrap over and over, തെറുക്ക് teRukkə *(vt),* മധു ബീഡി തെറുക്കുന്നു

wrapping saree, ചുറ്റ് cuRRə *(nn),* സാരിയുടെ ചുറ്റ് ശരിയായില്ല

wrestling, ഗുസ്തി gusti *(nn),* രാജൻ ഗുസ്തി കളിക്കാറുണ്ടായിരുന്നു.

wretched, നികൃഷ്ട nikR$Ta *(adj),* നികൃഷ്ടമായ ഒരു മനസ്സാണ് അയാളുടേത്

wriggle, ഞെളിപിരികൊള്ള് ~eLipirikoLLə *(comp vb),* വേദനകൊണ്ട് ഉണ്ണി ഞെളിപിരികൊണ്ടു

wring, പിഴിയ് piZiyə *(vt),* അവൾ തുണി പിഴിഞ്ഞു

wrinkle, ചുളിവ് cuLivə *(nn),* പുതിയ പുസ്തകത്തിൽ ചുളിവു പറ്റി

wrinkled state, ചുളുക്കം cuLukkaM *(nn),* രവി പുസ്തകത്തിന്റെ ചുളുക്കം മാറ്റി

wrinkles, ചുളിവ് cuLivə *(nn),* മുഖത്ത് ചുളിവ് കണ്ടുതുടങ്ങി

wrinkles and grey hairs due to old age, ജരാനരകൾ jaraanarakaL *(nn,comp),* ജരാനരകൾ വാർദ്ധക്യസ്വഭാവമാണ്

wrist, കണങ്കൈ kaNaṉkai *(nn),* അയാളുടെ കണങ്കൈയിൽ ചതവു പറ്റി

wrist, മണിക്കെട്ട് maNikkeTTə *(nn,comp),* ഞാൻ മണിക്കെട്ടിൽ വാച്ച് ധരിച്ചു

write, എഴുത് eZutə *(vi),* ശകുന്തള താമരയിൽ എഴുതുന്നു

write, രചിക്ക് racikkə *(vt),* അയാൾ ഒരു കഥ രചിക്കുന്നു

write with difficulty, കുത്തിക്കുറിക്ക് kuttikkuRikkə *(comp vb),* അവൻ എന്തൊക്കെയോ കുത്തിക്കുറിച്ചു

writer, എഴുത്തുകാരൻ eZuttukaaran *(nn),* ബർനാഡ്ഷാ നല്ല എഴുത്തുകാരനാണ്

writer, എഴുത്തുകാരി eZuttukaari *(nn),* സുഗതകുമാരി ഒരു നല്ല എഴുത്തുകാരിയാണ്

writer, രചയിതാവ് racayitaavə *(nn),* അയാൾ ഒരു നാടക രചയിതാവാണ്

writer, ലേഖകൻ leekhakan *(nn),* ലേഖകൻ ഒരു ലേഖനമെഴുതി

writer, സാഹിത്യകാരൻ saahithyakaaran *(nn),* സാഹിത്യകാരൻ ദന്ത ഗോപുരവാസിയാകരുത്

writing, ആലേഖനം aaleekhanaM *(nn),* അവന്റെ ആലേഖനം എനിക്ക് ഇഷ്ടപ്പെട്ടു

writing, രചന racana *(nn),* കഥയുടെ രചന പൂർത്തിയായില്ല

writing account, കണക്കെഴുത്ത് kaNakkeZuttə *(nn,comp),* കണക്കെഴുത്തായിരുന്നു അയാളുടെ ജോലി

writing in sand, നിലത്തെഴുത്ത് nilatteZuttə *(vi),* കുട്ടിയെ നിലത്തെഴുത്തിനിരുത്തി

writing of poetry, കാവ്യരചന kaavyaracana *(nn,comp),* കവി കാവ്യ രചനയിൽ വ്യാപൃതനായി

writing on the wall, ചുവരെഴുത്ത് cuvareZuttə *(nn,comp),* ചുവരെഴുത്തുകളിൽ നിറയെ ചീത്ത വാക്കുകളായിരുന്നു

writing styles, എഴുത്താണി eZuttaaNi *(nn),* കവികൾ എഴുത്താണികൊണ്ട് ഓലയിൽ കവിതകളെഴുതി

written language, വരമൊഴി varamoZi *(nn),* അയാൾ വരമൊഴിയിൽ സംസാരിക്കുന്നു

wrong, തെറ്റായ teRRaaya *(adj),* തെറ്റായ വഴിയിലൂടെ സഞ്ചരിക്കുന്നവരെ തിരുത്തണം

wrong, മിഥ്യാധാരണ mithyaa *(nn),* യുക്തിവാദികൾ ദൈവമുണ്ടെന്ന് കരുതുന്നതിനെ മിഥ്യാധാരണകൾ എന്നു പ്രചരിപ്പിക്കുന്നു

yaga, യാഗം yaagaM *(nn),* രാജാവ് ഒരു യാഗം നടത്തി

yajurveda, യജുർ yajussə *(nn),* അയാൾ യജുർവേദം തർജ്ജിമ ചെയ്തു

yam, ചേന ceena *(nn),* അടുക്കളത്തോട്ടത്തിൽ ചേന നട്ടിട്ടുണ്ട്

yama, ദണ്ഡപാണി daNDapaaNi *(nn,comp),* യമൻ ദണ്ഡ പാണിയാണ്

Yama, ധർമ്മൻ dhaRmman *(nn),* ധർമ്മൻ കയറുമായി വന്നു

Yama, ധർമ്മരാജൻ dhaRmmaraajan *(nn,comp),* ധർമ്മരാജൻ വന്നു

Yama's place, കാലപുരി kaalapuri *(nn,comp),* ദുര്യോധനനെ കാലപുരിയ്ക്കയച്ചു

yard, വാര vaara *(nn),* അവൾ ഒരു വാര തുണി വാങ്ങി

yard round a house, മുറ്റം muRRaM *(nn),* കുട്ടി മുറ്റത്ത് കളിക്കുന്നു

yarn, ഇഴ iZa *(nn),* മുടിയുടെ ഒരു ഇഴ പൊട്ടിച്ചെടുത്തു

yawn, കോട്ടുവായിട് kooTTuvaayiTə *(vi),* അവന് ഉറക്കം വരുന്നതുകൊണ്ട് കോട്ടുവായിടുന്നു

yawning, കോട്ടുവാ kooTTuvaa *(nn),* അവൾ എപ്പോഴും കോട്ടുവാ ഇടുന്നു

year, വത്സരം vatsaraM *(nn),* ഒരു വത്സരം കൂടി കഴിഞ്ഞു

year, വർഷം vaR$aM *(nn),* ഞാൻ ഇവിടെ വന്നിട്ട് ഒരു വർഷം കഴിഞ്ഞു

yellow, മഞ്ഞ ma~~a *(adj),* കൊന്നപ്പൂവിന്റെ നിറം മഞ്ഞയാണ്

yen, യെൻ yen *(nn),* എത്ര യെന്നാണ് ഒരു രൂപ

yes, അതെ ate *(aff),* അതെ, ഞാൻ തന്നെയാണത് ചെയ്തത്

yes, ഉവ്വ് uvvə *(in),* ഉവ്വ്, അയാൾ അവിടെ പോയിരുന്നു

yesterday, ഇന്നലെ innale *(adv),* ഇന്നലെ അയാൾ ഇവിടെ വന്നു

yogi, യതി yati *(nn),* അയാൾ ഒരു യതിയാണ്

yoke, നുകം nukaM *(nn),* കാളയ്ക്കു നുകം വച്ചു

yoke, നുകംവയ്ക്ക് nukaMvaykkə *(vt),* കാളയ്ക്ക് നുകം വയ്ക്കുന്നു

yolk egg, മഞ്ഞക്കരു ma~~akkaru *(nn,comp),* മുട്ടയുടെ മഞ്ഞക്കരു എനിക്കിഷ്ടമല്ല

you, താങ്കൾ taaŋkaL *(pron (hon)),* താങ്കൾ അകത്തേയ്ക്കു വന്നാലും

you, താൻ taan *(pron),* താൻ , ഇവിടെ വാടോ

you, നിങ്ങൾ neŋŋL *(pron, hon),* നിങ്ങൾ ആരെ അന്വേഷിച്ചു വന്നു

you, നീ nii *(pron,non-hon),* നീ ഇവിടെ നിൽക്കൂ ഞാൻ പോകാം

you (the most honourable), അങ്ങ് aŋŋə *(nn),* അങ്ങ് എന്നോട് കരുണ കാണിക്കണം

young, ഇളയ iLaya *(adj),* എന്റെ ഇളയ ജ്യേഷ്ഠന്റെ പുസ്തകമാണ് ഇത്

young, യുവ yuva *(adj,pfx),* യുവ സുഹൃത്തിന് മരണം സംഭവിച്ചു

young cattle, കിടാവ് kiTaavə *(nn),* പശുവിന്റെ കിടാവ് ഓടി നടക്കുന്നു

young lady, യുവതി yuvati *(nn),* ഒരു യുവതി ആത്മഹത്യ ചെയ്തു

young married woman, നവോഢ navooDha *(nn),* നവോഢ അണിഞ്ഞൊരുങ്ങി വന്നു

young plant of paddy etc, ഞാറ് ~aaRə *(nn),* കൃഷിക്കാർ ഞാറ് പറിക്കുന്നു

young tree, തൈമരം taimaraM *(nn,comp),* തൈമരത്തിൽ ഇല കരിഞ്ഞു

younger brother, അനിയൻ aniyan *(nn, ks),* അനിയന് ഒരു സൈക്കിൾ വേണം

younger brother, തമ്പി tambi *(nn),* തമ്പിയുടെ പേരെന്താണ്

younger child, ഇളയകുട്ടി iLayakuTTi *(comp n),* അമ്മയ്ക്ക് ഇളയ കുട്ടിയോട് വലിയ സ്നേഹമാണ്

younger sister, അനിയത്തി aniyatti *(nn, ks),* അനിയത്തി നാലാം ക്ലാസിൽ പഠിക്കുന്നു

younger son's son, ചെറുമകന്റെ കുട്ടി *(nn),* അയാളുടെ ചെറുമകന്റെ കുട്ടിയാണ് മടിയിലിരിക്കുന്നത്

youngman, ചെറുപ്പക്കാരൻ ceRuppakkaran *(nn,comp),* ചെറുപ്പക്കാരൻ ചെറുപ്പക്കാരിയോട് സംസാരിച്ചു

youth, യുവജനങ്ങൾ yuvajanaNNaL *(nn),* യുവജനങ്ങൾക്കുവേണ്ടിയുള്ള പല ക്ഷേമപ്രവർത്തനങ്ങളും സർക്കാർ നടത്തുന്നു

youthful, തരുണ taruNa *(adj),* തരുണമായ മനസ്സായിരുന്നു അയാളുടേത്

youthfullness, നവയൌവനം navayauvanaM *(nn,comp),* നവയൌവനം കഴിഞ്ഞകാലം

youthhood, ചെറുപ്പം ceRuppaM *(nn),* ചെറുപ്പത്തിൽ തന്നെ അയാൾ പലതും നേടി

yuga or age of kali, കലിയുഗം kaliyugaM *(nn,comp),* കലിയുഗം അവസാനിക്കാറായി

zenith, ഉച്ചം uccaM *(nn),* അതിന്റെ ഉച്ചത്തിലാണ് അങ്ങനെ സംഭവിച്ചത്

zero, പൂജ്യം puujyaM *(nn),* പൂജ്യത്തിൽ നിന്നാണ് ഞാൻ ആരംഭിച്ചത്

zircon, ഗോമേദകം goomeedakaM *(nn),* രാജൻ ഗോമേദകം എന്ന വിലകൂടിയ കല്ലു കണ്ടിട്ടുണ്ട്

zoo, മൃഗശാല mRəgaSaala *(nn),* മൃഗശാലയിൽ ഞങ്ങൾ പല മൃഗങ്ങളെയും കണ്ടു

zoology, ജന്തുശാസ്ത്രം janthuSaastRaM *(nn,comp),* രവി ജന്തുശാസ്ത്രം പഠിക്കുന്നു